മലയാളം ബൈബിളും
കേരള നവോത്ഥാനവും

(Malayalam)

Malayalam Bibilum Kerala Navodhanavum
(Study)

General Editor:
Fr. Dr. Joseph Cheeran

Copy Right : Reserved with the Editor

First Published : Nov. 24, 2011

Published by : M. J. D. Publishing House, Kunnamkulam

Cover Design, Typesetting
& Printing : Sophia Print House, Kottayam

Rs. 100/-

മലയാളം ബൈബിളും
കേരള നവോത്ഥാനവും

ജനറൽ എഡിറ്റർ

ഫാ. ഡോ. ജോസഫ് ചീരൻ

പ്രസാധനം

പുലിക്കോട്ടിൽ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ

എം. ജെ. ഡി. പബ്ലീഷിംഗ് ഹൗസ്, കുന്നംകുളം

ഫോൺ: 9495603174

ഫാ. ഡോ. ജോസഫ് ചീരൻ

തൃശ്ശൂർ ജില്ലയിൽ പഴഞ്ഞി സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകയിൽ ചീരൻ ഗീവർഗീസ് കശ്ശീശായുടെ പൗത്രനായി 1945 ചിങ്ങം 1-ന് ജനിച്ചു. മാതാപിതാക്കൾ മാത്തപ്പൻ - കുഞ്ഞാത്തിരി. അവിഭക്ത കേരള സർവകലാശാലയുടെ ഒന്നാം റാങ്കോടു കൂടി മലയാളം ഭാഷയിൽ വിദ്വാൻ ബിരുദം നേടി. കാലിക്കട്ട് സർവ്വകലാശാലയിൽ നിന്ന് മാസ്റ്റർ ബിരുദം. മഹാത്മാഗാന്ധി സർവകലാശാലയിൽ നിന്ന് 'ആധുനിക മലയാള കവിതയിൽ ബൈബിളിന്റെ സ്വാധീനം' എന്ന വിഷയത്തെപ്പറ്റി തയാറാക്കിയ ഗവേഷണപ്രബന്ധത്തിന് പി.എച്ച്.ഡി. ബിരുദം ലഭിച്ചു. തൃശ്ശൂർ സി. എം. എസ്. ഹൈസ്കൂളിലും ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളജിലും അധ്യാപകൻ. 2000 ജൂണിൽ റിട്ടയർ ചെയ്തു.

വൈദികഗുരു യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ. അദ്ദേഹത്തിൽ നിന്ന് വൈദികസ്ഥാനങ്ങൾ സ്വീകരിച്ചു. 1972 മുതൽ കൊച്ചി ഭദ്രാസനത്തിലും 1985 മുതൽ കുന്നംകുളം ഭദ്രാസനത്തിലും വിവിധ ഇടവകകളിൽ സേവനം ചെയ്തു. 2004 ജൂലായ് 1 മുതൽ തൃശൂർ ഭദ്രാസനത്തിൽ ആലായ്ക്കൽ കുളമ്പ്, കാക്കിനിക്കാട് എന്നീ ഇടവകകളിൽ സേവനം ചെയ്തു.

യൂഹാനോൻ മാർ സേവേറിയോസ് ഫൗണ്ടേഷൻ, മാർ ദീവന്നാസ്യോസ് പഠനകേന്ദ്രം, കുന്നംകുളം ക്രിസ്ത്യൻ സ്റ്റഡി സെന്റർ, എറണാകുളം ചർച്ച് ഹിസ്റ്ററി അസോസ്യേഷൻ എന്നിവയുടെ സ്ഥാപക ചെയർമാൻ. സീയോൻ സന്ദേശം, ഇടവകപത്രിക എന്നീ സഭാപ്രസിദ്ധീകരണങ്ങളുടെ സ്ഥാപക ചീഫ് എഡിറ്റർ, മൂന്ന് ഡസനോളം ഗ്രന്ഥങ്ങളും ഇരുന്നൂറ്റിഅമ്പതിലേറെ ഗവേഷണലേഖനങ്ങളും പ്രസിദ്ധീകരിച്ചു. മഹാത്മാഗാന്ധി സർവകലാശാലയിൽ റിസർച്ച് ഗൈഡ് ആയും ഓർത്തഡോക്സ് സ്റ്റഡി ബൈബിളിന്റെ മലയാളം പരിശോധകൻ ആയും മലങ്കര ഓർത്തഡോക്സ് ചർച്ച് ഹിസ്റ്ററി അസോസിയേഷൻ പ്രസിഡണ്ടായും പ്രവർത്തിക്കുന്നു.

യുണൈറ്റഡ് ബോർഡ് ഓഫ് ക്രിസ്ത്യൻ ഹയർ എജുക്കേഷന്റെ ധനസഹായത്തോടെ കേരളത്തിലെങ്ങുമുള്ള ആർക്കൈവ്സുകളിൽ ഗവേഷണപര്യടനം നടത്തി. മാർ ഗ്രീഗോറിയോസ് അബ്ദുൽ ജലീൽ (1665), മാർ ഈവാനിയോസ് (1685) എന്നിവരുടെ സുസ്താത്തിക്കോനുകൾ, മാർ ബസ്സേലിയോസ് യൽദൊ മഫ്രിയാനയുടെ (1685) പള്ളിക്രമപ്പുസ്തകങ്ങൾ, ഭാരതത്തിലെ പ്രാചീന സെന്റ് തോമസ് ബൈബിൾ, തോമസ് അർക്കദിയാക്കോൻ (ഒന്നാം മാർത്തോമ്മാ) വത്തിക്കാനിലേക്കയച്ച കത്ത്, മാർ അഹത്തള്ളാ (1653) ഗോവയിൽ നിന്ന് ശെമ്മാശന്മാർ വശം കൊടുത്തയച്ച കത്ത്, കാട്ടുമങ്ങാട്ട് കൂറിലോസിന്റെ കുർബ്ബാനതക്സ, ഹൂദായ കാനോൻ 18 അക്കം കാനോൻ ആയി വ്യത്യാസപ്പെടുത്തുവാൻ റഫ്‌വർക്ക് ചെയ്ത കാനോൻ, ആർത്താറ്റ് ചെപ്പേട് (പടിയോല) എന്നിങ്ങനെ പൗരസ്ത്യ - പാശ്ചാത്യ സുറിയാനിയിലും കർസോനിയിലും വട്ടെഴുത്തിലും എഴുതിയ ഒട്ടധികം സഭാചരിത്രരേഖകൾ കണ്ടെടുത്ത് പ്രസിദ്ധീകരിച്ചു.

ഭാര്യ: കെ. വി. ഏലിയാമ്മ (റിട്ട. ഹെഡ്മിസ്ട്രസ്). മകൻ: പ്രസാദ് ചീരൻ, സ്നുഷ ദീപാ പ്രസാദ്. പൗത്രിമാർ: എൽസാ പ്രസാദ്, ടെസ്സാ പ്രസാദ്.

മകൾ: മേഴ്സി ജോർജ്ജ്, ജാമാതാവ്: ഡോ. പി. ഐ. ജോർജ്ജ്, ദൗഹിത്രർ: ഹിമാ ജോർജ്ജ്, റാണാ പി. ജോർജ്ജ്.

വിലാസം: ചീരൻ ഹൗസ്, കിഴക്കേ അങ്ങാടി, പഴഞ്ഞി, തൃശൂർ ജില്ല. പിൻ: 680542, കേരളാ, ഇന്ത്യ. ഫോൺ: 9495603174.

ഉള്ളടക്കം

അവതാരിക	ഡോ. ഗീവറുഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ	7
വാങ്മുഖം	ഫാ. ഡോ. ജോസഫ് ചീരൻ	10

1. ബൈബിളും ഇന്ത്യൻ നവോത്ഥാനവും
   ഫാ. ഡോ. ജോസഫ് ചീരൻ 15

2. കേരളത്തിന്റെ ബൈബിൾ പാരമ്പര്യം
   ഫാ. ഡോ. ജോസഫ് ചീരൻ 26

3. ബൈബിളും കേരളത്തിന്റെ സാമൂഹ്യ നവോത്ഥാനവും
   ഫാ. സണ്ണി ചാക്കോ 46

4. ബൈബിളും ശ്രീനാരായണ ഗുരുവും
   ഫാ. ഡോ. ജോസഫ് ചീരൻ 63

5. ബൈബിളും മലയാള സാഹിത്യവും
   ഫാ. ഡോ. ജോസഫ് ചീരൻ 66

6. ഇംഗ്ലീഷ് ചർച്ച് മിഷനും മലയാളം ബൈബിളും
   റെയ്നോൾഡ് വാഗ്നർ 78

7. സുറിയാനി വേദപുസ്തകം
   ഫാ. ഡോ. വി. സി. സാമുവേൽ 80

8. വേദപുസ്തക വായനയുടെ അനുഭവം
   ഫാ. ഡോ. കെ. സി. ജോസഫ് 92

9. 1811–ലെ ബൈബിൾ പരിഭാഷ
   ഫാ. ഡോ. ജോസഫ് ചീരൻ 100

10. മലയാളം ബൈബിൾ: ചരിത്ര പശ്ചാത്തലം
    റവ. ടി. വി. തോമസ് 121

11. വിശുദ്ധ ഗ്രന്ഥം മലങ്കര ഓർത്തഡോക്സ് സഭയിൽ
    ഫാ. ഡോ. ടി. ജെ. ജോഷ്വാ

12 എബ്രായ ബൈബിൾ (പഴയനിയമം)
   പ്രൊഫ. ടി. ബി. തോമസ് 138

13. മലയാളം ബൈബിളും ജോസഫ് റമ്പാനും

14. 1811–ലെ മലയാളം ബൈബിൾ പരിഭാഷ
    ഫാ. ഡോ. ജേക്കബ് കുര്യൻ

15. വന്ദ്യ കായംകുളം ഫീലിപ്പോസ് റമ്പാൻ
    ഫാ. ഡോ. ജോസഫ് ചീരൻ

അവതാരിക

ഡോ. ഗീവർഗ്ഗീസ് യൂലിയോസ് മെത്രാപ്പോലീത്താ

വി. വേദപുസ്തകത്തിന്റെ അച്ചടിക്കപ്പെട്ട ആദ്യ മലയാള വിവർത്തനത്തിന്റെ ദ്വി-ശതാബ്ദി വർഷമായ 2011-ൽ 'മലയാളം ബൈബിളും കേരള നവോത്ഥാനവും' എന്ന ഒരു പുസ്തകം അനുവാചകലോകത്തിലേക്ക് സമർപ്പിക്കുവാൻ സാധിക്കുന്നതിൽ എം. ജെ. ഡി. പബ്ലിഷേഴ്സ് അഭിമാനത്തോടെ ദൈവത്തെ സ്തുതിക്കുന്നു.

ഏതൊരു ജനതയുടെയും സാംസ്കാരിക നവോത്ഥാന പ്രക്രിയയിൽ ലോകോത്തര സാഹിത്യങ്ങൾ വഹിക്കുന്ന പങ്ക് വളരെ വലുതാണല്ലോ. അറിയപ്പെടുന്ന ലോകചരിത്രത്തിൽ വി. വേദപുസ്തകത്തിന് അദ്വിതീയമായ ഒരു സ്ഥാനമാണ് ഈ വിഷയത്തിൽ ഉള്ളത്. ക്രൈസ്തവ മതത്തിന്റെ പ്രാരംഭകാലം മുതൽ ആ പ്രമാണം ഉൾക്കൊണ്ട മലയാളക്കരയിലും വി. വേദപുസ്തകത്തിന്റെ സ്വാധീനം ശക്തമായിരുന്നുവെന്നതിന് അനേകം തെളിവുകൾ ഉണ്ട്. 'കേരളത്തിന്റെ ബൈബിൾ പാരമ്പര്യം' എന്ന ശീർഷകത്തിൽ ഈ ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്ന ഡോ. ജോസഫ് ചീരനച്ചന്റെ ലേഖനം സമഗ്രവും ശാസ്ത്രീയവുമായ ഒരു ഉൾക്കാഴ്ച ഈ വിഷയത്തിൽ നൽകുന്നുണ്ട്. എബ്രായ ഭാഷയിലും സുറിയാനി ഭാഷയിലുമൊക്കെ ഇവിടെ നിലനിൽക്കുകയും അതതു സമയത്ത് ഗുരുക്കന്മാരാൽ തർജ്ജമ ചെയ്യപ്പെട്ട് വ്യാഖ്യാനിക്കപ്പെടുകയും വിശ്വാസികളുടെ മനസ്സിലും ജീവിതത്തിലും സൂക്ഷിക്കപ്പെടുകയും ചെയ്ത് നൂറ്റാണ്ടുകളെ അതിജീവിച്ച ഈ വി. ഗ്രന്ഥം 1811-ലാണ് ഇദംപ്രഥമമായി മലയാളത്തിൽ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കപ്പെട്ടത്.

അന്നത്തെ മലങ്കരസഭയുടെ പ്രധാന മേലദ്ധ്യക്ഷനായിരുന്ന ആറാം മാർത്തോമ്മാ എന്ന് അറിയപ്പെട്ടിരുന്ന വലിയ മാർ ദീവന്നാസ്യോസിന്റെയും മിഷനറിമാരുടെയും സംയുക്ത സ്വപ്നമായ ഈ പദ്ധതിയ്ക്ക് ഊടും പാവും നെയ്തത് അന്നത്തെ മല്പാന്മാരും സാംസ്കാരിക നായകന്മാരുമായിരുന്ന പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാൻ, കായംകുളം പീലിപ്പോസ് റമ്പാൻ തുടങ്ങിയ മലങ്കരസഭയുടെ പ്രതിഭാധനരായ സന്താനങ്ങൾ ആയിരുന്നുവെന്ന് ചരിത്രം സാക്ഷിക്കുന്നു. അന്യഭാഷകളിൽ മാത്രം ലഭ്യമായിരുന്ന ഈ വിശ്വോത്തര അദ്ധ്യാത്മിക ഗ്രന്ഥത്തിന്റെ മലയാള വിവർത്തനവും പ്രസിദ്ധീകരണവും കേരള നവോത്ഥാന ചരിത്രത്തിലെ ഒരു നിർണ്ണായക ഘടകമാണ്. എന്നാൽ മാറി മാറി വരുന്ന രാഷ്ട്രീയ സാമൂഹിക സാഹചര്യങ്ങളിൽ പ്രാധാന്യം അർപ്പിക്കുന്ന പല സംഭവങ്ങളും വിസ്മരിക്കപ്പെടുന്നു! ഓർക്കുവാൻ കടമയും കടപ്പാടുമുള്ളവർപ്പോലും അജ്ഞതകൊണ്ടും അപ്രധാനങ്ങളായ മറ്റു വിഷയ

ബാഹുല്യങ്ങൾ കൊണ്ടും ഇക്കാര്യങ്ങളിൽ താല്പര്യം കാണിക്കാത്ത വരായി തീരുന്നു!

ഓർക്കപ്പെടേണ്ട ചരിത്ര വസ്തുതകൾ ഓർമ്മിപ്പിക്കുവാനുള്ള ഒരു ശ്രമം എം. ജെ. ഡി. പബ്ലിഷേഴ്സിന്റെ ലക്ഷ്യങ്ങളിൽ ഒന്നാണ്. അതു കൊണ്ടുതന്നെ '1811-ലെ മലയാളം ബൈബിളും പുലിക്കോട്ടിൽ ഒന്നാ മൻ തിരുമേനിയും' എന്ന ഒരു ഗ്രന്ഥത്തിലൂടെ (2010 നവംബർ 24-ൽ പുലിക്കോട്ടിൽ ഒന്നാമന്റെ പെരുന്നാളിൽ പഴയസെമിനാരിയിൽ വച്ച് പ്രസിദ്ധീകരിച്ചു) ഞങ്ങൾ ഈ വിഷയത്തിലേക്ക് ഒരു നാന്ദി കുറിച്ചി രുന്നു. സഭയാകമാനം ഈ വർഷം ദ്വി-ശതാബ്ദി ആഘോഷിക്കണമെന്ന് ഔദ്യോഗിക സമിതികൾ തീരുമാനമെടുത്തിരുന്നുവെങ്കിലും കാലീകത യുടെ കുത്തൊഴുക്കിലും വ്യക്തിപൂജകളുടെ ബഹളങ്ങൾക്കിടയിലും ആ ആഹ്വാനത്തിന് വേണ്ടതുപോലെ ശ്രദ്ധ ലഭിച്ചുവെന്ന് തോന്നുന്നില്ല.

ഏതായിരുന്നാലും മലങ്കരയിലെ കാതോലിക്കേറ്റ് സ്ഥാപനത്തിന്റെ ശതാബ്ദി സമുചിതമായി ആഘോഷിക്കുന്ന ഈ വർഷം മലങ്കരയു ടെയും മലയാളത്തിന്റെയും ഭാരത നവോത്ഥാനത്തിന്റെ തന്നെയും അടി സ്ഥാന കാരണങ്ങളിലൊന്നായ ബൈബിൾ വിവർത്തന-പ്രസിദ്ധീകരണ യജ്ഞത്തിന്റെ മലയാള പർവത്തിന്റെ ദ്വി-ശതാബ്ദിയും സമുചിതമായി ആഘോഷിക്കണം എന്ന് സഭ തീരുമാനിച്ചിരിക്കുകയാണ്.

അഭിവന്ദ്യനായ ഡോ. യാക്കൂബ് മാർ ഐറേനിയോസ് മെത്രാപ്പോ ലീത്തായുടെ അദ്ധ്യക്ഷതയിൽ നടക്കുന്ന ശതാബ്ദി ആഘോഷ കമ്മിറ്റി യിൽ സഭാചരിത്ര പ്രസിദ്ധീകരണത്തിന്റെയും പ്രത്യേകിച്ച് ബൈബിൾ മലയാള പരിഭാഷ ദ്വി-ശതാബ്ദിയുടെയും ചുമതല ബലഹീനനായ നമ്മെ ഏല്പിച്ചിരിക്കുകയാണ്. കോട്ടയം വൈദികസെമിനാരിയിലെ പുതിയ നിയമ വിഭാഗം പ്രൊഫസ്സറായി പ്രവർത്തിക്കുന്ന ബ. ഡോ. റെജി മാത്യു അച്ചന്റെ പ്രധാന നേതൃത്വത്തിൽ അടുത്ത ഒരു വർഷം ബൈബിൾ സെമി നാറുകളും പഠനങ്ങളും പ്രത്യേകമായി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. കേരള നവോത്ഥാന പ്രക്രിയയിൽ വി. ബൈബിളിന്റെ സ്ഥാനവും പ്രാധാ ന്യവും ഇനിയും വിസ്മരിക്കപ്പെട്ടു കൂടാ. സാംസ്ക്കാരിക കേരളത്തെ സ്നേഹിക്കുന്ന എല്ലാവരുടെയും ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ട തുണ്ട്. ആയതിലേക്കുള്ള ഒരു ആഹ്വാനമാണ് ഈ ലഘു ഗ്രന്ഥം.

'ബൈബിളും ഇന്ത്യൻ നവോത്ഥാനവും', 'കേരളത്തിന്റെ ബൈബിൾ പാരമ്പര്യം', 'ബൈബിളും മലയാള സാഹിത്യവും', '1811-ലെ ബൈബിൾ പരിഭാഷ', 'ബൈബിളും ശ്രീനാരായണ ഗുരുവും' എന്നീ ശീർഷകങ്ങളി ലെഴുതിയ ലേഖനങ്ങളിലൂടെയും ഈ ഗ്രന്ഥത്തിന്റെ വാങ്മുഖത്തിലൂ ടെയും ബ. ഡോ. ജോസഫ് ചീരനച്ചൻ വളരെ ആധികാരികമായ അറി വാണ് അനുവാചകരിലേക്ക് പകരുന്നത്. 'മലയാള സാഹിത്യത്തിൽ വി. ബൈബിളിന്റെ സ്വാധീനമെന്ന' വിഷയത്തിൽ ആധികാരിക ഗവേഷണ

പഠനം നടത്തി ഡോക്ടറേറ്റ് ലഭിച്ചിട്ടുള്ള ബ. അച്ചന്റെ രചനാപാടവത്തിന്റെ മറ്റൊരു ഉദാത്തരൂപമാണ് ഈ ഗ്രന്ഥം. കേരള നവോത്ഥാന ചരിത്രത്തിനും മലങ്കരസഭാചരിത്രം, കാനോൻ, വേദശാസ്ത്രം, ആരാധന, ബൈബിൾ പഠനം തുടങ്ങിയ ശാഖകൾക്കും ബ. അച്ചൻ നൽകിക്കൊണ്ടിരിക്കുന്ന സംഭാവനകൾ നന്ദിയോടെ ഓർക്കുന്നു. ഇനിയും ആ തൂലിക നന്മയ്ക്കായി നിരന്തരം ചലിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

മലങ്കരയുടെ എക്കാലത്തെയും പ്രതിഭാധനരായ മല്പാന്മാരിൽ ശ്രേഷ്ഠനായ ദിവംഗതനായ ഡോ. വി. സി. സാമുവേലച്ചന്റെ 'സുറിയാനി വേദപുസ്തകം' എന്ന ശീർഷകത്തിലുള്ള ലേഖനം ഈ ഗ്രന്ഥത്തിന് തിലകക്കുറിയാണ്. 'വിശുദ്ധ ഗ്രന്ഥം മലങ്കര ഓർത്തഡോക്സ് സഭയിൽ' എന്ന മലങ്കരയുടെ സ്വർണ്ണനാവായ ഡോ. ടി. ജെ. ജോഷ്വ അച്ചന്റെയും '1811-ലെ മലയാളം ബൈബിൾ പരിഭാഷ' എന്ന മലങ്കരയുടെ താത്വിക മനീഷിയായ ഡോ. ജേക്കബ് കുര്യനച്ചന്റെയും ലേഖനങ്ങൾ ഈ ഗ്രന്ഥത്തെ അത്യധികം ഗൗരവമുള്ളതാക്കുന്നു. കോട്ടയം വൈദിക സെമിനാരിയിലെ ഈ ശ്രേഷ്ഠ ഗുരുക്കന്മാരുടെ മുമ്പിൽ അതീവ വിനയത്തോടെ അവരുടെ സമഗ്ര പ്രവർത്തനങ്ങൾക്ക് നന്ദി അറിയിക്കുവാൻ ഈ അവസരം വിനിയോഗിക്കുന്നു.

'ഇംഗ്ലീഷ് ചർച്ച് മിഷനും മലയാളം ബൈബിളും' എന്ന റെയ്നോഡ് വാഗ്നറുടെ ജർമ്മൻ ഭാഷയിലെഴുതപ്പെട്ട ഗവേഷണ പ്രബന്ധം മലയാള വേദപുസ്തക തർജ്ജമ ചരിത്രത്തിന് നൽകുന്ന ഉൾകാഴ്ചകൾ വിലപ്പെട്ടതാണ്. തന്റെ ഗവേഷണത്തിലൂടെ ഈ ലേഖനം കണ്ടെത്തി തർജ്ജമ ചെയ്ത് പ്രസിദ്ധീകരണത്തിന് നൽകിയതിലൂടെ, മുൻ നാഗ്പൂർ സെമിനാരി പ്രിൻസിപ്പാളും ഇപ്പോൾ കോട്ടയം സെമിനാരി ബൈബിൾ പഠനശാഖയിലെ പ്രൊഫസ്സറുമായ ഡോ. റെജി മാത്യു അച്ചൻ വലിയ ഒരു സേവനമാണ് സഭയ്ക്ക് നൽകിയിരിക്കുന്നത്. 1811-ലെ വേദപുസ്തക മലയാള പരിഭാഷയുടെയും തുടർന്ന് ഈ രംഗത്ത് ഉണ്ടായ സംഭവങ്ങളുടെയും വ്യക്തമായ ഒരു ചരിത്രം ഈ ലേഖനത്തിൽ ആധികാരികമായി വെളിപ്പെട്ടിരിക്കുന്നു! ഗവേഷണങ്ങളുടെ ഫലമായി ലഭിക്കുന്ന പുതിയ സത്യങ്ങൾക്കു നേരെ മുഖംതിരിക്കുന്ന 'ആധുനിക ചരിത്രകാരന്മാർ' ഇനിയെങ്കിലും സത്യങ്ങൾ മനസ്സിലാക്കട്ടെ എന്ന് ആശിക്കുന്നു.

'ബൈബിളും കേരളത്തിന്റെ സാമൂഹ്യ നവോത്ഥാനവും' എന്ന ഫാ. സണ്ണി ചാക്കോയുടെ ലേഖനം ശ്രദ്ധേയമാണ്. കേരള നവോത്ഥാന ചരിത്രത്തിൽ മലങ്കരസഭയുടെ സംഭാവനകൾ എന്ന വിഷയത്തിൽ ഡോക്ടറൽ ഗവേഷണ പഠനം പൂർത്തിയാക്കിയ അച്ചൻ സഭയുടെ ചരിത്ര വിഭാഗത്തിന് വലിയ വാഗ്ദാനമാണ്. 'വേദപുസ്തക വായനയുടെ അനുഭവം' എന്ന ശീർഷകത്തിൽ ഫാ. ഡോ. കെ. സി. ജോസഫും, 'മലയാളം ബൈബിൾ: ചരിത്ര പശ്ചാത്തലം' എന്ന ശീർഷകത്തിൽ റവ. ടി. വി. തോമസ്സും, 'എബ്രായ ബൈബിൾ' എന്ന ശീർഷകത്തിൽ പ്രൊഫ. ടി.

ബി. തോമസ്സും എഴുതിയിരിക്കുന്ന ലേഖനങ്ങൾ ഈ ഗ്രന്ഥത്തെ അനുവാചകർക്ക് അടുത്തറിയുവാനുള്ള നല്ല മാർഗ്ഗങ്ങളായി വർത്തിക്കുന്നു; മലങ്കരസഭയും എം. ജെ. ഡി. പബ്ലിഷേഴ്സും എന്നും അവരോട് നന്ദിയുള്ളവരായിരിക്കും.

ഈടുറ്റ പതിനഞ്ച് ലേഖനങ്ങളുടെ സമാഹാരമായ ഈ ലഘുഗ്രന്ഥം എം. ജെ. ഡി. പബ്ലിഷേഴ്സിനുവേണ്ടി അണിയിച്ചൊരുക്കിയത് ഇലക്ട്രോണിക് മാധ്യമരംഗത്തും ഗവേഷണ-പ്രസാധനകലയിലും വ്യക്തിമുദ്ര പതിപ്പിച്ച ശ്രീ. ജോയ്സ് തോട്ടയ്ക്കാട്ടും അദ്ദേഹത്തിന്റെ സ്ഥാപനമായ കോട്ടയം സോഫിയാ പ്രിന്റ് ഹൗസുമാണ്. എം. ജെ. ഡി. പബ്ലിഷേഴ്സിന്റെ മുഴുവൻ സപര്യകളും യാഥാർത്ഥ്യമാക്കി തരുന്നതിൽ ഇവർ വഹിക്കുന്ന പങ്കിന് പ്രത്യേകം നന്ദി അറിയിക്കുന്നു.

വി. ബൈബിളിന്റെ പഠനവും നിത്യജീവിതത്തിലെ ഉപയോഗവും വളരെ പ്രാധാന്യം അർഹിക്കുന്നതാണ് എന്ന് തിരിച്ചറിഞ്ഞ പ്രതിഭാധനരാണ് ഇരുനൂറ് വർഷങ്ങൾക്ക് മുമ്പ് വേദപുസ്തക തർജ്ജമാ യജ്ഞം എന്ന ആദ്ധ്യാത്മിക വിപ്ലവപ്രസ്ഥാനത്തിന് ആരംഭമിട്ടത്. കേരള നവോത്ഥാനത്തിൽ ഇന്നു കാണുന്ന മിക്കവാറും സംഭവങ്ങളുടെ ബീജാവാപം അവിടെയായിരുന്നുവെന്ന് ഈ ഗ്രന്ഥം ആധികാരികമായി തെളിയിക്കുന്നു. വി. ഗ്രന്ഥത്തെ അനുദിന ജീവിതത്തിന്റെ അടിസ്ഥാനമാക്കി വചനാധിഷ്ഠിത ജീവിതം നയിക്കുന്ന ഒരു സഭയ്ക്കു മാത്രമേ സമൂഹത്തിന് നന്മ ചെയ്യുവാനുള്ള ശക്തി ഉണ്ടാകൂ. ഈ തിരിച്ചറിവ് അടുത്ത തലമുറകളിലേക്ക് ശക്തമായി കൈമാറുവാൻ സാധിക്കാതെ വന്നാൽ അത് പല അപചയങ്ങൾക്കും കാരണമാകും. വി. ബൈബിളിന്റെ ആദ്യ മലയാള തർജ്ജമയുടെയും പ്രസിദ്ധീകരണത്തിന്റെയും ഇരുനൂറാം വാർഷികത്തിൽ ഈ സന്ദേശം അനേകരിലേക്ക് പകരുവാൻ ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണം കാരണമാകട്ടെ എന്ന് ആശംസിക്കുന്നു.

വി. ബൈബിൾ തർജ്ജമയിലൂടെ ലോകത്തെ പ്രകാശത്തിൽ നിലനിർത്തിയ എല്ലാ പൂർവികരോടും, ഇന്നും ഈ രംഗത്ത് പ്രവർത്തിക്കുന്ന ഗ്ലോബൽ ബൈബിൾ സൊസൈറ്റി പോലുള്ള സ്ഥാപനങ്ങളിലെ പ്രവർത്തകരോടും ലോകസമൂഹം എന്നും കടപ്പെട്ടിരിക്കും. പ്രത്യേകാൽ മലയാളത്തിന് വേദവെളിച്ചം നൽകിയ എല്ലാ പൂർവ്വസൂരികളുടെയും പാവന സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് 'സഭാജ്യോതിസ്സ്' പ. പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിൽ ഈ ലഘുഗ്രന്ഥം അനുവാചകലോകത്തിലേക്ക് വിനയപൂർവ്വം സമർപ്പിക്കുന്നു.

ഒക്ടോബർ 31, 2011
സെന്റ് തോമസ് ബിഷപ്പ്സ് ഹൗസ്
അഹമ്മദാബാദ്

വാങ്മുഖം

മലയാളം ബൈബിൾ പിറന്നിട്ട് ഇരുനൂറ് വർഷം പൂർത്തിയാവുകയാണ്. 1811-ൽ മലയാള ഗദ്യത്തിൽ പിറന്നുവീണ സുവിശേഷങ്ങളുടെ സുഗന്ധത്തെപ്പറ്റി 1911-ൽ ഗൗരവമായ ഒരു വിലയിരുത്തൽ ഉണ്ടാവേണ്ടതായിരുന്നു. പ്രത്യേകിച്ചും മലയാള ബൈബിൾ ഒരു യാഥാർത്ഥ്യമാവുന്നതിന് ആവേശപൂർവ്വം മുന്നിട്ട് പ്രവർത്തിച്ച മലങ്കര ഓർത്തഡോക്സ് സഭയുടെ പാവനമായ കർത്തവ്യവും അവകാശവുമായിരുന്നു അത്. മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന ആറാം മാർത്തോമ്മായുടെ നേതൃത്വത്തിൽ ആംഗ്ലേയ മിഷനറിയും ഗവേഷകനുമായ ക്ലോഡിയസ് ബുക്കാനന്റെ പ്രേരണയും മലയാളത്തിലെ മഹാതപസ്വികളും മല്പാന്മാരുമായ കുന്നംകുളം പുലിക്കോട്ടിൽ ഇട്ടൂപ്പ് (ജോസഫ്) മല്പാൻ കായംകുളം മനങ്ങനഴിയത്ത് പീലിപ്പോസ് റമ്പാൻ തുടങ്ങിയ മലങ്കര സഭയിലെ സുറിയാനി പണ്ഡിതരായ വൈദികശ്രേഷ്ഠരുടെ ദർശനവും പ്രയത്നവും തിമ്മയ്യാപ്പിള്ളയുടെ സാങ്കേതിക വിജ്ഞാനവും ഒന്നിച്ചപ്പോൾ, പാലാഴിമഥനത്തിലൂടെ അമൃത് എന്നവിധം മലയാള ബൈബിൾ 1811-ൽ ആവിർഭവിച്ചു. ആ അമൃതിന്റെ ഉത്ഭവചരിത്രവും സമൂഹത്തിന്റെ ബോധശൂന്യതകളെയും നിസ്സംഗതകളെയും അകർമ്മണ്യതകളെയും നവീകരിച്ച് ആ അമൃത് മാനവികതയുടെ അവകാശവിളംബരത്തിന്റെ ഉൾച്ചരടായി വർത്തിക്കുന്നതിന്റെ ഇതിഹാസചരിത്രവുമാണ് ഈ കൃതി അന്വേഷിക്കുന്നത്.

ക്രിസ്തുമതാരംഭത്തിൽത്തന്നെ, ആ ദീപശിഖയുമായി, പൊന്നാനി - കൊടുങ്ങല്ലൂർ തുറമുഖങ്ങളുടെ സമീപനഗരമായ പാലൂരിലെ ജൂതക്കോളനിയിലെത്തിയ ക്രിസ്തുശിഷ്യൻ മാർത്തോമ്മാശ്ലീഹായിൽ നിന്ന് ജന്മംകൊണ്ട കേരളത്തിലെ ക്രൈസ്തവസഭയിൽ - മലങ്കര ഓർത്തഡോക്സ് സഭയിൽ - മതജീവിതത്തിന്റെ കേന്ദ്രവും സുഗന്ധവുമായി ആരാധനകളും ആരാധനകളുടെ പ്രചോദനമായി ഒരു സുവിശേഷവും ആ സുവിശേഷത്തിന്റെ പശ്ചാത്തലമായി പഴയനിയമ വേദപുസ്തകത്തിന്റെ സംക്ഷേപവും സെന്റ് തോമസ് പൈതൃകമായി ലഭിച്ചിരുന്നു. എ.ഡി. 52 മുതൽ വളർന്നുവന്ന കേരള ക്രൈസ്തവ സഭയിൽ കൈയെഴുത്തുപ്രതികൾ ആയി അവ പ്രചരിച്ചിരുന്നു. എന്നാൽ ക്രിസ്തുവർഷം ആദ്യനൂറ്റാണ്ടുകൾ കേരളത്തിലെ ക്രൈസ്തവ - ബുദ്ധ - ജൈന മതങ്ങൾ നേരിടേണ്ടി വന്ന മതപീഡനങ്ങൾ മതസാഹിത്യങ്ങളെ വിഴുങ്ങിയതിന്റെ കഥകൾ ഇന്ന് മറച്ചുവയ്ക്കേണ്ട കാര്യമില്ല. ബുദ്ധ - ജൈന സാഹിത്യങ്ങൾ വൈദിക മത മുന്നേറ്റത്തിന്റെ ഭാഗമായി നശിപ്പിക്കപ്പെട്ടതിന്റെ വേദനാജനകമായ കഥകൾ 'കേരളത്തിന്റെ സാംസ്ക്കാരിക

ചരിത്ര'ത്തിൽ പി. കെ. ഗോപാലകൃഷ്ണൻ വിവരിക്കുന്നുണ്ട്. അതിനു മുൻപ് ശൈവാക്രമണ കാലഘട്ടത്തിൽ ബൗദ്ധം എന്ന പോതുപ്പേരിൽ വിവരിക്കപ്പെട്ട ക്രിസ്തു - ബുദ്ധ - ജൈന ദർശനങ്ങൾ നിശ്ശേഷം നശിപ്പിക്കപ്പെട്ടതിന്റെ ആവേശകരമായ അവകാശവാദങ്ങൾ ശൈവപുരാണങ്ങളിൽ വർണ്ണിച്ചിട്ടുണ്ട് (പ്രസിദ്ധ ശൈവപുരാണമായ, ചേക്കിഴാർ രചിച്ച 'പെരിയ പുരാണം' ഉദാഹരണം). ക്രിസ്തുസഭയും അതിന്റെ സാഹിത്യനിർമ്മിതികളും പ്രതികൂലതകളുടെ മധ്യത്തിലായിരുന്നെങ്കിലും അതിനെ നിശ്ശേഷം നശിപ്പിക്കുവാൻ വിധ്വംസക പ്രവർത്തനങ്ങൾക്കായില്ല. ഉദയം പേരൂർ സുന്നഹദോസിന്റെ കാലത്ത് (1599) മലങ്കരസഭയിൽ ഒരു അകാനോനിക സുവിശേഷം നിലവിലിരുന്നതായി ഉദയംപേരൂർ കാനോനകൾ സാക്ഷിക്കുന്നു.

ഉദയംപേരൂർ സുന്നഹദോസിന്റെ അപ്പസ്തോലന്മാർക്ക് ബൈബിളിനേക്കാൾ പ്രധാനം അവരുടെ ആരാധനക്രമങ്ങളും വേദോപദേശസാഹിത്യവും ആയിരുന്നു (ഈ തലമുറയിലാണ് അവർക്ക് ബൈബിളിനോട് ആഭിമുഖ്യം ആവിർഭവിച്ചത്). കാനോനിക ബൈബിൾ ഇവിടെ പ്രവേശിപ്പിച്ചത് 18-ാം നൂറ്റാണ്ടിൽ വന്ന വിദേശ സഭാമേലധ്യക്ഷന്മാരാണ്. അവർ കൊണ്ടുവന്ന സുറിയാനി കൈയെഴുത്ത് വേദപുസ്തകത്തിന് നിരവധി പകർപ്പുകൾ ഉണ്ടായി. വൈദിക പരിശീലനകേന്ദ്രങ്ങളിലെല്ലാം 'വേദപുസ്തകം പകർത്തി എടുക്കൽ' ഒരു വെല്ലുവിളിയായി മല്പാന്മാർ ഏറ്റെടുത്തിരുന്നു. ഇപ്രകാരമുള്ള വൈദിക പരിശീലനകേന്ദ്രത്തിലെ രണ്ട് മല്പാന്മാർ ആണ് 'നാലു സുവിശേഷങ്ങൾ' മലയാളത്തിലേക്ക് ആദ്യമായി വിവർത്തനം ചെയ്തത്.

വേദ പുരാണ - ഇതിഹാസ ഗ്രന്ഥങ്ങളൊന്നും തന്നെ മലയാളത്തിൽ ലഭ്യമല്ലാതിരുന്ന 1811-ൽ, മലയാളം ബൈബിൾ കേരളത്തിൽ മലയാള ഭാഷയിൽ ലഭ്യമായ ആദ്യത്തെ മതഗ്രന്ഥമെന്ന നിലയിൽ വ്യാപകമായി സ്വാഗതം ചെയ്യപ്പെട്ടു. അച്ചടിച്ച് വിവരണം ചെയ്യപ്പെട്ട 100 കോപ്പികളിൽ കുറേ എണ്ണമെങ്കിലും ഇതര മതപാഠശാലകളിൽ എത്തിയിരിക്കണം. ബൈബിൾ നൽകിയ വെളിച്ചത്തിൽ കേരളത്തിലെ മതരംഗം ഉന്മേഷം കൊണ്ടു. പുരാണേതിഹാസങ്ങൾക്ക് നവീനമായ വ്യാഖ്യാനങ്ങൾ ഉണ്ടായി. പുതിയ വ്യാഖ്യാനങ്ങളുടെ ഫലമായി പല മതവിഭാഗങ്ങളും വിപ്ലവകരങ്ങളായ നവീകരണങ്ങൾക്ക് വിധേയമായി. ശ്രീനാരായണഗുരുവിന്റെ മതപരിഷ്കരണയത്നങ്ങൾ ഉൾപ്പെടെ പല സാമൂഹിക - സാമുദായിക പരിഷ്കരണങ്ങളും ഈ പശ്ചാത്തലത്തിൽ പരിവർത്തനങ്ങൾക്കും പരിണാമങ്ങൾക്കും വിധേയമായി. അയിത്തോച്ചാടനം, ക്ഷേത്രപ്രവേശന വിളംബരം, ബഹു ഭർത്തൃത്വ - ബഹുഭാര്യാത്വ നിഷേധം, മാർവസ്ത്രം ധരിക്കാനനുവാദം നൽകുന്ന വിളംബരം തുടങ്ങി 1811-ന്

ശേഷം പത്തുപതിനഞ്ച് പതിറ്റാണ്ടുകൾ കേരളത്തിൽ മാറ്റങ്ങളുടെ ശംഖൊലി മുഴങ്ങിയ കാലമായിരുന്നു. ഈ മാറ്റങ്ങളുടെ കൊടുങ്കാറ്റഴിച്ചു വിട്ട ശക്തി ബൈബിളിന്റേതായിരുന്നുവെന്ന് പരക്കെ നിരീക്ഷിക്കപ്പെട്ടു വരുന്നുണ്ട്. ഈ നിരീക്ഷണങ്ങൾ മലയാളികളായ വായനക്കാരുടെ മുന്നിൽ അവതരിപ്പിക്കാനുള്ള വിനീതമായ ശ്രമമാണ് ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണം. കേരള നവോത്ഥാനത്തിന്റെ മൂലകാരണം ഇംഗ്ലീഷു കാരുടെ സാന്നിദ്ധ്യമായിരുന്നു എന്ന് കാടടച്ച് വെടിവയ്ക്കുന്ന പതിവിൽ നിന്ന് വ്യത്യസ്തമായി ധർമ്മകാഹളം മുഴക്കിക്കൊണ്ട് മലയാളത്തിൽ അവതരിച്ച 1811-ലെ ഗീത എന്ന സുവിശേഷമാണ് മാറ്റങ്ങളുടെ കൊടു ങ്കാറ്റ് കേരളത്തിൽ ജനിപ്പിച്ചത്. രാജകീയ ഭരണം, ഫ്യൂഡൽ പ്രസ്ഥാന ങ്ങൾ, പുരുഷ മേധാവിത്തം, വർണ്ണമേധാവിത്തം തുടങ്ങി സകല അധീശ മേൽക്കോയ്മകളെയും ചെറുക്കുവാൻ മലയാളി ശക്തി നേടിയത് ബൈബിൾ ദർശനത്തിൽ നിന്നാണ്. ദൈവം ഏക പിതാവ്, മനുഷ്യരെ ല്ലാവരും സൃഷ്ടികൾ ആയ സഹോദരങ്ങൾ എന്ന പ്രകാശനാളമാണ് സകല തമോഗർത്തങ്ങളിലും പ്രകാശം ചൊരിഞ്ഞത്. തന്മൂലം ആ പ്രകാശം തെളിഞ്ഞ 1811-ന്റെ രണ്ടാം ശതാബ്ദി ഉചിതമായി ആഘോ ഷിക്കുവാൻ നമുക്ക് ചുമതലയുണ്ട്. 1911-ൽ നമുക്ക് സംഭവിച്ച വീഴ്ച 2011-ൽ സംഭവിക്കാതിരിക്കട്ടെ.

ഒന്ന് രണ്ട് ദശകം മുമ്പ് ആലുവാ ഫെലോഷിപ്പ് ഹൗസിൽ നിന്ന് 'ചർച്ച് വീക്കിലി' പ്രസിദ്ധീകരിച്ച ബൈബിൾ സ്പെഷ്യൽ പതിപ്പിലെ ചില ലേഖനങ്ങൾ ഇതിലുണ്ട്. ഒരു ജർമ്മൻ ലേഖനത്തിന്റെ വിവർത്ത നവും ചില ഗവേഷണവിദ്യാർത്ഥികളുടെ ലേഖനങ്ങളും ഇതിൽ ചേർത്തി ട്ടുണ്ട്. 1811-ലെ ബൈബിളിന്റെ വിവർത്തനത്തിൽ പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാന് പങ്കില്ല എന്ന ഒരു നിരീക്ഷണം ചില പ്രസിദ്ധീകരണങ്ങളിൽ പ്രത്യക്ഷപ്പെട്ടതുകൊണ്ട് അക്കാര്യത്തിൽ പ്രത്യേക പഠനം നടത്തുന്ന ഒരു ലേഖനവും സാഹിത്യത്തിൽ ബൈബിൾ ചെലുത്തിയ സ്വാധീനം പരിശോധിക്കുന്ന ഒരു ലേഖനവും ഉൾപ്പെടുത്തിയിട്ടുണ്ട്. ബൈബിൾ വിവർത്തനത്തിൽ പങ്കുകൊണ്ട വന്ദ്യ പീലിപ്പോസ് റമ്പാന്റെ ലഘു ജീവ ചരിത്രം ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയതിന്റെ പ്രസക്തി പ്രത്യേകം വിശദീകരിക്കേണ്ടതില്ലല്ലോ.

ചരിത്രപ്രാധാന്യമുള്ള വിഷയങ്ങളെപ്പറ്റി ഗവേഷണ മൂല്യമുള്ള ഗ്രന്ഥ ങ്ങൾ പ്രസിദ്ധീകരിക്കുവാൻ ജന്മംകൊണ്ട ഒരു പുസ്തക പ്രസാധന പ്രസ്ഥാനമാണ് കുന്നംകുളം എം.ജെ.ഡി. പബ്ലിഷേഴ്സ്. കാലത്തിന് മുമ്പിൽ നിന്നുകൊണ്ട് ഭൂതകാലത്തെയും ഒപ്പം ഭാവികാലത്തെയും ഉന്മേഷം കൊള്ളിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുന്നതിന് ശ്രമി ക്കുന്ന ത്യാഗോജ്ജ്വലപ്രസ്ഥാനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് സദാ

സന്നദ്ധതയുള്ള പുലിക്കോട്ടിൽ ഡോ. ഗീവറുഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ പ്രതിഭാശേഷിയും ചടുലതയുള്ള നേതൃത്വ ശേഷിയുമാണ് ഈ പ്രസാധക സംരംഭങ്ങളെ മുന്നോട്ട് നയിക്കുന്നത്. ഭദ്രാസനഭരണവും എക്യുമെനിക്കൽ രംഗങ്ങളിലെ നിർണ്ണായക പങ്കാളിത്തവും വൈദികസെമിനാരികളിലെ അധ്യാപനവും നിർവഹിക്കുന്നതോടൊപ്പം ഈദൃശ സർഗ്ഗ വ്യാപാരങ്ങളിൽ തിരുമേനി ചെലുത്തുന്ന അവധാനപൂർവ്വമായ കൈത്താങ്ങൽ ഞങ്ങൾ കൃതജ്ഞതയോടെ വില മതിക്കുന്നു.

ഈ സമാഹാരത്തിലേക്കാവശ്യമായ ലേഖനങ്ങൾ നൽകി സഹായിച്ച ലേഖനകർത്താക്കളെയും ഈ ഗ്രന്ഥം മനോഹരമായി സംവിധാനം ചെയ്യാൻ വിവിധതരത്തിൽ സഹായിച്ച കോട്ടയം പഴയസെമിനാരി ലൈബ്രേറിയൻ ഫാ. സി. സി. ചെറിയാൻ, അഡ്വ. ഗിൽബർട്ട് ജി. ചീരൻ, സോഫിയാ പ്രിന്റ് ഹൗസിന്റെ ചുമതലക്കാരൻ ജോയ്സ് തോട്ടയ്ക്കാട് തുടങ്ങിയവരോടുള്ള എന്റെ നിസ്സീമമായ നന്ദി പ്രകാശിപ്പിച്ചുകൊള്ളുന്നു.

ഫാ. ഡോ. ജോസഫ് ചീരൻ
(എഡിറ്റർ)

പഴഞ്ഞി
2011, സെപ്തം. 14
സ്ലീബാപ്പെരുന്നാൾ


THE

NEW TESTAMENT

OF

Our Lord and Saviour

JESUS CHRIST,

TRANSLATED INTO THE

MALAYALIM.

PART I·

CONTAINING THE FOUR GOSPELS.

BOMBAY:

PRINTED AT THE COURIER PRESS

1811.

1811–ലെ ബൈബിൾ. ഇംഗ്ലീഷ് ടൈറ്റിൽ പേജ്.



1811-ലെ ബൈബിൾ. മലയാളം ടൈറ്റിൽ പേജ്.



**1811-ലെ മലയാളം ബൈബിൾ:
മർക്കോസിന്റെ സുവിശേഷത്തിലെ ഒരു പേജ്**

1

ബൈബിളും ഇന്ത്യൻ നവോത്ഥാനവും

ലോകത്തെങ്ങും ഉണ്ടായിട്ടുള്ള പ്രബുദ്ധതയ്ക്കും നവോത്ഥാനത്തിനും ഗൗരവപൂർണ്ണമായ പ്രചോദനം നൽകിയ ദാർശനിക പ്രമാണരേഖാ സമുച്ചയമാണ് ബൈബിൾ. ആ മഹത് ഗ്രന്ഥത്തെക്കുറിച്ച് മഹാത്മാക്കൾ നടത്തിയ നിരീക്ഷണങ്ങൾ ഇത് സുവ്യക്തമാക്കുന്നതാണ്. ചില നിരീക്ഷണങ്ങൾ കാണുക:

"ദൈവം മനുഷ്യന് സംഭാവന ചെയ്തിട്ടുള്ളതിലേക്കും അതിശ്രേഷ്ഠമായ ദാനം ബൈബിൾ ആണ്." 'ഇംഗ്ലണ്ടിന്റെ അഭൂതപൂർവ്വമായ പുരോഗമനത്തിന്റെ മുഖ്യ കാരണം ബൈബിൾ ആണ്.' 'ശില്പകലാ വാസനയുള്ളവർ പരിപോഷണം പ്രാപിക്കേണ്ടത് ഗ്രീക്ക് ശില്പകലയിൽ നിന്നാണ്. കവിതാ വാസനയുള്ളവർ ഹോമറെയും ഷേക്സ്പിയറെയും മുൻനിർത്തി പരിശീലനം നേടണം. സ്വഭാവ പരിശുദ്ധി ആഗ്രഹിക്കുന്നവർ ബൈബിളിന്റെ സഹായം തേടണം.' 'ലോകത്തിൽ ഏറ്റവും മൗലികതയുള്ള പുസ്തകം ബൈബിൾ ആണ്.' 'ഗ്രഹിക്കുന്തോറും മനോഹരതരമായിത്തീരുന്ന പുസ്തകമാണ് ബൈബിൾ എന്ന് എനിക്ക് ബോധ്യമായിരിക്കുന്നു. സംസ്ക്കാരവും ശാസ്ത്രവും പുരോഗമിക്കട്ടെ. ആവോളം മനസ് വികസിക്കട്ടെ. ക്രിസ്തുചരിതത്തിൽ ശോഭിക്കുന്ന ക്രിസ്തീയതയുടെ ധാർമ്മിക സംസ്ക്കാരത്തെയും ഔന്നത്യത്തെയും മറികടക്കുവാൻ അവയ്ക്കൊരിക്കലും സാധ്യമല്ല. യുഗങ്ങളിലൂടെ ബുദ്ധിവികാസം സംഭവിക്കുന്തോറും വിദ്യാഭ്യാസത്തിന്റെ ഉപകരണവും അടിസ്ഥാനവും ആയി ബൈബിളിനെ പ്രയോജനപ്പെടുത്തുവാൻ കഴിയും.' (ഹെർബർട്ട് ആർ. പ്യൂരിൻട്ടൺ: മുഖവുര: ലിറ്ററേച്ചർ ഓഫ് ദ് ഓൾഡ് ടെസ്റ്റമെന്റ്, പു. 4-9).

18-ാം നൂറ്റാണ്ടിൽ ഭാരതീയ ഭാഷകളിൽ ബൈബിളിന്റെ വിവർത്തനങ്ങൾ പ്രത്യക്ഷപ്പെട്ടു. 1714 മുതൽ ഭാരതീയ ഭാഷകളെ സമ്പന്നമാക്കുന്നതിൽ ബൈബിൾ നിർണ്ണായക പങ്ക് വഹിച്ചതായി കാണാം. 1714 മുതൽ 1832 വരെ ഭാരതീയ ഭാഷകളിൽ ബൈബിൾ വിവർത്തനം ആവേശപൂർവ്വം അരങ്ങേറിയതിന്റെ ചിത്രം കാണുക: തമിഴ് (1714), ഉറുദു (1743), ബംഗാളി (1801), സംസ്കൃതം (1808), കന്നട (1809-12), മറാത്തി (1811), ഹിന്ദി (1809-11), മലയാളം (1811), ഒറിയ (1811), മണിപ്പൂരി (1811-24), ആസാമീസ് (1815-19), ജയ്പൂരി (1815), പഞ്ചാബ് (1815), കുനൂജി (1815), ബലൂചി (1815), തെലുങ്ക് (1818), കൊങ്കിണി (1819), മുൾട്ടാണി (1819), പുഷ്ത് (1819),

ഗുജറാത്തി (1820), കാഷ്മീരി (1820), ഡോഗ്രി (1820), ഗോസാലി (1820), ഭാജലി (1821), മാർവാഡി (1821), നേപ്പാളി (1821), ഉദയപുരി (1822), ഹരാവോദി (1822), ബിക്കാനീറി (1823), ബ്രൂജ്ജ് (1822-23), ഉജ്ജയിനി (1823), ഖാധി (1824), മാഗധി (1824), സിന്ധി (1825), കമാവൂധി (1826), പല്ല (1832), ഗുർവാളി (1832) (ബെയ്‌ലി സുവനീർ, പു. 53; ഡോ. എൻ. സാം., കേരളത്തിലെ ആധുനിക നവോത്ഥാനവും സാഹിത്യവും, പു. 65).

ഈ വിവർത്തനങ്ങൾക്ക് രണ്ട് പ്രതികരണങ്ങളുണ്ടായി. 1. ബൈബിളിന്റെ നവീനാശയങ്ങൾ സ്വീകരിച്ച് ആയിരക്കണക്കിനാളുകൾ ഭാരതത്തിന്റെ നാനാഭാഗങ്ങളിലായി ക്രിസ്തുമതം സ്വീകരിച്ചു. 2. ബൈബിൾ പഠനം നടത്തിയ മഹാശയന്മാർ ഭാരതീയ ദർശനങ്ങളെ ബൈബിളിന്റെ ദാർശനിക പരിവേഷം നൽകി വ്യാഖ്യാനിച്ച് ഭാരതീയ മതചിന്തകളെ നവീകരിക്കുകയും ശുദ്ധീകരിക്കുകയും ചെയ്തു. ഭവിഷ്യ മഹാപുരാണം തുടങ്ങിയ വ്യാസകൃതികളിൽ പ്രകടമായ ബൈബിൾ സ്പർശം കാണുന്നതിന്റെ പശ്ചാത്തലം ഇതാണ്.

1710 ലോകഭാഷകളിൽ ബൈബിൾ വിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു (പി. ടി. കുരുവിള, *ബൈബിൾ നൂറ്റാണ്ടുകളിലൂടെ*, പു. 155). ഈ പ്രചാരവുമായി താരതമ്യം ചെയ്യാവുന്ന ഒരു ഗ്രന്ഥവും ലോകത്തിലില്ല. ഷേക്സ്പിയർ കൃതികൾ 50 ഉം ടോൾസ്റ്റോയ് കൃതികൾ 40 ഉം ടാഗോർ കൃതികൾ 30 ഉം ഭാഷകളിലേ വിവർത്തനം ചെയ്യപ്പെട്ടിട്ടുള്ളു എന്ന് ഇത്തരുണത്തിൽ ഓർക്കാവുന്നതാണ്. സ്ത്രീപുരുഷ സമത്വം, വർഗ്ഗരഹിത സമൂഹം, വർണ്ണരഹിതമായ വിശ്വമാനവികത, ചൂഷണവിമുക്തമായ സമ്പദ്‌വ്യവസ്ഥ, സമത്വം, സാഹോദര്യം, അഹിംസ, ത്യാഗം തുടങ്ങിയ ഏതു മൂല്യങ്ങളുടെയും ആദർശപരമായ ചരടിന് ബൈബിളുമായി പ്രകടമായ ബന്ധമുണ്ടെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. ഇന്ത്യൻ ദേശീയതയുടെയും മതബോധത്തിന്റെയും നവോത്ഥാന പശ്ചാത്തലം ജവഹർലാൽ നെഹ്രു വിവരിക്കുന്നതിപ്രകാരമാണ്: "....എന്നാൽ വലിയൊരു നന്മ ബ്രിട്ടീഷുകാർ നിശ്ചയമായും ഇന്ത്യയ്ക്ക് ചെയ്തിട്ടുണ്ട്. അവരുടെ നവീനവും ഊർജ്ജസ്വലവും ആയ ജീവിതത്തിന്റെ ഊക്കേറിയ പ്രത്യാഘാതം ഇന്ത്യയെ ആകെയൊന്ന് പിടിച്ചു കുലുക്കുകയും രാഷ്ട്രീയ ഐക്യത്തിന്റെയും ദേശീയത്വത്തിന്റെയും ഔന്നത്യബോധം ഇന്ത്യാക്കാരിൽ ഉരുവാക്കുകയും ചെയ്തു. പുതിയൊരു വർഗ്ഗം ഉയർന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസം സിദ്ധിച്ചവർ. എണ്ണത്തിൽ ചെറുതും ബഹുജനങ്ങളിൽ നിന്ന് ഒട്ടേറെ അകന്നതുമായ ഈ വിഭാഗമാണ് പിന്നീട് പുതിയ ദേശീയ പ്രസ്ഥാനത്തിന് നേതൃത്വം നൽകിയത്. പാശ്ചാത്യ ആശയങ്ങളുടെ ഈ ആഞ്ഞടി ഹിന്ദുമതത്തിലും ചില പ്രത്യാഘാതങ്ങൾ ഉളവാക്കി. ഹിന്ദുമതത്തെ പരിഷ്ക്കരിക്കുവാനും നവീകരിക്കാനും ഉള്ള ഒരു പരിശ്രമം ബംഗാളിലുണ്ടായി. ക്രിസ്തുമതവും പാശ്ചാത്യചിന്തയും ആയിരുന്നു ഇതിന്റെ പിന്നിലുള്ള

പ്രധാന ശക്തികൾ. മഹാനും അഗാധപണ്ഡിതനുമായ രാജാറാം മോഹൻ റോയ് ആയിരുന്നു ഇതിന്റെ പ്രണേതാവ്" (വിശ്വചരിത്രസംഗ്രഹം, പു. 219).

ബൈബിളും മോഹൻ റോയിയും

സടകുടഞ്ഞെഴുന്നേറ്റ ഭാരതസംസ്ക്കാരത്തിന്റെയും ഹൈന്ദവ ദർശനത്തിന്റെയും പ്രതീകമെന്ന് രാജാറാം മോഹൻ റോയിയെ വിശേഷിപ്പിക്കാറുണ്ട് (ഡോ. സാം, കേരളത്തിലെ സാമൂഹിക നവോത്ഥാനവും സാഹിത്യവും, പു. 143). സാമൂഹ്യ പരിഷ്ക്കാരങ്ങളുടെ മേഖലയിൽ മോഹൻ റോയിയെ പ്രഭാതതാരകം എന്ന് ന്യായമായും വിളിക്കാവുന്നതാണ്. അദ്ദേഹത്തിന്റെ മതപരിഷ്ക്കരണ യത്നങ്ങളിലും സാമൂഹിക നവോത്ഥാന യത്നങ്ങളിലും ബൈബിൾ സംസ്ക്കാരം നിർണ്ണായകമായ സ്വാധീനമായിരുന്നു. ഗൗരവപൂർവ്വം ബൈബിൾ വായിച്ച് സ്വാംശീകരിച്ച ആളാണ് അദ്ദേഹം. ബൈബിളിന്റെ ഇംഗ്ലീഷ്-ബംഗാളി വിവർത്തനങ്ങൾ അദ്ദേഹത്തെ തൃപ്തിപ്പെടുത്തിയില്ല. മൂലഭാഷയിൽ തന്നെ ബൈബിൾ സന്ദേശം ഗ്രഹിക്കുവാൻ അദ്ദേഹം ഹീബ്രുവും ഗ്രീക്കും പഠിച്ചുവെന്ന് അദ്ദേഹത്തിന്റെ ജീവചരിത്രം വെളിപ്പെടുത്തുന്നു (ബൈബിൾ പഴയ-പുതിയ നിയമങ്ങളുടെ മൂലഭാഷ യഥാക്രമം ഹീബ്രുവും ഗ്രീക്കും ആണല്ലോ). മൂലഭാഷകളിൽ ബൈബിൾ വായിച്ച് ക്രിസ്തുമതത്തിന്റെ ആത്മാവിനെ കണ്ടെത്തിയ അദ്ദേഹം നടത്തിയ നിരീക്ഷണവും പ്രസ്താവനയും ശ്രദ്ധേയമാണ്: 'ക്രിസ്തുമതം മനുഷ്യരാശിയെയെല്ലാം ഒരു നിത്യപിതാവിന്റെ മക്കളായി കരുതുന്നതിനാൽ ജാതി, വർഗ്ഗം, ആചാരം, രാജ്യം എന്നീ വകഭേദങ്ങൾ കൂടാതെ പരസ്പരം സ്നേഹിക്കുവാൻ അത് അവരെ പ്രേരിപ്പിച്ചു എന്നുള്ളതാണ് ആ മതത്തെപ്പറ്റി എന്റെ കാഴ്ചപ്പാട്' (വൈക്കം ചന്ദ്രശേഖരൻ നായർ, *നവോത്ഥാനത്തിന്റെ നായകൻ*, പു. 63).

ക്രിസ്തുമതത്തെക്കുറിച്ചുള്ള ഈ കാഴ്ചപ്പാട് അദ്ദേഹം രൂപവത്ക്കരിച്ചത് ആഴമേറിയ ബൈബിൾ പഠനത്തിൽ നിന്നാണ്. അദ്ദേഹം എഴുതി: 'ക്രിസ്തു തത്വങ്ങൾ എനിക്കറിയാൻ കഴിഞ്ഞിട്ടുള്ള മറ്റേതിനെക്കാളും സദാചാര സിദ്ധാന്തങ്ങൾക്ക് കൂടുതൽ അനുയോജ്യവും യുക്തിചിന്തയുള്ളവർക്ക് കൂടുതൽ പ്രയോജനകരവും ആണെന്ന് ഞാൻ മനസ്സിലാക്കുന്നു' (വൈക്കം, *ക്രിസ്തുവിന്റെ ഉപദേശം*, പു. 6).

'എന്റെ ജീവിത ദർശനങ്ങൾ ജന്മമെടുത്തത് റാം മോഹൻ റോയിയിൽ നിന്നാണ്' എന്ന് ടാഗോറിനെക്കൊണ്ട് ഏറ്റുപറയിക്കയും (അതേ പുസ്തകം, പു. 8) ഭാരതത്തിന്റെ വിധികർത്താവും പ്രവാചകനും എന്ന് ജീവചരിത്രകാരി സോഫിയായാൽ (അതേ പുസ്തകം, ഉപക്രമം)

വിശേഷിപ്പിക്കപ്പെടുകയും ചെയ്ത മോഹൻ റോയ് മറ്റൊരു ഘട്ടത്തിൽ എഴുതി: 'പുതിയനിയമത്തിലുള്ള സദാചാര തത്വങ്ങൾ അതിലെ മറ്റു കാര്യങ്ങളിൽ നിന്ന് വിടർത്തി നിർത്തിയാൽ പല തരത്തിലും പല നില വാരത്തിലും പെട്ട ജനങ്ങളുടെ ഹൃദയത്തെയും മനസ്സിനെയും ആരോഗ്യകരമാംവിധം സ്വാധീനിക്കുവാൻ കരുത്തുള്ളവയാണെന്ന് തോന്നുന്നു. .... സദാചാരോപദേശങ്ങൾ മനുഷ്യരാശിയുടെ ഇടയിൽ ശാന്തിയും സമാധാനവും നിലനിർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളവയാണെന്ന് വ്യക്തം. ആദ്ധ്യാത്മചിന്തയുടെ ജടിലതകൾ ഒന്നും അവയെ ബാധിച്ചിട്ടില്ല. പണ്ഡിതനും പാമരനും അവ ഒരുപോലെ മനസ്സിലാകും. മതത്തിന്റെയും സദാചാരത്തിന്റെയും ഈ ലളിതനിയമങ്ങൾ മനുഷ്യന്റെ ആശയങ്ങളെ ഈശ്വരനെക്കുറിച്ചുള്ള ഉത്കൃഷ്ടചിന്തകളോളം ഉയർത്തുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ളവയാണ് താനും. .... തങ്ങളോടും സമുദായത്തോടുമുള്ള കടമകൾ നിറവേറ്റുന്നതിനും മനുഷ്യനെ സഹായിക്കാനും അവയ്ക്ക് കഴിയും. ഇന്നത്തെ രൂപത്തിൽ അവയിൽ നിന്ന് ഏറ്റവും നല്ല ഫലങ്ങൾ ഉളവാകുമെന്നാണ് എന്റെ വിശ്വാസം' (സൗമ്യേന്ദ്രനാഥ ടാഗോർ, വിവ.: ഇ. കെ. പുരുഷോത്തമൻ, രാജാറാം മോഹൻ റോയി, പു. 21).

ബൈബിൾ സന്ദേശത്തിന്റെ തരംഗം ഇന്ത്യയിൽ പൊതുവായും ബംഗാളിൽ സവിശേഷമായും ഉദയം കൊള്ളുവാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നു. സംസ്കൃതമോ ഹിന്ദിയോ അല്ല, ഇംഗ്ലീഷ് ആണ് ഇന്ത്യയുടെ ഔദ്യോഗിക ഭാഷ ആവേണ്ടത് എന്ന് ഗൗരവമായി വാദിച്ച ആളാണ് അദ്ദേഹം എന്നത് ഈ സന്ദർഭത്തിൽ സ്മരണീയമാണ്. ബൈബിൾ തരംഗങ്ങൾ തന്റെ സാമൂഹ്യപരിഷ്ക്കരണോദ്യമങ്ങളെ ത്വരിതപ്പെടുത്തുമെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. 1820-ൽ അദ്ദേഹം എഴുതിയ 'ക്രിസ്തുവിന്റെ ഉപദേശങ്ങൾ: സമാധാനത്തിനും സന്തുഷ്ടിക്കും ഉള്ള മാർഗ്ഗം' എന്ന പുസ്തകം ഈ വസ്തുതയെ ശരിവെക്കുന്നു. ഇംഗ്ലീഷിൽ വിരചിതമായ ആ പുസ്തകത്തിന് പിൽക്കാലത്ത് അദ്ദേഹം തന്നെ സംസ്കൃതത്തിലും ബംഗാളിയിലും വിവർത്തനങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചു. സതി, പുനർവിവാഹം, ബഹുഭർത്തൃത്വം, ശിശുവിവാഹം, സ്ത്രീ വിദ്യാഭ്യാസം, ജാതി എന്നീ മേഖലകളിൽ അദ്ദേഹം നയിച്ച ഐതിഹാസിക വിപ്ലവങ്ങൾക്ക് ആവശ്യമായ ഊർജ്ജം മുഖ്യമായും അദ്ദേഹം നേടിയത് ബൈബിളിൽ നിന്നാണെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട് (ഫാ. ഡോ. ജോസഫ് ചീരൻ: *ബൈബിൾ ആധുനിക മലയാള കവിതയിൽ*, പി.എച്ച്.ഡി. ഗവേഷണ പ്രബന്ധം, പു. 26-27).

ബൈബിളും സ്വാമി വിവേകാനന്ദനും

ഇന്ത്യൻ മത-സാംസ്ക്കാരിക നവോത്ഥാനത്തിന്റെ മറ്റൊരു വക്താവും പ്രചാരകനുമാണ് വിവേകാനന്ദ സ്വാമികൾ. 'ഇന്ത്യൻ വിപ്ലവത്തിന്റെ

വിത്ത്' എന്ന് അദ്ദേഹത്തെ വിശേഷിപ്പിച്ച ജീവചരിത്രകാരൻ അദ്ദേഹത്തെ പരിചയപ്പെടുത്തുന്നതിപ്രകാരമാണ്: ആധുനികവും പൗരാണികവും പാശ്ചാത്യവും പൗരസ്ത്യവുമായ മതസംസ്ക്കാര സാഹിത്യാദികളുടെ നിത്യസത്തയുൾക്കൊണ്ട അതിപ്രതിഭാശാലിയെന്ന നിലയിൽ ഭാരതത്തിന്റെ അഭിമാനം വളർത്തിയ ആ മഹാപുരുഷൻ ബഹുമുഖമായ വ്യക്തിത്വത്തിന്റെയും ജീവിത പ്രവർത്തനങ്ങളുടെയും അവകാശി ആയിരുന്നു. ആധുനിക ഭാരതത്തിന്റെ പുനർജന്മത്തിന് ബീജാധാനം ചെയ്ത സ്വാമി വിവേകാനന്ദന്റെ സംഭാവനകളെ വിലയിരുത്തിയ നെഹ്റു എഴുതി: '...ദേശീയത്വത്തിന്റെ സന്ദേശം അത്യന്തം ശക്തിയോടും വാചാലതയോടും കൂടി അദ്ദേഹം പ്രചരിപ്പിച്ചു' (വിശ്വചരിത്ര സംഗ്രഹം, പു. 220).

വിവേകാനന്ദന്റെ ദേശീയവും മതപരവുമായ ദർശനം രൂപപ്പെടുത്തുന്നതിന് ബൈബിളിന് നിർണ്ണായകമായ പങ്കുണ്ടായിരുന്നുവെന്നും അദ്ദേഹം ക്രിസ്തുമത ദർശനവുമായി അടുത്ത് ഇടപഴകിയ ജ്ഞാനാന്വേഷകനായിരുന്നു എന്നും നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ ജീവിതകാലത്ത് ഭാരതത്തിലാകെ പടർന്ന് പിടിച്ച ക്രിസ്ത്യൻ മിഷനറി പ്രവർത്തനത്തോട് അദ്ദേഹം ക്രിയാത്മകമായി പ്രതികരിച്ചതിന്റെ രേഖകൾ അദ്ദേഹത്തിന്റെ ജീവചരിത്രത്തിലും 'വിവേകാനന്ദ സാഹിത്യ സർവസ്വം' എന്ന ഗ്രന്ഥ പരമ്പരയിലും സുലഭമായിട്ടുണ്ട്. അദ്ദേഹത്തിന്റെ ജീവചരിത്രകാരൻ എഴുതുന്നു: ".... യേശുവിന്റെ പ്രത്യക്ഷദർശനം നേടിയ മഹായോഗിയായിരുന്നുവല്ലോ പരമഹംസൻ. അദ്ദേഹത്തിന്റെ ശിഷ്യസത്തമനായ വിവേകാനന്ദൻ ആ പാരമ്പര്യം ഉയർത്തിപിടിച്ചിരുന്നു. അദ്ദേഹം ഭാരത പര്യടനത്തിന് പുറപ്പെട്ടപ്പോൾ 'ഗീത'യും 'ക്രിസ്ത്വനുകരണ'വും ആയിരുന്നു കൈയിലുണ്ടായിരുന്ന രണ്ട് ഗ്രന്ഥങ്ങൾ. ...." സിസ്റ്റർ നിവേദിത തന്റെ ഗുരുവിന്റെ സമാധിക്ക് ശേഷം ആശ്രമവാസികൾ നയിച്ച ജീവിതത്തെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. ക്രിസ്തുമസ്സും ദുഃഖവെള്ളിയാഴ്ചയും ഒക്കെ മതഭേദം പരിഗണിക്കാതെ ആശ്രമത്തിലാചരിച്ചു. മാത്രമോ, സാമ്പത്തിക ക്ലേശമനുഭവിച്ച ആശ്രമവാസികൾക്ക് ധനശേഖരണത്തിന് പുറത്ത് പോവാൻ പോലും വസ്ത്രമുണ്ടായിരുന്നില്ല. പലരും പല സമയങ്ങളിലായി ഒരേ വസ്ത്രം മാറിമാറി ഉപയോഗിച്ചാണ് പണം പിരിച്ചത്. കിട്ടിയ പണമാകട്ടെ, ഭഗവത്ഗീതയും, ക്രിസ്ത്വനുകരണവും വാങ്ങി വിതരണം ചെയ്യുന്നതിനാണുപയോഗിച്ചത്. ഹൃദയസ്പർശിയായ മറ്റൊരു അംശം കൂടിയുണ്ട്. സമാധിക്കല്പ്പം മുമ്പ് ബേലൂർമഠത്തിൽ ഒരേകാദശി ദിവസം ഏകാദശിവ്രതം പൂർണ്ണനിഷ്ഠയോടെ അനുഷ്ഠിച്ച സ്വാമികൾ ശിഷ്യർക്ക് ഭക്ഷണം വിളമ്പി കൊടുക്കുവാൻ ആരംഭിച്ചു. ശിഷ്യന്മാർ പ്രതിഷേധിച്ചു പറഞ്ഞു. 'ഞങ്ങൾ ആണ് അങ്ങേക്ക് ഇത് നൽകേണ്ടത്. അങ്ങ് ഇത് ചെയ്യരുത്.' 'ക്രിസ്തു

ശിഷ്യരുടെ പാദം കഴുകിയില്ലേ?' സ്വാമികൾ തിരിച്ച് ചോദിച്ചു. ആ മഹാ യോഗി അവർക്കോരോരുത്തർക്കും ഭക്ഷണം വിളമ്പി കൊടുത്തത് മാത്ര മല്ല അവരുടെ കാൽ കഴുകി തോർത്തി കൊടുക്കുകകൂടി ചെയ്തു.

സ്വാമിയുടെ ക്രിസ്തുഭക്തിയെ വെളിപ്പെടുത്തുന്ന വാക്കുകൾ ഇതാ: "യേശുവിന്റെ കാലത്ത് ഞാൻ പാലസ്തീനിൽ ജീവിച്ചിരുന്നുവെങ്കിൽ ഞാൻ അദ്ദേഹത്തിന്റെ കാൽ കഴുകുമായിരുന്നു; കണ്ണുനീർ കൊണ്ടല്ല; ഹൃദ്രക്തംകൊണ്ട്." 'മേരീപുത്രൻ തന്നെ രക്ഷിക്കാതിരിക്കില്ല' എന്ന് അമേരിക്കയിൽ നിന്ന് സ്വാമികൾ ഒരു സുഹൃത്തിനെഴുതി. ഗോവയിലെ ഏറ്റവും പഴയ സിമ്മനാരികളിലൊന്നായ 'റാക്കോൾ' സെമിനാരിയിൽ താമസിച്ച് അപൂർവ്വ ക്രിസ്തുമത ഗ്രന്ഥങ്ങളിൽ നിന്ന് ആ മതരഹസ്യം അദ്ദേഹം നുകർന്നു. പിന്നീട് ഇന്ത്യൻ ദേശീയതയുടെയും തത്വചിന്തയു ടെയും പ്രവക്താക്കളായി അറിയപ്പെടുന്ന മഹാത്മാഗാന്ധിയും ഡോ. രാധാകൃഷ്ണനും വിവേകാനന്ദ ദർശന ജ്വാലയിൽ നിന്ന് ദീപങ്ങൾ കൊളുത്തിയവർ ആണ്. അദ്ദേഹത്തെപ്പറ്റി സി. എഫ്. ആൻഡ്രൂസ് എഴുതി: 'സ്വാമികളുടെ കുലുങ്ങാത്ത ദേശാഭിമാനം ഇന്ത്യയിലാകമാനം ദേശീയപ്രസ്ഥാനത്തിന് പുതിയ നിറം പകർന്നു. അക്കാലത്തെ മറ്റേതു വ്യക്തിയേക്കാളുമധികം ഭാരതത്തിന്റെ നവോത്ഥാനത്തിന് അദ്ദേഹം സംഭാവനകൾ നൽകിയിട്ടുണ്ട്' (ശ്രീധരൻ ടി. പി., *വിവേകാനന്ദൻ*, നാലാം പതിപ്പ്, പു. 52).

ഗീതയോടൊപ്പം ബൈബിളും വിവേകാനന്ദ ദർശനത്തെ രൂപപ്പെടു ത്തുന്നതിൽ ഗണ്യമായ പങ്കു വഹിച്ചിട്ടുണ്ട്. ആശ്രമത്തിലെ ശിഷ്യന്മാ രുടെ കൈകൾ കഴുകിയത്, ക്രിസ്തു തന്റെ ശിഷ്യന്മാരുടെ പാദം കഴു കിയ സംഭവത്തെ ഓർമ്മിച്ചും ഓർമ്മിപ്പിച്ചും ആണ്. പുതിയനിയമ സൂക്ത ങ്ങൾ അടങ്ങിയ 'ക്രിസ്ത്വനുകരണ'ത്തിന് അദ്ദേഹം നൽകിയ പ്രാധാന്യം വിസ്മയാവഹമാണ്. പിൽക്കാലത്ത് ഒരു ലോകമതത്തെപ്പറ്റി ഒരു സങ്ക ൽപ്പം അദ്ദേഹത്തിന്റെ ചിന്തയിൽ രൂപപ്പെട്ടിരുന്നു. ബൈബിളും ഗീതയും അലിയിച്ചു ചേർത്ത ഒരു നവീന ദർശനമാണതെന്ന് സൂക്ഷ്മദൃക്കുകൾക്ക് കാണാം. ഒരർത്ഥത്തിൽ ശങ്കരാചാര്യൻ രൂപപ്പെടുത്തിയ അദ്വൈതചി ന്തയോളം തന്നെ ഉൽകൃഷ്ടവും പഠനീയവുമാണ് വിവേകാനന്ദന്റെ നവീ നാദ്വൈതം.

ബൈബിളും മഹാത്മാഗാന്ധിയും

ഇന്ത്യൻ നവോത്ഥാനചരിത്രത്തിൽ പ്രാതിനിധ്യ സ്വഭാവമുള്ള യുഗ പുരുഷനായി നാം ആദരിക്കുന്നത് മഹാത്മാഗാന്ധിയെ ആണ്. രാജാറാം മോഹൻ റോയിയും സ്വാമി വിവേകാനന്ദനും സൃഷ്ടിച്ച പ്രബുദ്ധതയെ ഇന്ത്യൻ ദേശീയതയുടെ രാഷ്ട്രീയധാരയിലേക്ക് ചാലുകീറി തിരിച്ച് വിട്ടത്

അദ്ദേഹമാണ്. മതവും രാഷ്ട്രീയവും തമ്മിലുണ്ടായിരുന്ന അതിർവര മ്പുകളെ അദ്ദേഹം നേർമ്മയുള്ളതാക്കി. 19-ാം നൂറ്റാണ്ടിൽ ജീവിതം ആരം ഭിച്ച് 20-ാം നൂറ്റാണ്ടിൽ ഇന്ത്യയുടെ മനഃസാക്ഷിയായി വളർന്ന രാഷ്ട്ര പിതാവിന്റെ രാഷ്ട്രീയ വിമോചനശൈലിയുടെ വ്യതിരിക്തത ലോക ശ്രദ്ധയെ ആകർഷിച്ചിട്ടുണ്ട്.

മഹാത്മജിയുടെ ദർശനദിശയും ജീവിതവീക്ഷണവും വിശദമാക്കുന്ന വിശാലമായ 'ഗാന്ധിസാഹിത്യം' നമുക്ക് ലഭിച്ചിട്ടുണ്ട്. സാന്ദർഭികങ്ങ ളായ പ്രസംഗങ്ങളും അഭിമുഖ സംഭാഷണങ്ങളും 'ഹരിജൻ' തുടങ്ങിയ മാസികകൾക്കു വേണ്ടി എഴുതിയ ലേഖനങ്ങളും ഉൾക്കൊള്ളുന്ന നിര വധി വാല്യങ്ങളിൽ അദ്ദേഹത്തെ രാഷ്ട്രപിതാവായി രൂപപ്പെടുത്തിയ ബൈബിളിന്റെ സ്വാധീനത പ്രകടമാണ്. മഹാത്മജിയുടെ ജീവിതപ്രമാ ണങ്ങൾ മുഖ്യമായും മൂന്നെണ്ണമാണ്. സത്യം, സ്നേഹം, അഹിംസ. ഈ ജീവിതപ്രമാണങ്ങളെ വിശദീകരിക്കുന്ന പ്രകരണത്തിൽ 'സത്യവും അസ ത്യാനുഷ്ഠാനവും' എന്ന അദ്ധ്യായത്തിൽ അദ്ദേഹം എഴുതുന്നു: "... മ റ്റൊരുതരം മോഷണമുണ്ട്. മറ്റുള്ളവരുടെ വസ്തുക്കൾ തന്റേതാക്കണ മെന്ന് ആഗ്രഹിക്കുകയോ തൃഷ്ണാപൂർവ്വം അവയെ വീക്ഷിക്കുകയോ ചെയ്യുന്നത് മാനസികമായ അർത്ഥത്തിൽ മോഷണമാണ്." ശാരീരിക തലത്തിൽ നിർവ്വഹിക്കപ്പെടുന്ന അധർമ്മങ്ങളുടെ മാനസികതലത്തിലെ വേരുകളും അധർമ്മവും പാപവുമായി ചൂണ്ടിക്കാട്ടുന്ന പ്രവണത ബൈബിളിലെ ഗിരിപ്രഭാഷണത്തിലെ (വി. മത്തായി 5-ാം അദ്ധ്യായം) ശൈലിയാണ്. ഗാന്ധിജിയുടെ ഈ നിർവ്വചനത്തിൽ ഗിരിപ്രഭാഷണ ശൈലി തുടിച്ച് നിൽക്കുന്നത് ഒറ്റ നോട്ടത്തിൽ പ്രകടമാണ്.

മറ്റൊരു ഭാഗം കാണുക: "അവൻ എപ്പോഴാണോ പശ്ചാത്തപിക്കു ന്നത്, അപ്പോൾ അവനെ മാറോടണച്ച് സ്വാഗതം ചെയ്യേണ്ട കടമയും അതേസ്നേഹം എന്നിലർപ്പിക്കുന്നു. പക്ഷെ, ശാരീരികമായ ബലപ്രയോ ഗങ്ങളിലൂടെ എന്റെ മകനെ നന്നാക്കാൻ ഞാൻ ഒരുങ്ങിക്കൂടാ. 'മുടിയ നായ പുത്രനെ' കുറിച്ചുള്ള കഥയുടെ ഗുണപാഠം അതാണെന്നാണ് എന്റെ അഭിപ്രായം" (മഹാത്മാഗാന്ധി: *തത്വചിന്തയും മതവും*, പു. 19).

അപ്പപ്പോൾ ചെയ്യുന്ന പാപകർമ്മങ്ങൾക്കെല്ലാം ഈ പശ്ചാത്താപമേ പ്രായശ്ചിത്തം എന്ന ബൈബിൾ ദർശനമാണ് ഇവിടെ സ്വന്തം ജീവിത പ്രമാണമായി ഗാന്ധിജി പ്രഖ്യാപിക്കുന്നത്. ലൂക്കോസ് 15:11-25 വരെയുള്ള ഭാഗത്ത് വിവരിച്ചിട്ടുള്ള ഈ ഉപമ, ഒരു കുടുംബകഥ മാത്രമല്ല, ദൈവം എന്ന പിതാവിൽ നിന്ന് കലഹിച്ച് അകന്നു പോകുവാൻ, സ്വാതന്ത്ര്യം എന്ന ദിവ്യദാനത്തെ ദുരുപയോഗപ്പെടുത്തുന്ന ഏത് സൃഷ്ടികളുടെയും കഥയാണ് ഈ ഉപമ പ്രതിനിധാനം ചെയ്യുന്നത്. ക്രിസ്തു പ്രഖ്യാപിച്ച 'ദൈവരാജ്യ'ത്തിലെ അംഗങ്ങളുടെ ഈദൃശ ചര്യകളെ മറ്റൊരു ദൈവ

രാജ്യം - രാമരാജ്യം - പ്രഖ്യാപിച്ച ഭാരതീയ പ്രവാചകൻ - മഹാത്മജി - അനുകരിച്ചിട്ടുള്ളത് സമീചീനമായിരിക്കുന്നു. സ്വാതന്ത്ര്യം, അതിന്റെ ഉപയോഗം, പാപം, പ്രായശ്ചിത്തം, പശ്ചാത്താപം തുടങ്ങിയ വിഷയങ്ങളെപ്പറ്റിയുള്ള മഹാത്മജിയുടെ കാഴ്ചപ്പാട് ഇവിടെ വ്യക്തമാകുന്നു. സ്നേഹത്തെക്കുറിച്ചുപന്യസിക്കുമ്പോൾ മഹാത്മജി എഴുതുന്നതിപ്രകാരമാണ്: 'പരസ്പരമുള്ള വിശ്വാസം വിശ്വാസമല്ല, പരസ്പരമുള്ള സ്നേഹം സ്നേഹവുമല്ല, യഥാർത്ഥമായ സ്നേഹം നിങ്ങളെ വെറുക്കുന്നവരെപ്പോലും സ്നേഹിക്കുന്നതിലാണ്. ... എന്താണ് ആ സ്നേഹം കൊണ്ടൊരു പുണ്യം? കള്ളന്മാർപോലും അങ്ങനെ ചെയ്യാറുണ്ടല്ലോ" (മേൽപുസ്തകം, പു. 26). ഈ വീക്ഷണത്തിന്റെ പിന്നിൽ ഗിരിപ്രഭാഷണത്തിലെ ശബ്ദം പ്രതിധ്വനിക്കുന്നു.

അഹിംസയുടെ ശ്രേഷ്ഠ മാതൃകയെക്കുറിച്ച് സംസാരിക്കുമ്പോൾ മഹാത്മജി ചൂണ്ടിക്കാട്ടുന്നത് ബൈബിൾ നായകനെയാണ്. 'വധിക്കപ്പെടുന്ന അവസരത്തിൽപോലും കൊലപാതകിയെക്കുറിച്ച് ഈർഷ്യ തോന്നാതിരിക്കുകയും അയാൾക്ക് മാപ്പ് നൽകണമെന്ന് ഈശ്വരനോട് പ്രാർത്ഥിക്കുകയും ചെയ്യുന്ന ഒരാൾ തികച്ചും അഹിംസാനിഷ്ഠനാണ്. യേശുക്രിസ്തുവിനെപ്പറ്റി ചരിത്രം രേഖപ്പെടുത്തുന്നത് അതാണ്. കുരിശിൽ അന്ത്യശ്വാസം വലിച്ച് കിടക്കുമ്പോൾ അദ്ദേഹം പറഞ്ഞുവത്രേ: പിതാവേ, ഇവർക്ക് മാപ്പു കൊടുക്കേണമേ. ഇവർ അറിയുന്നില്ല, ഇവർ എന്താണ് ചെയ്യുന്നതെന്ന്" (ടി പുസ്തകം, പു. 30).

അധ്വാനത്തെപ്പറ്റിയുള്ള സ്വാഭിപ്രായം രേഖപ്പെടുത്തുമ്പോൾ ഗാന്ധിജി, ബൈബിൾ ഉദ്ധരിക്കുന്നത് കാണുക: "ബൈബിളിൽ പറയുന്നുണ്ട് 'നെറ്റിയിലെ വിയർപ്പൊഴുക്കിയിട്ട് നീ ആഹാരം കഴിക്കുക എന്ന്." തന്റെ ഭാവനയിലുള്ള മാതൃകാരാജ്യത്തിൽ സമ്പത്തിനോടുള്ള മനോഭാവം എന്തെന്ന് മഹാത്മജി വിവരിക്കുന്നത് ശ്രദ്ധിക്കുക: '... ധനികരുണ്ടായിരിക്കുമെങ്കിലും അവർ അവരുടെ പക്കലുള്ള സമ്പത്തിന്റെ ട്രസ്റ്റികളായി മാത്രമേ സ്വയം പരിഗണിക്കൂ. പൊതുതാൽപര്യങ്ങൾക്കു വേണ്ടിയായിരിക്കും ആ സ്വത്ത് ഉപയോഗിക്കപ്പെടുക' (ടി പുസ്തകം, പു. 79, 80).

സമ്പത്തിനോടുള്ള മനോഭാവത്തെപ്പററി ബൈബിളിന്റെ പല ഭാഗങ്ങളിലായി ചിതറിക്കിടക്കുന്ന ഉപദേശങ്ങളെ ക്രോഡീകരിച്ചുകൊണ്ട് ഭക്തകവിയായ മാർ യാക്കോബ് (എ.ഡി. 5-ാം നൂറ്റാണ്ട്) പാടിയതിപ്രകാരം:

"സഹജന്മാരിൽ കാരുണ്യം നാം കാട്ടീടേണം
കാരുണ്യം കാട്ടായ്കിൽ ധർമ്മം ശിക്ഷിച്ചീടും
സമ്പത്താകെ പങ്കിട്ടീടാൻ ദൈവത്താലേ

കാര്യക്കാരായ് നിയമിതരാണീ സമ്പന്നന്മാർ" (ഓർത്തഡോക്സ് സഭയിലെ വലിയനോമ്പിലെ പ്രാർത്ഥനക്രമം, 1984, പു. 72).

ബ്രഹ്മചര്യത്തെപ്പറ്റി ഉപദേശിക്കുമ്പോൾ ഗാന്ധിജി സ്വീകരിച്ച നിലപാട് ചിന്താമധുരമാണ്: "തീർച്ചയായും ബ്രഹ്മചാരി സ്ത്രീയെപ്പറ്റി കാമത്തോടെ ചിന്തിക്കുകയോ സംസാരിക്കുകയോ പാടില്ല" (മേൽ പുസ്തകം, 90).

സ്വദേശിയുടെ ലക്ഷ്യലക്ഷണങ്ങളെ ഗാന്ധിജി നിർവചിക്കുന്നു: 'മണ്ണുകൊണ്ട് മെനഞ്ഞെടുത്ത ഈ കോവിലല്ല ആത്മാവിന്റെ സ്ഥിരമോ സ്വാഭാവികമോ ആയ ആസ്ഥാനം." ബൈബിളിലെ മനുഷ്യസൃഷ്ടിയുടെ കഥയാണദ്ദേഹം ഈ വാക്കുകളിലൂടെ അനുസ്മരിച്ചത്. അദ്ദേഹം തുടർന്നെഴുതി: 'സ്വദേശിക്ക് ഞാൻ നൽകുന്ന ഈ വ്യാഖ്യാനം ശരിയാണെങ്കിൽ സ്വദേശനിഷ്ഠയുള്ള ഒരാളിന്റെ ആദ്യത്തെ ധർമ്മം തന്റെ തൊട്ടടുത്തുള്ള അയൽക്കാരെ സേവിക്കുന്നതിന് വേണ്ടി സ്വയം സമർപ്പിക്കുകയാണ്.' അദ്ദേഹം തുടർന്നു: 'തന്റെ ജീവൻ രക്ഷിക്കാൻ ശ്രമിക്കുന്ന ആൾക്ക് അത് നഷ്ടപ്പെടും; ഈശ്വരന് വേണ്ടി തന്റെ ജീവനെ നഷ്ടപ്പെടുത്തുന്നവന് അത് ലഭിക്കുകയും ചെയ്യും' (മേൽ പുസ്തകം, 93, 94).

തനിക്ക് ബൈബിളുമായുള്ള ബന്ധത്തെപ്പറ്റി ഗാന്ധിജി രേഖപ്പെടുത്തുന്നതിപ്രകാരമാണ്: "... എന്നാൽ പുതിയനിയമത്തിന്റെ കഥ അതായിരുന്നില്ല. അതെന്നെ വളരെ ആകർഷിച്ചു. പ്രത്യേകിച്ചും ആ ഗിരിപ്രഭാഷണം നേരിട്ട് ഹൃദയത്തിൽ തന്നെ തറച്ചു. ഞാനതിനെ ഗീതയോട് താരതമ്യപ്പെടുത്തി. .... എന്നാൽ ഞാൻ നിങ്ങളോട് പറയുന്നു. നിങ്ങൾ തിന്മയോടെതിർക്കാതിരിക്കുക. നിങ്ങളുടെ വലത്തേ ചെകിട്ടിൽ ആരെങ്കിലും അടിച്ചാൽ ഇടത്തേതും അവർക്ക് കാട്ടിക്കൊടുക്കുക. ആരെങ്കിലും നിങ്ങളുടെ കുപ്പായം എടുക്കുന്നുവെങ്കിൽ അയാൾക്ക് നിങ്ങളുടെ മേലങ്കി കൂടെ കൊടുക്കുക. ഈ ഭാഗങ്ങൾ എന്നെ അതിരില്ലാതെ ആനന്ദിപ്പിച്ചു." മറ്റൊരു ഘട്ടത്തിൽ അദ്ദേഹം എഴുതി: 'സ്വർഗ്ഗരാജ്യം തേടുക എന്നതാകട്ടെ ആദ്യം; മറ്റെല്ലാം അതോടെ നിങ്ങൾക്ക് ലഭിച്ചുകൊള്ളും' (പു. 375).

ചരിത്രസംഭവങ്ങളെല്ലാം ദൈവഹിതപ്രകാരം നടക്കുന്നുവെന്നും എല്ലാ ചലനങ്ങൾക്കും പിന്നിൽ ഒരു ദൈവിക പദ്ധതിയുണ്ട് എന്നുമുള്ള ബൈബിൾ ചിന്ത മഹാത്മജിക്കും അഭിമതമായിരുന്നു. നോക്കുക: 'നാം കാണിക്കുന്ന പാപങ്ങൾക്ക് ഈശ്വരൻ നൽകുന്ന ദൈവികശിക്ഷയാണ് ഈ ഭൂകമ്പങ്ങൾ എന്ന് കരുതാതിരിക്കാൻ എന്നെപ്പോലുള്ള ഒരാൾക്ക് വയ്യ. എല്ലാറ്റിനെയും പരസ്യമായി കളിയാക്കുന്ന ആളുകൾക്ക് പോലും

ഇതുപോലൊരു അത്യാഹിതത്തിന് ഈശ്വരേച്ഛയുടെ പേരിലല്ലാതെ സമാധാനം കണ്ടെത്തുവാൻ സാധിക്കുകയില്ല എന്ന് വ്യക്തമാണ്. ഈശ്വരേച്ഛ കൂടാതെ കണ്ട് ഒരു പുൽക്കൊടിപോലും ചലിക്കുകയില്ലെന്ന് ഞാൻ ദൃഢമായി വിശ്വസിക്കുന്നു' (ടി പുസ്തകം, പു. 283).

വിശ്വാസത്തിന്റെ ശക്തിയെക്കുറിച്ച് പഠിപ്പിക്കുമ്പോഴും ഗാന്ധിജി ഉദാഹരിക്കുക ബൈബിളിനെയാണ് എന്നത് നമ്മെ അത്ഭുതപ്പെടുത്തുന്നു: '.... ഇളകിമറിയുന്ന സമുദ്രങ്ങളിലൂടെ സഞ്ചരിക്കുന്നതിന് നമ്മെ പ്രാപ്തനാക്കുന്നത് ഈശ്വരവിശ്വാസമാണ്. ആ വിശ്വാസം മലകളെ ഇളക്കും.' ബൈബിളിലെ വാക്യം കാണുക: 'നിങ്ങൾക്ക് കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോട് അങ്ങോട്ടു നീങ്ങുക എന്ന് പറഞ്ഞാൽ അത് നീങ്ങും. നിങ്ങൾക്ക് ഒന്നും അസാധ്യമാകയില്ല' (ടി പു. 291).

ഉപവാസത്തിന്റെ പ്രയോക്താവായിരുന്ന ഗാന്ധിജി അതിന്റെ ശക്തിയെ വിവരിക്കുന്നു: "... നിനുവേ നഗരത്തിൽ താൻ പ്രവേശിക്കുന്നതിന്റെ 40-ാം ദിവസം ആ നഗരം നശിക്കുമെന്ന് പ്രവാചകൻ മുന്നറിയിപ്പ് നൽകി. അതുകണ്ട് നിനുവയിലെ ജനങ്ങൾ ഈശ്വരനിൽ വിശ്വാസം അർപ്പിക്കുകയും ഉപവാസം ആരംഭിക്കുകയും ചെയ്തു. അവരിൽ ഏറ്റവും ഉന്നതന്മാർ തൊട്ട് തീരെ സാധാരണക്കാർവരെ എല്ലാവരും ദുഃഖസൂചകമായ വസ്ത്രങ്ങളണിഞ്ഞു. നിനുവേ രാജാവിന് വിവരം കിട്ടി. അദ്ദേഹം സിംഹാസനം വിട്ടെണീറ്റു, രാജകീയവേഷം മാറ്റി, ദുഃഖസൂചകങ്ങളായ വസ്ത്രങ്ങൾ അണിഞ്ഞു. എന്നിട്ട് അദ്ദേഹം ഒരു രാജകീയ പ്രഖ്യാപനം നിനുവേ നഗരം ഒട്ടുക്ക് പ്രചരിപ്പിച്ചു: 'മനുഷ്യനോ മൃഗങ്ങളോ പശുക്കളോ ആടുകളോ ആരും യാതൊന്നും കഴിക്കാതിരിക്കട്ടെ. അവർ ആഹാരം കഴിക്കരുത്; വെള്ളം കുടിക്കരുത്. എന്നാൽ മനുഷ്യനും മൃഗവും പരുക്കൻ വസ്ത്രങ്ങൾ ധരിക്കുകയും ദൈവത്തോട് നന്ദിപൂർവ്വം പ്രാർത്ഥിക്കുകയും ചെയ്യട്ടെ. ചീത്ത മാർഗ്ഗങ്ങളിൽ നിന്നും സ്വായത്തമായിതന്നെയുള്ള ഹിംസയിൽ നിന്നും ഓരോരുത്തരെയും അവർ പിന്തിരിപ്പിക്കട്ടെ. ഈശ്വരന്റെ മനസു മാറുകയും അദ്ദേഹം പശ്ചാത്തപിക്കുകയും തന്റെ ഉഗ്രകോപത്തിൽ നിന്ന് പിൻവാങ്ങുകയും നമുക്ക് നശിക്കേണ്ടി വരികയില്ലെന്നും ആർക്ക് പറയാൻ കഴിയും? ഈശ്വരൻ അവരുടെ പ്രവൃത്തികൾ കാണുകയും അവർ ചീത്ത മാർഗ്ഗത്തിൽ നിന്ന് അകന്ന് മാറിയത് മനസിലാക്കുകയും ചെയ്തു. അതുകൊണ്ട് അവരെ നശിപ്പിക്കുന്നതിനുള്ള ഉദ്യമം ഈശ്വരൻ പശ്ചാത്താപപൂർവ്വം ഉപേക്ഷിച്ചു. ... ഒന്നുകിൽ മോക്ഷം അല്ലെങ്കിൽ മരണം എന്നതായിരുന്നു അവരുടെ നില. ബൈബിൾ വിവരിക്കുന്ന ഈ ഉപവാസത്തെപ്പോലെയാണ് എന്റെ ഉപവാസവും" (ടി പുസ്തകം, പു. 339).

മതങ്ങളെക്കുറിച്ചുള്ള പ്രഭാഷണവേളയിൽ അദ്ദേഹം പ്രതികരിച്ചതി

ങ്ങനെ: 'ഗിരിപ്രഭാഷണം നിങ്ങൾക്ക് ഒരുക്കിത്തന്നിട്ടുള്ള നീരുറവയിൽ നിന്നും ആവോളം പാനം ചെയ്തുകൊള്ളൂ. അപ്പോൾ നിങ്ങൾക്ക് ത്യാഗ പൂർവ്വമായ ഒരു ജീവിതരീതി അവലംബിക്കേണ്ടി വരും. ഗിരിപ്രഭാഷണ ത്തിലെ തത്വങ്ങൾ നമുക്കെല്ലാവർക്കും വേണ്ടിയുള്ളതാണ്. ഈശ്വര നെയും ധനത്തെയും ഒരുമിച്ച് പൂജിക്കാൻ നിങ്ങൾക്ക് കഴിയുകയില്ല. കാരുണ്യവാനും ദയാശീലനും സഹിഷ്ണതാമൂർത്തിയുമായ ഈശ്വര ൻ ധനദേവതയ്ക്ക് അയാളുടെ ക്ഷണികാഹ്ലാദങ്ങളിൽ മുഴുകുവാൻ അനു മതി നൽകിയിട്ടുണ്ട്' (ടി പുസ്തകം, 359).

ഭാരതീയ നവോത്ഥാനത്തിന് സഫലമായ ദിശാബോധം നൽകിയ ഈ മൂന്ന് പ്രവാചകന്മാർ - രാജാറാം മോഹൻ റോയ്, സ്വാമി വിവേകാ നന്ദൻ, മഹാത്മാഗാന്ധി - ബൈബിൾ സന്ദേശങ്ങളുടെ പ്രവാഹത്തിൽ നിത്യവും മുങ്ങിക്കുളിച്ചിട്ടാണ് നവോത്ഥാനത്തിന്റെ ദീപശിഖ ഇന്ത്യയി ലെങ്ങും കൊളുത്തിയത്. അവർ അക്കാര്യം പരസ്യമായി വിശദീകരിച്ച തിന്റെ രേഖകൾ അവരുടെ രചനകളിൽ തുടിച്ച് നിൽക്കുന്നുണ്ട്.

- ഫാദർ ഡോ. ജോസഫ് ചീരൻ

2

കേരളത്തിന്റെ ബൈബിൾ പാരമ്പര്യം

എ. ഡി. അമ്പത്തിരണ്ടിൽ ക്രിസ്തുമതം ഭാരതത്തിലെത്തി എന്ന കാര്യം ഏറെക്കുറെ ചരിത്ര വസ്തുതയായി അംഗീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും ക്രിസ്തുമത ഗ്രന്ഥമായ ബൈബിളിന് ഭാരതത്തിൽ എത്ര ശതാബ്ദങ്ങളുടെ പഴക്കമുണ്ട് എന്ന കാര്യത്തിൽ വേണ്ടത്ര ഗൗരവമുള്ള പഠനങ്ങൾ നടന്നിട്ടില്ല. 1806-ൽ കേരളത്തിലെത്തിയ ബംഗാൾ ഫോർട്ട് വില്യം കോളജിന്റെ ഉപാധ്യക്ഷനും ആംഗ്ലിക്കൻ മിഷണറിയുമായ റവ. ഡോ. ക്ലോഡിയസ് ബുക്കാനൻ ആണ് ഇക്കാര്യത്തിൽ ആദ്യമായി അന്വേഷണം നടത്തിയത്.[1] കേരള സഭയിൽ സുറിയാനി ബൈബിൾ മാത്രമേ ഉള്ളൂ എന്ന് അദ്ദേഹം ഗ്രഹിക്കുകയും ബൈബിളിന്റെ മലയാളം വിവർത്തനത്തിന് ആറാം മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ സഹായം തേടുകയും ചെയ്തു. അങ്ങനെയാണ് കോട്ടയം പഴയസിമ്മനാരി സ്ഥാപകൻ പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാന്റെയും കായംകുളം പീലിപ്പോസ് റമ്പാന്റെയും അദ്ധ്വാനഫലമായി സുറിയാനിയിൽ നിന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്ത സുവിശേഷങ്ങൾ നാലും ബുക്കാനൻ 1811-ൽ ബോംബെ കൊറിയർ പ്രസ്സിൽ നിന്ന് കല്ലച്ചിൽ അടിച്ച് പ്രസിദ്ധം ചെയ്തത്.[2] മറ്റൊരന്വേഷണം നടത്തിയത് ജെ. ജെ. മോറീസ് എന്ന മലയാളിയാണ്, 'സംഘകാലത്തെ മതവും വിശ്വാസവും' എന്ന വിഷയത്തെ അധികരിച്ച് അദ്ദേഹം നടത്തിയ ഗവേഷണത്തിന്റെ ഫലം പുസ്തകരൂപത്തിൽ കേരള ഹിസ്റ്ററി അസോസിയേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സംഘകാലത്ത് കേരളത്തിന്റെ വിശ്വാസാരാധനാ സമ്പ്രദായങ്ങളിൽ ക്രിസ്തുമതവും കുർബ്ബാനയും നിർണ്ണായകസ്ഥാനം വഹിച്ചിരുന്നുവെന്ന് ഗ്രന്ഥകർത്താവ് അതിൽ സ്ഥാപിച്ചിരിക്കുന്നു. കേരളത്തിൽ സെന്റ് തോമസ് പാരമ്പര്യം സജീവമായി നിലനിൽക്കുന്നുണ്ടെങ്കിലും ക്രിസ്തബ്ദത്തിന്റെ ആദ്യശതകങ്ങളിൽ വിരചിതമായ സംഘം കൃതികളിൽ ക്രിസ്തുമത സാന്നിദ്ധ്യത്തെപ്പറ്റി സൂചനകൾ ഉള്ളതായി ആരും അതുവരെ നിരീക്ഷിച്ചതായി അറിവില്ല. എൻ. വി. കൃഷ്ണവാരിയരും ഡോ. പി. എസ്. വേലായുധനും മോറീസിന്റെ വിപ്ലവകരമായ ഈ സിദ്ധാന്തത്തെ വിലമതിക്കുകയും സംഘകാലകൃതികളുടെ നിലവിലുള്ള വ്യാഖ്യാനങ്ങൾകൊണ്ട് സംതൃപ്തിപ്പെട്ടു കൂടാ എന്ന് ഗവേഷണപ്രതിഭകളെ ഉത്തേജിപ്പിക്കുകയും ചെയ്തിരിക്കുന്നു.[3]

കേസരി എ. ബാലകൃഷ്ണപ്പിള്ള ഈ വിഷയത്തിൽ നടത്തിയ ഗവേഷണവും വിലപ്പെട്ടതാണ്. അദ്ദേഹം നിരീക്ഷിക്കുന്നു, "മഹോദയ

പട്ടണത്ത് ക്നായിത്തൊമ്മൻ ഒരു പള്ളി പണിയിച്ചശേഷം അതിൽവച്ച് ആദ്യമായി നടത്തിയ ആരാധനയിൽ അന്നത്തെ ചേരരാജാവ് പങ്കു കൊണ്ടു എന്ന് ക്രൈസ്തവ ഐതിഹ്യം പറഞ്ഞിരിക്കുന്നു. ഈ ഐതി ഹ്യത്തെ ചിലപ്പതികാരത്തിലെ ചുവടെ ചേർക്കുന്ന വരികൾ പിന്താങ്ങു ന്നുണ്ട്.

'ചതുഷ്ക്കപ്പൂതരെ വഞ്ചിയുട്ടന്തു/മതുക്കൊൾ വേൾവിവേട്ടേനാ യിനും.'

ഇതിൽ ചതുഷക്കപ്പൂതർ എന്നത് ചതുഷ്ക്കം എന്ന് പേരുണ്ടായിരുന്ന സുപ്രസിദ്ധ പ്രാചീന പരിഷ്ക്കാര കേന്ദ്രമായിരുന്ന 'പൂത്' എന്ന പ്രദേ ശത്തുനിന്ന് ക്നായിത്തൊമ്മൻ കൊണ്ടുവന്ന ക്രിസ്ത്യാനികൾക്കു നൽകിയ ഒരു പേരാകുന്നു. ചതുഷ്ക്കപ്പൂതരെ വഞ്ചിനഗരത്തിൽ കൊണ്ടു വന്ന് അവരുടെ മധുകൊണ്ടുള്ള ആരാധനയിൽ – കുർബ്ബാനയിൽ – ഈ ചേരൻ പങ്കുകൊണ്ടു എന്നാണ് ഈ വരികളുടെ അർത്ഥം.[4]

ക്രിസ്ത്വബ്ദ ആദ്യശതകങ്ങളിൽ ക്രിസ്തുമതവും ക്രിസ്തുമതാരാ ധനയും കേരളത്തിൽ ഉണ്ടായിരിക്കേ, ലോകത്തിലെ മറ്റു പല ക്രിസ്തു മത കേന്ദ്രങ്ങളിലും എന്നതുപോലെ കേരളത്തിലും ഒരു സുവിശേഷ ഗ്രന്ഥം ഉണ്ടായിരുന്നുവോ എന്ന ചോദ്യം സംഗതമാവുന്നു.

പാന്തേനൂസ്

ഭാരതത്തിന്റെ ബൈബിൾ പാരമ്പര്യത്തെപ്പറ്റി പഠിക്കുമ്പോൾ ആദ്യം ഓർമ്മയിലെത്തുന്നത് അലക്സാണ്ട്രിയൻ വൈദിക കലാശാലയിലെ ഉപാദ്ധ്യക്ഷനായിരുന്ന പാന്തേനൂസിന്റെ എ. ഡി. 190-ലെ ഭാരതസന്ദർശ നമാണ്. മതവിഷയകമായ ചില സംവാദങ്ങളിൽ പങ്കെടുക്കുവാൻ ക്രിസ്തു സഭയുടെ ഔദ്യോഗിക ക്ഷണപ്രകാരം ഇവിടെ എത്തിയ അദ്ദേഹം – അന്നു ക്രൈസ്തവലോകത്തെ പ്രസിദ്ധ വേദശാസ്ത്ര വിദ്യാ ലയങ്ങൾ രണ്ടിടത്തേ ഉണ്ടായിരുന്നുള്ളു; ഒന്ന് അലക്സാണ്ട്രിയായിലും മറ്റൊന്ന് അന്ത്യോഖ്യായിലും – ദൗത്യനിർവ്വഹണം കഴിഞ്ഞു തിരിച്ചു പോയപ്പോൾ ഇവിടെനിന്നും ഒരു അരമായ സുവിശേഷം അലക്സാണ്ട്രി യയിലേക്കു കൊണ്ടുപോയതായി എ.ഡി. നാലാം നൂറ്റാണ്ടിലെ സാർവ്വ ലൗകിക ക്രൈസ്തവസഭാ ചരിത്രകാരന്മാരായ ജെറോം, യൂസേബിയസ് എന്നിവർ രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യയിൽ പാന്തേനൂസ് കണ്ടെത്തിയ സുവിശേഷം ഏതാണെന്നോ അതിന് പിന്നീട് ഇന്ത്യയിൽ എന്ത് സംഭ വിച്ചുവെന്നോ പാന്തേനൂസ് കൊണ്ടുപോയ സുവിശേഷം എവിടെയെ ല്ലാമെത്തിയെന്നോ നമുക്കറിഞ്ഞുകൂടാ. ലോകം അറിയുന്ന രീതിയിൽ കാനോനീകൃതമായ ബൈബിൾ നാലാം നൂറ്റാണ്ടിൽ എഡിറ്റു ചെയ്ത് രൂപംകൊള്ളുന്നതിന് വളരെ മുമ്പ് തന്നെ മറ്റ് പ്രാചീന ക്രൈസ്തവകേ

ന്ദ്രങ്ങളിലെന്നപോലെ ഭാരതത്തിലും ഒരു സുവിശേഷം കാണപ്പെട്ടു എന്നത് നമുക്കഭിമാനിക്കാവുന്ന ഒരു കാര്യമാണ്. ഈ സുവിശേഷത്തിന്റെ ആകെയുണ്ടായിരുന്ന ഒരു കോപ്പി പാന്തേനൂസ് കൊണ്ടുപോയതോടെ നമുക്കു നഷ്ടപ്പെട്ടു എന്ന് കേരളത്തിലെ ബൈബിൾ പാരമ്പര്യത്തിന്റെ ചർച്ചയിൽ ചരിത്ര ഗവേഷകൻ എൻ. കെ. ജോസ് അഭിപ്രായപ്പെട്ടതു ശരിയാവാനിടയില്ല.[6] എ.ഡി. 354-ൽ ദക്ഷിണേന്ത്യയിലെത്തിയ മാലദ്വീപ് സ്വദേശിയായ തെയോഫിനോസ് ക്രിസ്തുമതാരാധനയിലെ സുവിശേഷവായനയെപ്പറ്റി പരാമർശിക്കുന്നതായി ജോൺ സ്റ്റ്യുവർട്ട് രേഖപ്പെടുത്തുന്നുണ്ട്.[7]

സെന്റ് തോമസ് സുവിശേഷം അലക്സന്ത്ര്യായിൽ

1947-ൽ അലക്സാന്ത്രിയൻ പ്രദേശത്തുനിന്ന് മാർത്തോമ്മാശ്ലീഹായുടെ സുവിശേഷം കണ്ടെടുത്തതായി ഡോ. കൾമാൻ അവകാശപ്പെട്ടതോടുകൂടി കേരളത്തിൽ നിന്ന് 190-ൽ പാന്തേനൂസ് മുഖേന അലക്സാന്ത്രിയയിലെത്തിയ സുവിശേഷമാണോ അതെന്ന ചിന്തയ്ക്കു പ്രസക്തിയുണ്ടാവുന്നു. പില്ക്കാലത്ത് അപ്പൊക്രിഫൽ പുസ്തകങ്ങളുടെ ശേഖരം പ്രസിദ്ധപ്പെടുത്തിയപ്പോൾ അതിൽ സെന്റ് തോമസിന്റെ സുവിശേഷവും ഉൾപ്പെടുത്തിയിരിക്കുന്നു. താൻ കണ്ടെത്തിയ പുതിയ സുവിശേഷം സൂക്ഷ്മപരിശോധനയ്ക്കു വിധേയനാക്കിയ ഡോ. കൾമാൻ അതിൽനിന്ന് കൗതുകം ജനിപ്പിക്കുന്ന ഏതാനും ഉദ്ധരണികൾ നൽകുന്നത് കാണുക:

"ക്രിസ്തു പറഞ്ഞു: കണ്ടാലും ആകാശങ്ങളിലാണ് ദൈവരാജ്യമെന്ന് നിങ്ങളെ നയിക്കുന്നവർ നിങ്ങളോടു പറയുകയാണെങ്കിൽ, അപ്പോൾ ആകാശത്തിലെ പക്ഷി-പറവജാതികൾ നിങ്ങളെ പിന്നിലാക്കിക്കളയും. എന്നാൽ ദൈവരാജ്യം നിങ്ങളുടെ ഉള്ളിൽ തന്നെയാകുന്നു."

മറ്റൊരുദ്ധരണി കാണുക: "ക്രിസ്തു പറഞ്ഞു: പരീശന്മാരേ നിങ്ങൾക്കു ഹാ! കഷ്ടം. എന്തുകൊണ്ടെന്നാൽ കന്നുകാലികളുടെ വൈക്കോൽ തൊട്ടിയിൽ കിടക്കുന്ന ശ്വാക്കളെപ്പോലെയാണവർ. വൈക്കോൽ തിന്നുകയില്ല; കന്നുകാലികളെക്കൊണ്ടത് തീറ്റിക്കയുമില്ല."

അലക്സാന്ത്രിയയിൽ നിന്നും കണ്ടെടുത്ത സുവിശേഷം അപൂർണ്ണമാണെന്ന്, ന്യൂയോർക്കിൽ നിന്നും 1959-ൽ പ്രസിദ്ധീകരിച്ച വാർത്തയിൽ ഡോ. കൾമാൻ പ്രസ്താവിച്ചിട്ടുണ്ട്. അദ്ദേഹം ഉദ്ധരിച്ച ക്രിസ്തുവചനത്തിലെ 'തിന്നുകയില്ല, തീറ്റിക്കയുമില്ല' എന്ന ശൈലി കേരളത്തിൽ നൂറ്റാണ്ടുകളായി നിലവിലുള്ളതാണെന്ന് സാന്ദർഭികമായി അനുസ്മരിച്ചുകൊള്ളട്ടെ.

സുറിയാനി ബൈബിൾ

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ കേരളത്തിന്റെ ബൈബിൾ പൈതൃകം അന്വേഷിച്ച് കേരളത്തിലെത്തിയ ക്ലോഡിയസ് ബുക്കാനന് ആറാം മാർത്തോമ്മാ ഒരു സുറിയാനി ബൈബിൾ സമ്മാനിച്ചിട്ടുണ്ട്. അക്കാലത്ത് സുറിയാനിയിലെഴുതപ്പെട്ട ബൈബിൾ കേരളത്തിലെ സുറിയാനി സഭയുടെ പള്ളികളിൽ ഉപയോഗിച്ചിരുന്നതായി അദ്ദേഹം സാക്ഷി പറഞ്ഞിട്ടുണ്ട്. പൗരസ്ത്യ സുറിയാനിയിലെഴുതിയ ബൈബിൾ ബുക്കാനന് സമ്മാനിച്ചപ്പോൾ, ഒരായിരം കൊല്ലമായി പ്രസ്തുത ഗ്രന്ഥം കേരളത്തിൽ സൂക്ഷിച്ചിരുന്നതായി ആറാം മാർത്തോമ്മാ അവകാശപ്പെട്ടിട്ടുള്ളത് അതിശയോക്തിപരമാണ്. ആ പുസ്തകം സിറിയായിലെ മിഖായേൽ റാബോ പാത്രിയർക്കീസ് ഉപയോഗിച്ചിട്ടുള്ളതായി, കേംബ്രിഡ്ജ് ലൈബ്രറിയിൽ ആ പുസ്തകം പരിശോധിച്ച വാൻഡർ പ്ലോഗ് അഭിപ്രായപ്പെട്ടിട്ടുണ്ട്.[9] പന്ത്രണ്ടാം നൂറ്റാണ്ടിൽ സിറിയൻ സഭയിൽ അവിടത്തെ പാത്രിയർക്കീസ് ഉപയോഗിച്ച പുസ്തകം എ.ഡി. ഒമ്പതാം നൂറ്റാണ്ടു മുതൽ കേരളത്തിൽ സൂക്ഷിച്ചിരിക്കാൻ സാധ്യമല്ലല്ലോ. മാത്രവുമല്ല, ആറാം മാർത്തോമ്മായുടെ മുൻഗാമി അഞ്ചാം മാർത്തോമ്മാ, 1738 ഡിസംബർ 2-നു വിദേശത്തേക്കു എഴുതിയ ഒരു കത്തിൽ, ഇവിടെ അക്കാലങ്ങളിൽ ബൈബിൾ ഇല്ലാ എന്ന് വ്യക്തമാക്കിക്കൊണ്ട് ഇപ്രകാരം എഴുതിയിട്ടുണ്ട്:

"വീണ്ടും ഭാഗ്യവാന്മാരായ പിതാക്കൾ നിങ്ങളോട് അറിയിക്കുന്നു. പുതിയനിയമ വ്യാഖ്യാനം, ഏവൻഗേലിയോൻ, പ്രക്സീസ്, ലേഖനങ്ങൾ, ദാവീദിന്റെ മസുമൂറാകൾ, ഓറെത്തായുടെ പുസ്തകം, പരിശുദ്ധ സുന്നഹദോസ് നിശ്ചയങ്ങൾ, ദൈവമാതാവിന്റെ ചരിത്രം എന്നീ പുസ്തകങ്ങൾ കൊണ്ടുവരണം."

കണ്ടനാട്ടു പള്ളിയിൽ വച്ചെഴുതിയ ഈ കത്തിന്റെ പകർപ്പ് ഈ ലേഖകൻ കൊരട്ടി സീയോൻ സിമ്മനാരിയിൽ നിന്ന് കണ്ടെടുക്കുകയും മലങ്കര മല്പാൻ ഞാർത്താങ്കൽ കോരത് അച്ചന്റെ സഹായത്തോടെ വിവർത്തനം ചെയ്യുകയും ചെയ്തതോടെ ബുക്കാനൻ കൊണ്ടുപോയ സുറിയാനി ബൈബിൾ 1751-ൽ അഞ്ചാം മാർത്തോമ്മായുടെ ക്ഷണപ്രകാരം കേരളത്തിൽ വന്ന ശക്രള്ളാ മപ്രിയാനാ, മാർ ഗ്രീഗോറിയോസ്, മാർ ഈവാനിയോസ് എന്നീ പിതാക്കന്മാർ കേരളത്തിൽ കൊണ്ടുവന്നതാണെന്ന് തെളിയുന്നു.[10]

1751-ൽ ഈ പുസ്തകം കേരളത്തിലെത്തിയതോടെ അതിന് നിരവധി കയ്യെഴുത്തു പകർപ്പുകളുണ്ടായി. അങ്കമാലിയിലും കുന്നംകുളത്തും വച്ച് പതിനെട്ടാം നൂറ്റാണ്ടിന്റെ വിവിധ ദശകങ്ങളിൽ പകർത്തിയെഴുതിയ

ബൈബിളിന്റെ സുറിയാനി കൈയെഴുത്തുപ്രതികൾ മൂന്നെണ്ണം ഈ ലേഖകൻ പരിശോധിച്ചിട്ടുണ്ട്. ഏറ്റവും അധികം പകർപ്പുകൾ കാണുന്നത് 'സങ്കീർത്തനം' എന്ന ബൈബിൾ ഭാഗത്തിനാണ്. ആരാധനകൾക്കും ധ്യാനത്തിനും സഹായകമായതിനാലാകാം സങ്കീർത്തനത്തിന് കൂടുതൽ പകർപ്പുകൾ ആവശ്യമായത്. 'ഹൂലാലകളുടെ പുസ്തകം' എന്ന പേരിലാണ് ഇതറിയപ്പെട്ടിരുന്നത്. പതിനെട്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാൻ (കോട്ടയം പഴയസെമിനാരി സ്ഥാപകൻ) വിവർത്തനം ചെയ്ത ഹൂലാലകളുടെ മലയാള വിവർത്തനം ഈ ലേഖകന്റെ ഗ്രന്ഥശേഖരത്തിലുണ്ട്. ഇപ്രകാരം കൈയെഴുത്തു രൂപത്തിൽ പ്രചരിച്ച സുറിയാനി ബൈബിളിൽ നിന്നാണ് ബുക്കാനന്റെ സഹായത്തോടെ പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനും കായംകുളത്ത് പീലിപ്പോസ് മല്പാനും ചേർന്ന് തയ്യാറാക്കിയ ആദ്യത്തെ മലയാള ബൈബിൾ പരിഭാഷ 1811-ൽ ബോംബെ കൊറിയർ പ്രസ്സിൽ നിന്ന് അച്ചടിച്ച് പ്രസിദ്ധം ചെയ്തത്. പഴയനിയമ പുസ്തകങ്ങൾ ഉൾപ്പടെ പൂർണ്ണ ബൈബിൾ ഇട്ടൂപ്പ് മല്പാൻ (പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമൻ - കോട്ടയം പഴയസെമിനാരി സ്ഥാപകൻ) സുറിയാനിയിൽ നിന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്തതായും ആ വിവർത്തനം മലയാളശൈലിക്കിണങ്ങുന്നില്ല എന്ന് കണ്ടിട്ടാണ് പില്ക്കാലത്ത് പഴയ സെമിനാരിയിൽ അദ്ധ്യാപനത്തിനെത്തിയ ബെഞ്ചമിൻ ബെയ്‌ലി മലയാളം പഠിച്ച് ഇംഗ്ലീഷ് ബൈബിളിൽ നിന്ന് പൂർണ്ണമായ മലയാള വിവർത്തനം തയ്യാറാക്കി 1829-ൽ പ്രസിദ്ധീകരിച്ചതെന്നും ബ്രിട്ടീഷ് റസിഡണ്ട് കേണൽ മൺറോയുടെ കത്തുകളിൽ നിന്നും വ്യക്തമാകുന്നുണ്ട്."[11] പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമന്റെ സുറിയാനിയിൽ നിന്നുള്ള വിവർത്തനത്തിൽ സങ്കീർത്തനം പൂർണ്ണമായും പഴയനിയമ ഭാഗങ്ങൾ ഭാഗികമായും ഈ ലേഖകൻ കണ്ടെടുത്തിട്ടുണ്ട്.

ഉദയംപേരൂർ സുന്നഹദോസ്

1751-ൽ വിദേശ മെത്രാന്മാർ കേരളത്തിലെത്തുന്നതിനു മുമ്പ് കേരളത്തിൽ ബൈബിളിന്റെ ഉപയോഗം ഉണ്ടായിരുന്നുവോ? രണ്ടാം നൂറ്റാണ്ടിലും നാലാം നൂറ്റാണ്ടിലുമൊക്കെ ഇവിടെയുണ്ടായിരുന്നതായി പറയപ്പെടുന്ന സുവിശേഷത്തെപ്പറ്റി കേരളത്തിൽ ആര്യവല്ക്കരണം നടന്ന അഞ്ച് മുതൽ എട്ട് നൂറ്റാണ്ടുകൾക്കു മദ്ധ്യേ അവൈദികസാഹിത്യം നശിപ്പിക്കപ്പെട്ട കൂട്ടത്തിൽ ബൈബിൾ നശിച്ചു പോയിരിക്കാനിടയെന്ന് എൻ. കെ. ജോസ് അഭ്യൂഹിച്ചിട്ടുണ്ട്. 'കേരളത്തിന്റെ സാംസ്ക്കാരിക ചരിത്രം' എഴുതിയ പി. കെ. ഗോപാലകൃഷ്ണൻ എഴുതുന്നത് കാണുക:

'പ്രതിയോഗികളെ നശിപ്പിക്കുവാൻ ബ്രാഹ്മണർ എക്കാലത്തും സ്വീകരിച്ചിട്ടുള്ള കുപ്രസിദ്ധമായ മാർഗ്ഗം അവരുടെ സാഹിത്യം നശിപ്പിക്ക

ലാണ്. ബ്രാഹ്മണമതത്തിന്റെ ശാഖയിൽ വിടർന്ന ചിന്താപദ്ധതികളുടെ പുഷ്പങ്ങളല്ലാതെ മറ്റൊന്നും ഭാരതോദ്യാനത്തിൽ വിടർന്നു വിലസുവാൻ യാഥാസ്ഥിതിക ബ്രാഹ്മണർ അനുവദിച്ചില്ല.'[13]

എ.ഡി. 6-ാം നൂറ്റാണ്ടിൽ അലക്സാന്ത്രിയൻ സന്ദർശകനായ കോസ്മസ് ഇവിടെ വന്നപ്പോൾ മറ്റുള്ളവരാൽ പീഡിപ്പിക്കപ്പെടുന്ന ക്രിസ്തീയ സമൂഹത്തെ കണ്ടു എന്ന് എഴുതിയിട്ടുള്ളതും ഇതോടൊപ്പം ചേർത്തു വായിക്കാവുന്നതാണ്.[14]

ഗ്രീക്കു സംസ്ക്കാരത്തിലേക്കു ക്രിസ്തുവിനെ പരിചയപ്പെടുത്തേണ്ടി വന്നപ്പോൾ ഗ്രീക്കുകാരുടെ മനസ്സിലെ ലോഗോസ് ആണ് ക്രിസ്തു എന്ന് അഭേദാർത്ഥത്തിൽ യോഹന്നാൻ പ്രയോഗിച്ചതുപോലെ ഭാരതസംസ്ക്കാരത്തിൽ ബുദ്ധമതം നിറഞ്ഞു നിൽക്കുമ്പോൾ ബുദ്ധൻ തന്നെയാണ് ക്രിസ്തു എന്ന് സെന്റ് തോമസും ആദ്യകാല ക്രിസ്തുമത പ്രചാരകരും കേരളത്തിൽ പ്രസ്താവിച്ചിരുന്നുവോ? അതു മറ്റൊരു പഠന വിഷയമാണ്. എന്നിരുന്നാലും, "തൃപ്പൂണിത്തുറ സംസ്കൃത കോളേജിൽ ഇപ്പോഴും സൂക്ഷിച്ചിട്ടുള്ള ചില താളിയോലഗ്രന്ഥങ്ങളിൽ ബുദ്ധചരിതം എന്ന പേരിൽ ഒന്നിലധികം കൃതികൾ കാണാം. പേരു ബുദ്ധചരിതം എന്നാണെങ്കിലും യേശുക്രിസ്തുവിന്റെ ചരിത്രമാണ് അവയിൽ വിവരിച്ചിരിക്കുന്നത്" എന്ന എൻ. കെ. ജോസിന്റെ നിരീക്ഷണം കൂടുതൽ പഠനം അർഹിക്കുന്നുണ്ട്.[15] ഒരുപക്ഷേ പാന്തേനൂസിന്റെ കാലത്ത് ഇവിടെ ഉപയോഗിച്ചിരുന്ന സുവിശേഷം കോസ്മസ് കണ്ട കേരളത്തിൽ പ്രതികൂലതകളെ അതിജീവിക്കുവാനായി ബുദ്ധചരിതം എന്ന പേരിൽ സംസ്കൃതപരിഭാഷയായും പീഡാകാലം കഴിഞ്ഞ് വീണ്ടും മലയാളത്തിലേയ്ക്കു വിവർത്തനം ചെയ്യപ്പെട്ടും കാലത്തെ അതിജീവിച്ചിരിക്കാം. ഏതായാലും ഉദയംപേരൂർ കാനോനാകളിൽ പതിനാറാം നൂറ്റാണ്ടിൽ കേരളത്തിലുണ്ടായിരുന്ന സുവിശേഷത്തെപ്പറ്റി ചില നിരീക്ഷണങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത് കാണുക:

"യൗസെപ്പ എന്ന പുരുഷന മർത്തമറിയത്തുമ്മായെ വഴങ്ങപ്പെട്ടപ്പൊൾ യൗസെപ്പിന.... മക്കളും ഉണ്ടായിരുന്നുവെന്നും... റബിമാരൊടു പഠിച്ചു എന്നും... മർത്തമറിയത്തുമ്മയ്ക്കു അവരാസമുണ്ടോ (വ്യഭിചാരദോഷം - ലേഖകൻ) ഇല്ലയോ എന്ന് യൗസേപ്പ് സംശയിച്ച് അതിനു പരൂക്ഷിപ്പാൻ പഴേ മാർഗ്ഗത്തിലുണ്ടായിരുന്ന ഒരു വെള്ളം അന്നത്തെ പട്ടക്കാരനോടു പറഞ്ഞു ഉമ്മായെക്കൊണ്ടു ആ വെള്ളം കുടിപ്പിച്ചു എന്നു.... ഇവ്വണ്ണം മറ്റു പല അറിവുകെടും പൊളിയും ആകുന്നതുകൾ ഉണ്ടു."[16]

പാലൂർ ബൈബിൾ

അത്ഭുതകരമെന്ന് പറയട്ടെ, 1990-ൽ പാലൂരിലെ പഴഞ്ഞി പട്ടണത്തിൽ

(തൃശൂർ ജില്ല) ഒരു പുരാതന പുരോഹിത കുടുംബത്തിലെ ഗ്രന്ഥശേഖ രത്തിൽ നിന്ന് ഈ ലേഖകൻ കണ്ടെടുത്ത ഒരു വിചിത്ര സുവിശേഷ ത്തിൽ ഉദയംപേരൂർ കാനോൻ നിരോധിച്ച കേരള സുവിശേഷത്തിലെ എല്ലാ പ്രയോഗങ്ങളും കഥകളും കാണുന്നു: **1. ശിക്ഷയുടെ വെള്ളം:** "എന്നാൽ ഇക്കെൾവി എല്ലാവെരും അതു കെൾക്കപ്പെട്ടു. പട്ടക്കാരും മെൽപ്പട്ടക്കാരും അവരു കെട്ടു മറിയത്തിനെയും യൗസെപ്പിനെയും അവ രു വരുത്തി ചൊദിച്ചാറെ നെര (സത്യം - ലേഖകൻ) അവരെ തിരിച്ചറി യാതെ കണ്ടു ചിക്ഷെയുടെ വെള്ളം അവളെയവരു കുടിപ്പിച്ചു. മലെക്കു അവെരു യാത്രയായി. ഏതു ചെറുപ്പം (ദോഷം - ലേഖകൻ) അവെളിൽ അവെരു കണ്ടില്ല."

2. യൗസേപ്പിന്റെ മക്കൾ: "അതിന്റെ ചെഷം അവന്റെ കൈവാഴിച്ച യിൽ ഉള്ള ലൊകരതൊക്കെയും തലക്കാണം എഴുതുവാൻ (പേർവഴി ചാർത്തുക - ലേഖകൻ) ആകസ്തൊസ കെസ്രിൽനിന്ന് (അഗസ്റ്റസു സീസർ - ലേഖകൻ) പ്രമാണമതു പുറപ്പെടുക കൊണ്ടു എഴുതപ്പെടു വാൻ എല്ലാവരും പൊകുന്നുവായപ്പൊൾ അതുംവണ്ണം യൗസെപ്പും അവന്റെ മക്കളും മറിയവും അവരെ പുറപ്പെടുവാൻ തുടങ്ങിയപ്പൊൾ അവന്റെ കഴുതമെൽ അവളെയവൻ ഇരുത്തി. അവരുടെ പിന്നാലെ അവൻ നടത്തുന്നുവായി. അവന്റെ മനസ്സിൽ അവൻ നിരൂപിക്കുന്നു: മക ളായി ഞാൻ എഴുതിക്കുന്നുവെങ്കിൽ ഞാൻ കപ്യം പറയുന്നു. സ്ത്രീ യായി (ഭാര്യ - ലേഖകൻ) എഴുതിപ്പാൻ ഞാൻ നാണിക്കുന്നു. ഇങ്ങനെ വിഷാദിച്ചു അവരു പൊയി. വഴിയുടെ പാതിക്കു അവരടുത്തപ്പൊൾ മറിയം അവൾ ശൊല്ലി. ഈറ്റുനൊവു എനിക്കതടുക്കുന്നു. കഴുതയിൽ നിന്നു നീയെന്നെ എറക്കുക. അവൻ എറക്കി. കല്ലടാവ അവൻ കണ്ടെത്തി. അതിൽ അവളെ അവൻ ആക്കി. അവന്റെ മക്കളെ അതിനു ശുറ്റും മറ യിൽ അവൻ നിറുത്തി. വയറ്റാട്ടിയെ അന്വെഷിക്കാൻ അവൻ പൊയ പ്പൊൾ...."

ഉദയംപേരൂർ സുന്നഹദോസ് നിരോധിച്ച സുവിശേഷം ആണ് ഇതെന്ന് വ്യക്തം. പഴഞ്ഞിയിൽ നിന്ന് കണ്ടെടുക്കപ്പെട്ട ഈ അകാനോനിക സുവി ശേഷത്തെപ്പറ്റി മലയാള മനോരമയുടെ തൃശൂർ ലേഖകൻ എഴുതി: "ബൈബിളിന്റെ അതിപ്രാചീനമായ മലയാള പരിഭാഷ കണ്ടെത്തി. ...... ഈ ബൈബിൾ മലയാള ഭാഷാ, കേരളസഭ തുടങ്ങിയവയുടെ ചരിത്രം പഠിക്കുന്നവർക്കു വിലപ്പെട്ടതാവും."[17]

ഡോ. കൾമാൻ അലക്സാന്ത്രിയയിൽ നിന്നു കണ്ടെടുത്ത സുവി ശേഷം പോലെ ഈ സുവിശേഷവും അപൂർണ്ണമാണ്. ആദ്യഭാഗവും അവസാനഭാഗവും ഉണ്ട്. ഇടയിൽ പല ഭാഗങ്ങളും നഷ്ടപ്പെട്ടിരിക്കുന്നു. ആറിഞ്ച് നീളം, നാലിഞ്ചു വീതി, ഒരു പേജിൽ പതിനാലു വരി, ആകെ

ഇരുനൂറ്റിപതിനെട്ടു പേജുകൾ - ഇതാണ് ജീർണ്ണിച്ച അവസ്ഥയിൽ കണ്ടെത്തിയ കയ്യെഴുത്ത് ഗ്രന്ഥത്തിന്റെ സ്വരൂപം.

ആദ്യഭാഗം പഴയനിയമം

(പാലൂർ) പഴഞ്ഞി സുവിശേഷത്തിന്റെ ആദ്യഭാഗം പഴയനിയമമാണ്. അതിന്റെ രൂപത്തിൽ വ്യത്യാസമുണ്ട്. മോശയുടെ അഞ്ചു പുസ്തകങ്ങൾ, തുടങ്ങി ക്രിസ്തുവിന്റെ ജനനം വരെയുള്ള പഴയനിയമ കഥകൾ പുസ്തക - അദ്ധ്യായ - വാക്യവിഭജനങ്ങളില്ലാതെ സംഗ്രഹിച്ചിരിക്കുകയാണ്. സൃഷ്ടികഥയിലാരംഭിച്ച് ഗോത്രപിതാക്കന്മാരിലൂടെ വികസിച്ച് ഇസ്രയേൽ ജനതയുടെ കൈവഴിയിലൂടെ ഒഴുകുന്ന കഥ സഖറിയാ പുരോഹിതൻ, യോഹന്നാൻ സ്നാപകൻ എന്നിവരിലൂടെ യേശുവിലെത്തുന്നു. ഈ കഥാ ഗതിയുടെ മുഖ്യധാരയിലുൾപ്പെടാതെ ബൈബിളിൽ കാണുന്ന സങ്കീർത്തനം, സഭാപ്രസംഗി, സദൃശവാക്യങ്ങൾ, വിലാപങ്ങൾ, ഉത്തമഗീതം, എസ്ഥേർ, മീഖാ, യോനാ, നാഹും, ഏശായ, യിരെമ്യാവു തുടങ്ങിയ ബൈബിൾ ഭാഗങ്ങളെ ഈ സംഗ്രഹത്തിൽ സ്പർശിച്ചിട്ടേയില്ല. യഹൂദാ പൈതൃകവുമായി ബന്ധപ്പെട്ട ഒരു ജനതയുടെ മുമ്പിൽ ക്രിസ്തുചരിതം അവതരിപ്പിക്കുവാനാണ് സുവിശേഷകൻ ശ്രമിച്ചിട്ടുള്ളത്. മദ്ധ്യപൗരസ്ത്യ രാജ്യങ്ങളിൽ നിന്ന് ക്രിസ്തുവിന് മുമ്പ് പ്രകൃതിക്ഷോഭങ്ങളെത്തുടർന്നും വ്യാപാരാവശ്യങ്ങളെ തുടർന്നും കേരളത്തിൽ കുടിയേറിപാർത്തിരുന്ന പഴയനിയമ പശ്ചാത്തലമുള്ള കേരളീയരെ ആവാം സുവിശേഷകൻ മുമ്പിൽ കാണുന്നത്.

അലക്സാന്ത്രിയ - മുസ്സിരീസ് കപ്പൽ സഞ്ചാരവും വ്യാപാരവും ഈ കുടിയേറ്റത്തെ ഗണ്യമായി സഹായിച്ചിരിക്കണം. ദക്ഷിണേന്ത്യയിൽ നിന്ന് ഖനനം ചെയ്തു കണ്ടെടുത്ത തലയോടുകൾ പ്രോട്ടോ-ആസ്ത്രലോയ്ഡ്, നീഗ്രിറ്റോ എന്നീ വംശജരുടേതായിരുന്നുവെന്നും ഇവർക്കു ശേഷം വന്ന മെഡിറ്ററേനിയൻ പശ്ചാത്തലമുള്ള ദ്രാവിഡരാണ് ഇന്ത്യയിലേയും കേരളത്തിലെയും പൂർവ്വനിവാസികൾ എന്നും ഇപ്പോൾ സംശയാതീതമായി തെളിഞ്ഞിട്ടുണ്ട്. ആര്യാധിനിവേശം കേരളത്തിൽ ശക്തിപ്പെട്ട നാലാം നൂറ്റാണ്ടിന് മുമ്പ് മെഡിറ്ററേനിയൻ - അസീറിയൻ സംസ്ക്കാരത്തിന്റെ ഉടമകളായിരുന്ന അസുരനാമധാരികളായ ദ്രാവിഡരാണ് ആദ്യകാല കേരളനിവാസികൾ എന്ന് കേരള സംസ്ക്കാരത്തെക്കുറിച്ച് ഗവേഷണ പഠനം നടത്തിയ കേസരി എ. ബാലകൃഷ്ണപിള്ള, പി. കെ. ഗോപാലകൃഷ്ണൻ, എ. ശ്രീധരമേനോൻ തുടങ്ങിയവർ നിരീക്ഷിച്ചിട്ടുണ്ട്. അവരുടെ ഉപബോധമനസ്സിലുള്ള രക്ഷകസങ്കല്പത്തെ തൊട്ടുണർത്തുവാൻ ആവശ്യമായ വംശചരിത്രം മാത്രം ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു പശ്ചാത്തല സൃഷ്ടിയാകാം ഈ പഴയനിയമ സംഗ്രഹം. ശ്രോതാക്കളെ ഉദ്ദേശിച്ചു പശ്ചാത്തലം തയ്യാറാക്കുന്ന സ്വഭാവം

സുവിശേഷകരായ മത്തായിയും ലൂക്കോസും യോഹന്നാനും സ്വീകരിച്ചിട്ടുള്ളത് ബൈബിൾ വിദ്യാർത്ഥികൾക്കറിവുള്ള കാര്യമാണ്. ഇസ്രായേൽ വംശത്തിൽ നിന്ന് കാണാതെ പോയവർക്ക് പ്രഥമ പരിഗണന നൽകണമെന്ന ക്രിസ്തുവാക്യത്തെ മാനിച്ച് കേരളത്തിലെത്തിയ സെന്റ് തോമസ്സ് തന്നെയാകാം ഈ സുവിശേഷം രചിച്ചതെന്ന് ഈ പഴയനിയമ സംഗ്രഹം ചൂണ്ടിക്കാട്ടുന്നുണ്ട്. ഒരു യഹൂദ പശ്ചാത്തലത്തിലുള്ള സുവിശേഷകന് മാത്രം സാധിക്കുന്ന കൈയ്യടക്കവും സ്വാഭാവികതയും ത്യാജ്യഗ്രാഹ്യവിവേചനയും ഈ സംഗ്രഹത്തെ കടാക്ഷിച്ചിട്ടുണ്ട്. വിശുദ്ധ മത്തായിയുടെയും വി. ലൂക്കോസിന്റെയും സുവിശേഷാരംഭത്തിൽ കൊടുത്തിട്ടുള്ള വംശാവലിയുടെ അവതരണത്തിൽ തുടിച്ചു നിൽക്കുന്ന ഗ്രന്ഥരചനോദ്ദേശ്യത്തിന് ഏറെക്കുറെ സമാന്തരമാണീ പഴയനിയമ സംഗ്രഹത്തിന്റെ ഉദ്ദേശ്യവും. ക്രിസ്തുവിനെ യഹൂദപാരമ്പര്യത്തിന്റെ ഭാഗമായി അവതരിപ്പിച്ച് ലോകം മുഴുവന്റേയും രക്ഷകനായി അവതരിപ്പിക്കാനുള്ള ത്വര വ്യത്യസ്ത സാഹചര്യങ്ങളിലായിരുന്നിട്ടു പോലും സുവിശേഷ രചയിതാക്കളെ ആഴത്തിൽ നയിച്ചിരുന്നു. ഗ്രീക്കു പാരമ്പര്യം പഠിച്ച് ഗ്രീക്ക് ജനതയ്ക്ക് സുവിശേഷം രചിച്ച യോഹന്നാനെപ്പോലെ ഭാരതപാരമ്പര്യം പഠിച്ച് ഭാരതീയ സുവിശേഷം രചിക്കാൻ പരിശുദ്ധാത്മപ്രേരണ മാർത്തോമ്മായ്ക്കു ഉണ്ടാകാതെ പോയതെന്തുകൊണ്ട്? ലോഗോസിനു പകരം, ഭാരതീയ ചിന്തയിൽ 'ഓ'ങ്കാരമായും കാൽവറിയിലെ പരമയാഗത്തിന് പകരം പ്രജാപതിയാഗമായും ക്രിസ്തുവിനെ ഈ ഭാരതീയ സുവിശേഷത്തിൽ അവതരിപ്പിക്കാത്തതെന്തുകൊണ്ട്? ശ്രീ. പി. കെ. ഗോപാലകൃഷ്ണനും മറ്റും ഈയിടെ നടത്തിയ ഗവേഷണങ്ങൾ ഈ കാര്യത്തിൽ വെളിച്ചം വീശുന്നു. ക്രിസ്തുമതം കേരളത്തിലെത്തുമ്പോൾ, പരാമർശ സുവിശേഷം കേരളത്തിൽ വിരചിക്കുമ്പോൾ - വേദങ്ങളോ ഉപനിഷത്തുകളോ പുരാണങ്ങളോ, ഇതിഹാസങ്ങൾ പോലുമോ കേരളത്തിൽ പ്രത്യക്ഷപ്പെട്ടിരുന്നില്ല. ശ്രീകൃഷ്ണകഥകൾ നാടോടിക്കഥകളായി കേരളത്തിൽ ഭാരതത്തിലെവിടെയും എന്നപോലെ പ്രചാരത്തിലിരുന്നതല്ലാതെ ആര്യസാഹിത്യം അന്ന് കേരളത്തിൽ പ്രവേശിച്ചിരുന്നില്ല.

അനന്ത വൈചിത്ര്യങ്ങൾ

ആദ്യഭാഗം നഷ്ടപ്പെട്ട കൈയെഴുത്തു കൃതിയിൽ ഗോത്രപിതാക്കളിൽ മൂന്നാമനായ യാക്കോബിന്റെ അന്ത്യകാലം മുതല്ക്കേ കാണപ്പെടുന്നുള്ളു. ഉള്ളടക്കത്തിൽ നിവധി വ്യത്യസ്തതകൾ ഈ കൃതി പുലർത്തുന്നുണ്ട്. ഏതാനും ഉദാഹരണങ്ങൾ കാണുക:

"…. യൗസെപ്പിന്റെ മെൽ പൊത്തിപ്പെറിന്റെ കെട്ടിയവൾക്കു അപെഷ ഉണ്ടാകകൊണ്ട പല ദിവസവും അനുസരിക്കണമെന്ന യൗസെപ്പിനൊട

അവൾ അപെക്ഷിച്ചാറെയും അവളോട് അവൻ അനുസരിക്കായിക കൊണ്ട അവരിരുവരും തങ്ങളെ വീട്ടിലായപ്പൊൾ അവടെ ഇട്ടം അനു സരിപ്പാൻ യൗസെപ്പിന്റെ കുപ്പായത്തിനു അവൾ പിടിച്ചു. ഉടെൻ വലിയ കുപ്പായവും ഇട്ടും വച്ച തിരിച്ച ഭയത്തൊടും പെടിയൊടും കൂടെ യൗസെപ്പ് ഓടി ഒളിച്ചു എന്നുള്ളത് പൊത്തിപ്പെറിന്റെ സ്ത്രീ ചമ ത്തീസായവൾ കണ്ട ഉടെൻ..."

ബൈബിളിൽ ഫറവോയുടെ മന്ത്രിയായ പൊത്തിപ്പെറിന്റെ ഭാര്യയുടെ പേരു കാണുന്നില്ല. ഈ കഥാസംഗ്രഹത്തിൽ അവൾക്കു ചമത്തീസാ എന്ന് പേർ കാണുന്നു. പുതിയനിയമമായ സുവിശേഷ ഭാഗത്തിലും വിചി ത്രമായ ചില സംഭവങ്ങൾ രേഖപ്പെടുത്തിക്കാണുന്നത് കാണുക:

"....എന്നാൽ യൊനാകെർ പ്നൂയെലിന്റെ വഴിപാടിൽ നിന്നു അന്നായെ അവൻ കെട്ടി. എന്നാൽ അന്ന മച്ചിയവെൾ ആയി. എന്നാൽ പെരുന്നാളി ന്നുടെ ദിവസത്തിൽ ലോകര അവരൊക്കെ കൂടപ്പെട്ടപ്പൊൾ അവൻ എക്ക കൊണ്ടു. യൊനാകെറിനു എത്ര്രെയും അവെന്നതു സന്തതിയില്ലായ്മ കൊണ്ട റൂവെലെന്ന പട്ടക്കാരൻ കാഴ്ച അണെപ്പാൻ ഞായമാകുന്നി ല്ലെന്ന അവരുടെ കെദമായിക്കൊണ്ട വനത്തിന്നവെൻ പുക്ക ഈ എക്ക അവനിൽ നിന്നു നീക്കുവാൻ 40 ദിവസം അവെൻ നൊയമ്പ നൊറ്റ തമ്പു രാനൊട അവൻ അപെക്ഷിച്ചു. ....."

യേശുവിന്റെ അമ്മയായ മറിയാമിന്റെ ജനനവുമായി ബന്ധപ്പെട്ട ഈ കഥ കാനോനിക ബൈബിളിൽ കാണുന്നില്ല. മദ്ധ്യപൗരസ്ത്യ രാജ്യങ്ങ ളിൽ എഴുതപ്പെട്ട് കേരളത്തിൽ പ്രചരിച്ചിട്ടുള്ള കന്യക മറിയാമ്മിന്റെ ജീവ ചരിത്രത്തിൽ ഈ സംഭവം വിവരിക്കുന്നുണ്ട്. തന്മൂലം ബേത്‌ലഹേം ഐതിഹ്യങ്ങളുമായി ധാരാളം ബന്ധമുള്ള സെന്റ് തോമസ് വിരചിച്ച താണീ സുവിശേഷമെന്ന നിഗമനത്തിന് സാധുത വർദ്ധിക്കുന്നു. പൂർവിക കേരളസഭയിൽ നിലനിന്നുപോരുന്നതും നിലവിലുള്ള സുവിശേഷങ്ങളിൽ കാണാത്തതുമായ ചില വിശ്വാസാചാരങ്ങൾക്കു ആധാരമായ ചില ഭാഗ ങ്ങൾ ഈ സുവിശേഷത്തിൽ കാണുന്നുണ്ട്. ക്രിസ്തുവിന്റെ അമ്മ മറിയം നിത്യകന്യകയായിരുന്നുവോ? എങ്കിൽ യേശുവിന്റെ സഹോദരങ്ങൾ എന്ന ബൈബിൾ പരാമർശത്തിന്റെ അർത്ഥം എന്താണ്? എന്നൊക്കെ മറിയ ദൈവശാസ്ത്ര ശാഖയിൽ ചോദ്യങ്ങൾ ഉയരാവുന്നതാണ്. സുറിയാനി സഭകൾ - ഓർത്തഡോക്സ് സഭകൾ - ആ ചോദ്യങ്ങൾക്കിപ്രകാരം മറുപടി നൽകാറുണ്ട്. മറിയാം നിത്യകന്യകയാണ്. യേശുവിന്റെ സഹോ ദരങ്ങൾ എന്ന ബൈബിൾ പ്രയോഗത്തിൽ തെറ്റില്ല. അവർ യേശുവിന്റെ വൈമാത്രേയ സഹോദരങ്ങളാണ്. യൗസേപ്പിന്റെ ആദ്യ ഭാര്യയിലുള്ള മക്കളെക്കുറിച്ചാണ് ആ പരാമർശം. പുതിയ സുവിശേഷത്തിൽ ഈ നില പാടിനെ അനുകൂലിക്കുന്ന ഭാഗം നേരത്തേ ഉദ്ധരിച്ചുവല്ലോ.

ശിശുവായ യേശുവിനെ വിദ്വാന്മാർ നമസ്ക്കരിച്ച ബൈബിൾക്കഥയിൽ നമുക്കു ലഭ്യമായിട്ടില്ലാത്ത ഒട്ടേറെ വിവരങ്ങൾ പഴഞ്ഞി സുവിശേഷം നമുക്കു നല്കുന്നത് കാണുക:

"ഇതിന്റെ ചെഷം നക്ഷത്രം അവർക്കു കാണപ്പെട്ടപ്പൊൾ മുമ്പെ നിവി യൂസായിൽ (പ്രവാചക പുസ്തകങ്ങൾ - ലേഖകൻ) എഴുത്തുപ്പെട്ടതാ കുന്നപൊലെ തന്നെ കുമ്പിടുവാനും കാഴ്ചവെപ്പാനും കൂശെന്മാര അവരെ പുറപ്പെട്ടു. അവരുടെ കൂടെ പന്ത്രണ്ടു രാജാക്കന്മാരും 3000 പുരുഷാര ങ്ങളും അവെരു പുറപ്പെട്ടു. അവരുടെ തലവരു 3 അവരുടെ നാടു കെഴ ക്കിനുടെ അറുതി പാറെസ (പേർഷ്യ? - ലേഖകൻ). 3 ൽ 1 ക്ഷെത്ത്രൻ. 3 ൽ 1 തുലുക്കൻ. 3 ൽ 1 കാപ്പിരി. അവെരു വച്ചു എന്ന കാഴിച മുൻപി നാൽ നമ്മുടെ വാവന്മാരായിട്ട് സൂക്ഷിച്ചിരുന്ന പൊന്നും മുരുളും കുന്തി രിക്കവും....."

യോഹന്നാൻ സ്നാപകന്റെ പിതാവിന്റെ അന്ത്യത്തെപ്പറ്റി കൃത്യമായ വിവരങ്ങളൊന്നും നിലവിലുള്ള സുവിശേഷങ്ങൾ നൽകുന്നില്ല. സെന്റ് തോമസ് ഈ വിഷയത്തിൽ വെളിച്ചം വിതറുന്നതിപ്രകാരമാണ്:

"എന്നാൽ ഏറൊദെസ യൊഹന്നാനെ കണ്ടെത്തായ്കകൊണ്ടു ഒറ ശ്ലെമിന അവന്റെ മനിക്ഷെങ്ങളെയവെൻ അയെച്ച യൊഹന്നാന്റെ അവന്റെ വാവാസ്ക്കറിയാ എന്ന പട്ടക്കാരനെ അവെൻ പിടിച്ച എത്രെയും അവെരാവലാധി ആക്കി അവെരു കൊന്നു മദവഹായിൽ അവെന്റെ ചൊര ചിന്തപ്പെട്ടതാകുന്നു. അവെന്റെ ചൊര പകരം വീട്ടുമെന്നതിനൊളം അതു കഴുകരുതെന്ന ചൊല്ലുന്നൂ എന്ന സുരമതു കെൾക്കപ്പെട്ടു. ...."

ക്രിസ്തുവിന്റെ പൈതൽ പ്രായം കാനോനിക ബൈബിളിൽ വിശദ മായി വർണ്ണിക്കപ്പെട്ടിട്ടില്ല. എന്നാൽ ഇന്ത്യൻ സുവിശേഷത്തിൽ ക്രിസ്തു വിന്റെ വളർച്ചയുടെ വിവിധ ഘട്ടങ്ങളുമായി ബന്ധപ്പെട്ട ഒരുപാട് അത്ഭു തകഥകൾ കാണുന്നു. ഒന്നാം നൂറ്റാണ്ടിൽ വിരചിതമായ ഈ കഥകൾ പില്ക്കാലങ്ങളിലുണ്ടായ ഭാഗവത രചനകളെ സ്വാധീനിച്ചുവോ എന്ന് സംശയിക്കാവുന്നതാണ്. ബെത്‌ലഹേമിലും നസ്രേത്തിലുമായി പ്രചരിച്ച ഈ കഥകൾ ആ സംസ്ക്കാര പശ്ചാത്തലമുള്ള സെന്റ് തോമസിന് സ്വാഭാവികമായും എഴുതുവാൻ കഴിയുമായിരുന്നു. ഏതാനും ഉദാഹര ണങ്ങൾ കാണുക.

"മൈയെലതായപ്പൊൾ അവെര പുറപ്പെട്ട കടലിനവെരെടുത്തു കട പ്പാൻ അവെരു വശമാകാഞ്ഞാറെ വെള്ളത്തുമ്മെൽ താൻ ഉറിശുമാ ചെയ്തു തെരു (തേര് - ലേഖകൻ) പൊലെ വെള്ളം അതായി. വെള്ള ത്തുമ്മെൽ അവെരു നടന്നു. കടെലവര കടന്നു. നസറാസിന്നവെര പുക്കു ഔടെ താൻ വളർന്നുവായി അഞ്ചു വയസ്സുകാരെൻ പൈതൽ താനായ

പ്പൊൾ പൈതങ്ങളൊട കൂടെ കടെൽവായിക്കരെ (കടൽത്തീരത്ത് - ലേഖ.) കളിപ്പാൻ താൻ പൊയി. ചെനിയായ്ചയുടെ മൈയ്യലതായി (പ്രഭാതം - ലേഖ.) മണ്ണു താൻ എടുത്ത 12 പറവെ താൻ മനെഞ്ഞു. പൈതങ്ങളൊടു കൂടെയെവ താൻ പ്രവർത്തിക്കുന്നുയെന്ന ഒരു യൂതെൻ അവെൻ കണ്ടു യൗസെപ്പും പക്കൽ അവെൻ ചെന്നു അവനൊടവെൻ ചൊല്ലി ചെനിയാഴ്ചയിൽ ഞായമാകുന്നില്ലായെന്ന വസ്തു ഈശൊായ വെൻ പ്രവർത്തിക്കുന്നു. .... എന്നാൽ പറവമെൽ തന്റെ കൈ താൻ വച്ചു അതു പറന്നതു പൊയി. ...”

സുറിയാനി സഭയുടെ പാരമ്പര്യപ്രകാരം യെരുശലേമിലെ ഒന്നാമത്തെ ബിഷപ്പ് യാക്കോബ് യേശുവിന്റെ സഹോദരനാണ്. അദ്ദേഹത്തെക്കുറിച്ച് സെന്റ് തോമസ് സുവിശേഷം നൽകുന്ന ഒരു വിവരം കാണുക:

“യൗസേപ്പിന്റെ പുത്രൻ യാക്കൊ വിറകു കീറുന്നപ്പൊൾ ആ വിറകിൽ നിന്നു ആകദന (സർപ്പം - ലേഖ.) അതു പുറപ്പെട്ടു അവെനെ അതു കടിച്ചു. ഉടെൻ അവെൻ മരിച്ചു. ഈചൊതമ്പുരാൻ താൻ അണെഞ്ഞു അവെനിൽ താൻ ശ്വാസമിട്ടു യാക്കൊയവൻ ജീവിച്ചു ആകദനയതു മരിച്ചു. ....”

യേശു ജീവന്റെ സ്രഷ്ടാവായ ദൈവമാണെന്നും ജീവന്റെയും മരണത്തിന്റെയും മേൽ അധികാരമുള്ളവനാണെന്നും വ്യക്തമാക്കുവാൻ പോന്ന കഥകളാണിവ. യേശുവിന്റെ വിദ്യാഭ്യാസനാളുകളെ സംബന്ധിച്ചും ഒട്ടേറെ കഥകൾ ഇവിടെ കാണുന്നുണ്ട്. അവയൊക്കെയും എല്ലാ അപ്പോക്രിഫൽ സുവിശേഷങ്ങളിലും കാണുന്നതിനാൽ അവ യെരുശലേമിലെ പൊതു പാരമ്പര്യങ്ങളായിരുന്നു എന്നും ശ്ലീഹന്മാർ യേശുവിന്റെ കഥ സുവിശേഷമായി രചിച്ചപ്പോൾ അവയെ ഉൾപ്പെടുത്തി എന്നും വരാവുന്നതത്രെ. ഭാരതത്തിൽ നാടോടിക്കഥാരൂപത്തിൽ ദ്രാവിഡ നേതാവായ കൃഷ്ണന്റെ ബാലലീലാകഥകൾ കേട്ടു രസിച്ച ഗോത്രങ്ങളെ ഉദ്ദേശിച്ച് ഇത്തരം അത്ഭുതകഥകളെ ഇന്ത്യൻ സുവിശേഷത്തിൽ ഉൾപ്പെടുത്തിയതാവാം.

പെസഹാപ്പെരുന്നാളിൽ അപ്പവീഞ്ഞുകളെ വാഴ്ത്തി ശിഷ്യരെ ഏല്പിച്ചശേഷം കാണുന്ന ഒരു വാക്യം പ്രത്യേകം ശ്രദ്ധ അർഹിക്കുന്നു:

“ഇതുംവണ്ണം തന്റെ ചൊരെയും ചരീരവും ശുത്തമാന കുറുവാനെയായി തന്റെ ശ്ലീഹന്മാർക്കു താൻ വഴങ്ങിക്കൊടുത്തു അവെരെ ഒറപ്പിച്ചതിന്റെ ചെഷം താനും തന്റെ ചിഷ്യരുമായി പുറപ്പെട്ട....”

ഇതെന്റെ ശരീരം, ഇതെന്റെ രക്തം എന്ന നിലവിലുള്ള പ്രയോഗത്തിന് പകരം ശരീരവും രക്തവും ശുദ്ധമാന കുർബ്ബാനയായി

ശിഷ്യന്മാരെ ഏൽപ്പിച്ചു എന്ന അവതരണത്തിലെ ശൈലിയും അവരെ ഉറപ്പിച്ചു എന്ന പ്രയോഗവും ഒരു ദൃക്സാക്ഷി വിവരണമാണെന്ന് പറയാതെ തരമില്ല. സുവിശേഷത്തിന്റെ ഉപസംഹാരവും ഏറെ വ്യത്യസ്തമാണ്. യേശുവിന്റെ പുനരുത്ഥാനവും ഏതാനും പ്രത്യക്ഷതകളും പ്രബോധനങ്ങളും അധികാരദാനവും സ്വർഗ്ഗാരോഹണവും, വിവരിക്കുന്നതോടെ നിലവിലുള്ള സുവിശേഷങ്ങൾ സമാപിക്കുകയായി. എന്നാൽ ഈ സുവിശേഷമാകട്ടെ, പെന്തിക്കോസ്തിപ്പെരുന്നാളിൽ പരിശുദ്ധാത്മാവു ആഘോഷപൂർവ്വം ഇറങ്ങി വന്നതും 3000 പേർ സ്നാനമേറ്റു ക്രിസ്തുസഭ രൂപവത്ക്കരിക്കപ്പെട്ടതുമായ അത്ഭുത സംഭവം വർണ്ണിച്ചതിന് ശേഷമാണ് ഉപസംഹരിക്കുന്നത്.

'...... എന്നാൽ തന്റെ ഉമ്മാ മറിയവും മറ്റു സ്ത്രീകളും തന്റെ ശ്ലീഹന്മാരും ഒന്നിച്ച ഏകമനസ്സാലെ അവെരു സ്തുതിക്കുന്നുവായി യൂദാസ്ക്കറിയൊത്തായ്ക്കു പകരം കൊൾക്കുറാലെ മത്ത്യാശ്ലീഹായെ 11 നൊടുകൂടെ എണ്ണപ്പെട്ടു. പന്തക്കുസ്തെയുടെ ദിവസത്തിൽ തീപോലെ പാളപ്പെടുന്നുയെന്ന നാമ്പുകെളും അവർക്കതു കാണപ്പെട്ടു. റൂഹ അവർക്കത കൊടുത്തു എന്ന വസ്തുപൊലെ അതതു പെച്ചിൽ (ഭാഷയിൽ - ലേഖ.) പറവാൻ അവെരു തുടങ്ങി. ..... 3000 ജെനങ്ങൾ അന്നു അവെര മാമ്മൂദീസാ മുഴുകി......"

മൂലഭാഷ

പാലൂർ - പഴഞ്ഞി സുവിശേഷത്തിന്റെ മൂലഭാഷ സുറിയാനിയാണെന്നതിൽ തർക്കമില്ല. ധാരാളം സുറിയാനി പദങ്ങൾ തൽസമമായി വിവർത്തകൻ സ്വീകരിച്ചിട്ടുള്ളതു കാണുക.

കേപ്പാ = പാറ, പെസഹാ = കടന്നുപോക്കു (യഹൂദരുടെ ഒരു പെരുന്നാൾ), ശ്ലീഹാ = അയയ്ക്കപ്പെട്ടവൻ (യേശുവിന്റെ ശിഷ്യന്മാരുടെ പൊതുനാമം), റൂഹാ = കാറ്റ്, ആത്മാവ്, പെന്തിക്കോസ്തിനാൾ = അമ്പതാം നാൾ, മാമ്മൂദീസാ = സ്നാനം, ഹൈക്ലാ = ദേവാലയം, മാലാഖാ = ദൂതൻ, യുറെദിനാൻ = യോർദ്ദാൻ നദി, ഗാഗുൽത്താ = തലയോട്ടിമല, കാൽവരി, നിവ്യന്മാർ-നിബ്യന്മാർ = പ്രവാചകന്മാർ, നിവ്യാട്ടിമാർ = ദീർഘദർശിനിമാർ, മശീഹാ = അഭിഷിക്തൻ, മാംദാനാ = സ്നാപകൻ, സ്കീപ്പാ = കുരിശ്, കബർ = മൃതശരീരം വയ്ക്കുന്ന പെട്ടി, കല്ലറ, ഓറിശ്ലേം = യെരുശലേം, റൂഹാദകുദിശാ = പരിശുദ്ധാത്മാവ്, ആക്കദിനാ = സർപ്പം, മഗുശെന്മാർ = വിദ്വാന്മാർ, ഓശാന = സ്തുതി (ഇപ്പോൾ രക്ഷിക്ക).

സംജ്ഞാനാമങ്ങൾ പോലും മലയാളവൽക്കരിക്കുവാൻ ശ്രമിക്കാതെ സുറിയാനിരൂപത്തിൽ സ്വീകരിക്കുന്നു. മൂശെ, യേശുബർനൂൻ, ഫെറഓൻ തുടങ്ങിയവ ഇന്ന് മോശ, യോശുവാ, ഫറവോ എന്നീ രൂപങ്ങളിലാണ്

ഉപയോഗിച്ചു വരുന്നത്. സുറിയാനി പാശ്ചാത്യം, പൗരസ്ത്യം എന്നിങ്ങനെ രണ്ടുവിധമുള്ളതിൽ അറമായ സുറിയാനിയോടു വളരെ സാമ്യമുള്ള പൗരസ്ത്യ സുറിയാനി രൂപങ്ങളാണ് ഈ വിവർത്തകൻ സ്വീകരിച്ചിട്ടുള്ളത്.

കഹന = പുരോഹിതൻ, കുർബ്ബാന = കാഴ്ച, നിബിയ = പ്രവാചകൻ, കാസാ = പാനപാത്രം, മാംദാന = സ്നാപകൻ തുടങ്ങിയ പ്രയോഗങ്ങൾ അന്ത്യോഖ്യൻ ബന്ധത്തിനു മുമ്പ് കേരളസഭയിൽ നിലവിലിരുന്ന കൽദായ (പൗരസ്ത്യ) സുറിയാനി രൂപങ്ങളാണ്. ഈ ഉച്ചാരണം അരമായ സുറിയാനി ഉച്ചാരണത്തോടു മിക്കവാറും സമാനമാണ്. മേൽക്കാണിച്ച അകാരാന്ത ശബ്ദങ്ങൾ ഒകാരാന്തമായിട്ടാണ് അന്ത്യോഖ്യൻ സുറിയാനിയിൽ കാണുന്നത്.

സുറിയാനി ഭാഷയിൽ സമൃദ്ധിയായി കാണപ്പെടുന്ന കർമ്മണിവാക്യങ്ങൾ അനൗചിത്യം വിസ്മരിച്ച് കർമ്മിണി രൂപത്തിൽ തന്നെ വിവർത്തനം ചെയ്തിട്ടുള്ളതു കാണുക:

“...... ഇക്കെൾവി എല്ലാവെരും അതു കെൾക്കപ്പെട്ടു.”

“...യൗസെപ്പിനെയും പുൽക്കൂട്ടിൽ വയ്ക്കപ്പെട്ടുയെന്ന പ്രജെനെയും അവർ കണ്ടെത്തി.”

ഈ സുവിശേഷം ഏതെങ്കിലും കാനോനിക സുവിശേഷങ്ങളുടെ സ്വാധീനത്തിൽ എഴുതപ്പെട്ടതാകാനിടയില്ല. കാരണം ആ സുവിശേഷങ്ങളെല്ലാം എഴുതപ്പെട്ടതിനു മുമ്പാണ് സെന്റ് തോമസ്സ് കേരളത്തിലെത്തിയത്. കാനോനിക സുവിശേഷങ്ങളിൽ പ്രാഥമ്യം മാർക്കോസിന്റെ സുവിശേഷത്തിന് ബൈബിൾ പണ്ഡിതന്മാർ അനുവദിച്ചിട്ടുണ്ട്. എന്നാൽ നാലു സുവിശേഷങ്ങൾക്കും ആധാരമായി ഒരു അജ്ഞാതകർത്തൃക സുവിശേഷം ഉണ്ടായിരുന്നു എന്നും അതിനെയാണ് പ്രഥമ സുവിശേഷകൻ മാർക്കോസ് അവലംബമാക്കിയതെന്നും നിസ്തർക്കമായി തെളിഞ്ഞിട്ടുണ്ട്. ആ അജ്ഞാത സുവിശേഷം രചിച്ചത് പത്രോസാണോ? എങ്കിൽ പത്രോസിന്റെ മകനായ മാർക്കോസിന് ആ മൂലരേഖ കിട്ടുവാൻ എളുപ്പമുണ്ട് (ഒരു പുരാതന സുറിയാനി തക്സായിൽ മാർക്കോസിന്റെ അനാഫുറായ്ക്കുശേഷം എഴുതിയിട്ടുള്ള കുറിപ്പിൽ മാർക്കോസിനെ പത്രോസിന്റെ പുത്രൻ എന്ന് വിശേഷിപ്പിച്ചിട്ടുള്ളതായി ഈ ലേഖകൻ നിരീക്ഷിച്ചിട്ടുണ്ട്). ഈ മൂലസുവിശേഷം കണ്ടിട്ടുള്ള തോമസ് യെരുശലേം പാരമ്പര്യങ്ങൾ ചേർത്ത് വികസിപ്പിച്ച് ഭാരതത്തിനും ഭാരതത്തിൽ കുടിയേറിപ്പാർത്ത യഹൂദന്മാർ, അറബികൾ, അസ്സീറിയൻ പാരമ്പര്യമുള്ള ദ്രാവിഡർ എന്നീ ജനവിഭാഗങ്ങൾക്കും സ്വീകാര്യമാകത്തക്കവിധം രചിച്ചതാവാം ഈ സുവിശേഷം. സുറിയാനിഭാഷ കൂടുതൽ പ്രചരിച്ചിരുന്ന

മധ്യപൗരസ്ത്യ രാജ്യങ്ങളിൽ ഒരു സുറിയാനി സുവിശേഷം പ്രചരിച്ചിരുന്നതായും സിറിയൻ സഭയുടെ പല ചരിത്രങ്ങളും പാരമ്പര്യങ്ങളും അവകാശപ്പെടുന്നു. വ്യാഖ്യാനങ്ങൾ പോലും ഈ സുവിശേഷത്തെ അധികരിച്ചുത്ഭവിച്ചവയാണെന്നും പിന്നീട് കാനോനീകൃത ബൈബിൾ പ്രചരിച്ചപ്പോൾ ഈ സുറിയാനി സുവിശേഷം അപ്രത്യക്ഷമായതാണെന്നും ചില ബൈബിൾ പണ്ഡിതന്മാർ നിരീക്ഷിച്ചിട്ടുള്ളത് ഇവിടെ സ്മരണീയമാണ്.[18] കേരളത്തിൽ വിരചിതമായ സെന്റ് തോമസ്സ് സുവിശേഷം പില്ക്കാലത്ത് പേർഷ്യ, സിറിയാ എന്നീ സ്ഥലങ്ങളിൽ വ്യാപാര സംസർഗ്ഗം മൂലം വ്യാപിച്ചിട്ടുണ്ടാവാം. പുസ്തക-അദ്ധ്യായ-വാക്യവിഭജനങ്ങളില്ലാതെ, ഖണ്ഡികവിഭജനമില്ലാതെ, വിരാമചിഹ്നം പോലുമില്ലാതെ തികച്ചും ആദിമ ബൈബിൾ സ്വരൂപലക്ഷണങ്ങൾ മുഴുവൻ ഈ സുവിശേഷത്തിന് ഇണങ്ങുന്നുണ്ട് എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

(എ) ഭാഷ

ഈ പ്രാചീന ഗദ്യകൃതിയിലെ ഭാഷ പഠനീയമാണ്. ഇത്രയും പഴക്കമുള്ള ഗ്രന്ഥം മലയാളത്തിൽ ലഭ്യമായിട്ടുണ്ടോ എന്ന് സംശയമാണ്. തമിഴ് മിശ്രഗദ്യമായി നമുക്കു ലഭിച്ചിട്ടുള്ള ഭാഷാകൗടലീയം, ആട്ടപ്രകാരം, ക്രമദീപിക എന്നിങ്ങനെ എ. ഡി. 12-ാം ശതകം മുതൽ വിരചിതമായ ഗദ്യകൃതികളേക്കാൾ പ്രാചീനത ചില അംശങ്ങളിൽ ഈ സുവിശേഷത്തിനുണ്ട്. ഉദാ:

1. "......പിരചത്തിജീർണ്ണിച്ചു ചെവതു അറിയരുതാതെ" (കൊല്ലൂർമഠം ശാസനം 12-ാം ശതകം).

2. ".......യാതമ നാരായണവിണ്ണകർ ആഴ്വാന്നു ചെലവ്..... (വെള്ളാനി ശാസനം 12-ാം ശതകം).

3. "....... ഇതിനു മെൽക്കാട്ടു ചൊകിയാർ കൂട്ടിക്കൊടുത്ത അച്ചു......" (തിരുവല്ലാ ശാസനം 13-ാം ശതകം).

4. "...... അതുകൊണ്ടു പ്രജകൾക്കു........" (ഭാഷാകൗടലീയം, 12-ാം ശതകം).

5. യജ്ഞോപവീതം പിരിച്ച് സൂത്രം പിടിച്ച് മൂക്കിനു നേരെയാണ് പുറപ്പാട് (കൂടിയാട്ടം ഭാഷ).

ഈ ഉദാഹരണങ്ങളിൽ സംവൃതോകാരത്തിൽ അവസാനിക്കുന്ന പദങ്ങൾ വിവൃത 'ഉ'കാരമെഴുതി നിറുത്തുന്നതായിട്ടാണ് കാണുന്നത്. എന്നാൽ പഴഞ്ഞി സുവിശേഷത്തിൽ സംവൃതോകാരമോ വിവൃതോകാരമോ കൂടാതെ അകാരാന്തമായി നിറുത്തുന്ന സ്വഭാവമേ മിക്കവാറും കാണുന്നുള്ളു.

കൊണ്ട - കൊണ്ട്, പാമ്പ - പാമ്പ്, പട്ടക്കാരര - പട്ടക്കാരര് - പട്ടക്കാർ, അവര - അവരു - അവർ

ബി. വിസർഗ്ഗം ഒരിടത്തും ഉപയോഗിച്ചതായി കാണുന്നില്ല. സംസ്കൃത അക്ഷരമാല കേരളത്തിൽ പ്രവേശിക്കുന്നതിനു മുമ്പ് ഈ വിവർത്തനം നടന്നുവെന്ന് അനുമാനിക്കുവാൻ ഇത് പ്രേരിപ്പിക്കുന്നു. ത്രൈവർണ്ണികേതരർ ആര്യഅക്ഷരമാല ഉപയോഗിച്ചു തുടങ്ങുന്നതിനു മുമ്പുള്ള ഒരു ഇടവേളയിലെ രചന എന്നും ഇക്കാരണത്താൽ പരാമർശ കൃതിയെ വിശേഷിപ്പിക്കാവുന്നതാണ്.

സി. സുറിയാനി പദങ്ങളോടു ചേർത്തു ലിംഗവചന വിഭക്തിപ്രത്യയങ്ങൾ പ്രയോഗിക്കുന്നതിന്റെ അസംഖ്യം ഉദാഹരണങ്ങൾ ഇതിലുണ്ട്. ഒരു വിദേശ ഭാഷയോടുകൂടെ തദ്ദേശഭാഷയുടെ പ്രത്യയങ്ങൾ ചേർക്കുന്നത് വളരെ നാളത്തെ സമ്പർക്കം കൊണ്ടേ സാധ്യമാകൂ. കേരളത്തിലെ സുറിയാനി ഭാഷയുടെ പൂർവ്വികതയെ ഇത് വ്യക്തമാക്കുന്നു.

കഹ്നെനന്മാർ - കഹനെ + അൻ + മാർ = പുരോഹിതന്മാർ, നിവ്യാട്ടിമാർ - നിബിയ് + ആൾ + ത്തി + മാർ = പ്രവാചികമാർ, ഹൈക്ലായിൽ - ഹൈക്ലാ + ഇൽ = ദേവാലയത്തിൽ, മകുശെന്മാർ = മകുശെ + അൻ + മാർ = വിദ്വാന്മാർ.

ഭാഷാസംസർഗ്ഗത്തിൽ പ്രത്യയങ്ങൾ ചേർത്ത് അന്യഭാഷാ ശബ്ദങ്ങളെ സ്വഭാഷയിലേയ്ക്കു സ്വീകരിക്കുക എക്കാലവും ഭാഷകൾ സ്വീകരിച്ചുപോന്നിട്ടുള്ള വികസന നയമാണ്. സംസ്കൃതത്തിന്റെയും ഇംഗ്ലീഷിന്റെയും എന്നപോലെ അവയുമായി സംസർഗ്ഗത്തിലേർപ്പെടും മുമ്പേ സുറിയാനി പദങ്ങളെയും മലയാളം സ്വീകരിച്ചുപോന്നതിന് വേറെയും നിരവധി ഉദാഹരണങ്ങൾ ഈ സുവിശേഷത്തിൽ കാണുന്നുണ്ട്.

ഡി. മുറ്റുവിന പ്രയോഗിക്കുന്നിടത്ത് ആഖ്യാനരൂപത്തോടൊപ്പം 'ആയി' എന്ന ഒരു അനുപ്രയോഗം ഇതിൽ സാർവത്രികമായി കാണുന്നു. യാതൊരു പ്രാചീനഗദ്യകൃതികളിലും കാണാത്ത ഈ സവിശേഷത ഇതിന്റെ പ്രാചീനതയെ കൂടുതൽ വ്യക്തമാക്കുന്നു. ആവുക എന്ന സമ്പത്തിക്രിയയുടെ പേരെച്ചരൂപങ്ങളോടു 'ഇ' എന്ന ഭൂതകാല പ്രത്യയം ചേർത്താൽ ഈ രൂപം വ്യുല്പാദിപ്പിക്കാൻ പ്രയാസമില്ല. അപ്രകാരമുള്ള രൂപങ്ങൾ കാണുക: കാണുന്നുവായി, ചരസിക്കുന്നുവായി, അടിക്കുന്നുവായി, ഇല്ലാഞ്ഞുവായി.

ക്രിയാധാതുവിനോടുകൂടെ 'ആയി' ചേർത്ത് പോകുവാനായി, ചെയ്തതായി, പോകുകയായി, വരികയായി എന്നീ രൂപങ്ങൾ നമുക്കു പരിചയമുണ്ടെങ്കിലും വർത്തമാനപ്രത്യയമായ 'ഉന്നു'വിനോടു ചേർത്ത് ഇത്തരം പ്രയോഗങ്ങൾ മലയാളത്തിൽ ഉണ്ടായിട്ടുള്ളതായി അറിയപ്പെട്ടിട്ടില്ല.

ഇ. ദ്രമിത സംഘാതാക്ഷരം മാത്രം ചേർത്തു രചിക്കപ്പെട്ട കാവ്യമാണ് രാമചരിതം. അവിടന്നിങ്ങോട്ട് ആര്യാക്ഷരമാലയിലെ അക്ഷരങ്ങൾ ചേർക്കുന്ന രീതി വർദ്ധിച്ച് എഴുത്തച്ഛന്റെ കാലമായപ്പോഴേയ്ക്കും ആര്യാക്ഷരമാല സാർവ്വത്രികമായതായി നമുക്കറിയാം. എന്നാൽ ഈ കൃതിയിൽ സുറിയാനിയിൽ 'ശ' ചേർന്ന നാമരൂപങ്ങൾ ഉൾപ്പെടെ ഒരുപാടു പദങ്ങൾ ദ്രമിതസംഘാതാക്ഷരമാലയിലെ പരിമിതികൾ അനുഭവിച്ച് 'ച' കാരത്തിൽ എഴുതപ്പെട്ടിരിക്കുന്നു. പരാമർശഗ്രന്ഥം പകർത്തിയെഴുതിയത് പില്ക്കാല നൂറ്റാണ്ടുകളിലായിരിക്കാമെങ്കിലും വിവർത്തനം നടന്നത് രാമചരിതത്തിന്റെ കാലമായ 12-ാം നൂറ്റാണ്ടിലോ അതിനു മുമ്പോ ആയിരിക്കണം. പന്ത്രണ്ടാം നൂറ്റാണ്ടിൽ വിരചിതമായ ഭാഷാ കൗടലീയത്തിൽ 'ശ'കാര പ്രയോഗം ധാരാളമുണ്ട്. എ. ഡി. 9-ാം നൂറ്റാണ്ടിലെഴുതിയ തരീസാപ്പള്ളിചെപ്പേടിൽപ്പോലും 'ഈശൊ' തുടങ്ങി 'ശ'കാര രൂപങ്ങൾ കാണുന്നുണ്ട്. പ്രൊഫ. സി. എൽ. ആന്റണി എഴുതുന്നു: "എ.ഡി. 9-ാം ശതകത്തിന് ശേഷം മാത്രമേ കേരളത്തിലെ വരമൊഴിയുടെ ഏതെങ്കിലും രൂപം നമുക്കു കിട്ടുന്നുള്ളൂ. എന്നുവച്ച് അതിനു മുമ്പ് കേരളീയ ജനസാമാന്യത്തിന് ഒരു പ്രത്യേക വ്യവഹാരഭാഷ ഉണ്ടായിരുന്നില്ലെന്ന് ചിന്തിക്കുന്നത് യുക്തിസഹമല്ല. ... മലയാളത്തിലെ ഗദ്യപ്രസ്ഥാനത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ അതിലെ ലിഖിത രേഖകൾക്കു പിന്നിലുള്ള വാമൊഴിക്കാലവും വലിയ പ്രാധാന്യം അർഹിക്കുന്നുണ്ട്."[19]

കണ്ടുകിട്ടിയ പ്രാചീന ഗദ്യമാതൃകകളേക്കാൾ പഴക്കമുള്ള ഗദ്യശൈലിയും ഭാഷയേയും ഉദാഹരിക്കുന്ന കൃതിയാണ് പരാമർശ സുവിശേഷം എന്നത് അതിന്റെ ഗവേഷണ സാധ്യതയെ വ്യക്തമാക്കുന്നു.

ഠരംചൊ - ഈശോ, മൂചെ - മൂശെ, ചിക്ഷെ - ശിക്ഷ, കചീചന്മാർ - കശീശന്മാർ, ചക്തി - ശക്തി, ചെമിചോൻ - ശെംശോൻ, ചിഷ്യൻ - ശിഷ്യൻ, ചാത്രം - ശാസ്ത്രം, ചത്രക്കാരൻ - ശാസ്ത്രക്കാരൻ.

തമിഴക്ഷരമാലയോ വട്ടെഴുത്തിലെ അക്ഷരമാലയോ മാത്രം നിലവിലുള്ള ഒരു കാലഘട്ടത്തിലെ വിവർത്തനമാണിത്. പില്ക്കാലത്തെ പകർപ്പുകാരൻ പല 'ച'കാരങ്ങളെയും 'ശ'കാരമാക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും ധാരാളം 'ചകാര' പ്രയോഗങ്ങൾ നിലനിറുത്തിയിട്ടുണ്ട്. പ്രൊഫ. ആന്റണി ചൂണ്ടിക്കാട്ടിയതുപോലെ വരമൊഴിയായി നമുക്കു ലഭിച്ചിട്ടുള്ള എല്ലാ ഗദ്യമാതൃകകൾക്കും മുമ്പ് കേരളത്തിലുണ്ടായിരുന്ന വാമൊഴിയുടെ ലിഖിത രൂപമാകാം പഴഞ്ഞി സുവിശേഷത്തിൽ കാണുന്നത്.

എഫ്. തമിഴിലെ 'ഐ'കാര സഹിതരൂപങ്ങൾ മലയാളത്തിൽ 'അ' കാരരൂപമായി പരിണമിച്ചതാണെന്നും പ്രാചീനമായ 'അ'കാരരൂപങ്ങൾ

പരിണമിച്ച് 'ഐ'കാരമായിത്തീരുന്നതാണെന്നും ഭിന്നവാദങ്ങൾ നിലവിലിരിക്കെ പഴഞ്ഞി സുവിശേഷത്തിൽ കാണുന്ന 'എ'കാര സഹിതരൂപങ്ങളുടെ ആധിക്യം നമ്മെ അത്ഭുതപ്പെടുത്തുന്നു.

അവെൻ, ഇവെൻ, എവെൻ എന്നിങ്ങനെയുള്ള സർവ്വനാമങ്ങളിൽ മാത്രമല്ല മറ്റു നാമങ്ങളിലും 'എ'കാരസാന്നിദ്ധ്യം കാണുന്നു.

മലെയിൽ, തലെയിൽ, യാത്രെയിൽ, കരെഞ്ഞു.

കന്നഡയിൽ മനെ, തലെ തുടങ്ങിയ 'എ'കാര സഹിതരൂപങ്ങൾ ഇന്നും നാം കാണുന്നുണ്ട്. 'എ' എന്ന താലവ്യസ്വരം താലവ്യപ്രേമം മൂലം ഐകാരമായി തലൈ, മലൈ എന്നും താലവ്യസങ്കോചം കൊണ്ട് തല, മല എന്നും പരിണാമം വന്നതാവാം. അകാര രൂപങ്ങൾക്കു 'എ'കാരം ഉപയോഗിച്ചിരുന്ന ഒരു പഴമ ഈ കൃതി അനാവരണം ചെയ്യുന്നു. 'എ'കാര സാന്നിദ്ധ്യം നമുക്കു ലഭിച്ചിട്ടുള്ള എല്ലാ പ്രാചീനഗ്രന്ഥങ്ങളിലും കാണുന്നുണ്ടെങ്കിലും അവയിലൊന്നും ഈ പ്രത്യേകത ഈ കൃതിയിലെന്നപോലെ സാർവ്വത്രികമായി കാണപ്പെടുന്നില്ല. തരീസാപ്പള്ളിശാസനത്തിൽ 'തലൈ', 'പുനൈ' എന്നിങ്ങനെ 'ഐ'കാര സാന്നിദ്ധ്യം കാണപ്പെടുന്നുണ്ട് (9-ാം നൂറ്റാണ്ട്). അതിന്റെയും പ്രാചീന രൂപമാണ് 'എ'കാര സഹിതരൂപമെങ്കിൽ ഈ രചനയ്ക്കു മലയാള ഭാഷ സ്വതന്ത്രമാകുന്ന 8-9 നൂറ്റാണ്ടുകളുടെ ഭാഷാസ്വഭാവമാണ് കാണാൻ കഴിയുക.

ജി. കൃഷ്ണഗാഥ, രാമചരിതം, ബ്രഹ്മാണ്ഡപുരാണം, നമ്പ്യാർത്തമിഴ് എന്നീ കൃതികളിൽപ്പോലും അപൂർവ്വമായി മാത്രം പ്രത്യക്ഷപ്പെടുന്ന ഏറെ പദങ്ങൾ ഈ സുവിശേഷത്തിലുണ്ട്. അറിയപ്പെട്ട യാതൊരു മലയാള രചനയിലും കാണാത്ത അന്യംനിന്ന പദങ്ങളും ഈ കൃതിയിൽ ധാരാളമുണ്ട്.

അവരാസിക്കുക - വ്യഭിചരിക്കുക, യാവെന - ഭക്ഷണം, എക്ക - പരിഹാസം, പറഞ്ഞൊപ്പ് - വാഗ്ദത്തം, മനിക്ഷങ്ങൾ - സൈന്യങ്ങൾ, ചെക്കൽ - പ്രഭാതം, ഒപ്പാരി - ഉപമ, ഞായക്കാരൻ - ന്യായാധിപൻ, തണ്യം - തിന്മ, ചരസിക്കുക - ശേഖരിക്കുക, മവദക്കാർ - ഏറ്റുപറയുന്നവർ, വറുഗീസിടുക - പരിച്ഛേദന ചെയ്യുക (Circumcise), ചെറുപ്പം - ദോഷം.

എച്ച്. നാമങ്ങളിൽ നിന്നും ഭേദകങ്ങളുണ്ടാക്കാൻ രൂപങ്ങളോടുകൂടെ 'സുഖം' എന്ന ശബ്ദം അനുപ്രയോഗത്തിന്റെ ഉദാഹരണങ്ങൾ സെന്റ് തോമസ്സ് സുവിശേഷത്തിൽ സാർവ്വത്രികമായി കാണുന്നുണ്ട്. മറ്റൊരു പ്രാചീനകൃതികളിലും ഈ സമ്പ്രദായം ഇത്ര വ്യാപകമായി കണ്ടിട്ടില്ലാ

ത്തതുകൊണ്ടു ഈ കാര്യം വൈയാകരണന്മാർ ഇതുവരെ പഠനവിഷയമാക്കിയിട്ടില്ല.

പട്ടസുഖം - പട്ടത്വം, പുണ്യസുഖം - പുണ്യത്വം, ദൈവസുഖം - ദൈവത്വം, മനുഷസുഖം - മനുഷ്യത്വം, മല്ലസുഖം - മല്ലത്തം, പുത്രസുഖം - പുത്രത്വം, അച്ചസുഖം - അച്ചൻ = യജമാനൻ - യജമാനത്വം.

ഒന്നാം നൂറ്റാണ്ടു മുതൽ സെന്റ് തോമസ്സിന്റെ സുവിശേഷം കേരളത്തിലുണ്ടായിരുന്നുവെന്നും അത് ആദ്യം അരമായ സുറിയാനിയിലും വട്ടെഴുത്തിലും ആയിരുന്നുവെന്നും എ. ഡി. 15-ാം നൂറ്റാണ്ടിനു മുമ്പ് അത് കേരളത്തിൽ സുലഭമായി പ്രചരിച്ചു എന്നും ഉദയംപേരൂർ സുന്നഹദോസ് നിരോധിച്ചതിനെ തുടർന്ന് അതിന്റെ പ്രചാരം ലുപ്തമായി എന്നുമാണ് മനസ്സിലാക്കാവുന്നത്. എ.ഡി. ഒന്നാം നൂറ്റാണ്ടിൽ മറ്റേതെങ്കിലും ഒരു മതഗ്രന്ഥം കേരളത്തിലുണ്ടായിരുന്നതായി തെളിവുകളില്ല. ബുദ്ധദർശനം ബി.സി. നൂറ്റാണ്ടുകളിൽ രൂപംപൂണ്ടെങ്കിലും ബുദ്ധമത രചനകൾ എ. ഡി. 1-ാം നൂറ്റാണ്ടിനു ശേഷം മാത്രമേ ലിഖിതരൂപത്തിൽ നമുക്ക് ലഭിച്ചിട്ടുള്ളു. സംഘകാലകൃതികളിലൊന്നായി ലഭിച്ചിട്ടുള്ള തിരുക്കുറൾ പോലും സെന്റ് തോമസ് സുവിശേഷത്തിന് ശേഷം മാത്രമേ രചിക്കപ്പെടുന്നുള്ളു. യേശുവിന്റെ ബാല്യകാലകഥകൾ ഭാഗവതത്തിലെ ശ്രീകൃഷ്ണലീലകളുടെ കഥകൾക്കു പിന്നിൽ സ്വാധീനമായിരുന്നുവോ എന്ന ചിന്ത സംഗതമാണ്. എ.ഡി. 9-ാം നൂറ്റാണ്ടിലെ വൈദികമതം കേരളത്തിന്റെമേൽ പിടിമുറുക്കിയതോടെ വൈദികേതരകൃതികളെല്ലാം ബൗദ്ധം, മ്ലേച്ഛം എന്നീ മുദ്രകൾ ചാർത്തി നശിപ്പിക്കപ്പെട്ടതായി പി. കെ. ഗോപാലകൃഷ്ണനും എൻ. കെ. ജോസും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. തൃപ്പൂണിത്തുറ സംസ്കൃത കോളജ് ഗ്രന്ഥപ്പുരയിൽ ബുദ്ധചരിതം എന്ന ശീർഷകത്തിൽ എഴുതി സൂക്ഷിച്ചിട്ടുള്ള പല സംസ്കൃത ഗ്രന്ഥങ്ങളും ക്രിസ്തുചരിതങ്ങളാണെന്ന എൻ. കെ. ജോസിന്റെ അഭിപ്രായവും ഇവിടെ വീണ്ടും ശ്രദ്ധേയമാവുന്നു.[20]

ഇന്ത്യൻ ബൈബിളും വേദവ്യാസനും

ഭവിഷ്യമഹാപുരാണം എഴുതിയ വേദവ്യാസൻ ഇന്ത്യൻ ബൈബിളിനെ ഉപജീവിച്ചിട്ടുണ്ട്. ഏദൻതോട്ടത്തിലെ മനുഷ്യവാസം, പഴം മൂലം വന്ന പതനം, നോഹയുടെ കാലത്തെ പ്രളയം, ഹാനോക്കിന്റെ സ്വർഗ്ഗാരോഹണം എന്നീ ബൈബിൾ സംഭവങ്ങൾ പുരാണത്തിൽ സ്വീകരിച്ചിട്ടുണ്ട് (267 മുതൽ 322 വരെയുള്ള പുറങ്ങൾ കാണുക). ആദം, ഹവ്വ, നോഹ തുടങ്ങിയ പേരുകളെ ആദമൻ, ഹവ്യവതി, നൂഹകൻ എന്ന് ഭാരതവല്ക്കരിക്കുവാൻ പുരാണകർത്താവ് ശ്രമിച്ചിട്ടുണ്ട്. മൂശ, തുടങ്ങിയ പേരുകൾ ഇന്ത്യൻ ബൈബിളിന്റെ സുറിയാനി രൂപത്തിലാണ് സ്വീകരി

ച്ചിട്ടുള്ളതെന്നത് പ്രത്യേകം പഠനാർഹമാണ്. ഇന്ത്യൻ ധർമ്മശാസ്ത്ര പുരാണങ്ങളിൽ ബൈബിളിന്റെ സന്ദേശവും സ്വാധീനവും അന്വേഷിക്കുന്നത് തന്മൂലം പ്രസക്തമാകുമെന്ന് തോന്നുന്നു.

കേരളത്തിൽ ഇന്നറിയപ്പെടുന്ന സകല ദർശന-ശാസ്ത്രശാഖകളും ഉരുത്തിരിയുമ്പോൾ അവയുടെ പശ്ചാത്തലത്തിൽ ഒരു ക്രിസ്തുചരിതത്തിന്റെ സാന്നിദ്ധ്യവും സുഗന്ധവും ഉണ്ടായിരുന്നുവെന്നുള്ള അറിവ് എല്ലാ ഭൂതകാല രചനകളും പുനർ വായനയ്ക്കും പുനരവലോകനത്തിനും വിധേയമാക്കാനുള്ള ഉൾക്കാഴ്ച നൽകുന്നുണ്ട്.

കുറിപ്പുകൾ

1. ക്ലോഡിയസ്, ബുക്കാനൻ (റവ), 'ക്രിസ്ത്യൻ റിസർച്ചസ് ഇൻ ഏഷ്യാ', 11th (Ed) 1819, പു. 109.
2. a. ചർച്ച് വീക്കിലി, ബൈബിൾ പ്രത്യേക പതിപ്പ്, മെയ് 29, 1983.
   b. കുരുവിള പി. റ്റി., *ബൈബിൾ നൂറ്റാണ്ടുകളിലൂടെ* (ടി.എൽ.സി.), പു. 108.
3. മോറീസ് ജെ. ജെ., 'കേരളീയ മതവിശ്വാസങ്ങൾ സംഘംകൃതികളിലൂടെ', മുഖവുര.
4. കേസരി എ. ബാലകൃഷ്ണപിള്ള, *'കേസരിയുടെ ലോകങ്ങൾ'* (കേരളം എന്ന ലേഖനം), 1989, പു. 89.
5. യൂസേബിയസ്, ബുക്ക് 5, അദ്ധ്യായം 10, *നൈസീൻ ആന്റ് പോസ്റ്റ് നൈസീൻ ഫാദേഴ്സ്*, വാള്യം 1, പു. 224-25.

   ജെറോം, വാള്യം 1, അദ്ധ്യായം 3, പു. 370.

   ഫാ. എം. കെ. കുറിയാക്കോസിന്റെ *ഹിസ്റ്ററി ഓഫ് ക്രിസ്ത്യാനിറ്റി ഇൻ ഇന്ത്യാ സോഴ്സ് മെറ്റീരിയൽസ്*, പു. 4 നോക്കുക.
6. *ചില കേരള സഭാചരിത്രപ്രശ്നങ്ങൾ*, പു. 45.
7. *നെസ്തോറിയൻ മിഷണറി എന്റർപ്രൈസസ്*, പു. 88.
8. റോയിട്ടർ, കേരളഭൂഷണം, 24-3-1959, മലങ്കരസഭാ മാസിക, പു. 13, ലക്കം 6, 5-4-1959.
9. *സിറിയക്ക് മാനുസ്ക്രിപ്റ്റ് ഓഫ് സെന്റ് തോമസ്സ് ക്രിസ്ത്യൻസ്*, പു. 204.
10. ഫാ. ജോസഫ് ചീരൻ, *ഇന്ത്യൻ ഓർത്തഡോക്സ് സഭ*, പു. 41-47.
11. *ചില കേരളസഭാ ചരിത്രപ്രശ്നങ്ങൾ*, പു. 64.
12. പി. കെ. ഗോപാലകൃഷ്ണൻ, *കേരളത്തിന്റെ സാംസ്ക്കാരിക ചരിത്രം*, പു. 108.
13. എൻ. കെ. ജോസ്, പു. 61, കെ. എ. നീലകണ്ഠശാസ്ത്രി, *ദക്ഷിണ ഭാരതചരിത്രം*, പു. 485.
14. അതേ പുസ്തകം പു. 58 (എൻ. കെ. ജോസ്).
15. സ്കറിയ സക്കറിയ, *രണ്ട് പ്രാചീന കൃതികൾ*, 13-ാം സാഹാ, 13-ാം കാനോനാ, പു. 22.

16. മലയാള മനോരമ പത്രം, കൊച്ചി എഡീഷൻ, 1990 ഒക്ടോ. 17 ബുധൻ.
17. ഡോ. ഫാ. വി. സി. ശാമുവേൽ. ചർച്ച് വീക്കിലി, ബൈബിൾ പതിപ്പ്, മെയ് 29, 1983.
18. *സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ* (2-ാം പതിപ്പ്) 1973, പു. 618, 619.
19. *ചില കേരളസഭാ ചരിത്രപ്രശ്നങ്ങൾ*, പു. 53.

- ഫാദർ ഡോ. ജോസഫ് ചീരൻ

3

ബൈബിളും കേരളത്തിന്റെ സാമൂഹ്യ നവോത്ഥാനവും

പത്തൊമ്പതും ഇരുപതും നൂറ്റാണ്ടുകൾ ഭാരതത്തിൽ പൊതുവെയും കേരളത്തിൽ സവിശേഷമായും നവോത്ഥാനത്തിന്റെ നൂറ്റാണ്ടുകളായിരുന്നുവെന്ന് നമുക്കറിയാം. എന്നാൽ നവോത്ഥാനത്തെ ഒരു യാഥാർത്ഥ്യമാക്കി മാറ്റിയതിന്റെ അണിയറയിൽ പ്രവർത്തിച്ച ധാരകളെന്തൊക്കെയാണ്? ഇംഗ്ലീഷ് വിദ്യാഭ്യാസവും തൽ പ്രചാരകരായ മിഷണറിമാരും ഈ നവോത്ഥാനശ്രമങ്ങളിൽ പങ്കാളികളായിരുന്നുവെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. ഒരു ഭാഷ എത്രമേൽ സമ്പന്നമായാലും അതിന്ന് നവോത്ഥാനത്തിന്റെ ഭാരം താങ്ങാനാവുമോ? എങ്കിൽ പിന്നെ, കൂടുതൽ സമ്പന്നമായിരുന്ന സംസ്കൃതഭാഷയും സാഹിത്യവും ഇവിടെ സന്നിഹിതമായിട്ടും ആശയ വിപ്ലവം ഈ നാട്ടിൽ നടക്കാതെ പോയതെന്തുകൊണ്ട്? മിഷണറിമാരുടെ മതപ്രചാരണയത്നങ്ങളും നേരിട്ട് ഈ നാടിന്റെ നവോത്ഥാനത്തിന് സഹായിച്ചു എന്ന് പറയാനാവില്ല. മതപരിവർത്തന യത്നങ്ങളോട് ആദിമുതലേ നീരസം പുലർത്തിപ്പോന്ന ഒരു നാട്ടിൽ മിഷണറിമാരുടെ മതപ്രചാരണയത്നങ്ങൾക്ക്, നവോത്ഥാന സംരംഭങ്ങൾ എന്ന നിലയിൽ സ്വാഗതം ലഭിക്കുക വയ്യ.

ലോകത്തെവിടെയും എക്കാലവും നവോത്ഥാനം സാക്ഷാത്ക്കരിച്ചിട്ടുള്ളത് അതിന്റെ പശ്ചാത്തലമായി ദർശനവിപ്ലവം അരങ്ങേറിയപ്പോൾ മാത്രമാണ്. ഭാരതത്തിൽ, ഈ ദർശന വിപ്ലവം യാഥാർത്ഥ്യമായത് 18-ാം നൂറ്റാണ്ടിൽ ആരംഭിച്ച് 19-ാം നൂറ്റാണ്ടിൽ സാർവത്രികമായിത്തീർന്ന ബൈബിൾ വിവർത്തനങ്ങളുടെ ആവിർഭാവത്തോടെയാണ്. എ.ഡി. ആദ്യ നൂറ്റാണ്ടു മുതൽ ക്രിസ്തുമതം ഭാരതത്തിൽ സന്നിഹിതമായിരുന്നുവെങ്കിലും അവർ ബൈബിളിനെ പള്ളിക്കുള്ളിൽ ഒരു 'ഞായറാഴ്ച വിഷയ' മായി പരിമിതപ്പെടുത്തുകയായിരുന്നു. സുറിയാനി ക്രിസ്ത്യാനികൾ എല്ലാ അർത്ഥത്തിലും പള്ളിയിൽ മാത്രമേ ക്രിസ്ത്യാനികളായിരുന്നുള്ളൂ. പുറമെ അവർ അസ്സൽ കേരളീയരായിരുന്നു. കേരളത്തിന്റെ എല്ലാ ശാപങ്ങളും അവരെയും ഗ്രസിച്ചിരുന്നു. എന്നാൽ മിഷനറിമാർ ബൈബിളിനെ മലമുകളിൽ - വിളക്കുതണ്ടിന്മേൽ - സ്ഥാപിച്ചു. അതിന്റെ പ്രകാശം എങ്ങും വ്യാപിച്ചു. ആ പ്രകാശവീചികൾക്കു മുമ്പിൽ അന്ധകാരത്തിന് ഒളിവിടങ്ങളില്ലാതെയായി. മിഷണറിമാരുടെ മതപരിവർത്തന ശ്രമങ്ങളെ വെറുക്കുമ്പോഴും അവർ അവതരിപ്പിച്ച ബൈബിളിനെ നെഞ്ചേറ്റി

ലാളിക്കുന്ന ഏതാനും മനീഷികൾ ഇവിടെ രൂപപ്പെട്ടു. അവരുടെ തേജോമയമായ ദൃഷ്ടിപാതം തമസ്സിൽ വിദ്യുല്ലതികയായി. ഇവിടെ കേരള നവോത്ഥാനത്തിന്റെ കഥ ആരംഭിക്കുന്നു.

കേരള നവോത്ഥാനത്തിൽ ബൈബിൾ വഹിച്ച പങ്ക് നാളിതുവരെ വിശദമായി ചർച്ച ചെയ്യപ്പെട്ടിട്ടില്ല. രാജാറാം മോഹൻറോയി തൊട്ട് നാരായണഗുരു വരെയുള്ള സാമൂഹ്യ പരിഷ്ക്കർത്താക്കൾ എത്രമാത്രം ബൈബിൾ സ്വാധീനത്തിന് വിധേയരായിരുന്നുവെന്ന് അവരുടെ കൃതികൾ സാക്ഷ്യം വഹിക്കുന്നു. ഭാരതീയ മതങ്ങൾ, ദായക്രമങ്ങൾ, വിശ്വാസാചാരങ്ങൾ, ദർശന സംഹിതകൾ തുടങ്ങി സർവതല സ്പർശിയായ ഒരു ഉയിർത്തെഴുന്നേൽപ്പ് ഇവിടെ സഫലമാക്കിയത് ബൈബിളിന്റെ ഉദാത്തവും ഗംഭീരവുമായ ശബ്ദമാണ്. ആ ശബ്ദം കേരളഭാഷയിൽ ആദ്യമായി പകർന്നുതന്ന, പുലിക്കോട്ടിൽ തിരുമേനിയും അദ്ദേഹത്തിന്റെ ബൈബിൾ വിവർത്തനവും കേരള നവോത്ഥാനത്തെ എങ്ങനെ സ്വാധീനിച്ചു എന്നാണ് ഈ പ്രബന്ധത്തിൽ അന്വേഷിക്കുന്നത്. അതാണീ പ്രബന്ധത്തിന്റെ ലക്ഷ്യവും പ്രസക്തിയും.

പതിനെട്ടാം നൂറ്റാണ്ടിന്റെ ഉത്തരാർധവും ഇരുപതാം നൂറ്റാണ്ടിന്റെ പൂർവ്വാർധവും ഉൾക്കൊള്ളുന്ന രണ്ടു നൂറ്റാണ്ടുകാലത്ത് കേരളത്തിന്റെ മുഖച്ഛായ തന്നെ അക്ഷരാർത്ഥത്തിൽ മാറി. കേരളം ഒരു സമ്പൂർണ്ണ സാംസ്ക്കാരിക നവോത്ഥാനത്തിന് വിധേയമായി. സാമൂഹ്യ പരിഷ്ക്കർത്താക്കളും, ഇംഗ്ലീഷ് വിദ്യാഭ്യാസവും, ക്രിസ്തുമതത്തിന്റെ മിഷൻ പ്രവർത്തനങ്ങളും വലിയൊരളവിൽ ഈ പരിവർത്തനങ്ങളുടെ പ്രേരകങ്ങളായി വർത്തിച്ചിട്ടുണ്ട്.

സാമൂഹ്യമായ അധഃപതനത്തിന്റെ നെല്ലിപ്പലക കണ്ട കാലഘട്ടമായിരുന്നു 18-ാം നൂറ്റാണ്ടിന്റെ അവസാനപാദം. 1792-ലെ ശ്രീരംഗപട്ടണം ഉടമ്പടിയോടുകൂടി മലബാർ പ്രദേശം ബ്രിട്ടീഷുകാരുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ വന്നു. തിരുവിതാംകൂറിൽ സ്വാതിതിരുനാൾ മഹാരാജാവിനുശേഷം ബ്രിട്ടീഷ് സ്വാധീനം വർദ്ധിച്ചു. പാലിയത്തച്ചനിലൂടെ കൊച്ചി രാജ്യവും ഇംഗ്ലീഷുകാരുടെ നിയന്ത്രണത്തിലായി. ഇങ്ങനെ മിക്കവാറും കേരളത്തിന്റെ എല്ലാ ഭാഗങ്ങളും ഇംഗ്ലീഷ് സ്വാധീനവലയത്തിലകപ്പെട്ട നിർണ്ണായകമായ കാലഘട്ടമായിരുന്നു പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കം. വിദേശാധിപത്യത്തിന്റെ സമ്മർദ്ദത്തിൽ എല്ലാ ദേശാഭിമാനികളും തങ്ങളുടെ ആവേശം അടിയറ വെച്ചു. ബ്രിട്ടന് എതിരായി പടനയിച്ച ടിപ്പുവിന്റെ പതനവും ഈ സന്ദർഭത്തിന്റെ ഗൗരവം വർദ്ധിപ്പിച്ചു. 1800-ൽ കേരളം സന്ദർശിച്ച ഫ്രാൻസിസ് ബുക്കാനൻ തന്റെ യാത്രാവിവരണത്തിൽ ഈ കാലഘട്ടത്തെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. അന്ധവിശ്വാസവും അനാചാരവും കേരള സംസ്ക്കാരത്തിന്റെ മുഖമുദ്ര

യായിരുന്നു എന്ന അദ്ദേഹത്തിന്റെ നിരീക്ഷണം മുഖവിലയ്ക്കെടുക്കാവുന്നതാണ്. എ.ഡി. ഒന്നാം നൂറ്റാണ്ടിൽത്തന്നെ ക്രിസ്തുമതം കേരളത്തിൽ എത്തിച്ചേർന്നു. പിന്നീട് മുന്നൂറ് കൊല്ലങ്ങൾക്കുശേഷമേ റോമാസാമ്രാജ്യത്തിൽപോലും ക്രിസ്തുമതത്തിന് അംഗീകാരമുണ്ടായിട്ടുള്ളൂ. എ.ഡി. 52-ൽ മാർത്തോമാശ്ലീഹാ കൊടുങ്ങല്ലൂരിലെത്തിയെന്നതാണ് സാഹചര്യങ്ങളുടെ പിൻബലമുള്ള ശക്തമായ പാരമ്പര്യം. ഒന്നാം നൂറ്റാണ്ടിലെ കേരളമുൾക്കൊള്ളുന്ന തമിഴകത്തിലെ മതത്തെക്കുറിച്ച് സംഘകാല കൃതികളിലൊന്നും പരാമർശമില്ലാത്തത് പരമതാഭ്യുദയാസഹിഷ്ണുക്കളായ സംഘകാല കവികൾ ക്രിസ്തുമതത്തെ ബോധപൂർവ്വം അവഗണിച്ചതുകൊണ്ടായിരിക്കാം (സംഘകാലമതം ക്രിസ്തുമതമായിരുന്നെന്ന് വില്യം മോറീസ് എന്ന ചരിത്ര വിദ്യാർത്ഥി ഗവേഷണം നടത്തി സ്ഥാപിച്ചിട്ടുള്ളത് ശ്രദ്ധേയവും പഠനാർഹവുമാണെന്ന് ശ്രീ. എൻ. വി. കൃഷ്ണവാര്യർ അഭിപ്രായപ്പെട്ടിരിക്കുന്നത് അനുസ്മരണാർഹമാണ്).

രണ്ടാം നൂറ്റാണ്ടു മുതൽ 16-ാം നൂറ്റാണ്ടുവരെ ഭാരത ക്രൈസ്തവ സഭ പേർഷ്യൻ സഭയുടെ കീഴിലായിരുന്നു. ഇക്കാലമത്രയും തദ്ദേശീയ ക്രൈസ്തവർ ഭാരതീയാചാരങ്ങളോടും, അനുഷ്ഠാനങ്ങളോടും സാമൂഹികമായും സാംസ്ക്കാരികമായും താദാത്മ്യം പ്രാപിച്ച് കഴിയുകയായിരുന്നു. ജാതിചിന്ത, വർണ്ണവർഗ്ഗ വ്യത്യാസങ്ങൾ, പുനർജന്മത്തിലും വിധിയിലും മറ്റുമുള്ള വിശ്വാസം, മൂർത്തീപൂജ, ആഭിചാരം, ബഹുഭാര്യത്വം, ബഹുഭർത്തൃത്വം, തീണ്ടൽ, അയിത്തം, തൊടീൽ, ബാല്യവിവാഹം എന്നിങ്ങനെയുള്ള അനാചാരങ്ങളിൽ ചിലതെങ്കിലും ആദിമകേരള ക്രിസ്ത്യാനികളുടെ ജീവിതത്തിലും പ്രതിഫലിച്ചിരുന്നു.

15-ാം നൂറ്റാണ്ടിന്റെ അവസാന വർഷങ്ങളിൽ, കേരളത്തിൽ വന്ന പോർച്ചുഗീസുകാർ കേരളത്തെ സാമൂഹ്യമായും മതപരമായും ചൂഷണത്തിന് വിധേയമാക്കി. അവരെ തുടർന്ന് വന്ന ഡച്ചുകാരും ഫ്രഞ്ചുകാരുമാകട്ടെ, ചൂഷണം തുടർന്നെങ്കിലും മതപരമായ കാര്യങ്ങളിൽ നിസ്സംഗത പാലിച്ചു. ഈ കാലഘട്ടത്തിൽ ഭാരത ക്രൈസ്തവസഭ മാർത്തോമ്മാ മെത്രാന്മാരുടെ കീഴിൽ അസ്തിത്വ ഭദ്രതയ്ക്കു വേണ്ടി പോരാടുകയായിരുന്നു. കലുഷിതമായ ഈ ഒരു അന്തരീക്ഷത്തെ സധൈര്യം നേരിട്ട് വിശ്വാസികൾക്ക് വീറും വാശിയും നേടിക്കൊടുത്ത് കാലാനുസൃതം പ്രവർത്തിക്കുന്നതിന് മുന്നിട്ടിറങ്ങിയ ത്യാഗോജ്ജ്വല വ്യക്തിത്വത്തിനുടമയായിരുന്നു നമ്മുടെ സ്മര്യപുരുഷൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് ഒന്നാമൻ.

അന്നത്തെ സഭയ്ക്കും സമൂഹത്തിനും പുതുജീവൻ പകരുവാനും സാമൂഹ്യ നവോത്ഥാനത്തിന്റെ പ്രേരകശക്തിയായി വർത്തിക്കുവാനും ആ പിതാവിന് കഴിഞ്ഞു. ബ്രിട്ടീഷുകാർ മിഷനറി പ്രവർത്തനങ്ങൾ

കൊണ്ടും, ഇംഗ്ലീഷു വിദ്യാഭ്യാസംകൊണ്ടും സമൂഹത്തെ നവീകരിക്കുന്നതിന് വർഷങ്ങൾക്കു മുമ്പുതന്നെ ആ പുണ്യപുരുഷൻ ദീർഘവീക്ഷണത്തോടെ താൻ ഉൾപ്പെടുന്ന സമൂഹത്തിന്റെ നവോത്ഥാനത്തിനുവേണ്ടി ചെയ്ത സേവനങ്ങൾ അമൂല്യമാണ്. ഐതിഹ്യങ്ങളിലും അന്ധവിശ്വാസങ്ങളിലും ആണ്ടുകിടക്കുന്ന സമൂഹത്തിൽ ക്രിസ്തുദേവന്റെ തത്വങ്ങൾ പ്രയോഗത്തിൽ വരുത്തുന്നതാണ് അഭികാമ്യമെന്ന് അദ്ദേഹം കരുതി. കേവലം ചില സംഭാവനകളുടെ പരിധിയിൽ ഒതുക്കി നിർത്താവുന്നതല്ല ആ ഉന്നത വ്യക്തിത്വം. ചട്ടമ്പിസ്വാമികൾ, നാരായണഗുരു, മന്നത്ത് പത്മനാഭൻ, ഡോ. പൽപ്പു, അയ്യങ്കാളി, സഹോദരൻ അയ്യപ്പൻ എന്നീ നവോത്ഥാന നായകന്മാർക്ക് കേരളം ജന്മം നൽകുന്നതിന് നൂറു വർഷം മുമ്പുതന്നെ കേരളത്തിന്റെ സാമൂഹ്യസാംസ്ക്കാരിക മതരംഗങ്ങളിൽ നിറഞ്ഞുനിന്ന ആ മഹാരഥൻ തന്റെ വ്യക്തിപ്രഭാവം കൊണ്ട് മലങ്കരസഭയിലെന്നപോലെ കേരള സമൂഹത്തിലും തന്റെ പ്രതിഭയും കർമ്മശേഷിയും വ്യാപരിപ്പിച്ചിട്ടുണ്ട്. അധഃകൃതവർഗ്ഗത്തോട് അദ്ദേഹത്തിന് ആത്മാർത്ഥമായുണ്ടായിരുന്ന അനുകമ്പ സുവിദിതമാണ്. ഉയർന്ന ജാതിക്കാരാണെന്നഭിമാനിക്കുന്നവരുടെ ധിക്കാരത്തെ പൊറുക്കുവാൻ അദ്ദേഹം തയ്യാറായിരുന്നില്ലെന്നു മാത്രമല്ല അവരുടെ കുതന്ത്രങ്ങളെ ധീരതയോടെ എതിർക്കുവാനും സന്നദ്ധനായിരുന്നു. പകലോമറ്റം കുടുംബവാഴ്ചയുടെ അന്ത്യത്തിന് വഴിതെളിച്ചത് ഈ കൂസലില്ലായ്മയായിരുന്നു. പുലിക്കോട്ടിൽ തിരുമേനിയെപ്പോലെ പ്രാപ്തനും ധീരനും നിർഭയനുമായ ഒരാൾ പൊതുജീവിതത്തിൽ സജീവമായി പങ്കെടുക്കുമ്പോൾ ശത്രുക്കൾ ഇല്ലാതിരിക്കാൻ തരമില്ല. അനീതി കണ്ട് മിണ്ടാതിരിക്കുകയും, അക്രമങ്ങൾക്കു നേരെ കണ്ണടയ്ക്കുകയും ചെയ്തില്ല എന്നതാണ് അദ്ദേഹത്തിനെതിരായ ആരോപണം. ഈ ആരോപണം അക്കാലത്ത് എഴുതപ്പെട്ട "നിരണം ഗ്രന്ഥവരി" എന്ന 'പകലോമറ്റം ഡയറിക്കുറിപ്പി'ൽ പക്ഷപാതപരമായി എഴുതിച്ചേർത്തിട്ടുണ്ട്. "വെടക്കാക്കി തനിയ്ക്കാക്കുക" എന്ന പഴഞ്ചൊല്ലിനെ അനുസ്മരിപ്പിക്കുന്ന ആ 'ഡയറി'യിലെ പരാമർശം അതർഹിക്കുന്ന അവജ്ഞയോടെ അവഗണിക്കാമെങ്കിലും സ്മര്യപുരുഷന്റെ ധീരോദാത്തങ്ങളായ പ്രവർത്തനങ്ങളാണ് ഈ വക പരാമർശങ്ങൾക്ക് ഇടയാക്കിയതെന്ന് ന്യായമായും അനുമാനിക്കാം.

തിരുമേനിയുടെ (അന്ന് ഇട്ടൂപ്പ് റമ്പാൻ) നേതൃത്വത്തിലും കായംകുളം പീലിപ്പോസ് റമ്പാൻ, തിമ്മയ്യാപ്പിള്ള എന്നിവരുടെ സഹകരണത്തിലും സുറിയാനിയിൽ നിന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്ത ബൈബിൾ 1811-ൽ ക്ലോഡിയസ് ബുക്കാനന്റെ ചുമതലയിൽ ബോംബെയിൽ അച്ചടിപ്പിച്ചു. അങ്ങനെ മലയാളത്തിൽ ആദ്യമായി വേദപുസ്തക സത്യങ്ങൾ പ്രചരിക്കുവാനിടയായി. 1711-ൽ ബർത്തലോമിയോ സീഗൻബാൾഗിന്റെ നേതൃത്വത്തിൽ ബൈബിൾ തമിഴ് ഭാഷയിലേക്ക് പരിഭാഷ

പ്പെടുത്തിയിരുന്നെങ്കിലും പരസഹായം കൂടാതെ കേരളീയർക്ക് ക്രിസ്തുദേവന്റെ ദർശനങ്ങൾ മനസ്സിലാക്കിക്കൊടുക്കുന്നതിന് ഈ മലയാളം വിവർത്തനമാണ് സഹായിച്ചത്. 1815-ൽ തിരുമേനിയുടെ നേതൃത്വത്തിൽ കോട്ടയത്ത് ഒരു സെമിനാരി സ്ഥാപിച്ച് വൈദിക പരിശീലനവും ഇംഗ്ലീഷ് വിദ്യാഭ്യാസവും ആരംഭിച്ച് കേരളത്തിന്റെ സമ്പൂർണ്ണ പരിവർത്തനത്തിന് നാന്ദികുറിച്ചു. ബൈബിളിന്റെ ജൈത്രയാത്രയും ഇംഗ്ലീഷ് വിദ്യാഭ്യാസം പ്രചരിപ്പിച്ച മിഷനറിമാരുടെ യത്നങ്ങളും ഒരു നാടിന്റെ നവോത്ഥാനം യാഥാർത്ഥ്യമാക്കിയ കഥയാണ് കേരളചരിത്രം ഉദ്ഘോഷിക്കുന്നത്.

ബൈബിൾ ദർശനം

മനുഷ്യനെക്കുറിച്ചും പ്രകൃതിയെക്കുറിച്ചും, ഈശ്വരനെക്കുറിച്ചും ബൈബിൾ നൽകിയ ഉൾക്കാഴ്ചകൾ കേരളത്തിൽ ഒരു സാമൂഹ്യവിപ്ലവം അനിവാര്യമാക്കി. ജീവിതം അമൂല്യമാണെന്നും ലോകവും മനുഷ്യനും ഈശ്വരസൃഷ്ടിയാണെന്നും മനുഷ്യന്റെ ഉണ്മ ദൈവദത്തമാണെന്നും അതിനാൽ മനുഷ്യന് ദൈവത്തോട് അളവറ്റ കടപ്പാടുണ്ടെന്നും ബൈബിൾ വ്യക്തമാക്കി. ഈ തത്വങ്ങൾ ഉൾക്കൊള്ളുവാൻ കേരളീയർക്ക് സഹായകമായി തീർന്നത് മലയാളം ബൈബിളിന്റെ ആവിർഭാവത്തോടെയായിരുന്നു. ഫലേച്ഛ കൂടാതെയുള്ള സൽക്കർമ്മങ്ങൾ കൊണ്ട് മനുഷ്യൻ ഈശ്വരനെ പ്രസാദിപ്പിക്കണം. ഇത് വൈയക്തിക മുക്തിയുടെ പ്രശ്നമല്ല, അടിച്ചേൽപ്പിക്കപ്പെട്ട നിയമവുമല്ല. മനുഷ്യൻ സ്വാതന്ത്ര്യത്തിൽ അനുഷ്ഠിക്കേണ്ട ധർമ്മമാണ്. ഈ ധർമ്മത്തിൽ നിന്നുള്ള വ്യതിചലനമാണ് അധർമ്മം അഥവാ പാപം. ഭാരതീയ ചിന്തയിൽ കർമ്മതലത്തിൽ പാപത്തെ പരിമിതപ്പെടുത്തിയപ്പോൾ ബൈബിൾ പാപത്തിന്റെ മാനസികതലത്തെകൂടി സ്പർശിച്ചു. എബ്രായ-യവന-ഹൈന്ദവ ചിന്തയിൽ 'നീ വ്യഭിചാരം ചെയ്യരുത്' എന്ന പ്രമാണത്തിന് കർമ്മതലത്തിൽ വ്യാഖ്യാനം കൊടുക്കുമ്പോൾ 'സ്ത്രീയെ മോഹത്തോടെ നോക്കുന്നത് തന്നെ വ്യഭിചാരമാണ്' എന്ന മാനസികതലത്തിലേക്ക് ബൈബിൾ അതിന്ന് വിസ്തൃതി നൽകി. 'നീ കൊല ചെയ്യരുത്' എന്ന പ്രമാണത്തെ 'സഹോദരനോട് കോപിക്ക പോലുമരുത്' എന്ന് ഉദാത്തീകരിച്ചു. പിൽക്കാലത്ത് രാമകൃഷ്ണ പരമഹംസൻ, സ്വാമി വിവേകാനന്ദൻ, മഹാത്മാഗാന്ധി എന്നിവർ ഈ 'ഗിരിപ്രഭാഷണ' തത്വങ്ങളെ സ്വന്തം ജീവിതപ്രമാണങ്ങളായി വളർത്തിയെടുത്തു എന്നത് വിസ്മരിക്കാവുന്ന കാര്യമല്ല.

മനുഷ്യന് കുറഞ്ഞത് മൂന്നു തലങ്ങളിലെങ്കിലും പ്രതിബദ്ധതയുണ്ട്. ഒന്ന്, തന്നോടുതന്നെയുള്ള ഉത്തരവാദിത്തം. രണ്ട്, സമൂഹത്തോടുള്ള ഉത്തരവാദിത്തം. ദൈവം പിതാവും, മനുഷ്യർ ആ പിതാവിന്റെ മക്കളും. ഈ സാഹോദര്യത്തിൽ വിഭാഗീയതയ്ക്ക് സ്ഥാനമില്ല. ഈ സഹോദരരോടുള്ള പ്രതിബദ്ധതയാണ് മനുഷ്യജീവിതത്തിന് സാമൂഹ്യമാനം

നൽകുന്നത്. മൂന്ന്, ഈശ്വരനോടുള്ള ഉത്തരവാദിത്തം. ഈ മൂന്നു തലങ്ങളും ശരിയായ അനുപാതത്തിൽ സാക്ഷാൽക്കരിക്കുമ്പോഴാണ് മനുഷ്യജീവിതത്തിന് അർത്ഥമുണ്ടാകുന്നത്. ഇതാണ് ബൈബിൾ ഭാഷയിൽ വിശുദ്ധി.

ഇന്ത്യയിൽ പ്രമുഖ മതങ്ങളിൽ ഹിന്ദുമതം, ജൈനമതം, ബുദ്ധമതം, ഇസ്ലാംമതം എന്നിവ മനുഷ്യന്റെ ത്രിവിധത്തിലുള്ള ഈ ഉത്തരവാദിത്വങ്ങളെക്കുറിച്ച് വേണ്ടത്ര ഗൗരവമായി പരിഗണിക്കുന്നില്ലെന്നു വേണം കരുതുവാൻ. ശ്രീ ശങ്കരന്റെ മായാവാദത്തിന്റെയും യോഗ വിധികളുടെയും ഏറ്റവും വലിയ പോരായ്മ അവ സമൂഹത്തെ വിസ്മരിക്കുന്നു എന്നതാണ്. "അപ്രാപഞ്ചികരായി വൈയക്തിക കൈവല്യം മാത്രം ലക്ഷ്യമാക്കി യോഗാനുഭൂതിയിൽ ലയിച്ചുപോന്ന ഭാരതത്തിലെ പൂർവ്വരാമൃഷീന്ദ്രന്മാർ മനുഷ്യനെ സമൂഹജീവിയായി കാണാൻ ശ്രമിച്ചില്ല." സ്ഥലകാലപരിമിതിയുള്ള മനുഷ്യജീവിയുടെ മഹത്വത്തെയും അന്തസ്സിനെയും ഉയർത്തുവാൻ പരിശ്രമിച്ചില്ല, ആര്യഭാരതത്തിൽ നിലനിന്നിരുന്ന അയിത്തവും അസ്പൃശ്യതയും ഋഷീസംസ്ക്കാരത്തിന് തീരാക്കളങ്കമായിരുന്നു.[1]

തികച്ചും അപ്രാപഞ്ചികവും വൈയക്തിക മുക്തി മാത്രം ലക്ഷ്യമാക്കുന്നതുമാണ് ഭാരതീയ മതദർശനം. ബൈബിൾ ദർശനത്തിൽ മനുഷ്യനും ലോകവും മിഥ്യയല്ല, യാഥാർത്ഥ്യമാണ്. "ഊർ ദേശത്തു നിന്ന് പാലും തേനും ഒഴുകുന്ന കനാനിലേക്കുള്ള" യാത്രയാണ് ജീവിതലക്ഷ്യം. പ്രഖ്യാപിത ലക്ഷ്യമുള്ളതിനാൽ ജീവിതം സാർത്ഥകമാണ്. ബൈബിൾ വിശ്വാസം ഭാരത സംസ്കാരത്തിലേക്ക് സംക്രമിപ്പിച്ച ആദ്യത്തെ സന്ദേശം ലോകവും കാലവും ജീവിതവും സാർത്ഥകമാണെന്ന സത്യമാണ്.[2]

വ്യാവഹാരിക ലോകത്തിൽ മനുഷ്യൻ കർമ്മബദ്ധനാണ്. അതിനാൽ മനുഷ്യൻ ജനനമരണ ചക്രത്തിൽ കുടുങ്ങിക്കിടക്കുന്നു എന്ന് ഹൈന്ദവമതം ചിന്തിക്കുന്നു. കർമ്മഫലം അനുഭവിക്കാനായി ജീവികൾ വീണ്ടും വീണ്ടും രൂപഭേദത്തോടെ പുനർജനിക്കുന്നു. മരണാനന്തരവും ഭൂമിയിലേക്ക് തിരികെ വരാമെന്നുള്ള വ്യാമോഹം നൽകുന്നതിനാൽ പുനർജ്ജന്മം ആകർഷകമാണ് എന്ന് ഒരർത്ഥത്തിൽ പറയാം. എന്നാൽ വീണ്ടും വീണ്ടും ജനിക്കുന്നത് വീണ്ടും വീണ്ടും മരിക്കാനാണെന്നത് ദുഃഖമുണ്ടാക്കുന്നു. നല്ല ജന്മം ലഭിക്കുവാൻ നല്ല കർമ്മങ്ങൾ ചെയ്യണം. എന്നാൽ പൂർവ്വാജ്ജിത പാപത്തിന്റെ പ്രേരണകൾ സത്പ്രവൃത്തികളിൽ നിന്ന് മനുഷ്യനെ വിലക്കുന്നു. ഇതാണ് ഈ വീക്ഷണത്തിന്റെ വൈരുധ്യം. എന്നാൽ ക്രിസ്തുമതത്തിൽ പുനർജന്മവിശ്വാസമില്ല; ജീവിതത്തെക്കുറിച്ചുള്ള ഭാരതീയ വീക്ഷണത്തിന് ഗൗരവം നൽകുന്നതിൽ ബൈബിൾ ഗാഢമായി സ്വാധീനം ചെലുത്തിയിട്ടുണ്ട്.

ദുഷ്ടന്മാരെ നിഗ്രഹിക്കുക ശിഷ്ടന്മാരെ അനുഗ്രഹിക്കുക എനന താണ് അവതാരദൗത്യം എന്ന് പുരാണങ്ങൾ പഠിപ്പിക്കുന്നു. എന്നാൽ ബൈബിൾ ആകട്ടെ പാപിയെ സ്നേഹിച്ച് പാപത്തെ വെറുത്ത യേശുവിനെ ഭാരതത്തിന് പരിചയപ്പെടുത്തി. ശത്രുവിനെപ്പോലും സ്നേഹിക്കുക എന്ന തത്വം അംഗീകരിച്ച ബൈബിൾ ദർശനം ഭാരതത്തിന് നവീനമായിരുന്നു. 1838 ആകുമ്പോഴേക്കും ബൈബിൾ 38 ഭാരതീയ ഭാഷകളിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. അതിനാൽ ബൈബിൾ ദർശനം കേരളത്തെ മാത്രമല്ല ഭാരതത്തെ മുഴുവനായും സ്വാധീനിച്ചിട്ടുണ്ട് എന്ന് വേണം പറയാൻ. രാജാറാം മോഹൻറോയ്, രാമകൃഷ്ണ പരമഹംസൻ, സ്വാമി വിവേകാനന്ദൻ തുടങ്ങിയ നവോത്ഥാന നായകന്മാർ ബൈബിൾ ദർശനം ഉൾക്കൊണ്ടവരാണ് എന്നത് സുവിദിതമാണല്ലോ.

ബൈബിൾ ദർശനങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം:

1. ദൈവം പിതാവാണ്. മനുഷ്യർ ആ പിതാവിന്റെ മക്കളും.

2. മനുഷ്യർ സഹോദരങ്ങളാണ്. സമൻമാരാണ്.

3. സ്വതന്ത്രനെങ്കിലും മനുഷ്യന് മൂന്നു തലത്തിലുള്ള ഉത്തരവാദിത്തങ്ങളുണ്ട്. അവനോട് തന്നെയുള്ളത്; സമൂഹത്തോടുള്ളത്; ദൈവത്തോടുള്ളത്. 4. ദൗത്യത്തിൽ നിന്ന് ബോധപൂർവ്വമോ അല്ലാത്തതോ ആയ വ്യതിചലനമാണ് പാപം.

5. മനസ്സാ വാചാ കർമ്മണാ പാപം വ്യാപരിക്കാവുന്നതാണ്.

6. ദൈവം പാപിയെ സ്നേഹിച്ചു, പാപത്തെ വെറുത്തു.

7. മനുഷ്യർ ഈശ്വരചൈതന്യ വാഹകരാണ്. അതിനാൽ ശത്രുവിനെപ്പോലും സ്നേഹിക്കണം.

8. ഉദാത്തമായ ലക്ഷ്യത്തിലേക്കുള്ള യാത്രയാണു ജീവിതം.

9. ജീവിതം ഒരിക്കലേ ഉള്ളൂ.

ചുരുക്കിപ്പറഞ്ഞാൽ ബൈബിൾ ദർശനങ്ങൾ കേരളത്തിൽ വിപ്ലവത്തിന്റെ വേലിയേറ്റങ്ങൾ സൃഷ്ടിച്ചു. ഇതിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടവരാണ് പിന്നീട് സാമൂഹ്യ നവോത്ഥാനത്തിന് അരയും തലയും മുറുക്കി രംഗപ്രവേശം ചെയ്തത്. 'കേരളം ഒരു ഭ്രാന്താലയമാണ്' എന്ന അവസ്ഥയിൽ നിന്ന് ഭാരതത്തിലെ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനം എന്ന നിലയിലേക്കുള്ള വളർച്ച ഈ സാംസ്കാരിക നായകന്മാരുടെ പ്രയത്നഫലമാണ്.

രാജാക്കന്മാരുടെയും മറ്റും ചരിത്രം ചമക്കുവാൻ തുനിഞ്ഞവർ സാധാരണജനങ്ങളുടെ ചരിത്രം അവഗണിക്കുമായിരുന്നു. എന്നാൽ ഈ ചിന്തയ്ക്ക് ശാസ്ത്രീയമായ ചരിത്രരചന വ്യത്യാസം വരുത്തിയിട്ടുണ്ട്.

തന്മൂലം എ. ശ്രീധരമേനോൻ ഈ കാലഘട്ടത്തെപ്പറ്റി പറയുന്നത് യാഥാർത്ഥ്യങ്ങളുടെ ഒരംശം മാത്രമാണെങ്കിലും അതുപോലും കാലഘട്ടത്തിന്റെ ദയനീയത വിളംബരം ചെയ്യുന്നതാണ്.

“സാമൂഹ്യമായ സ്വാതന്ത്ര്യത്തിന്റേയോ സമത്വത്തിന്റേയോ തത്വങ്ങളിലധിഷ്ഠിതമായിരുന്നില്ല അന്നത്തെ കേരള സമുദായം. അതിരൂക്ഷമായ ജാതിവ്യത്യാസമായിരുന്നു സമുദായ സംഘടനയുടെ മുഖ്യസവിശേഷത. ഉയർന്ന ജാതിക്കാർക്കും താഴ്ന്ന ജാതിക്കാർക്കും ആഴമേറിയ ഒരു കിടങ്ങ് അവരെ വേർതിരിക്കാനുണ്ടായിരുന്നു. തിരുവിതാംകൂറിലേയും കൊച്ചിയിലേയും രാജാക്കന്മാരുടെ അധികാരം കേന്ദ്രീകരിക്കപ്പെടുകയും ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനി മലബാറിന്റെ ഭരണം നേരിട്ടെടുക്കുകയും ചെയ്തിരുന്നുവെങ്കിലും ബ്രാഹ്മണർ, ക്ഷത്രിയർ, നായന്മാർ തുടങ്ങിയ ഉയർന്ന ജാതിക്കാരുടെ വിശേഷാവകാശങ്ങൾക്കും ആനുകൂല്യങ്ങൾക്കും കുറവേതും സംഭവിച്ചിരുന്നില്ല. അവരായിരുന്നു ഭൂവുടമകൾ. പ്രധാനമായും മാപ്പിളന്മാർ, ഈഴവർ തുടങ്ങിയ സമുദായക്കാരുൾപ്പെട്ട കുടിയാൻ വർഗ്ഗത്തെ അവർ ഇഷ്ടംപോലെ മർദ്ദിച്ചു പോന്നു. അന്നത്തെ നിയമം സമവ്യാപകമായിരുന്നില്ല. ഉയർന്ന ജാതിക്കാർ ഭൂനികുതിയിൽ നിന്നു ഒഴിവാക്കപ്പെട്ടിരുന്നു. വധശിക്ഷ ബ്രാഹ്മണർക്ക് ബാധകമേ ആയിരുന്നില്ല. ഗൗരവാവഹമായ വ്യവഹാരങ്ങളിൽ വിധി കല്പിക്കുക ബ്രാഹ്മണ വൈദികരുടെ വിശേഷാധികാരമായിരുന്നു. താണജാതിക്കാരെ സംബന്ധിച്ചിടത്തോളം അങ്ങേയറ്റം കഠിനമായിരുന്നു ശിക്ഷാനിയമങ്ങൾ. മോഷണം, ഗോവധം തുടങ്ങിയ സാധാരണ കുറ്റങ്ങൾക്കുപോലും വധശിക്ഷയായിരുന്നു വിധിച്ചിരുന്നത്.”[4]

ഈ സമൂഹത്തിന് ഇന്നു കാണുന്ന രൂപത്തിലും ഭാവത്തിലുമുള്ള പരിവർത്തനം സംഭവിച്ചത് എങ്ങനെയാണ്? 18-ാം നൂറ്റാണ്ടുവരെ ഇല്ലാതിരുന്ന ഏതോ ബാഹ്യപ്രേരണയാണിതിന്റെ പുറകിലെന്ന് ന്യായമായും അനുമാനിക്കാം. ഈ പ്രേരണയുടെ സ്രോതസ്സന്വേഷിച്ചു പോകുന്ന ഗവേഷകൻ എത്തിച്ചേരുന്നത് 1811 മുതൽ പ്രത്യക്ഷപ്പെട്ട ബൈബിളിന്റെ മലയാള വിവർത്തനം എന്ന യാഥാർത്ഥ്യത്തിന്റെ മുമ്പിലാണ്. അന്നു തുടങ്ങിയ സ്വാധീനശക്തി പിന്നീടുള്ള നൂറ്റാണ്ടുകളെ തകിടം മറിച്ചു. ബൈബിൾ തത്വങ്ങൾ പ്രയോഗത്തിൽ വരുത്തുവാൻ തദ്ദേശീയ നസ്രാണികൾക്കൊപ്പം ഇംഗ്ലീഷ് മിഷനറിമാരും കഠിനാദ്ധ്വാനം ചെയ്തതിന്റെ ഫലമായി കേരളം സമ്പൂർണ്ണ പരിവർത്തനത്തിന്റെ വേദിയായി.

അക്കാലത്ത് കേരളത്തിൽ നിലനിന്നിരുന്ന ദുരാചാരങ്ങളുടെ ഭീകരതയറിഞ്ഞാലേ ബൈബിളിന്റെ സ്വാധീനശക്തി പൂർണ്ണമായും മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ.

അനാര്യസംസ്കാരത്തിന്റെ അപചയവും ആര്യമേധാവിത്വവും ഭാരതത്തിന്റെ പൊതുവേയും കേരളത്തിന്റെ പ്രത്യേകമായും സാമൂഹ്യാന്തരീക്ഷത്തെ കീഴ്മേൽ മറിച്ചു. ആര്യഭാരതത്തിൽ ശൂദ്രന് വിദ്യ നിഷിദ്ധമായിരുന്നു. ഒരു വശത്ത് സതി (പാതിവ്രത്യത്തിന്റെ ഉദാത്തത) മറുവശത്ത് ശിഥിലമായ സ്ത്രീ–പുരുഷ ബന്ധങ്ങൾ. അവർണ്ണരെ അനന്തമായി ചൂഷണം ചെയ്ത് കീഴ്പ്പെടുത്തുന്നതിന് സവർണ്ണർ നിർമ്മിച്ച നിയമസംഹിതകളുടെ ഹൃദയശൂന്യത; മരുമക്കത്തായ സമ്പ്രദായത്തിന്റെയും കൂട്ടുകുടുംബത്തിന്റെയും നീരാളിപ്പിടുത്തത്തിൽ ഞെരിഞ്ഞമർന്ന കുടുംബ ബന്ധങ്ങൾ; വഷളായ ജന്മി–കുടിയാൻ ബന്ധങ്ങൾ; ദേവദാസി എന്ന ക്ഷേത്രസമ്പ്രദായത്തിന്റെ മറവിൽ നടമാടിയിരുന്ന വേശ്യാവൃത്തി, മനുഷ്യരെ മൃഗതുല്യം വീക്ഷിക്കുന്ന അടിമത്തം; സ്ത്രീവിദ്യാഭ്യാസം വിലക്കുന്ന പ്രാകൃത സമൂഹം; അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും വിഹാരരംഗമായ ജാതികളും. ഇങ്ങനെ സാമൂഹ്യമായും സാംസ്കാരികമായും അധഃപതിച്ച സമൂഹത്തിന്റെ ചിത്രമാണ് പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങൾ അനാവരണം ചെയ്യുന്നത്.

അടിമത്തം

കേരളത്തിലെ ജാതി വ്യവസ്ഥിതി പാലൂട്ടി വളർത്തിയതാണിവിടത്തെ അടിമത്തം. ആര്യമതത്തിലേക്കുൾക്കൊള്ളാൻ ശ്രമിച്ച് പരാജയപ്പെട്ടപ്പോൾ ബോധപൂർവ്വം തരംതാഴ്ത്തപ്പെട്ടവരായിരിക്കണം ഇവിടത്തെ അടിമകൾ. വിദേശവ്യാപാരം അടിമത്തത്തെ പ്രോത്സാഹിപ്പിച്ചു. അടിമകൾ മനുഷ്യരാണെന്നു പോലും മനസ്സിലാക്കുന്നതിന് ഇവിടത്തെ ജന്മിമാർക്ക് കഴിഞ്ഞിരുന്നില്ല. കേണൽ മൺറോയുടെ കാലത്ത് (1810–1819) ഇവിടെ ഉണ്ടായിരുന്നത് അടിമത്തത്വത്തിന്റെ രൗദ്ര ഭാവമായിരുന്നു. "ഉടമകളുടെ ഇഷ്ടം പോലെ അടിമകളെ ആർക്കും എപ്പോഴും വില്ക്കാം. അടിമകളായ ഭർത്താക്കന്മാരെ അവരുടെ ഭാര്യമാരിൽ നിന്നും മാതാപിതാക്കളെ അവരുടെ സന്താനങ്ങളിൽ നിന്നും വേർപിരിച്ച് വില്ക്കുന്നതിന് ഒരു തടസ്സവുമുണ്ടായിരുന്നില്ല. ഇന്നു നാം കന്നുകാലികളെ കച്ചവടം ചെയ്യുന്നതിനേക്കാൾ കഷ്ടമായി അന്ന് അടിമകളെ കച്ചവടം ചെയ്തുപോന്നു. അതിനുള്ള പ്രത്യേകമായ ചന്തകളുമുണ്ടായിരുന്നു. .... പോർച്ചുഗീസുകാരും ഡച്ചുകാരും ഇവിടെ വന്നപ്പോൾ വളരെയധികം ആളുകളെ ബലമായി പിടിച്ചുകൊണ്ടുപോയി അന്യരാജ്യങ്ങളിൽ അടിമകളായി വിറ്റിരുന്നു. ..... ക്ഷാമകാലങ്ങളിൽ ബ്രാഹ്മണരൊഴികെയുള്ള എല്ലാ ജാതിയിലുംപെട്ട ആളുകളെ തുറന്ന കമ്പോളത്തിൽ വില്പന നടത്തിയിരുന്നു."[5]

അടിമത്തത്തിനെതിരായിട്ടെന്നല്ല അടിമവ്യാപാരത്തിനെതിരായി പോലും ശബ്ദമുയർത്തുവാൻ അന്നിവിടെ ആരും മുന്നോട്ടു വന്നില്ല.

1812-ൽ കേണൽ മൺറോയാണ് ആദ്യമായി ഈ പ്രശ്നം പൊതുജന ശ്രദ്ധയിൽ കൊണ്ടുവന്നതും അടിമവ്യാപാരത്തെ നിരോധിക്കുന്ന വിളംബരം പുറപ്പെടുവിച്ചതും. അടിമത്തം നിർത്തലാക്കണമെന്ന് ക്രൈസ്തവ മിഷനറിമാർ തിരുവിതാംകൂർ സർക്കാരിലേക്ക് മെമ്മോറാണ്ടം കൊടുത്തപ്പോൾ 'അടിമത്തം നിർത്തലാക്കിയാൽ പിന്നെ എങ്ങനെ കൃഷി നടക്കും' എന്നാണ് സർക്കാർ ചോദിച്ചത്.[6]

"അടിമ സമ്പ്രദായ"ത്തിൽ അലകൾ ഇളക്കി വിടാനേ 1784-ൽ ടിപ്പുവിന് കഴിഞ്ഞുള്ളൂ. 1820-കളിൽ ആ വ്യവസ്ഥിതിയുടെ കടയ്ക്കൽ തന്നെ കത്തിവെയ്ക്കാൻ പാശ്ചാത്യമിഷനറിമാർക്ക് കഴിഞ്ഞു. അവരുടെ പ്രവർത്തനങ്ങൾ ഒരു അർത്ഥത്തിൽ വിപ്ലവകരങ്ങൾ തന്നെയായിരുന്നു. മിഷനറിമാരുടെ പ്രവർത്തനങ്ങളുടെ പ്രേരകശക്തി ബൈബിൾ സംസ്കാരമാണെന്നുള്ളത് എടുത്തു പറയേണ്ടതില്ലല്ലോ. ഇങ്ങനെ ദൈവസൃഷ്ടിയിൽ മനുഷ്യരെല്ലാം സമന്മാരാണെന്ന ആശയത്തിന്റെ പ്രചോദനഫലമായി 1843-ൽ അടിമത്തം പാടെ നിർമ്മാർജ്ജനം ചെയ്യപ്പെട്ടു.

ജാതിവ്യവസ്ഥ

19-ാം നൂറ്റാണ്ടിലെ കേരളസമൂഹം ജാതിയുടെ ഉച്ചനീചത്വങ്ങളിൽ അധിഷ്ഠിതമായിരുന്നു. ന്യൂനപക്ഷം വരുന്ന ക്രൈസ്തവരും മഹമ്മദീയരും ഒഴികെ തിരുവിതാംകൂറിലെ ബഹുഭൂരിപക്ഷം വരുന്ന ഹൈന്ദവ ജനത സവർണ്ണരെന്നും അവർണ്ണരെന്നും രണ്ടായി വിഭജിക്കപ്പെട്ടിരുന്നു.

സമൂഹത്തിന്റെ ഉന്നതശ്രേണിയിൽ ബ്രാഹ്മണരായ നമ്പൂതിരിമാരായിരുന്നു. ഇവരിൽ തന്നെ ആഢ്യ ബ്രാഹ്മണന്മാരും മറ്റും പ്രത്യേക പദവി കൈയാളിയിരുന്നു. ഇവരിൽ നിന്നുള്ളവർ പൗരോഹിത്യകർമ്മം അനുഷ്ഠിച്ചിരുന്നതിനാൽ സമൂഹത്തിൽ പ്രത്യേക ആദരവിന് പാത്രീഭൂതരായി.

അടുത്ത വിഭാഗം ക്ഷത്രിയർ. രാജ്യഭരണം നടത്തുന്നവരിൽ ഭൂരിപക്ഷവും ക്ഷത്രിയരായിരുന്നു. കോഴിക്കോട്ടെ സാമൂതിരിമാർ നമ്പൂതിരിമാരേക്കാൾ ഉയർന്ന വർഗ്ഗത്തിൽപ്പെട്ടവരാണെന്ന വാദം നമ്പൂതിരിമാർ ഒരു കാലത്തും അംഗീകരിച്ചിരുന്നില്ല. ക്ഷത്രിയരെന്ന് അറിയപ്പെട്ടിരുന്നവർ ഹിരണ്യഗർഭം നടത്തി ക്ഷത്രിയരാക്കപ്പെട്ട ശൂദ്രരാണെന്ന വാദം നിലനില്ക്കുന്നുണ്ട്.

ക്ഷത്രിയർ കഴിഞ്ഞാൽ ജനസമുദായത്തിൽ പ്രമാണിമാർ നായന്മാരായിരുന്നു. നായന്മാരിൽ തന്നെ എണ്ണമറ്റ ഉപവിഭാഗങ്ങൾ ഉണ്ടായിരുന്നു. ഇവരിൽ ഏറ്റവും താണപടിയിലുള്ളവർ ഒരു കുശവനെപ്പോലും തൊട്ടുപോയാൽ കുശവൻ അശുദ്ധനായി തീരുന്നുവത്രേ.[7]

അതിലും താഴ്ന്ന ജാതിയിൽപ്പെട്ടവർ ഈഴവർ, പണിക്കന്മാർ, തണ്ടാന്മാർ, പറയർ, പുലയർ, വേടർ, വേട്ടുവർ, നായാടി ഇങ്ങനെ പല രീതിയിൽ വിളിക്കപ്പെട്ടിരുന്നു.

ഈ ജാതിവ്യവസ്ഥ ഇവിടെ വന്ന മിഷനറിമാരെ കർമ്മനിരതരാക്കി. ക്രിസ്തുമത പ്രചരണത്തിനായി ഇവിടെവന്ന അവർ കണ്ടത് അവർക്ക് ഭാവന ചെയ്യാൻ പോലും കഴിയാത്തവിധത്തിൽ യാതനകളും വേദന കളും അനുഭവിക്കുന്ന അധഃകൃത വർഗ്ഗത്തെയാണ്. മാനവ സാഹോ ദര്യം എന്ന ബൈബിൾ ദർശനം ഈ മണ്ഡലത്തിൽ കാര്യമായ സ്വാധീനം ചെലുത്തി. തൊഴിലിന്റെ അടിസ്ഥാനത്തിൽ വിഭജിതമായ ജാതിക്രമം പത്തൊമ്പതാം നൂറ്റാണ്ടായപ്പോഴേക്കും അതിന്റെ ഭീകരമുഖങ്ങൾ ദൃശ്യ മാക്കിയിരുന്നു. പരസ്പരം കാണുവാൻപോലും അനുവാദമില്ലാത്ത സവർണ്ണരേയും അവർണ്ണരേയും ക്രിസ്തുദർശനത്തിൽ ഒന്നിപ്പിക്കുന്ന തിന് മിഷനറിമാർ പരിശ്രമിച്ചപ്പോൾ അതിൽനിന്നും ആവേശമുൾക്കൊണ്ട് ഇംഗ്ലീഷ് വിദ്യാഭ്യാസം സിദ്ധിച്ച കേരളീയ നേതാക്കന്മാർ രംഗത്തുവ ന്നു. അവരിൽ നാരായണഗുരു, അയ്യങ്കാളി, സഹോദരൻ അയ്യപ്പൻ എന്നി വർ പഠനാർഹരാണ്.

നമ്പൂതിരിമാർ പൗരോഹിത്യ കർമ്മികളായപ്പോൾ, ജന്മനാതന്നെ യോദ്ധാക്കളാണെന്നാണ് ഇവിടെയുള്ള നായന്മാരും മാപ്പിളമാരും അവ കാശപ്പെട്ടിരുന്നത്. ശ്രമകരമായ മറ്റു ജോലികളോട് ഇതു നിമിത്തം ഇവർ ക്കൊക്കെ പുച്ഛമായിരുന്നു. എപ്പോഴും ആയുധധാരികളായി പ്രൗഢി യോടെ വിലസുക എന്നതായിരുന്നു ഇവരുടെ തൊഴിൽ. അദ്ധ്വാനിക്കുന്ന അവർണ്ണരായിരുന്നു യഥാർത്ഥത്തിൽ പത്തൊമ്പതാം നൂറ്റാണ്ടിലെ സാമ്പത്തികനിലവാരം നിലനിർത്തിയത്. എന്നാൽ ഏതു തൊഴിലും മാന്യ മാണെന്ന ബൈബിൾ ചിന്ത സമൂഹത്തിൽ സ്വാധീനം ചെലുത്തി. ഈഴ വൻ പൂജാരിയായി, പുലയൻ സർക്കാരുദ്യോഗസ്ഥനായി. "നസ്രാണി കൾ വളരെ അച്ചടക്കമുള്ളവരുമാണ്. പ്രധാനമായും കൃഷിയും കച്ചവ ടവും ചെയ്താണ് അവർ ജീവിക്കുന്നത്"[8] എന്ന് ഫ്രാൻസിസ് ബുക്കാ നൻ പറയുന്നുണ്ട്.

മതം

നമ്പൂതിരിമാർ ആര്യമതാചാരാനുഷ്ഠാനങ്ങളുടെ ഉപാസകരായിരുന്നു. അതിനാൽ ഇവിടെ ബഹുദൈവ വിശ്വാസം ശക്തമാണ്. നായന്മാർ വൈഷ്ണവരാണെങ്കിലും അവർ നെറ്റിയിൽ അണിയുന്ന അടയാളം ശിവ ന്റേതാണ്. അവരുടെ ഇടയിൽ രക്തബലി പതിവായിരുന്നു. താണജാതി ക്കാർ അന്ധവിശ്വാസം, ആഭിചാരം എന്നീ സാമൂഹ്യതിന്മകൾക്ക് വേഗം വശംവദരാകുന്നവരായിരുന്നു. കൃഷിയിടങ്ങളുടെ ഫലഭൂയിഷ്ഠതയ്ക്കു വേണ്ടി അടിമകളെ ബലികഴിക്കുന്ന പതിവും ഉണ്ടായിരുന്നു. നാരായ ണഗുരു ഈഴവരിലും മന്നത്ത് പത്മനാഭൻ നായന്മാരിലും സഹോദരൻ അയ്യപ്പൻ, അയ്യങ്കാളി എന്നിവർ അധഃകൃതരിലും ഉള്ള അനാചാരങ്ങളെ

നീക്കം ചെയ്ത് ബൈബിൾ മൂല്യങ്ങൾക്കനുസൃതമായി ക്രിസ്തീയ മാതൃകയിൽ പുനഃസംവിധാനം ചെയ്യുന്നതിന് പരിശ്രമിച്ചു.

അയിത്തവും അസ്പൃശ്യതയും, സവർണ്ണരും അവർണ്ണരും തമ്മിലുള്ള വേർതിരിവും രൂക്ഷാവസ്ഥ പ്രാപിച്ചത് 19-ാം നൂറ്റാണ്ടിന്റെ തുടക്കത്തിലാണ്. അവർണ്ണർക്ക് പ്രത്യേക വാസസ്ഥലങ്ങൾ നൽകുകയും അവരെ പൊതു കിണറുകളും കുളങ്ങളും ഉപയോഗിക്കുന്നതിൽ നിന്ന് വിലക്കുകയും ചെയ്തിരുന്നു. ഒരു മനുഷ്യന്റെ സാമീപ്യം മറ്റൊരു മനുഷ്യനെ അശുദ്ധനാക്കുമെന്ന ചിന്താഗതിയുടെ ഉറവിടം ഇന്നും അജ്ഞാതമാണ്. ഇതിനേക്കാൾ രൂക്ഷമായിരുന്നു അവർണ്ണരിലെ അവാന്തര വിഭാഗങ്ങൾ തമ്മിലുള്ള അയിത്ത ചിന്ത. അയിത്തക്കാരൻ താഴ്ന്നവനാണെന്നും സവർണ്ണൻ ഉയർന്നവനാണെന്നും ഉള്ള ചിന്ത നിരന്തരം നിലനിർത്തുന്നതിനു അയിത്തം ബോധപൂർവ്വം പ്രോത്സാഹിപ്പിച്ചിരുന്നു. സാമീപ്യം അശുദ്ധി വരുത്തുന്നതിനാൽ അയിത്തക്കാരനായ താഴ്ന്നജാതിയെ ദൂരെ വെച്ചുതന്നെ മനസ്സിലാക്കുന്നതിന് (തിരിച്ചും) ഓരോ ജാതിക്കും ഓരോ പ്രത്യേക വേഷവിധാനം ഏർപ്പെടുത്തി.

1847-ൽ സ്വാമി വിവേകാനന്ദൻ കേരളത്തെ ഭ്രാന്താലയം എന്നു വിശേഷിപ്പിച്ചു. "മലബാറിൽ ഞാൻ കണ്ടതിനേക്കാൾ കവിഞ്ഞ ഒരു വിഡ്ഢിത്തം ഇതിനു മുമ്പ് ലോകത്തിലെവിടെയെങ്കിലും ഉണ്ടായിട്ടുണ്ടോ? സവർണ്ണൻ നടക്കുന്ന തെരുവിൽകൂടി പാവപ്പെട്ട പറയന് നടന്നുകൂടാ. പക്ഷേ, മിശ്രിതമായ ഒരു ഇംഗ്ലീഷ് നാമം അല്ലെങ്കിൽ മുഹമ്മദീയനാമം സ്വീകരിച്ചാൽ മതി. എല്ലാം ഭദ്രമായി. ഈ മലബാർകാർ എല്ലാം ഭ്രാന്തന്മാരാണ്. ഇവരുടെ വീടുകളത്രയും ഭ്രാന്താലയങ്ങളും."[9]

ജീർണ്ണത കൊണ്ട് നിറം മങ്ങിയ ഈ പശ്ചാത്തലത്തിൽ ദൈവം പിതാവാണെന്നും ആ ദൈവത്തിന്റെ മക്കളായ മനുഷ്യർ എല്ലാവരും സഹോദരന്മാരാണെന്നുമുള്ള ബൈബിൾ ദർശനം അയിത്തോച്ചാടന പ്രസ്ഥാനത്തെ ഗാഢമായി സ്വാധീനിച്ചു. പടിപടിയായ ബോധവൽക്കരണത്തിലൂടെയും ക്ഷേത്രപ്രവേശനവിളംബരം, വൈക്കം, ഗുരുവായൂർ സത്യാഗ്രഹങ്ങൾ തുടങ്ങിയവയിലൂടെയും അയ്യങ്കാളി, സഹോദരൻ അയ്യപ്പൻ, നാരായണഗുരു എന്നിവരുടെ പ്രയത്നത്തിലൂടെയും അയിത്തം നിർമ്മാർജ്ജനം ചെയ്യാൻ സാധിച്ചു. മലയാളി മെമ്മോറിയൽ, നിവർത്തന പ്രക്ഷോഭം എന്നിവയും പ്രേരകങ്ങളായി വർത്തിച്ചിട്ടുണ്ട്.

കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല് എന്നതായിരുന്നു ഭാരതത്തിന്റെയും നീതിനിഷ്ഠ. കൊല, അംഗഭംഗം, അടി, അടിമയാക്കൽ, ജാതിഭ്രഷ്ട്, പിഴ ഇവയായിരുന്നു സാധാരണ ശിക്ഷകൾ. ബ്രാഹ്മണർക്ക് പരമാവധി ജാതിഭ്രഷ്ടും പിഴയും മാത്രം. എന്നാൽ അയിത്ത ജാതികളു

ടേയും അടിമകളുടേയും നില പരിതാപകരമായിരുന്നു. ചെറിയ കുറ്റങ്ങൾക്കുപോലും അവരെ കഴുവിലേറ്റുമായിരുന്നു.

ആനയെക്കൊണ്ട് ചവിട്ടിക്കൊല്ലുക, വായിൽ പീരങ്കി കൊണ്ട് വെടിവച്ച് ചിതറിക്കുക, കണ്ണ് ചൂഴ്ന്നെടുക്കുക, കൈ, ചെവി, മൂക്ക് എന്നിവ ഛേദിച്ചു കളയുക, ചാട്ടവാർ കൊണ്ട് അടിച്ച് പൊട്ടിച്ച് മുറിവിൽ കുരുമുളകുപൊടി വിതറുക, തിളച്ച നെയ്യിൽ കൈമുക്കി സത്യം തെളിയിക്കുക എന്നിവയും അക്കാലത്തെ ശിക്ഷാവിധികളായിരുന്നു. ചിത്രവധം അന്നു നിലവിലുള്ള മറ്റൊരു വധ സമ്പ്രദായമായിരുന്നു.

എന്നാൽ ബൈബിൾ സംസ്കാരം ആകട്ടെ, "ശത്രുവിനെപ്പോലും സ്നേഹിക്കുക" എന്ന ആശയം പ്രചരിപ്പിച്ചു. മൃഗീയവും ക്രൂരവുമായ ശിക്ഷകൾക്കു പകരം മനുഷ്യന്റെ മനസ്സാക്ഷിയിൽ തന്നെ മാറ്റം വരുത്തുവാനുള്ള ശ്രമങ്ങൾ അന്ന് കേരളത്തിൽ ആരംഭിച്ചു.

സദാചാരം

ക്ഷേത്രങ്ങളിലേക്ക് സമർപ്പിക്കപ്പെട്ട കന്യകമാരായ ദേവദാസികളെ കൊണ്ട് നഗ്നനൃത്തം ചെയ്യിച്ചിരുന്നു. മണിപ്രവാള കാവ്യങ്ങളിൽ ശൃംഗാരരസം ഉൾക്കൊള്ളുന്ന അനേകം കാവ്യങ്ങൾ ഇത്തരം ദേവദാസികളെ പ്രകീർത്തിച്ചുകൊണ്ട് എഴുതിയിട്ടുണ്ട്. 'ഉണ്ണുനീലിസന്ദേശ'ത്തിലെയും 'ഉണ്ണിയാടിചരിത'ത്തിലെയും 'ഉണ്ണിച്ചിരുതേവീ ചരിത'ത്തിലെയും നായികമാർ ഉദാഹരണങ്ങളാണ്. ഒരു രാജാവ് അക്കാലത്ത് പുറപ്പെടുവിച്ച ഒരു വിളംബരം അക്കാലത്തെ സദാചാരബോധത്തെ വിളിച്ചറിയിക്കുന്നുണ്ട്. 'നമ്മുടെ രാജ്യത്ത് സ്വജാതിയിലോ ഉയർന്ന ജാതിയിലോപെട്ട പുരുഷന് വശംവദരാകാത്ത സൻമാർഗ്ഗ വിഹീനകളായ സ്ത്രീകളുണ്ടെങ്കിൽ അവരെ ഉടൻ വധിക്കേണ്ടതാകുന്നു.'[10]

അഞ്ജനക്കാവിലെ വേല കാണാൻ പോകുന്ന ആറ്റുംമണമേൽ ഉണ്ണിയാർച്ച മാർഗ്ഗമദ്ധ്യേ നാഗപട്ടണത്തിലെത്തുന്ന രംഗം വടക്കൻ പാട്ടുകളിൽ വിവരിക്കുന്നുണ്ട്. ആ നാടിനെ "അമ്മപെങ്ങന്മാർ അറിയാത്ത" നാട് എന്നാണ് കവി പരിചയപ്പെടുത്തുന്നത്.[11]

ഇങ്ങനെ ധാർമ്മികമായി അധഃപതിച്ച ജീർണ്ണിച്ച ഒരു കാലഘട്ടത്തെ പാതിവ്രത്യത്തിന്റെയും സദാചാരത്തിന്റെയും മേഖലയിലേക്കുയർത്തി സംസ്ക്കാരസമ്പന്നമാക്കി തീർത്തതിൽ തിരുവചനത്തിന്റെ വ്യക്തമായ സ്വാധീനം ദർശിക്കാവുന്നതാണ്. ക്രിസ്ത്യൻ മിഷണറിമാരുടെ പരിശ്രമങ്ങളാണ് ഇതിന്റെ പിന്നിലെ പ്രധാന പ്രേരണ.

നിരവധി ദുരാചാരങ്ങൾ കേരളത്തിന്റെ സംസ്കാരത്തെ കലുഷിതമാക്കിയ ആ ഘട്ടത്തിൽ ബൈബിളിന്റെ ഉദാത്ത ദർശനം കേരളീയ

നവോത്ഥാന നായകരെ വ്യക്തമായി സ്വാധീനിച്ചിട്ടുണ്ട്. അധഃകൃത വർഗ്ഗത്തിന്റെ കഷ്ടപ്പാടിനു കാരണം ചൂഷണമല്ല മറിച്ച് മുൻജന്മ പാപമാണെന്ന ധാരണ മിഷണറിമാർ തിരുത്തി. സാമൂഹികവും സാമ്പത്തികവുമായ ചൂഷണത്തിന്റെ ഫലവും സവർണ്ണമേധാവിത്വവുമാണ് അവർണ്ണരുടെ പ്രയാസങ്ങൾക്കു കാരണം എന്ന ചിന്ത അധഃകൃതരിൽ ഉണ്ടാക്കിയെടുത്തു. തങ്ങളുടെ പ്രയത്നംകൊണ്ട് തന്നെ ഈ അവസ്ഥയിൽ നിന്ന് കരകയറാമെന്നവർ പഠിച്ചു. അങ്കം, കുടിപ്പക, അയിത്തം എന്നിവയ്ക്കു പകരം മനുഷ്യനു സമൂഹത്തോടുള്ള പ്രതിബദ്ധത, പരസ്പര സാഹോദര്യം, അനുകമ്പ, ദീനദയാലുത്വം എന്നിവ ഉൾക്കൊള്ളുവാൻ സവർണ്ണർക്ക് അവസരം ലഭിച്ചു. മനുഷ്യത്വത്തിന് നിരക്കാത്ത ചെയ്തികൾ ഉപേക്ഷിക്കുവാനുള്ള ബൈബിളിന്റെ സന്ദേശം ആവഹിച്ച ഇന്നാട്ടിലെ വിപ്ലവകാരികൾ സമൂഹത്തിന് മുമ്പെങ്ങുമില്ലാത്ത മാനം നൽകി.

കേരളത്തിന്റെ ശാപങ്ങൾക്കു കാരണവും പരിഹാരവും കണ്ടെത്തിയ മിഷണറിമാർ ഗ്രാമങ്ങൾ തോറുമുള്ള പള്ളികളിൽ പള്ളിക്കൂടങ്ങൾ സ്ഥാപിച്ചു. ഈ പള്ളിക്കൂടങ്ങളിൽ ബൈബിൾ നിർബന്ധമായും പാഠ്യ വിഷയമായിരുന്നു. ബൈബിൾക്കഥകളും ബൈബിൾ സന്ദേശങ്ങളും ക്രൈസ്തവമൂല്യങ്ങളും വിളംബരം ചെയ്യുന്നവയായിരുന്നു പാഠപുസ്തകങ്ങൾ. ഈ വിദ്യാഭ്യാസത്തിലൂടെ ബൈബിൾ ദർശനങ്ങൾ സ്വായത്തമാക്കിയ ഒരു തലമുറ കേരളത്തിലുണ്ടായി. ക്രിസ്തുമതം അന്ധമായ വിശ്വാസം അംഗീകരിക്കുന്നില്ല. ഈശ്വരചിന്തയോടുകൂടി കാര്യങ്ങളെ യുക്തിപൂർവ്വം വീക്ഷിക്കുവാനുള്ള സാഹചര്യം അതിലുണ്ടായിരുന്നു. ഈ സ്വാധീനമാണ് തദ്ദേശീയരായ അധഃകൃതരെ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരായി സംഘടിക്കുവാൻ പ്രാപ്തരും ശക്തരുമാക്കിത്തീർത്തത്. സ്ത്രീകൾക്കും ശൂദ്രർക്കും നിഷേധിക്കപ്പെട്ട വിദ്യഭ്യസനം വേദനിപ്പിക്കുന്ന ഒരു ദുഃഖസ്മൃതി മാത്രമായി മാറി.

ശ്രീനാരായണഗുരു 'ഒരു ജാതി ഒരു മതം ഒരു ദൈവം' എന്ന തത്വം പ്രചരിപ്പിക്കുമ്പോൾ അതുൾക്കൊള്ളുവാൻ ബഹുദൈവ വിശ്വാസികളായ പാരമ്പര്യ മതാനുയായികൾക്ക് കഴിഞ്ഞത്, മിഷനറിമാരുടെ പ്രവർത്തനഫലമായി ബൈബിൾ ദർശനം കേരളീയമനസ്സുകളെ സജ്ജമാക്കിയതിനാലാണ്. അതുപോലെ S.N.D.P. യുടെയും N.S.S ന്റേയും M.E.S. ന്റേയും വിദ്യാഭ്യാസസ്ഥാപനങ്ങളും ആതുരാലയങ്ങളും, ആശുപത്രികളും എല്ലാം ആത്മശരീരമനസ്സുകളുടെ സമഗ്ര വളർച്ച ലക്ഷ്യമാക്കിയ ബൈബിളിൽ നിന്ന് ആവാഹിച്ചെടുത്ത ഹ്യൂമനിസ്റ്റ് ദർശനത്തിന്റെ മൂർത്തരൂപങ്ങളാണ്.

തിരുവെഴുത്തുകളിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് സാമൂഹ്യനവീകരണത്തിനും നവോത്ഥാനത്തിനും ഇറങ്ങിത്തിരിച്ച മഹാത്മാക്കൾ നിരവധിയാണ്. മാർത്തോമ്മായുടെ പൈതൃകം അവകാശപ്പെടുന്ന തദ്ദേശീയ

ക്രൈസ്തവരോടൊപ്പം പാശ്ചാത്യമിഷനറിമാരുടെയും പ്രവർത്തനങ്ങൾ ഈ മാറ്റങ്ങൾക്ക് കാരണമായിട്ടുണ്ട്. പള്ളികൾ, പള്ളിക്കൂടങ്ങൾ, അച്ചുകൂടങ്ങൾ, പത്രങ്ങൾ, കലാശാലകൾ, ആശുപത്രികൾ, അനാഥാലയങ്ങൾ എല്ലാം ഈ പ്രചോദനത്തിന്റെ പുത്തൻ ചിനപ്പുകളാണ്. സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം (ഫ്രഞ്ചുവിപ്ലവത്തിന്റെ പ്രേരകങ്ങൾ) എന്നീ ക്രിസ്തീയ തത്വങ്ങളുടെ അന്തർധാരകളെ മനുഷ്യമനസ്സിലേക്ക് ആവഹിപ്പിക്കുന്നതിന് വി. വേദസത്യങ്ങൾ മാർഗ്ഗദർശനം നൽകി എന്നത് സുവിദിതമാണ്. പരോക്ഷമായെങ്കിലും അത് കേരളത്തിന്റെ തന്നെ സാമൂഹ്യ നവോത്ഥാനത്തിന് വഴി തെളിയിച്ചു. ഭാരതമതങ്ങളെ സ്ഫുടം ചെയ്യുന്നതിന് ഈ ആശയ സങ്കലനം കളമൊരുക്കിയിട്ടുണ്ട്. “ഹിന്ദുമതത്തിന്റെ നിസ്സർഗ്ഗ വിശുദ്ധി വീണ്ടെടുക്കാൻ കഴിഞ്ഞത് ക്രിസ്തുമതവുമായുള്ള സമ്പർക്കം മൂലമാണെന്ന് നിഷ്പക്ഷമതികളായ ചരിത്രകാരന്മാർ നിഷേധിക്കുമെന്ന് തോന്നുന്നില്ല.”[12]

ചുരുക്കത്തിൽ സാമൂഹ്യ വ്യവസ്ഥിതികളുടെ ഗുണപരമായ പുനഃസംഗമം, സാമൂഹ്യനീതിക്കുവേണ്ടിയുള്ള ദാഹം, പുരുഷനൊപ്പം സ്ത്രീകളും എന്ന ആശയം, സർവ്വോപരി മനുഷ്യസ്നേഹം എന്നിവ ഈ കാലഘട്ടത്തിന്റെ നവോത്ഥാനത്തെ ത്വരിതപ്പെടുത്തിയ യാഥാർത്ഥ്യങ്ങളാണ്. ഈ തത്വങ്ങൾക്ക് ചൂടും വെളിച്ചവും നൽകിയത് ബൈബിൾ ദർശനങ്ങൾ തന്നെ. ഈ ദർശനങ്ങൾ ഉൾക്കൊണ്ട് പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ കേരളത്തിൽ ഉയർന്നുവന്ന നിരവധി സാമൂഹ്യ മതപരിഷ്ക്കരണ പ്രസ്ഥാനങ്ങൾ ആശയതലത്തിൽ സമരാസക്തങ്ങൾ ആയിരുന്നുവെങ്കിലും പ്രായോഗികതലത്തിൽ അവ സമാധാനപരവും അക്രമരഹിതവുമായിരുന്നു. സ്ത്രീപുരുഷ സമത്വം, അവർണ്ണ സവർണ്ണ സമത്വം, സ്ഥിതിസമത്വം, സാമ്പത്തിക സമത്വം എന്നീ ആശയങ്ങൾ പ്രയോഗത്തിൽ വരുത്തുന്നതിന് ശ്രമിച്ച ധീരരായ സാമൂഹ്യ പരിഷ്ക്കർത്താക്കൾ നടത്തിയ സന്ധിയില്ലാ സമരം മിക്കവാറും ഫലപ്രാപ്തിയിലെത്തിത്തുടങ്ങിയിട്ടുണ്ട്. “മുരടിച്ച സാമൂഹ്യ വ്യവസ്ഥിതിയുടെ തായ്‌വേരിന് കത്തിവെച്ചത് മിഷനറിമാരുടെ മലയാളക്കരയിലെ പ്രത്യേകിച്ച് തിരുവിതാംകൂർ പ്രദേശത്തെ പ്രവർത്തനങ്ങളാണ്”[13] എന്ന നിരീക്ഷണം വസ്തുനിഷ്ഠമാണ്.

മിഷനറിമാരോ അവരുടെ സഹചാരികളോ അല്ല വൈക്കം സത്യാഗ്രഹം നടത്തിയത്. മിഷനറിമാരിൽ നിന്ന് ബോധവൽക്കരണം നേടിയ ഒരു തലമുറയിലെ നേതാക്കന്മാരാണ് അത് ചെയ്തത്. അങ്ങനെയൊരു തലമുറ സൃഷ്ടിക്കപ്പെട്ടു എന്നതാണ് ഇവിടെ നടന്ന ഏറ്റവും വലിയ വിപ്ലവം. മിഷനറിമാരുടെ വിദ്യാലയങ്ങളോടൊപ്പം അവരുടെ ഗ്രന്ഥങ്ങളും പത്രങ്ങളും ഈ ബോധവൽക്കരണത്തിൽ നിർണ്ണായകമായ പങ്കു

വഹിച്ചിട്ടുണ്ട്. ഒരിക്കൽ ഈഴവരും പുലയരും സംഘടിതമായി ക്രിസ്തുമതത്തിൽ ചേരുന്നതിനെപ്പറ്റി ആലോചിച്ചു. ഇത് സൂചിപ്പിക്കുന്നത് ദുഷിച്ച സാമൂഹ്യ ചട്ടക്കൂടിൽ നിന്ന് പുറത്തുചാടുവാനുള്ള അവരുടെ അടങ്ങാത്ത ആവേശത്തെയാണ്. ബ്രിട്ടീഷ് സാമ്രാജ്യ ശക്തിയുമായുള്ള ബന്ധത്തെക്കാളേറെ മിഷണറിമാർ വ്യാപരിപ്പിച്ച ബൈബിളിന്റെ ഉദാത്ത ദർശനമാണ് അവരിൽ ഒരാത്മബോധം ജനിപ്പിച്ചത്.

1820-കളിൽ തങ്ങളുടെ മാറുമറയ്ക്കണമെന്ന് ആവശ്യപ്പെട്ടത് ചാന്നാർ സ്ത്രീകൾ തന്നെയായിരുന്നു. 1907-ൽ പുലയ വിദ്യാർത്ഥികളുടെ കൈയ്ക്കു പിടിച്ച് സർക്കാർ സ്കൂളുകളിലേക്ക് കയറിച്ചെന്നത് പുലയനായ അയ്യങ്കാളി തന്നെയാണ്. കേരളത്തിൽ അയിത്തം അവസാനിപ്പിക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന നിവേദനവുമായി കോൺഗ്രസ്സിന്റെ സമ്മേളനത്തിൽ കയറിചെന്നത് ഈഴവനായ ടി. കെ. മാധവൻ തന്നെയാണ്. അവിടെങ്ങും അവർക്കു നേതൃത്വം കൊടുക്കുവാൻ ഒരു സവർണ്ണനെയും കണ്ടില്ല.[4] ഇതിനർത്ഥം, ക്രൈസ്തവ മിഷനറിമാർ ഈ ജനസാമാന്യത്തിന് അവരുടെ നിലയും വിലയും എന്തെന്ന് മനസ്സിലാക്കി കൊടുത്തതിന്റെ ഫലമായി ഈ അധഃകൃതർ തന്നെ സ്വയം ശക്തരായിത്തീർന്നു എന്നതാണ്. അതിനാൽ ഇവിടെ വിപ്ലവ നായകന്മാർ കേരളീയർ തന്നെയായിരുന്നുവെങ്കിലും അവർക്ക് രൂപംകൊടുത്ത ശില്പികൾ കേരളത്തിൽ വന്ന മിഷനറിമാരായിരുന്നു. അവരുടെ ആദർശങ്ങളും സന്ദേശങ്ങളുമാകട്ടെ, ബൈബിളിൽ അധിഷ്ഠിതവും.

നവോത്ഥാന വിഷയകമായി ബൈബിൾ ചെലുത്തിയ സ്വാധീനതയുടെ കഥ ഒരു അടഞ്ഞ അദ്ധ്യായമല്ല. ഇന്നും അത് സഫലമായി സമൂഹത്തെ സ്വാധീനിക്കുന്നു. നമ്മുടെ നാട്ടിൽ നടന്ന സാമ്പത്തിക വിപ്ലവവും, ഇപ്പോഴും ഒരു സജീവ ചർച്ചാവിഷയമായി തുടരുന്ന വനിതാ വിമോചന പ്രസ്ഥാനവും ബൈബിളിനോട് കടപ്പെട്ടിരിക്കുന്നു. മനുഷ്യന്റെ സമ്പൂർണ്ണവികാസം ലക്ഷ്യമാക്കുന്ന ബൈബിൾ ദർശനത്തിന്റെ പ്രസക്തി കാലാതീതമാണെന്നതാണ് സത്യം.

ഈ പശ്ചാത്തലത്തിൽ ചിന്തിച്ചാൽ, ബൈബിൾ ഒരു നിധിയൊടുങ്ങാത്ത ഖനിയാണ് എന്ന് കാണാൻ പ്രയാസമില്ല. അതിലെ ആശയങ്ങൾ ഇന്നും സമൂഹത്തെ പ്രചോദിപ്പിക്കുന്നു. മൂന്നാം സഹസ്രാബ്ദത്തിലേക്കും 21-ാം നൂറ്റാണ്ടിലേക്കും പ്രവേശിക്കുന്ന കമ്പ്യൂട്ടർ യുഗത്തിനു പോലും മാർഗ്ഗദർശനം നൽകി ഇനിയും അവശേഷിക്കുന്ന സാമൂഹ്യ തിന്മകൾക്ക് എതിരെ പോരാടുവാനുള്ള മഹാത്മാക്കളെ വാർത്തെടുക്കുവാൻ അതിനു കഴിയും. ആ അർത്ഥത്തിൽ ബൈബിൾ ഒരു ശില്പിയാണ്. കേരള നവോത്ഥാനമാകട്ടെ ശില്പവും. ശില്പിക്കാണല്ലോ എന്നും ശില്പത്തേക്കാൾ പ്രാധാന്യം.

കുറിപ്പുകൾ

1. മാർത്തോമ്മാ ശ്ലീഹായുടെ 19-ാം സെന്റിനറി സുവനീർ, ലേഖനം ഡോ. കെ. എം. തരകൻ.

2. അതേ പുസ്തകം, അതേ ലേഖനം.

3. ഗലാത്യർ 5-22.

4. ശ്രീധരമേനോൻ, എ., *കേരളചരിത്രം*, പേജ് 467.

5. ശങ്കുണ്ണിമേനോൻ, പി., *തിരുവിതാംകൂർ ചരിത്രം*, പേജ് 288.

6. ജോസ്, എൻ. കെ., *അയ്യങ്കാളി*, പേജ് 54.

7. *ഫ്രാൻസിസ് ബുക്കാനൻ കണ്ട കേരളം*, വിവ. സി. കെ. കരീം, പേജ് 61.

8. അതേ പുസ്തകം, പേജ് 48.

9. *വിവേകാനന്ദ സാഹിത്യ സർവ്വസ്വം*, മൂന്നാം ഭാഗം, പേജ് 186-187.

10. നാരായണൻ, കെ. ജി., *ഈഴവ-തീയ്യ ചരിത്രപഠനം*, പേജ് 416.

11. *24 വടക്കൻപാട്ടുകൾ*, പേജ് 338.

12. മാർത്തോമ്മാ ശ്ലീഹായുടെ 19-ാം സെന്റിനറി സുവനീർ, ലേഖനം ഡോ. കെ. എം. തരകൻ.

13. ജോസ്, എൻ. കെ., *വൈക്കം സത്യഗ്രഹം,* പേജ് 18.

14. ജോസ്, എൻ. കെ., *വൈക്കം സത്യഗ്രഹം,* പേജ് 185, 186.

- ഫാ. സണ്ണി ചാക്കോ

4

ബൈബിളും ശ്രീനാരായണഗുരുവും

കേരള സംസ്ക്കാരത്തിന്റെ ചരിത്രത്തിൽ നാരായണഗുരുവിന്റെ പേർ അവിസ്മരണീയമായ ഒന്നാണ്. ഒരു കാൽ നൂറ്റാണ്ടിനു മുൻപ് ആ മഹത്നാമം ഈഴവ സമുദായത്തിന്റെ നാലു ചുവരുകൾക്കുള്ളിൽ മാത്രം പ്രകീർത്തിക്കപ്പെട്ടിരുന്ന ഒന്നായിരുന്നുവെങ്കിലും ആ സമുദായത്തിലെ ചിന്തകരായ പ്രതിഭാശാലികളുടെ ബോധപൂർവ്വവും സംഘടിതവും ആയ യത്നം കൊണ്ട് ആ നാമത്തിന് അർഹമായ അംഗീകാരം ലഭിച്ചു കഴിഞ്ഞിട്ടുണ്ട്. ഇന്ന് നാരായണഗുരു കേരള സാംസ്കാരിക ചരിത്രത്തിലെ തിളക്കമുള്ള ഒരദ്ധ്യായമാണ്. പ്രവാചക വ്യക്തിത്വങ്ങൾക്ക് അവർ ജീവിച്ചിരിക്കുമ്പോൾ തന്നെ അംഗീകാരം കിട്ടുന്ന പതിവ് അതീവ വിരളമാണ്. വളരെ കഴിഞ്ഞേ ആ പ്രഭാവലയങ്ങളെ ശരിയായി മനസ്സിലാക്കുവാൻ പോലും കഴിയുകയുള്ളൂ. കാലത്തിന് വളരെ മുമ്പിൽ സഞ്ചരിക്കുന്ന ഈ പ്രതിഭകൾക്കൊപ്പമെത്തുവാൻ സമകാലത്തിനാവുകയില്ല. 'ഒരു വീടിനും ഉൾക്കൊള്ളാനാവാത്ത മുറിയാണ് ഞാൻ' എന്ന് കവി സച്ചിദാനന്ദൻ ഈ പ്രവാചക സ്വഭാവത്തെ നിർവ്വചിക്കുന്നുണ്ട്. നാരായണഗുരുവിന് ഏറെ അഭിമാനിക്കുവാൻ വകയുണ്ട്: സ്വന്തം സമുദായം സ്വജീവിതകാലത്ത് തന്നെ, തന്നെ ആദരിക്കുവാൻ ശ്രമിച്ചതിൽ. ആദരവ് ഏറെ കിട്ടിയെങ്കിലും അദ്ദേഹത്തെ വേണ്ടത്ര മനസ്സിലാക്കുന്നതിൽ നാം ഇന്നും വിജയിച്ചുവോ എന്ന് എനിക്ക് സംശയമുണ്ട്. മഹാത്മാക്കൾക്ക് ചുറ്റും എപ്പോഴും അവ്യക്തതയുടെ ഒരു പ്രഭാപരിവേഷം ഉണ്ടെന്നത് തീർച്ച തന്നെ. ഈ അജ്ഞേയതകളാണ് പലപ്പോഴും ഊഹാപോഹങ്ങളും കെട്ടുകഥകളുമായി വികസിക്കാറുള്ളത്.

നാരായണഗുരു ഈ നൂറ്റാണ്ടിൽ ഭാരതം ദർശിച്ച മഹർഷി പാരമ്പര്യത്തിന്റെ അനുകരണീയമായ മാതൃകയായിരുന്നു. നൈഷ്ഠിക ബ്രഹ്മചാരിയായി സന്യാസം വരിച്ചു എന്ന സാമാന്യ അർത്ഥത്തിൽ മാത്രമല്ല 'ഋഷിശ്ച കില ദർശനാത്' എന്ന ഋഷി നിർവചനം കൂടി സ്മരിച്ചുകൊണ്ടാണിങ്ങനെ പറയുന്നത്. ഭാരതീയതയുടെ നാലു ചുവരുകൾക്കുള്ളിൽ ഒതുക്കി നിർത്താവുന്ന ഒരു സങ്കോചം ആ ദർശനത്തിൽ കാണുകയില്ല. 'വസുധൈവ കുടുംബകം' എന്ന പാരമ്പര്യമാണ് അദ്ദേഹത്തിൽ നാം കാണുക. ഒരു സമുദായത്തിന്റെ ആചാര്യനായിരിക്കുമ്പോൾ പോലും ഒരു വിശ്വപൗരന്റെ ഔന്നത്യം അദ്ദേഹം നിലനിർത്തിയിരുന്നു. അദ്ദേഹത്തെ രൂപപ്പെടുത്തിയ ഋഷി പാരമ്പര്യം ഭാരതത്തിന്റേതു മാത്രമായിരുന്നില്ല. ഒരൊറ്റ കാര്യം കൊണ്ട് ഇക്കാര്യം വിശദമാക്കാം. നമ്മുടെ

പാരമ്പര്യത്തിൽ എല്ലാ അർത്ഥത്തിലും നാരായണഗുരു ഒരു അവതാരം തന്നെയായിരുന്നുവല്ലോ. ഭാഗവതത്തിന്റെ കാഴ്ചപ്പാടിൽ നന്മയുടെ ഒരംശമെങ്കിലുമുള്ള ഏതൊരാളും ഈശ്വരാവതാരം തന്നെ. എങ്കിൽ നന്മയുടെ ധാരാളം അംശമുള്ള നാരായണഗുരു ശ്രേഷ്ഠ അവതാരം എന്ന വിശേഷണം അർഹിക്കുന്നു. എന്നാൽ ഭാരതീയ അവതാരങ്ങളുടെ അവതാരകൃത്യമായി ഭഗവത്ഗീത നിർവ്വചിക്കുന്ന അവതാരകൃത്യങ്ങളാണോ നാരായണഗുരു ചെയ്തത്! അല്ലേ അല്ല. ധർമ്മസംസ്ഥാപനത്തിനായി 'സാധുക്കളെ' പരിത്രാണനം ചെയ്യുകയും ദുഷ്കൃതികൾക്ക് വിനാശം സമ്മാനിക്കുകയും ചെയ്യുന്ന ഗീതാസമ്മതമായ അവതാരശൈലി ഗുരു അപ്പാടെ നിരാകരിച്ചു. രാജസഭാവംകൊണ്ടും, ചിലപ്പോഴൊക്കെ താമസഭാവം കൊണ്ടും നമ്മുടെ ചില പ്രസിദ്ധ അവതാരപുരുഷന്മാർ അവരവരുടെ കാഴ്ചപ്പാടിലുള്ള 'ധർമ്മം' നിലനിർത്തുവാൻ ശ്രമിച്ചപ്പോൾ നാരായണഗുരു ആദ്യന്തം സാത്വികഭാവത്തിൽ മാത്രം അറിയപ്പെടുന്നുവെന്നത് നാളിതുവരെ നിരീക്ഷിക്കപ്പെട്ടിട്ടില്ലാത്ത കാര്യമാണ്. ഭഗവത്ഗീതയെയും ഭാരതീയമായ മറ്റ് സാഹിത്യകൃതികളെയും അവയുടെ ആത്മാവിൽ ആസ്വദിച്ച നാരായണഗുരു എന്തുകൊണ്ടാണ് രാജസമാർഗ്ഗത്തിന്റേതായ അവതാരശൈലി പരിത്യജിച്ചത്? കേരളത്തിലെ ഈഴവസമുദായം മറ്റേതൊരു സമുദായത്തേക്കാൾ അംഗസംഖ്യയിൽ പ്രബലമാണ്. അവരെ അയിത്തജാതിയായും അവർണ്ണവിഭാഗമായും ഒരു ന്യൂനപക്ഷം വിധിച്ചത് അധർമ്മവുമായിരുന്നു. ഈ അധർമ്മത്തെ 'വിനാശായ ച ദുഷ്കൃതാം' എന്ന ശൈലിയിൽ നേരിടുവാൻ ആഹ്വാനം നൽകിയാൽ വിജയം ക്ഷിപ്രസാധ്യവുമായിരുന്നു. എ. ഡി. നാലു മുതലുള്ള നൂറ്റാണ്ടുകളിൽ ശൈവ - വൈഷ്ണവ മതങ്ങൾ ബുദ്ധ - ജൈന - ക്രൈസ്തവ - യഹൂദ മതങ്ങളുടെ മേലും എ. ഡി. 9, 10 നൂറ്റാണ്ടുകളിൽ വൈദിക മതസ്ഥരായ ആര്യന്മാർ കേരളത്തിലെ എല്ലാ മതങ്ങളുടെ മേലും അഴിച്ചുവിട്ട ആസുരമായ ആക്രമണശൈലി ചരിത്രത്തിൽ അദ്ദേഹത്തിന് അജ്ഞാതവുമായിരുന്നില്ല. തങ്ങൾക്കു പ്രവേശിക്കുവാൻ അർഹതയില്ലാത്ത ക്ഷേത്രങ്ങളെ ബലമായി കൈവശപ്പെടുത്താനും സ്വന്തമാക്കുവാനും പല മുൻശക്തികളും വിജയകരമായി ശ്രമിച്ചിട്ടുള്ളത് പ്രാവർത്തികമാക്കാനുള്ള ശക്തിയും നേതൃത്വശേഷിയും ഒരവതാരപുരുഷന്റെ ഗാംഭീര്യവും അദ്ദേഹത്തിനുണ്ടായിരുന്നുവെങ്കിലും ഭാരതീയ അവതാര പുരുഷന്മാരുടെ ഹിംസാശൈലി അദ്ദേഹം ഇഷ്ടപ്പെട്ടില്ല. മറ്റൊരു ശൈലിയാണ് അവതാരകൃത്യത്തിന് മേൽത്തരം ശൈലിയായി അദ്ദേഹം സ്വീകരിച്ചത്. മാനസാന്തരത്തിന്റെ ശൈലി. ദേഷ്യമോ പകരംവീട്ടലോ ആയുധശേഖരമോ ഒന്നുമില്ലാതെ ആശയപ്രചാരണം കൊണ്ട് ദുഷ്ടമനസ്സുകളെ പരിവർത്തനത്തിലേക്കു ഉപനയിപ്പിച്ച് ധർമ്മസംസ്ഥാപനം നടത്തുവാനാണ് അദ്ദേഹം ഉദ്ദേശിച്ചത്. അദ്ദേഹത്തിന്റെ ലക്ഷ്യം ഈഴവസമുദായത്തിന്റെ

മാത്രം വിമോചനമായി കാണുന്നവർ അദ്ദേഹത്തോട് നീതി പുലർത്തുന്നവരല്ല. സാത്വികമായ ആസ്തിക്യബോധംകൊണ്ട് തിന്മയുടെ ആധിപത്യങ്ങളോട് നിരന്തരം പോരാടി മനുഷ്യഹൃദയങ്ങളിലെ നന്മയെ ഉദ്ദീപിപ്പിക്കുവാൻ അദ്ദേഹം സഫലമായി യത്നിച്ചു. ഈ അവതാരശൈലി രൂപപ്പെടുത്തിയെടുക്കാൻ അദ്ദേഹത്തെ പ്രാപ്തനാക്കിയത് ബൈബിൾ ആണെന്നാണ് ഞാൻ കരുതുന്നത്. നമുക്ക് സന്യാസം തന്നത് ബ്രിട്ടീഷുകാരാണെന്ന് അഭിമാനപൂർവ്വം അവകാശപ്പെട്ട നാരായണഗുരുവിലെ ഈ ബൈബിൾ സ്വാധീനം വേണ്ടത്ര നിരീക്ഷിക്കപ്പെട്ടിട്ടില്ല. ലോകത്തിലെ ഒരു ദർശനവും അന്യമാണെന്ന് ഗണിക്കുവാൻ 'വസുധൈവ കുടുംബകം' പാടിയ അദ്ദേഹത്തിലെ ഭാരതീയദർശനം ഒരുക്കമായിരുന്നില്ല. കണ്ണിന് പകരം കണ്ണ്, പല്ലിന് പകരം പല്ല് എന്ന സമീപനം കൊണ്ട് തിന്മയെ ശാശ്വതമായി ജയിക്കുവാൻ കഴിയുകയില്ലെന്ന പാഠം ലോകനിരീക്ഷണത്തിൽ നിന്ന് അദ്ദേഹം ഗ്രഹിച്ചു. ദ്രുപദരാജാവിനെതിരെ ദ്രോണാചാര്യരും, ദ്രോണാചാര്യർക്കെതിരെ ധൃഷ്ടദ്യുമ്നനും, ധൃഷ്ടദ്യുമ്നനെതിരെ അശ്വത്ഥാമാവും നയിച്ച പ്രതികാരകഥകളുടെ അടങ്ങാത്ത ശൃംഖലാസ്വഭാവം വ്യാസദേവൻ മഹാഭാരതത്തിൽ ചിത്രീകരിച്ചിട്ടുള്ളത് നാരായണഗുരു നിരീക്ഷിച്ചു. തിന്മയെ തിന്മകൊണ്ട് എതിർത്ത അവതാരപുരുഷന്മാരിൽ പ്രധാനിയായ ശ്രീരാമനും ധർമ്മപക്ഷത്ത് യുദ്ധം ചെയ്ത പാണ്ഡുപുത്രർക്കും നേരിടേണ്ടിവന്ന ജീവിതാന്ത്യം വികാരാധീനനാവാതെ ഗ്രഹിക്കുവാൻ വേണ്ട ഗ്രഹണശേഷി ഗുരുവിലുണ്ടായിരുന്നു. വർഗ്ഗവൈരത്തിന്റെയും കുടിപ്പകയുടെയും ഇരകളായി തീരുവാനല്ലാതെ ശാശ്വതസമാധാനം കൈവരിക്കുവാൻ ആയുധത്തിന്റെ മാർഗ്ഗം സഹായിക്കുകയില്ലെന്ന മഹാതത്വം വ്യാസകൃതിയിൽ നിന്ന് ഗുരുദേവൻ തിരിച്ചറിഞ്ഞു എന്ന് വേണം കരുതാൻ. സ്നേഹവും ത്യാഗവും മുഖമുദ്രയായ ഒരവതാരശൈലിക്കേ ലോകത്തെ ശാന്തിയിലേക്കു നയിക്കാനാവൂ എന്ന് നാരായണഗുരു കണ്ടെത്തി. ഈ അവതാരശൈലി യേശുക്രിസ്തുവിലൂടെ ലോകത്തവതരിച്ച് ലോകത്തെ മുഴുവൻ ശാന്തഗംഭീരമായി കീഴടക്കിക്കൊണ്ടിരുന്ന ദൃശ്യം ഗുരുവിന് കാണാമായിരുന്നു. നാരായണഗുരുവിനെ സന്ദർശിച്ച് ക്രിസ്തുമതം സ്വീകരിക്കാൻ പ്രേരിപ്പിച്ച മിഷണറിക്കു 'നാം ക്രിസ്തുമതത്തിലുള്ളതാണല്ലോ' എന്ന് നാരായണഗുരുവിൽ നിന്ന് ലഭിച്ച പ്രസിദ്ധമായ മറുപടി ഈ സത്യമാണ് വെളിപ്പെടുത്തുന്നത് എന്ന് എനിക്ക് തോന്നുന്നു.

നാരായണഗുരുവിന്റെ പ്രവർത്തനപരിപാടികളിൽ ബൈബിൾ സ്വാധീനം പ്രകടമാവുന്ന ഏതാനും ചില മേഖലകൾ കൂടെ എടുത്തു കാണിക്കാവുന്നതാണ്. അവയിലൊന്ന് വിവാഹവുമായി ബന്ധപ്പെട്ട് അദ്ദേഹം നടപ്പാക്കിയ ചില പരിഷ്കാരങ്ങളായിരുന്നു. ശിഥിലമായ വിവാഹബന്ധമാണ് കേരളത്തിൽ പൊതുവായും സ്വസമുദായത്തിൽ സവി

ശേഷമായും അദ്ദേഹം കണ്ടത്. ഒരു സ്ത്രീയ്ക്ക് ഒന്നിലേറെ പുരുഷന്മാർ, ഒരു പുരുഷന് ഒന്നിലേറെ സ്ത്രീകൾ എന്നിങ്ങനെ അവ്യവസ്ഥിതമായ സ്ത്രീ പുരുഷബന്ധങ്ങൾക്കു വിരാമമിടാൻ അദ്ദേഹം നിശ്ചയിച്ചു. വിവാഹം പാവനമായ ഒരു ബന്ധമാണെന്നും ഒരു പുരുഷന് ഒരു സ്ത്രീയും ഒരു സ്ത്രീയ്ക്ക് ഒരു പുരുഷനും എന്ന നിലയിൽ സ്ത്രീ പുരുഷ ബന്ധത്തെ സ്ഥിരപ്പെടുത്തണമെന്നും അദ്ദേഹം പഠിപ്പിച്ചു. വിവാഹം ഈശ്വരസാന്നിദ്ധ്യമുള്ള ക്ഷേത്രത്തിൽ ഒരു കാർമ്മികന്റെയും ഏതാനും സാക്ഷികളുടെയും സാന്നിദ്ധ്യത്തിൽ മാത്രമേ നടത്താവൂ എന്ന് അദ്ദേഹം അനുശാസിച്ചു. അതൊരു വിപ്ലവത്തിന്റെ തുടക്കമായിരുന്നു; നിശബ്ദ വിപ്ലവത്തിന്റെ. അതിന്നും തുടരുകയാണ്. അതുപോലെ കെട്ടു കല്യാണമെന്ന പേരിൽ ഋതുമതിയാകുന്നതിന് മുമ്പേ നടത്തിയിരുന്ന വിവാഹാഭാസം അദ്ദേഹം സ്വസമുദായത്തിൽ നിരോധിച്ചു. ഈ രണ്ടു കാര്യത്തിലും അദ്ദേഹത്തിൽ സ്വാധീനമായി വർത്തിച്ചത് ബൈബിളും ക്രിസ്തുമതത്തിന്റെ വിവാഹതത്വങ്ങളുമാണ്.

ദൈവം കൂട്ടിച്ചേർത്തതിനെ മനുഷ്യൻ വേർപിരിക്കരുതെന്ന ബൈബിൾ വചനം, വിവാഹത്തെ ഒരു വിശുദ്ധകർമ്മമായി പ്രഖ്യാപിക്കുവാനും അതിന്റെ നിർവ്വഹണത്തിന് ക്ഷേത്ര സാന്നിദ്ധ്യവും കാർമ്മികന്റെ ആശീർവ്വാദവും മന്ത്രപൂർവകമായ വിധികളും സാക്ഷികൾ മൂലമുള്ള പരസ്യ അംഗീകാരവും ക്രമീകരിക്കുവാനും അദ്ദേഹത്തെ പ്രേരിപ്പിച്ചു എന്ന് വേണം കരുതുവാൻ. ആ നിശബ്ദ വിപ്ലവം മൂലം ഏകഭാര്യാ - ഏകഭർത്തൃവ്രതം ഈഴവ സമുദായത്തിൽ മാത്രമല്ല കേരള ജീവിതത്തിലാകെ യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്നു. വിവാഹം ദേവാലയത്തിൽ, പുരോഹിത സാന്നിദ്ധ്യത്തിൽ, മന്ത്രപൂർവ്വമായ ചടങ്ങുകളാൽ മാത്രം നടത്തപ്പെടുക എന്ന ആശയം ഇന്ന് സാർവ്വത്രികമാണല്ലോ. ഭാര്യ ഭർത്താവിന്റെ വീട്ടിൽ സ്ഥിരമായി താമസിക്കുക, മക്കൾക്ക് പിതൃസ്വത്തിൽ അവകാശം നൽകുന്ന മക്കത്തായം സ്വീകരിക്കുക എന്നീ കാര്യങ്ങൾ, ക്രിസ്തുമതത്തിന്റെ കുടുംബസങ്കൽപ്പങ്ങളിലുള്ള അഭിലഷണീയമായ വശങ്ങൾ നാരായണഗുരു സ്വീകരിച്ചിട്ടുള്ളതിന്റെ ഉദാഹരണങ്ങളാണ്.

ക്രിസ്തു സ്വശിഷ്യരെ പഠിപ്പിച്ച ഒരു പ്രാർത്ഥന ബൈബിളിലുണ്ട്. ക്രൈസ്തവ ദേവാലയങ്ങളിലും വീടുകളിലും മറ്റും നടത്തപ്പെടുന്ന എല്ലാ പ്രാർത്ഥനകളിലും കേന്ദ്രസ്ഥാനം 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്നാരംഭിക്കുന്ന പ്രാർത്ഥനക്കാണ്. സ്വസമുദായത്തിൽപെട്ടവർക്കു കൈയിലൊതുങ്ങാവുന്ന പ്രാർത്ഥനകൾ ലഭ്യമല്ലെന്ന് കണ്ട ഗുരു നിരവധി പ്രാർത്ഥനകൾ രചിക്കുകയുണ്ടായി. എല്ലാ പ്രാർത്ഥനകളിലും നിറഞ്ഞുനിൽക്കുന്നത് ക്രിസ്തു പഠിപ്പിച്ച പ്രാർത്ഥനയുടെ പരിമളമാണ്.

ക്രിസ്തു പഠിപ്പിച്ച പ്രാർത്ഥനയും ക്രിസ്തു പഠിപ്പിച്ച മതബോധനങ്ങളും രണ്ട് വാക്യങ്ങളിൽ ഒതുങ്ങുന്നതായി ബൈബിൾ അവകാശപ്പെടുന്നുണ്ട്. 1. സ്രഷ്ടാവെന്ന നിലയിൽ ദൈവത്തെ ആരാധിക്കണം 2. സഹോദരങ്ങൾ എന്ന നിലയിൽ കാര്യവിചാരക മനോഭാവത്തിൽ പരസ്പരം കരുതലുള്ളവരായിരിക്കണം. ഈ മർമ്മങ്ങൾ നാരായണഗുരുവിന്റെ രചനകളിലാകെ നിറഞ്ഞുനിൽക്കുന്നു.

'അവനവനാത്മ സുഖത്തിനാചരിക്കു-
ന്നവയപരന്ന് സുഖത്തിനായ് വരേണം'

എന്ന വരികളിലെ 'അപര' സങ്കൽപ്പം ബൈബിളിലെ 'അയല്ക്കാർ' എന്ന സങ്കൽപത്തിന് സമാനവും സമാന്തരവുമാണ്. അപരനെക്കുറിച്ചുള്ള കരുതൽ കൂടാതെ മാനവസംസ്ക്കാരത്തിന് മുന്നേറാനാവില്ലെന്ന് അദ്ദേഹത്തെ ചിന്തിപ്പിച്ചതു ബൈബിൾ സംസ്ക്കാരമാണെന്ന് വേണം കരുതാൻ. വ്യാസമുനിയുടെ ദർശനവും ഈ പാഠം ഉദ്ഘോഷിക്കുന്നതായി അദ്ദേഹം തിരിച്ചറിഞ്ഞിട്ടുണ്ടാകണം. 'അപരനെ' അംഗീകരിക്കുവാൻ കഴിയാതെ പോയതാണല്ലോ മഹാഭാരതയുദ്ധത്തിന്റെ ബീജം. ഞാനതിപ്രകാരം വിശദമാക്കട്ടെ: ശന്തനു മഹാരാജാവിന്റെ പാരമ്പര്യം വിചിത്രവീര്യനിൽ അസ്തമിക്കുന്നു. പിന്നീട് ആ സിംഹാസനത്തിൽ ആരൂഢരായത് വ്യാസപരമ്പരയാണ്. ധൃതരാഷ്ട്രരും പാണ്ഡവരും വ്യാസപുത്രന്മാരാണ്. അവർക്ക് ശാന്തനുവിന്റെ സിംഹാസനത്തിൽ അവകാശമൊന്നുമില്ല. കുന്തീപുത്രന്മാർ അന്യരാണെന്ന് ആക്ഷേപിച്ച് അവർക്ക് രാജ്യം നിഷേധിച്ചപ്പോൾ ധൃതരാഷ്ട്രപുത്രന്മാർ തങ്ങളുടെ അനർഹതയിലും അവകാശരാഹിത്യത്തിലും മറവി അഭിനയിച്ചു. കുന്തീപുത്രന്മാരെ അന്യരെന്നും ന്യൂനപക്ഷമെന്നും വിശേഷിപ്പിച്ച് പല പൗരാവകാശങ്ങളും രാജാധികാരങ്ങളും നിഷേധിച്ചു. അതിന്റെ ഫലമായാണ് മഹായുദ്ധമുണ്ടായത്. അപരനെ ഉൾക്കൊള്ളാനുള്ള സന്ദേശം അന്ന് ഭാരതം ശ്രദ്ധിച്ചിരുന്നെങ്കിൽ ഭാരതയുദ്ധം ഒരു പക്ഷേ ഒഴിവാക്കപ്പെടുമായിരുന്നു. എന്നിട്ടെന്തു പറ്റി? "കർമ്മണ്യേവാധികാരസ്തേ" എന്ന നിയോഗം അനുസരിച്ച പാണ്ഡവർ വിജയിച്ചുവോ? ഇല്ല എന്നാണ് 'മഹാഭാരത കഥയുടെ അന്ത്യം അഗാധമായ വിഷാദ'മാണെന്ന് നിരീക്ഷിച്ച കുട്ടികൃഷ്ണമാരാർ അഭിപ്രായപ്പെട്ടിട്ടുള്ളത്.

അപരനെ ഉൾക്കൊള്ളുകയും തെറ്റുകാരനോടു ക്ഷമിക്കുകയും ചെയ്യുന്ന ഒരു ദർശനത്തിന് മാത്രമേ ആത്യന്തിക സമാധാനം കൈവരുത്താനാവൂ എന്ന ചിന്ത നാരായണഗുരുവിലെ നിത്യസ്വാധീനമായിരുന്നുവെന്ന് അദ്ദേഹത്തിന്റെ സാത്വികസമീപനങ്ങൾ വ്യക്തമാക്കുന്നു. ക്ഷേത്രങ്ങളിലെയും മറ്റും രൗദ്രപ്രതിഷ്ഠകളെ എടുത്തുമാറ്റി സൗമ്യപ്രതിഷ്ഠകളെ പ്രതിഷ്ഠിക്കാൻ അദ്ദേഹം ആഹ്വാനം നൽകുമായിരുന്നു.

ഗുരുവിന്റെ ജീവചരിത്രം എഴുതിയ സ്വാമി ധർമ്മാനന്ദജിയുടെ വാക്കുകളിൽ അക്കാര്യം പകർത്തുകയാണ്: "മദ്യമാംസങ്ങൾ കഴിക്കുകയും രക്തം കുടിക്കുകയും ചെയ്യുന്ന അനവധി ക്രൂരദൈവങ്ങളെ ജനങ്ങൾ ആരാധിച്ചു വന്നിരുന്നു. മദ്യവും മാംസവും അന്യോന്യം ബന്ധപ്പെട്ട അധമാഹാരസാധനങ്ങളാണല്ലോ. ദൈവങ്ങൾക്കു രക്തം കൊടുത്ത് പ്രീതിപ്പെടുത്തുവാൻ അനേകം സാധുജീവികളെ ദേവാലയത്തിൽ ബലി കഴിച്ചു പോന്നു. ജന്തു ബലി നിമിത്തം അനേകം ക്ഷേത്രങ്ങൾ രക്തക്കളങ്ങളായും കശാപ്പുശാലകളായും അധഃപതിച്ചിരുന്നു. ദൈവത്തിന് കുടിക്കാൻ രക്തം കൊടുത്തില്ലെങ്കിൽ ദൈവം കോപിച്ച് അതിന് പ്രതികാരം ചെയ്യുമെന്ന് ജനങ്ങൾ വിശ്വസിക്കുകയും ഭയപ്പെടുകയും ചെയ്തിരുന്നു. ജീവിക്കാൻ രക്തം ആവശ്യമുള്ള കൊതുക്, മൂട്ട മുതലായ നിസ്സാരജീവികൾക്കു മൃഗങ്ങളിൽ നിന്നും പ്രതാപശാലികളായ മനുഷ്യരിൽനിന്നും ആവശ്യംപോലെ രക്തം ഊററി എടുക്കാൻ കഴിവുള്ള സ്ഥിതിക്ക് സർവ്വശക്തനായ ദൈവത്തിന് ആവശ്യമുള്ള രക്തം ദൈവത്തിന് ജന്തുക്കളിൽ നിന്ന് ഊററി എടുക്കനാണോ പ്രയാസം! പട്ടി, പൂച്ച, പെരുച്ചാഴി മുതലായവയുടെ രക്തം ദൈവത്തിന് ആവശ്യമില്ല. മാംസഭുക്കുകളുടെ നാവിന് പററുന്നതുതന്നെ ദൈവത്തിനും വേണം. ബുദ്ധിഹീനരായ മനുഷ്യർ തങ്ങളുടെ ഉദരപൂരണത്തിനായി ദൈവത്തിന്റെ പേരു പറഞ്ഞ് ജന്തുബലി നടത്തുന്നതും ലഹരിസാധനങ്ങൾ വച്ച് പൂജിക്കുന്നതും മാംസവും ലഹരിവസ്തുക്കളും ഉപയോഗിച്ച് ക്ഷേത്രസമാനമായ തങ്ങളുടെ ശരീരത്തെ മ്ലേച്ഛപ്പെടുത്തുന്നതും ഒരിനം പൈശാചികാചാരം ആണെന്നതിൽ സംശയമില്ല.... ക്രിസ്തുദേവന്റെ പത്തു കല്പനകളിൽ ഒന്ന് ജന്തു ഹിംസ ചെയ്തുകൂടാ എന്ന് തന്നെയാണ്. ... രക്തവും ലഹരിവസ്തുക്കളും ആഹരിക്കുന്ന ക്രൂരദൈവങ്ങളെ നാം സേവിക്കേണ്ടതില്ലെന്നും നല്ല ആഹാരങ്ങൾ കഴിക്കുന്ന ജീവകാരുണ്യമുള്ള ദൈവത്തെ ആരാധിച്ചാൽ മതിയാവുമെന്നും ഗുരുദേവൻ കല്പിച്ചിട്ട് പല ക്ഷേത്രങ്ങളിൽ നിന്നും പഴയ ആസുര വിഗ്രഹങ്ങൾ എടുത്തുമാററി തൽസ്ഥാനങ്ങളിൽ ശിവനെയും മററും പ്രതിഷ്ഠിച്ച് സാത്വികമായ ആരാധനക്രമങ്ങളെ ഏർപ്പെടുത്തി ക്ഷേത്രങ്ങളെ പരിഷ്ക്കരിച്ചു. ..."

മലയാളവർഷം 1098-ൽ (അതായത് ഇംഗ്ലീഷ് വർഷം 1923-ൽ) മദ്രാസ് സ്റ്റേററിനോടു ചേർന്ന് നാഗർകോവിൽ താലൂക്കിൽപ്പെട്ട കോട്ടാർ എന്ന സ്ഥലം ഗുരുദേവൻ സന്ദർശിച്ചു. അവിടെ പിള്ളമാരുടെ വക എട്ടു പ്രധാന തെരുവുകളുണ്ട്. ആ തെരുവുകളിൽ അവരുടെ വകയായി മൊത്തത്തിൽ 42 ആരാധനാസ്ഥലങ്ങൾ ഉണ്ടായിരുന്നു. ഓരോ സ്ഥലത്തും ഓരോ തരത്തിലുള്ള ഉഗ്രമൂർത്തികളുടെയും മററും പ്രതിമകൾ സ്ഥാപിച്ചു വികൃത രൂപത്തിൽ ആരാധന നടത്തിവന്നിരുന്നു. മൂർത്തികളെ തൃപ്തിപ്പെടുത്തുവാനായി ഓരോ കൂട്ടരും ഓരോ സ്ഥലത്തും ധാരാളം പണം വ്യയം

ചെയ്തു ജന്തുബലി, പേക്കൂത്തു, തുള്ളൽ മുതലായ ചടങ്ങു നടത്തിയിരുന്നു. ഇതെല്ലാം ഗുരുദേവന്റെ ശ്രദ്ധയിൽപ്പെട്ടു. ആ തെരുവുകളിൽ നാല്പത്തിരണ്ടു സ്ഥലങ്ങളിലായി സ്ഥാപിച്ചിട്ടുള്ള സകല പ്രതിമകളും വിഗ്രഹങ്ങളും മാറ്റം ചെയ്യണമെന്നും എല്ലാവർക്കും കൂടി പൊതുവിൽ അവിടെ ഒരു ആരാധനാസ്ഥലം മാത്രം ഉണ്ടായാൽ മതി എന്നും ഗുരുദേവൻ ആ തെരുവുകാരോട് ആജ്ഞാപിച്ചു. എല്ലാവരും ആജ്ഞയ്ക്ക് കീഴടങ്ങി. അന്ന് അവിടെ ഉണ്ടായിരുന്ന ഒരു സന്യാസിയെക്കൊണ്ട് ഗുരുദേവൻ ആ 42 സ്ഥലങ്ങളിൽ നിന്നും സകല പ്രതിമകളും മാറ്റം ചെയ്യിച്ചു, നശിപ്പിച്ചു എന്ന് തന്നെ പറയാം...." (ടി പുസ്തകം, പു. 104, 105).

ഈ ക്ഷേത്ര ശുദ്ധീകരണ പ്രക്രീയയ്ക്കു പിന്നിൽ യഹൂദന്മാരുടെ യെരുശലേം ദേവാലയം ശുദ്ധീകരിച്ച യേശുക്രിസ്തുവിന്റെ പ്രേരണയും സ്വാധീനവും നാരായണഗുരുവിൽ വർത്തിച്ചിട്ടുണ്ടെന്നാണ് ഞാൻ കരുതുന്നത്.

നാരായണഗുരുവിന്റെ രണ്ടുപദേശങ്ങൾ പ്രസിദ്ധമാണല്ലോ! "വിദ്യ കൊണ്ട് വിജ്ഞരാകുവിൻ", "സംഘടിച്ച് ശക്തരാകുവിൻ."

നാരായണഗുരുവിന്റെ ജീവിതകാലമായ പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ കേരളത്തിലുണ്ടായ വിദ്യാഭ്യാസമുന്നേറ്റമാണ് ഗുരുവിന്റെ ഈ വാക്കുകൾക്കാധാരം. അന്ന് കേരളത്തിൽ ഉണ്ടായിരുന്ന സുറിയാനി ക്രിസ്ത്യാനികളുടെ ഇരുനൂറ്റമ്പതിലേറെ പള്ളികളോടനുബന്ധിച്ച് മലയാളം പള്ളിക്കൂടങ്ങൾ ഉണ്ടായി. ഈ പ്രദേശത്ത് പഴഞ്ഞിയിലും കരിക്കാടും കാട്ടകാമ്പലും ഉടലെടുത്ത മലയാളം പള്ളിക്കൂടങ്ങൾ ഉൾപ്പെടെ ഈ വിദ്യാലയങ്ങൾ മുഴുവനും അന്നത്തെ സുറിയാനി ക്രിസ്ത്യാനികളുടെ മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയന്റെ പ്രയത്നഫലമായിട്ടുണ്ടായതാണ്. നാടിന്റെ നാനാഭാഗങ്ങളിലായി വർണ്ണവ്യത്യാസം കൂടാതെ ഏവർക്കും വിദ്യാഭ്യാസസൗകര്യം ഒരുക്കിക്കൊടുത്ത ഈ പള്ളിക്കൂടങ്ങളാണ് കേരള നവോത്ഥാനത്തിനുള്ള കാലാവസ്ഥ കേരളത്തിൽ സംജാതമാക്കിയത്. ഈ പ്രവർത്തനത്തിന്റെ അലയടികളാണ് ഗുരുവിനെ കൊണ്ട് ഇപ്രകാരം ഒരു സന്ദേശം പുറപ്പെടുവിച്ചത്.

കേരളത്തിൽ ആദ്യമായി ഒരു സാമുദായിക സംഘടന രൂപംകൊള്ളുന്നത് 1876-ൽ മുളന്തുരുത്തിയിൽ വെച്ചാണ്. സുറിയാനി ക്രിസ്ത്യാനികളുടെ ഈ സാമുദായിക സംഘടന ക്രൈസ്തവസമൂഹത്തിൽ വരുത്തിവെച്ച വമ്പിച്ച വിപ്ലവം നോക്കിക്കണ്ടിട്ടാണ് കേരളത്തിലെ എല്ലാ സാമുദായിക സംഘടനകളും രൂപംകൊണ്ടത്. കേരളത്തിലെ രണ്ടാമത്തെ സാമുദായിക സംഘടന രൂപംകൊണ്ടത് 1902-ൽ ശ്രീനാരായണധർമ്മ

പരിപാലന യോഗം ഉടലെടുത്തപ്പോഴാണ്. പ്രാദേശികതലത്തിലുള്ള ഘടനകൾ കേന്ദ്രീകൃതമായി സംഘടിപ്പിക്കപ്പെട്ടാൽ ഉണ്ടാകുന്ന ശക്തി സുറിയാനി ക്രിസ്ത്യാനികളുടെ അഭിവൃദ്ധിയിൽ നിന്നാണ് കേരളം മുഴുവൻ പിന്നീട് പകർത്തിയത്.

ഇപ്രകാരം നോക്കിയാൽ വിദ്യാഭ്യാസരംഗം, സംഘടനാരൂപീകരണം, ക്ഷേത്രശുദ്ധീകരണം, സാത്വികമായ അവതാരശൈലി, അപരനോടുള്ള അനുകമ്പ മുതലായ കാര്യങ്ങളിൽ നാരായണഗുരുവിനെ ബൈബിളും ക്രൈസ്തവ സമുദായവും വലിയൊരളവിൽ സ്വാധീനിച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

നാരായണഗുരുവിനെ സംബന്ധിച്ചിടത്തോളം ഇത് ഒരന്യമതത്തെ അനുകരിക്കലായിരുന്നില്ല. ക്രിസ്തുമതം, ഭാരതം സ്വന്തം സംസ്കാരത്തിന്റെ ഭാഗമായി നൂറ്റാണ്ടുകൾക്കു മുമ്പേ അംഗീകരിച്ച ഒരു ദർശനമാണെന്ന് ഗുരുവിന് അറിയാമായിരുന്നു. വ്യാസകൃതമായ ഭവിഷ്യ മഹാപുരാണത്തിൽ നിന്ന് ഒരു ഭാഗം ഉദ്ധരിക്കട്ടെ!

"…. പ്രദാനമെന്ന നഗരത്തിന്റെ കിഴക്കു ഭാഗത്തായി ഈശ്വരൻ മനോഹരമായതും നാലുക്രോശം വിസ്തീർണ്ണമുള്ളതുമായ ഒരു ഉദ്യാനം സൃഷ്ടിച്ചു. തനിക്കൊരു പത്നിയെ ലഭിപ്പാനിച്ഛിച്ചുകൊണ്ട് ആദാം ആ ഉദ്യാനത്തിലെ ഒരു പാപവൃക്ഷച്ചുവട്ടിലെത്തി. ഒരു സർപ്പത്തിന്റെ രൂപം ധരിച്ചുകൊണ്ട് കലിയും അവിടെ എത്തിച്ചേർന്നു. ഭഗവാന്റെ ആജ്ഞയെല്ലാം ലംഘിച്ച് ആദാം ആ സർപ്പത്തിന്റെ നിർദ്ദേശപ്രകാരം ആ വൃക്ഷത്തിന്റെ ഫലം ഭക്ഷിച്ചു. ... ആദം, ഹവ്യവതി ഇവരുടെ സന്താനങ്ങളിൽ ശ്രേഷ്ഠൻ ശ്വേതാനാമാവ് എന്ന പേരിൽ പ്രസിദ്ധനായി. അദ്ദേഹത്തിന്റെ പുത്രൻ അനൂഹൻ. പിന്നെ പുത്രപൗത്ര പരമ്പര ഇപ്രകാരമാണ്. കീനാശൻ, മഹല്ലൻ, വിരദൻ. വിരദൻ തന്റെ പേരിൽ ഒരു നഗരം സ്ഥാപിച്ചു. അദ്ദേഹത്തിന്റെ പുത്രൻ ഹനുകൻ വിഷ്ണുഭക്തൻ ആയിരുന്നു. അദ്ദേഹം ഫലങ്ങൾ സേവിച്ച് ഉടലോടെ സ്വർഗ്ഗപ്രാപ്തി നേടി. ..... വിഷ്ണുഭക്തനായ ഹനുഹന് ഭഗവാൻ ഒരിക്കൽ സ്വപ്നത്തിൽ ദർശനം നൽകി ഇപ്രകാരം അരുളിചെയ്തു. 'വത്സ ഹനുഹാ ഇന്നുമുതൽ ഏഴാം ദിവസം പ്രളയമുണ്ടാകും. സ്വന്തക്കാരോടു കൂടി ഒരു കപ്പലിൽ അഭയം തേടിയാലും. ഇതു കേട്ട ഹനുഹൻ വലുതായ ഒരു കപ്പൽ നിർമ്മിച്ചു. തന്റെ ജനതയോടുകൂടി ഇതിൽ കയറി. .... നാല്പതു ദിവസം ഘോരമായി മഴ പെയ്യിച്ചു. ...." (പ്രതിസർഗ്ഗപർവ്വം, അധ്യായം 4, പുറം 267 –272).

വ്യാസൻ രചിച്ച ഈ പുരാണത്തിൽ ഈ ഭാഗത്ത് കാണുന്ന പരാമർശങ്ങൾ എല്ലാം ബൈബിളിലേതാണെങ്കിലും അക്കാര്യം വ്യാസൻ സൂചിപ്പിക്കുന്നതേയില്ല.

ബൈബിൾ ഭാരതീയന്റേയും പൈതൃകമാണ് എന്ന് വസുധൈവ കുടുംബകം പാടുന്ന ഋഷിപാരമ്പര്യത്തിൽ വ്യാസൻ വിശ്വസിച്ചിരുന്നു. ആ വിശ്വാസമാണ് ബൈബിൾ പ്രചോദനവും സ്വാധീനവും തേടി കേരളത്തിലെ നവോത്ഥാനത്തിന് നേതൃത്വം വഹിച്ച ശ്രീനാരായണഗുരുവിനെയും നയിച്ചത്. ഒരു കാര്യം തീർച്ച. അദ്ദേഹത്തിന്റെ സാത്വികസാന്നിദ്ധ്യവും ക്ഷേത്രത്തോടുള്ള സമീപനവും വിദ്യയോടും സംഘടനയോടുമുള്ള ആഭിമുഖ്യവും ബൈബിളിന്റെ സ്വാധീനത്തിന്റെ പ്രകടമായ സൂചനകളാണ്. ബൈബിളിന്റെ ഭൂമികയിൽ ഉറച്ച് നിന്നുകൊണ്ടാണ് അദ്ദേഹം ഭാരതീയമായിട്ടുള്ള എന്തിനേയും സ്വീകരിച്ചതും തിരസ്ക്കരിച്ചതും.

ക്രിസ്തുവിനെപ്പോലെ ക്ഷമിക്കണം എന്ന് നാരായണഗുരു സഹോദരൻ കെ. അയ്യപ്പനോട് പറഞ്ഞതായി പി. കെ. ബാലകൃഷ്ണൻ 'നാരായണഗുരു' എന്ന സമാഹാര ഗ്രന്ഥത്തിൽ വ്യക്തമാക്കുന്നുണ്ട്. ക്ഷമയുടെ തത്വശാസ്ത്രമാണ് സ്വന്തം ജീവിതത്തിന്റെ പ്രമാണമെന്നും ആ പ്രമാണത്തിന് ആദ്ദേഹം ആധാരമാക്കിയത് ക്രിസ്തുവിനെ ആണെന്നും ഈ വാക്യത്തിൽ അദ്ദേഹം പ്രഖ്യാപിക്കുന്നതായി മനസ്സിലാക്കാവുന്നതാണ് (പു. 199).

തന്നെയുമല്ല, ഒരു പ്രവാചകനും വിമോചകനുമായി സ്വന്തം വ്യക്തിത്വത്തെ രൂപപ്പെടുത്തിയെടുക്കുവാൻ ക്രിസ്തുദർശനം അദ്ദേഹത്തെ വലിയ ഒരളവിൽ സഹായിച്ചിട്ടുണ്ട്. ഭാരതത്തിലെ അവതാരപുരുഷന്മാരുടെ ഒരു കണ്ണിയായി അദ്ദേഹത്തെ വിലയിരുത്തുന്നതിൽ അപാകതയൊന്നുമില്ല. എന്നാൽ ബൈബിളിലെ പ്രവാചകനിരയിലെ ഒരു കണ്ണിയായി അദ്ദേഹത്തെ വിലയിരുത്തുമ്പോഴാണ് നാം അദ്ദേഹത്തോട് കൂടുതൽ നീതിപുലർത്തുന്നത് എന്ന് ഞാൻ വിശ്വസിക്കുന്നു.

(1998-ൽ ആലുവാ അദ്വൈതാശ്രമത്തിൽ നടന്ന സർവ്വമത സമ്മേളനത്തിലും പഴഞ്ഞി ഗുരുപ്രഭാവാശ്രമത്തിൽ നടത്തിയ ശ്രീനാരായണ ധർമ്മ മീമാംസാ പരിഷത്തിലും അവതരിപ്പിച്ച പ്രബന്ധം)

- ഫാ. ഡോ. ജോസഫ് ചീരൻ

5

ബൈബിളും മലയാള സാഹിത്യവും

ഒരു നാടിന്റെയും ജനതയുടെയും, ഒപ്പം കാലഘട്ടത്തിന്റെയും മുഖത്ത് പ്രത്യക്ഷപ്പെടുന്ന സംഘർഷങ്ങൾ, ധർമ്മസങ്കടങ്ങൾ, ആത്മഹർഷങ്ങൾ, നെടുവീർപ്പുകൾ, സ്വപ്നങ്ങൾ തുടങ്ങിയ വൈവിധ്യമാർന്ന ജൈവഭാവങ്ങളെ ഒപ്പിയെടുത്ത് സൂക്ഷിക്കുവാനും പുനരാവിഷ്ക്കരിക്കുവാനും ഏറ്റവും സമർത്ഥമായും ചടുലമായും സഫലമായും ശ്രമിച്ചിട്ടുള്ളത് സാഹിത്യത്തിലെ രാജ്ഞിപദത്തിൽ വിരാജിക്കുന്ന കവിതയാണ്. ലോകചരിത്രത്തിലെന്നപോലെ മലയാളനാടിന്റെ ചരിത്രത്തിലും ഈ നിരീക്ഷണം സംഗതമാണ്. ഇക്കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകൾ കേരളത്തിൽ നവോത്ഥാനം മുളച്ചുപൊന്തി പുഷ്ക്കലമായിത്തീർന്ന കാലഘട്ടമെന്ന നിലയിൽ അവിസ്മരണീയമാണ്. ഈ കാലഘട്ടത്തെ നവോത്ഥാന ശതകങ്ങളാക്കുന്നതിൽ പ്രേരണ ചെലുത്തിയ മുഖ്യഘടകങ്ങൾ ഏതൊക്കെയാണ്? മലയാളം ബൈബിൾ അതിന്റെ പിറവിയുടെ ഇരുനൂറാം വാർഷികം പിന്നിടുമ്പോൾ, ലോകഗുരുവായ ക്രിസ്തുവിന്റെ കൈചൂണ്ടലുകൾ, നമ്മുടെ നാടിന്റെ പ്രബുദ്ധതയ്ക്ക് എത്രമാത്രം പ്രേരകമായി എന്ന അന്വേഷണം പരിമിതമായ തോതിൽ നടത്തുവാനാണ് ഈ പ്രബന്ധത്തിൽ ഉദ്യമിച്ചിട്ടുള്ളത്.

ആശാൻ, വള്ളത്തോൾ, ഉള്ളൂർ

ബൈബിൾ വിശ്വദാർശനിക മതഗ്രന്ഥമെന്ന നിലയിൽ പ്രവചനപരതയിൽ മികവ് പുലർത്തുന്ന ഗ്രന്ഥസമുച്ചയമാണ്. മനുഷ്യപൂർണ്ണതയെ ലക്ഷ്യമാക്കുന്ന ദൈവികപദ്ധതികളുടെ ആവിഷ്ക്കാരമാണ് അതിലെ പ്രവചനപരതയെ മനുഷ്യാഭിമുഖവും തദ്വാര ദൈവാഭിമുഖവും ആക്കുന്നത്. മനുഷ്യസ്നേഹികളായ കവികൾ, തന്മൂലം, ശക്തമായ നാവുകൾ ചെത്തിയെടുക്കുവാൻ ബൈബിളിനെ ആവേശപൂർവ്വം പ്രണയിക്കുന്നത് സ്വാഭാവികം. മലയാളകവിതയുടെ നവോത്ഥാനം കുമാരനാശാനിൽ ആരംഭിക്കുന്നു. ആ നവോത്ഥാനം മറനീക്കി പ്രത്യക്ഷമായത് 'വീണപൂവി' ലൂടെയാണ്. വീണപൂവിന് ഒട്ടേറെ വ്യാഖ്യാനങ്ങൾ ഉണ്ടായിട്ടുണ്ട്. ആശാന്റെ കാവ്യജീവിതത്തെ ഇളക്കിമറിച്ച് ക്രമീകൃതമാക്കിയ പാശ്ചാത്യസാഹിത്യത്തിന്റെ 'പുളിമാവ്' എന്ന നിലയിൽ, വീണപൂവിന് ബൈബിൾ സംസ്കാരത്തിൽ ഉചിതമായ വ്യാഖ്യാനം സാധ്യമാണ്. ഏദൻ പറുദീസായിലെ ആദിമമനുഷ്യന്റെ പതനകഥയുമായി വീണപൂവിന് ജനകജന്യ ബന്ധമുണ്ടെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. സമാനതകൾ കാണുക:

1. പുഷ്പം	1. സൃഷ്ടിയുടെ മകുടമായ ആദിമനുഷ്യർ (ആദം, ഹവ്വ)
2. അധികതുംഗപദത്തിൽ	2. ഏദൻപറുദീസായിൽ
3. രാജ്ഞി	3. മറ്റു സൃഷ്ടികളുടെ മേൽ കർത്തൃത്വം നടത്തുന്നു.
4. ആരും അസൂയപ്പെട്ടുപോകും	4. മാലാഖമാർ അസൂയപ്പെടുന്നു.
5. കറുത്തവണ്ടുമായി അനുരാഗം	5. സാത്താന്റെ കറുത്ത ചിന്തകൾക്ക് വിധേയപ്പെടുന്നു.
6. ഭൂമിയിൽ ഞെട്ടറ്റ് വീഴുന്നു	6. ശാപഭൂമിയിലേക്ക് നിപതിക്കുന്നു
7. പൂവ് കരിഞ്ഞും അലിഞ്ഞും മണ്ണാകും	7. നീ മണ്ണാകുന്നു; മണ്ണിലേക്കു ചേരും
8. കല്പകക്കൊമ്പിൽ വീണ്ടും വിരിയും	8. പുനരുത്ഥാനത്തിൽ നവീകരിക്കപ്പെടും
9. വീണുകിടക്കുന്ന പൂവിന്റെ സമീപം വണ്ട് സന്നിഹിതം	9. പതനശേഷവും മനുഷ്യൻ തിന്മയുടെ സ്വാധീനത്തിൽ
10. ജീവിതം നശ്വരമാകയാൽ ദയനീയം	10. ഏത് മനുഷ്യനും ഉറച്ചുനിന്നാൽ ഒരു ശ്വാസമത്രേ.

ജോൺ മിൽട്ടന്റെ 'പാരഡൈസ് ലോസ്റ്റ്' എന്ന ക്ലാസിക് കൃതിയിലെ ബൈബിൾ അന്തരീക്ഷം മലയാളകവിതയിൽ മൊട്ടിട്ടു വിരിയുന്നത് വീണ പൂവിലാണ്.

സ്നേഹിക്ക ഉണ്ണി! നീ നിന്നെ ദ്രോഹിക്കുന്ന ജനത്തെയും
ദ്രോഹം ദ്വേഷത്തെ നീക്കിടാ, സ്നേഹം നീക്കിടുമോർക്ക നീ!

എന്ന 'വിചിത്രവിജയ'ത്തിലെ പരാമർശം ആശാനിലെ ബൈബിൾ ദർശനത്തെ പ്രഖ്യാപിക്കുന്നു. ആശാന്റെ പ്രഖ്യാതമായ ഖണ്ഡകൃതികളെല്ലാം 'സ്നേഹഗീത'കളായി പരിണമിച്ചതിന്റെ പിന്നിൽ ദാർശനിക അന്തർധാരയായി ബൈബിളിന്റെ സുഗന്ധം അനുഭവവേദ്യമാണ്.

വള്ളത്തോളിലെ ബൈബിൾ ആഭിമുഖ്യത്തിന്റെ ആഴം ഗ്രഹിക്കാൻ 'മഗ്ദലന മറിയം' ധാരാളം മതിയാകും. പതിതവർഗ്ഗ പ്രതിനിധിയായ മറിയം, മുകളിൽ വട്ടമിട്ടു പറക്കുന്ന തിന്മപ്പരുന്തിന്റെ ദൃഷ്ടിക്ക് വിഷയീഭവിച്ച കപോതത്തിന്റെ പ്രതിനിധിയല്ലേ? പ്രാപ്പിടിയന്റെ ക്രൂരമായ ആക്രമണത്തിൽ നിന്ന് സംരക്ഷണം തേടുന്ന ഒരാത്മാവിന്റെ രോദനമാണ് മറിയയുടേത്. കാവ്യത്തിലെ നായിക, ഓർത്തഡോക്സ് സഭയുടെ പീഡാനുഭവവാരത്തിൽ പെസഹാ ബുധനാഴ്ചയുടെ മധ്യാഹ്ന പ്രാർത്ഥനയിലെ പ്രുമിയോനിൽ നിർദ്ദേശിക്കപ്പെട്ടവിധം പാപസ്വാധീനത്തിനധീനമായ

സഭയുടെ പ്രതീകമാണ്. വള്ളത്തോൾ കൃതിയിലെ നായിക നരവർഗ്ഗത്തിന്റെ പതിതാവസ്ഥയെ പ്രതിനിധാനം ചെയ്യുന്നു. അവൾ ഒരു 'വീണ പൂവ്' തന്നെയാണ്.

'എന്റെ ഗുരുനാഥനിൽ' ക്രിസ്തുവിനെ അദ്ദേഹം വരച്ചുകാട്ടുന്നതിങ്ങനെ:

"ശത്രുവിങ്കലും സ്നേഹം പുരട്ടുകെന്നത്ര ഘോഷിച്ച ബുദ്ധനെ..."

മഹാകവി ഉള്ളൂരിലെ ബൈബിൾ ആഭിമുഖ്യം ഉദാഹരിക്കുവാൻ അദ്ദേഹത്തിന്റെ 'പ്രേമസംഗീതം' ധാരാളം മതിയാകും.

അടുത്ത് നില്പോരനുജനെ നോക്കാനക്ഷികൾ ഇല്ലാത്തോ-
ർക്കരൂപനീശ്വരൻ അദൃശ്യനായാലതിലെന്താശ്ചര്യം?

ഇത് ഒരു ബൈബിൾ വാക്യത്തിന്റെ അസ്സൽ പരാവർത്തനമല്ലേ?

ലോകത്തിന്റെ പ്രാണനാണ് സ്നേഹം. അതിന്റെ നിഷേധമായ തമസ് മരണമാണ് എന്ന് ആരംഭിക്കുന്ന ആ നീണ്ടകവിത ഉള്ളൂർ നേടിയ ബൈബിൾ സംസ്കാരത്തെ സംവഹിക്കുന്നു.

'പ്രപഞ്ച ഭൂവിൽ വിതച്ച വിത്തിൻഫലത്തെ നാം കൊയ്‌വൂ, പ്രപഞ്ച മരുൾപൂ പട്ടും വെട്ടും പകരത്തിന് പകരം' എന്ന വരികൾ ബൈബിൾ ദർശനത്തിന്റെ കാവ്യവൽക്കരണം തന്നെയാണ്.

ഇംഗ്ലീഷിലും മലയാളത്തിലുമായി ലഭിച്ച ബൈബിളിന്റെ സംസ്കാരം ഇരുപതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ മലയാളത്തിൽ പ്രകടമാക്കിയവരാണ് ആധുനിക കവികളിൽ പ്രമുഖരായ മൂന്ന് പേരും.

ശങ്കരക്കുറുപ്പ്, വൈലോപ്പിള്ളി, ബാലാമണിയമ്മ

കവിത്രയത്തിന് ശേഷം മലയാളം കണ്ട പ്രമുഖ കവികളും ബൈബിളിൽ നിന്ന് പ്രചോദനം പ്രാപിച്ചവരാണിവർ. ജി. ശങ്കരക്കുറുപ്പിന്റെ പ്രസിദ്ധകാവ്യബിംബമാണ് ഓടക്കുഴൽ. കവിയുടെ പ്രതീകം. ഈശ്വരന്റെ ശ്വാസംതന്നിലൂടെ ഗാനമായി പ്രവഹിക്കുന്നു എന്നാണ് ജിയുടെ ഭാവം. ബൈബിളിലെ പ്രസിദ്ധ സങ്കീർത്തന രചയിതാവും കവിയുമായ ദാവീദിനെ പരിശുദ്ധാത്മാവിന്റെ വീണ, കിന്നരം എന്നിങ്ങനെ വിശേഷിപ്പിക്കുന്നു. ദൈവത്തിന്റെ നിശ്വാസമാണ് ജഡമയനായ സൃഷ്ടിയെ ചൈതന്യവത്താക്കുന്നത് എന്ന ഏദൻകഥ ഈ സിംബലിനെ അർത്ഥസാന്ദ്രമാക്കുന്നു. രക്ഷാകവചം എന്ന കവിതയിൽ കവി എഴുതുന്നു:

നാഥാ നിൻ നാമമെൻ രക്ഷ, നടുക്കടലിലാണ് ഞാൻ
ആത്മാവിൽ ഞാൻ ധരിക്കുന്നുണ്ടാ രക്ഷാകവചം വിഭോ;

മുങ്ങിയാലും മുങ്ങിയാലും മുങ്ങിപ്പോകയില്ല ഞാൻ
നീന്തും കപ്പൽ തകർന്നാലും നിൻനാമത്തിന്റെ രക്ഷയാൽ"

23-ാം സങ്കീർത്തനത്തിന്റെ ആത്മാവ് ഈ വരികളിൽ തുടിച്ചുനിൽക്കു ന്നില്ലേ?

'ആരാമത്തിൽ' എന്ന കവിതയിലെ 'നാശമേലുകില്ലൊരുനാളുമെന്ന ഭാവനയോടെ' വാഴുന്ന ചിലന്തി, തിന്നുക, കുടിക്കുക, ആനന്ദിക്കുക എന്ന് അഹങ്കരിച്ച മൂഢനായ മനുഷ്യൻ തന്നെയാണ്. 'കാലുകൾക്കിടയി ലാണെട്ട് ദിക്കുകൾ' എന്ന ഭാവനയോടെ തന്റെ വലയിൽ കുടുങ്ങുന്ന പ്രാണികളെ ദയാഹീനമായി വീക്ഷിക്കുന്ന ചിലന്തി ബൈബിളിലെ പ്രസിദ്ധ എപ്പിക്യൂറിയൻ പ്രഭുവിനെ ഓർമ്മിപ്പിക്കുന്നു.

'ഇന്നു ഞാൻ നാളെ നീ' എന്ന കവിത ആമൂലാഗ്രം കവിയിലെ ബൈബിൾ സംസ്കാരത്തെ പ്രതിഫലിപ്പിക്കുന്നു.

കവിത്രയത്തെ ആധുനികതയോട് കൂട്ടിച്ചേർക്കുന്ന ശക്തമായ ഇട ക്കണ്ണിയാണ് വൈലോപ്പിള്ളി. ഹിംസയുടെ ഉത്സവമല്ല, അഹിംസയുടെ ഉദാരതയും ത്യാഗത്തിന്റെ നേട്ടവും ആണ് മനുഷ്യന്റെ ഉദാത്ത ഭാവന കളെ ശാശ്വതമായി ആവേശം കൊള്ളിക്കുക എന്ന് അദ്ദേഹം വിശ്വസി ക്കുന്നു. 'മണിനാദ'ത്തിൽ അദ്ദേഹം തന്റെ ഈ വിശ്വാസപ്രമാണം ഉദ്ഗാനം ചെയ്യുന്നുണ്ട്. ടെലമാക്കസ് നരമേധത്തെ നിഷേധിച്ചുകൊണ്ട് പാടുന്നു.

"കെയ്നിന്റെ (കായേൻ) ശിരസ്സിങ്കൽ ഇടിത്തീപ്പതിപ്പിച്ചോ
രി നിന്ദ്യമാകും ഭ്രാതൃധ്വംസനം നിർത്തൂ നിർത്തൂ."

കുരുക്ഷേത്രങ്ങളുടെ മദ്ധ്യേ അന്ധാളിച്ചു നിൽക്കുന്ന ആധുനിക മനു ഷ്യനെ ഉത്ബുദ്ധനാക്കാൻ ഈ 'അഭിനവ ശ്രീധര'ന് ബൈബിൾ ചിത്ര ങ്ങളും സന്ദേശങ്ങളുമേ നൽകാനുള്ളൂ എന്നത് ശ്രദ്ധേയമല്ലേ?

ബാലാമണിയമ്മയുടെ 'മഴുവിന്റെ കഥ'യാണ് ഇവിടെ ഉദാഹരിക്കാ വുന്ന മറ്റൊരു ബൈബിൾ സന്ദേശത്തിന്റെ കഥ പറയുന്ന കവിത. സമാ ഹാരത്തിലെ മൂന്ന് കവിതകളിലെ കഥാപാത്രങ്ങൾ പുരാണപുരുഷന്മാ രാണ്. പരശുരാമനും, വിശ്വാമിത്രനും, വിഭീഷണനും. ശാശ്വതമായ ശാന്തി കൈവരിക്കാൻ ഹിംസയുടെ മാർഗ്ഗം പരിത്യജിക്കണമെന്ന് ക്ഷത്രിയ ധർമ്മത്തിൽ ജീവിച്ച പരശുരാമൻ പശ്ചാത്തപിക്കുന്നു.

'ഹാ! വെറുക്കുന്നു ഞാനീ ചോര ചിന്തലും ധീരഭാവവും വിജയാഹം കൃതിയും വിലാസവും' എന്നാണ് വിഭീഷണൻ വിലപിക്കുന്നത്. അദ്ദേഹം സ്നാപക യോഹന്നാനെപ്പോലെ പ്രവചിക്കുന്നു.

വെൺ ചിതൽപ്പറ്റം പോലെ കാർന്നെടുക്കുന്നു പാപം
നെഞ്ചിനെ, ക്കുടുംബത്തെ, രാഷ്ട്രത്തെയും
മാനവനർദ്ധാംശംപോൽ വേട്ട പെണ്ണ്, അവളെയി-
ങ്ങാനയിച്ചതേ തെറ്റ്, തിരിയെക്കൊടുത്താലും
തൻ പിഴയറിയുന്നു വൈകിയും മനീഷികൾ,
വൻപ് വിട്ടുടൻ തന്നെ നീതിമാൻ തിരുത്തുന്നു.

രാക്ഷസപുരിയിൽ നിർഭയം നീതിയോതുന്ന വിഭീഷണനെ ബൈബിൾ സ്വാധീനിച്ചിരിക്കുന്നു.

വിശ്വാമിത്രനും ഒരു കുമ്പസാരക്കവിത തന്നെ. മൃഗയാവിനോദത്തിലെ ഹിംസയുമായി നടക്കുന്ന അഹന്ത, ശമധന്യമായ ആശ്രമഭൂമിയിൽ വെച്ച് വസിഷ്ഠനിൽ നിന്നേറ്റുവാങ്ങേണ്ടിവന്ന തോൽവി - ഈ തോൽവികൾ അദ്ദേഹത്തിലെ മത്സരബുദ്ധിയുടെ ഉശിരു വർദ്ധിപ്പിച്ചു. ഒടുവിൽ തപഃ പ്രഭാവം നേടി. കിംഫലം? ആ തപഃശക്തി ലോകത്തിന് ഒരു ഗുണവും ചെയ്തില്ല. ഒടുവിൽ അനാഥനായ ഒരു ബാലന് - ശുനശ്ശേഫന് - സ്നേഹഭിക്ഷ നൽകിയതോടെ വിശ്വാമിത്രന്റെ അശാന്തി അസ്തമിക്കുകയായി. ഭോഗവും ആസക്തിയും മനഃസുഖം കെടുത്താനേ ഉതകൂ. ത്യാഗം കൊണ്ടേ ശാന്തി ഉണ്ടാവൂ - ഇതാണ് അയാൾ പഠിച്ച പാഠം.

ഈ മൂന്ന് കവിതകളിലെയും പുരാണപ്രസിദ്ധരായ നായകന്മാർ പശ്ചാത്താപ വിവശരാണ്. പ്രായശ്ചിത്തം ചെയ്യാൻ സന്നദ്ധരുമാണ്. ഒരാൾ ഹിംസയുടെ പാപബോധവും ചുമന്ന് ത്യാഗമൂർത്തിയായ 'മഹാബലി'യെ ആരാധിക്കുന്ന പിൻമുറക്കാരിൽ ശാന്തിയും ക്ഷേമവും ആശംസിക്കുന്നു. വിഭീഷണൻ അഹിംസയെ പരമധർമ്മമാക്കാൻ കൊതിച്ച് അത് തന്റെ പാളയത്തിൽ സഫലമാക്കാനാവാതെ വ്യർത്ഥതയുംപേറി അലയുന്നവനാണ്. ഹിംസ ധർമ്മത്തിന്റെ പേരിലായാലും അധർമ്മത്തിന്റെ പേരിലായാലും പ്രശ്നങ്ങളുടെ പരമ്പര സൃഷ്ടിക്കുമെന്ന് അയാൾക്ക് തീർച്ചയായി. നീതിയും കാരുണ്യവും കൂട്ടി ഇണക്കുന്ന ഒരു ദർശനത്തിൽ അയാൾ പ്രതീക്ഷയർപ്പിക്കുന്നു. മത്സരബുദ്ധിയും കരുത്തും സ്വാർത്ഥതയുടെ ഭാഗമായാൽ അശാന്തിയെ മാത്രമേ കൊയ്യാനൊക്കൂ എന്ന് പാഠം പഠിച്ച വിശ്വാമിത്രനാകട്ടെ അക്കാര്യം ഏറ്റുപറഞ്ഞ്, ബലിമൃഗമാവാൻ ഉപേക്ഷിക്കപ്പെട്ട ഒരനാഥബാലനിൽ സ്നേഹം ചൊരിഞ്ഞ് ധന്യത നേടി. ഇതാകട്ടെ കരുത്തന്മാരുടെ മാർഗ്ഗം എന്ന് സുവിശേഷിക്കുന്നു.

ഈ മൂന്നു പേരും ഇതിഹാസപാത്രങ്ങൾ ആണ്. അവർക്ക് ബാലാമണിയമ്മ ചിന്തയിലും പ്രതീക്ഷയിലും വരുത്തിയ രാസപരിണാമങ്ങൾ വിസ്മയാവഹമാണ്. ഈ പരിണാമം ഈ നൂറ്റാണ്ടിലേക്ക് അവർ നൽകുന്ന പ്രകാശമാണ്. ആ പ്രകാശമാകട്ടെ, ബൈബിൾ വീക്ഷണത്തോട് ആത്മബന്ധം പുലർത്തുന്നു.

മുകളിൽ പരാമർശിച്ച ആറ് മഹാകവികളും മലയാളകവിതയുടെ ആധുനികതയിൽ ഒന്നാം തലമുറക്കാർ എന്ന വിശേഷണം അർഹിക്കുന്നവരാണ്. ഇവരെത്തുടർന്ന് രംഗപ്രവേശം ചെയ്ത കവികൾ ആണ് മലയാളത്തിലെ ആധുനികതയെ ഒരാഘോഷമായി മാറ്റിയത്. ആ തലമുറയിലെ പ്രാതിനിധ്യസ്വഭാവമുള്ള ഏതാനുംപേരെ വിലയിരുത്തിയാലേ മലയാള കവിതയിലെ ബൈബിൾ സ്വാധീനത്തിന്റെ ചിത്രം ഏതാണ്ട് പൂർണ്ണമാകൂ.

ഒ. എൻ. വി. കുറുപ്പ്

ജ്ഞാനപീഠം അവാർഡ് ജേതാവായ ഒ.എൻ.വി. യെ ആണ് നാം ഇവിടെ ആദ്യം സമീപിക്കുന്നത്. സമൂഹത്തിലെ അവഗണിക്കപ്പെട്ടവരുടെ ശബ്ദമായി പ്രത്യക്ഷപ്പെട്ട കവികളിൽ ഒരാളാണദ്ദേഹം. കവിതയിൽ റിയലിസവും റൊമാന്റിസിസവും മധുരോദാരമായ ഒരനുപാതത്തിൽ സന്നിവേശിപ്പിച്ച കാവ്യഗന്ധർവ്വനാണദ്ദേഹം. 'അധ്വാനിക്കുന്നവന്റെയും ഭാരം ചുമക്കുന്നവന്റെയും സ്വർഗ്ഗരാജ്യത്തിനുവേണ്ടി കുരിശേറിയ മഹാപുരുഷന്റെ ഇതിഹാസം, അധ്വാനിക്കുന്ന വർഗ്ഗത്തിന്റെ വിമോചന സംഹിതയിൽ വിശ്വസിച്ച് പുതിയ പുലരി സ്വപ്നം കണ്ട കവിയെ സ്വാധീനിച്ചത് സ്വാഭാവികമല്ലേ' എന്ന് ജോളി ജേക്കബ് അഭിപ്രായപ്പെട്ടിട്ടുണ്ട് (രാജശേഖരൻ എച്ച്., എഡി.: ഒ.എൻ.വി. കവിത; ബൈബിൾ ബിംബങ്ങൾ ഒ.എൻ.വി. കവിതയിൽ എന്ന ലേഖനം).

പൂർണ്ണമായും ബൈബിൾക്കവിതകൾ എന്ന വിശേഷണം അർഹിക്കുന്ന ഏതാനും കവിതകൾ ഒ.എൻ.വി രചിച്ചിട്ടുണ്ട്. 'ദാവീദിനൊരു ഗാനം', 'സോളമന് ഒരു ഗീതം', 'ഇന്നും', 'അഗ്നിശലഭങ്ങൾ' എന്നിവ ഉദാഹരണം. 'പാമ്പിന് മാളം പറവകൾക്കാകാശം' (ഉറവുകൾ, മൃഗയാ, പുറം 56), പറുദീസാ നഷ്ടം (ഭൂമിഗീതങ്ങൾ), എനിയ്ക്ക് പിൻപേയെത്തും പെരിയോൻ' (സൂര്യനെ കാത്ത്), ആദമിൻ പ്രിയ പുത്രരിന്നും സഹജാതരെക്കൊന്നതിൻ രക്തമീ ഭൂമിയിൽ നിന്ന് നിലവിളിച്ചാർക്കുന്ന ദാരുണനാദമല്ലാതെന്ത് കേൾക്കാൻ' (അന്തിയാവുന്നു).

കൈക്കൊൾകീ പുത്തൻ ക്രിസ്മസ് കേക്കുമീ തുടുവീഞ്ഞും
കൈക്കൊൾക റൂമേനിയാ ഇത് നിൻ മാംസം, രക്തം (റൂമേനിയാ)

"എനിക്കെത്രയും പ്രീയമെഴുന്ന വീഞ്ഞുണ്ടാക്കാനൊരിക്കൽ പോലും അയല്ക്കാരന്റെ തോട്ടത്തിലെ ഒരു മുന്തിരിമണി ഞാൻ കവർന്നിട്ടില്ല" (ഒരു ദിനാന്തക്കുറിപ്പ്)

പണ്ടാദിപിതാക്കൾക്ക് നഗ്നത മറയ്ക്കാനീ
മുന്തിരിക്കൊടിയല്ലേ പച്ചിലപ്പടം നെയ്തൂ" (ഒരു ദിനാന്തക്കുറിപ്പ്)

ഇനിയും ഒട്ടകലെയക്കാണ്മതോ
നാമിങ്ങു തിരയുന്ന ജീവന്റെ വൃക്ഷം?" (ജീവന്റെ വൃക്ഷം)

പെറ്റമ്മ തൻ നിറവുറ്റ മാറിൽ നിന്നേതോ
ഹെരോദ തൻ കനിവറ്റ സൈനികന്
വേർപെടുത്തിടുവാനരുതാതെയൊട്ടിപ്പിടിച്ചാർത്തു
കേഴുമൊരു ശിശുപോലെ...." (ജീവന്റെ വൃക്ഷം)

ഏറെപ്പുരാതനർ നാമെന്ന് തോന്നി
ചെന്നിതാദിമ വൃക്ഷത്തണലിലോ
ആദിപിതാക്കളെപ്പോലെയീ നമ്മളും ആ ശിഖരത്തിൽ
തൂങ്ങിപ്പിടിച്ച് ചാഞ്ചാടിക്കളിക്കാൻ കൊതിക്കുന്നു... (ജീവന്റെ വൃക്ഷം)

'വേളി വിരുന്നിന് വീഞ്ഞ് കഴിഞ്ഞെന്ന്
വേദനയോടെയുണർത്തിച്ച വേളയിൽ
പച്ചവെള്ളം തുടുവീഞ്ഞാക്കിയ
ദീനവത്സലൻ തന്റെ കഥ കേട്ടു' (നാടൻ നഖചിത്രങ്ങൾ).

"മേളിച്ചതെങ്ങു നാം.... ശീതളമാം ലെബനോൻ താഴ്‌വരയിലോ
പ്രീതരായ് നമ്മൾ തൻ സ്വർഗ്ഗം പടുത്തു നാം
ചെമ്മരിയാടുകൾ മേയുന്ന മേട്ടിലോ
ചെമ്മുന്തിരിക്കുലകളാടുന്ന തോപ്പിലോ
ശാരോനിലെ പനീർത്തോട്ടത്തിലോ
മണലാരണ്യമോലും പനങ്കുടക്കീഴിലോ (രാഗം, ലയം, ലഹരി).

പാമ്പിനുണ്ടല്ലോ മാളം പറവകൾക്കാകാശവും
പാവമാം മനുഷ്യന് തലചായ്ക്കാനില്ലിടം? (സ്മാരകലക്ഷം).

അങ്ങനെയൊരു നാകം നഷ്ടപ്പെട്ടവർ, വാഴ്‌വിൻ
സംഗരാങ്കണങ്ങളിൽ തളർന്നോർ മുറിപ്പെട്ടോർ" (ശ്രാവണ സംഗീതം).

പാവമാം വേശ്യയെ ശിക്ഷിക്കുവാൻ പണ്ട്
പാപികളാലെറിയട്ടെ കല്ലുകൾ! (കല്ലുകൾ).

അപ്പവും വീഞ്ഞുമായ് എന്നിനി രക്ഷകൻ വരുന്നു! (രക്ഷകൻ)
'നിൻ കൈയിലാണിപ്പഴുതുണ്ടോ' (രക്ഷകൻ).

'വഴികാട്ടിയ നക്ഷത്രങ്ങളും മറഞ്ഞുവോ?' (സംഘഗാനം).

"ഞാനെന്നെക്കുരിശിൽ തറച്ചു, ജഡമുണ്ടിക്കല്ലറക്കുള്ളിൽ, എൻപ്രാണൻ
മൂകവിഷാദമാർന്നിവിടെ നൂറ്റാണ്ടെണ്ണി നില്ക്കുന്നി-
തെന്നാണാ ധന്യമുഹൂർത്തമെന്റെ പുനരുത്ഥാനം?
നിണംവാർന്നൊരീയാണിപ്പാടുകൾ അശ്രുവിൻ
കഴുകിയോരമ്മ മൂർച്ഛിച്ചുവോ (കൊടുങ്കാറ്റിനു മുമ്പ്).

ഇത്തടവറക്കുള്ളിൽപ്പെട്ടതേ ദുഃഖം പുറത്തെത്തുവാൻ ഭയം
ഞങ്ങൾ അറിവിൻ കനിതിന്നോർ' (പ്രാവുകൾ).

'താത, നീയിവരോട് പൊറുക്കണമേ'യെന്ന്
പാതി കൂമ്പിയ കൺകൾ ഇപ്പോഴും പ്രാർത്ഥിക്കുന്നു! (മൈക്കൽ ആഞ്ചലോമാർക്ക്)

'അകലെ കടലിന് മീതെ നടക്കാനിറങ്ങിയ
പ്രവാചകനെപ്പോലെ താണ് താണ് വരുന്ന സൂര്യൻ' (തോന്ന്യാക്ഷരങ്ങൾ).

ബൈബിളിലെ സൂചിതകഥകൾക്കൊണ്ട് ധ്വനിമധുരവും അർത്ഥസാന്ദ്രവുമായ കാവ്യഭാഗങ്ങൾ മേൽക്കാണിച്ചവിധം സുലഭമാണ്. ചില മികച്ച ഉദാഹരണങ്ങൾ ഉദ്ധരിച്ചു എന്നേയുള്ളൂ. ദാവീദ്, ശാലോമോൻ, കായേൻ, ഹാബേൽ, കുരിശ്, ഗോഗുൽത്താ, ലെബനോൻ, ഏദൻ തുടങ്ങിയ വ്യക്തിപുരാണങ്ങളും സ്ഥലപുരാണങ്ങളും ആയി ബന്ധപ്പെട്ട ബൈബിൾ സംഭവങ്ങളെ വർത്തമാനകാലവ്യഥയെയും തന്റെ ഹൃദയത്തെ നീറ്റുന്ന പ്രവാചകവ്യഥകളെയും അനാവരണം ചെയ്യുവാൻ കവി ബിംബങ്ങളായി സ്വീകരിക്കുന്നു. ഒ.എൻ.വി. ക്ക് പ്രിയങ്കരമായ കാവ്യബിംബമാണ് 'ഉയിർത്തെഴുന്നേൽപ്പ്.' ബൈബിളിൽ നാം കണ്ടുമുട്ടുന്ന അഭൂതപൂർവ്വമായ ആ ക്രിസ്തുസംഭവത്തെ കവി പ്രതീക്ഷയുടെയും പ്രത്യാശയുടെയും വാഗ്ദാനത്തിന്റെയും തേജസ്സാർന്ന കാവ്യബിംബമായി വൈവിദ്ധ്യമാർന്ന ഒരുപാട് സന്ദർഭങ്ങളിൽ സ്വീകരിച്ചിരിക്കുന്നു. ഒ.എൻ.വി. യുടെ കവിതയെ 'ഉയിർത്തെഴുന്നേൽപ്പിന്റെ ഗാനം' എന്ന് വിശേഷിപ്പിച്ചാൽപോലും അധികമാവില്ല.

ഒ.എൻ.വി. ക്കവിതയിലെ ശക്തമായ മറ്റൊരു കാവ്യബിംബമാണ് 'ഉപ്പ്.' പി. സോമൻ എഴുതുന്നു: "ഭൂമിയുടെ ഉപ്പ് എന്ന ബൈബിൾ ബിംബം ഒ.എൻ.വി. കവിതയിൽ ആദ്യമായി പ്രത്യക്ഷപ്പെടുന്നത് 'ചോറൂണ്' എന്ന കവിതയിലാണ്. ... ഭൂരതിയുമായി ബന്ധപ്പെട്ട ഇമേജ് ആണ് ഉപ്പ്. പ്രസിദ്ധ മനഃശാസ്ത്രജ്ഞനായ യുങ്ങ്, ഉപ്പിനെ ഫലസമൃദ്ധിയുടെ പ്രതീകമായി വ്യാഖ്യാനിക്കുന്നു. ഉപ്പ് സൗന്ദര്യത്തിന്റെയും ജീവചൈതന്യത്തിന്റെയും പ്രതീകമായി 'ചോറൂണ്' എന്ന കവിതയിലാണ് ആദ്യം ദൃശ്യമാകുന്നത്. ഭൂമിയുടെ ആത്മീയശക്തിയായി, പാരമ്പര്യമുൾക്കൊള്ളുന്ന അതിജീവനശക്തിയായി മനുഷ്യൻ വളരണമെന്ന വിശ്വാസം ബൈബിൾ സങ്കല്പം മാത്രമല്ല, കവിയുടെ ജീവിത ദർശനം കൂടിയാണ്." ഡോ. കുര്യാസ് എഴുതുന്നു: "ഒരു മതഗ്രന്ഥമെന്ന നിലയിലല്ല, മനുഷ്യന്റെ പ്രത്യാശയ്ക്ക് വഴിമരുന്നിടുന്ന മഹാപ്രവാചകന്റെ വെളിപാടുകൾ, ഉദാത്തമായ സാഹിത്യരചനകളുടെ ആകരം എന്നീ നിലകളിലാണദ്ദേഹം ആദരപൂർവ്വം

ബൈബിൾ കൈയിലെടുക്കുന്നത്. നിന്ദിതരുടെയും പീഡിതരുടെയും പക്ഷം പിടിക്കുന്നവർക്ക് ആ ഗ്രന്ഥത്തെ ഒരിക്കലും ഒഴിവാക്കാനാവില്ല. ഏറ്റവും ക്രൂരമായ നിന്ദനവും പീഡനവും അനുഭവിച്ചവന്റെ ജീവിതകഥ കൂടിയാണിത്" (അക്ഷരങ്ങളിൽ വിരിയുന്ന മനുഷ്യഗാഥ, ഭാഷാപോഷിണി, 1990, ആഗ. - സെപ്തം., പുറം 29). 'നീ ഭൂമിയുടെ ഉപ്പാകുന്നു' എന്ന ബൈബിൾ വാക്യമാണ് ഈ കാവ്യബിംബത്തെ യാഥാർത്ഥ്യവും അർത്ഥസാന്ദ്രവുമാക്കുന്നത്.

പറുദീസാ നഷ്ടം എന്ന ബൈബിൾ മിത്തിനെ പശ്ചാത്തലമാക്കി ഒ. എൻ.വി. നിർമ്മിച്ച കാവ്യബിംബമാണ് 'നഷ്ടസ്വർഗ്ഗം.' ഗൃഹാതുരത്വം വർണ്ണിക്കുമ്പോൾ ഈ ബൈബിൾ ബിംബം അദ്ദേഹത്തിന്റെ കവിതയിൽ ആവർത്തിച്ച് പ്രത്യക്ഷപ്പെടുന്നുണ്ട്. അറിവിന്റെ കനി, പാപത്തിന്റെ കനി, വഴികാട്ടിയ നക്ഷത്രം, കുരിശ്, സൂര്യൻ, അഗ്നി, മെഴുകുതിരി, അപ്പവും വീഞ്ഞും, വാഗ്ദത്ത ഭൂമി, രക്ഷകൻ, ഒലിവില, ആദം - ഹവ്വാമാർ, ആദിപിതാക്കൾ തുടങ്ങി ആ കാവ്യപ്രപഞ്ചത്തിൽ പ്രത്യക്ഷപ്പെടുന്ന ബൈബിൾ ബിംബങ്ങൾക്ക് കയ്യും കണക്കുമില്ല.

ഒ.എൻ.വി. കവിതയിലെ ബൈബിൾശൈലികൾ അവഗണിക്കാവുന്നവയല്ല. കവിതയുടെ തിളക്കവും മൂർച്ചയും വർദ്ധിപ്പിക്കുന്നതിന് അവ ഏറെ സഹായിച്ചിട്ടുണ്ട്. ചില ഉദാഹരണങ്ങൾ കാണുക.

സത്യത്തെ കുരിശിക്കുക, അയൽക്കാരന്റെ കുഞ്ഞാട്, കുരിശിന്റെ ഗാനം, നിലവിളിയുടെ രക്തം, മുൾമുടി അണിയുക, കുരിശിൽ നിന്നിറങ്ങിവരുന്ന, കൈയിലിരുമ്പാണിപ്പഴുതുകൾ, ഞാനെന്നെ കുരിശിൽ തറച്ചു, ആരും കാണാക്കുരിശുകൾ, വെള്ളം വീഞ്ഞാക്കുക, മുടിയനായ പുത്രൻ, അൾത്താരകൾ, അറിവിൻ കനി തിന്നോർ, തിരുമുറിവാർന്ന മനുഷ്യപുത്രൻ തുടങ്ങി മനുഷ്യവിമോചനവുമായി ബന്ധപ്പെട്ട നിരവധി ബൈബിൾ ശൈലികൾ ഒ.എൻ.വി. കവിതയിൽ കാണാം. മനുഷ്യസ്നേഹിയായ ഒരു കവി 'പുതിയ ആകാശവും പുതിയ ഭൂമിയും' സൃഷ്ടിക്കുവാൻ കവിതയെ മാധ്യമമാക്കുമ്പോൾ അതേ വിമോചനം ലക്ഷ്യമാക്കുന്ന ബൈബിളിലെ ശൈലികൾ അദ്ദേഹത്തെ ആകർഷിച്ചത് സ്വാഭാവികം തന്നെ.

സുഗതകുമാരി

ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം മലയാള കവിതയിൽ നിരവധി പരീക്ഷണങ്ങൾ അരങ്ങേറിയ കാലഘട്ടമാണ്. അതിൽ തിളക്കം തെളിയിച്ചവരുടെ മുൻപന്തിയിൽ സുഗതകുമാരിയുടെ സ്ഥാനം ശ്രദ്ധേയമാണ്. അവരുടെ പല കാവ്യഭാവനകളും ബൈബിൾ പശ്ചാത്തലത്തിൽ വിലയിരുത്തേണ്ടവയാണ്.

'ഏദനിൽ നിന്ന്' (പാവം മാനവഹൃദയം) പൂർണ്ണമായും ബൈബിൾക്കവിതയാണ്. 'പുതിയ നാർസിസസ്' ബൈബിളിലെ മുടിയനായ പുത്രന്റെ പുനരാഖ്യാനമാണ്. ബൈബിൾ സന്ദേശം ആമൂലാഗ്രം പ്രതിഫലിക്കുന്ന കവിതയാണ് കാളിയമർദ്ദനം. മഹാഭാരതപുരാണത്തിലെ കഥാപാത്രമാണ് കാളിയനെന്ന് തോന്നാമെങ്കിലും അത് വെറും ഒരു മുഖാവരണം മാത്രം. ആ മുഖംമൂടി മാറ്റിയാൽ ആ കവിതയിലെ കേന്ദ്രകഥാപാത്രം സെന്റ് പോൾ വരച്ചുകാട്ടിയ ആധുനിക മനുഷ്യൻ ആണെന്ന് കാണാം.

'ഹാ! ഞാൻ അരിഷ്ട മനുഷ്യൻ. നന്മ ചെയ്യാൻ എനിക്കാഗ്രഹമുണ്ട്. എന്നാൽ തിന്മയത്രെ ചെയ്യുന്നത്' എന്ന പൗലൂസ് ശ്ലീഹായുടെ ആത്മവിലാപം പേറിനില്ക്കുന്ന കഥാപാത്രമാണ് സുഗതകുമാരിയുടെ കാളിയൻ. തന്മൂലമാണ് 'സുഗതകുമാരിയുടെ കാളിയൻ പുരാണത്തിലെ കാളിയനല്ല' എന്ന് എ. പി. പി. നമ്പൂതിരിയും എം. ലീലാവതിയും അഭിപ്രായപ്പെട്ടത്. പുരാണത്തിലെ കാളിയമർദ്ദനം ഒരു യുദ്ധത്തിന്റെ ചിത്രമാണ് അനാവരണം ചെയ്യുന്നത്. ശത്രുവും ശത്രുവും തമ്മിലുള്ള യുദ്ധം. എന്നാൽ സുഗതകുമാരിയുടെ കാളിയമർദ്ദനത്തിൽ നർത്തനവേദിയിൽ നർത്തനമാടുന്ന ചിത്രമാണുള്ളത്. ഫണം വിടർത്തി നിൽക്കുന്ന കാളിയൻ നർത്തനവേദിയും പാദാഘാതം നടത്തുന്ന കണ്ണൻ നർത്തകനും. ഈശ്വരൻ നൽകുന്ന കയ്പേറിയ ആഘാതങ്ങളേറ്റ് വിഷം ഒലിച്ചുപോയി ശുദ്ധീകരിക്കപ്പെടുവാൻ അവസരം പ്രാർത്ഥിക്കുന്ന ഭക്തനാണ് ഇവിടെ കാളിയൻ. 'നിന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കുന്നു' എന്ന ബൈബിളിലെ 'സങ്കീർത്തനവാക്യം അല്പമൊന്ന് വ്യത്യാസപ്പെടുത്തി 'നിന്റെ വടിയും കോലും എന്നെ ശുദ്ധീകരിക്കുന്നു' എന്നാക്കിയാൽ ആ സാക്ഷ്യം കാളിയന് പൂർണ്ണമായി ഇണങ്ങും. സ്ത്രീയുടെ സന്തതി നിന്റെ തല തകർക്കും എന്ന ദൈവശാപം ഓർത്താൽ കാളിയമർദ്ദനത്തെ, ശാപം സാക്ഷാത്കരിക്കപ്പെട്ട വേദിയായും വ്യാഖ്യാനിക്കാം.

ബൈബിളിലെ ധാരാളം സൂചിതകഥകൾ സുഗതകുമാരിയുടെ കവിതയെ ആഴമുള്ളതാക്കുന്നു:

"ആദ്യസഹോദരനാദ്യസഹോദരനെക്കൊന്നെങ്ങോ മറചെയ്തൊരു
കറുത്ത മുഹൂർത്തം നോക്കിയുണർന്നാ പൈതൽ കിടന്നു കരഞ്ഞു"
(കൊളോസസ്).

'ദൂരെ കാൽവറിമലയിലൊലിക്കും വേദനയൊരുനാൾ കണ്ടു
നുകർന്നവനാറടികൂടെ വളർന്നു" (കൊളോസസ്).

'നിന്റെ രക്തത്തിൽ പങ്കില്ലെന്നിട്ട്; ലോകം കാൺകെ
രണ്ടു കൈകളും ഞാനും കഴുകി വെടിപ്പാക്കി' (ധർമ്മത്തിന്റെ നിറം കറുപ്പാണ്).

“ഇവളെക്കല്ലെറിഞ്ഞീടാൻ, ശുദ്ധിയാർക്കെന്നതിർ തീർക്കുവാൻ” (കല്ലെറിയാൻ വിധി).

“മരുഭൂമിയിൽ നിന്ന് വിളിച്ചുകരഞ്ഞൊരാമഠയൻ
പതുക്കെത്തളർന്നു വീണു” (വിധി ദിനത്തിൽ).

ഇവിടെയൊക്കെ കവിതയെ പ്രകാശമാനമാക്കുന്നത് ബൈബിളിലെ സൂചിതകഥകൾ ആണ്.

സുഗതകുമാരിയുടെ കവിതയിൽ ഏതാനും ബൈബിൾക്കഥാപാത്ര ങ്ങൾ പ്രത്യക്ഷപ്പെടുന്നുണ്ട്.

ആദം, ഹവ്വാ, പാമ്പ്, ആദ്യത്തെ കൊലയാളി എന്നിവരാണ് അവ രിൽ പ്രമുഖർ. സ്ത്രീപുരുഷന്മാർ ഐക്യത്തോടെ അദ്ധ്വാനം വിതച്ച് സ്വർണ്ണം കൊയ്യുന്ന ഇച്ഛാശക്തിയിൽ സുഗതകുമാരി ദർശിക്കുന്നത് ഏദനിൽ നിന്ന് പുറത്താക്കപ്പെട്ട ദമ്പതിമാർ പരുക്കൻ ഭൂമിയെ മെരുക്കി കനകം വിളയിച്ച ആദികഥയാണ്. പുതിയ പറുദീസകൾ നിർമ്മിക്കാൻ ദമ്പതികളുടെ ഐക്യത്തിനും അദ്ധ്വാനത്തിനും കരുത്തുണ്ടെന്ന് ഈ കഥാപാത്രങ്ങളിലൂടെ കവയിത്രി വ്യക്തമാക്കുന്നു.

സുഗതകുമാരിയുടെ കവിതയിൽ ശക്തിപകരുന്ന ചില ബൈബിൾ ശൈലികൾ പ്രത്യക്ഷപ്പെടുന്നുണ്ട്:

“ഭഗവാന്റെ തിരുനാമത്തെപ്പോലും വിറ്റുകാശാക്കുക” (നിന്നെ വിട്ടെ ങ്ങോട്ടുപോകാൻ).

‘തൃക്കോവിൽ മാലിന്യം, കൈകഴുകുക, ആ രക്തത്തിൽ എനിക്കു പങ്കില്ല തുടങ്ങി കവയിത്രി പ്രയോഗിക്കുന്ന ചില ശൈലികൾ ബൈബിൾ സംസ്ക്കാരത്തെ വലിയൊരളവിൽ പ്രതിഫലിപ്പിക്കുന്നുണ്ട്.

സുഗതകുമാരിക്കവിതയിലെ ബൈബിൾ ബിംബങ്ങൾ ആണ് ബൈബിൾ സ്വാധീനത്തെ പ്രകടമാക്കുന്ന മറ്റൊരു വിഷയം.

‘ആകവേ നരപൂണ്ട് തൻ തല കുനിച്ചൊരാൾ
വ്യാകുലമാതാവെപ്പോൽ ധ്യാനലീനയായ് വാഴ്വൂ’ (ഒരു ഹിപ്പി യെപ്പറ്റി).

ഒരു സ്ത്രീയുടെ മനസ്സിൽ ‘വ്യാകുലമാതാവ്’ പ്രതിനിധാനം ചെയ്യുന്ന അർത്ഥതലങ്ങൾ ധ്വനിമധുരമായി സംവേദനം ചെയ്യാൻ ഈ കാവ്യ ബിംബത്തിന്റെ കഴിവ് ശ്രദ്ധിക്കപ്പെടേണ്ടതാണ്.

‘നിനയ്ക്കെന്തേ കുറവെന്നറിയുന്നു,
തുടുത്ത കരങ്ങളിൽ ആണിപ്പാടുകൾ മാത്രം. (ഒരു ഹിപ്പിയെപ്പറ്റി).

കാരുണ്യത്തിന്റെ വിളക്ക്, കുരിശിന്റെ തണൽ, കുഞ്ഞാടിൻപറ്റങ്ങൾ തുടങ്ങി നിരവധി ബൈബിൾ ബിംബങ്ങൾ സുഗതകുമാരിക്കവിതയുടെ അർത്ഥതലങ്ങൾക്ക് ആഴം വർദ്ധിപ്പിച്ചിട്ടുണ്ട്. ആധുനിക മലയാളകവിതയിലെ സ്ത്രീ പ്രാതിനിധ്യം അർഹിക്കുന്ന ഒരെഴുത്തുകാരിയുടെ കാവ്യഭാവനയേ പുഷ്ക്കലമാക്കിയ വിഭവങ്ങളിൽ ബൈബിളിനുള്ള പങ്ക് വ്യക്തമാക്കുന്നവയാണ് മേൽക്കാണിച്ച ഉദാഹരണങ്ങൾ.

സച്ചിദാനന്ദൻ

ഈ തലമുറയിൽ ഏറ്റവും അധികം ബൈബിൾ സ്വാധീനം പ്രകടമാവുന്നത് സച്ചിദാനന്ദന്റെ കവിതയിലാണ്. വിശ്വസാഹിത്യത്തിൽ അദ്ദേഹം നേടിയ ആഴവും വിസ്തൃതിയുമുള്ള അറിവാകാം അദ്ദേഹത്തെ ബൈബിളിലേയ്ക്ക് നയിച്ചത്. തന്നെ ഏറ്റവും ആഴത്തിൽ സ്വാധീനിച്ച രണ്ടു ദാർശനിക മേഖലകളിൽ ഒന്ന് ബൈബിൾ ആണെന്ന്, അദ്ദേഹത്തിന്റെ കവിതകളെ സവിശേഷമായ ഗവേഷണപഠനത്തിന് വിഷയമാക്കിയ ഈ ലേഖകന് എഴുതിയ ഒരു സ്വകാര്യകത്തിൽ അദ്ദേഹം അവകാശപ്പെട്ടിട്ടുണ്ട്. വിപ്ലവത്തെയും വിപ്ലവകാരികളെയും സ്വാഗതം ചെയ്യുന്ന അദ്ദേഹത്തിന്റെ കണ്ണിൽ ഏറ്റവും വലിയ വിപ്ലവകാരി ക്രിസ്തുവാണ്; വിപ്ലവത്തെ വിരിയിച്ച സാഹിത്യാന്തരീക്ഷം ബൈബിളിലേതാണ്.

പൂർണ്ണമായും ബൈബിൾക്കവിത എന്നു വിശേഷിപ്പിക്കാവുന്ന കുറെ കവിതകൾ ആ കാവ്യലോകത്ത് കാണുന്നുണ്ട്. അവയത്രയും 'മാനവികതയുടെയും ധാർമ്മികതയുടെയും നൈതികപ്രകാശം തീർത്തും അണഞ്ഞുകിടന്ന നാളുകളിൽ' എഴുതപ്പെട്ടവയാണ്! നൈതികശൂന്യത മലയാളിയുടെ ധൈഷണിക പ്രവർത്തനങ്ങളിലെല്ലാം ഇരുട്ട് വീഴ്ത്തിയ ഒരു തലമുറയിൽ... പ്രവാചകന്റെ മുഴങ്ങുന്ന ശബ്ദത്തിൽ കവി പാടി' (പി. എൻ. ദാസ്, സച്ചിദാനന്ദൻ കൃതികൾ, പുറം 601, 602). ഈ യത്നത്തിൽ, 'എന്റെ നൈതികാന്വേഷണത്തിന്റെ വേരുകൾ ബൈബിളിൽ ആണ് ഉള്ളതെന്ന്' അദ്ദേഹം അവകാശപ്പെട്ടു. 'രാമായണം കഴിഞ്ഞാൽ എന്നെ ഏറ്റവും ആഴത്തിൽ സ്വാധീനിച്ചിട്ടുള്ളത് ബൈബിൾ ആണെന്നത് അദ്ദേഹം മറച്ചുവച്ചിട്ടില്ല' (അതേ പുസ്തകം, പുറം 26). അദ്ദേഹത്തിന്റെ കവിതയെ സമീപിച്ച നിരൂപകർ ഇത് ശരിവച്ചിട്ടുണ്ട്. 'പൂക്കളിൽ നിന്നും മഴവില്ലിൽ നിന്നും യന്ത്രത്തിലേക്കും കുരിശിലേക്കും കടന്നുപോയ കവി.... ഓരോ മനുഷ്യനിലും കുരിശേറ്റപ്പെട്ട ഒരു ക്രിസ്തു ഉണ്ടെങ്കിൽ... മരണത്തെ അർത്ഥപൂർണ്ണമായി നേരിടുന്ന മനുഷ്യനാണ് ഇവിടെ ക്രിസ്തു..... വിപ്ലവകാരിയുടെ മരണത്തിൽ സച്ചിദാനന്ദൻ 'കാൽവരി' കാണുന്നു, എന്നിങ്ങനെ നരേന്ദ്രപ്രസാദ് വിവരിക്കുന്നുണ്ട് (അതേ പുസ്തകം, പു. 601–613). ബൗദ്ധ – ക്രൈസ്തവ ബിംബങ്ങൾ സച്ചിദാനന്ദന്റെ കവിതയിൽ വളരെ തുടക്കം മുതലേ ഉണ്ട്. ക്രിസ്തു, ബുദ്ധൻ

എന്നീ രണ്ട് പ്രവാചകന്മാരും ഈ വിരുദ്ധമാനങ്ങളുള്ള രൂപാന്തരപ്രാപ്തി പ്രതീകങ്ങളായി... ആവർത്തിച്ചാവർത്തിച്ച് പ്രത്യക്ഷപ്പെടുന്നു. 'പഞ്ചക്ഷതങ്ങളിലൂടെ ചോരവാർന്ന് പോകുന്ന ക്രിസ്തുസത്തയോടുള്ള ആത്മൈക്യം' തുടങ്ങിയ നിരീക്ഷണങ്ങളിലൂടെ ഡോ. എം. ലീലാവതിയും (അതേ പുസ്തകം, 576 -600) ഈ നിരീക്ഷണങ്ങൾക്ക് സാക്ഷിപത്രം നൽകിയിട്ടുണ്ട്. ബൈബിൾ പ്രമേയങ്ങളെയും കഥാപാത്രങ്ങളെയും സ്ഥലപുരാണങ്ങളെയും പുനർ വ്യാഖ്യാനം ചെയ്ത് സമകാലീന ജീവിതത്തിന് പാകമാക്കി ആവിഷ്ക്കരിക്കുന്നതിൽ മികച്ചു നിൽക്കുന്ന മലയാളകവി സച്ചിദാനന്ദൻ തന്നെ. ആ കാവ്യലോകം നമുക്കൊന്ന് പരിശോധിക്കാം.

'കല്ലിനടിയിൽ പെട്ട മനുഷ്യൻ' എന്ന കവിതയിലെ നായകൻ പ്രത്യക്ഷത്തിൽ ദാവീദ് ആണ്. ഇരുപത്തിരണ്ടാം സങ്കീർത്തനത്തിൽ ഉദ്ഗാനം ചെയ്യപ്പെട്ട പീഡാനുഭവങ്ങളാണ് പ്രതിപാദ്യം. അവ ദാവീദിനും ക്രിസ്തുവിനും വർത്തമാനകാലത്തിലെ മാനവ വിമോചന സേനാനികൾക്കും ഇണങ്ങുംവിധം പുനരാഖ്യാനം ചെയ്തിരിക്കുകയാണ്.

'ആത്മാഹുതി' മറ്റൊരു ബൈബിൾ കവിതയാണ്. കാൽവറിയിലെ കുരിശിൽ നടന്ന പരമയാഗമാണ് പ്രമേയം.

'ദിക്കുകൾ നാലും പിളർന്ന് മാന്തിപ്പിടഞ്ഞാളും കുരിശിൽ
പടർന്ന് കത്തുന്ന നിൻ രൂപം, വിരാട് പുമാൻ രൂപം!'

'പഞ്ചേന്ദ്രിയങ്ങളിലൂടെ, ഈ പഞ്ചക്ഷതങ്ങളിലൂടെ
എൻ പഞ്ചസൂര്യന്മാരെ യാഹുതി ചെയ്യുന്നു ഞാൻ, ഞാൻ തന്നെയല്ലേ നീ.'

'ക്രിസ്തുവിന്റെ ശവക്കച്ച'യാണ് മറ്റൊരു ബൈബിൾക്കവിത. ക്രിസ്തു നയിച്ച വിപ്ലവം ആത്മീയമായിരുന്നു. അത് പൂർണ്ണതയിലേക്കെത്തിക്കാൻ അദ്ദേഹത്തിന്റെ അനുയായികൾക്ക് ഇന്നും സാധിച്ചില്ല. പലപ്പോഴും അവരുടെ യാത്ര വിരുദ്ധദിശയിലേക്കാണ്. ഈ ധർമ്മസങ്കടമാണ് ഈ കവിതയിൽ ചർച്ച ചെയ്യപ്പെടുന്നത്.

'ശ്യാമസംഗീതം' മറ്റൊരു ബൈബിൾക്കവിതയാണ്. പാപബോധത്തിന്റെ ആധിക്യം സർഗ്ഗാത്മകതയെ കരിനിഴൽ അണിയിക്കുന്നു എന്ന വിരുദ്ധസന്ദേശം പോലും കവി നൽകുന്നത് ബൈബിൾ അന്തരീക്ഷത്തിലാണ്.

'എവിടെയൊരു നരകത്തിൽ വീഴാത്ത സാത്താൻ?
നിലമുഴുത് പിന്നെയും വിളയിച്ച കായേൻ
എവിടെ കനി തിന്നാതെ യാദാമിൻ കീഴിൽ
പുളഞ്ഞിടും നനവാർന്ന നഗ്നയാം ഹവ്വ?

'വചനത്തിൽ നിന്നുയിർക്കൊണ്ടോരു രൂപം
ഈ വചനത്തെ വെപ്പാട്ടിയാക്കിക്കഴിഞ്ഞു.

ക്രിസ്തുമതത്തിന്റെ പരാജയം വ്യക്തമാക്കുന്ന വരികൾ! ഭീകരമായ ഈ ശ്യാമാന്തരീക്ഷത്തിൽ 'കുരിശിന്റെ ഗാനം' നിലച്ചു എന്ന് കവി കാര്യങ്ങളെ നിരീക്ഷിക്കുന്നു.

'പുനർജന്മം' മറ്റൊരു ബൈബിൾക്കവിതയാണ്. "ആണിയടിക്കുക, വീണ്ടും ആകാശമേ, ആണിയടിച്ചുകയറ്റുകെൻ ജീവനിൽ' എന്നാരംഭിക്കുന്ന കവിതയിൽ ക്രിസ്തു എന്ന പ്രവാചകന്റെ കുരിശാരോഹണം നിറഞ്ഞു നിൽക്കുന്നു.

'രക്തമൊലിക്കട്ടെ പഞ്ചക്ഷതങ്ങളിൽ
രക്തം പകർന്നു നനയ്ക്കട്ടെയൂഴി ഞാൻ' എന്ന് കവിത സമാപിക്കുന്നു. ആദിയോടന്തം ബൈബിൾ അന്തരീക്ഷം!!

സമകാലലോകത്തിന്റെ കാപട്യങ്ങളോട് പ്രതികരിക്കേണ്ടി വരുന്ന പ്രവാചകവ്യഥയാണ് 'സത്യവാങ്മൂല'ത്തിൽ.

'നാം രണ്ടു കണക്കു പുസ്തകങ്ങൾ സൂക്ഷിക്കുന്നു
രണ്ടു നാവു കൊണ്ട് സംസാരിക്കുന്നു....
അതിഥിമുറിയിലെ ചിരികൾക്ക് ഒറ്റുകാശിന്റെ തിളക്കമാണ്.'

ബൈബിൾ ബിംബങ്ങളിലൂടെ പ്രവാചകവ്യഥ ഈ കവിതയിൽ അപഗ്രഥിക്കപ്പെടുന്നു.

മറ്റൊരു ബൈബിൾക്കവിതയാണ് 'ഉയിർത്തെഴുന്നേൽപ്പ്.' ഒരു വിപ്ലവവും അന്തിമമായി പരാജയപ്പെടുന്നില്ല. ഉയിർത്തെഴുന്നേൽക്കുന്ന ക്രിസ്തുവിനെ പള്ളികൾ പോലും ഭയപ്പെടുന്നതായി കവി നിരീക്ഷിക്കുന്നു.

"ഭൂമി ചുറ്റി നീ തിരിച്ചെത്തുമ്പോൾ പള്ളിമണികൾ പരിഭ്രമിച്ച് മുഴങ്ങുന്നു
വിശുദ്ധ വസ്ത്രങ്ങൾ കണ്ണുമൂടി കതക് കൊട്ടിയടക്കുന്നു!

ക്രിസ്തുചരിതത്തെ കവി വ്യാഖ്യാനിക്കുന്നതിങ്ങനെ:
'നീയോ കുരുടർക്ക് ചരിത്രത്തിന്റെ കണ്ണുകൾ നൽകുന്നു
മരിച്ചവരെ വർഗ്ഗവീര്യത്താൽ ജീവനിലേക്കുയർത്തുന്നു
പീഡനങ്ങളുടെ ഗലീലി ജലങ്ങൾക്കുമേൽ
അക്ഷോഭ്യനായി നടക്കുന്നു. ദൗർഭിക്ഷ്യത്തിന്റെ
വെറും വെള്ളത്തെ പ്രത്യാശയുടെ വീഞ്ഞാക്കുന്നു.
കൗമാരങ്ങളെ ആത്മബോധത്താൽ സ്നാനപ്പെടുത്തുന്നു.
വംശവഞ്ചകർക്കെതിരെ ചാട്ടവാർ ഉയർത്തുന്നു...."

'കാറ്റിന്റെ പാട്ടിനെ' ബൈബിൾക്കവിതയാക്കുന്നത് അതിലെ ബിംബകല്പനയാണ്. പാപബോധത്തിന്റെ സർവ്വാധിപത്യം കവി വരച്ചുകാട്ടുന്നതിങ്ങനെ:

'ഏദനിലാദ്യമൊരച്ഛനും അമ്മയും ഒരു കനി തിന്നിട്ടറിവുണ്ടായി
ഒരറിവ് പിന്നെ പലയറിവായി, അറിവുകളുടെ-
തലമുറ തലമുറയായ് ഒഴുകിച്ചേർന്നിടുമിടകളിലൂടെ
അറിയാതൂർന്ന് തുളിഞ്ഞൊരു തുള്ളിക്കരിവിഷമല്ലേ
നിന്റെ ഞരമ്പിലും........'

വീണ്ടും ബൈബിൾ ഇതിവൃത്തം കവിതയെ പ്രകാശമാനമാക്കുന്നത് കാണുക:

'ഓർക്കുക നഗ്നത പോകുകിലേദനിൽ നിന്നുമിറങ്ങാം
മണ്ണ് വിഴുങ്ങാം, പാപം പുല്കി പുല്കിയുറങ്ങാം'

പുതിയ വ്യാഖ്യാനം കൊണ്ട് കവി മിത്തിനെ പുനഃസൃഷ്ടിക്കുന്നത് കാണുക:

'ഇണചേർന്ന് അച്ഛനുമമ്മയും ഒരു കൂമ്പിലയാൽ അരകൾ മറച്ചു
തിരിയും വാളുകൾ, അവരെ പൂക്കൾക്കിടയിൽ നിന്നും ഇറക്കിയതോർക്കുക.'

'വിയറ്റ്നാം' പ്രഥമദൃഷ്ട്യാ രാഷ്ട്രീയപ്രമേയമാണ് ചർച്ച ചെയ്യപ്പെടുന്നതെങ്കിലും അതിലെ ബിംബകല്പനയുടെ പ്രവാഹം അതിനെ ഒരു ബൈബിൾക്കവിതയാക്കുന്നു. ചില ഉദാഹരണങ്ങൾ കാണുക:

'വെള്ളമവൻ വീഞ്ഞായ് മാറ്റി' (ക്രിസ്തു ചരിതം).
'നെറ്റിയിലാ പാപത്തിൻ പഴകിയ കുറി' (കായേന്റെ മുദ്ര).
'നിങ്ങളെ തൂക്കുവാനുള്ള കുരിശുകൾ ഗാഗുൽത്തായിൽ പണി പൂർത്തിയായി വരുന്നു' (ക്രൂശാരോഹണം).
'ഏലി, ഏലി, ലമ്മാശബക്താനി' (പ്രവാചകന്റെ നിലവിളി).

'കുന്നുകളെ, മാമലകളെ, വരൂ! നിപതിക്കുവിനെന്മേൽ
മറച്ചു നിർത്തുവിനെന്നെ....' (ന്യായവിധിയെപ്പറ്റിയുള്ള പ്രസിദ്ധ പ്രവചനം).

'നിൻ മഴവില്ലെവിടെ പിതാവേ' (നോഹയോട് ദൈവം പറഞ്ഞ വാഗ്ദാനത്തിന്റെ പ്രതീകം).

'കുരിശിൻ കരിനിഴൽ നീണ്ടുപരക്കുന്നു' (ക്രൂശാരോഹണം).

'തിരസ്ക്കാരം' മറ്റൊരു ശക്തി മുറ്റിയ ബൈബിൾക്കവിതയാണ്. മത

ത്തിന്റെ വ്യർത്ഥതയും വന്ധ്യതയുമാണ് ഈ കവിത കൈകാര്യം ചെയ്യുന്ന പ്രമേയങ്ങൾ.

'ഒലീവിലും കുന്തുരുക്കത്തിലും ഞങ്ങളുടെ സങ്കടങ്ങൾക്ക് പരിഹാരമില്ല
മെഴുകുതിരികളിലും ഹോശാനകളിലും ഞങ്ങളുടെ പാപങ്ങൾക്ക് പ്രായശ്ചിത്തവുമില്ല.'

മതത്തിന്റെ നൈഷ്ഫല്യത്തെ കവി ഉപഹസിക്കുന്നു.

'ഒരു കുരുടനും കാഴ്ച കൊടുക്കാത്ത വന്ധ്യമായ പാറ
അയഥാർത്ഥമായ പാറ...'

ഈ വ്യർത്ഥതയ്ക്കെതിരെ കവിയുടെ പ്രതികരണം ശ്രദ്ധിക്കുക:

"എനിക്കെന്റെ യഥാർത്ഥ പാറയുണ്ട്, എന്റെ അച്ഛന്റെ എല്ലും കണ്ണും വേരും
അടക്കിയ പാറ...... അവിടെ ഞാൻ എന്റെ പള്ളി പണിയും."

'നിഷ്പക്ഷത' ബൈബിൾ ദർശനത്തെ അടിസ്ഥാനമാക്കി കവി നടത്തുന്ന സിദ്ധാന്ത പ്രഖ്യാപനമാണ്:

"നിഷ്പക്ഷത, ന്യായാധിപൻ കഴുകുന്ന കൈ ആണെങ്കിൽ
കുരിശിലേറുന്നവന്റെ രക്തമിറ്റുന്ന വെള്ളിയാഴ്ചയാണെനിക്കിഷ്ടം."

'മൂന്ന് ദൃഷ്ടാന്ത കഥകൾ' മൂന്ന് ബൈബിൾ ഇതിവൃത്തങ്ങളുടെ പുനർ വ്യാഖ്യാനമാണ്.

ആദ്യകഥയിലെ നായകൻ 'മുടിയനായ പുത്ര'നാണ്. രണ്ടാമത്തെ കഥയിലെ നായകൻ വീരനായ ശിംശോൻ ആണ്. മൂന്നാമത്തെ കഥാപാത്രം മരണത്തിൽ നിന്ന് ജീവനിലേക്ക് ഉണർത്തപ്പെട്ട ലാസർ ആണ്. മൂന്നും അതീവ ധ്വനിസൗന്ദര്യമാർന്ന വർത്തമാനകാല യാഥാർത്ഥ്യങ്ങൾ. ബൈബിൾ മിത്തുകൾ അവയ്ക്ക് വിശ്വാസ്യതയും അർത്ഥഗരിമാവും നൽകുന്നു.

'രൂപാന്തര'മാണ് മറ്റൊരു ബൈബിൾക്കവിത. ക്രിസ്തുവാണിതിലെ നായകൻ. അദ്ദേഹം പറയുകയാണ്.

'ക്ഷമാപണത്തിന്റെ കുരിശിൽ നീറുന്നു – പൊറുക്കുക, മിഴി നിറനിവേദ്യമായ്
ഹൃദയം കുന്തിരിക്കമായ്, വിരലുകൾ മെഴുകുതിരിയായി നിലവിളിപ്പൂ.'

'ബ്ലീഡിംഗ് ഹാർട്ട്', 'ഏകാകിയായ സാത്താൻ മനുഷ്യനെ വെല്ലുവിളിക്കുന്നു,' 'ഫ്രാൻസിസ്', 'ലോകാവസാനം' തുടങ്ങിയ കവിതകളും ബൈബിൾക്കവിതകളുടെ ഗണത്തിൽപ്പെടുത്താവുന്നവയാണ്.

സച്ചിദാനന്ദന്റെ കവിതയിൽ പ്രത്യക്ഷപ്പെടുന്ന ബൈബിൾ മിത്തുകൾ നിരവധിയാണ്. കാണുക.

'അച്ഛാ! പൊന്നച്ഛാ! തീ പുകയുന്നല്ലോ, സമയമടുക്കുന്നല്ലോ
ബലികൊടുക്കാനുള്ള ആട്ടിൻകുട്ടിയെവിടെ?' (പീഡനകാലം)

"വിശുദ്ധമായ ഈ വഴി പോരുന്നവർ ചെരിപ്പും ഉടുപ്പും അഴിച്ച് വക്കണം.'

'മരണത്തിന്റെ വൃക്ഷത്തിന്മേൽ ജീവന്റെ വൃക്ഷം എന്നെഴുതി വച്ചിരുന്നു,
രക്തം നിറച്ച കാസാകളിൽ 'കുടിവെള്ളം' എന്ന്
കണ്ണീർ നിറച്ച കുടങ്ങളിൽ കുടിവെള്ളം എന്ന്
വിഷം നിറച്ച കുപ്പികളിൽ തേൻ എന്ന്' (കയറ്റം).

'വേദപുസ്തകം തുറന്നിടുമ്പോൾ പൊന്തും മണം
അഞ്ചപ്പമയ്യായിരമായ് വിടർന്നിടും മണം
കുരിശിൽ നിന്ന് വീണ രക്തത്തിൻ ബലിമണം' (കയറ്റം).

'ഒരുക്കൂ തീൻമേശയിൽ വീഞ്ഞുമപ്പവും
അവനിഷ്ടമാം ബീഥോവന്റെ സിംഫണികളും
സോളമന്റെ കീർത്തനങ്ങളും.'

മകന് വേണ്ടി കുരിശൊരുങ്ങുന്നു
ഉളിയൊച്ച മുഴങ്ങുന്ന പാതിരായുടെ അൾത്താരയിൽ
കത്തിച്ചു വച്ച മെഴുകുതിരികൾപോലെ ഉരുകിത്തീരുന്ന
അമ്മയുടെ വ്യാകുലമായ കണ്ണുകൾ' - (കയറ്റം).

എന്റെ വിനീതമായ രക്തം പകർന്ന് അവർ എന്നെ
കുന്നിൻമുകളിലേക്ക് വലിച്ചിഴച്ചു
ആകാശത്തേക്കുയർന്ന് നിന്ന ഒരു ശൂലത്തിന്റെ ഇരുമ്പ്പല്ലുകളിൽ
ചുടാനുള്ള ഒരു മുയലിനെപ്പോലെ അവരെന്നെ തറച്ചുയർത്തി' (ഇവനെക്കൂടി).

'ഈ കൊച്ചുടലിന്റെ പുളിക്കാത്ത അപ്പം
നിന്റെ ഇന്നത്തെ ആഹാരമാക്കുക' (ഇവനെക്കൂടി).

'റോമിലെ മഴ ഉത്ഭവിക്കുന്നത്, മരിച്ച മകനെ മടിയിൽ
കിടത്തിയ മറിയത്തിന്റെ കണ്ണുകളിൽ നിന്നാണ്...' (ഇവനെക്കൂടി).

'മൂശയിൽ ഒരു പുതിയ സൗരയൂഥം, ഒരു പുതിയ വസന്തം
പുതിയ ക്രിസ്തു, നമുക്ക് വീണ്ടും ക്രൂശിക്കുവാൻ' (ഇവനെക്കൂടി).

'ഞാൻ എന്റെ വൃക്ഷങ്ങളുടെ കാവൽക്കാരനോ'?

'പുഴ രണ്ടായ് കീറുമിടശ്ശേരി
വടി പാമ്പായ് മാറ്റും ഇടശ്ശേരി'

'ദുഃസ്വപ്ന പരമ്പരകളിലൂടെ പുളിപ്പിച്ചെടുത്ത വാക്കുകൾ കൊണ്ട്
ഞാനുണ്ടാക്കിയ ഈ എളിയ അപ്പം പകുത്തെടുക്കിൻ;
ചവർപ്പ് പതയുന്ന ഈ കോപ്പ കുടിക്കിൻ.'

"ഇതാ ഞാനെന്റെ പ്രാവിനെ വിട്ടയക്കുന്നു
അത് കതിരും പച്ചിലയുമായി തിരിച്ചെത്തുന്നു."

"പത്രോസ് യജമാനനെ തള്ളിപ്പറഞ്ഞതുപോലെ
ഇപ്പോൾ അവർ തന്നെ തള്ളിപ്പറയുന്നു."

ഇപ്രകാരം ഉദ്ധരിച്ചാൽ എണ്ണിയാലൊടുങ്ങാത്ത ബൈബിൾ സൂചിത കഥകൾ സച്ചിദാനന്ദന്റെ കാവ്യപ്രപഞ്ചത്തിൽ നാം കണ്ടുമുട്ടുന്നു.

ബൈബിളിലെ സ്ഥലപുരാണങ്ങൾ അദ്ദേഹത്തിന്റെ കാവ്യലോകത്ത് സർവ്വസാധാരണമാണ്. ഏദൻതോട്ടം, ഒലീവ്മല, കാൽവരി, ഗോഗുൽത്താ, ബാബേൽ, ബേത്‌ലഹേം, യോരേവ്, ലെബാനോൻ, ശാരോൻ, സീനായ്, സോദോം - ഗോമോറകൾ തുടങ്ങിയ സ്ഥലങ്ങൾ ആ കവിതയിൽ ആവർത്തിച്ച് കാണുന്നുണ്ട്. ബൈബിളിലെ കഥാപാത്രങ്ങൾ സച്ചിദാനന്ദനിലെ ബൈബിൾ സ്വാധീനത്തിന് അടിവരയിടുന്നത് ആ കാവ്യസമുദ്രത്തിൽ ധാരാളം കാണുന്നു.

ക്രിസ്തു, മാർത്ത, മറിയം, മഗ്ദലന മറിയം, ലാസർ, പത്രോസ്, യൂദാസ്, ശിംശോൻ, മോശ, അഹറോൻ, ദാവീദ്, സോളമൻ, സ്നാപക യോഹന്നാൻ, ആദം, ഹവ്വ, ഇയ്യോബ്, ദലീല, ശലോമി, സാത്താൻ തുടങ്ങിയ ബൈബിൾ കഥാപാത്രങ്ങൾ അദ്ദേഹത്തിന്റെ കവിതയിൽ പ്രതീകങ്ങളായി ആവർത്തിച്ച് പ്രത്യക്ഷപ്പെടുന്നുണ്ട്. സച്ചിദാനന്ദന്റെ കവിതയെ തേജോമയമാക്കുന്ന ഒരു ഘടകം അതിലെ ബൈബിൾ ശൈലികൾ ആണ്. ആദാമിന്റെ വാരിയെല്ല്, കുരിശിന്റെ ഗാനം, കുരിശിലേറുക, കൂട്ടം പിരിഞ്ഞ കുഞ്ഞാട്, കൈകഴുകുക, ചാട്ടവാറെടുക്കുക, നർത്തകിയുടെ ചിരി, നാണയസഞ്ചിയുടെ താളം, പഞ്ചക്ഷതങ്ങൾ, ബധിരമായ കുരിശ്, രണ്ട് നാവ്, രക്ഷകൻ, ഓശാന പാടുക തുടങ്ങിയ ബൈബിൾ ശൈലികൾ അദ്ദേഹം ആവർത്തിച്ച് പ്രയോഗിക്കുന്നതായി കാണാം.

എണ്ണിയാലൊടുങ്ങാത്തവിധം ബൈബിൾ ബിംബങ്ങൾ അദ്ദേഹത്തിന്റെ കവിതയിലുണ്ട്. അഗ്നി (പരിശുദ്ധാത്മാവ്), ആട്ടിൻകുട്ടി, ഒലീവ്, കുരിശ്, കുന്തുരുക്കം, ഗാഗുൽത്താ, തിരുവത്താഴം, ദുഃഖവെള്ളി,

നക്ഷത്രം, പഞ്ചക്ഷതങ്ങൾ, മഴവില്ല്, മെഴുകുതിരി, വചനം, സൂര്യൻ, ഉയിർത്തെഴുന്നേൽപ്പ് തുടങ്ങിയ കാവ്യബിംബങ്ങൾ അദ്ദേഹം നിരവധി തവണ വ്യത്യസ്ത സന്ദർഭങ്ങളിലായി ഉപയോഗിച്ചിരിക്കുന്നു.

മറ്റ് ആധുനിക കവികൾ

എം. ഗോവിന്ദൻ, കടമ്മനിട്ട, ബാലചന്ദ്രൻ ചുള്ളിക്കാട്, കുഞ്ഞുണ്ണി മാസ്റ്റർ, മാധവൻ അയ്യപ്പത്ത്, ചെറിയാൻ കെ. ചെറിയാൻ, വിഷ്ണുനാരായണൻ നമ്പൂതിരി, അയ്യപ്പപ്പണിക്കർ, കെ. ജി. ശങ്കരപ്പിള്ള, എ. അയ്യപ്പൻ തുടങ്ങിയ ആധുനിക മലയാളകവികളിലും അവഗണിക്കാനാവാത്ത വിധം ബൈബിൾ സ്വാധീനം പ്രകടമാണ് (വിശദ പഠനത്തിന് ഫാ. ഡോ. ജോസഫ് ചീരന്റെ 'ബൈബിൾ ആധുനിക മലയാളകവിതയിൽ' എന്ന പുസ്തകം കാണുക).

കവിതയിലെന്നപോലെ ചെറുകഥ, നോവൽ, നാടകം എന്നീ സർഗ്ഗാത്മക മേഖലകളിലും നിരൂപണങ്ങളിൽപോലും ബൈബിളിന്റെ സ്വാധീനം നിരീക്ഷിക്കാവുന്നതാണ്. പോഞ്ഞിക്കര റാഫിയുടെ സ്വർഗ്ഗദൂതൻ (നോവൽ), കലിയുഗം (പഠനം), കാക്കനാടന്റെ പ്രവാചകൻ, ഏഴാം മുദ്ര, അജ്ഞതയുടെ താഴ്വര (കഥകൾ), സി. ജെ. തോമസിന്റെ അവൻ വീണ്ടും വരുന്നു, ആ മനുഷ്യൻ നീ തന്നെ (നാടകങ്ങൾ), എം. ടി. വാസുദേവൻ നായരുടെ അക്കല്ദാമായിൽ പൂക്കൾ വിടരുമ്പോൾ (കഥ), പാറപ്പുറത്തിന്റെ ആകാശത്തിലെ പറവകൾ, അരനാഴികനേരം (നോവലുകൾ), കെ. പി. അപ്പന്റെ കുരിശിൽ ചൊരിഞ്ഞ രക്തം (ലേഖനം), ഭൂമിയുടെ അതിരുകൾ സ്വന്തമാക്കിയവൻ (ലേഖനം) തുടങ്ങിയ രചനകൾ വിവിധ അളവുകളിൽ ബൈബിൾ സ്വാധീനം പ്രകടമാക്കുന്നുണ്ട്.

ആധുനിക മലയാള ഗദ്യസാഹിത്യത്തിലെ ബൈബിൾ സ്വാധീനം അന്വേഷിച്ച ഡോ. റോസി തമ്പി പദം, പ്രയോഗം, വാക്യം, ശീർഷകം എന്നീ തലങ്ങളിൽ അവ ശേഖരിച്ചിട്ടുള്ളത് കാണുക (ബൈബിളും മലയാളവും, പു. 244-254).

1. പദതലം

പദം, കർത്താവ്, കൃതി, പുറം എന്നീ ക്രമത്തിൽ.

അത്താഴമേശ, തോമസ് ജോസഫ്, യേശുവിന്റെ വിധി (കഥ) അമൃതസമസ്യ, 26.

അത്തിപ്പഴം, പോഞ്ഞിക്കര റാഫി, സ്വർഗ്ഗദൂതൻ (നോവൽ), 78.

അനുതാപം, എ. ജി. ബാബു, രോഗശാന്തി (കഥ), 1.

അന്തിക്രിസ്തു, കെ. പി. അപ്പൻ, പലപ്പോഴും ശിഥിലസമാധിയിൽ (നിരൂപണം), 143.

അപ്പസ്തോലൻ, എൻ. എൻ. പിള്ള, കാപാലിക (നാടകം), 8.

അരുളപ്പാട്, ആനന്ദ്, കുഴി (കഥ), 99.

ആമേൻ, മനോജ് ജാതവേദര്, പെസഹ (കഥ), മാതൃഭൂമി, ജൂൺ 13 –9–1993, 28.

ആറാം തിരുമുറിവ്, നിത്യചൈതന്യയതി, തിരുമുറിവും തിരുമറിയും (കലയുടെ തത്വശാസ്ത്രം), 104.

ഇടയൻ, നിത്യചൈതന്യയതി, കലയുടെ മനഃശാസ്ത്രം, 105.

ഉടമ്പടി, ജിയോ പയ്യപ്പിള്ളി, മനുഷ്യൻ ക്രൈസ്തവ ദർശനങ്ങളിൽ, 107.

ഉണ്ണിയേശു, കരുണാകരൻ, മകരത്തിൽ പറയാനിരുന്നത് (കഥ), 44.

ഉയിർപ്പ്, എൻ. വി. കൃഷ്ണവാരിയർ, എൻ. വി. യുടെ നാടകങ്ങൾ (ദിവ്യനക്ഷത്രം), 202.

ഏദൻതോട്ടം, ഡി. ബഞ്ചമിൻ, ക്രിസ്ത്യൻ മിത്തോളജി സുഗതകുമാരിയുടെ കവിതയിൽ, 28.

ഏദൻതോട്ടം, ഡി. ബഞ്ചമിൻ, അക്കാദമിക് വിമർശനവും മറ്റും, 151.

കല്ലറ, അശോകൻ ചരുവിൽ, പലതരം വീടുകൾ (കഥ), കഥകാലം പോലെ.

കപ്പേള, തോമസ് ജോസഫ്, ഭൂമിയുടെ അപ്പുറത്തേക്ക് (കഥ), അത്ഭുതസമസ്യ, 101.

കനാൻദേശം, ബാബു കുഴിമറ്റം, ചത്തവന്റെ സുവിശേഷം (കഥ),131.

കാണിക്ക, ടി. വി. കൊച്ചുബാവ, പ്രച്ഛന്നം (കഥ), കഥകാലം പോലെ, 120.

കാൽവരി, കെ. പി. അപ്പൻ, ഭൂമിയുടെ അതിരുകൾ സ്വന്തമാക്കിയവർ, മാതൃഭൂമി, ഡിസം. 24, 1980, 21.

കുഞ്ഞാട്, കെ. പി. അപ്പൻ, കുരിശിൽ ചൊരിഞ്ഞ രക്തം, മാതൃഭൂമി, എപ്രിൽ 1980, 11.

കുമ്പസാരം, എൻ. എൻ. പിള്ള, കാപാലിക (നാടകം), 8.

കുരിശ്, എൻ. എൻ. പിള്ള, കാപാലിക (നാടകം).

കുർബ്ബാന, സി. ആർ. പരമേശ്വരൻ, ഈഴവർ (കഥ), വിപൽസന്ദേശങ്ങൾ, 47

ക്രിസ്തുരൂപം, സി. ആർ. പരമേശ്വരൻ, പ്രകൃതിനിയമം (നോവൽ), 109.

ഗത്സമനത്തോട്ടം, കെ. പി. അപ്പൻ, ഭൂമിയുടെ അതിരുകൾ, മാതൃഭൂമി, ഡിസം. 24, 1989, 19.

ചമ്മട്ടി, കെ. പി. കേശവമേനോൻ, യേശുദേവൻ,144.

ജ്ഞാനസ്നാനം, എം. പി. ബാലഗോപാൽ, വേറാക്കൂറ് (പഠനം), 165.

താലന്ത്, നിത്യചൈതന്യയതി, തിരുമുറിവും തിരുമറിയും (കലയും മനഃശാസ്ത്രവും), 101.

താബോർ, കെ. പി. അപ്പൻ, ഭൂമിയുടെ.. മാ. ആ., ഡിസം. 24.

ദുഃഖവെള്ളി, കെ. പി. അപ്പൻ, കുരിശിൽ... മാ. ഡിസം. 24, 1989.

ദേവാലയം, സി. ആർ. പരമേശ്വരൻ, പ്രകൃതിനിയമം (നോവൽ), 109.

നിവർത്തിക്കുക, കെ. എസ്. രാധാകൃഷ്ണൻ, ക്രിസ്തുദർശനം (പഠനം), 22.

പശ്ചാത്താപം, കെ. പി. കേശവമേനോൻ, യേശുദേവൻ, 197.

പഞ്ചക്ഷതം, എം. ലീലാവതി, രൂപാന്തരപ്രാപ്തി സച്ചിദാനന്ദൻ കവിതയിൽ, സച്ചി. കവിതകൾ, 58.

പറുദീസ, എം. എൻ. വിജയൻ, ഹ്യൂമനിസം (വർണ്ണങ്ങളുടെ സംഗീതം), 159.

പാപമോചനം, എം. പി. പണിക്കർ, മലയാള ഖണ്ഡകാവ്യങ്ങൾ ഒരു പഠനം, 230.

പരീശന്മാർ, പോഞ്ഞിക്കര റാഫി & സെബീനാ റാഫി, കലിയുഗം (പഠനം), 252.

പുതിയ മശിഹാ, തോമസ് ജോസഫ്, പുതിയ മശിഹാ (കഥ), അത്ഭുതസമസ്യ, 12.

പുണ്യവാളൻ, തോമസ് ജോസഫ്, അലോഷ്യസ് ഒരു നല്ല കുട്ടിയായിരുന്നു (കഥ), 83.

പുനരുത്ഥാനം, കെ. എസ്. രാധാകൃഷ്ണൻ, ക്രിസ്തുദർശനം, 41.

പുറപ്പാട്, കെ. എം. തരകൻ, മനുഷ്യൻ ദാർശനികദൃഷ്ടിയിൽ, 135.

പെന്തിക്കുസ്തി, കെ. പി. കേശവമേനോൻ, യേശുദേവൻ, 123.

പ്രവാചകൻ, കൈനിക്കര പത്മനാഭപിള്ള, കാൽവരിയിലെ കൽപ്പപാദം, 15.

പ്രാർത്ഥിക്കുക, മനോജ് ജാതദേവൻ, പെസഹാ. മാ. ആ. ജൂൺ 13, 1993, 28.

ബലി, എം. ലീലാവതി, രൂപാന്തരംപ്രാപ്തി... കവിതയിൽ.

ബൈബിൾ, കരുണാകരൻ, മകരത്തിൽ പറയാനിരുന്നത് (കഥ), 44.

മരക്കുരിശ്, കെ. പി. അപ്പൻ, കുരിശിൽചെരി... മാ. ആ.

മാനസാന്തരം, എം. പി. പണിക്കർ, മലയാള ഖണ്ഡകാവ്യങ്ങൾ, 221.

മാമ്മൂദീസാ, എൻ. എൻ. പിള്ള, കാപാലിക (നാടകം), 10.

മാലാഖ, നിത്യചൈതന്യയതി, മനുഷ്യപുത്രനായ യേശു, 38.

മശിഹാ, എ. പി. ബാലഗോപാൽ, വേറാക്കൂറ് (പഠനം), 131.

മുന്തിരിക്കുലകൾ, തോമസ് ജോസഫ്, അലോഷ്യസ്..., 91.

മുൾമുടി, വി. ആർ. സുധീഷ്, മായുന്നമേഘങ്ങൾ (സ്വാതന്ത്ര്യത്തിന് വയസ്സാവുന്നു), 97.

യേശു, തോമസ് ജോസഫ്, അത്ഭുതസമസ്യ, 26.

രക്ഷകൻ, കെ. പി. അപ്പൻ, ഭൂമിയുടെ അതി..., 17.

വാഗ്ദത്തഭൂമി, എ. പി. ബാലഗോപാൽ, വേറാക്കൂറ് (പഠനം), 164.

വീഞ്ഞ്, സി. ജെ. തോമസ്, ആ മനുഷ്യൻ നീ തന്നെ (സി. ജെ. യുടെ നാടകങ്ങൾ), 184.

വെളിപാട്, വി. രാമകൃഷ്ണൻ, പതിനൊന്നു കഥകൾ, വീണ്ടും ആളൊഴിഞ്ഞ അരങ്ങ്, 10.

ശമരിയാക്കാരൻ, സക്കറിയ, പതിനൊന്നു കഥകൾ വീണ്ടും, 53.

ശാബത്ത്, കെ. എസ്. രാധാകൃഷ്ണൻ, ക്രിസ്തുദർശനം, 61.

ശവക്കല്ലറ, തോമസ് ജോസഫ്, അത്ഭുതസമസ്യ, 48.

ശിരോവസ്ത്രം, ടി. വി. കൊച്ചുബാവ, കഥകാലംപോലെ, 117.

സാത്താൻ, സി. വി. ബാലകൃഷ്ണൻ, കണ്ണാടിക്കടൽ (നോവൽ), 75.

സഹനം, കെ. എസ്. രാധാകൃഷ്ണൻ, ക്രിസ്തുദർശനം, 143.

സെമിത്തേരി, തോമസ് ജോസഫ്, അത്ഭുതസമസ്യ, 101.

സുവിശേഷം, എൻ. എൻ. പിള്ള, കാപാലിക (നാടകം), 8.

സൃഷ്ടികർമ്മം, കെ. എസ്. രാധാകൃഷ്ണൻ, ക്രിസ്തുദർശനം, 60.

സ്നാനം, കെ. എസ്. രാധാകൃഷ്ണൻ, ക്രിസ്തുദർശനം (പഠനം), 30.

സ്വർഗ്ഗപിതാവ്, കെ. എസ്. രാധാകൃഷ്ണൻ, ക്രിസ്തുദർശനം (പഠനം), 47.

സ്വർഗ്ഗസ്ഥനായ പിതാവ്, കെ. പി. അപ്പൻ, ഭൂമിയുടെ... മാ. ആ. സി. 24, 21.

സ്വർഗ്ഗരാജ്യം, നിത്യചൈതന്യയതി, മനുഷ്യപുത്രനായ യേശു, 70.

സ്വസ്തി, എൻ. വി. കൃഷ്ണവാരിയർ, ദിവ്യനക്ഷത്രം (നാടകം), 202.

ഹോശന്നാ, കെ. പി. കേശവമേനോൻ, യേശുദേവൻ (ജീവചരിത്രം), 290.

റബ്ബീ, പോഞ്ഞിക്കര റാഫി, സ്വർഗ്ഗദൂതൻ (നോവൽ), 98.

2. പ്രയോഗശൈലികൾ

പ്രയോഗം (ശൈലി), കർത്താവ്, കൃതി, പുറം

ആകാശമോക്ഷം, പോഞ്ഞിക്കര റാഫി, സ്വർഗ്ഗദൂതൻ (നോവൽ), 95.

അജ്ഞതയുടെ താഴ്വര, കെ. പി. അപ്പൻ, മാറുന്ന മലയാള നോവൽ, 154.

അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം, സി. വി. ബാലകൃഷ്ണൻ, സാന്താക്രൂസ് (കഥ), 91.

അവസാനത്തെ അത്താഴം, നിത്യചൈതന്യയതി, മനുഷ്യപുത്രനായ യേശു, 51.

ആദിയിൽ വചനമുണ്ടായി, പോഞ്ഞിക്കര റാഫി, സെബീന, എമ്മവൂസിലേക്കുള്ള യാത്ര (ലേഖനം), 154.

അവർ എന്നെ കുരിശിൽ തറച്ചു, കാക്കനാടൻ, കാക്കനാടൻ കഥകൾ, 159.

അപ്പം കൊണ്ടു മാത്രമല്ല മനുഷ്യൻ ജീവിക്കുന്നത്, അശോകൻ ചെരുവിൽ, പലതരം വീടുകൾ (കഥ), 150.

ആദാമിന്റെ വാരിയെല്ല്, പോഞ്ഞിക്കര റാഫി, സ്വർഗ്ഗദൂതൻ (നോവൽ), 96.

അന്നന്നത്തെ അപ്പം, കെ. എസ്. രാധാകൃഷ്ണൻ, ക്രിസ്തുദർശനം (പഠനം), 33.

ഇതാ ഒരു മനുഷ്യൻ, ഇ. എം. ജെ. വെള്ളിയൂർ, ഗെയ്ഥേ (പഠനം), 264.

ഇടയനില്ലാത്ത ആടുകൾ, നിത്യചൈതന്യയതി, മനുഷ്യപുത്രനായ യേശു, 52.

കുഞ്ഞാടിന് വേണ്ടി, സി. ആർ. പരമേശ്വരൻ, പ്രകൃതിനിയമം, 110.

കൊടുങ്കാറ്റ് ശാന്തമാക്കേണമേ, സി. ആർ. പരമേശ്വരൻ, പ്രകൃതിനിയമം, 110.

ഉപ്പുതൂൺ, പോഞ്ഞിക്കര റാഫി, സ്വർഗ്ഗദൂതൻ, 98.

ഉറയിൽ നിന്ന് ഊരിയ വാൾ, പോഞ്ഞിക്കര റാഫി, സെബീന, കലിയുഗം (പഠനം), 357.

എന്റെ പിതാവേ, സുകുമാർ അഴീക്കോട്, തത്വമസി (പഠനം), 92.

ഏദൻതോട്ടത്തിലേക്ക്, ഡി. ബഞ്ചമിൻ, അക്കാദമിക് വിമർശനവും മറ്റും, 287.

ഒട്ടകവും സൂചിക്കുഴയും, സി. വി. ബാലകൃഷ്ണൻ, കണ്ണാടിക്കടൽ (നോവൽ), 112.

എന്റെ പിന്നാലെ വരുന്നവൻ എന്നേക്കാൾ യോഗ്യൻ, പോഞ്ഞിക്കര റാഫി, സെബീന, കലിയുഗം, 344.

എന്റെ പിന്നാലെ വരുന്നവൻ എന്നേക്കാൾ യോഗ്യൻ, കാക്കനാടൻ, പ്രവാചകൻ.

അവന്റെ വരവ് അടുത്തിരിക്കുന്നു, കാക്കനാടൻ, കാക്കനാടൻകഥകൾ, 158.

കന്യകമാരെ നിങ്ങൾ വിളക്കുകളേന്തുവിൻ, കാക്കനാടൻ, കാക്കനാടൻ കഥകൾ, 158.

കള്ളന്മാരുടെ ഗുഹ, കെ. പി. അപ്പൻ, ഭൂമിയുടെ അതിരുകൾ, മാ. ആ. സി. 24, 1990, 17.

കാണാതെപോയ ആട്, കെ. എസ്. രാധാകൃഷ്ണൻ, ക്രിസ്തുദർശനം, 68.

കാൽവരിക്കുന്നിൽ ചോരപ്പാടുകൾ, എം. സുകുമാരൻ, പിതൃതർപ്പണം (നോവൽ), 127.

കായേന്റെ മക്കൾ, ടി. വി. വർക്കി, വേണം പുതിയൊരു ധർമ്മശാസ്ത്രം, 52.

കാഹളനാദം, കെ. പി. അപ്പൻ, മാറുന്ന മലയാളം നോവൽ, 142.

കുരിശിൽ തൂങ്ങിക്കിടക്കുക, പോഞ്ഞിക്കര റാഫി, സെബീന, കലിയുഗം, 275.

കുരിശ് വരപ്പിക്കുക, കാക്കനാടൻ, കാക്കനാടൻകഥകൾ, 138.

കെടാത്ത തീ, സി. ജെ. തോമസ്, ആ മനുഷ്യൻ നീ തന്നെ (നാടകം), സമാഹാരം, 336.

കോഴി കൂവുക, കെ. എസ്. രാധാകൃഷ്ണൻ, ക്രിസ്തുദർശനം, 62.

കുരിശിടുക, കെ. പി. അപ്പൻ, ഭൂമിയുടെ അതിരുകൾ... മാ. ആ., 19.

ക്രൂശിലെ നിലവിളി, കെ. പി. അപ്പൻ, ഭൂമിയുടെ അതിരുകൾ, 19.

ക്രൂശുമരണം, സി. ആർ. പരമേശ്വരൻ, പ്രകൃതിനിയമം, 112.

ക്രിസ്തുരൂപം, സി. ആർ. പരമേശ്വരൻ, പ്രകൃതിനിയമം, 109.

കൃതജ്ഞതാസ്തോത്രം, കെ. പി. അപ്പൻ, ഭൂമിയുടെ അതിരുകൾ, 18.

ഗിരിപ്രഭാഷണം, കാക്കനാടൻ, കാക്കനാടൻകഥകൾ, 152.

ചെന്നായ്ക്കളുടെ ഇടയിലെ ആടുകൾപോലെ, സി. വി. ബാലകൃഷ്ണൻ, സ്നേഹവിരുന്ന് (കഥ), 67.

ജീവന്റെ അപ്പം, പോഞ്ഞിക്കര റാഫി, സെബീന, കലിയുഗം, 258.

ജീവന്റെ പുസ്തകം, നരേന്ദ്രപ്രസാദ്, വെള്ളിയാഴ്ച (നാടകം), 28.

ഞാൻ ആൽഫയും ഒമേഗയുമാകുന്നു, പോഞ്ഞിക്കര റാഫി, കലിയുഗം, 244.

ഞാൻ എന്നെ ഗബ്രിയേൽ എന്നു വിളിച്ചു, കരുണാകരൻ, മകരത്തിൽ പറയാനിരുന്നത് (കഥ), 63.

ഞാൻ എന്റെ സഹോദരന്റെ സൂക്ഷിപ്പുകാരനോ, നിത്യചൈതന്യയതി, തിരുമുറിവും തിരുമറിയും, 105.

തലചായ്ക്കാനിടം, അശോകൻ ചരുവിൽ, കഥ കാലംപോലെ, 151.

തിരുപ്പിറവി, തോമസ് ജോസഫ്, അത്ഭുതസമസ്യ, 79.

തിന്മയുടെ വൃക്ഷം, നിത്യചൈതന്യയതി, മനുഷ്യപുത്രനായ യേശു, 59.

ദൈവഭയം ജ്ഞാനത്തിന്റെ ഉറവിടമാകുന്നു, ഐ. ഷൺമുഖദാസ്, മലമുകളിൽ മഞ്ഞുപെയ്യുന്നു (നിരൂപണം), 50.

നല്ല അയൽക്കാരൻ, നിത്യചൈതന്യയതി, മനുഷ്യനായ യേശു, 57.

നല്ല ഇടയൻ, മുട്ടത്ത് വർക്കി, മുട്ടത്തുവർക്കിയുടെ തെര. കഥകൾ, 313.

നല്ല മരം നല്ല ഫലം തരും, കെ. എസ്. രാധാകൃഷ്ണൻ, ക്രിസ്തുദർശനം, 327.

നൂറുമേനി വിളവ്, സി. വി. ബാലകൃഷ്ണൻ, കണ്ണാടിക്കടൽ (നോവൽ), 133.

പറുദീസാ നഷ്ടം, പോഞ്ഞിക്കര റാഫി, സെബീന, കലിയുഗം, 136.

പഴയകുപ്പിയിൽ പുതിയവീഞ്ഞ്, എം. ഗോവിന്ദൻ, എം. ഗോവിന്ദന്റെ ഉപന്യാസങ്ങൾ, 123.

പാപത്തിന്റെ കൂലി, ടി. ആർ. പാപബോധത്തിന്റെ പുണ്യാഹം (നിരൂപണം).

പാപങ്ങൾ കഴുകുക, നിത്യചൈതന്യയതി, മനുഷ്യപുത്രനായ യേശു, 52.

പാലുംതേനും ഒഴുകുന്ന ദേശം, നിത്യചൈതന്യയതി, മനുഷ്യപുത്രനായ യേശു, 52.

പിതാവേ, കഴിയുമെങ്കിൽ, സി. ആർ. പരമേശ്വരൻ, പ്രകൃതിനിയമം, 111.

പുതിയവീഞ്ഞും പഴയ തോല്ക്കുടവും, റൊമാൻസ് ആന്റണി, വെളിപാടിന്റെ വേദന, 35.

പുളിച്ച വീഞ്ഞ്, കെ. പി. അപ്പൻ, കുരിശിൽ ചൊരി.... മാ. ആ.

ബലിയാടാവുക, നിത്യചൈതന്യയതി, മനുഷ്യപുത്രനായ യേശു, 13.

ഭൂമിയുടെ ഉപ്പ്, നിത്യചൈതന്യയതി, മനുഷ്യപുത്രനായ യേശു, 13.

മംഗളവാർത്ത, പോഞ്ഞിക്കര റാഫി, സ്വർഗ്ഗദൂതൻ (നോവൽ), 10.

മനുഷ്യാ നീ മണ്ണാകുന്നു, കാക്കനാടൻ, കാക്കനാടന്റെ കഥകൾ, 151.

മലമുകളിലെ യഹോവ, ആനന്ദ്, പതിനൊന്ന് കഥകൾ വീണ്ടും, 99.

മാനസാന്തരപ്പെടുക, തോമസ് ജോസഫ്, അത്ഭുതസമസ്യ, 26.

മാനസാന്തരസ്നാനം, പോഞ്ഞിക്കര റാഫി, കലിയുഗം, 243.

മുടിയനായ പുത്രൻ, കെ. പി. അപ്പൻ, ഭൂമിയുടെ അതിരുകൾ, 21.

മുപ്പത് വെള്ളിക്കാശ്, കെ. എസ്. രാധാകൃഷ്ണൻ, ക്രിസ്തുദർശനം, 34.

മുൾക്കിരീടം അണിയുക, കെ. പി. അപ്പൻ, കുരിശിൽ ചൊരിഞ്ഞ രക്തം, മാ. ആ. ഡി. 26, 1992.

യഹോവായ്ക്ക് സ്തുതി, ടി. വി. കൊച്ചുബാവ, കഥകാലംപോലെ, 115.

യേശുവിന്റെ വിധി, തോമസ് ജോസഫ്,അത്ഭുതസമസ്യ, 18.

രക്ഷകന്റെ അത്ഭുതങ്ങൾ, കെ. പി. അപ്പൻ, കുരിശിൽ ചൊരിഞ്ഞ രക്തം.

ലബനോന്റെ ദേവദാരു, കെ. പി.അപ്പൻ,ഭൂമിയുടെ അതിരുകൾ സ്വന്തമാക്കിയവർ.

ലോകത്തിന്റെ പ്രകാശം, നിത്യചൈതന്യയതി, മനുഷ്യപുത്രനായ യേശു, 13.

വാളെടുക്കുന്നവൻ വാളാൽ, കെ. എസ്. രാധാകൃഷ്ണൻ, ക്രിസ്തു ദർശനം, 74.

വിധവയുടെ കൊച്ചുകാശ്, നിത്യചൈതന്യയതി, മനുഷ്യപുത്രനായ യേശു, 60.

വിധിദിവസം, സി. ജെ. തോമസ്, ആ മനുഷ്യൻ നീ തന്നെ (നാടകം),

വിലക്കപ്പെട്ട കനി, പോഞ്ഞിക്കര റാഫി, കലിയുഗം, 136.

വിളക്കുകളിൽ എണ്ണയൊഴിച്ച് കാത്തിരിക്കുക, സി. ജെ., അവൻ വീണ്ടും വരുന്നു (നാടകം), 25.

വിശ്വാസം നിന്നെ രക്ഷിക്കട്ടെ, കെ. എം. തരകൻ, മനുഷ്യൻ ദാർശ നികദൃഷ്ടിയിൽ, 142.

വൃക്ഷത്തെ ഫലം നോക്കി തിരിച്ചറിയുക, കെ. എസ്. രാധാകൃഷ്ണൻ, ക്രിസ്തുദർശനം, 32.

വെള്ളയടിച്ച കുഴിമാടങ്ങൾ, മുട്ടത്തു വർക്കി, മുട്ടത്ത്-തെര. കഥകൾ, 99.

വെള്ളിക്കാശിന്റെ കിലുക്കം, എം. സുകുമാരൻ, പിതൃതർപ്പണം (നോവൽ), 127.

സംശയിക്കുന്ന തോമ്മാ, എം. ഗോവിന്ദൻ, എം. ഗോവി. ഉപന്യാസ ങ്ങൾ, 96.

സംശയിക്കുന്ന തോമസാണ് നീ, കാക്കനാടൻ, പ്രവാചകൻ (കഥ).

സ്ത്രീയേ എനിക്കും നിനക്കും തമ്മിൽ എന്ത്?, എം. ഗോവിന്ദൻ, ഗോ. ഉപന്യാസങ്ങൾ, 732.

സ്വപ്നങ്ങളിൽ പറുദീസാ, ജോർജ് ഓണക്കൂർ, ഒലിവ്മരങ്ങളുടെ നാട്ടിൽ, 38.

ഹന്നാവിന്റെ അങ്ങാടി, കെ. പി. അപ്പൻ, ഭൂമിയുടെ അതിരുകൾ.

ഹല്ലേലൂയ്യാ, കാക്കനാടൻ, പ്രവാചകൻ.

വാക്യതലം

കൃതി, കർത്താവ്, പുറം

'ഞാൻ എന്നെ ഗബ്രിയേൽ എന്നു വിളിച്ചു', മകരത്തിൽ പറയാനിരു ന്നത്, കരുണാകരൻ, 56.

'പ്രവാചകൻ', കാക്കനാടന്റെ കഥകൾ, കാക്കനാടൻ, 149.

ക്രിസ്തുദർശനം, കെ. എസ്. രാധാകൃഷ്ണൻ, 73.

മാതൃഭൂമി. ആ. 1976 ഒക്ടോ. 31, എം. ലീലാവതി, 31.

'ഒരു പുതിയ മശിഹാ', അത്ഭുതസമസ്യ, തോമസ് ജോസഫ്, 13.

അരനാഴികനേരം, പാറപ്പുറത്ത്, 14.

അക്കല്ദാമയിൽ പൂക്കൾ വിടരുമ്പോൾ, ഇരുട്ടിന്റെആത്മാവ്, എം. ടി. വാസുദേവൻനായർ, 116.

ആധി ഭൗതികം, നൂൽപ്പാലം കടക്കുന്നവർ, വൈശാഖൻ, 67.

ജോസഫ് നല്ലവരുടെ കുറ്റസമ്മതം, പതിനൊന്നു കഥകൾ വീണ്ടും, സക്കറിയാ, 244.

വർണ്ണങ്ങളിലെ വെളിപാടുകൾ, ആഷാമേനോൻ, 17.

വേറാക്കൂറ്, എം. പി. ബാലഗോപാൽ, 166-167.

ആളൊഴിഞ്ഞ അരങ്ങ്, പി. രാമകൃഷ്ണൻ, 34.

ക്രിസ്തുദർശനം, കെ. എസ്. രാധാകൃഷ്ണൻ, 73.

ദൈവത്തിന് അവധാരണം, എം. കെ. സാനു, 58.

4. ശീർഷകം

കൃതി, കർത്താവ്

അജ്ഞതയുടെ താഴ്‌വര, കാക്കനാടൻ.

ആയുസ്സിന്റെ പുസ്തകം, സി. വി. ബാലകൃഷ്ണൻ.

ആറാം പ്രമാണം, മുട്ടത്തു വർക്കി.

ഏഴാം മുദ്ര, കാക്കനാടൻ.

അവൻ വീണ്ടും വരുന്നു, സി. ജെ. തോമസ്.

ആ മനുഷ്യൻ നീ തന്നെ, സി. ജെ. തോമസ്.

അക്കൽദാമയിൽ പൂക്കൾ വിടരുമ്പോൾ, എം.ടി. വാസുദേവൻനായർ.

ആകാശത്തിലെ പറവകൾ, പാറപ്പുറത്ത്.

ഇവൻ എന്റെ പ്രിയ സി. ജെ., റോസി തോമസ്.

ഇവൻ എന്റെ പ്രീയപുത്രൻ, സി. ജെ. തോമസ്.

എമ്മവൂസിലേക്കുള്ള യാത്ര, റാഫി, സെബീന.

കണ്ണിന് പകരം കണ്ണ്, ഇ. എം. ജെ. വെണ്ണിയൂർ.

കഴുകിത്തുടച്ച കാൽപാദങ്ങൾ, ടി. വി. വർക്കി.

കാൽവരിയിലെ കല്പപാദപം, കൈനിക്കര പത്മനാഭപിള്ള.

ഒലീവ് മരങ്ങളുടെ നാട്ടിൽ, ജോർജ് ഓണക്കൂർ.

ഒരു നിഷേധിയുടെ സുവിശേഷം, ആർ. വിശ്വനാഥൻനായർ.

ക്ഷോഭിക്കുന്നവരുടെ സുവിശേഷം, കെ. പി. അപ്പൻ.

ചത്തവന്റെ സുവിശേഷം, ബാബു കുഴിമറ്റം.

കാനായിലെ കല്യാണം, പോഞ്ഞിക്കര റാഫി.

പാപികൾ, പോഞ്ഞിക്കര റാഫി.

പാപത്തറ, സാറാ ജോസഫ്.

പാപം ചെയ്യാത്തവർ, വൈക്കം ചന്ദ്രശേഖരൻ നായർ.

പുതിയ ആകാശം പുതിയ ഭൂമി, തോപ്പിൽ ഭാസി.
പ്രവാചകന്റെ വഴി, ഒ. വി വിജയൻ.
യിസ്രയേൽമക്കൾ, വി. ബാലകൃഷ്ണൻ, എം. ലീലാവതി.
രോഗശാന്തി, എം. ജി. ബാബു.
മനുഷ്യപുത്രനായ യേശു, നിത്യചൈതന്യയതി.
വെളിപാടിന്റെ വേദന, റൊമൻസ് ആന്റണി.
സ്വർഗ്ഗദൂതൻ, പോഞ്ഞിക്കര റാഫി.
സ്വർഗ്ഗം തുറക്കുന്ന സമയം, എം. ടി. വാസുദേവൻനായർ.
യേശുദേവൻ, കെ. പി. കേശവമേനോൻ.

ഈ ലിസ്റ്റുകൾ തികച്ചും അപൂർണ്ണമാണ്. പാറപ്പുറത്തിന്റെ അരനാഴികനേരം' എന്ന നോവലിലെ ബൈബിൾ സ്വാധീനമുള്ള പദങ്ങളും പ്രയോഗങ്ങളും വാകൃങ്ങളും ശേഖരിച്ചാൽ അത് മാത്രം മതിയാകും ഒരു ഗവേഷണ പ്രബന്ധത്തിന് വിഷയമാകാൻ. ബൈബിൾ സ്വാധീനത്തിന്റെ ആഴവും വ്യാപ്തിയും സമർത്ഥിക്കാൻ സാഹിത്യരചനകളിലൂടെ നടത്തിയ ഒരു സാംപിൾ സർവ്വേ എന്ന നിലയിലേ ഈ ശേഖരണത്തെ പരിഗണിക്കേണ്ടതുള്ളൂ. ഒരാധുനിക നിരൂപകന്റെ സാക്ഷ്യം കേൾക്കുക: "പ്രപഞ്ചത്തിന്റെയും ചരിത്രത്തിന്റെയും മനുഷ്യഭാഗധേയത്തിന്റെയും പ്രശ്നങ്ങളെ ഉപമകളാക്കി പ്രസ്താവിക്കുന്ന ബൈബിൾ എന്റെ ബുദ്ധിപരമായ ജീവിതത്തെ രൂപപ്പെടുത്തിയ പ്രധാന ശക്തിയാണ്. ഇപ്പോൾ എനിക്ക് ഒന്നാമത്, കലാസൃഷ്ടികളെ അദ്ധ്യാത്മികമായൊരു തലത്തിൽ സന്തോഷപൂർവ്വം സ്വീകരിക്കുവാൻ വേദപുസ്തകം എന്നെ പഠിപ്പിച്ചു. രണ്ടാമത്, ശൈലിയെ നിരന്തരം നവീകരിക്കാനുള്ള സൗന്ദര്യശിക്ഷണം അത് നൽകി. മൂന്നാമത്, ഒരു മതകർമ്മത്തിന്റെ പരിശുദ്ധിയോടെ ഖണ്ഡനവിമർശനത്തിൽ ഏർപ്പെടാനുള്ള പ്രചോദനം അത് എനിക്കു നൽകി. .... ക്രിസ്തുവിന്റെ ജീവിതം യാതനകളുടെ പരമ സാക്ഷ്യമാണ്. ... അങ്ങനെ പീഡാസഹനത്തിന് വിധേയരായ മനുഷ്യരെക്കുറിച്ച് പറയുന്ന ഏത് മികച്ച കൃതിയും എനിക്ക് സമാന്തര സുവിശേഷങ്ങളായിത്തീർന്നു. അത്തരം കൃതികളിലെ കഥാപാത്രങ്ങളിൽ ക്രിസ്തുവിന്റെ യാതനകളുടെ നിഴൽ വീണുകിടക്കുന്നത് പോലെയാണെനിക്ക് തോന്നിയത്. ബൈബിൾ ആണ് ഈ സാഹിത്യസംസ്ക്കാരം എനിക്ക് തന്നത്. ... ഇതോടൊപ്പം പുതുമയെ പേടിക്കരുതെന്നും ബൈബിൾ എന്നെ പഠിപ്പിച്ചു. പ്രകോപനം നിറഞ്ഞ സൗന്ദര്യത്തെ വിശാലമായ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് അംഗീകരിക്കണമെന്നാണ് ബൈബിൾ സംസ്ക്കാരം എന്നോട് പറഞ്ഞത്. അതിനാൽ കസാൻദ്സാക്കീസിന്റെ 'ദി മാൻ ഹൂ ഡൈഡ്' എന്ന കഥയും കുറ്റബോധമില്ലാതെ എനിക്ക് ആസ്വദിക്കാൻ കഴിഞ്ഞു. കാഫ്കയുടെ കൃതികൾ അവയിലെ ഭ്രമാത്കമായ അന്ത

രീക്ഷം നീക്കി മനസ്സിലാക്കാൻ എന്നെ സഹായിച്ചത് ബൈബിൾ എനിക്ക് തരുന്ന കാവ്യാനുഭവങ്ങൾ നിറഞ്ഞ ക്രൈസ്തവ ബോധ്യങ്ങൾ ആയിരുന്നു. ലോകചരിത്രം ഒരു മഹാവിനാശത്തെ സമീപിച്ചുകൊണ്ടിരിക്കുകയാണെന്നും ഈ മഹാവിനാശത്തിന് ശേഷം ഒരു നവയുഗം വരുമെന്നുമുള്ള ദർശനത്തിൽ എത്തിനില്ക്കുന്ന ഈ ആധുനിക അപ്പോക്കാലിപ്റ്റിക് എഴുത്തുകാരെ മനസ്സിലാക്കാൻ എന്നെ സഹായിച്ചത്, ഞാൻ പേടിച്ച് പേടിച്ച് വായിച്ച ബൈബിളിലെ വെളിപാട് പുസ്തകമാണ്. സങ്കീർത്തനങ്ങൾ, സദൃശ്യവാക്യങ്ങൾ, വിലാപങ്ങൾ എന്നീ ഭാഗങ്ങൾ കുറെയേറെ വർഷങ്ങളാൽ എന്റെ ചിതയുടെ ജപമാലകൾ ആയിത്തീരും. അവയുടെ റിഥവും അവയിലെ കല്പനകളും എന്റെ ശൈലിയെ നവീകരിച്ചുകൊണ്ടിരിക്കുന്നു. ചിലപ്പോൾ ബോധപൂർവ്വം അത് നടന്നു; പലപ്പോഴും അബോധപൂർവ്വമായി അത് സംഭവിച്ചു. അങ്ങേയറ്റം സങ്കീർണ്ണവും ആഴമേറിയതുമായ ആശയങ്ങളെ വൈരുദ്ധ്യങ്ങളിലൂടെ ധ്വനിപ്പിക്കുന്ന ശിക്ഷണം എനിക്ക് തന്നതും ബൈബിൾ ആണ്. ... വിശുദ്ധ പൗലൂസ് കൊരിന്ത്യർക്കെഴുതിയ ലേഖനങ്ങളിലെ ചില വാക്യങ്ങളാണ് അഗാധവും സങ്കീർണ്ണവുമായ പ്രശ്നങ്ങളെ അവതരിപ്പിക്കുമ്പോൾ നിഷേധഭാവനയും പരോക്ഷമാർഗ്ഗവും സ്വീകരിക്കുവാൻ ആദ്യകാലത്ത് എന്നെ പഠിപ്പിച്ചത്. .. ക്രിസ്തു ദേവാലയത്തിൽ നിന്നും വ്യാപാരികളെ അടിച്ചോടിച്ചത് പരസ്യശുശ്രൂഷയുടെ ഭാഗമായിരുന്നു. ഇവിടെ ജീർണ്ണിക്കുന്ന ആശയങ്ങളാണ് വ്യാപാരികൾ. അതിനെതിരെ മതകർമ്മത്തിന്റെ പരിശുദ്ധിയോടെ വിമർശകൻ പോരാടുക തന്നെ വേണമെന്ന സൗന്ദര്യം നിറഞ്ഞ ഒരു പാഠം ബൈബിൾ നമുക്ക് സമ്മാനിക്കുന്നു. ഇത്തരം കാര്യങ്ങൾ മാറ്റി നിർത്തിയാലും ബൈബിൾ എനിക്ക് നിത്യരക്ഷയുടെ സ്രോതസ്സാണ്. നിരവധി കാര്യങ്ങളെക്കുറിച്ചുള്ള വ്യഗ്രതകൊണ്ട് കലങ്ങിയിരിക്കുന്ന എന്റെ മനസ്സിനെ ബൈബിൾ നേരെയാക്കുന്നു. നല്ല നിലപാട് തെരഞ്ഞെടുക്കുവാൻ അതെന്നെ സഹായിക്കുന്നു. എന്നിലെ പഴയ എഴുത്തുകാരനെ ഊരിക്കളഞ്ഞ് ആശയങ്ങൾക്കൊണ്ട് നവീകൃതനായ പുതിയ എഴുത്തുകാരനെ ധരിക്കാനുള്ള കരുത്ത് അതെനിക്ക് നൽകുന്നു...." (വേദപുസ്തകവും ഞാനും, കെ. പി. അപ്പൻ).

മലയാള സാഹിത്യത്തറവാട്ടിലെ ആധുനിക നിരൂപകരിൽ പ്രാതിനിധ്യസ്വഭാവമുള്ള ഒരാളാണ് കെ. പി. അപ്പൻ. അദ്ദേഹം സ്വന്തം ആത്മാവിലെ ബൈബിൾ സ്വാധീനതയെ അനാവരണം ചെയ്തെഴുതിയ ഈ വാക്കുകൾ, ആധുനിക വിപ്ലവകാരികളുടെയും സാമൂഹ്യപരിഷ്ക്കർത്താക്കളുടെയും ഹ്യൂമനിസ്റ്റുകളുടെയും മനുഷ്യാവകാശപ്രവർത്തകരുടെയും പ്രത്യക്ഷമോ പരോക്ഷമോ ആയ സാക്ഷ്യമാണ്. മലയാളം ബൈബിളിന്റെ ഇരുനൂറാം പിറന്നാൾ ആഘോഷിക്കുന്ന ഈ അവസരത്തിൽ ഈ

സാക്ഷ്യത്തിന്റെ പൊരുൾ ഇതൾവിടർത്തി പരിശോധിക്കുന്ന ഗവേഷണ കൃതികൾ ധാരാളം ഉണ്ടാകട്ടെ എന്ന് 'വെറുതെ' ആശിച്ചുപോകുന്നു. 'കുരിശിന്റെ ഗാനം നിലച്ചു' എന്ന് പ്രവാചക കവികൾ വിലപിക്കുന്ന ഈ പുതിയ തലമുറയിൽ 'ബധിരമായ കുരിശു'കൾക്ക് ഈ രോദനം കേൾക്കാനാവുമോ?!

- ഫാ. ഡോ. ജോസഫ് ചീരൻ

6

ഇംഗ്ലീഷ് ചർച്ച് മിഷനും മലയാളം ബൈബിളും*

റെയ്നോൾഡ് വാഗ്നർ

പരിഭാഷ: ഫാ. ഡോ. റെജി മാത്യു

മലയാളത്തിലേക്കുള്ള വേദപുസ്തക പരിഭാഷ ഇംഗ്ലീഷുകാരായ മിഷനറിമാരുടെയും (ലണ്ടനിലുള്ള സി.എം.എസ്. മിഷനറിമാർ) ഇന്നത്തെ കേരളത്തിലുള്ള തിരുവിതാംകൂർ-കൊച്ചി ഭാഗത്തെ സിറിയൻ ഓർത്തഡോക്സ് (അഥവാ യാക്കോബായ) സഭയുടെയും കൂട്ടായ പ്രവർത്തന ഫലമായുണ്ടായതാണ്. 1816 മുതൽ 1836 വരെ ഓർത്തഡോക്സ്കാരുടെയിടയിൽ പ്രവർത്തിച്ചിരുന്ന മുകളിൽ പറഞ്ഞ Mission of Help പലവിധ പ്രശ്നങ്ങളിലേക്കും നയിക്കപ്പെടുകയും ഒടുവിൽ ഓർത്തഡോക്സ് സഭ ഇംഗ്ലീഷുകാരുമായുള്ള കൂട്ടായ പ്രവർത്തനം നിർത്തിവയ്ക്കുവാൻ നിർബന്ധിതമാവുകയും ചെയ്തെങ്കിലും വേദപുസ്തക പരിഭാഷയുടെ കാര്യത്തിൽ പാശ്ചാത്യർ ചെയ്ത സഹായത്തെ ഇന്ത്യൻ സഭ എന്നും നന്ദിയോടെയാണ് ഓർമ്മിച്ചിട്ടുള്ളത്.

സുറിയാനി ക്രിസ്ത്യാനികൾക്ക് ഉപയോഗപ്രദമായ ഒരു വേദപുസ്തക പരിഭാഷയാവശ്യമാണെന്നുള്ളത് 18-ാം നൂറ്റാണ്ടിൽതന്നെ യൂറോപ്പിൽ ഒരു ചർച്ചാവിഷയമായിരുന്നു. മദ്രാസ് സംസ്ഥാനത്ത് (ഇന്നത്തെ തമിഴ്നാട്) ഉപയോഗിച്ചിരുന്ന തമിഴ് ഭാഷയും മലയാളവും തമ്മിലുള്ള വ്യത്യാസം അറിയാതിരുന്നതുകൊണ്ട് വളരെ നിസ്സാരമായ ഒരു പോംവഴിയാണ് അന്ന് നിർദ്ദേശിക്കപ്പെട്ടത്. ഇന്ത്യയുടെ തെക്കുകിഴക്കെ തീരത്തെ ട്രാൻകുബാറിലുള്ള (Tranquebar) ലൂഥറൻ മിഷനറിമാർ തമിഴിലേക്ക് തർജ്ജമ ചെയ്ത വേദപുസ്തകം മലയാളികൾക്ക് നൽകാമെന്നതായിരുന്നു ഇത്. തെക്കെ ഇന്ത്യയുടെ പടിഞ്ഞാറും കിഴക്കും തീരത്തുള്ള പ്രദേശങ്ങളിൽ വസിക്കുന്നവർ ഒരേ ഭാഷയാണ് സംസാരിക്കുന്നത് എന്ന തെറ്റിദ്ധാരണയാണ് ഇതിനാധാരമായിരുന്നത്. ഇന്ത്യയുടെ പടിഞ്ഞാറെ തീരപ്രദേശത്തുള്ള ഒരു ഭൂവിഭാഗമായ മലബാർ തെക്കെ ഇന്ത്യയുടെ മുഴുവൻ പേരാകാം എന്നാണ് പാശ്ചാത്യർ തെറ്റിദ്ധരിച്ചത്. ട്രാൻക്യുബാ

* Reinhold Wagner, Die Bibel für Kerala, in, Die Bible in der Welt, Band 12, Jahrbuch des Verbandes der Evangelischen Bibelgeselschaften in Deutschland 1969 (Berlin: Cansteinsche Bibelanstalt, 1969), Pp 100-127.

റിലെ മിഷനറിമാർ ഈ അബദ്ധധാരണയുടെ കാരണക്കാരായി പോർട്ടുഗീസുകാരെ ചൂണ്ടിക്കാട്ടുകയും ചെയ്തു. ഇപ്പറഞ്ഞവർ കിഴക്കും പടിഞ്ഞാറുമുള്ള തീരപ്രദേശങ്ങളിൽ പ്രവർത്തിച്ചിരുന്നവരാണ്. എന്നാൽ രണ്ടു കൂട്ടരെയും പോർച്ചുഗീസ് ഭാഷയിൽ മലബാറുകാർ എന്നാണ് വിളിച്ചിരുന്നത്. മലബാർ ബൈബിളിനെ സംബന്ധിച്ചും മലബാറിലെ ഭാഷയെ സംബന്ധിച്ചും പുരാതന മിഷൻ റിപ്പോർട്ടുകളിൽ വായിക്കുന്ന ഒരാൾക്ക് ന്യായമായും തോന്നാവുന്ന സംശയമാണ് തമിഴിലുള്ളതാണോ അതോ മലയാളത്തിലുള്ളതാണോ എന്നത്. ഇക്കാരണങ്ങളാൽ യൂറോപ്പിലുണ്ടായിരുന്ന മിഷൻ സുഹൃത്തുക്കളുടെ ചിന്തയിൽ തമിഴിലുള്ള ബൈബിൾ ഭാരതത്തിന്റെ പശ്ചിമതീരത്തുള്ള എല്ലാവർക്കും ഉപയോഗിക്കാം എന്നു ധരിച്ചതിൽ തെറ്റുപറയാനൊക്കില്ല. ട്രാങ്കുബാർ മിഷനറിമാർ ചിന്തിച്ചത് ഭാഷയുടെ വ്യത്യാസമുണ്ടെങ്കിലും തമിഴ് ബൈബിളിൽക്കൂടി മാർത്തോമ്മാ ക്രിസ്ത്യാനികളുമായി അടുപ്പം സ്ഥാപിക്കാമെന്നു തന്നെയാണ്. പശ്ചിമതീരത്തുള്ള ഹോളണ്ടുകാരുമായി ബന്ധപ്പെട്ടിരുന്ന ഗ്രൂണ്ട്ലർ എന്നയാൾ 1715 ഫെബ്രുവരി 4-ാം തീയതി ഒരു "കുലീനനായ ജർമ്മൻകാരന്' എഴുതി ചോദിച്ചത്, യാക്കോബായ ക്രിസ്ത്യാനികൾക്ക് ഒരു ബിഷപ്പുണ്ടോ എന്നും അവർ റോമൻ കത്തോലിക്കരായ സുറിയാനിക്കാരിൽ നിന്നും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു എന്നുമാണ്. ഇവരുടെ സുറിയാനിയിലുള്ള ദൈവശാസ്ത്രപരമായ കൃതികൾ അയച്ചുകൊടുക്കണമെന്നാവശ്യപ്പെട്ടകൂട്ടത്തിൽ അവർക്കു വിരോധമില്ലായെങ്കിൽ തമിഴിലുള്ള പുതിയനിയമം അയച്ചുകൊടുക്കാമെന്നു പറയുന്നുമുണ്ട്. 1715 ജൂലൈ 20-ന് ഗ്രുണ്ടലർക്ക് മറുപടി കിട്ടി. അതിൽ പുതിയനിയമത്തെ സംബന്ധിച്ച് പറയുമ്പോൾ "കുലീനനായ ജർമ്മൻകാര"ന്റെ തർജ്ജമക്കാരൻ പറഞ്ഞിരിക്കുന്നത് 'മലബാറിലുള്ള വേദപുസ്തകം' തരാമെങ്കിൽ സുറിയാനിയിലുള്ള ഒരു ബൈബിൾ തരപ്പെടുത്താമെന്നാണ്. അക്കൂട്ടത്തിൽ തന്നെ മാർത്തോമ്മാ ക്രിസ്ത്യാനികളെ സംബന്ധിച്ചും അവരുടെ അപ്പോഴത്തെ ബിഷപ്പിനെ സംബന്ധിച്ചും എഴുതിയിട്ടുണ്ട്.

റഷ്യയിലെ മിഷൻ സുഹൃത്തുക്കളിലൊരാളായിരുന്ന പീറ്റേഴ്സ്ബർഗിലെ പ്രൊഫ. ബയർ 1719 ഡിസംബർ 30-ന് സീഗൻബാൾഗിനയച്ച കത്തിൽ സുറിയാനി ക്രിസ്ത്യാനികളെപ്പറ്റി വിവരങ്ങൾ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഈ കത്ത് ട്രാങ്കുബാറിലെത്തുമ്പോൾ മിഷനറി മരിച്ചു കഴിഞ്ഞിരുന്നതുകൊണ്ട് ഈ കത്ത് ധാരാളം വർഷങ്ങൾ ആരും ശ്രദ്ധിക്കാതെ കിടന്നു. പിന്നീട് ട്രാങ്കുബാറിലെ മിഷനറിമാർ അവിടെയുള്ള കത്തുകളെല്ലാം പരിശോധിച്ച കൂട്ടത്തിൽ ഈ കത്ത് കണ്ടെത്തുകയും 1726 ഒക്ടോബർ 16-ന് അവർ ഒരുമിച്ച് ഇതിന് ഒരു മറുപടി തയ്യാറാക്കുകയും ചെയ്തു. അവർ പറഞ്ഞിരിക്കുന്നത് മുകളിൽ പറഞ്ഞ ക്രിസ്ത്യാനികളെ സംബന്ധിച്ച് അവർക്ക് വിശ്വസിക്കാവുന്ന രേഖകളൊന്നും

ലഭിച്ചിട്ടില്ലായെന്നാണ്. അവർ 1725-ന്റെ അവസാനം മാർത്തോമ്മാ നാലാമന് സുറിയാനിയിലും തമിഴിലുമായി ഒരു കത്തെഴുതിയിട്ടുണ്ടെന്നും അത് അഡ്രസ്സുകാരന് ലഭിച്ചിട്ടുണ്ടോ എന്നറിവില്ലാ എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഈ കത്തിലും തമിഴ് ഭാഷയിലുള്ള പുതിയനിയമത്തെപ്പറ്റി പറയുന്നുണ്ട്. കുറെക്കാലം സുറിയാനി ബിഷപ്പുമായുള്ള കത്തിടപാടുകൾ നടന്നിരുന്നില്ല. പിന്നീട് പ്രൊഫ. ബയറിന് മിഷനറിമാർ അയച്ച കത്തിൽ പറയുന്നത് അദ്ദേഹത്തിന്റെ മറുപടി 1728 ഒക്ടോബറിൽ ലഭിച്ചു എന്നും തമിഴ് ഭാഷയിലുള്ള ഒരു ബൈബിൾ മുഖേന സുറിയാനി ക്രിസ്ത്യാനികളുമായി ബന്ധം സ്ഥാപിക്കുക അത്ര എളുപ്പമല്ല എന്നുമാണ്. ഒരുവശത്ത് നേരത്തെ പറഞ്ഞ മെത്രാപ്പോലീത്തായുടെ ദേഹവിയോഗവും മറുവശത്ത് കത്ത് തമിഴ് ഭാഷയിലുള്ളതായിരുന്നു എന്നതും പരസ്പരം ബന്ധപ്പെടുന്നതിന് തടസ്സമായിത്തീർന്നു.

കൽക്കട്ടായിലുള്ള ഫോർട്ട് വില്യം കോളജിന്റെ പ്രിൻസിപ്പൽ ഡോ. ക്ലോഡിയസ് ബുക്കാനൻ സുറിയാനി ക്രിസ്ത്യാനികളെപ്പറ്റി കൂടുതൽ അറിയുന്നതിനായി 1806-ൽ തിരുവിതാംകൂറിൽ (തെക്കൻ കേരളത്തിൽ) എത്തിച്ചേർന്നു. തിരുവിതാംകൂർ രാജാവിന്റെ അനുവാദത്തോടെയും ഇംഗ്ലീഷുകാരുടെ ഗവൺമെന്റിന്റെ പ്രതിനിധിയായിരുന്ന കോളിൻ മക്കോളെയുടെ സഹായത്തോടെയും ബുക്കാനൻ തന്റെ വിവരശേഖരണയാത്ര തുടങ്ങി. സുറിയാനിക്കാരുടെയും കൊച്ചിയിലും സമീപപ്രദേശങ്ങളിലുമുണ്ടായിരുന്ന യഹൂദന്മാരുടെയും പുരാതന ബൈബിൾ കെയെഴുത്തുപ്രതികളിൽ അദ്ദേഹം കൂടുതൽ താല്പര്യം പ്രകടിപ്പിച്ചു. മാത്രവുമല്ല തെക്കേ ഇന്ത്യയിലെ തന്റെ താമസക്കാലത്ത് അദ്ദേഹത്തിന് ഒരു മലയാള ബൈബിൾ ഉണ്ടാക്കുന്നത് സുപ്രധാനമായിത്തീർന്നു. ആ നാട്ടിൽ ഉണ്ടായിരുന്ന അതിപുരാതനവും സ്വതന്ത്രവുമായ ഒരു സഭയുമായി ബന്ധപ്പെടുന്നതിനും അതിലൂടെ തെക്കൻ പ്രദേശങ്ങളിൽ അന്നാട്ടുകാരായ മിഷനറിമാരെ കണ്ടെത്തുന്നതിനുമാണ് വാസ്തവത്തിൽ അദ്ദേഹം ആഗ്രഹിച്ചത്.

മാവേലിക്കരയിലെത്തിയ അദ്ദേഹത്തോട് ദിദിമോസ് എന്നു വിളിച്ചിരുന്ന തോമസ് എന്ന സഭാനേതാവ് പറഞ്ഞത് സുറിയാനി ക്രിസ്ത്യാനികൾ മലയാളത്തിലുള്ള ബൈബിൾ പരിഭാഷയുടെ കാര്യത്തിൽ വളരെ താല്പര്യമുള്ളവരാണെന്നാണ്. ഇപ്പറഞ്ഞയാൾ തന്നെ തന്റെ കുട്ടികൾക്കായി മത്തായിയുടെ സുവിശേഷം തർജ്ജമ ചെയ്തിട്ടധികകാലമായിരുന്നില്ല. തന്റെ അയൽവീടുകളിലെ കുടുംബങ്ങൾ ഈ പരിഭാഷ മിക്കപ്പോഴും കടംവാങ്ങി ഉപയോഗിച്ചിരുന്നു എന്നും ഈ പരിഭാഷ സുന്ദരമായ ഭാഷയിലല്ലായിരുന്നുവെങ്കിലും ആളുകൾ ഇത് സന്തോഷത്തോടെ വായിച്ചിരുന്നു എന്നും ബുക്കാനനിൽക്കൂടി നാം അറിയുന്നു.

റാന്നിയിൽ അവിടെയുള്ള സഭയുടെ നേതൃനിരയിലുണ്ടായിരുന്ന അബ്രഹാം പറഞ്ഞത് വേദപുസ്തകം മുഴുവൻ പഠിക്കാത്ത ആരെയും തന്നെ പൗരോഹിത്യ ശുശ്രൂഷയ്ക്കായി നിയോഗിച്ചിരുന്നില്ല എന്നാണ്. അദ്ദേഹം തുടർന്നു പറഞ്ഞു: "മുന്നൂറ് വർഷങ്ങളായി ഞങ്ങൾ റോമിലെ സഭയുമായി സഭയുടെ പരമാധികാരം ആർക്ക് എന്നുള്ളതിനെപ്പറ്റിയും, അനുഷ്ഠാനങ്ങളെപ്പറ്റിയും, പെരുന്നാളുകളെപ്പറ്റിയും ഒക്കെ തർക്കിച്ചിട്ടുണ്ട്. എന്നാൽ ഒരിക്കൽപോലും വേദപുസ്തകം ഒരു തർക്കവിഷയമായിരുന്നില്ല. ഞങ്ങൾക്ക് ഞങ്ങളുടെ ഭാഷയിൽ തന്നെ ബൈബിൾ വേണം. ബൈബിൾ ഉണ്ടെങ്കിൽ ആർക്കും അവന്റെ കുടുംബത്തിലെ പുരോഹിതനായിത്തീരുവാൻ കഴിയും.' നിരണത്ത് സഭാനേതാവായ യാക്കോബ് ബുക്കാനനോടു പറഞ്ഞത് ബൈബിളിന്റെ മലയാള പരിഭാഷയെ സാമ്പത്തികമായി പിന്താങ്ങാം എന്നാണ്.

ചെങ്ങന്നൂരിൽ വച്ച് ബുക്കാനൻ മൂന്ന് സുറിയാനി കത്തനാരന്മാരുമായും (യേശു കാശീശാ, സഖറിയാസ് കാശീശാ, ഊരിയാസ് കാശീശാ) രണ്ട് ശെമ്മാശന്മാരുമായും സംഭാഷണത്തിലേർപ്പെട്ടു. അവിടെയും ബൈബിൾ പരിഭാഷ സംഭാഷണവിഷയമായിത്തീർന്നു. ഇതിനകം ബുക്കാനന് കിട്ടിയ വിവരം സുറിയാനിക്കാരുടെ ബൈബിൾ പരിജ്ഞാനം മോശമായിരുന്നു എന്നാണ്. ബൈബിൾ കൈയെഴുത്തുപ്രതികളുടെ സംഖ്യയാകട്ടെ (നേരത്തെ അറിഞ്ഞതിൽ നിന്നും) കുറഞ്ഞുവന്നു. കാരണം പൂർണ്ണമായും പകർത്തിയെഴുതുക എന്നത് ബദ്ധപ്പാടുള്ള ഒരു സംഗതിയാകയാൽ അധികംപേരും അതിന് മുതിർന്നില്ല. എന്നാൽ ബുക്കാനൻ അച്ചടിച്ച ഒരു സുറിയാനി പുതിയനിയമം അവരെ കാണിച്ചപ്പോൾ അവർ വലിയ താല്പര്യം പ്രകടിപ്പിച്ചു. കാരണം ഇതിനു മുമ്പ് അച്ചടിച്ച ഒരു പ്രതി അവർ കണ്ടിട്ടുണ്ടായിരുന്നില്ല. ഇത്തരത്തിൽ പഴയനിയമത്തിന്റെ ഒരു കോപ്പി ലഭ്യമാണോ എന്നവർ ബുക്കാനനോടു ചോദിക്കുകയും ചെയ്തു. അവർക്ക് ചില ബൈബിൾ ഭാഗങ്ങൾ ഇതുവരെ കിട്ടിയിട്ടില്ലാത്തതിനാൽ സുറിയാനിയിലുള്ള ഒരു സമ്പൂർണ്ണ ബൈബിൾ പ്രതിയ്ക്കായി വളരെ ആഗ്രഹിച്ചിരുന്നു. പ്രത്യേകിച്ചും പഴയനിയമ പ്രവചന പുസ്തകങ്ങളുടെ കാര്യത്തിലുള്ള കുറവ് പ്രകടമായിരുന്നു. സുറിയാനി ഭാഷ ആരാധനയ്ക്ക് മാത്രമാണ് ഉപയോഗിച്ചിരുന്നതെന്നും മറിച്ച് മലയാളം സാധാരണ ആളുകൾ സംസാരിക്കുകയും മനസ്സിലാക്കുകയും ചെയ്തിരുന്ന ഭാഷയാണെന്നും അറിഞ്ഞ ബുക്കാനൻ ഒരു നിർദ്ദേശം മുമ്പോട്ടു വച്ചു. അവർ സുറിയാനിയിൽ നിന്നുമുള്ള പരിഭാഷ പൂർത്തിയാക്കിയാൽ താൻ മലയാള ബൈബിൾ അച്ചടിപ്പിക്കുകയും ഓർത്തഡോക്സ് സഭയുടെ അൻപത്തിയഞ്ച് പള്ളികളിൽ വിതരണം ചെയ്യുകയും ചെയ്തുകൊള്ളാം എന്നതാണത്. ഈ നിർദ്ദേശത്തെയും

തങ്ങൾക്ക് ഇംഗ്ലീഷ് സഭ ചെയ്യുന്ന ഈ വലിയ സഹായത്തെയും ഹാർദ്ദവമായി സ്വീകരിച്ച പട്ടക്കാർ ഒറ്റസ്വരത്തിൽ പറഞ്ഞത് ബൈബിളിന്റെ സുറിയാനിയിലും മലയാളത്തിലുമുള്ള പ്രസിദ്ധീകരണത്തെ ആവുംവിധം സഹായിക്കാമെന്നാണ്.

1806 നവംബറിൽ ബുക്കാനൻ ഓർത്തഡോക്സുകാരുടെ മെത്രാപ്പോലീത്തായായ മാർ ദീവന്നാസ്യോസ് ഒന്നാമനെ (മാർത്തോമ്മാ ആറാമൻ എന്ന് അപരനാമം) കൊച്ചിയിൽ നിന്നും ഏതാനും മൈലുകൾ കിഴക്കായി സ്ഥിതിചെയ്യുന്ന കണ്ടനാട്ടിൽ എത്തി സന്ദർശിച്ചു. ഈ ബിഷപ്പ് പ്രത്യക്ഷത്തിൽതന്നെ ബുക്കാനനിൽ വലിയ മതിപ്പുളവാക്കുകയും അറിവിന്റെ കാര്യത്തിൽ അതുവരെ അദ്ദേഹം പരിചയപ്പെട്ട പട്ടക്കാരിൽ നിന്നുമൊക്കെ ഉയർന്നയാളായി അദ്ദേഹം പരിഗണിക്കുകയും ചെയ്തു. മലയാള പരിഭാഷയുടെ കാര്യം അദ്ദേഹവുമായി ബുക്കാനൻ ചർച്ച ചെയ്തു. ബിഷപ്പ് ബുക്കാനന്റെ ഈ ആശയത്തോട് പരിപൂർണ്ണമായും യോജിക്കുകയും അതിന്റെ ചുമതല താൻ നേരിട്ട് എടുത്തുകൊള്ളാമെന്നും അതിനനുയോജ്യരായ തന്റെ പട്ടക്കാരുടെ സഹായം ഇക്കാര്യത്തിൽ ഉറപ്പാക്കുകയും ചെയ്യാമെന്നും സമ്മതിക്കുകയും ചെയ്തു. പടിഞ്ഞാറൻ തീരത്ത് ഇതുകൂടാതെയും മലയാളം പറയുന്ന ക്രിസ്ത്യാനികൾ - സുറിയാനി കത്തോലിക്കരും ലത്തീൻ കത്തോലിക്കരും - ഉണ്ട് എന്നു മനസ്സിലാക്കിയ ബുക്കാനൻ ഇതു കേട്ട് വളരെ സന്തോഷിച്ചു. അദ്ദേഹവും മക്കോളെയും ഒരു മാസം കഴിഞ്ഞ് വീണ്ടും സുറിയാനി ബിഷപ്പിനെ സന്ദർശിച്ചപ്പോൾ ഇതിനകം തന്നെ അദ്ദേഹം പരിഭാഷയുടെ കാര്യത്തിൽ ഏർപ്പെട്ടിരിക്കുന്നതായി കണ്ടു സംതൃപ്തരായി.

ബുക്കാനൻ കേരളം വിടുന്നതിനു മുൻപ് തർജ്ജമയിൽ ഏർപ്പെട്ടിരുന്ന പട്ടക്കാർക്കെല്ലാം ബ്രിട്ടീഷ് ഗവൺമെന്റിന്റെ പ്രതിനിധിയെക്കൊണ്ട് ഒരു മാസത്തെ ശമ്പളം കൊടുപ്പിച്ചു. ഈ ചുറ്റുപാടിൽ മാർ ദീവന്നാസ്യോസ് ഒന്നാമന്റെ മൂന്ന് സഹപ്രവർത്തകരെപ്പറ്റി നാം മനസ്സിലാക്കുന്നു. കൽക്കട്ടായിൽ താമസമാക്കിയിരുന്ന ഇന്ത്യയിലെ ആദ്യത്തെ ഇംഗ്ലീഷുകാരനായ ബിഷപ്പ് മിഡിൽട്ടണിന്റെ ജീവചരിത്രകാരൻ അദ്ദേഹത്തിന്റെ 1816-ലെ രണ്ട് സന്ദർശനങ്ങളെപ്പറ്റി പറയുന്നുണ്ട്. ഇതിൽ പുലിക്കോട്ടിൽ ജോസഫ് അഥവാ റമ്പാൻ ജോസഫാണ് പ്രധാന ചുമതലകൾ വഹിച്ചിരുന്നത് എന്നു പറയുന്നു. റമ്പാൻ ജോസഫ് 1815-ൽ അഞ്ഞൂറിലെ (തൊഴിയൂർ) മാർ പീലക്സിനോസിൽ നിന്നും ബിഷപ്പായിത്തീർന്നയാളാണ്. അദ്ദേഹത്തിന്റെ പുതിയ പേര് മാർ ദീവന്നാസ്യോസ് രണ്ടാമൻ എന്നായിരുന്നു. എന്നാൽ സുറിയാനിക്കാരായ കത്തോലിക്കരിൽ നിന്നും നാം മനസ്സിലാക്കുന്നത് റമ്പാൻ ഫിലിപ്പോസ് ബുക്കാനന്റെ തിരുവിതാംകൂർ സന്ദർശനത്തിന് ഏതാനും വർഷങ്ങൾക്കു മുൻപേ

സുറിയാനി ബൈബിളിന്റെ ഏതാനും ഭാഗങ്ങൾ പകർത്തിയെഴുതി യെന്നും അതിൽ നിന്നാണ് മലയാളപരിഭാഷ നടത്തിയത് എന്നുമാണ്. റമ്പാൻ ജോസഫിനോടും റമ്പാൻ ഫീലിപ്പോസിനോടും ഒപ്പം തിമ്മപ്പാ പിള്ള എന്ന ഒരാളെക്കൂടി പറഞ്ഞുകേൾക്കുന്നു. സുറിയാനി ബിഷപ്പിന്റെ ഔദ്യോഗിക ഭവനമായ കണ്ടനാട് വച്ച് തർജ്ജമ പൂർത്തിയാക്കുകയും അദ്ദേഹം ഇതിന്റെ നേതൃത്വം ബുദ്ധിമുട്ടില്ലാതെ നിർവ്വഹിക്കുകയും ചെയ്തിരുന്നു. ഇതിനാധാരമായത് സുറിയാനി ബൈബിളിന്റെ ഒരു പ്രതി യായിരുന്നു. തിമ്മപ്പാ പിള്ളയുടെ ജോലി മിഷനറിയായിരുന്ന ഫാബ്രീ ഷ്യസിന്റെ തമിഴ് പരിഭാഷയുമായി മലയാള ബൈബിൾ ഒത്തുനോക്കു കയെന്നതായിരുന്നു. ബുക്കാനൻ തന്നെ 1807-ൽ സുറിയാനി ബിഷപ്പിന് രണ്ടു വാല്യങ്ങളുള്ള തമിഴ് പരിഭാഷയുടെ ഒരു പ്രതി സമ്മാനമായി നൽകിയിരുന്നു.

മാർ ദീവന്നാസ്യോസ് തന്റെ പരിഭാഷാ ജോലിയിൽ ആത്മാർത്ഥ മായും ഏർപ്പെട്ടിരുന്നതുകൊണ്ടാണ് 1807-ൽ തന്നെ ബുക്കാനന് മലയാ ളത്തിലുള്ള നാലു സുവിശേഷങ്ങളുടെ കൈയെഴുത്തുപ്രതി അച്ചടിക്കാ നായി ബോംബെയിലേക്ക് കൊണ്ടുപോകുവാൻ സാധിച്ചത്. അദ്ദേഹം അവിടെയെത്തി ഈ കൈയെഴുത്തുപ്രതി മലബാർ ഗ്രാമറിന്റെ ഗ്രന്ഥ കർത്താവായ ഡോ. റോബർട്ട് ഡ്രമ്മണ്ടിനെ സൂക്ഷ്മപരിശോധന യ്ക്കായി ഏൽപ്പിച്ചു. ഇപ്പറഞ്ഞയാൾ അതിനെ അംഗീകരിച്ചുവെന്നു മാത്ര മല്ല, വെറും സാധാരണക്കാർക്കുപോലും വായിച്ചാൽ മനസ്സിലാകുന്ന തര ത്തിലാണത് ചിട്ടപ്പെടുത്തിയിരിക്കുന്നത് എന്ന് അഭിപ്രായപ്പെടുകയും ചെയ്തു. ഇതൊടൊപ്പം തന്നെ ബോംബെയിലെത്തിയ തിമ്മപ്പാ പിള്ള ടൈപ്പ്സെറ്റിംഗിലും അച്ചടിയിലും സഹായിക്കുകയും ചെയ്തു. ബ്രിട്ടീഷ് - വിദേശ ബൈബിൾ സൊസൈറ്റി അതിന്റെ ഇന്ത്യയിലെ പ്രവർത്തനം ആരംഭിച്ചിരുന്നതിനാൽ മലയാള സുവിശേഷങ്ങൾക്കാവശ്യമായ പേപ്പർ കൊടുക്കുകയും 1811-ൽ അച്ചടി പൂർത്തിയാവുകയും ചെയ്തു.

ഈ പരിഭാഷയ്ക്ക് വലിയ സ്വാഗതമാണ് ലഭിച്ചത്. 1816-ൽ ബിഷപ്പ് മിഡിൽടൺ സുറിയാനി ക്രിസ്ത്യാനികളെ സന്ദർശിച്ചപ്പോൾ, എല്ലാ സുറിയാനി പള്ളികളിലും ഇതിന്റെ കോപ്പികൾ കാണുകയുണ്ടായി. ഇട വകാംഗങ്ങൾ എല്ലാംതന്നെ അത് നന്നായി പ്രസിദ്ധം ചെയ്തതിലും തങ്ങ ളുടെ കുട്ടികൾക്കുപോലും വായിച്ചാൽ മനസ്സിലാകുന്നതാണത് എന്നു ള്ളതിലും സംതൃപ്തരാണ് എന്നു ബിഷപ്പിന് ബോദ്ധ്യപ്പെടുകയും ചെയ്തു. എന്നാൽ പിന്നീട് ചില വിമർശനങ്ങളും കേൾക്കാതിരുന്നില്ല. വാസ്തവത്തിൽ അതിശയകരമായിരിക്കുന്നത് 1816 മെയ് മാസത്തിൽ ഇംഗ്ലീഷുകാരുടെ ചർച്ച് മിഷന്റെ സുറിയാനി ക്രിസ്ത്യാനികളുടെ ഇട യിലെ ആദ്യ മിഷനറിയായി വന്ന തോമസ് നോർട്ടൺ ഇങ്ങനെ ഒരു

പരിഭാഷയുണ്ടായിരുന്നതായി നേരത്തെ അറിഞ്ഞിരുന്നില്ലായെന്നതാണ്. 1817-ൽ കേരളത്തിലൂടെയുള്ള ഒരു യാത്രാമദ്ധ്യേ ബോംബെയിൽ അച്ചടിച്ച സുവിശേഷങ്ങളുടെ ഒരു കോപ്പി കണ്ട അദ്ദേഹം തികച്ചും അതിശയിച്ചുപോയി. ഈ പുസ്തകങ്ങൾ ഇടവകകളിൽ അധികകാലം ഇരുന്നതായി കരുതാൻ കഴിയുന്നില്ല. കാരണം, നോർട്ടനോട് ആളുകൾ പറഞ്ഞത് ഇത് അധികം പള്ളികളിലുമില്ലായെന്നും വിശ്വാസികളുടെ ഇടയിൽ പ്രചരിച്ചിട്ടില്ലായെന്നുമാണ്. ഒരു പക്ഷേ അച്ചടിക്കപ്പെട്ട കോപ്പികൾ വളരെ കുറവായിരുന്നിരിക്കാം.

ബുക്കാനൻ വരാപ്പുഴ ബിഷപ്പും മലബാറിലെ അപ്പോസ്തോലിക വികാരിയുമായിരുന്ന ബിഷപ്പ് റെയ്മണ്ടിനെ കണ്ടപ്പോഴും വേദപുസ്തക പരിഭാഷയെപ്പറ്റി സംസാരിച്ചു. വിശാലഹൃദയനായിരുന്ന ഈ കത്തോലിക്കാ ബിഷപ്പ് ബുക്കാനൻ പറഞ്ഞതെല്ലാം ശ്രദ്ധയോടെ ശ്രവിക്കുകയും മലയാള ബൈബിൾ കത്തോലിക്കാ വിശ്വാസികൾക്കും വലിയൊരു സമ്മാനമായിരിക്കും എന്നു പറയുകയും ചെയ്തു. എന്നാൽ തന്റെ ഭദ്രാസനത്തിലും ഈ ബൈബിൾ വിതരണം ചെയ്യുന്നതിന് തനിക്കൊരു വിരോധവും ഇല്ലായെന്നു പറഞ്ഞ ബിഷപ്പ് ഇൻക്വിസിഷൻ എന്തെങ്കിലും ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുമോ എന്നുള്ള ഭയം ബുക്കാനനു മുമ്പിൽ ഒട്ടു മറച്ചുവച്ചുമില്ല. ഈ കാര്യത്തോടു വിയോജിച്ച ബുക്കാനൻ പറഞ്ഞത് ബൈബിളിന്റെ പേരിൽ തർക്കങ്ങളൊന്നുമുണ്ടാവില്ലായെന്ന് ഇംഗ്ലീഷ് ഭരണാധികാരികളുടെ നാമത്തിൽ തനിയ്ക്കുറപ്പ് നൽകാൻ സാധിക്കുമെന്നാണ്. ഈ നല്ല കാര്യത്തിലുള്ള വർദ്ധിച്ച ആവേശം നിമിത്തം ബുക്കാനൻ ഗോവയ്ക്കു പോകുവാനും അവിടെയെത്തി ഇൻക്വിസിഷനു മുൻപിൽ തന്റെ പദ്ധതി അവതരിപ്പിക്കുവാനും തയ്യാറായി. അങ്ങനെ നാം 1808 ജനുവരിയിൽ അദ്ദേഹത്തെ ഗോവയിലുള്ള അഗസ്റ്റീനിയൻ ആശ്രമത്തിൽ കാണുന്നുണ്ട്. എന്നാൽ എന്തു ചെയ്തിട്ടും അദ്ദേഹത്തിന് ഗോവയിൽ ഒന്നും നേടാനായില്ല. ഗോവ വിട്ട അദ്ദേഹം ഇൻക്വിസിറ്ററോട് പറഞ്ഞത് ഗോവയിലെ ബിഷപ്പിന് താൻ ഒരു തുറന്ന കത്തയയ്ക്കുമെന്നും അതിൽ മറ്റു കാര്യങ്ങളുടെ കൂട്ടത്തിൽ ബൈബിളിന്റെ പരിഭാഷ പട്ടക്കാരുടെയും വിശ്വാസികളുടെയും ഇടയിൽ എത്തിക്കണമെന്ന് അപേക്ഷിക്കുകയും ചെയ്യുമെന്നുമാണ്.

താൻ ആഗ്രഹിച്ച കൈയെഴുത്തുപ്രതികൾ കിട്ടുന്നതിനായി ബുക്കാനൻ ഉപയോഗിച്ച മാർഗ്ഗങ്ങൾ ചിലപ്പോഴൊക്കെ ശോചനീയവും ചോദ്യങ്ങളുളവാക്കുന്നവയുമായിരുന്നു. കൊച്ചിയിൽ നിന്നും മുപ്പതു മൈലുകൾ അകലെയുള്ള ചേനോട്ട (ഇന്നത്തെ ചേന്ദമംഗലം) യിലെ ഒരു സുന്നഗോഗിന്റെ കോണിൽ അദ്ദേഹം പഴയനിയമത്തിന്റെ ചില കൈയെഴുത്തുപ്രതികൾ കണ്ടത് ആരുടെയും അനുവാദമില്ലാതെ കൈവശപ്പെടു

ത്തുകയുണ്ടായി. കൊച്ചിയിലെത്തിയ അദ്ദേഹത്തിന് ലഭിച്ച വിവരം കറുത്ത യഹൂദന്മാർ (യഹൂദരെ കറുത്തവരെന്നും വെളുത്തവരെന്നും വേർതിരിച്ചു പറഞ്ഞിരുന്നു) ഇപ്പറഞ്ഞ കൈയെഴുത്തുപ്രതി രഹസ്യ ത്തിൽ സൂക്ഷിച്ചിരുന്നതായിരുന്നുവെന്നാണ്. ഇതറിഞ്ഞ ബുക്കാനൻ ഇതു കൈവശപ്പെടുത്തുന്നതിനായി സുന്നഗോഗിലെത്തി. തങ്ങളുടെ കൈയെ ഴുത്തുപ്രതികൾ കൈമാറുവാൻ യഹൂദന്മാർ തയ്യാറാകാഞ്ഞ നിമിഷം അദ്ദേഹം തന്റെ ലക്ഷ്യം നിറവേറ്റുന്നതിനായി മറ്റു മാർഗ്ഗങ്ങളാരാഞ്ഞു. അദ്ദേഹം മദ്രാസിലുള്ള ഇംഗ്ലീഷ് ഭരണാധികാരികളെ (സിവിൽ മജി സ്ട്രേറ്റ്) സമീപിക്കുകയും ഇതിനുശേഷം ഒരു കൂട്ടം കവർച്ചക്കാർ യഹൂ ദന്മാരുടെ ദേശം ആക്രമിക്കുകയും നശിപ്പിക്കുകയും അക്കൂട്ടത്തിൽ അവ രുടെ പുരാതന ലിഖിതങ്ങൾ നശിപ്പിച്ചതായും അറിയിച്ചു. ഇതിലൊ രെണ്ണം അമ്പതടി നീളമുള്ള ഒരു തുകൽ ചുരുളായിരുന്നു. ബുക്കാനൻ അറിയിച്ചതനുസരിച്ച് ഇതു വളരെ പഴക്കമുള്ളതും, ജീർണ്ണിച്ചയവസ്ഥ യിലുമായിരുന്നു. കീറിപ്പറിഞ്ഞ സ്ഥലങ്ങളിലൊക്കെ പുതിയ പെർഗാമു കളുടെ (തുകൽ ചുരുൾ) കഷണങ്ങൾക്കൊണ്ട് നന്നാക്കിയശേഷം പുതിയ തീയതികൾ എഴുതിയിരുന്നു. ബുക്കാനൻ തന്നെ ഇതിനെപ്പറ്റി പറയുന്നതു ശ്രദ്ധിക്കുക: "യഹൂദന്മാരിൽ നിന്നും കവർന്നുപോയ ഈ നിധി ബ്രിട്ടീഷ് പട്ടാളത്തിന്റെ അകമ്പടിയോടെ കൊച്ചിയിലുള്ള എന്റെ വീട്ടിൽ ആഘോഷമായി കൊണ്ടുവന്നു. കൂടെയെത്തിയ യഹൂദന്മാർ വിലാപത്തോടെയാണ് വന്നത്. ഈ ആക്രമണത്തിനു മുൻപ് തന്നെ ഞാൻ പണം വാഗ്ദാനം ചെയ്തുവെങ്കിലും അവർ അവരുടെ പുസ്തക ങ്ങൾ ഒരു ലക്ഷം രൂപയ്ക്ക് പോലും തരുവാൻ തയ്യാറായിരുന്നില്ല. അവ രുടെ നിയമ പുസ്തകങ്ങൾ പണത്തിന് വില്ക്കുന്നതിനെപ്പറ്റി പറഞ്ഞ പ്പോൾ ക്ഷുഭിതരായിരുന്നു അവർ. ഇപ്പോൾ ഒന്നും കൊടുക്കാതെ അവ എന്റെ കൈയിലെത്തി. ഇതു കഴിഞ്ഞ് ഈ പുസ്തകങ്ങളൊക്കെ ഞാൻ തിരികെ കൊടുത്തു. എന്റെ കൈവശം ഒന്നുമില്ല. മജിസ്ട്രേറ്റായിരുന്ന മിസ്റ്റർ റ്റി..... അവരുടെ മൂപ്പന്മാരെക്കൂട്ടി വരുത്തി പറഞ്ഞത് വാസ്തവ ത്തിൽ അവർ ഡോക്ടർ ബുക്കാനനോട് നന്ദിയുള്ളവരായിരിക്കണമെ ന്നാണ്. കാരണം അവരുടെ രാജ്യവും അവരുടെ വിലമതിക്കാനാവാത്ത ഗ്രന്ഥങ്ങളും അതു മൂലം നാട്ടിലെല്ലാം പ്രസിദ്ധമായിത്തീർന്നു." ഇതി നകം സ്ഥിതിഗതികൾ മെച്ചമായിത്തീർന്നുവെന്നും ബുക്കാനൻ തന്റെ റിപ്പോർട്ടിൽ എഴുതിയിട്ടുണ്ട്.

പരാതിപ്പെടുവാനുള്ള കാരണങ്ങൾ യഹൂദന്മാർക്കു മാത്രമല്ല, സുറി യാനി ക്രിസ്ത്യാനികൾക്കുമുണ്ടായിരുന്നു. 1815 മെയ് 12-ാം തീയതി മദ്രാ സിൽ നിന്നും കപ്ലാൻ എം. തോംസൺ ലണ്ടനിലുള്ള ചർച്ച് മിഷൻ സൊസൈറ്റിക്ക് എഴുതിയത് ബുക്കാനൻ സുറിയാനിക്കാരിൽ നിന്നും എടുത്തുകൊണ്ടുപോയ കൈയെഴുത്തുപ്രതികൾക്കും പുസ്തക

ങ്ങൾക്കും തുല്യമായി കോട്ടയത്തുള്ള സിറിയൻ കോളജിന് കാര്യമായ സംഭാവനകൾ അയച്ചുകൊടുക്കുവാൻ ഏർപ്പാടാക്കണമെന്നാണ്. മാർ ദീവന്നാസ്യോസ് ഒന്നാമനിൽ നിന്നും തനിക്ക് സംഭാവനയായി ലഭിച്ചു എന്നു ബുക്കാനൻ പറയുന്ന സുറിയാനി ബൈബിളിന്റെ കൈയെഴുത്തു പ്രതികൾ സംഘടിപ്പിക്കുന്നതിൽ ഇവർ വളരെയധികം ബുദ്ധിമുട്ടിയിരുന്നു. ഈ കൈയെഴുത്തുപ്രതിയെപ്പറ്റി ലണ്ടനിലുള്ള മിഷൻ സൊസൈറ്റിയുടെ സെക്രട്ടറി യോശിയാ പ്രാട്ട് (Josiah Pratt) പറയുന്നത് അച്ചടിച്ച ഒരു സുറിയാനി ബൈബിളിനുവേണ്ടിയാണ് ഇതു ഉപയോഗിക്കുന്നത് എന്നതു കൊണ്ട് സുറിയാനിക്കാരെ സംബന്ധിച്ചിടത്തോളം ഇത് ഒരു നഷ്ടമായി കരുതേണ്ടതില്ല എന്നാണ്. അദ്ദേഹം പറയുന്നു: "തങ്ങളുടെ കൈയെഴുത്തുപ്രതിയിൽ നിന്നും അകന്നു എങ്കിലും അതിന് ആയിരം മടങ്ങ് തിരികെ ലഭിക്കുമെന്ന് സുറിയാനിക്കാർ കാണാൻ പോകുന്നതേയുള്ളൂ." എന്തായിരുന്നാലും യഹൂദന്മാരെ സംബന്ധിച്ച് പിന്നീട് ആരും ചിന്തിച്ചതേയില്ല.

സുറിയാനി ബൈബിളിന്റെ അച്ചടിയുടെ കാര്യം താൻ നോക്കിക്കൊള്ളാമെന്ന് ബുക്കാനൻ സുറിയാനി ക്രിസ്ത്യാനികളോട് വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ അദ്ദേഹം തന്റെ ജോലി പൂർത്തിയാക്കുന്നതിനു മുൻപ് 1815 ഫെബ്രുവരിയിൽ തന്റെ 49-ാം വയസ്സിൽ അന്തരിച്ചു. സുവിശേഷങ്ങളും അപ്പോസ്തലപ്രവർത്തികളുടെ മിക്കഭാഗവും ഇതിനകം അച്ചടിക്ക് തയ്യാറായിരുന്നു. അദ്ദേഹത്തിനുശേഷം ഈ സംരംഭം തുടർന്നു നിയന്ത്രിച്ചത് പൊഫ. സാമുവേൽ ലീ (Samuel Lee) യാണ്. 1817 മെയ് മാസം 6-ാം തീയതി പുറപ്പെടുവിച്ച ചർച്ച് മിഷന്റെ വാർഷിക റിപ്പോർട്ടിൽ സുറിയാനി പുതിയനിയമത്തിന്റെ അച്ചടി പൂർത്തിയായതായി രേഖപ്പെടുത്തിയിട്ടുണ്ട്. പഴയനിയമത്തിന്റെയും അച്ചടി നിർവ്വഹിക്കാമെന്ന് ലീ നിർദ്ദേശിച്ചു. ബുക്കാനൻ ഇംഗ്ലണ്ടിലെത്തിച്ച കൈയെഴുത്തുപ്രതിയുടെ അടിസ്ഥാനത്തിലാണ് ഇക്കാര്യം പ്രൊഫ. ലീ ഉദ്ധരിച്ചത്.

എന്തുകൊണ്ടാണ് സുറിയാനി വേദപുസ്തകത്തിന്റെ പ്രസിദ്ധീകരണത്തിൽ മിഷൻ സൊസൈറ്റി ഇത്രയധികം ഉത്സാഹം കാട്ടിയത്? ഒന്നാമത്, സുറിയാനി പട്ടക്കാരെല്ലാം അവരുടെ ആരാധനാ ഭാഷയിൽ തന്നെ വേദപുസ്തകം വായിക്കുകയും പഠിക്കുകയും ചെയ്യണമെന്ന് സൊസൈറ്റി ആഗ്രഹിച്ചു. അതിൽ നിന്ന് അവരുടെ മാതൃഭാഷയിലേക്ക് വേദപുസ്തകം തർജ്ജമ ചെയ്യുവാൻ തക്കവണ്ണം ഈ പട്ടക്കാർ സജ്ജരായിക്കൊള്ളുമെന്നുള്ള പ്രതീക്ഷയാണ് ഇതിന് പിറകിലുണ്ടായിരുന്നത്. ബൈബിൾ രചിക്കപ്പെട്ട മൂലഭാഷകളായ എബ്രായ ഭാഷയോ, ഗ്രീക്കു ഭാഷയോ ഇവർക്കാർക്കും തന്നെ വശമില്ലാതിരുന്നു എന്നതും മറ്റൊരു കാരണമായിരുന്നിരിക്കാം.

1814 നവംബർ 14-ാം തീയതി നേരത്തെ പറഞ്ഞ കപ്പ്ലാൻ മാർമഡ്യൂകെ തോംസണിന്റെ (Marmaduke Thompson) നേതൃത്വത്തിലുള്ള മദ്രാസ് കറസ്പോണ്ടിംഗ് കമ്മിറ്റിയുടെ (Madrass Corresponding Committee) സഹായവും അഭ്യർത്ഥിച്ചു. ഈ കമ്മിറ്റിയാണ് മിഷൻ സൊസൈറ്റിയുടെ മാതൃദേശത്തെ നേതൃത്വത്തിനുവേണ്ടി തെക്കെ ഇന്ത്യയിലെ മിഷൻ താമസംവിനാ നടത്തതക്കവിധം സുപ്രധാന തീരുമാനങ്ങൾ എടുത്തിരുന്നത്. മക്കാളെയുടെ പിൻഗാമിയായി വന്ന തിരുവിതാംകൂർ - കൊച്ചിയുടെ ബ്രിട്ടീഷ് റസിഡന്റായിരുന്ന കേണൽ മൺറോ മലയാള പരിഭാഷയുടെ കാര്യത്തിൽ പൂർണ്ണ ഉത്തരവാദിത്തത്തോടെ രംഗത്തിറങ്ങി. തോംസണിന്റെ അഭ്യർത്ഥനയനുസരിച്ച് അദ്ദേഹം മദ്രാസ് കറസ്പോണ്ടിംഗ് കമ്മിറ്റിയുടെ അംഗത്വം സ്വീകരിച്ചു. അദ്ദേഹത്തിന്റെ ഉത്സാഹത്തിലാണ് ചർച്ച് മിഷൻ സൊസൈറ്റി (CMS) ഓർത്തഡോക്സ് സുറിയാനിക്കാരുടെ ഇടയിലെ മിഷൻ പുനരാരംഭിച്ചത്. ബുക്കാനനാകട്ടെ ഇതിനകം തന്റെ റിപ്പോർട്ടുകളിലും, പ്രസംഗത്തിലും പുസ്തകങ്ങളിലും കൂടി സുവിശേഷതല്പരരായ ഇംഗ്ലീഷുകാരെ പ്രോത്സാഹിപ്പിച്ചിരുന്നു.

ഏതു സംരംഭവും നന്നായും എത്രയും പെട്ടെന്നും പൂർത്തിയാക്കുവാൻ മൺറോയ്ക്കുള്ള ആവേശം എടുത്തുപറയേണ്ടതായിരുന്നു. ആയതിനാൽ വേദപുസ്തക പരിഭാഷ താമസംവിനാ പുനരാരംഭിക്കുവാൻ അദ്ദേഹം തിടുക്കം കാട്ടി. 1815 ആഗസ്റ്റ് മാസം 7-ാം തീയതി അദ്ദേഹം തോംസണിന് എഴുതിയത് സെപ്റ്റംബർ ആദ്യം താൻ കൊല്ലത്ത് പോകുന്നുവെന്നും അവിടെനിന്നും സുറിയാനി പരിഭാഷയുടെ ഒരു നല്ല കോപ്പി ലഭിക്കുന്നതിനായി ശ്രമിക്കുമെന്നുമായിരുന്നു. അദ്ദേഹം തുടർന്നെഴുതിയത്, ഇക്കാര്യത്തിൽ സുറിയാനിക്കാരുടെ ബിഷപ്പുമായി താൻ കത്തിടപാടുകൾ നടത്തിയെങ്കിലും ബിഷപ്പും റമ്പാനുമായിട്ടുള്ള തർക്കങ്ങൾ ഒരു തടസ്സമായി നില്ക്കുന്നു എന്നുമാണ്. തോംസൺ മൺറോയ്ക്ക് പൂർണ്ണ പിന്തുണ നൽകി. 1815 നവംബർ 7-ാം തീയതി അദ്ദേഹം മദ്രാസിൽ നിന്നും മൺറോയ്ക്ക് ഇപ്രകാരം എഴുതി: “മലയാള ബൈബിൾ നിർമ്മാണം പുരോഗമിക്കുന്നുവെന്നു ഞാനാശിക്കുന്നു. എനിക്ക് താങ്കളോട് ആറിയിക്കാനുള്ളത് വ്യക്തിപരമായ കാര്യത്തിലായാലും കൽക്കട്ടായിലുള്ള ബൈബിൾ സൊസൈറ്റിയുടെ തലവനെന്ന നിലയിലായാലും താങ്കൾക്ക് ആവശ്യമുള്ള എന്തു സഹായങ്ങളും എന്നിൽനിന്നും പ്രതീക്ഷിക്കാമെന്നാണ്.” സുറിയാനി ക്രിസ്ത്യാനികൾ ഏതാനും വർഷങ്ങൾക്കു മുമ്പുതന്നെ നാലു സുവിശേഷങ്ങളും തർജ്ജമ ചെയ്തിരുന്നു എന്ന വസ്തുത മൺറോയ്ക്ക് അറിയാമായിരുന്നു എന്നതിന് നമുക്ക് തെളിവുകളില്ല. ഒരു പക്ഷേ നോർട്ടൻ സായിപ്പിനെപ്പോലെ അദ്ദേഹവും ഇതിനെപ്പറ്റി കേട്ടിരിക്കാം. ഇംഗ്ലണ്ടിൽ പോലും ആർക്കും ഇതിനെപ്പറ്റി

വ്യക്തമായ അറിവുണ്ടായിരുന്നില്ല. അതല്ലായിരുന്നുവെങ്കിൽ അദ്ദേഹം 1818-ൽ സുറിയാനിക്കാരുടെ ഇടയിൽ പ്രവർത്തിച്ച സുവിശേഷകർക്ക് ഇപ്രകാരമൊരു മാർഗ്ഗദർശനം നൽകുമായിരുന്നില്ല: “അന്തരിച്ച മാർ ദീവന്നാസ്യോസ് ബുക്കാനന്റെ അപേക്ഷയനുസരിച്ച് വേദപുസ്തക പരിഭാഷ ആരംഭിക്കുകയും ചുരുങ്ങിയത് ഒരു സുവിശേഷമെങ്കിലും ഈ ബിഷപ്പിനാൽ തർജ്ജമ ചെയ്യപ്പെടുകയും ചെയ്തു.” ഇതൊക്കെയാണെങ്കിലും ബിഷപ്പ് (വലിയ മാർ ദീവന്നാസ്യോസ്) നേരിട്ട് ഒരു സുവിശേഷം തർജ്ജമ ചെയ്തുവെന്നതിന് 1811-ൽ ബോംബെയിലച്ചടിച്ച സുവിശേഷങ്ങളുടെ പ്രതിയിൽ സൂചനകളൊന്നുമില്ല.

നവംബർ 16-ന് ആലപ്പുഴയിൽ എത്തിയ മൺറോ തന്റെ പ്രതീക്ഷ മുഴുവൻ സമർപ്പിച്ചത് നോർട്ടണിലും ബെഞ്ചമിൻ ബെയിലിയിലുമാണ്. സുറിയാനിക്കാരിൽ റസിഡന്റിന് വലിയ വിശ്വാസമൊന്നുമുണ്ടായിരുന്നില്ല. 1816 ജൂലൈ 19-ന് അദ്ദേഹം മിഷൻ സൊസൈറ്റിയുടെ നേതൃത്വത്തിന് എഴുതിയത്, താൻ മാർ ദീവന്നാസ്യോസ് രണ്ടാമന് (ബിഷപ്പ് ജോസഫ്) ഇതിനകം പലതവണ ബൈബിൾ പരിഭാഷയുടെ അത്യാവശ്യത്തെക്കുറിച്ച് എഴുതിയെങ്കിലും താൻ ഭയപ്പെടുന്നത് ബിഷപ്പിന്റെ പ്രായം മൂലവും മോശമായ ആരോഗ്യസ്ഥിതി മൂലവും അധികം പ്രതീക്ഷയ്ക്ക് വകയില്ലായെന്നാണ്. അല്ലായെങ്കിൽ ഈ പദ്ധതിയുടെ നേതൃത്വം കൊടുക്കത്തക്കവണ്ണമുള്ള ഭാഷാ പ്രാവീണ്യം നോർട്ടണ് ഉണ്ടായിരിക്കണം. 1816 ജൂലൈ 22-ന് അദ്ദേഹം മിഷനറിക്ക് എഴുതിയത് ബിഷപ്പ് സ്വതവെ കാര്യങ്ങൾ പതുക്കെ ചെയ്യുന്ന പ്രകൃതിക്കാരനാണെന്നും ആയതിനാൽ അദ്ദേഹത്തിന് ധാരാളം സമയം നഷ്ടപ്പെടുന്നുവെന്നുമാണ്. ആ വർഷം തന്നെ ആഗസ്റ്റ് 14-ന് എഴുതിയ കത്തിൽ മൺറോ തന്റെ ക്ഷമയില്ലായ്മ കുറെക്കൂടി ശക്തമായ ഭാഷയിൽ പറയുന്നുണ്ട്. “സുറിയാനി ബിഷപ്പിൽ നിന്നും താങ്കൾക്ക് ഇതിനകം ഒരു വാഗ്ദാനം ലഭിച്ചുകാണുമെന്ന് ഞാനാശിക്കുന്നു. അദ്ദേഹത്തിന് മലയാളത്തിലേക്കുള്ള വേദപുസ്തക പരിഭാഷ എത്രയും പെട്ടെന്ന് പൂർത്തിയാക്കണമെന്നു കാണിച്ച് നിർദ്ദേശം നൽകേണ്ടിയിരിക്കുന്നു. ഇതുവരെയുള്ള പുരോഗതിയിൽ ഞാൻ തികച്ചും അതൃപ്തനാണ്. തന്റെ ഭദ്രാസനത്തിലെ അഭ്യസ്തവിദ്യരും വളരെ കഴിവുള്ളവരുമായ ആളുകൾ സഹായത്തിനുള്ളതിനാൽ ബിഷപ്പ് വിചാരിച്ചാൽ ചുരുങ്ങിയ സമയം കൊണ്ട് നിഷ്പ്രയാസം വേദപുസ്തക പരിഭാഷ പൂർത്തിയാക്കാവുന്നതേയുള്ളൂ.” 1816 നവംബർ 24-ന് മാർ ദീവന്നാസ്യോസ് രണ്ടാമൻ കാലം ചെയ്തപ്പോൾ ആഞ്ഞൂർ (തൊഴിയൂർ) സഭയുടെ മാർ പീലക്സിനോസ് മുഴുവൻ സുറിയാനിക്കാരുടെയും തലവനായിത്തീർന്നു. എട്ടു മാസങ്ങൾക്ക് ശേഷം സഭയുടെ “ഭരണം” വശമില്ലാത്തതിനാൽ അദ്ദേഹം തന്റെ ചെറിയ ഭദ്രാസനത്തിലേക്ക് ഉൾവലിഞ്ഞു. അങ്ങനെ

അർക്കദിയാക്കോനായിരുന്ന പുന്നത്ര ഗീവറുഗീസ് (ജോർജ്ജ്) 1818-ൽ മാർ പീലക്സിനോസിനാൽ മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ടു. 1819-ൽ അദ്ദേഹം മാർ ദീവന്നാസ്യോസ് മൂന്നാമൻ എന്ന പേരിൽ ഭരണ മാരംഭിച്ചു. അദ്ദേഹത്തിന്റെ അരമന മുൻഗാമിയായ മാർ ദീവന്നാസ്യോസ് രണ്ടാമൻ കണ്ടനാട്ടു നിന്നും കോട്ടയത്തേക്ക് മാറ്റി സ്ഥാപിച്ചയിടം തന്നെ യായിരുന്നു. ഇതദ്ദേഹം റമ്പാനായിരുന്ന കാലത്ത് കേണൽ മൺറോ യുടെ സഹായത്തോടെ കോട്ടയത്തു സ്ഥാപിച്ച കോളജായിരുന്നു. അവി ടെയാണ് ബൈബിൾ പരിഭാഷ തുടർന്നു നടത്തിയത്.

1817 ഫെബ്രുവരി 13-ന് മൺറോ പുതിയനിയമത്തിലെ ഒരു ലേഖനം പരിഭാഷപ്പെടുത്തുവാൻ കഴിഞ്ഞതിൽ സന്തോഷം രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ ഇത് ഏത് ലേഖനമാണെന്നുള്ളത് വ്യക്തമാക്കിയിട്ടില്ല. നോർ ട്ടന്റെ ഡയറിക്കുറിപ്പുകളനുസരിച്ച് എഫേസ്യ ലേഖനമാണ് ആദ്യം പരി ഭാഷപ്പെടുത്തിയത്. 1817 ജനുവരി 25-ന് അദ്ദേഹം എഴുതിയിരിക്കുന്നത് മെത്രാപ്പോലീത്തായുടെ കൈയിൽനിന്നും എഫേസ്യലേഖനത്തിന്റെ മല യാള വിവർത്തനം ലഭിച്ചുവെന്നാണ്. “എന്റെ അറിവിൽ ഈ ഭാഷയി ലുള്ള ഏക വേദപുസ്തക ലേഖനമാണിത്.” അടുത്തതായി റോമാ ലേഖനത്തിന്റെ പരിഭാഷയാണുദ്ദേശിക്കുന്നത് എന്നും ഒരു മാസത്തിനകം പൂർത്തിയാകുമെന്നും അദ്ദേഹം പറയുന്നു.

കത്തനാരന്മാരുടെ കർത്തവ്യനിർവ്വഹണരീതി മൺറോ വീണ്ടും വിമർ ശിച്ചിരുന്നു. അവരെ നിയമിച്ചപ്പോൾ അവർ വളരെ വാഗ്ദാനങ്ങൾ നൽകു ന്നതിൽ ഉത്സുകരായിരുന്നു. ഇക്കാരണങ്ങളാൽ മൺറോ നോർട്ടനോട് കോട്ടയത്തുപോയി വേദപുസ്തക പരിഭാഷയുടെ നിജസ്ഥിതി ബോധ്യ പ്പെടുത്തണമെന്നും ഈ ജോലി എത്രയുംവേഗം പൂർത്തിയാക്കുവാനുള്ള ഒരു പദ്ധതി തയ്യാറാക്കണമെന്നും ആവശ്യപ്പെട്ടു. പരിഭാഷയുടെ ജോലി ബിഷപ്പ് നേരിട്ട് നിർവ്വഹിക്കുന്നതാണ് ഇത്തരുണത്തിൽ ആവശ്യമായ തെന്ന് ഈ കത്തിൽ തന്നെ അദ്ദേഹം മിഷനറിയോട് പറയുന്നുണ്ട്. വീണ്ടും ഫെബ്രുവരി 15-ാം തീയതി അദ്ദേഹം നോർട്ടന് അയച്ച കത്തിൽ കോട്ടയത്തുപോയി താഴെ പറയുന്ന സംഗതികൾ നടപ്പിലായി എന്ന് ഉറ പ്പുവരുത്തണമെന്ന് എഴുതി.

a) പ്രഗത്ഭരായ ഒരുകൂട്ടം കത്തനാരന്മാരെ കണ്ടെത്തി പരിഭാഷാ ജോലി ഏൽപ്പിക്കുകയും അവരുടെ ചെലവിനായി ആവശ്യമുള്ള പണം നൽകുകയും ചെയ്യണം.

b) നല്ലതും, തെറ്റുകുറ്റങ്ങളില്ലാത്തതുമായ ഒരു പരിഭാഷ ഉണ്ടാക്കുന്ന തിനായി ഭാഷാന്തരം ചെയ്ത ഭാഗങ്ങൾ പരിശോധിക്കുന്നതിനും, തിരു ത്തലുകൾ വരുത്തുന്നതിനുമാവശ്യമായ സംവിധാനങ്ങൾ ഉണ്ടാവണം.

c) പരിഭാഷയുടെ ഇതുവരെയുള്ള പുരോഗതി മിഷനറി തന്നെ നേരിട്ട് നിജപ്പെടുത്തുകയും ഈ ജോലി പൂർത്തിയാക്കുന്നതിനാവശ്യമായ സമയം ക്ലിപ്തപ്പെടുത്തുകയും ചെയ്യണം.

d) ഏതൊക്കെ പുസ്തകങ്ങളാണ് വിവർത്തനം ചെയ്യേണ്ടതെന്ന് നോർട്ടൻ തന്നെ തീരുമാനിക്കുകയും, ആ പുസ്തകത്തിന്റെ സുറിയാനിയിലുള്ള സ്രോതസ്സ് ഗുണമേന്മയുള്ളതാണെന്ന് ഉറപ്പുവരുത്തുകയും ചെയ്യണം.

e) ഇതിലുപരിയായി പരിഭാഷപ്പെടുത്തിയ ഭാഗം മെത്രാപ്പോലീത്തായും തന്റെ കൈവശമുള്ള സുറിയാനി ബൈബിളിലെ ഭാഷയുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുകയും ചെയ്യണം. അതല്ല മറിച്ച് സുറിയാനിയിലുള്ള യൂറോപ്യൻ കൈയെഴുത്തുപ്രതിയുമായിട്ടോ പരിഭാഷകളുമായിട്ടോ ആണോ പുതിയ വിവർത്തനം ഒത്തുവരുകയെന്ന് ചെയ്യുന്നതെന്ന് നോർട്ടനും വ്യക്തമായി പരിശോധിക്കുകയും ചെയ്യണം.

f) വേദപുസ്തകത്തിന്റെ നിലവിലുള്ള ഭാഗിക പരിഭാഷകൾ എത്രയളവിൽ പ്രസിദ്ധീകരിക്കണമെന്നുള്ളത് നിശ്ചയിക്കേണ്ടതാണ്.

ബെയിലിയോടൊപ്പം കോട്ടയത്തേക്ക് പോയ നോർട്ടൻ അവിടെ കണ്ടത് പരിഭാഷയ്ക്കായി ഉപയോഗിച്ചുവന്നിരുന്നത് സുറിയാനി ഭാഷയിൽ അച്ചടിച്ച ഒരു പുതിയനിയമമാണ്. ഇത് ഇംഗ്ലീഷിലുള്ള Authorised Version മായി പൊരുത്തപ്പെടുന്നതും താഴെപറയുന്ന പുസ്തകങ്ങൾ ഉൾക്കൊള്ളുന്നതുമായിരുന്നു. പഞ്ചഗ്രന്ഥങ്ങൾ (ഉല്പത്തി മുതൽ ആവർത്തനം വരെ), യോശുവായുടെയും ഇയ്യോബിന്റെയും പുസ്തകങ്ങളുടെ ഏതാനും ചില ഭാഗങ്ങൾ, സദൃശ്യവാക്യങ്ങൾ, സഭാപ്രസംഗി, പ്രവചനഗ്രന്ഥങ്ങൾ മുഴുവനും. ഉല്പത്തി, പുറപ്പാട്, ലേവ്യാപുസ്തകം എന്നീ ഗ്രന്ഥങ്ങൾ ഇതിനകം തന്നെ മലയാളത്തിലേക്ക് ഭാഷാന്തരം ചെയ്തിരുന്നതായും മിഷനറി കണ്ടെത്തി. മൺറോയുടെ അടുത്ത പദ്ധതി ബൈബിൾ വിവർത്തനത്തിന്റെ മേൽനോട്ടം വഹിക്കുന്നതിനായി കോട്ടയത്തു തന്നെ മിഷനറിമാരിൽ ഒരാളെ നിയമിക്കുകയെന്നതായിരുന്നു. ബെയിലി മലയാള ഭാഷ സംസാരിക്കുവാൻ പ്രാപ്തനാകുന്നയുടനെ അദ്ദേഹത്തെ കോട്ടയത്തേക്ക് അയയ്ക്കണമെന്ന് 1817 ജനുവരി 22-ന് അദ്ദേഹം മദ്രാസിലുള്ള തോംസനോട് നിർദ്ദേശിക്കുകയും ചെയ്തു. ബെയ്‌ലിക്ക് കോട്ടയത്ത് വസിക്കുന്നതിനായി ഒരു വീട് പണിയുന്നതിനുള്ള ഒരുക്കങ്ങൾ പൂർത്തിയാക്കിയതായി അദ്ദേഹം മദ്രാസ് കറസ്പോണ്ടിംഗ് കമ്മിറ്റിയെ അറിയിക്കുകയും ചെയ്തു. 1817 ഫെബ്രുവരി 22-ന് മൺറോ നോർട്ടന് എഴുതിയ കത്തിലും പരിഭാഷാജോലിയുടെ മേൽനോട്ടം ഇംഗ്ലീഷുകാരനായ ഒരു പട്ടക്കാരനെ ഏൽപ്പിക്കണമെന്നെഴുതി.

കാലം ചെയ്ത മെത്രാപ്പോലീത്തായോട് പരിഭാഷ ധൃതിയിൽ ചെയ്യണ മെന്ന് പലതവണ ആവശ്യപ്പെട്ടിട്ടും ഒന്നുംതന്നെ നടന്നില്ല എന്നും അദ്ദേഹം കുറിച്ചിട്ടുണ്ട്. ചുരുക്കത്തിൽ വിവർത്തനപദ്ധതിയുടെ പുരോ ഗതി മന്ദീഭവിച്ചതിലുള്ള പ്രതിഷേധവും ബെയ്‌ലിയെ എത്രയും പെട്ടെന്ന് കോട്ടയത്ത് എത്തിക്കുവാനുള്ള ഉത്സാഹവും കത്തിൽ വ്യക്തമാണ്. 1817 ഫെബ്രുവരി 28-ന് നോർട്ടൻ മിഷൻ സൊസൈറ്റിക്കയച്ച കത്തനുസ രിച്ച് മുകളിൽ പറഞ്ഞ വീടിന് അഞ്ഞൂറു രൂപാ വില വരും. ബെയിലി ഏതാണ്ട് രണ്ടാഴ്ചയ്ക്കകം കോട്ടയത്തേക്ക് താമസം മാറുകയും വീടു പണിയുടെ മേൽനോട്ടം നേരിട്ട് വഹിക്കുകയും ചെയ്യും. ഇതിലൂടെ സമ യവും പണവും ലാഭിക്കാം. തല്ക്കാലം ബെയ്‌ലിക്ക് കോളജിൽ താമ സിക്കാം. 1817 ഫെബ്രുവരി 26-ന് അദ്ദേഹം ആലപ്പുഴയിൽ നിന്ന് മൺ റോയ്ക്ക് അയച്ച കത്തിൽ പറയുന്നത് പരിഭാഷയുടെ ജോലി സുറിയാനി പട്ടക്കാരെ മാത്രം ഏൽപ്പിച്ചാൽ, അതെന്ന് പൂർണ്ണമാകുമെന്ന് ആർക്കും പറയാനൊക്കില്ല എന്നാണ്. തനിക്ക് കോട്ടയത്തു ലഭിച്ച സ്വീകരണത്തെ പ്പറ്റി ബെയ്‌ലി 1817 സെപ്റ്റംബർ 20-ന് എഴുതിയത് ഇങ്ങനെയാണ്: "ഞാനും എന്റെ ഭാര്യയും മാർച്ച് മാസം 25-ന് ആലപ്പുഴയിൽ നിന്ന് തിരിക്കുകയും കോട്ടയത്ത് കോളജിൽ എത്തിയപ്പോൾ മെത്രാപ്പോലീ ത്തായും, കത്തനാരന്മാരും വിദ്യാർത്ഥികളും മാത്രമല്ല ചുറ്റുപാടുമുള്ള സുറിയാനിക്കാരെല്ലാവരും ചേർന്ന് ഞങ്ങളെ ഹാർദ്ദവമായി സ്വീകരിക്കു കയും ചെയ്തു. അന്നുമുതൽ ഞങ്ങൾ കോളജിൽ താമസിക്കുകയാണ്. ഞങ്ങളുടെ വീടിന്റെ പണി തീരുവാൻ രണ്ടു മാസത്തിലധികം വേണ്ടി വരില്ല."

1817 ഏപ്രിലിൽ ബെയ്‌ലി ഉല്പത്തിപുസ്തകത്തിന്റെ ഏതാനും അദ്ധ്യായങ്ങളുടെ പരിഭാഷ പരിശോധിച്ചപ്പോൾ ബോദ്ധ്യപ്പെട്ടത് അത് മനസ്സിലാക്കുവാൻ തക്കവണ്ണമുള്ള ഭാഷാസ്വാധീനം തനിക്ക് ലഭിച്ചിട്ടി ല്ലായെന്നാണ്. അദ്ദേഹം കോട്ടയത്തേക്ക് താമസം മാറിയപ്പോൾ ഇന്ത്യ യിലെത്തിയിട്ട് തികച്ചും അഞ്ചു മാസം പോലും തികഞ്ഞില്ലായിരുന്നു. മെയ് മാസം ആരംഭിച്ചപ്പോൾ പരിഭാഷയ്ക്കു മറ്റൊരു തടസ്സം നേരിട്ടു. മെത്രാപ്പോലീത്തായ്ക്ക് വസൂരി ബാധിച്ചതിനാൽ വൈദികരും വിദ്യാർത്ഥി കളും കുറച്ചു ദിവസത്തേക്ക് കോളജിൽ നിന്നും പോവുകയും ചെയ്തു. മെയ് 13-ന് ബെയിലി മൺറോയ്ക്ക് അയച്ച കത്തിൽ പരിഭാഷയുടെ പ്രവർത്തനം സാവധാനം പുരോഗമിക്കുന്നതായി എഴുതി. തുടർന്നെഴു തിയത് സംഖ്യാപുസ്തകത്തിന്റെ മുപ്പതോളം അദ്ധ്യായങ്ങൾ ഉടൻ പൂർ ത്തിയാകുമെന്നും അതു കഴിഞ്ഞാലുടൻ ദാവീദിന്റെ സങ്കീർത്തനഭാഗ ങ്ങളും പുതിയനിയമത്തിലെ അപ്പോസ്തോല പ്രവർത്തികളും തയ്യാറാ കുമെന്നുമാണ്. അദ്ദേഹത്തിന്റെ ഭാഷയിൽ സുറിയാനി ബൈബിളിനെ സംബന്ധിച്ചു പറഞ്ഞാൽ നെഹമ്യാവും, യോശുവായുമൊഴികെയുള്ള

പുസ്തകങ്ങളെല്ലാം പരിഭാഷയ്ക്ക് ലഭ്യമാണ്. അവസാനം പറഞ്ഞ പുസ്തകം ഇപ്പോൾ ഒരു കത്തനാരുടെ കൈവശമുണ്ടെന്നും താമസിയാതെ അത് പരിഭാഷയ്ക്കായി കോളജിൽ കൊണ്ടുവരാനായി സാധിയ്ക്കുകയും ചെയ്യും. മൺറോ 1817 ആഗസ്റ്റ് 6-ന് എഴുതിയ കത്തിൽ പറയുന്നത് ഇനി ആവശ്യമുള്ള പുസ്തകമായ നെഹമ്യാ പ്രവചനം കൽക്കട്ടായിലെ ബിഷപ്പ് കാലം ചെയ്ത മെത്രാപ്പോലീത്തായ്ക്ക് നൽകിയ വാല്യത്തിൽ നോക്കിയാൽ ലഭിക്കും എന്നാണ്. എന്നാൽ ഇപ്പറഞ്ഞ കൂട്ടത്തിലോ, നോർട്ടന്റെ കൈവശമുള്ള വിവിധ ഭാഷകളിലെ ബൈബിളിലോ ലഭിക്കുന്നില്ലായെങ്കിൽ മദ്രാസിലുള്ള തോംസണെ വിവരമറിയിച്ചാൽ അദ്ദേഹമത് അവിടെനിന്നോ കൽക്കട്ടായിൽ നിന്നോ എത്തിച്ചുതരികയും ചെയ്യും എന്നും പറയുന്നു. വസൂരി ബാധ ബെയ്‌ലിയെയും പരിഭാഷാ ജോലിയിൽ നിന്നകറ്റി. വസൂരിബാധയ്ക്ക് എതിരായി കുത്തിവയ്പ്പ് എടുക്കുന്നതിനെപ്പറ്റി താൻ സുറിയാനിക്കാർക്ക് മുന്നറിയിപ്പ് നൽകിയിരുന്നെങ്കിലും അവർ അതു ചെവിക്കൊണ്ടില്ലായെന്നും അദ്ദേഹം എഴുതി. മൺറോ 1817 മെയ് 29-ന് മിഷണറിക്കയച്ച കത്തിൽ ദേഷ്യത്തോടെ രേഖപ്പെടുത്തുന്നുണ്ട്. സുറിയാനിക്കാർക്ക് ഇക്കാര്യത്തിലുള്ള ഭീതിയകറ്റുന്നതിനായി ആവശ്യമായ നടപടികൾ ബെയിലി സ്വീകരിക്കണമെന്നും കത്തിൽ ആവശ്യപ്പെടുന്നുണ്ട്. പ്രതിരോധ കുത്തിവയ്പ്പ് മൺറോയുടെ കല്പനയനുസരിച്ചാണെന്ന് സെമിനാരിയിലുള്ളവരെ ബോധ്യപ്പെടുത്തണമെന്നും, അതുകൊണ്ട് പ്രയോജനമില്ലായെങ്കിൽ പോലീസിനെ തന്നെ ഉപയോഗിച്ച് അതു നടപ്പിൽ വരുത്തുകയും ചെയ്യണമെന്നാണ് ബെയിലിക്ക് ലഭിച്ച ഉപദേശം: “ഈ മനുഷ്യരെ അവരുടെ തന്നെ പ്രയോജനത്തിനായി ചെയ്യുന്ന കാര്യങ്ങളിൽ പോലും ചിലപ്പോൾ നിർബന്ധിക്കതക്കവണ്ണം അവർ അറിവില്ലാത്തവരും പാവങ്ങളുമാണ്.” ചുരുക്കത്തിൽ കോട്ടയത്തു തന്നെ താമസമാക്കിയ ഒരു ഇംഗ്ലീഷ് മിഷനറിയുടെ സാന്നിദ്ധ്യം പരിഭാഷയെ സംബന്ധിച്ച് മൺറോയ്ക്കുണ്ടായിരുന്ന ക്ഷമയില്ലായ്മയെ പരിഹരിച്ചില്ല. ഈ സുറിയാനി ബിഷപ്പ് ബെയിലിയുടെ അധികാരത്തിൻകീഴിലായിത്തീരണമോയെന്ന് അദ്ദേഹത്തോട് ബെയിലി ആരായണമെന്നുപോലും മൺറോ തന്റെ കത്തിൽ കുറിച്ചുവച്ചു.

പരിഭാഷാ ജോലികൾക്ക് മൂന്ന് സുറിയാനി പട്ടക്കാരും നാല് സഹായികളും വ്യാപൃതരാണെന്നും അർക്കദിയാക്കോനും അല്പസ്വല്പമൊക്കെ സഹായിക്കുന്നുണ്ടെന്നും 1817 ജൂൺ 24-ന് ബെയിലി കോട്ടയത്തു നിന്നും തോംസണെ അറിയിച്ചു. പഴയനിയമത്തിലെ പഞ്ചഗ്രന്ഥങ്ങളും സങ്കീർത്തനങ്ങളും താമസിയാതെ തീരും എന്നും പുതിയനിയമത്തിൽ നിന്നും നേരത്തെ വിവർത്തനം ചെയ്ത സുവിശേഷങ്ങൾ കൂടാതെ ചില ലേഖനങ്ങളും തയ്യാറാകുന്നുണ്ട് എന്നുമദ്ദേഹമെഴുതി. എബ്രായ ഭാഷ കുറച്ചുവശമുണ്ടായിരുന്ന ബെയിലി എഴുതിയത് പഴയ

നിയമത്തിലെ ഏതാനും ഖണ്ഡികകൾ താൻ ഒത്തുനോക്കിയതിൽ നിന്നും മനസ്സിലാക്കുന്നത് പരിഭാഷ അത്ര നന്നല്ല എന്നാണ്. എന്നാൽ ഈ കത്തിന്റെ മാർജ്ജിനിൽ തോംസൺ കുറിച്ചിരിക്കുന്നു: "ബെയിലിയുടെ എബ്രായ ഭാഷാജ്ഞാനം എത്രത്തോളമായാലും ഒരു കാര്യം തീർച്ച യാണ്, അദ്ദേഹത്തിന്റെ മലയാള പരിജ്ഞാനം പരിമിതമാണ്." എന്നാൽ ഈ വിഷയത്തിൽ തന്നെ ഒരു എക്സ്പേർട്ട് ആയി കരുതരുതെന്ന് ബെയിലി തന്നെ ഈ കത്തിൽ ആവശ്യപ്പെട്ടിട്ടുമുണ്ട്.

മെത്രാപ്പോലീത്താ സുഖം പ്രാപിച്ചുവരുന്നതായി ബെയിലി ജൂലൈ 14-ന് കോട്ടയത്തു നിന്നും റിപ്പോർട്ട് ചെയ്യുന്നുണ്ട്. ഇതിനിടയിൽ വസൂ രിയ്ക്കെതിരെയുള്ള പ്രതിരോധകുത്തിവയ്പിനെതിരായുള്ള നിഷേധം പട്ടണത്തിൽ കുറഞ്ഞുവരികയും ചുറ്റുമുള്ള പ്രദേശങ്ങളിൽ തൽസ്ഥിതി തുടരുകയും ചെയ്തു. ഈ സമയം മോശയുടെ അഞ്ചു പുസ്തകങ്ങളും സങ്കീർത്തനങ്ങളും പൂർത്തിയായി. യോശുവായും, സദൃശ്യവാക്യങ്ങളും തർജ്ജമ ചെയ്യുവാൻ തുടങ്ങി. പരിഭാഷയിൽ ഏർപ്പെട്ടിരുന്ന ഒരു സുറി യാനി പട്ടക്കാരനെപ്പറ്റിയുള്ള പ്രശ്നങ്ങളും വിവരിച്ചിട്ടുണ്ട്. പുതിയനിയമ ലേഖനങ്ങളുടെ വിവർത്തനത്തിലേർപ്പെട്ടിരിക്കുന്ന ചേപ്പാട്ടുകാരൻ ഫീലി പ്പോസ് കത്തനാരെപ്പറ്റിയാണ് ഇവിടെ സൂചിപ്പിക്കുന്നത്. തന്റെ വിവർ ത്തനം ഏൽപിക്കുവാൻ അദ്ദേഹം സെമിനാരിയിൽ വരുവാൻ തയ്യാറല്ല. കോട്ടയത്തെ കാലാവസ്ഥ അദ്ദേഹത്തിന് പിടിക്കുന്നില്ല എന്നതാണ് ഇതിന് കാരണമായി പറയുന്നത്. മല്പാന്മാരായ ചില വൈദികരൊക്കെ തർക്കുത്തരം പറയുന്നവരാണെന്നും ഇവർ വൈദിക വിദ്യാർത്ഥികൾ അനുസരണക്കേട് കാണിക്കുവാൻ കാരണക്കാരായിത്തീരുന്നുവെന്നും ബെയിലി 1817 ഒക്ടോബർ 6-ന് റിപ്പോർട്ടു ചെയ്തിരുന്നു. അക്കൂട്ടത്തിൽ പ്പെടുന്ന ഒരാളായിരുന്നു മുകളിൽ പറഞ്ഞ ചേപ്പാട് സ്വദേശി ഫീലിപ്പോസ് കത്തനാർ. അദ്ദേഹത്തെക്കൊണ്ട് എന്തെങ്കിലും ചെയ്യിക്കുന്നതിന് വലിയ ബുദ്ധിമുട്ടുകൾ സഹിക്കേണ്ടതായിട്ടുണ്ട്. സെമിനാരിയിൽ തന്നെ കാണ ണമെന്നു പറഞ്ഞിട്ടുണ്ടെങ്കിലും അദ്ദേഹം മിക്കപ്പോഴും അവിടെ കാണു കയില്ലായിരുന്നു.

1817-ന്റെ തുടക്കത്തിലേക്ക് നമുക്കൊന്ന് മടങ്ങിപ്പോകാം. പരിഭാഷയുടെ സാമ്പത്തിക ബുദ്ധിമുട്ടുകൾക്കും ഒരു പരിഹാരം കാണേണ്ടതുണ്ടായി രുന്നു. മദ്രാസ് കറസ്പോണ്ടിംഗ് കമ്മിറ്റിയുടെ സെക്രട്ടറിയെപ്പറ്റി നോർ ട്ടൺ കൽക്കട്ടായ്ക്ക് എഴുതണമെന്നും അവർ ബൈബിൾ പരിഭാഷയി ലേർപ്പെട്ടിരിക്കുന്ന സുറിയാനിക്കാരായ വൈദികർക്ക് ഒരു സംഭാവന കൊടുക്കുന്നതിനപേക്ഷിക്കണമെന്നും മൺറോ ആവശ്യപ്പെട്ടു. ഇതിനോ ടൊപ്പം നേരിട്ടും ഒരു നിർദ്ദേശമയയ്ക്കുന്നതിനും മൺറോ തയ്യാറായി രുന്നു. ഈ ഉദ്യമം പരാജയപ്പെട്ടാൽ പണമുണ്ടാക്കുന്നതിനുള്ള മറ്റു വഴി

കളേതെന്നും മൺറോ ചിന്തിച്ചിരുന്നു. തന്റെ സ്വന്തം പോക്കറ്റിൽ നിന്നു പോലും തുക കൊടുക്കുവാൻ അദ്ദേഹം തയ്യാറായിരുന്നു. വേദപുസ്തക പരിഭാഷ ഒരുതരത്തിലും മുടങ്ങിപ്പോകരുതെന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ മുഖ്യ താല്പര്യം. പരിഭാഷാ ജോലിയിലേർപ്പെട്ട എട്ട് കത്തനാരന്മാർക്കും മാസം നൂറ് രൂപാ വച്ച് കൊടുത്താൽ മതിയാകുമെന്ന് മൺറോ നിശ്ചയിച്ചു.

കൽക്കട്ടായിലെ ബൈബിൾ സൊസൈറ്റി നോർട്ടന്റെയും മൺറോയുടെയും അപേക്ഷകൾ സ്വീകരിക്കുകയും അവരാവശ്യപ്പെട്ട പണം അയച്ചുകൊടുക്കുകയും ചെയ്തു. 1817 മാർച്ച് 15-ന് മൺറോ തോംസണ് അയച്ച കത്ത് മദ്രാസിൽ നിന്ന് കൽക്കട്ടായിലെത്തുകയും അതിൽ നിന്നും ബൈബിൾ സൊസൈറ്റി താഴെപ്പറയുന്നത് മനസ്സിലാക്കുകയും ചെയ്തു. ബൈബിൾ പരിഭാഷ പൂർത്തിയായാലുടൻ അതിന്റെ കൈയെഴുത്തുപ്രതി ഏതാനും പട്ടക്കാർ കൽക്കട്ടായിലെത്തിക്കുകയും ബൈബിൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ തന്നെ അത് അവിടെ അച്ചടിക്കുകയും വേണം. ഇതോടൊപ്പം പരിഭാഷയ്ക്കടിസ്ഥാനമായി ഉപയോഗിച്ച സുറിയാനി ബൈബിൾ അയയ്ക്കുവാൻ പ്രയാസമുണ്ടെന്നും മൺറോ ബൈബിൾ സൊസൈറ്റിയെ അറിയിച്ചു. സുറിയാനിയിലുള്ള പൂർണ്ണ ബൈബിൾ ഇപ്പോൾ സെമിനാരിയുടെ ഉടമസ്ഥതയിലാണ്. പഴയനിയമത്തിലെ ഏതാനും ചില പുസ്തകങ്ങൾ ഇല്ലാഞ്ഞത് ചില പള്ളികളിൽ നിന്നും ലഭിച്ചതുകൊണ്ട് പരിഭാഷയ്ക്ക് ഉപയോഗിക്കുവാൻ സാധിച്ചു. പരിഭാഷാ കാര്യങ്ങൾ നിരീക്ഷിക്കുവാനായി താൻ വരുന്ന മാസങ്ങളിൽ കോട്ടയത്തു പോകുന്നുണ്ട് എന്നും അദ്ദേഹം എഴുതി. മാർച്ച് 31-ന് എഴുതിയ കത്തിൽ കൂടി ബൈബിൾ സൊസൈറ്റിക്ക് നോർട്ടനും മൺറോയും ചേർന്നു നൽകിയ അപേക്ഷയെ തോംസൺ പിന്താങ്ങുകയും അതെഴുതിയവരുടെ വ്യക്തിത്വത്തെ താൻ മാനിക്കുന്നതായി രേഖപ്പെടുത്തുകയും ചെയ്തു." അപേക്ഷ ന്യായമായിട്ടുള്ളതും സൊസൈറ്റിയുടെ പ്രവർത്തനപരിധിയിലുൾപ്പെട്ടതുമായതിനാൽ എനിക്ക് കമ്മിറ്റിയുടെ തീരുമാനത്തെ തടയാനൊക്കുമായിരുന്നില്ല. അവരുടെ ബില്ലുകളിൽ പറഞ്ഞിരിക്കുന്നപ്രകാരം തന്നെ ഒട്ടും താമസിയാതെ അയച്ചുകൊടുക്കുവാൻ ഞാൻ ചുമതലപ്പെട്ടിരിക്കുന്നു." മലയാള ബൈബിളിന്റെ പ്രാധാന്യത്തെപ്പറ്റി നോർട്ടൻ തന്റെ കത്തിൽ എടുത്തുപറയുന്നുണ്ട്. ഈ പരിഭാഷയിലൂടെ വിജാതികളുടെ ഇടയിൽ സുവിശേഷമറിയിക്കുവാൻ ഇതുവരെ തയ്യാറാകാതിരുന്ന സുറിയാനി ക്രിസ്ത്യാനികൾ പ്രാപ്തരായിത്തീരുന്നതാണ്. രണ്ടു മാസത്തിലധികമായി പരിഭാഷയെ സംബന്ധിച്ച് ഒന്നും അറിയിക്കാതിരുന്ന ബെയിലിയുടെ അടുക്കൽ ദേഷ്യപ്പെട്ടുകൊണ്ട് മൺറോ 1817 ഒക്ടോബറിൽ ഒരു കത്തയയ്ക്കുന്നുമുണ്ട്. മാത്രവുമല്ല, സുറിയാനിക്കാരുടെ ഇടയിൽ സ്വാധീനം ചെലുത്തുവാനോ തന്റെ അധികാരത്തിൻകീഴ്

അവരെ കൊണ്ടുവരുവാനോ ഉള്ള കഴിവ് ബെയിലിക്ക് ഇല്ലായെന്ന് അദ്ദേഹം തോംസണോട് പരാതിപ്പെടുകയും ചെയ്തു. ബെയിലി തന്റെ ഉത്തരവാദിത്തത്തിൽ നിന്നും വഴിമാറിപ്പോകാതെ കുറച്ചുകൂടി അദ്ധ്വാനിക്കുകയും കൂടുതൽ വിജയങ്ങൾ കൈവരിക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്.

ഇതേസമയം തന്നെ അനാവശ്യമായ ധൃതിയിൽ തയ്യാറാക്കിയാൽ ഒരു പരിഭാഷയ്ക്കുണ്ടാവാമായിരുന്ന അപകടവും മൺറോ കണ്ടിരുന്നു. അമിതവേഗം തർജ്ജമയുടെ ഗുണമേന്മയെ ബാധിക്കുമെന്ന് അദ്ദേഹമറിഞ്ഞിരുന്നു. അതുകൊണ്ട് അദ്ദേഹം 1817 ഫെബ്രുവരി 13-ന് നോർട്ടന് അയച്ച കത്തിൽ പറയുന്നത് വേദപുസ്തക പരിഭാഷ കൂടുതൽ ശ്രദ്ധയും സൂക്ഷ്മതയും ആവശ്യമുള്ള പ്രവർത്തിയാകയാൽ അല്പം സാവധാനമായാലും മതിയെന്നാണ്. തെറ്റുകൾ കൂടുവാനുള്ള സാധ്യത ഒഴിവാക്കുകയാണ് വേണ്ടത്. പരിഭാഷ കഴിഞ്ഞു എന്നു കരുതി വേദപുസ്തക ഭാഗങ്ങൾ പ്രത്യേകമായി പ്രസിദ്ധീകരിക്കുന്നതിലും അദ്ദേഹം എതിരായിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായപ്രകാരം ബൈബിൾ മുഴുവനായിട്ടാണ് പ്രസിദ്ധീകരിക്കേണ്ടിയിരുന്നത്: “ഈ വിശുദ്ധ പുസ്തകം മൊത്തമായിട്ടാണ് അവതരിപ്പിക്കേണ്ടത്. വേദപുസ്തകം ഭാഗികമായി പുറത്തിറക്കിയാൽ വിവിധതരത്തിലുള്ള ഭാഗങ്ങൾ തമ്മിലുള്ള പൊരുത്തവും ഓരോ ഭാഗത്തിനും മൊത്തത്തിലുള്ള ആശയത്തോടുള്ള ബന്ധവും നഷ്ടപ്പെടുവാൻ സാധ്യതയുണ്ട്.” “ഓരോ ഭാഗവും വെവ്വേറെ അച്ചടിക്കുന്നതിനേക്കാൾ എനിക്ക് താല്പര്യം മുഴുവൻ ബൈബിളും വിവർത്തനം ചെയ്തശേഷം ഒന്നോ രണ്ടോ കത്തനാരന്മാർ അത് കൽക്കട്ടയിലെത്തിച്ച് അച്ചടിക്കുന്നതിലാണ്.” കോട്ടയത്തെ പരിഭാഷാ ജോലി നന്നായി തുടർന്നുപോന്നു. 1817 സെപ്റ്റംബർ 20-ന് ബെയിലി ഇംഗ്ലണ്ടിലുള്ള മിഷൻ നേതൃത്വത്തെ അറിയിച്ചത് പഴയനിയമത്തിൽ നിന്നും താഴെ പറയുന്ന പുസ്തകങ്ങൾ പരിഭാഷപ്പെടുത്തിയെന്നാണ്. “പഞ്ചഗ്രന്ഥം, യോശുവാ, ന്യായാധിപന്മാർ, 1 ശമുവേൽ, സങ്കീർത്തനങ്ങൾ, സദൃശ്യവാക്യങ്ങൾ, യെശയ്യായുടെ ഒരു ഭാഗം. തുടക്കം മുതൽ വെളിപാടു പുസ്തകമുൾപ്പെടെ തീത്തൂസിന്റെ ലേഖനം വരെയുള്ള പുതിയനിയമം മുഴുവനും തയ്യാറായിരുന്നു.” 1818 ഫെബ്രുവരി 10 ആയപ്പോഴേക്കും ഈ പുസ്തകങ്ങളും തീർന്നു. 2 ശമുവേൽ ഒരു അദ്ധ്യായം വരെ, യെരമ്യാവ്, വിലാപങ്ങൾ, യഹസ്കേൽ ഇരുപത് അദ്ധ്യായങ്ങൾ. പുതിയനിയമം സംബന്ധിച്ചുള്ള പഴയ പരാതി വീണ്ടും തുടർന്നു. ചേപ്പാട്ടുകാരൻ പീലിപ്പോസ് കത്തനാർ ഇതുവരെയും സെമിനാരിയിൽ എത്തിയില്ല. പരിഭാഷ അടുത്ത ഒരു മാസത്തിനകം പൂർത്തിയാക്കുമെന്ന് 1818 മെയ് 26-ന് മൺറോ മദ്രാസിലുള്ള തോംസണ് എഴുതി. അദ്ദേഹത്തിന്റെ അടുത്ത നിർദ്ദേശം കോട്ടയത്തുതന്നെ ഒരു അച്ചുകൂടം സ്ഥാപിച്ചാൽ

അവിടെതന്നെ കൂടുതൽ മിഷനറിമാരെ അയയ്ക്കാമെന്നാണ്. “വാസ്തവത്തിൽ നമുക്ക് യാതൊരു ബുദ്ധിമുട്ടും കൂടാതെ ഒരു ഇരുപതു മിഷനറിമാരെ വരെ ഉപയോഗിക്കുവാൻ സാധിക്കും.” വീണ്ടും മൺറോ ചിന്തിച്ചതുപോലെയുള്ള വേഗത ലഭിച്ചില്ല. 1818 ജൂൺ 27-ന് ബെയിലി തോംസന് അയച്ച കത്തനുസരിച്ച് ബൈബിൾ മിക്കവാറും തീർന്നിരുന്നു. “ദിനവൃത്താന്തവും ഒരു സുറിയാനി കൈയെഴുത്തുപ്രതിയിലും ഇല്ലാതിരുന്ന 2 ദിനവൃത്താന്തത്തിന്റെ രണ്ടദ്ധ്യായങ്ങളും ഇയ്യോബിന്റെ ഏതാനും അദ്ധ്യായങ്ങളും ബാക്കിയുണ്ടായിരുന്നത്.” ബോംബെയിലച്ചടിച്ച വി. മത്തായിയുടെ സുവിശേഷത്തിന്റെ റിവിഷനും ഇതിനകം രചിച്ചു. 1818 ജൂലൈ 22-ന് ബെയിലി മൺറോയ്ക്ക് എഴുതിയതനുസരിച്ച് ഒന്നാം ദിനവൃത്താന്തമൊഴികെ എല്ലാം പൂർത്തിയാക്കി. എന്നാൽ അച്ചടിക്കു മുൻപുള്ള ഒരു പുനഃപരിശോധനയ്ക്ക് മുഴുവൻ ഭാഗവും വിധേയമാകുവാൻ കുറെ താമസമെടുക്കും എന്നും പറഞ്ഞിരുന്നു.

തർജ്ജമ പ്രസിദ്ധീകരിക്കുന്നതിന്റെ തിടുക്കത്തെ സംബന്ധിച്ചും തർജ്ജമയുടെ തെറ്റിക്കൂടായ്മയെപ്പറ്റിയുമുള്ള മൺറോയുടെ ആജ്ഞകൾ കഠിനമായിരുന്നതിനാൽ അദ്ദേഹത്തിന് കാര്യങ്ങൾ വേഗം ചെയ്യേണ്ടിയിരുന്നു. ഇംഗ്ലീഷ് ചർച്ച് മിഷന്റെ 19-ാമത്തെ വാർഷിക റിപ്പോർട്ടിൽ പറയുന്നത് മലയാള ബൈബിൾ 1818-ൽ പൂർത്തിയാകുമെന്നായിരുന്നു. എന്നാൽ മൺറോ 1819 ജനുവരി 21-ന് തോംസണയച്ച കത്തനുസരിച്ച് കോട്ടയത്തു നടന്ന തർജ്ജമയിൽ അദ്ദേഹം സംതൃപ്തനായിരുന്നില്ല. മലയാളത്തിലുള്ള പ്രതി ബെയിലി ഒരാവർത്തി നല്ലവണ്ണം വായിക്കണമെന്നാണ് അദ്ദേഹം ആവശ്യപ്പെട്ടത്. ഇപ്പോൾ ലഭ്യമായിരിക്കുന്ന കൃതിയുടെ ഒരു റിവിഷൻ എന്നതിലുപരി ഒരു പുതിയ പതിപ്പാണാവശ്യമെന്നതിനാൽ അതിന് വേണ്ടത്ര സമയം എടുത്തുകൊള്ളുവാനും അനുവാദം നൽകി. 1818-ൽ തന്നെ ബെയിലിക്ക് ഇത് അറിയാമായിരുന്നു. ജൂൺ 27-ന് അദ്ദേഹം തോംസണ് എഴുതിയ കത്തിൽ പറയുന്നത് പരിഭാഷയുടെ തെറ്റുകൾ തിരുത്തുന്നതിനായി ഒരു ബ്രാഹ്മണന്റെ സഹായത്തോടെ താൻ ദിവസേന അഞ്ചാറു മണിക്കൂറുകൾ ചിലവഴിക്കുന്നുണ്ട് എന്നാണ്. കൂടാതെ അവർക്ക് വളരെ സാവധാനം മാത്രമേ മുന്നോട്ടു പോകാനാകുന്നുള്ളു എന്നും ഒറ്റ ഇരുപ്പിന് ഒരു അദ്ധ്യായത്തിൽ കൂടുതലൊന്നും ചെയ്യാൻ കഴിയുന്നില്ലായെന്നും എഴുതി. വൈകുന്നേരങ്ങളിൽ ബ്രാഹ്മണന്റെ സഹായം കൂടാതെയും ജോലി ചെയ്തിരുന്നതുകൊണ്ട് അദ്ദേഹത്തിന് മറ്റു കാര്യങ്ങൾക്ക് സമയം കിട്ടിയിരുന്നില്ല. നേരത്തെ സൂചിപ്പിച്ച 1818 ജൂലൈ 22-ലെ എഴുത്തിൽ ബെയിലി ഓർമ്മിപ്പിക്കുന്നത് ബ്രാഹ്മണനെ കൂടാതെ തമിഴ് ഭാഷ അറിയാവുന്ന ഒരാളെ കൂടി ലഭിച്ചിട്ടുണ്ടെന്നും ആയതിനാൽ സുറിയാനി, തമിഴ്, ഇംഗ്ലീഷ് എന്നീ ഭാഷകളും ബൈബിളിന്റെ മാതൃഭാഷകളുമൊക്കെ ഉപയോഗിക്കുന്നതുകൊണ്ട് മലയാള

ത്തിലുള്ള തർജ്ജമ തെറ്റുകൾ കൂടാതെയും സൂക്ഷ്മമായും ഭാഷാന്തരം ചെയ്യുവാൻ സാധിക്കുമെന്നാണ്. ബോംബെയിൽ അച്ചടിച്ച സുവിശേഷ ങ്ങൾ മുഴുവൻ തെറ്റുകൾ ഉള്ളതിനാൽ അതിന്റെ റിവിഷൻ ജോലി വിചാ രിച്ചയത്രയും വേഗം നടന്നില്ല. വി. മത്തായിയുടെ സുവിശേഷം ഇതി നകം സൂഷ്മ പരിശോധനയ്ക്ക് വിധേയമാക്കി. എന്തുകൊണ്ടാണ് താൻ ഇപ്പോഴുള്ള പരിഭാഷയേക്കാൾ പുതിയ ഒരു വിവർത്തനം ആഗ്രഹിക്കു ന്നതെന്ന് 1821 മെയ് മാസം ബെയിലി വ്യക്തമാക്കി. റിവിഷൻ ജോലി പുതിയ പരിഭാഷയേക്കാൾ മടുപ്പുളവാക്കുന്നതും സമയമെടുക്കുന്നതു മായ ഒന്നാണ്. കത്തനാരന്മാർ മലയാള ഭാഷയുടെ വാചക ഘടനയും ശൈലീപ്രയോഗങ്ങൾക്കും വേണ്ടത്ര പ്രാധാന്യം നൽകിയിട്ടില്ല. ആയ തിനാൽ സാധാരണജനങ്ങൾക്ക് ഈ പരിഭാഷ മനസ്സിലാക്കുവാൻ ബുദ്ധി മുട്ടുണ്ട്. ഇപ്പറഞ്ഞതിന്റെ അർത്ഥം മനസ്സിലാക്കുവാൻ കത്തനാരന്മാരെ ക്കൊണ്ടു തന്നെ താൻ പഞ്ചഗ്രന്ഥങ്ങളുടെയും, പ്രവചനപുസ്തകങ്ങ ളുടെയും, ലേഖനങ്ങളുടെയും ഏതാനും അദ്ധ്യായങ്ങൾ മദ്രാസ് കറ സ്പോണ്ടിംഗ് കമ്മിറ്റിയ്ക്ക് സമർപ്പിക്കുവാൻ ആഗ്രഹിക്കുന്നതായും അദ്ദേഹം എഴുതി. മദ്രാസിൽ തന്നെയുള്ള മലയാളമറിയാവുന്നവരുടെ അഭിപ്രായവും ഇക്കാര്യത്തിൽ സ്വീകരിക്കാവുന്നതാണ്.

കൽക്കട്ടായിലുള്ള ബൈബിൾ സൊസൈറ്റിയുടെ എട്ടാം വാർഷിക റിപ്പോർട്ടനുസരിച്ച് ആദ്യത്തെ പരിഭാഷയുടെ ഒരു പ്രധാന പ്രശ്നം സുറി യാനിക്കാരുടെ ഇടയിൽ തന്നെ ഉപയോഗിച്ചുവരുന്ന മലയാളം വ്യത്യ സ്തമാണെന്നതാണ്. ആദ്യത്തെ പരിഭാഷ തെക്ക് തിരുവിതാംകൂറി ലുള്ളവർക്ക് മനസ്സിലാകുമെന്നുള്ളത് വാസ്തവമാണ്, എന്നാൽ ഇത് വട ക്കുള്ളവർക്ക് മനസ്സിലാവുകയില്ല. ആയതിനാൽ വടക്കുള്ളവർക്കും തെക്കുള്ളവർക്കും വേണ്ടി രണ്ട് പരിഭാഷകൾ നടത്തേണ്ടിവരും. എന്നാൽ ബെയിലി ഇതിന് അനുകൂലമായ അഭിപ്രായക്കാരനായിരുന്നില്ല. നേരത്തെ ചർച്ച ചെയ്ത 1821 മെയ് മാസത്തിലെ ബെയിലിയുടെ വിവ രണമനുസരിച്ച് ബൈബിൾ പരിഭാഷ തെറ്റായ ദിശകളിലേക്ക് പോയ തിനു കാരണമുണ്ട്. വടക്കൻ കേരളത്തിൽ തലശ്ശേരിയിൽ താമസിച്ചി രുന്ന ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ചാപ്ലയിനായിരുന്ന റവ. ഫ്രാൻസിസ് സ്പ്രിംഗിന് ഉല്പത്തി പുസ്തകത്തിന്റെ പരിഭാഷ തെറ്റുതിരുത്തൽ കൂടാതെ ബെയിലി അയച്ചുകൊടുത്തു. ഈ വിവർത്തനം ഓടിച്ചു നോക്കിയ റവ. സ്പ്രിംഗ് പെട്ടെന്ന് എടുത്ത തീരുമാനം വടക്കൻ കേര ളത്തിലുള്ളവർക്ക് വേണ്ടി കോട്ടയത്ത് ഇരുന്ന് ഒരു വേദപുസ്തക പരി ഭാഷ അസാധ്യമാണെന്നായിരുന്നു. അതുകൊണ്ട് രണ്ട് പരിഭാഷകൾ വേണമെന്ന കാര്യത്തിൽ സ്പ്രിംഗ് ഉറച്ചുനിന്നു. ബെയിലിയാകട്ടെ മുഴു വൻ മലയാളികൾക്കും മനസ്സിലാകുന്ന ഒരു പരിഭാഷയെപ്പറ്റിയാണ് ചിന്തി ച്ചുകൊണ്ടിരുന്നത്. വടക്കൻ കേരളത്തിലെ തലശ്ശേരിയിൽ ദീർഘകാലം

താമസിച്ചിരുന്ന വൈദ്യനാഥന്റെ സഹായം കൂടി ഇക്കാര്യത്തിൽ ബെയിലി ഉറപ്പാക്കി.

ബെയിലിയും സ്പ്രിംഗും തമ്മിലുള്ള തർക്കത്തിന്റെ പരിഹാരത്തെപ്പറ്റി പ്പറയുന്നതിനു മുൻപ് കോട്ടയത്തു നടത്തിയ പരിഭാഷ എങ്ങനെയാണ് അച്ചടിച്ചത് എന്നതിലേക്കു തിരിയാം. മിഷനറിമാർക്കോ, കത്തനാര ന്മാർക്കോ ആവശ്യത്തിന് എബ്രായഭാഷ വശമില്ലാതിരുന്നതിനാൽ ആ ഭാഷയിലുള്ള ടെക്സ്റ്റ് പരിഭാഷയ്ക്കായി ഉപയോഗിക്കേണ്ടതില്ലാ എന്ന് മൺറോ പറഞ്ഞിരുന്നു. മറിച്ച്, സുറിയാനി ബൈബിളിന്റെ പരിഭാഷയാണ് വേണ്ടതെന്ന് അദ്ദേഹം നിർദ്ദേശിച്ചു. ഇക്കാര്യത്തിൽ ബെയിലി സന്തോ ഷവാനായിരുന്നില്ല. അതുകൊണ്ട് അദ്ദേഹം മലയാള പരിഭാഷ എബ്രായ ഭാഷയിലുള്ള ടെക്സ്റ്റുമായി ഒത്തുനോക്കുന്നതിന് ഒരാളെ അന്വേഷിച്ചു. അങ്ങനെ അദ്ദേഹത്തിന് കൊച്ചിയിലെ യഹൂദന്മാരുടെ ഇടയിൽ പണ്ഡി തനും, പേരുള്ളവനുമായ മോശ ഇസാർപതി (Mose Isarphati) യെ സഹാ യത്തിനായി ലഭിച്ചു. ഇദ്ദേഹം 1825 വരെ കോട്ടയത്തുള്ള കോളജിൽ എബ്രായ ഭാഷാധ്യാപകനായി നിയമിതനായിരുന്നു. ഇദ്ദേഹത്തിലൂടെ സുറിയാനി മൽപ്പാന്മാർക്കും എബ്രായ ഭാഷ പഠിക്കുവാനുള്ള താല്പ ര്യവും ഉണ്ടായി. ഇതു കൂടാതെ സംസ്കൃതമറിയാമായിരുന്ന ഏതാനും ബ്രാഹ്മണരും നായന്മാരും ഇവരോടു കൂടി. പുതിയനിയമത്തിന്റെ കാര്യ ത്തിൽ തുടക്കം മുതലെ അച്ചടിച്ച ഒരു സുറിയാനി ബൈബിൾ അവർക്ക് ലഭ്യമായിരുന്നു. മൺറോ പറയുന്നത് ഇത് റോമിൽ അച്ചടിച്ചതാണെന്നും സുറിയാനിക്കാർ അത് കത്തോലിക്കരിൽ നിന്നും സ്വീകരിച്ചതാണെന്നു മത്രെ. ഇതു കൂടാതെ ഏതൊക്കെ പുസ്തകങ്ങളാണ് തർജ്ജമ ചെയ്യ പ്പെടുന്നതെന്നും ഏതൊക്കെ വ്യത്യസ്തങ്ങളായ മാനുസ്ക്രിപ്റ്റുകൾ ഉപ യോഗിക്കുമെന്നുള്ളത് സുറിയാനിക്കാരുടെ ബിഷപ്പിനെ ബോധ്യപ്പെടു ത്തണമെന്ന് മൺറോ മിഷനറിമാരോട് ആവശ്യപ്പെട്ടിരുന്നു. അക്കൂട്ടത്തിൽ എത്തിയ ഒരു ധാരണയാണ്. "അപ്പോക്രിഫൽ പുസ്തകങ്ങളെ" (Apocryphal Books) ഒഴിവാക്കണമെന്നുള്ളത്. അതുപോലെ തന്നെയുള്ള ഒരു വിഷയമായിരുന്നു യോഹന്നാന്റെ സുവിശേഷം 8-ാം അദ്ധ്യായത്തിൽ പറയുന്ന വ്യഭിചാരിയായ സ്ത്രീയുടെ കഥ. ഇത് സുറിയാനി ബൈബി ളിൽ ഉണ്ടായിരുന്നില്ല; യോഹന്നാന്റെ ലേഖനങ്ങളെ സംബന്ധിച്ചും പൊരു ത്തക്കേടുകൾ ഉണ്ടായിരുന്നു. യോഹന്നാൻ 8-ാം അദ്ധ്യായം 1 മുതൽ 11 വരെയുള്ള വാക്യങ്ങളുടെ നിജസ്ഥിതിയെ സംബന്ധിച്ച് ഇംഗ്ലീഷ് പണ്ഡി തന്മാരുടെ ഇടയിലും തർക്കങ്ങൾ നിലവിലുണ്ട് എന്ന് മൺറോ ഓർമ്മി പ്പിച്ചുവെങ്കിലും അവസാനം ആ ഭാഗം പരിഭാഷയ്ക്കായി തിരഞ്ഞെടുത്തു.

നാം നേരത്തെ കണ്ടതുപോലെ ഏതാനും ചില കത്തനാരന്മാർ മല യാള പരിഭാഷയുമായി കൽക്കട്ടയ്ക്ക് പോകണമായിരുന്നു. ഈ പട്ടക്കാർ

അച്ചടി സൂപ്പർവൈസു ചെയ്യുകയും, പ്രൂഫ് പരിശോധിക്കുകയും ചെയ്യുന്നതു കൂടാതെ അച്ചടിയെ സംബന്ധിച്ചും ബയന്റിംഗിനെ സംബന്ധിച്ചും പഠിക്കുമെന്നുമാണ് പ്രതീക്ഷിച്ചിരുന്നത്. അച്ചടിയുടെ ടൈപ്പുകൾ തയ്യാറാകുന്നതനുസരിച്ച് കോട്ടയം കോളജിനെ തന്നെ അച്ചടി ഏൽപ്പിക്കണമെന്നുള്ളതായിരുന്നു മൺറോയുടെ ആഗ്രഹം. മദ്രാസ് കറസ്പോണ്ടിംഗ് കമ്മിറ്റിയുടെ സെക്രട്ടറിയായിരുന്ന തോംസണിന്റെ അദ്ധ്വാനത്താൽ 1820–ൽ മദ്രാസ് ഓക്സിലിയറി ബൈബിൾ സൊസൈറ്റി എന്ന പ്രസ്ഥാനമാരംഭിച്ചു. കൽക്കട്ടാ ബൈബിൾ സൊസൈറ്റിയുടെ നേതൃത്വ സ്ഥാപനത്തിലിരുന്നുകൊണ്ടുള്ള അദ്ദേഹത്തിന്റെ സേവനങ്ങൾ നാം ഇതിനകം പറഞ്ഞു കഴിഞ്ഞതാണല്ലോ. കോട്ടയത്തു നിന്നും വളരെ ദൂരത്തുള്ള കൽക്കട്ടായേക്കാൾ സമീപത്തുള്ള മദ്രാസിലെത്തുക എളുപ്പമായിരുന്നതിനാൽ ബൈബിൾ സൊസൈറ്റിയുടെ ഈ രണ്ടാം കേന്ദ്രം മലയാള ബൈബിളിന്റെ രൂപീകരണത്തിന് സഹായമായിത്തീർന്നു. മറ്റൊരു സംഗതി 1821 ഒക്ടോബർ 18–ന് ഇംഗ്ലണ്ടിൽ നിന്നു കോട്ടയത്ത് എത്തിച്ച പ്രിന്റിംഗ് പ്രസ്സായിരുന്നു. 1821 ഫെബ്രുവരി 19–ന് ചർച്ച് മിഷന്റെ പ്രധാന കേന്ദ്രത്തിൽ നിന്നും അയച്ച കത്തിൽ ഈ പ്രസ് വരുന്നതിനെപ്പറ്റിപ്പറഞ്ഞിരുന്നു. മദ്രാസ് കറസ്പോണ്ടിംഗ് കമ്മിറ്റിക്ക് ലഭിച്ച കത്തിൽ പറയുന്നപ്രകാരം ആ ആഴ്ചയിൽ തന്നെ ഒരു പ്രസ്സ്, പേപ്പർ എന്നിവ കൂടാതെ ഇംഗ്ലീഷ് അക്ഷരത്തിന്റെ ടൈപ്പുകളുടെ ഒരു സെറ്റും ബോംബെ വഴി കോട്ടയത്തുപോകുന്ന കാഡ്മസ് (Cadmus) കപ്പലിൽ അയച്ചിരുന്നു. വാസ്തവത്തിൽ കോട്ടയത്തുള്ള മിഷനറിമാർ മദ്രാസ് കറസ്പോണ്ടിംഗ് കമ്മിറ്റിയോടാവശ്യപ്പെട്ടത് സുറിയാനി അക്ഷരങ്ങളുടെ അച്ചുകളാണ്. എന്നാൽ 1821 മെയ് അഞ്ചിനെഴുതിയ ഒരു കത്തിൽ ഈ ആവശ്യം തിരസ്കരിച്ചിരുന്നു. മാർത്തോമ്മാ ക്രിസ്ത്യാനികൾക്കു സുറിയാനി പുസ്തകങ്ങൾ ഉണ്ടാക്കുന്നത് തങ്ങളുടെ ലക്ഷ്യമല്ലായെന്നതാണ് കാരണമായി പറഞ്ഞത്. സുറിയാനി ഒരു മൃതഭാഷയാണെന്നും മൃതഭാഷയിൽ പുസ്തകങ്ങളച്ചടിച്ചാൽ സമൂഹത്തിലെ വലിയ ഒരു ഭാഗത്തെ അവയിൽ നിന്നും അകറ്റുവാൻ മാത്രമേ അതുപകരിക്കൂ എന്നുമായിരുന്നു ലണ്ടനിൽ നിന്നു കിട്ടിയ മറുപടി. അതിനേക്കാൾ നല്ലത് അവരുടെ പ്രാദേശികഭാഷയിൽ പുസ്തകങ്ങളുണ്ടാക്കുന്നതാണ്; എന്നുപറഞ്ഞാൽ പ്രാർത്ഥനാരീതികളും സഭാപരമായ പുസ്തകങ്ങളും. ചുരുക്കത്തിൽ, സുറിയാനി ഭാഷയെ നിരുത്സഹപ്പെടുത്തുകയാണ് ചെയ്തത്. ഈ ഭാഷ തുടർന്നു ഉപയോഗിച്ചാൽ യാക്കോബായക്കാരുടെ ഇടയിൽ സ്വതന്ത്രമായ സുവിശേഷപ്രവർത്തനം നടത്തുവാൻ അതൊട്ടും സഹായമായിരിക്കുകയില്ല എന്നും മദ്രാസ് അഭിപ്രായപ്പെട്ടു.

ഇതിനെപ്പറ്റി ആലപ്പുഴയിൽ നിന്നും കോട്ടയത്തേക്ക് പ്രിന്റിംഗ് പ്രസ്സ് കൊണ്ടുവന്ന നോർട്ടൺ 1821 ഡിസംബർ 21–ന് എഴുതുന്നുണ്ട്. "പ്രസ്

ലഭിച്ചതിൽ ഞങ്ങൾക്ക് വളരെ സന്തോഷമുണ്ട്. ഞാനത് കോട്ടയത്ത് എത്തിച്ചു. കഴിഞ്ഞ രണ്ടു മാസമായി ഞാൻ മുഴുവൻ സമയവും കസേരയിലും മേശയിലും ബന്ധിതനായിരുന്നുവെങ്കിലും ഇക്കാര്യത്തിൽ ഞാൻ ഭാഗ്യവാനാണ്." സുറിയാനിക്കാരും അവരുടെ ആഹ്ലാദം പങ്കിട്ടു. ഇംഗ്ലണ്ടിലുള്ള ഉദാരമതികളായ സുഹൃത്തുക്കളെ മെത്രാപ്പോലീത്താ നന്ദിയറിയിക്കുകയും ബൈബിൾ സൊസൈറ്റിയുടെ ആവശ്യത്തിനായി വർഷംതോറും ഇരുപതു രൂപാ അയയ്ക്കണമെന്ന് താല്പര്യപ്പെടുകയും ചെയ്തു (പ്രധാന മൽപ്പാന് വർഷംതോറും ലഭിച്ചിരുന്നത് പന്ത്രണ്ട് രൂപയാണ്). എന്നിട്ടും മലയാളം ടൈപ്പുകൾ ലഭ്യമല്ലാതിരുന്നതിനാൽ തയ്യാറായ പരിഭാഷകൾ അച്ചടിക്കുവാൻ സാധിച്ചില്ല. ഇതിനിടയിൽ മദ്രാസിൽ നിന്നും കോട്ടയത്ത് അക്ഷരങ്ങൾ എത്താഞ്ഞതിനാൽ അവ ഉണ്ടാക്കിയെടുക്കുവാൻ ബെയിലി തന്നെ തുനിഞ്ഞിറങ്ങി. ഇവ നിർമ്മിക്കുന്ന സ്ഥലം (Foundry) ഒരിക്കൽപോലും കണ്ടിട്ടില്ലായെങ്കിലും അദ്ദേഹം എൻസൈക്ലോപീഡിയാ ബ്രിട്ടാണിക്കായും മറ്റു ചില പുസ്തകങ്ങളും പരിശോധിച്ച് ടൈപ്പുകൾ ഉണ്ടാക്കുന്ന രീതി മനസ്സിലാക്കുകയും ഒരു സഹായിയുടെയും രണ്ടു തട്ടാന്മാരുടെയും സഹായത്താൽ അവ നിർമ്മിക്കുകയും ചെയ്തു. അവയിൽ അച്ചടിച്ച ആദ്യ പ്രൂഫു കണ്ട ബ്രിട്ടീഷ് റെസിഡന്റ് ന്യൂവാൾ (Newall) സന്തുഷ്ടനാകുകയും ബെയിലിയുടെ ഉത്സാഹത്തേയും കഠിനാദ്ധ്വാനത്തെയും മുക്തകണ്ഠം പ്രശംസിക്കുകയും ചെയ്തു. പുതിയ അക്ഷരങ്ങളുടെ ഒരു പ്രത്യേകത അതിന്റെ ചെറിയ സൈസായിരുന്നു. അതുകൊണ്ടു നേരത്തെയുള്ളതിനേക്കാളും തമിഴിൽ അച്ചടിച്ച ബൈബിളിനേക്കാളും താരതമ്യേന പകുതി ചെലവിൽ അച്ചടി പൂർത്തിയാകുമായിരുന്നു. പഴയ ടൈപ്പുപയോഗിച്ച് പുതിയനിയമത്തിലെ ഇടയലേഖനങ്ങളുടെ 600 കോപ്പികളും ഗിരിപ്രഭാഷണങ്ങളുടെ 400 കോപ്പികളും സുറിയാനി മെത്രാപ്പോലീത്തായുടെ വൈദികർക്കായും സെമിനാരി വിദ്യാർത്ഥികളുടെ ഉപയോഗത്തിനായി വേറെ ചില ചെറിയ പുസ്തകങ്ങളും അച്ചടിച്ചിരുന്നു.

പ്രസിനുവേണ്ടിയുള്ള ബെയിലിയുടെ പരിശ്രമം പരിഭാഷാവൃത്തിയെ സാവധാനത്തിലാക്കി. അദ്ദേഹം 1822 സെപ്റ്റംബറിൽ പറയുന്നത് മലയാളത്തിലുള്ള കൈയെഴുത്തുപ്രതികളുടെ കുറെ കോപ്പികൾ വൈദികരുടെയും വിശ്വാസികളുടെയും ഇടയിൽ പ്രചരിപ്പിച്ചുവെന്നാണ്. സുവിശേഷങ്ങൾക്കു ശേഷം പ്രകാശനം ചെയ്യേണ്ടിയിരുന്നത് അപ്പോസ്തോല പ്രവൃത്തികളും ലേഖനങ്ങളുമായിരുന്നു. റിവിഷൻ ജോലി ഒന്നാം കൊരിന്ത്യ ലേഖനം വരെയെത്തിയിരുന്നു. എബ്രായർ 11-ാം അദ്ധ്യായം ഉൾപ്പെടെയുള്ള പുതിയനിയമം അടുത്ത വർഷം അച്ചടിക്കു തയ്യാറായി. വെളിപ്പാടു പുസ്തകത്തിന്റെ സൂക്ഷ്മപരിശോധനയ്ക്ക് ശേഷം പുതിയ നിയമവും അച്ചടിക്ക് ലഭ്യമായി. റോമാലേഖനവും ഒന്നാം കൊരിന്ത്യ

ലേഖനവും ഒന്നു കൂടി പരിശോധിക്കുവാൻ ബെയിലി ആഗ്രഹിച്ചു. 1825 മെയ് മാസം 3-ന് പ്രസിദ്ധീകരിച്ച മിഷൻ സൊസൈറ്റിയുടെ 25-ാം വാർഷിക റിപ്പോർട്ടനുസരിച്ച് കോട്ടയത്തെ പ്രസിൽ നിന്നും ഏറ്റവുമാദ്യം അച്ചടിച്ച പുസ്തകം വി. മത്തായിയുടെ സുവിശേഷമാണ്. ഇതിൽ തന്നെ ഈ പുസ്തകത്തിന്റെ ആവശ്യകതയും എത്രയാണെന്നുള്ളതിന് തെളിവുണ്ട്. "കുത്തിക്കെട്ടി ബയന്റ് ചെയ്യേണ്ട താമസം വി. മത്തായിയുടെ സുവിശേഷം പെട്ടെന്ന് കൊടുത്തു തീർന്നു." അടുത്ത വർഷത്തെ റിപ്പോർട്ടിൽ ബെയിലി മദ്രാസിലുള്ള ഓക്സിലിയറി ബൈബിൾ സൊസൈറ്റിക്ക് എഴുതിയ ഒരു കത്തിൽ സംഗതി പറയുന്നുണ്ട്. ഇത് മർക്കോസ്, യോഹന്നാൻ, അപ്പോസ്തോലപ്രവർത്തികൾ, റോമർക്കെഴുതിയ ലേഖനം, 1 കൊരിന്ത്യർ എന്നീ പുസ്തകങ്ങളുടെ റിവിഷൻ ജോലിയെ സംബന്ധിച്ചും മലയാളത്തിലുള്ള വി. ലൂക്കോസിന്റെ സുവിശേഷം ഇംഗ്ലീഷിലെ Authorised Version ൽ നിന്നും ഏതെല്ലാം കാര്യങ്ങളിൽ വ്യത്യാസപ്പെട്ടിരിക്കുന്നു എന്നുള്ളതുമാണ്. റിപ്പോർട്ടിൽ പറയുന്നതനുസരിച്ച് മദ്രാസിലെ ഓക്സിലിയറി ബൈബിൾ സൊസൈറ്റിയുടെ കമ്മിറ്റി ഇനി അച്ചടിയ്ക്കുള്ള അനുവാദം നൽകണമായിരുന്നു.

1825 ഒക്ടോബർ 1-ലെ ബെയിലിയുടെ വിവരണം നോക്കുക. മലയാള പരിഭാഷയുടെ റിവിഷൻ ജോലികൾ മൊത്തമായി ഉപേക്ഷിച്ചില്ലായെങ്കിലും കഴിഞ്ഞ പന്ത്രണ്ടു മാസങ്ങൾ കൊണ്ട് മുൻപുള്ളയത്രയും ഉത്തരവാദിത്തത്തോടെ നടന്നില്ല. നേരത്തെ സൂചിപ്പിച്ചതുപോലെ അദ്ദേഹം പുതിയനിയമം മുഴുവനും വായിച്ചു നോക്കിയതാണ്. ഇതിന് ശേഷം അദ്ദേഹം പഴയനിയമം തിരുത്തിയില്ലായെങ്കിലും മാർക്കോസ്, യോഹന്നാൻ, അപ്പോസ്തോലപ്രവർത്തികൾ, റോമർ, ഒന്നും രണ്ടും കൊരിന്ത്യ ലേഖനങ്ങൾ എന്നിവ ഒരു തവണ കൂടി പരിശോധിച്ചതാണ്. 1827 ഒക്ടോബർ 1-ൽ ബെയിലി മദ്രാസ് കറസ്പോണ്ടിംഗ് കമ്മിറ്റിക്കയച്ച കത്തനുസരിച്ച് അപ്പോസ്തോലപ്രവർത്തികൾ (17-ാം അദ്ധ്യായമുൾപ്പെടെ) പ്രസിലാണ്. അതുകഴിഞ്ഞു വേണം റോമാ ലേഖനം അച്ചടിക്കുവാൻ. അതിനുശേഷം ലൂക്കോസിന്റെ സുവിശേഷം, അപ്പോസ്തോലപ്രവർത്തികൾ, റോമാ ലേഖനം എന്നിവയുടെ കുറെ കോപ്പികൾ അച്ചടിക്കുകയും വിതരണം ചെയ്യുകയും വേണം. ഇതിനെപ്പറ്റിയുള്ള ചില നിർദ്ദേശങ്ങൾ അദ്ദേഹം ഓക്സലിയറി ബൈബിൾ സൊസൈറ്റിക്കയക്കുകയും അവരുടെ മറുപടിക്കായി കാത്തിരിക്കുകയുമാണ്. കോട്ടയത്താണെങ്കിൽ കുറെക്കൂടി മെച്ചമായ ഒരു പ്രസ് വന്നതോടുകൂടി ജോലികൾ ഭംഗിയായി. രണ്ടു പ്രസുകളിലും മലയാള പുസ്തകങ്ങളാണ് അച്ചടിക്കുന്നത്. ചർച്ച് മിഷന്റെ 1828 മെയ് 6-നു പുറത്തുവിട്ട വാർഷിക റിപ്പോർട്ടനുസരിച്ച് ലൂക്കോസിന്റെ സുവിശേഷത്തിന്റെ 5000 കോപ്പികൾ അച്ചടിച്ചിട്ടുണ്ട്. മൂന്നാമതൊരു പ്രസു കൂടി കിട്ടിയാൽ പുതിയനിയമവും,

ആംഗ്ലിക്കൻ സഭയുടെ ആരാധനയുടെ മലയാള പരിഭാഷയും, കുട്ടികൾക്കായുള്ള പാഠപുസ്തകങ്ങളും അച്ചടിക്കാം. 1829-ൽ സമ്പൂർണ്ണ പുതിയനിയമത്തിന്റെ 5000 പ്രതികൾ തയ്യാറായി. അങ്ങനെ കോട്ടയം കോളജിലെ പ്രസിൽ കോപ്പികളുടെ ദൗർലഭ്യമുണ്ടായിരുന്നുവെന്നു പറയുക വയ്യ. 1830 മെയ് 4-ന് പ്രസിദ്ധീകരിച്ച വാർഷിക റിപ്പോർട്ടിൽ പറയുന്നതിതാണ്. "ആളുകളുടെ ആവശ്യമനുസരിച്ച് വേദപുസ്തക ഭാഗങ്ങളും മറ്റു മതപരമായ കൃതികളും അച്ചടിക്കുന്നതിൽ നാലു പ്രിന്റിംഗ് പ്രസുകൾ ഒരുപോലെ പ്രവർത്തിക്കുകയാണ്. സുറിയാനിക്കാരുടെയിടയിൽ വേദപുസ്തകത്തിന് നല്ല ഡിമാന്റുണ്ട്. ഇടവകകൾ സന്ദർശിക്കുമ്പോൾ മെത്രാപ്പോലീത്താ തന്നെ നേരിട്ടാണ് ഇവ വിതരണം ചെയ്യുന്നത്. ബൈബിളുമായുള്ള ഈ സഹവാസം ധാരാളം പ്രതീക്ഷകൾക്ക് വകനൽകുന്നുണ്ടെന്നുതന്നെയല്ല ആളുകൾ വേദപുസ്തകം വായിക്കുന്നു എന്നുള്ളത് ഇതിൽ വ്യക്തവുമാണ്. സുറിയാനിക്കാരുടെയിടയിൽ വേദപുസ്തകപ്രഭാഷണത്തിനായി തന്നെ നാലു പേർ ഇതിനകം നിയോഗിക്കപ്പെടുകയും അവർ ഫലപ്രദമായി പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്.

ഇനി നമുക്ക് പഴനിയമത്തിന്റെ പരിഭാഷയിലേക്കും അതിന്റെ പുനപരിശോധനയിലേക്കും ശ്രദ്ധിക്കാം. 1833-ൽ സങ്കീർത്തനങ്ങളുടെ ആയിരത്തിഅഞ്ഞൂറ് പ്രതികളാണ് കോട്ടയത്ത് അച്ചടിച്ചത്. ബെയിലി ഇംഗ്ലണ്ടിലേക്ക് അവധിക്കാലം ചെലവിടുന്നതിനായി പോയ സമയം നോർട്ടൺ ആലപ്പുഴയിൽ നിന്ന് വീണ്ടും ബൈബിൾ പരിഭാഷാവൃത്തിയിൽ ഉത്സുകനായി. അദ്ദേഹത്തിന്റെ റിപ്പോർട്ടനുസരിച്ച് സങ്കീർത്തനങ്ങൾ മലയാളത്തിൽ ലഭ്യമായതിനാൽ ആലപ്പുഴയിലെ മിഷൻ സ്കൂളിലെ വിദ്യാർത്ഥികൾ രാവിലെ ആറു മണിക്കും വൈകിട്ട് എട്ടു മണിക്കും അതാതു ദിവസം വായിക്കുന്നതിന് ചിട്ടപ്പെടുത്തിയ സങ്കീർത്തനങ്ങൾ മലയാളത്തിൽ തന്നെ വായിക്കുകയും അങ്ങനെ മാസംതോറും സങ്കീർത്തനങ്ങൾ മുഴുവനായും ഒരു തവണ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പഴയനിയമ പരിഭാഷയെ സംബന്ധിച്ച് നോർട്ടന്റെ ഡയറിക്കുറിപ്പുകൾ നൽകുന്ന വിവരമിതാണ്. 1833 ഡിസംബർ 15-ന് അദ്ദേഹമെഴുതിയതനുസരിച്ച് ആ വർഷം തന്നെ സങ്കീർത്തനങ്ങൾ, സദൃശ്യവാക്യങ്ങൾ, സഭാപ്രസംഗി, ഉത്തമഗീതം, യെശയ്യാപ്രവചനം എന്നീ പുസ്തകങ്ങൾ വായിച്ച് തിരുത്തൽ വരുത്തിയതു കൂടാതെ യെരമ്യാവ്, വിലാപങ്ങൾ എന്നീ ഗ്രന്ഥങ്ങൾ വിവർത്തനം ചെയ്യുകയും പരിശോധിക്കുകയും ചെയ്തു. തത്സമയം അദ്ദേഹം യഹസ്ക്കേൽ പ്രവചനമാണ് പരിശോധിച്ചുകൊണ്ടിരുന്നത്. 1834 മാർച്ച് 4-ാം തീയതി നോർട്ടൺ തന്റെ ഒരു കത്തിൽ സദൃശ്യവാക്യങ്ങളുടെ ഇപ്പോഴത്തെ പരിഭാഷയെപ്പറ്റി പറഞ്ഞിരുന്ന കാര്യം 1834 ഏപ്രിൽ 16-ന് കൂടിയ മദ്രാസ് കറസ്പോണ്ടിംഗ് കമ്മിറ്റിയുടെ ഒരു മീറ്റിംഗിൽ വായിച്ചു. അദ്ദേഹത്തിന്റെ അപേക്ഷ മദ്രാസിൽ തന്നെയുള്ള

മലയാള ഭാഷയറിയാവുന്ന ഒരാളെക്കൊണ്ടു കൂടി ഇപ്പോഴത്തെ പരിഭാഷ പരിശോധിപ്പിക്കണമെന്നുള്ളതായിരുന്നു. 1834 മെയ് 14-ന് കൂടിയ മദ്രാസ് കറസ്പോണ്ടിംഗ് കമ്മിറ്റിക്ക് കിട്ടിയ റിപ്പോർട്ട് നോർട്ടന്റെ സദൃശ്യവാക്യ പരിഭാഷയെപ്പറ്റി മദ്രാസിലുള്ള Fort St. George കോളജിലെ മലയാളാധ്യാപകൻ നല്ലയഭിപ്രായം പറഞ്ഞു എന്നാണ്. നോർട്ടന്റെ ഡയറി നമുക്ക് ഒന്നുകൂടി നോക്കാം. 1834 മാർച്ച് 17-ാം തീയതി എഴുതിയതനുസരിച്ച് അദ്ദേഹം യഹസ്ക്കേലും, ദാനിയേലും പരിഭാഷപ്പെടുത്തുകയായിരുന്നു. യെഹസ്ക്കേലിന്റെ രണ്ടാം ഭാഗം മുഷിപ്പനാണെങ്കിലും അദ്ദേഹം സന്തോഷത്തോടെ അതു പൂർത്തിയാക്കി. 1834 ജൂൺ 28-ന് നോർട്ടൻ എഴുതുന്നു: "ഇന്ന് പ്രവാചകപുസ്തകങ്ങളുടെ പരിഭാഷാ ജോലി പൂർത്തിയായതിൽ ഞാൻ ദൈവത്തെ സ്തുതിക്കുന്നു. ഇന്നത്തെ നമ്മുടെ സാഹചര്യമനുസരിച്ച് പഴയനിയമത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഗം ഇപ്പോൾ പ്രാദേശിക ഭാഷയിൽ എന്റെ കൈയിലായി. ഞാൻ ഇയ്യോബിലേക്ക് കടന്നു."

വേദപുസ്തക പരിഭാഷയെ സംബന്ധിച്ചിടത്തോളം 1834 വളരെ ഫലപ്രദമായ വർഷമായിരുന്നു. താഴെപ്പറയുന്ന പുസ്തകങ്ങൾ നോർട്ടന്റെ നേതൃത്വത്തിൽ കോട്ടയത്ത് അച്ചടിച്ചു: സദൃശ്യവാക്യങ്ങൾ, യെശയ്യാവ്, യിരമ്യാവ്, വിലാപങ്ങൾ, യഹസ്ക്കേൽ, ദാനിയേൽ, ചെറിയപ്രവാചകന്മാർ എന്നിവയുടെ 2000 കോപ്പികളും, സഭാപ്രസംഗി, ഉത്തമഗീതം എന്നിവയുടെ 1000 കോപ്പികളും. പഴയനിയമത്തിന്റെ പ്രധാനപ്പെട്ട പല ഭാഗങ്ങളും ഭംഗിയായി പരിഭാഷപ്പെടുത്തിത്തീർന്നിട്ടില്ലാതിരുന്ന പശ്ചാത്തലത്തിൽ 1825-ൽ മോശെ ഈസാർപതിയുടെ സേവനം നിർത്തലാക്കിയത് ബുദ്ധിയായിരുന്നോ എന്ന് ഇത്തരുണത്തിൽ സംശയിക്കേണ്ടിയിരിക്കുന്നു. സുറിയാനിക്കാരുടെയിടയിൽ ഏതാനും പട്ടക്കാരും മൽപ്പാന്മാരും എബ്രായ ഭാഷയിൽ ആവശ്യമായ പ്രാവീണ്യം നേടി എന്നതുകൊണ്ടു മാത്രം മലയാള പരിഭാഷയും എബ്രായഭാഷയിലുള്ള അതിന്റെ മൂലഗ്രന്ഥവും തമ്മിൽ ഒത്തുനോക്കുന്നതിന് അവർ പ്രാപ്തരായിരുന്നോ? നമുക്കത് അറിഞ്ഞുകൂടാ. എന്നാൽ ഈ പോയിന്റിന് ആഗ്രഹിച്ചതുപോലെയുള്ള പ്രാധാന്യം നൽകിയിരുന്നോ എന്നതിൽ ആശങ്കയുണ്ട്. മദ്രാസിലുള്ള ഓക്സിലിയറി ബൈബിൾ സൊസൈറ്റി മുകളിൽ പറഞ്ഞ വി. ലൂക്കോസിന്റെ സുവിശേഷത്തെപ്പറ്റിയുള്ള അഭിപ്രായ പ്രകടനത്തിലൂടെ വ്യക്തമാക്കുന്നത് മൂലഭാഷയിലുള്ള ബൈബിളിനെക്കാളും ഇംഗ്ലീഷിലുള്ള Authorised version ആണ് മുൻഗണന നൽകിയിരിക്കുന്നത് എന്നാണ്. പുതിയനിയമത്തിന്റെ കാര്യത്തിലാണെങ്കിൽ പുതിയ പരിഭാഷ ഗ്രീക്കിലുള്ള മൂലഗ്രന്ഥവുമായി എങ്ങനെ യോജിക്കുന്നു എന്ന് നമുക്കറിഞ്ഞുകൂടാ. അദ്ദേഹം ഇതു ശ്രദ്ധിച്ചു കാണാതിരിക്കില്ല. നോർട്ടൺ 1817 ജനുവരിയിൽ ഇങ്ങനെയെഴുതി: "പരിഭാഷയ്ക്ക് തിരുത്തലുകൾ വരു

ത്തുമ്പോൾ മെത്രാപ്പോലീത്തായും മല്പാന്മാരോടൊപ്പം ഇരിക്കണം. ഞങ്ങളും വേണ്ട സഹായങ്ങൾ ചെയ്തുകൊള്ളാം. ബിഷപ്പിന് സമ്മതമെങ്കിൽ വിവർത്തനം ചെയ്ത ഭാഗങ്ങൾ എബ്രായ, ഗ്രീക്ക്, സുറിയാനി എന്നീ ഭാഷകളിലുള്ള വേദപുസ്തകങ്ങളുമായി തട്ടിച്ചുനോക്കാം." ഇത്തരത്തിലുള്ള ഒരു നിർദ്ദേശം മെത്രാപ്പോലീത്താ തള്ളിക്കളയാനിടയില്ല. പിന്നെ എന്താണ് സംഭവിച്ചതെന്ന് വാസ്തവത്തിൽ നമുക്കറിഞ്ഞു കൂടാ.

1834-ൽ തന്റെ അവധിക്കാലം ചെലവഴിച്ചശേഷം മാതൃരാജ്യത്തിൽ നിന്നും തിരികെവന്ന ബെയിലി 1834 ഡിസംബർ 11-ന് മിഷൻ സൊസൈറ്റിയുടെ കേന്ദ്രനേതൃത്വത്തിനെഴുതിയ കത്തനുസരിച്ച് അദ്ദേഹം പരിഭാഷയിൽ നോർട്ടൺ കാണിച്ച വർദ്ധിച്ച ഉത്സാഹത്തിലും തന്റെ അസാന്നിദ്ധ്യത്തിൽ വേദപുസ്തകഭാഗങ്ങൾ പ്രസിദ്ധീകരിച്ചതിലും അസന്തുഷ്ടനായിരുന്നു. പരിഭാഷകൻ എന്ന തന്റെ മുൻപ്രവർത്തനം തന്റെ സഹോദരങ്ങളുടെ പ്രവൃത്തിമൂലം അപമാനിക്കപ്പെട്ടു എന്നദ്ദേഹം പരാതി പറഞ്ഞിരുന്നു. തന്റെ പുതിയനിയമ പരിഭാഷയെപ്പറ്റി മദ്രാസിലുള്ള ഓക്സിലിയറി ബൈബിൾ സൊസൈറ്റിയുടെ അഭിപ്രായമാരായുകയോ, പൊതുവായ ഒരു തീരുമാനമെടുക്കുകയോ ചെയ്യാതെ നോർട്ടനും റിഡ്സ്ഡാലെയും (Ridsdale) പരിഭാഷപ്പെടുത്തിയ പഴയ - പുതിയ നിയമങ്ങൾ മദ്രാസിലുള്ള ഏതാനും സഹോദരങ്ങളുടെ വ്യക്തിപരമായ താല്പര്യമനുസരിച്ച് അച്ചടിക്കുകയായിരുന്നു. ഈ നിർദ്ദേശം മൂലം തന്റെ പുതിയ നിയമപരിഭാഷ അപ്പാടെ നിരസിക്കുകയാണുണ്ടായത്. എന്താണ് ഇതിനു കാരണമെന്നു വ്യക്തമാകുന്നില്ലായെങ്കിലും ഓക്സിലിയറി ബൈബിൾ സൊസൈറ്റിയുടെ കമ്മിറ്റി അതിനോട് വിയോജിക്കുകയാണ് ചെയ്തത് എന്നു വേണം മനസ്സിലാക്കുവാൻ. മിഷനറിമാരായ നോർട്ടൺ, റിഡ്സ്ഡാലെ, ലണ്ടൺ മിഷൻ സൊസൈറ്റി കൊല്ലത്തു നിയമിച്ച മിസ്റ്റർ തോംസൺ എന്നിവർ ഒരുമിച്ചുകൂടി ബെയിലിയുടെ പരിഭാഷയുടെ കുഴപ്പങ്ങൾ എന്തൊക്കെയാണെന്ന് മദ്രാസിൽ അറിയിക്കണമെന്ന് മുകളിൽ പറഞ്ഞവരോട് മദ്രാസിലെ ഓഫീസ് ആവശ്യപ്പെട്ടു. എന്നാൽ അവരതിനു തയ്യാറായില്ലായെന്നു മാത്രമല്ല, എന്താണവരുടെ വാദങ്ങളെന്ന് ഇതുവരെയും ബെയിലിക്ക് ബോധ്യപ്പെട്ടിരുന്നുമില്ല. തിരികെ വന്ന ബെയിലി മനസ്സിലാക്കിയത് നോർട്ടന്റെ സങ്കീർത്തന പരിഭാഷ മദ്രാസ് കറസ്പോണ്ടിംഗ് കമ്മിറ്റിയുടെ സമ്മതത്തോടെയും സാമ്പത്തിക സഹായത്തോടെയുമാണ് പ്രസിദ്ധീകരിക്കപ്പെട്ടതെന്നാണ്. നോർട്ടന്റെ പ്രവചന പരിഭാഷ ആ സമയം പ്രസിലുമായിരുന്നു. ഇതിനു തന്നെ 2000 പ്രതികളുണ്ടായിരുന്നു. മാത്രവുമല്ല ഹഗ്ഗായി പ്രവചനം വരെ അച്ചടി തുടർന്നു പോന്നു. കൂടുതൽ വിവരങ്ങൾക്കായി കറസ്പോണ്ടിംഗ് കമ്മിറ്റിയുടെ സെക്രട്ടറിയായ ടക്കറിനോട് (Tucker) ബെയിലി എഴുതി ചോദിച്ചു. ബെയിലിക്കറിയേണ്ടിയിരുന്നത് ഇദ്ദേഹത്തിന്റെ അറിവോടുകൂടിയാണോ

നോർട്ടന്റെ പഴയനിയമം അച്ചടിപ്പിച്ചത് എന്നാണ്. ബെയിലിയുടെ ഈ അന്വേഷണം നമുക്ക് മനസ്സിലാക്കാവുന്നതേയുള്ളു. കാരണം, അദ്ദേഹം മാതൃരാജ്യത്തേക്ക് അവധിക്കു പോകുന്നതിനു മുൻപെ തന്നെ മദ്രാസിലുള്ള ഓക്സിലിയറി ബൈബിൾ സൊസൈറ്റിയുടെ ചെലവിൽ പഴയനിയമം പൂർണമായും തർജ്ജമ ചെയ്തുവച്ചിരുന്നു.

മുകളിൽ പറഞ്ഞ തർക്കങ്ങൾ എങ്ങനെ അവസാനിച്ചുവെന്ന് നമുക്കറിഞ്ഞുകൂടാ. ഒരു കാര്യം മാത്രം നമുക്കറിയാം. ബെയിലിക്ക് തന്റെ അവകാശം സ്ഥാപിച്ചു കിട്ടി. അച്ചടിക്കപ്പെട്ട മലയാള ബൈബിൾ പിൽക്കാലത്ത് "ബെയിലിയുടെ തർജ്ജമ" എന്ന് അറിയപ്പെട്ടു. 1838 മെയ് 29-ന് ബെയിലി റിപ്പോർട്ടു ചെയ്യുന്നത് പഞ്ചഗ്രന്ഥങ്ങളുടെ 5000 കോപ്പികൾ പ്രസിലുണ്ട് എന്നാണ്. ഉല്പത്തി പുസ്തകം ഇതിനകം തയ്യാറായിക്കഴിഞ്ഞു. അങ്ങനെ 1841-ൽ, ബോംബെയിൽ അച്ചടിച്ച നാലു സുവിശേഷങ്ങൾ പ്രസിദ്ധീകരിച്ച് മുപ്പതു വർഷങ്ങൾക്കു ശേഷം, മലയാള ബൈബിളിന്റെ പൂർണരൂപം പുറത്തുവന്നു. ബെയിലിയെ സംബന്ധിച്ചിടത്തോളം ബൈബിൾ പരിഭാഷപ്പെടുത്തേണ്ടത് പണ്ഡിതന്മാരുടെ ഭാഷയിലായിരിക്കണം. എന്നാലത് സാധാരണക്കാരായ മനുഷ്യർ വലിയ ബുദ്ധിമുട്ടില്ലാതെ മനസ്സിലാക്കുകയും വേണം. എന്നാൽ ഈ രണ്ടു കൂട്ടരുടെയും താല്പര്യങ്ങൾ ഒരുമിച്ചുകൊണ്ടുപോവുക അസാദ്ധ്യമായിരുന്നു. പുതിയനിയമം പ്രസിദ്ധീകരിച്ച് കഴിഞ്ഞയുടനെ വന്ന പരാതി അതിൽ ധാരാളം സംസ്കൃത പ്രയോഗങ്ങളുണ്ടെന്നും ആയതിനാൽ അത് വലിയ വിദ്യാഭ്യാസമില്ലാത്തവർക്ക് മനസ്സിലാക്കുവാൻ പ്രയാസമാണെന്നുമായിരുന്നു. അതുകൊണ്ട് കോട്ടയം കോളജിലെ വിദ്യാർത്ഥികൾ ബെയിലിയുടെ പുതിയനിയമത്തിലെ ചില ഭാഗങ്ങൾ സാധാരണക്കാരനു മനസ്സിലാവുന്നതരത്തിൽ സംസ്കൃതം കുറവുള്ള മലയാളശൈലിയിൽ പരിഭാഷപ്പെടുത്തി. എന്തുകൊണ്ടാണ് നോർട്ടനും റിഡ്സ്ഡാലെയും ബെയിലിയുടെ പരിഭാഷ ഉപേക്ഷിച്ച് വേറൊരു വിവർത്തനം നടത്തിയത് എന്നുള്ളതിനുള്ള ഉത്തരം ഈ സംഭവത്തിലൂടെ ഊഹിക്കാൻ കഴിയും.

മിഷനറിയായിരുന്ന ഡോറാൻ (Doran) എഴുതിയ 1830-ലെ പുതിയ യാത്രാവിവരണത്തിൽ ബെയിലിയുടെ പുതിയനിയമവും 1811-ൽ ബോംബെയിലച്ചടിച്ച സുവിശേഷങ്ങളും തമ്മിലുള്ള രസകരമായ ഒരു താരതമ്യമുണ്ട്. ബെയിലിയുടെ തർജ്ജമയിൽ ധാരാളം സംസ്കൃത ശൈലികളുള്ളതിനാൽ മനസ്സിലാകുവാൻ വളരെ ബുദ്ധിമുട്ടുണ്ട് എന്ന് ജനങ്ങൾ പരാതിപ്പെട്ടപ്പോൾ അദ്ദേഹം ബോംബെയിൽ അച്ചടിച്ച സുവിശേഷങ്ങളിലെ ഒരു ഭാഗം വായിച്ചു. ജനം ഇതു കേട്ടപ്പോൾ പറഞ്ഞത് ഞങ്ങൾക്കിതും ബെയിലിയുടെ പരിഭാഷയും മനസ്സിലായി എന്നാണ്. എങ്കിലും അവർ ബെയിലിയുടെ വിവർത്തനമാണ് ഭേദം എന്നഭിപ്രായ

പ്പെട്ടു. സംസ്കൃതശൈലികളുടെ പ്രശ്നം ആളുകളുടെ പഠന നിലവാരത്തെ സംബന്ധിച്ചുള്ളതാണെന്ന് സമ്മതിച്ചാൽപോലും മറ്റു ചില പ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ടതായിട്ടുണ്ട്. ഉദാഹരണമായി തെക്കും വടക്കും ഉള്ള മലയാളം വിഭിന്നമായതിനാൽ വടക്കർക്ക് ഒരു പ്രത്യേക തർജ്ജമ ആവശ്യമുണ്ടോ എന്ന ചോദ്യവും അവശേഷിക്കുന്നു. സുറിയാനിക്കാരാൽ തയ്യാറാക്കപ്പെട്ട ഒന്നാമത്തെ തർജ്ജമ മനസ്സിലാക്കുവാനുള്ള ബുദ്ധിമുട്ട് അടിസ്ഥാനപരമായി മോശപ്പെട്ട ഭാഷയായതുകൊണ്ടാണ് അല്ലാതെ തെക്കും വടക്കുമുള്ള ഭാഷാവ്യത്യാസം കൊണ്ടല്ല എന്ന് സ്ഥാപിക്കുവാൻ ബെയിലി ശ്രമിച്ചുവെങ്കിലും ബൈബിൾ സൊസൈറ്റിക്ക് അതത്ര ബോധ്യമായില്ല. കാരണം തലശ്ശേരിയിലുള്ള കപ്ലാൻ (പാപ്ളയിൻ) ഫ്രാൻസിസ് സ്പ്രിംഗ് (Kaplan Francis Spring) മദ്രാസിന്റെ സമ്മതത്തോടെ ഒരു പുതിയ പരിഭാഷയുണ്ടാക്കി. മലബാറിലെ ക്രിസ്ത്യാനികൾക്ക് (വടക്കൻ കേരളത്തെ ഇന്ന് വിളിക്കുന്നത് മലബാർ എന്നാണ്) സുറിയാനിയോ ബൈബിളിന്റെ മൂലഭാഷകളോ വശമില്ലാതിരുന്നതിനാലും കപ്ലാൻ സ്പ്രിംഗ്സിന്റെ മലയാള പരിജ്ഞാനം മോശമായിരുന്നതിനാലും പരിഭാഷയുടെ അടിസ്ഥാനകാര്യങ്ങൾ പരിഹരിക്കുകയെളുപ്പമായിരുന്നില്ല. ഇവിടെ 1808-ൽ വില്യം കേറി പ്രസിദ്ധീകരിച്ച പുതിയനിയമത്തിന്റെ സംസ്കൃത പരിഭാഷ സഹായകരമാണ്. 1818 മെയ് 5-ലെ ഇംഗ്ലീഷ് ചർച്ച് മിഷന്റെ വാർഷിക റിപ്പോർട്ടിൽ നാം വായിക്കുന്നത് തലശ്ശേരിയിൽ ചുമതലയേറ്റ് അധികം കഴിയുന്നതിനു മുൻപ് സ്പ്രിംഗ് മലയാളഭാഷ പഠിക്കാൻ തുടങ്ങിയെന്നും മലബാറിലെ ബൈബിൾ വിവർത്തനത്തിൽ അദ്ദേഹത്തിന് എന്തെങ്കിലും ചെയ്യാൻ കഴിയുമെന്നുമാണ്. 1819-ൽ അദ്ദേഹം ആംഗ്ലിക്കൻ സഭയുടെ വിശ്വാസ പഠന സംഹിത (Catechism), ആരാധന എന്നിവ കൂടാതെ ഏതാനും ബൈബിൾ ഭാഗങ്ങളും തർജ്ജമ ചെയ്തു. ഇതു സംബന്ധിച്ച് സ്പ്രിംഗിന്റെയാശയമിതായിരുന്നു: “ഉന്നത നിലവാരമുള്ളവരുടെയിടയിൽ ധാർമ്മികമായോ മതപരമോ ആയി വായിക്കാൻ കൊള്ളാവുന്ന ഒന്നും ജനം ഇവിടില്ല; കാരണം അവയെല്ലാം സംസ്കൃതത്തിലാണ് എഴുതിയിരിക്കുന്നത്. സംസ്കൃതത്തിലെഴുതിയ ബൈബിൾ സ്വീകരിച്ച് ആളുകൾ തന്നെ മലയാള ബൈബിൾ തിരസ്കരിച്ചേക്കാം.” അതുകൊണ്ട് സിപ്രിംഗ് മലയാളത്തിലും സംസ്കൃതത്തിലുമായി രണ്ടു ഭാഷകളിൽ ബൈബിൾ പ്രസിദ്ധപ്പെടുത്തി: സമാന്തരമായി രണ്ടു കോളങ്ങളിൽ മലയാള അക്ഷരങ്ങളിൽ തന്നെയാണ് ഇവ അച്ചടിച്ചത്. 1822-ൽ സ്പ്രിംഗ് പുതിയനിയമത്തിന്റെ പരിഭാഷ ഏതാണ്ട് പൂർണ്ണമാക്കുകയും മദ്രാസിലുള്ള ഓക്സിലിയറി ബൈബിൾ സൊസൈറ്റി അതു പ്രസിദ്ധീകരിക്കുവാൻ തയ്യാറാണെന്നറിയിക്കുകയും ചെയ്തു.

എങ്ങനെയാണ് അദ്ദേഹം തർജ്ജമ ചെയ്തത്? ആദ്യം രണ്ട് ഇന്ത്യക്കാർ ഒരു വേദഭാഗമെടുത്ത് സംസ്കൃതത്തിൽ നിന്ന് പരിഭാഷപ്പെടുത്തി. സംസ്കൃതവും, ഇംഗ്ലീഷും തമിഴും അറിയാവുന്ന ആളുകളുൾപ്പെട്ട ഒരു കമ്മിറ്റി ആഴ്ചയിൽ മൂന്നുവട്ടം സമ്മേളിച്ച് തർജ്ജമ ചെയ്ത ഭാഗങ്ങൾ വായിച്ചുകേൾക്കുകയും അവയെപ്പറ്റി ചർച്ചയിലേർപ്പെടുകയും ചെയ്തു. മിക്കപ്പോഴും അത്തരം മീറ്റിംഗുകളിൽ മറ്റുള്ളവരും വന്ന് അവരുടെ അഭിപ്രായങ്ങൾ അറിയിക്കുമായിരുന്നു. ഈ സമയം സ്പ്രിംഗ് കേട്ട സംഗതികൾ ഒരു ഗ്രീക്കു പുതിയനിയമത്തിന്റെയും തന്റെ കൈയിലുണ്ടായിരുന്ന ഒരു കമന്ററിയുടെയും സഹായത്തോടെ പുനഃപരിശോധിക്കുകയും ചെയ്തു. വീണ്ടും നേരത്തെ സൂചിപ്പിച്ച അദ്ധ്യായം വാക്യം പ്രതിവാക്യമായി ഒന്നു കൂടി വായിക്കുകയും അതിന്റെ അവസാനരൂപം നിശ്ചയിക്കുകയും ചെയ്തു. ബുദ്ധിമുട്ടുള്ളതും ഇരുണ്ടതുമായ ഭാഗങ്ങളെ സംബന്ധിച്ച് തന്റെ ജോലിക്കാർ ചോദ്യങ്ങൾ ചോദിച്ചിട്ടുള്ളപ്പോഴെല്ലാം സ്പ്രിംഗ് ഒരു കാര്യം പറഞ്ഞിരുന്നു. “ഞാൻ പറയുന്നത് നിങ്ങൾ കേട്ടാൽ മതി: എന്റെ ഉച്ചാരണത്തിലെ പരിമിതികൾ മൂലവും ഈ ദേശത്തെ ഭാഷ ആവശ്യത്തിന് അറിവില്ലാത്തതുകൊണ്ടും ഞാൻ പറയുന്നതെന്താണെന്ന് നിങ്ങളുടെ ആളുകളെ ശരിക്കും ബോധ്യപ്പെടുത്താനെനിക്കാവില്ല.” പരിഭാഷയുടെ സമയം ഇത്തരം വാചകം പറയാത്ത ഒരു ദിവസം പോലുമുണ്ടായിട്ടില്ലായെന്ന് തന്റെ അധ്വാനത്തെ സംബന്ധിച്ചു പറയുമ്പോൾ സ്പ്രിംഗ് പറയുന്നുണ്ട്. ഇതൊക്കെയാണെങ്കിലും സ്പ്രിംഗിന്റെ പരിഭാഷ പൂർണ്ണമാവുകയോ അച്ചടിക്കുകയോ ചെയ്യുവാൻ സാധിച്ചില്ല. മിഷൻ സൊസൈറ്റിയുടെ 24-ാമത്തെ വാർഷിക റിപ്പോർട്ടിൽ സ്പ്രിംഗ് തലശ്ശേരിയിൽ നിന്ന് സങ്കടത്തോടെ ഇക്കാര്യം വിവരിച്ചിട്ടുണ്ട്. 1825-ൽ വീണ്ടും തീരുമാനമുണ്ടായത് മലയാള ഭാഷ സംസാരിക്കുന്നിടത്തെല്ലാംകൂടി ഒറ്റ പരിഭാഷ മതിയെന്നാണ്.

ഒരു മലയാള ബൈബിൾ പരിഭാഷയുണ്ടാകുവാൻ ഇത്രയധികം സമയമെടുത്തു എന്നത് അത്ഭുതപ്പെടുത്തുന്ന വസ്തുതയാണ്. ഇന്ത്യയുടെ തെക്കുപടിഞ്ഞാറ് കൊല്ലത്തുള്ള ജസ്യൂട്ട്സ് (Jesuits) 1578-ൽ തന്നെ വിശ്വാസസംഹിതകളുടെ ഒരു തമിഴ് പരിഭാഷ അച്ചടിപ്പിച്ചിരുന്നു. അടുത്ത വർഷം അതിലും വലിയതൊന്ന് കൊച്ചിയിലും പുറത്തിറക്കി. എന്നാൽ അതു കഴിഞ്ഞ് നീണ്ട 250 വർഷങ്ങൾ വേണ്ടിവന്നു മുഴുവൻ ബൈബിളും അച്ചടിപ്പിക്കുവാൻ. മൂന്നു നൂറ്റാണ്ടുകളായി തെക്കേ ഇന്ത്യയിൽ പ്രവർത്തിച്ച കത്തോലിക്കരെ കുറ്റപ്പെടുത്താതെ ഒരു എക്യുമിനിക്കൽ ദർശനമാണ് ബുക്കാനൻ ഇക്കാര്യത്തിൽ കാണിച്ചത്. മറ്റുള്ളയാളുകളുടെ ഉപയോഗത്തിനായി വേദപുസ്തക പരിഭാഷകൾ ഉണ്ടാക്കേണ്ടത് നമ്മുടെ കടമയാണെന്ന് തന്റെ സ്വന്തമാളുകളെ ബോധ്യപ്പെടുത്തുവാൻ ബുക്കാനന് സാധിച്ചു.

7

സുറിയാനി വേദപുസ്തകം

കേരളത്തിലെ പുരാതന ക്രിസ്ത്യാനികൾ അടുത്ത കാലം വരെയും പള്ളിയാരാധനയിലുപയോഗിച്ചിരുന്നതു സുറിയാനി വേദപുസ്തകമായിരുന്നു. 1808-ൽ കേരളം സന്ദർശിച്ച ഡോ. ക്ലോഡിയസ് ബുക്കാനൻ സുറിയാനി വേദപുസ്തകത്തിന്റെ ഒരു പുരാതന കൈയെഴുത്തുപ്രതി, അന്നത്തെ മലങ്കരമെത്രാപ്പോലീത്താ മാർ ദീവന്നാസ്യോസ് ഒന്നാമനിൽ നിന്നും വാങ്ങി ഇംഗ്ലണ്ടിൽ കൊണ്ടുപോകുകയും, പഴയനിയമത്തിലും പുതിയനിയമത്തിലുമുള്ള അതിന്റെ കോപ്പികൾ അച്ചടിപ്പിച്ചു മലങ്കര സഭയ്ക്ക് നൽകുകയും ചെയ്തിരുന്നു. ഈ സുറിയാനി വേദപുസ്തകത്തെ 'പ്ശീത്ത' വിവർത്തനമെന്നു പറഞ്ഞു വരുന്നു.

'പ്ശീത്താ' സുറിയാനി ഭാഷയിലുള്ള വേദപുസ്തക വിവർത്തനങ്ങളിലൊന്നു മാത്രമാണ്. 'പ്ശീത്താ' കല്ദായ സുറിയാനിയിലെ രൂപമാണ്. അന്ത്യോക്യൻ സുറിയാനിസഭയുടെ ഉപയോഗത്തിലുള്ള പാശ്ചാത്യ സുറിയാനിയിൽ അത് 'പ്ശീത്തൊ' എന്നാണ്. ലളിതമായ എന്നർത്ഥമുള്ള ഈ പദം സുറിയാനിയിലെ ഒരു വേദപുസ്തക പരിഭാഷയെ ഉദ്ദേശിച്ചു പ്രയോഗത്തിൽ വന്നതിനു പ്രത്യേക കാരണമുണ്ട്. അത് പിന്നാലെ ചൂണ്ടിക്കാണിച്ചുകൊള്ളാം.

പഴയനിയമം മിക്കവാറും മുഴുവനും തന്നെ എബ്രായഭാഷയിലും, പുതിയനിയമം ആകമാനം ഗ്രീക്കു ഭാഷയിലും ആയി വിരചിതമാണ്. ഇവ രണ്ടിന്റെയും ആദ്യത്തെ കൈയെഴുത്തുപ്രതികൾ ഇന്ന് നമുക്ക് ലഭ്യമല്ല. അതിനാൽ മൂലഗ്രന്ഥവുമായി നമ്മുടെ ഉപയോഗത്തിലുള്ള വേദപുസ്തകം ചേർന്നു പോകുന്നതാണോ എന്ന ചോദ്യം ഉന്നയിക്കാവുന്നതാണ്. ഇതിനുത്തരമായി ചൂണ്ടിക്കാണിക്കാവുന്ന രണ്ടു കാര്യങ്ങളുണ്ട്. മൂലഗ്രന്ഥങ്ങൾ നമുക്ക് ലഭ്യമല്ലെങ്കിലും ഏകദേശം 4-ാം നൂറ്റാണ്ടു വരെയും പഴക്കമുള്ള നിരവധി പുരാതന കൈയെഴുത്തുപ്രതികൾ മൂലഭാഷകളിൽ തന്നെ ഇന്നുപയോഗിക്കത്തക്കവിധമുണ്ട്. സംശയം തോന്നുന്ന ഏതു ഭാഗവും ഈ കൈയെഴുത്തുപ്രതികൾ പരിശോധിച്ചു ശരിയായ വായനകൾ നിർണ്ണയിക്കുക സാധ്യമാണ്.

മാത്രമല്ല, മൂലഭാഷയിലെ കൈയെഴുത്തുപ്രതികളേക്കാൾ പുരാതനമായ വിവർത്തനങ്ങൾ പല ഭാഷകളിലായി കിട്ടാവുന്നതാകയാൽ അവയുമായും സംശയമുള്ള ഭാഗങ്ങൾ താരതമ്യപ്പെടുത്തുവാൻ കഴിയും. ഈ ഗണത്തിൽപ്പെടുന്ന സുറിയാനി വേദപുസ്തകത്തെപ്പറ്റി ചില വിവരങ്ങൾ

വളരെ സംക്ഷിപ്തമായി ഈ ലേഖനത്തിൽ നൽകുവാൻ ശ്രമിക്കുകയാണ്.

പഴയനിയമ തർജിമ

നാലാം നൂറ്റാണ്ടിൽ ജീവിച്ച് 'പേർഷ്യൻ സിദ്ധൻ' എന്ന അപരനാമം പ്രാപിച്ച അഫ്രഹാത്ത് പഴയനിയമത്തിലെ പല ഭാഗങ്ങളെയും വ്യാഖ്യാനിച്ചിട്ടുണ്ട്. വ്യാഖ്യാനിക്കുന്ന ഭാഗങ്ങളിൽ പലതും അദ്ദേഹം ഉദ്ധരിക്കുകയും ചെയ്യുന്നു. അതിൽനിന്നും അദ്ദേഹമെഴുതുന്നതിനു മുമ്പു പഴയനിയമം സുറിയാനിയിൽ തർജിമ ചെയ്തിരുന്നു എന്നു ന്യായമായി അനുമാനിക്കാം.

പഴയനിയമത്തിലെ ആദ്യത്തെ അഞ്ചു പുസ്തകങ്ങളുടെ (പെന്റാറ്റ്യൂക്) മിക്കവാറും എല്ലാ ഭാഗങ്ങളുമുൾക്കൊള്ളുന്ന ഒരു സുറിയാനി വിവർത്തനം (ക്രിസ്താബ്ദം 464-ൽ ലിഖിതമെന്ന സൂചനയുള്ളത്) ലഭ്യമാണ്. 'പ്ശീത്താ' എന്നു പറഞ്ഞുവരുന്ന ഈ സുറിയാനി പരിഭാഷ എന്നുണ്ടായി എന്ന് ആർക്കും നിശ്ചയമില്ല. എന്നാൽ പഴയനിയമത്തിന്റെ ആദ്യത്തെ അഞ്ചു പുസ്തകങ്ങൾ 1-ാം നൂറ്റാണ്ടിലും, മറ്റു പഴയനിയമ ഗ്രന്ഥങ്ങൾ രണ്ടാമത്തെയോ മൂന്നാമത്തെയോ നൂറ്റാണ്ടിലും വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ചിരിക്കാമെന്നും അഭിപ്രായപ്പെടുന്ന പണ്ഡിതന്മാരുണ്ട്.

പുതിയനിയമ തർജിമ

സുറിയാനിയിൽ പുതിയനിയമം വിവർത്തനം ചെയ്തതിനെ ആസ്പദമാക്കി ആറു കാര്യങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കാം.

1. ഡിയാറ്റെ സാറോൻ

നാലു സുവിശേഷങ്ങളിലുമായി രേഖയുള്ള വിവരങ്ങളെല്ലാം കഴിവതും കാലാനുക്രമം ഒരുമിച്ചു ചേർത്തുളവാക്കിയ ഒരു ഗ്രന്ഥമാണിത്. ക്രിസ്താബ്ദം 170-നടുത്ത് പേർഷ്യൻ ക്രിസ്ത്യാനിയായിരുന്ന 'ടേഷ്യൻ' അതു എഴുതി എന്നാണ് പൊതുവായ ധാരണ. 378-ൽ നിര്യാതനായ അഫ്രേം എന്ന സഭാപിതാവു രചിച്ച വേദപുസ്തക വ്യാഖ്യാനത്തിനടിസ്ഥാനമായി ഉപയോഗിച്ച സുവിശേഷഭാഗം ഈ ഗ്രന്ഥമായിരുന്നു. സിറിയായിലെ സഭകളിൽ ഏകദേശം 5-ാം നൂറ്റാണ്ടു വരെയും പ്രചാരം ലഭിച്ചിരുന്ന പുതിയനിയമം ഇതായിരുന്നു. ആ നൂറ്റാണ്ടു മുതൽ അതിന്റെ പ്രചാരം അവസാനിച്ചു. കിട്ടാമായിരുന്ന അതിന്റെ പ്രതികൾ നശിപ്പിക്കുകയും ചെയ്തു. ഈ ഗ്രന്ഥത്തെ അനുകരിച്ചു ഗ്രീക്കിലും ലത്തീനിലും പ്രസിദ്ധീകരണങ്ങൾ നിലവിൽ വന്നു. "ഡീയാറ്റെസാറോൻ" (നാലിലും കൂടെ) ഗ്രീക്കായതുകൊണ്ട് ഗ്രന്ഥത്തിന്റെ മൂലം ആ ഭാഷയിലായിരുന്നിരിക്കാം എന്ന് വാദിക്കുന്ന പണ്ഡിതന്മാരുണ്ട്.

2. പുരാതന സുറിയാനി പരിഭാഷ

19-ാം നൂറ്റാണ്ടിൽ ഡബ്ള്യൂ ക്യൂറ്റെറൻ കണ്ടുപിടിച്ച ഒരു സുറിയാനി കയ്യെഴുത്തു പുതിയനിയമ ഭാഗം, അതിനകം പാശ്ചാത്യ പണ്ഡിതന്മാർ കണ്ടിരുന്ന, സുറിയാനി പരിഭാഷകളിൽ നിന്നും പലയിടങ്ങളിലും വ്യത്യസ്തമായിരുന്നു. ക്യൂറ്റെറന്റെ പേരിൽ അറിയപ്പെട്ട ഈ കൃതിയുമായി യോജിക്കുന്ന മറ്റു ചില കയ്യെഴുത്തുപ്രതികൾ അതിനുശേഷം വെളിച്ചത്തു വന്നു. ഈ അടിസ്ഥാനത്തിൽ വേദപുസ്തകത്തിന്റെ ആകമാനമല്ലെങ്കിലും, ചില ഭാഗങ്ങൾ നേരത്തെതന്നെ വിവർത്തനം ചെയ്തിരുന്നു എന്ന് പലരും അനുമാനിച്ചു. ഇതിനെ പഴയ സുറിയാനി വിവർത്തനമെന്നു പറഞ്ഞുവരുന്നു. പഴയ സുറിയാനിയിലുള്ള വേദപുസ്തകം മുഴുവനുമൊ, പുതിയനിയമം ആകമാനമൊ ലഭ്യമല്ല. 3-ാം നൂറ്റാണ്ടുവരെയുള്ള പഴക്കം ഈ വിവർത്തനത്തിന് പണ്ഡിതന്മാർ കല്പിക്കുന്നു.

3. 'പ്ശീത്താ' വിവർത്തനം

പുരാതന സുറിയാനി പരിഭാഷ കണ്ടുകിട്ടിയതുവരെ ഈ വിവർത്തനത്തിനു വളരെ പൗരാണികത്വം കല്പിച്ചിരുന്നു. 2-ാം നൂറ്റാണ്ടുവരെയുള്ള പഴക്കം അതിനു നൽകിയുമിരുന്നു. എന്നാൽ 'പ്ശീത്താ'യ്ക്കു അത്ര തന്നെ പഴക്കം ആരോപിക്കാവുന്നതല്ലെന്ന് പിന്നീട് വേദപുസ്തക പണ്ഡിതന്മാർ അഭിപ്രായപ്പെട്ടു.

'പ്ശീത്താ' വളരെയധികം പ്രചാരത്തിൽ വന്നു. ഈ പദത്തിന്റെ അർത്ഥം 'ലളിതം' എന്നാണ്. 'ഡിയാറ്റെ സാറോൻ' നാലു സുവിശേഷങ്ങളും ചേർത്തിണക്കിയതായിരുന്നതിനാൽ, അതു ലളിതമായിരുന്നില്ല. അതിനുശേഷം വന്ന സുറിയാനി വിവർത്തനമാണ് 'പ്ശീത്താ.' പൗരസ്ത്യ സുറിയാനി (പേർഷ്യൻ) സഭയും, പാശ്ചാത്യ സുറിയാനി (അന്ത്യോഖ്യൻ സുറിയാനി) സഭയും ഈ വിവർത്തനത്തെ ഔദ്യോഗികമായി അംഗീകരിച്ചു.

5-ാം നൂറ്റാണ്ടിന്റെ ആദ്യകാലത്തു എഡേസ്സായിലെ ബിഷപ്പായിരുന്ന 'റബൂളാ' ഈ വിവർത്തനത്തിനു രൂപംകൊടുത്തു എന്നു ചില പണ്ഡിതന്മാർ നൽകിയ അഭിപ്രായത്തെ ഇന്ന് സ്വീകാര്യമായി ആരും കരുതുന്നില്ല. ആ നൂറ്റാണ്ടിൽ ഒന്നിലധികം ആളുകൾ ചേർന്ന് അതു നിർമ്മിച്ചു എന്ന് പലരും കരുതുന്നു. ഇതിന്റെ സുവിശേഷഭാഗങ്ങൾ ചേർന്നുള്ള 180-ലധികം പ്രതികളും, ലേഖന ഭാഗങ്ങൾ ഉൾക്കൊള്ളുന്ന 150-ലധികം പ്രതികളും ഇന്നു ലഭിക്കാവുന്നതായിട്ടുണ്ട്. പ്ശീത്തൊ'യിൽ നാലു പൊതുലേഖനങ്ങൾ ചേർത്തിട്ടില്ല.

4. പീലക്സിനോസിന്റെ വിവർത്തനം

പുരാതന സുറിയായിലെ മാബൂഗ് നഗരത്തിന്റെ ബിഷപ്പായിരുന്ന് 523-ൽ നിര്യാതനായ പീലക്സിനോസിന്റെ പേരിൽ അറിയപ്പെടുന്നതാണ് ഈ പരിഭാഷ. പീലക്സിനോസ് ബഹുമാനമർഹിക്കുന്ന ഒരു വേദ ശാസ്ത്ര പണ്ഡിതനും, സുറിയാനി ആദിയായ ഭാഷകളിൽ പ്രശംസനീ യമായ വ്യുൽപത്തി സമ്പാദിച്ച ദേഹവുമായിരുന്നു. പുതിയനിയമത്തിന്റെ നൂതന തർജിമ നിർവഹിച്ച് 'പ്ശീത്തൊ'യേക്കാൾ മേന്മ പ്രദർശിപ്പിക്ക ണമെന്ന് പീലക്സിനോസ് ഉദ്ദേശിച്ചു. ലളിതമായ സുറിയാനി ഭാഷയും സ്വീകാര്യമായ ഭാഷാശൈലികളും ആയിരുന്നു ആ കൃതിയിൽ ഉപയോ ഗിച്ചത്. എന്നാൽ ആ വിവർത്തനത്തിന്റെ പ്രതികൾ അവശേഷിച്ചില്ല. നാലു പൊതു ലേഖനങ്ങൾ മാത്രമാണ് നിലനിന്നത്. അവയെ 'പ്ശീത്തൊ'യുമായി ചേർത്തു സുറിയാനിസഭ ഉപയോഗത്തിൽ വരുത്തി.

5. തോമസ് ഹർക്കേലിന്റെ വിവർത്തനം

പീലക്സിനോസിന്റെ വിവർത്തനം പരിഷ്കരിക്കുവാൻ 7-ാം നൂറ്റാ ണ്ടിൽ തോമസ് ഹർക്കേൽ യത്നിച്ചു. പീലക്സിനോസിന്റെ പരിഭാഷ യിൽ വരുത്തിയ വ്യത്യാസങ്ങൾ അടിക്കുറിപ്പുകൾ മുഖേന ഗ്രന്ഥകാ രൻ വ്യക്തമാക്കി. ഈ വിവർത്തനത്തിന്റെ മുപ്പത്തഞ്ചിലധികം പ്രതി കൾ ഇന്നു ലഭ്യങ്ങളായിട്ടുണ്ട്. അവ 7-ഉം 8-ഉം നൂറ്റാണ്ടുകൾ മുതൽ പകർത്തിയെടുത്തവയാണ്.

6. പലസ്തീൻ സുറിയാനി വിവർത്തനം

ഇതിനകം കണ്ട വിവർത്തനങ്ങളെല്ലാം എഡേസ്സാ കേന്ദ്രമായി വള ർന്ന സുറിയാനി ഭാഷയിൽ വിരചിതങ്ങളായിരുന്നു. അവയിൽ 'പ്ശീത്താ' പേർഷ്യൻ സഭയിലും അന്ത്യോഖ്യൻ സുറിയാനി സഭയിലും പ്രചരിച്ച വിവരം മുകളിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലോ. ആ ഭാഷാരൂപത്തിൽ നിന്നും വിശദാംശങ്ങളിൽ നിന്നും വ്യത്യസ്തമായിരുന്നു പാലസ്തീൻ നാട്ടിൽ ഉപയോഗത്തിൽ വന്നിരുന്ന 'അരാമെയിക്.' സുറിയാനിയുടെ ഒരു വക ഭേദമായിരുന്ന ആ ഭാഷയിൽ 6-ാം നൂറ്റാണ്ടിൽ രൂപംകൊടുത്ത വിവർത്ത നമാണിത്.

പൗരസ്ത്യനാടുകളിൽ പ്രചരിച്ച സഭയുടെ ഒരു പ്രധാന വിഭാഗം സുറിയാനി ഭാഷ ഉപയോഗിച്ചിരുന്നു. ആ ജനങ്ങൾ വേദപുസ്തകം അർത്ഥവത്തായി മനസ്സിലാക്കുവാൻ ശ്രമിച്ചതിന്റെ പ്രതീകമാണ് സുറി യാനി വേദപുസ്തകം.

- ഫാ. ഡോ. വി. സി. ശമുവേൽ

(കടപ്പാട്: ചർച്ച് വീക്കിലി)

8

വേദപുസ്തകവായനയുടെ അനുഭവം

ഫാ. ഡോ. കെ. സി. ജോസഫ്

ദൈവഭക്തിയിൽ വളരണമെന്ന് ആഗ്രഹമുള്ളവർ വേദപുസ്തക വായനയും പ്രാർത്ഥനയും മുടക്കം കൂടാതെ പതിവായി നടത്തണം എന്നുള്ള നിർദ്ദേശം എല്ലാവർക്കും സുപരിചിതമാണ്. എന്നാൽ എങ്ങനെയെല്ലാമാണ് വേദപുസ്തക വായനയിൽക്കൂടെ ആത്മിക പ്രചോദനം അനുഭവമാക്കുന്നതെന്ന് പലരും കാര്യമായി ചിന്തിക്കാറില്ല. ദിവസേനയുള്ള കുടുംബ പ്രാർത്ഥനയുടെ ആരംഭത്തിലോ അവസാനത്തിലോ വേദപുസ്തകത്തിൽ നിന്ന് ഒരു അധ്യായമോ കുറെ വാക്യങ്ങളോ ഒരാൾ വായിക്കുകയും മറ്റുള്ളവർ കേൾക്കുകയും ചെയ്യുന്ന പതിവ് പല കുടുംബങ്ങളിലുമുണ്ട്. അത് ഭക്തിജീവിതത്തിലെ ഒരു ചടങ്ങ് എന്നല്ലാതെ വായിക്കുന്ന വാക്യങ്ങൾ വഴി ഏതെങ്കിലും ഒരു പ്രത്യേക ദൂത് ദൈവത്തിൽ നിന്ന് ലഭിക്കുന്നതിനുള്ള ഒരു മാർഗ്ഗമായിത്തീരുന്നുണ്ടോയെന്നത് സംശയാസ്പദമാണ്. അതേപ്പറ്റി ആരെങ്കിലും പ്രത്യേകമായി ചിന്തിക്കുകയോ പരസ്പരം ചർച്ചചെയ്യുകയോ പതിവില്ലെന്നുള്ളതാണു പരമാർത്ഥം.

പലരും വേദപുസ്തകം ഉപയോഗപ്പെടുത്തുന്ന വേറൊരു രീതിയുണ്ട്. ഏതെങ്കിലും പ്രത്യേക സംഗതിയിൽ ദൈവേഷ്ടം എന്താണെന്നോ, ദൈവാനുഗ്രഹം ലഭിക്കാനുള്ള മാർഗ്ഗമെന്താണെന്നോ, അറിയാൻ വേദപുസ്തകം ഉപയോഗിക്കുന്ന ഒരു കുറുക്കുവഴിയാണിത്. ദൈവത്തെ മനസ്സിൽ ഓർത്തുകൊണ്ട് വേദപുസ്തകം കയ്യിൽ എടുത്തിട്ട്, കണ്ണടച്ചുകൊണ്ട്, ഏതു ഭാഗമാണെന്നൊന്നും നിശ്ചയിക്കാതെ, തുറക്കുകയും, വിരൽ കൊണ്ട് എവിടെയെങ്കിലും ഒരു വാക്യം തൊട്ടശേഷം കണ്ണു തുറന്ന് അതു വായിക്കുകയും, അതിൽ നിന്ന് ലഭിക്കുന്ന നിർദ്ദേശം ദൈവത്തിൽ നിന്നുള്ള ദൂതായി സ്വീകരിക്കുകയും ചെയ്യുന്നതാണ് ഈ പരിപാടി. അങ്ങനെ ചെയ്യുന്നതിൽ കൂടി മനഃസംതൃപ്തി കൈവരിക്കുന്ന അനേകരുണ്ട്.

മറ്റു ചിലർ രാത്രിയിൽ പേടിസ്വപ്നങ്ങൾ ഉണ്ടാകാതിരിക്കാനും പിശാചിന്റെ ഉപദ്രവങ്ങളെ തടുക്കുവാനുമായി വേദപുസ്തകം തലയിണയുടെ താഴെവച്ചുകൊണ്ട് ഉറങ്ങുന്നു. അങ്ങനെയുള്ള ചിലർ ചില പ്രത്യേക വേദവാക്യങ്ങൾ മനഃപാഠമാക്കി ഭയമുള്ള സമയങ്ങളിൽ ഉരുവിടുവാനുള്ള മന്ത്രമായി ഉപയോഗിക്കുന്നതറിയാം. ഉറങ്ങാൻ പോകുന്നതിനു മുമ്പ് ഭക്തിയോടുകൂടി വേദപുസ്തകം മുത്തി കുരിശു വരയ്ക്കുന്ന പതിവ് വേറെ പലരുടേയും ദിനചര്യയുടെ ഭാഗമാണ്.

വേറൊരുതരം കാര്യസാദ്ധ്യത്തിനായി വേദപുസ്തകം ഉപയോഗപ്പെടുത്തുന്ന ഒരു കുടുംബത്തെപ്പറ്റി കേട്ടിട്ടുണ്ട്. അവിടെ ആരും പതിവായി വേദപുസ്തകം വായിക്കാറില്ല. പക്ഷേ, ഒരു വലിയ വേദപുസ്തകം എല്ലാവർക്കും കാണാവുന്ന ഒരു മുഖ്യസ്ഥാനത്തുള്ള മേശപ്പുറത്തു വച്ചിരിക്കുന്നു. കളയാതെ സൂക്ഷിക്കേണ്ട ചില എഴുത്തുകൾ, ഇഷ്ടജനങ്ങളുടെ ചെറിയ ഛായാപടങ്ങൾ, കഷായത്തിനും എണ്ണയ്ക്കുമുള്ള കുറിപ്പടികൾ, ചിലപ്പോഴെല്ലാം രൂപാനോട്ടുകൾ മുതലായവ കാത്തുസൂക്ഷിക്കുകയാണ് ആ വേദപുസ്തകത്തിന്റെ ചുമതല.

വേദപുസ്തകത്തെ ഉപയോഗപ്പെടുത്തുന്നതിനു നിലവിലുള്ള ഈ വിവിധ രീതികളിൽ ഒന്നിനേപ്പറ്റിയും ഒരു എതിരഭിപ്രായത്തിനും മുതിരാതെ കുറേക്കൂടെ ആത്മിക പ്രയോജനം കൈവരിക്കത്തക്കവിധത്തിൽ വേദപുസ്തക വായന നടത്തുന്നതിനെപ്പറ്റി കാര്യമായി ചിന്തിക്കാം.

ഒന്നാമതായി, വേദപുസ്തകം ദൈവവചനമാണെന്നുള്ള സാമാന്യ വിശ്വാസത്തെ കുറേക്കൂടി വിശദാംശ ശ്രദ്ധയോടുകൂടി മനസ്സിലാക്കേണ്ടതാവശ്യമാണ്. വാക്കുകളുടെ അർത്ഥം നിഘണ്ടുവിൽ നോക്കി മനസ്സിലാക്കുന്നതുപോലെയോ, വിവിധ വിഷയങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ എൻസൈക്ലോപീഡിയായിൽ അതതു വകുപ്പുകൾ പരശോധിച്ചു കണ്ടുപിടിക്കുന്നതുപോലെയോ, നമ്മുടെ ജീവിതത്തിലെ ഓരോ പ്രശ്നത്തെ ദൈവം നമ്മോടു കൽപ്പിക്കുന്നത് എന്താണെന്ന് കണ്ടുപിടിക്കുവാനുള്ള ഒരു സർവ്വോപയുക്ത ഗ്രന്ഥമല്ല വേദപുസ്തകം. അതുപോലെ തന്നെ വേദപുസ്തകത്തിലെ ചില വാക്യങ്ങൾ സന്ദർഭദീക്ഷയില്ലാതെ തിരഞ്ഞെടുത്തു തങ്ങളുടെ ഇംഗിതങ്ങൾ മറ്റുള്ളവരെക്കൊണ്ട് സ്വീകരിപ്പിക്കാനുള്ള ആധാരമായി ഉപയോഗിക്കുന്നവർ ഓർക്കണം, പിശാച് യേശുതമ്പുരാനെ പരീക്ഷിച്ചതും വേദപുസ്തക വാക്യങ്ങൾ ഉദ്ധരിച്ചുകൊണ്ടായിരുന്നു എന്ന്.

ദൈവത്തിന്റെ സ്നേഹിതൻ എന്ന് അറിയപ്പെട്ടിരുന്ന അബ്രഹാമിന്റെ വംശമായ എബ്രായക്കാരുടെ ജീവിതാനുഭവങ്ങളെല്ലാം യഹോവയുടെ പ്രവർത്തനമാണെന്ന് അവർ വിശ്വസിച്ചിരുന്നു. അവരുടെ ചരിത്രത്തിലെ ഓരോരോ സംഭവങ്ങളിൽക്കൂടി ദൈവം അവരോട് എന്തു ദൂതാണ് നൽകിക്കൊണ്ടിരിക്കുന്നത് എന്ന് വ്യാഖ്യാനിക്കുവാനാണ് പ്രവാചകന്മാർ ശ്രമിച്ചുകൊണ്ടിരുന്നത്. ഈ പശ്ചാത്തലത്തിലാണ് ഇസ്രായേൽ ചരിത്ര സംഭവങ്ങളും പ്രവാചകന്മാരുടെ നിർദ്ദേശങ്ങളും അവരുടെയിടയിൽ പ്രചാരത്തിലിരുന്ന മറ്റു പാരമ്പര്യങ്ങളും ക്രോഡീകരിച്ചു പുസ്തകമെഴുതിയവർ അതിന് മൊത്തമായി 'ദൈവവചനമെന്ന' വിവരണം സ്വീകരിച്ചത്.

പഴയനിയമ പുസ്തകങ്ങളെപ്പറ്റിയുള്ള ഈ പരാമർശങ്ങൾ പഴയനിയമത്തിന്റെ തുടർച്ചയായി കാലക്രമത്തിൽ രൂപമെടുത്ത പുതിയനിയമ

ത്തിന്റെ കാര്യത്തിലും പ്രസക്തമാണ്. അപൂർണ്ണമായിരുന്ന പഴയനിയമ വചനങ്ങളെ വ്യാഖ്യാനിച്ച് പൂർണ്ണതയിലേക്ക് വളർത്തുന്ന സംരംഭത്തിൽ യേശുതമ്പുരാനും തന്റെ അപ്പോസ്തലന്മാരും പറഞ്ഞതും പ്രവർത്തിച്ചതുമായ സംഗതികളാണല്ലോ പുതിയനിയമമായി ക്രോഡീകരിച്ചിരിക്കുന്നത്. മനുഷ്യരുടെ ജീവിതത്തിൽ അനുഭവപ്പെടുന്ന ദൈവത്തിന്റെ പ്രവർത്തനമാണ് പുതിയനിയമത്തിലും അടങ്ങിയിരിക്കുന്നത്.

പരിശുദ്ധാത്മാവിനാൽ പ്രചോദിതമായ വേദപുസ്തക രേഖകളെ ഓരോ മനുഷ്യന്റെയും ആവശ്യവും മനസ്സിലാക്കുവാനുള്ള കഴിവും അനുസരിച്ച് തുടർന്നു വ്യാഖ്യാനിച്ചുകൊടുത്തുകൊണ്ടിരിക്കുന്നതും പരിശുദ്ധാത്മാവു തന്നെയാണ്. ഇങ്ങനെ തുടർന്നുള്ള പരിശുദ്ധാത്മ പ്രവർത്തനം മൂലമാണ് ദൈവേഷ്ടം അറിയാൻ ആഗ്രഹിക്കുന്നവർക്ക് വേദപുസ്തകം വഴി ദൈവവചനം അനുഭവമാകുന്നത്. പൊതുവായി പറഞ്ഞാൽ പരിശുദ്ധാത്മ നിയന്ത്രണം തങ്ങളുടെ ജീവിതത്തിൽ പരമാർത്ഥമായി ആഗ്രഹിക്കുന്ന സ്നേഹസമൂഹങ്ങളുടെ ചർച്ചാ ഫലമായി രൂപീകൃതമാകുന്ന പൊതു ധാരണ (consensus) യിൽ കൂടെയാണ് ദൈവേഷ്ടത്തെപ്പറ്റിയുള്ള ഉറപ്പ് ലഭിക്കുന്നത്. അവരുടെ പ്രത്യേക സാഹചര്യങ്ങളിൽ ദൈവേഷ്ടം എന്താണെന്നു വെളിപ്പെട്ടു കിട്ടുവാനുള്ള ആഗ്രഹവും പ്രാർത്ഥനാപൂർവ്വമുള്ള കാത്തിരിപ്പും സുപ്രധാന ഘടകങ്ങളാണെന്ന് ഓരോരുത്തരും ഓർക്കണം.

മേൽപറഞ്ഞ കാര്യങ്ങൾ മനസ്സിൽ വച്ചുകൊണ്ട്, വേദപുസ്തക വായന കൂടുതൽ പ്രയോജനകരമാക്കുന്നതിന് എന്റെ അനുഭവത്തിൽപ്പെട്ട രണ്ടുമൂന്നു സംഗതികളെപ്പറ്റി ചുരുക്കമായി പ്രതിപാദിക്കട്ടെ:

1. പ്രതിദിന വേദവായനക്കുറിപ്പുകൾ എന്നറിയപ്പെടുന്ന പ്രസിദ്ധീകരണങ്ങൾ ഉപയോഗിക്കുന്നത് വളരെ പ്രയോജനകരമാണ്. വേദപുസ്തകത്തിന്റെ വിവിധ ഭാഗങ്ങളെ ചരിത്രപരമായും വ്യാഖ്യാനപരമായും പഠിക്കുകയും അതോടൊപ്പം സ്വന്തപ്രാർത്ഥനയിലും ജീവിതത്തിലും വിശുദ്ധവചനങ്ങളിൽക്കൂടെ ലഭിക്കുന്ന ഉൾക്കാഴ്ചകളെ അനുഭവപ്പെടുത്തുകയും ചെയ്തുകൊണ്ടിരിക്കുന്ന ഭക്തരാൽ വിരചിതമായ ധ്യാനങ്ങളാണ് ഈ കുറിപ്പുകളിൽ നമുക്കു കിട്ടുന്നത്. ചില സഭകളുടെ ഔദ്യോഗിക പ്രസിദ്ധീകരണങ്ങളിൽ കാണാറുള്ള വേദവായനക്കുറിപ്പുകൾക്കു പുറമേ BRF Notes (ബൈബിൾ റീഡിംഗ് ഫെലോഷിപ്പു കുറിപ്പുകൾ) 'Upper Room' മുതലായി ഇംഗ്ലീഷിലുള്ള പ്രസിദ്ധീകരണങ്ങളും, ഓൾ ഇൻഡ്യാ പ്രയർ ഫെലോഷിപ്പിനുവേണ്ടി ശ്രീ. പി. എൻ. കുര്യൻ ഡൽഹിയിൽ നിന്നു പ്രസിദ്ധപ്പെടുത്തുന്ന "ഗൃഹദീപം" മുതലായ മലയാളത്തിലുള്ള വേദവായനക്കുറിപ്പുകളും വളരെ സഹായകരമാണ്.

2. വേദപുസ്തകത്തിലെ ഓരോ വിഭാഗവും തുടർച്ചയായി പഠിക്കണ

മെന്ന് ആഗ്രഹിക്കുന്നവർക്കുവേണ്ടി എഴുതപ്പെട്ടിട്ടുള്ള പല വ്യാഖ്യാന ഗ്രന്ഥങ്ങൾ (കമന്ററികൾ) ഉണ്ട്. ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഇപ്രകാരം പ്രസിദ്ധീകരിക്കപ്പെട്ടിരിക്കുന്ന വ്യാഖ്യാനങ്ങളിൽ വച്ച് എനിക്ക് ഏറ്റവും പ്രയോജനകരമായി അനുഭവപ്പെട്ടിട്ടുള്ളത് വില്യം ബാർക്ലേയുടെ "The Daily Study Bible" എന്ന പുസ്തകങ്ങളാണ്.

3. വേദപുസ്തകത്തിന്റെ വിവിധ തർജമകൾ താരതമ്യപ്പെടുത്തി പഠിക്കുകയാണെങ്കിൽ പല ഭാഗങ്ങളുടെയും ദൂത് കൂടുതൽ വിശദമാകും. എബ്രായ ഭാഷയിൽ എഴുതപ്പെട്ട പഴയനിയമ പുസ്തകങ്ങളും ഗ്രീക്കു ഭാഷയിൽ എഴുതപ്പെട്ട പുതിയനിയമ പുസ്തകങ്ങളും ഇംഗ്ലീഷിലേക്കോ മലയാളത്തിലേക്കോ ഉള്ള തർജമകളിൽക്കൂടി ആയിരിക്കുമല്ലോ വായനക്കാർ പഠിക്കുന്നത്. ഇംഗ്ലീഷ് ഭാഷയിലേക്കുള്ള വിവർത്തനങ്ങളിൽ "The Revised Version - Indian Catholic Edition" എന്ന അനുപാദ തർജമയും "The Good News Bible" എന്ന സ്വതന്ത്ര തർജമയും ആണ് ഏറ്റവും സഹായകരമായി എനിക്കു തോന്നിയിട്ടുള്ളത്. ബൈബിൾ സൊസൈറ്റിക്കാർ അടുത്തയിടെ പ്രസിദ്ധീകരിച്ച പുതിയ മലയാള വിവർത്തനം പുതിയ നിയമ പഠനത്തിനു വളരെ പ്രയോജനകരമാണ്.

4. വേദപുസ്തകത്തിലെ ഏതു ഭാഗം വായിക്കുമ്പോഴാണെങ്കിലും അതേപ്പറ്റി ധ്യാനപരമായി ചിന്തിക്കുവാൻ സഹായിക്കുന്ന മൂന്നു ചോദ്യങ്ങൾ ഓർക്കുന്നതു നന്നായിരിക്കും. 1. ഈ ഭാഗത്തു നിന്ന് ദൈവത്തിന്റെ സ്വഭാവത്തെപ്പറ്റിയോ പ്രവർത്തനത്തെപ്പറ്റിയോ ഏതെങ്കിലും പുതിയ കാഴ്ചപ്പാട് ലഭിക്കുന്നുണ്ടോ? 2. ഈ ഭാഗത്തു നിന്ന് ഞാനുൾപ്പെടുന്ന മനുഷ്യരാശിയുടെ സ്വഭാവത്തേപ്പറ്റിയും പെരുമാറ്റത്തേപ്പറ്റിയും എന്തെങ്കിലും നൂതന ചിന്തകൾ എന്റെ മനസ്സിൽ ഉണ്ടാകുന്നുണ്ടോ? 3. ഈ ഭാഗം വായിച്ചതുമൂലം എന്റെ സ്വഭാവത്തിലും പെരുമാറ്റത്തിലും എന്തെങ്കിലും വ്യത്യാസം വരുത്തുവാൻ ഞാൻ പ്രേരിതനാകുന്നുണ്ടോ? ഓരോ ഭാഗങ്ങളും വായിച്ചു മാറ്റിവയ്ക്കുന്നതിനു മുമ്പ് മൗനമായി ഈ മൂന്നു ചോദ്യങ്ങൾക്ക് ഉത്തരം കാണുക.

5. മേൽ സൂചിപ്പിച്ചിരിക്കുന്ന വിധങ്ങളിൽ വേദപുസ്തക വായന കൂടുതൽ പ്രയോജനകരമാക്കാൻ ഉദ്ദേശിക്കുന്നവർ അങ്ങനെ ഉദ്ദേശ്യമുള്ള മറ്റു രണ്ടോമൂന്നോ പേരോടെങ്കിലും ഇക്കാര്യത്തെപ്പറ്റി ആശയവിനിമയം ചെയ്യുകയും അവരുമായി ക്രിസ്തീയ കൂട്ടായ്മയിൽ വളരുവാൻ ശ്രമിക്കയും ചെയ്യുന്നത് പ്രത്യേകിച്ചും അനുഗ്രഹപ്രദമായിരിക്കും. ക്രിസ്തീയ കൂട്ടായ്മയിലുള്ള കാത്തിരിപ്പാണ് ദൈവേഷ്ടം മനസ്സിലാക്കുന്നതിനും നിർവഹിക്കുന്നതിനും നമ്മെ സജ്ജമാക്കുന്നത്.

(കടപ്പാട്: ചർച്ച് വീക്കിലി)

9

1811-ലെ ബൈബിൾ വിവർത്തനവും മലങ്കരസഭയും

പ്രാരംഭം

1811-ൽ ബോംബെ, കൊറിയർ പ്രസ്സിൽ നിന്ന് പ്രസിദ്ധീകരിക്കപ്പെട്ട മലയാളം ബൈബിളിന് ഇരുനൂറ് വയസ്സ് പൂർത്തിയായിരിക്കുന്നു. 'റമ്പാൻ ബൈബിൾ' എന്നും 'ബുക്കാനൻ ബൈബിൾ' എന്നും വിളിക്കപ്പെടുന്ന ഈ പ്രഥമ മലയാളം വേദപുസ്തകത്തിൽ നാലു സുവിശേഷങ്ങൾ മാത്രമേ ഉള്ളൂ. എങ്കിലും ഈ അപൂർണ്ണ ബൈബിൾ മലയാള ഭാഷ യിൽ അച്ചടിക്കപ്പെട്ട ആദ്യത്തെ മതഗ്രന്ഥമാണ്. വേദങ്ങളും പുരാണ ങ്ങളും ഇതിഹാസങ്ങളും ഒക്കെ മലയാള ഭാഷയിൽ അച്ചടിച്ച് പ്രസിദ്ധം ചെയ്തിട്ട് പത്ത് പന്ത്രണ്ട് ദശാബ്ദങ്ങളേ ആയിട്ടുള്ളു; ഇക്കാര്യത്തിൽ മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് അഭിമാനിക്കാൻ ഏറെ വകയുണ്ട്. 'ഭ്രാന്താലയ'മെന്ന് ഇരുപതാം നൂറ്റാണ്ടിൽപ്പോലും വിശേഷിപ്പിക്കപ്പെട്ട കേരളത്തിന്റെ സാംസ്ക്കാരിക തമസ്സിന്റെ കട്ടിയുള്ള ഭിത്തിയെ ഭേദിച്ച് ലോകഗുരുവായ യേശുവിന്റെ സന്ദേശങ്ങളുടെ സുവർണ്ണ രശ്മികൾ അവി ടേക്ക് പ്രവേശിപ്പിക്കുവാൻ ദൈവം ഒരുക്കിയത് മലങ്കര ഓർത്തഡോക്സ് സഭയെ ആണ്. ഇക്കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകൾക്കുള്ളിൽ കേരളത്തി ലുണ്ടായ സമൂല സാമൂഹിക പരിവർത്തനങ്ങൾക്ക് ധാർമ്മിക-സാംസ്ക്കാ രിക കേരളം 1811-ലെ മലയാളം ബൈബിളിനോട് കടപ്പെട്ടിരിക്കുന്നു.

നാഴികക്കല്ല്

മലയാള ഗദ്യഭാഷയുടെ ചരിത്രത്തിലും 1811-ലെ മലയാളം ബൈബിൾ ഒരു നാഴികക്കല്ലാണ്. മലയാളഗദ്യം തീരെ ദരിദ്രമായിരുന്നു അന്ന്. തമി ഴ്ചുവയുള്ള ചില ശാസനങ്ങളും ഗ്രന്ഥവരികളും അല്ലാതെ ദീർഘമായ രചനകൾ അക്കാലത്ത് ഭാഷാഗദ്യ മേഖലയിൽ പ്രത്യക്ഷപ്പെട്ടിരുന്നില്ല. മലയാളഗദ്യ സാഹിത്യത്തിന്റെ പിതാക്കന്മാരായി വാഴ്ത്തപ്പെടുന്ന റവ. ജോർജ്ജ് മാത്തനും കേരളവർമ്മ വലിയ കോയിത്തമ്പുരാനും അവരുടെ ഗദ്യരചനകളും കൊണ്ട് പ്രത്യക്ഷപ്പെടുന്നത് മലയാളം ബൈബിളിന്റെ പ്രസിദ്ധീകരണം കഴിഞ്ഞ് മൂന്ന് നാല് പതിറ്റാണ്ടുകൾക്ക് ശേഷമാണ്. ഇരുന്നൂറ് കൊല്ലങ്ങൾക്ക് മുമ്പ് മലയാള ഭാഷയുടെ വാചികവും ലിഖിത വുമായ സ്വരൂപം ഗ്രഹിക്കുവാൻ മലയാളം ബൈബിളിനോളം സഹായ കമായ മറ്റ് ഗ്രന്ഥങ്ങൾ ഉണ്ടെന്ന് തോന്നുന്നില്ല. മലങ്കരസഭയുടെ

ദേവാലയങ്ങളിലെ ഉപയോഗത്തെ ഉദ്ദേശിച്ച് പ്രസിദ്ധീകൃതമായ ബൈബിൾ ഏതെങ്കിലും ഭാഷാപണ്ഡിതന്റെ ശ്രദ്ധയിൽ ഇതുവരെയും വന്നിട്ടില്ല. ഭാഷാ വ്യാകരണം രചിച്ച എ. ആർ. രാജരാജവർമ്മയോ (കേരളപാണിനി) മറ്റ് വൈയാകരണന്മാരോ 1811-ലെ മലയാളം ബൈബിളിന്റെ ഭാഷയെപ്പറ്റി അറിഞ്ഞിരുന്നില്ല. കേവലം നൂറ് (100) കോപ്പികൾ മാത്രമേ അച്ചടിച്ച് ഇറങ്ങിയിട്ടുള്ളു. അതിൽതന്നെ അംഗുലീപരിമിതമായ കോപ്പികൾ മാത്രമേ ഇന്ന് അവശേഷിച്ചിട്ടുള്ളൂ. മലയാള ഗദ്യഭാഷയുടെ വികാസപരിണാമങ്ങളെ കുറിച്ചുള്ള പഠനത്തിൽ ഏറെ നിർണ്ണായകമാകാവുന്ന ഈ ബൈബിൾ ഭാഷാശാസ്ത്രജ്ഞന്മാരുടെ ശ്രദ്ധയിൽ ഇരുന്നൂറ് വർഷത്തിന് ശേഷമെങ്കിലും വരുമെന്ന് വിശ്വസിക്കുന്നു.

കേരളത്തിന്റെ ബൈബിൾ പാരമ്പര്യം

കേരളത്തിലെ രണ്ടായിരം വർഷത്തെ പാരമ്പര്യവും സെന്റ് തോമസ് പൈതൃകവും പേറി നില്ക്കുന്ന ക്രൈസ്തവസഭയിൽ 1811-ന് മുമ്പ് ബൈബിൾ ഉണ്ടായിരുന്നുവോ? ഇക്കാര്യം അന്വേഷിക്കുവാനാണ് കൽക്കട്ടായിലെ മിഷനറി കൂടെയായ ക്ലോഡിയസ് ബുക്കാനൻ 1806-ൽ കേരളത്തിലെത്തിയത്. Christian Researches in Asia എന്ന ഗവേഷണഗ്രന്ഥത്തിൽ അദ്ദേഹം തന്റെ കണ്ടെത്തലുകൾ വെളിപ്പെടുത്തിയിട്ടുണ്ട്. അന്ന് കേരളത്തിലുണ്ടായിരുന്ന പ്രബല ക്രൈസ്തവ വിഭാഗങ്ങളിൽ ഒന്ന് - മലങ്കര സുറിയാനിസഭ - ദേവാലയങ്ങളിലെ വായനകൾക്കും ആരാധനകൾക്കുമായി സുറിയാനി ഭാഷയിലുള്ള ബൈബിൾ യഥേഷ്ടം ഉപയോഗിച്ചിരുന്നു. വി. കുർബ്ബാനയിലും മറ്റ് ആരാധനകളിലും സുറിയാനി ഭാഷയിലെ സുവിശേഷ ഭാഗങ്ങൾ വൈദികർ തൽസമയ വിവർത്തനത്തിലൂടെ വായിക്കുമായിരുന്നു. കത്തോലിക്കാ സഭയുടെ ദേവാലയങ്ങളിൽ ബൈബിളിനെ ആധാരമാക്കി രചിച്ച വേദോപദേശ ഗ്രന്ഥങ്ങൾ അല്ലാതെ വേദപുസ്തകം ഉണ്ടായിരുന്നില്ല എന്നത് നമ്മെ അത്ഭുതപ്പെടുത്തുന്നു. താൻ ഗോവയിൽ വച്ച് ബൈബിൾ കണ്ടിട്ടുണ്ട് എന്ന് വരാപ്പുഴയിലെ റെക്ടർ പറഞ്ഞ സംഭവം ക്ലോഡിയസ് ബുക്കാനൻ തന്റെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തുന്നുണ്ട് (ക്രിസ്ത്യൻ റിസർച്ചസ് ഇൻ ഏഷ്യ, 1819, പുറം. 111-135).

സംഘകാല ബൈബിൾ

1599-ൽ ചേർന്ന ഉദയംപേരൂർ സുന്നഹദോസ് മലങ്കരയിൽ ഉപയോഗത്തിലിരുന്ന ഒരു സുവിശേഷത്തെപ്പറ്റി പരാമർശിച്ചിട്ടുണ്ട്; അകാനോനിക ബൈബിൾ എന്ന് മുദ്രകുത്തി അതിനെ നിരോധിക്കുന്നുമുണ്ട്. അതോടെ ആ അകാനോനിക ബൈബിൾ അപ്രത്യക്ഷമായത് മൂലം അതിനെപ്പറ്റിയുള്ള വിശദപഠനങ്ങൾ അസാധ്യമായി. ഈയിടെ പഴഞ്ഞിയിലെ

അന്തരിച്ചുപോയ ഒരു വൈദികന്റെ ഗ്രന്ഥപ്പുരയിൽനിന്ന് കൈയ്യെഴുത്തു രൂപത്തിൽ ഒരു മലയാളം സുവിശേഷം ഇതെഴുതുന്നയാൾ കണ്ടെടുത്തു പ്രസിദ്ധീകരിച്ചു. ഉദയംപേരൂർ സുന്നഹദോസ് അകാനോനികമെന്ന് വിധിച്ച് നിരോധിച്ച ബൈബിൾ ആകാം ഇത്. ആമുഖമായി പഴയമിയമ സംഗ്രഹവും അതിനെതുടർന്ന് പെന്തിക്കോസ്തിപ്പെരുന്നാളിലെ പരിശുദ്ധാത്മാവാസം ഉൽപ്പെടെയുള്ള സംഭവങ്ങൾ വിവരിക്കുന്ന ഒരു സുവിശേഷവും അടങ്ങിയതാണീ ബൈബിൾ. കാനോനിക ബൈബിളിൽ ഇല്ലാത്തതും ഓർത്തഡോക്സ് സുറിയാനി സഭയുടെ വിശ്വാസ പാരമ്പര്യങ്ങൾക്ക് ആധാരവുമായ ചില വിവരണങ്ങൾ ഇതിൽ കാണപ്പെടുന്നതിനാൽ ഇതിന്റെ പഠനീയത വർദ്ധിക്കുന്നു. സുറിയാനി മൂലത്തിൽ നിന്നുള്ള പ്രാചീന വിവർത്തനമാണിതെന്ന് നിസ്സംശയമാണ്. യേശു ബർ നൂൻ (നൂന്റെ പുത്രനായ യേശു - യോശുവാ) എന്ന പദം ഇചൊ വർണ്ണോൻ എന്നാണ് ഇതിൽ രേഖപ്പെടുത്തിയിട്ടുള്ളത്. തമിഴക്ഷരമാല മാത്രം ഉപയോഗിച്ച് മലയാളം എഴുതിയിരുന്ന ഒരു പൂർവ്വകാലം ഈ തർജ്ജിമ വെളിപ്പെടുത്തുന്നു. തന്റെ ശ്രോതാക്കളായ യഹൂദന്മാർ, ബുദ്ധ-ജൈന മതാനുയായികൾ, ദുർല്ലഭം വൈദിക ബ്രാഹ്മണർ ഇവരെ ഉദ്ദേശിച്ച് മാർതോമ്മാശ്ലീഹാ സുറിയാനിയിൽ രചിച്ച ബൈബിളിന്റെ ഭാഷാ വിവർത്തനമാണോ ഇതെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. തിരുവള്ളുവർ എഴുതിയ തിരുക്കുറൾ, കണ്ണകിയുടെ കഥ ആധാരമാക്കി ചമയ്ക്കപ്പെട്ട ചിലപ്പതികാരം തുടങ്ങിയ സംഘകാല കൃതികളിൽ ഈ ബൈബിളിലെ പല ഭാഗങ്ങളും കാണുന്നതിനാൽ സംഘകാല കേരളജീവിതത്തെ സ്വാധീനിച്ച ധർമ്മസംഹിതയായി ഈ ബൈബിൾ കേരളത്തിലുണ്ടായിരുന്നു എന്ന് പറയാവുന്നതാണ്. ഉപരിഗവേഷണം ഇക്കാര്യത്തിൽ കൂടുതൽ വെളിച്ചം വീശിയേക്കും.

ബുക്കാനനും മലയാളം ബൈബിളും

കേരളത്തിലെ ബൈബിൾ പാരമ്പര്യം ഗവേഷണം ചെയ്തു ഗ്രഹിച്ച ബുക്കാനൻ മലയാളം ബൈബിൾ എന്ന തന്റെ സ്വപ്നം 1806 ഒക്ടോബർ 19-ന് തിരുവിതാംകൂർ മഹാരാജാവിനെ അറിയിച്ചു. 1806 നവംബർ 23, 24 തീയതികളിൽ ആറാം മാർതോമ്മായെ സന്ദർശിച്ച ബുക്കാനൻ തന്റെ ഈ സ്വപ്നം മെത്രാപ്പോലീത്തായെയും അറിയിച്ചു. ഈ സന്ദർശനത്തിൽ തന്നോടുകൂടെയുണ്ടാവാൻ സഭയിലെ പ്രധാന വൈദികരെ മെത്രാപ്പോലീത്താ ക്ഷണിച്ചിരുന്നു. ബൈബിൾ വിവർത്തനം, ആംഗ്ലിക്കൻസഭയുമായുള്ള ഐക്യം എന്നിവയെപ്പറ്റി തുറന്ന ചർച്ചകൾക്കായി രണ്ടു പണ്ഡിതവൈദികരെ ആറാം മാർത്തോമ്മാ നിയോഗിച്ചു (മെമ്മോയേഴ്സ് ഓഫ് ബുക്കാനൻ, 1819, മൂന്നാം പതിപ്പ്, ലണ്ടൻ, പുറം 80). ബൈബിളിന്റെ മലയാള വിവർത്തനം രൂപപ്പെട്ട പശ്ചാത്തലം ഇതാണ്.

റമ്പാൻ ബൈബിളിന്റെ വിവർത്തകർ

1811-ലെ മലയാളം ബൈബിളിന്റെ വിവർത്തനം കായംകുളം പീലിപ്പോസ് റമ്പാൻ നടത്തിയതാണെന്നും മറ്റാർക്കും അതിൽ പങ്കില്ലെന്നും ചിലർ എഴുതിയിട്ടുണ്ട്. അടുത്തകാലത്തായി അതൊരു വിവാദമാക്കാൻ സംഘടിതമായ ശ്രമം നടക്കുന്നുണ്ടോ എന്ന് സംശയിക്കുന്നു. മലങ്കര സഭാ മാസികയുടെ രണ്ടു ലക്കങ്ങളിൽ എന്റെ യുവസ്നേഹിതരായ ഡോ. സിബി തരകനും ഡോ. കുര്യൻ തോമസും എഴുതിയ ലേഖനങ്ങളിൽ 1811-ലെ ബൈബിൾ വിവർത്തനത്തിൽ കായംകുളം പീലിപ്പോസ് റമ്പാൻ മാത്രമേ പങ്കുവഹിച്ചിട്ടുള്ളൂ എന്ന് സിദ്ധാന്തിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. സാഹിത്യചരിത്രം എഴുതിയ മഹാകവി ഉള്ളൂരും യശശ്ശരീരനായ ഡോ. സാമുവൽ ചന്ദനപ്പള്ളിയും ഈ അഭിപ്രായം പുറപ്പെടുവിച്ചവരാണ്. തന്മൂലം റമ്പാൻ ബൈബിളിന്റെ വിവർത്തകരെപ്പറ്റിയുള്ള ഒരന്വേഷണം ഇവിടെ അനിവാര്യമാവുന്നു. 6-ാം മാർത്തോമ്മാ തന്റെ കീഴിലുള്ള രണ്ട് സുറിയാനി പണ്ഡിതരായ വൈദികരെ ക്ലോഡിയസ് ബുക്കാനനോട് ഈ വിഷയം ചർച്ച ചെയ്യുവാൻ നിയോഗിച്ച വിവരം നാം നേരത്തേ കണ്ടുവല്ലോ. ദൗർഭാഗ്യവശാൽ മറ്റു പുസ്തകങ്ങളിൽ എന്നപോലെ വിവർത്തകരുടെ പേർ റമ്പാൻ ബൈബിളിൽ രേഖപ്പെടുത്തിയിട്ടില്ല. റമ്പാൻ ബൈബിളിൽ മാത്രമല്ല, ബൈബിളിന്റെ സുറിയാനി, ഇംഗ്ലീഷ്, ആധുനിക മലയാളം വിവർത്തനങ്ങളിലും വിവർത്തകരുടെ പേർ ചേർത്തു കാണുന്നില്ല. റമ്പാൻ ബൈബിളിൽ പ്രസാധകന്റെ പേരും ചേർത്തിട്ടില്ല. തന്മൂലം വിവർത്തകരെപ്പറ്റിയുള്ള വാചിക പാരമ്പര്യത്തെ കുറെയൊക്കെ അവലംബിക്കാതെ തരമില്ല. അക്കാലത്ത് ബൈബിളിന്റെ ചില ഭാഗിക വിവർത്തനങ്ങൾ നടത്തിയ രണ്ടു മല്പാന്മാർ ഉണ്ടായിരുന്നു. അതിൽ ഒരാൾ സങ്കീർത്തനപുസ്തകം മുഴുവൻ വിവർത്തനം ചെയ്ത പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാൻ ആണ്. അദ്ദേഹത്തിന്റെ സങ്കീർത്തന വിവർത്തനം പൂർണ്ണമായി ഇതെഴുതുന്ന ആൾ കണ്ടെടുത്തിട്ടുണ്ട്. അപ്രകാശിതകൃതിയായ ആ വിവർത്തനത്തിലെ വിവർത്തനശൈലിയും ഭാഷാശൈലിയും റമ്പാൻ ബൈബിളിലേതു തന്നെയെന്ന് ഒരു ഭാഷാധ്യാപകൻ കൂടെയായ ഈ ലേഖകന് പറയാനാവും. ബൈബിൾ വിവർത്തനത്തിൽ ഭാഗികമായി പ്രാരംഭം കുറിച്ച മറ്റൊരാൾ കായംകുളത്ത് പീലിപ്പോസ് റമ്പാൻ തന്നെ. അദ്ദേഹം മത്തായിയുടെ സുവിശേഷത്തിന്റെ ചില ഭാഗങ്ങൾ വിവർത്തനം ചെയ്തതായി പ്രസ്താവമുണ്ട്. ഇപ്രകാരം ബൈബിൾ വിവർത്തനത്തിന് പ്രാരംഭം കുറിച്ച രണ്ടു മല്പാന്മാരെ ബൈബിൾ വിവർത്തകരായി ആറാം മാർത്തോമ്മാ നിയോഗിച്ചു എന്ന് വിശ്വസിക്കുന്നതല്ലേ സ്വാഭാവികം? ചരിത്രരേഖകൾ ഈ വിഷയത്തെക്കുറിച്ച് എന്തു പറയുന്നു എന്ന് പരിശോധിക്കാം.

1. ഡോ. ക്ലോഡിയസ് ബുക്കാനന്റെ കത്ത്

പാലൂർ-ചാട്ടുകുളങ്ങര പള്ളിയിൽ ആയുഷ്ക്കാലം മുഴുവൻ വികാരിയായിരുന്ന എഴുത്തുകാരനും ഗവേഷകനുമായ വെരി. റവ. പുലിക്കോട്ടിൽ ജോസഫ് കോർഎപ്പിസ്ക്കോപ്പാ (ഫാ. പി. എം. ജോസ്) പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ഒന്നാമന്റെ ജീവചരിത്രം എഴുതിയപ്പോൾ പള്ളിറിക്കാർഡുകളിൽനിന്ന് കണ്ടെടുത്ത ഡോ. ബുക്കാനന്റെ ഒരു കത്തിലെ പ്രസക്ത ഭാഗം താഴെ കാണിക്കുംവിധം ഉദ്ധരിച്ചിട്ടുണ്ട്:

"അങ്കമാലിയിൽവച്ച് വലിയ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ ഞാൻ കാണുകയും സുറിയാനിഭാഷയിൽ എഴുതപ്പെട്ടിട്ടുള്ള വേദപുസ്തകത്തിന്റെ കൈയെഴുത്തുപ്രതി അദ്ദേഹം എനിക്ക് സമ്മാനിക്കുകയും ചെയ്തു. അമൂല്യനിധിയായി ഞാൻ ആ പുസ്തകം സൂക്ഷിച്ചു വയ്ക്കുന്നു. അതിന്റെ അച്ചടിച്ച കുറച്ച് പ്രതികൾ അങ്ങോട്ടു കൊടുത്തയയ്ക്കുന്നുണ്ട്. അച്ചന്റെ ആഗ്രഹപ്രകാരം വേദപുസ്തകം മലയാളത്തിൽ വിവർത്തനം ചെയ്ത് അച്ചടിപ്പിച്ച് പ്രസിദ്ധീകരിക്കുന്നതിന് എന്റെ എല്ലാ സഹകരണവും ഞാൻ വാഗ്ദാനം ചെയ്യുന്നു. വേദപുസ്തകം സുറിയാനി ഭാഷയിൽനിന്ന് മലയാള ഭാഷയിലേക്ക് തർജ്ജിമ ചെയ്ത് എനിക്കയച്ചുതരുന്നതിന് താല്പര്യപ്പെടുന്നു. പുസ്തകം ഇവിടെ മുദ്രണം ചെയ്ത് കുറെ പ്രതികൾ അങ്ങോട്ട് അയച്ചുതരുന്നതാണ്" (*കാലം ചെയ്ത അച്ചൻ*, പുറം 20).

2. ഡോ.ക്ലോഡിയസ് ബുക്കാനന്റെ സാക്ഷ്യം

റമ്പാൻ ബൈബിളിന്റെ പ്രസാധകൻ ഡോ. ബുക്കാനന്റെ ഡയറിക്കുറിപ്പുകൾ ഈ വിഷയത്തിൽ മറ്റൊരു നിർണ്ണായകരേഖയാണ്. ഭാഗ്യവശാൽ അദ്ദേഹത്തിന്റെ സ്മരണകൾ അടങ്ങിയ ഡയറി 'മെമ്മോയേഴ്സ് ഓഫ് ബുക്കാനൻ' എന്ന ശീർഷകത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. 1807-ൽ ജനുവരി 29-ന് കൊച്ചിയിൽനിന്ന് അദ്ദേഹം എഴുതിയ ഒരു കത്തിലെ പരാമർശം കാണുക: '... പ്രതിമാസവേതനം പറ്റുന്ന മൂന്നു പേർ വിവർത്തനത്തിൽ വ്യാപൃതരായിരിക്കുന്നു. എന്റെ അസാന്നിധ്യത്തിൽ കേണൽ മെക്കാളെ വിവർത്തനയജ്ഞത്തിന് മേൽനോട്ടം വഹിക്കുന്നു' (പുറം 97). ബൈബിൾ വിവർത്തനം നടത്തിയത് ഒരാൾ തനിച്ചല്ല എന്ന് ഇതിനേക്കാൾ ആശ്രയിക്കാവുന്ന മറ്റൊരു സാക്ഷ്യം ആവശ്യമുണ്ടോ?

3. ബിഷപ്പ് മിഡിൽട്ടന്റെ ജീവചരിത്രം

കൽക്കട്ടയിലെ ആംഗ്ലിക്കൻ ബിഷപ്പായിരുന്ന തോമസ് മിഡിൽട്ടൺ 1816-ൽ മലങ്കരസഭ സന്ദർശിച്ചു. 1831-ൽ രണ്ടു വാല്യങ്ങളായി ചാൽസ്

വെബ്ബ് പ്രസിദ്ധപ്പെടുത്തിയ ബിഷപ്പിന്റെ ജീവചരിത്രത്തിലെ ഒരു ഭാഗം ശ്രദ്ധേയമാണ്: "ബിഷപ്പ് മിഡിൽട്ടൺ സന്ദർശിച്ച പള്ളികളിൽ ആദ്യത്തേത് തൃപ്പൂണിത്തുറയിലേതായിരുന്നു. .... ഈ പള്ളി കത്തോലിക്കരും സുറിയാനിക്കാരും വ്യത്യാസം കൂടാതെ ഉപയോഗിച്ചിരുന്നു. ... ആദ്യം പള്ളിയിലെത്തുന്നവർ ആരാധന നയിക്കും. ... മിഡിൽട്ടൺ സന്ദർശിക്കുമ്പോൾ ഇരു വിഭാഗങ്ങളിലെയും പട്ടക്കാർ സന്നിഹിതർ ആയിരുന്നു. സുറിയാനിക്കാർ മാത്രം ഉപയോഗിച്ചിരുന്നതും ബോംബെയിൽ അച്ചടിച്ചതുമായ മലയാളം സുവിശേഷപുസ്തകം സുറിയാനി വൈദികർ (സന്ദർശകനെ) കാണിച്ചു. ... അവരുടെ മിക്ക പള്ളികളിലും ബൈബിളിന്റെ മലയാളപരിഭാഷ ഉണ്ടായിരുന്നു. കുട്ടികൾക്കുപോലും ഗ്രഹിക്കത്തക്ക വിധം അത് ലളിതവും പ്രയോജനപ്രദവുമെന്ന് അവർ കരുതുന്നു. ജോസഫ് റമ്പാനാണ് അത് തയ്യാറാക്കിയത്. അദ്ദേഹമാണിപ്പോഴത്തെ (1816) മെത്രാൻ. മാർ ദീവന്നാസ്യോസ് എന്നാണ് അദ്ദേഹത്തിന്റെ പേർ. അതേ പേരുള്ള മുൻമെത്രാന്റെ പ്രേരണയാൽ ആണ് ഈ വിവർത്തനം തയാറാക്കപ്പെട്ടത് (പുറം 284-292. ഇന്റർനെറ്റിൽ ഈ പുസ്തകം ലഭ്യമാണ്. പ്രസക്ത പേജുകൾ ഡൗൺലോഡ് ചെയ്ത് ഈ ലേഖകൻ സൂക്ഷിക്കുന്നു. സ്വതന്ത്ര വിവർത്തനം തയാറാക്കിയത് ഈ ലേഖകൻ ആണ്). ഇവിടെ ബൈബിൾ വിവർത്തകന്റെ പേരായി ജോസഫ് റമ്പാന്റെ പേർ (മാർ ദീവന്നാസ്യോസ്) മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. അതു മാത്രം ആധാരമാക്കി വിവർത്തനത്തിൽ കായംകുളം പീലിപ്പോസ് റമ്പാന്റെ പങ്കാളിത്തം നിഷേധിക്കുവാൻ സാഹിത്യഗവേഷണപരിചയം ഈ ലേഖകനെ അനുവദിക്കുന്നില്ല. ഒരു കൃതിയുടെ കർത്താവിനെ നിഷേധിക്കുന്നതിനോ സ്ഥിരീകരിക്കുന്നതിനോ ഒരു തെളിവിനെ മാത്രം ആധാരമാക്കുവാൻ ശ്രമിക്കുന്നത് ബാലിശമല്ലേ?

4. റെയ്നോൾഡ് വാഗ്നർ (വിവർത്തനം: ഫാ. ഡോ. റജി മാത്യു)

1969-ൽ ബർലിനിൽ നിന്ന് പ്രസിദ്ധീകരിക്കപ്പെട്ട ജർമ്മൻ ഭാഷയിലെഴുതിയ ഒരു ലേഖനം (ഇംഗ്ലീഷ് ചർച്ച് മിഷനും മലയാളം ബൈബിളും) ഫാ. ഡോ. റജി മാത്യു വിവർത്തനം ചെയ്തിട്ടുണ്ട്. അതിലെ പ്രസക്തഭാഗങ്ങൾ ഉദ്ധരിക്കട്ടെ: 'മലയാളത്തിലേക്കുള്ള വേദപുസ്തക പരിഭാഷ ഇംഗ്ലീഷുകാരായ മിഷനറിമാരുടേയും (ലണ്ടനിലുള്ള സി.എം.എസ്. മിഷനറിമാർ) ഇന്നത്തെ കേരളത്തിലുള്ള തിരുവിതാംകൂർ -കൊച്ചി ഭാഗത്തെ സിറിയൻ ഓർത്തഡോക്സ് (അഥവാ യാക്കോബായ) സഭയുടെയും കൂട്ടായ പ്രവർത്തനഫലമായി ഉണ്ടായതാണ്. .... ബുക്കാനൻ കേരളം വിടുന്നതിന് മുമ്പ് തർജ്ജിമയിൽ ഏർപ്പെട്ടിരുന്ന പട്ടക്കാർക്കെല്ലാം (പട്ടക്കാർ എന്ന ബഹുവചനപ്രയോഗം ശ്രദ്ധേയം - ലേഖകൻ) ബ്രിട്ടീഷ് ഗവണ്മെന്റിന്റെ പ്രതിനിധിയെക്കൊണ്ട് ഒരു മാസത്തെ ശമ്പളം കൊടുപ്പിച്ചു.'

ഈ ചുറ്റുപാടിൽ മാർ ദീവന്നാസ്യോസ് ഒന്നാമന്റെ (ആറാം മാർ ത്തോമ്മാ - ലേഖകൻ) മൂന്ന് സഹപ്രവർത്തകരെപ്പറ്റി നാം മനസ്സിലാക്കുന്നു. കൽക്കട്ടായിൽ താമസമാക്കിയിരുന്ന ഇന്ത്യയിലെ ആദ്യത്തെ ഇംഗ്ലീഷുകാരനായ ബിഷപ്പ് മിഡിൽട്ടന്റെ ജീവചരിത്രകാരൻ അദ്ദേഹത്തിന്റെ 1816-ലെ രണ്ടു സന്ദർശനങ്ങളെപ്പറ്റി പറയുന്നുണ്ട്. ഇതിൽ പുലിക്കോട്ടിൽ ജോസഫ് അഥവാ റമ്പാൻ ജോസഫ് ആണ് പ്രധാന ചുമതലകൾ വഹിച്ചിരുന്നത് എന്നു പറയുന്നു. റമ്പാൻ ജോസഫ് 1815-ൽ അഞ്ഞൂരിലെ (തൊഴിയൂർ) മാർ പീലക്സിനോസിൽ നിന്ന് ബിഷപ്പായിത്തീർന്ന ആളാണ്. അദ്ദേഹത്തിന്റെ പുതിയ പേർ മാർ ദീവന്നാസ്യോസ് രണ്ടാമൻ എന്നായിരുന്നു. എന്നാൽ സുറിയാനിക്കാരായ കത്തോലിക്കരിൽനിന്നും നാം മനസ്സിലാക്കുന്നത് റമ്പാൻ പീലിപ്പോസ് ബുക്കാനന്റെ തിരുവിതാംകൂർ സന്ദർശനത്തിന്റെ ഏതാനും വർഷങ്ങൾക്കു മുമ്പേ സുറിയാനി ബൈബിളിന്റെ ഏതാനും ഭാഗങ്ങൾ പകർത്തിയെഴുതി എന്നും അതിൽ നിന്നാണ് മലയാളം പരിഭാഷ നടത്തിയത് എന്നുമാണ്. റമ്പാൻ ജോസഫിനോടും റമ്പാൻ പീലിപ്പോസിനോടുമൊപ്പം തിമ്മപ്പാ (യ്യാ) പ്പിള്ള എന്നയൊരാളെക്കൂടി പറഞ്ഞു കേൾക്കുന്നു. സുറിയാനി ബിഷപ്പിന്റെ ഔദ്യോഗിക ഭവനമായ കണ്ടനാട് വച്ച് തർജ്ജിമ പൂർത്തിയാക്കുകയും അദ്ദേഹം ഇതിന്റെ നേതൃത്വം ബുദ്ധിമുട്ടില്ലാതെ നിർവ്വഹിക്കുകയും ചെയ്തിരുന്നു (*പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ഒന്നാമനും 1811-ലെ മലയാളം ബൈബിളും*, എം.ജെ.ഡി. പബ്ലിഷിംഗ് ഹൗസ്, കുന്നംകുളം, പുറം 173-174).

5. ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസിന്റെ സാക്ഷ്യം

കോട്ടയം പഴയസെമിനാരിയുടെ സ്ഥാപകനും പ്രഥമ പ്രിൻസിപ്പലുമായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിന്റെ 175-ാം ചരമ വാർഷികവേളയിൽ പഴയസെമിനാരി ചാപ്പലിൽ സെമിനാരി സ്ഥാപകന്റെ കബറിനോട് ചേർന്ന് സ്ഥാപിച്ച മാർബിൾ ഫലകത്തിൽ ഡോ. ഗ്രീഗോറിയോസ് ഉൾപ്പെടുത്തിയ പ്രസക്ത വിശേഷണം ബൈബിൾ വിവർത്തനത്തിന്റെ പ്രാരംഭകൻ (initiated the translation of Malayalam Bible) എന്നാണ്.

6. റവ. ടി. വി. തോമസ് (മാർത്തോമ്മാസഭ)

ബൈബിൾ സൊസൈറ്റിയുടെ കേരളഘടകത്തിന്റെ ചുമതല വഹിച്ചിരുന്ന റവ. ടി. വി. തോമസ് (അദ്ദേഹം മാർത്തോമ്മാസഭയിലെ പ്രശസ്ത വൈദികൻ) 'മലയാളം ബൈബിൾ ചരിത്രപശ്ചാത്തലം' എന്ന ലേഖനത്തിൽ 1811-ലെ ബൈബിൾ വിവർത്തനത്തെപ്പറ്റി ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "മലയാളം ബൈബിൾ പരിഭാഷപ്പെടുത്തിയത്

സുറിയാനി ബൈബിളിൽ നിന്നായിരുന്നു. തിമ്മയ്യാപ്പിള്ള, കായംകുളം പീലിപ്പോസ് റമ്പാൻ, പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാർ എന്നിവർ ചേർന്നാണ് സുവിശേഷ ഭാഗങ്ങൾ മലയാളത്തിലേക്ക് തർജ്ജിമ ചെയ്തത്. ഭാഷാന്തര ജോലിക്കുള്ള സർവ്വ ചെലവുകളും പുരോഹിതന്മാരുടെ ശമ്പളവും ഡോ. ബുക്കാനൻ ആണ് വഹിച്ചത്. 1811-ൽ മലയാളത്തിലേക്ക് വിവർത്തനം ചെയ്ത നാല് സുവിശേഷപ്രതികൾ ബോംബെയിൽവച്ച് മുദ്രണം ചെയ്തു പ്രസിദ്ധീകരിച്ചു" (ചർച്ച് വീക്കിലി, 1989 മെയ് 29, വാള്യം 37, ലക്കം 21. വിശുദ്ധ ബൈബിൾ വിശേഷാൽ പതിപ്പ്).

7. ബൈബിൾ നൂറ്റാണ്ടുകളിലൂടെ എന്ന ഗവേഷണഗ്രന്ഥം

ദൈവശാസ്ത്ര സാഹിത്യസമിതിയുടെ (ടി.എൽ.എസ്.) നിർദ്ദേശാനുസരണം ബാംഗ്ലൂർ യുണൈറ്റഡ് തിയോളജിക്കൽ കോളജ് ലൈബ്രറിയിലെ ഗ്രന്ഥങ്ങളെ അടിസ്ഥാനമാക്കി പി. ടി. കുരുവിള (പ്രശസ്ത എഴുത്തുകാരൻ, മാർത്തോമ്മാ സഭാംഗം) തയാറാക്കിയ ഗ്രന്ഥത്തിലെ 'മലയാളം ബൈബിൾ' എന്ന അധ്യായത്തിൽ ഇപ്രകാരം കാണുന്നു: "ക്ലോഡിയസ് ബുക്കാനൻ കേരളം സന്ദർശിക്കുന്നതുവരെയും മലയാളത്തിൽ ബൈബിൾ പരിഭാഷപ്പെടുത്തിയിരുന്നില്ല. തിമ്മയ്യാപ്പിള്ളയും മൂന്ന് പുരോഹിതന്മാരും തിരുവചനത്തിന്റെ മലയാളത്തിലേക്കുള്ള ഭാഷാന്തര ജോലിയിൽ സഹായിച്ചു. കായംകുളം പീലിപ്പോസ് റമ്പാച്ചനും പുലിക്കോട്ടിൽ ജോസഫ് റമ്പാച്ചനും ഇവരിൽ പ്രധാനികൾ ആയിരുന്നു. പുരോഹിതന്മാരുടെ ശമ്പളം ഉൾപ്പെടെ ഭാഷാന്തര ജോലിക്കുള്ള സർവ്വ ചെലവുകളും ബുക്കാനൻ ആണ് നിർവ്വഹിച്ചത്" (പുറം 108. 1971, കോട്ടയം).

8. കേരള ക്രൈസ്തവ സംസ്ക്കാരം

ബിരുദ, ബിരുദാനന്തര ബിരുദതലത്തിൽ 'കേരള സംസ്ക്കാരം' (മലയാളസാഹിത്യം സബ്സിഡിയറി പേപ്പർ) വിഷയത്തിൽ സർവ്വകലാശാല സിലബസ്പ്രകാരം തയാറാക്കപ്പെട്ട റഫറൻസ് ഗ്രന്ഥമാണ് റവ. മാത്യു ഡാനിയേൽ (മാർത്തോമ്മാ സഭാംഗം) പ്രസിദ്ധീകരിച്ച 'കേരള ക്രൈസ്തവ സംസ്ക്കാരം.' അതിലെ പരാമർശം കാണുക:

"കായംകുളം പീലിപ്പോസ് റമ്പാൻ ആണ് വിവർത്തനത്തിൽ മുഖ്യ പങ്ക് വഹിച്ചത്. പുലിക്കോട്ടിൽ ജോസഫ് റമ്പാന്റെയും തിമ്മയ്യാപ്പിള്ളയുടെയും സഹകരണം അദ്ദേഹത്തിന് ലഭിച്ചു" (പുറം 88).

9. പത്രോസ് മാർ ഒസ്താത്തിയോസ്

സ്ലീബാദാസ സമൂഹ സ്ഥാപകനും സഭാചരിത്ര ഗവേഷകനും സെറാമ്പൂർ ബിരുദധാരിയും മിഷനറിവീരനുമായ മൂക്കഞ്ചേരിൽ മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ 1948 കുംഭം ലക്കം 'മലങ്കരസഭാ മാ

സിക'യിൽ അദ്ദേഹം സെറാമ്പൂർ കോളജിലെ പുസ്തക സഞ്ചയത്തിൽ കണ്ട 1811-ലെ ബൈബിൾ വിവർത്തനത്തിന്റെ കോപ്പിയെപ്പറ്റി ഇപ്രകാരം എഴുതിയിരിക്കുന്നു:

"…. പുസ്തകസഞ്ചയത്തിലെ പഴയലിസ്റ്റിൽ ഇപ്രകാരം എഴുതികാണുന്നു. 'മലയാള വേദപുസ്തകം നാല് സുവിശേഷങ്ങൾ. തിമ്മയ്യാപ്പിള്ളയും റമ്പാന്മാരും കൂടി തർജ്ജിമ ചെയ്തത്. മലയാളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ വക. ഫാ. ബ്രീഷ്യസിന്റെ തമിഴ് തർജ്ജിമയിൽ നിന്ന്. ബോംബെ 1811. … കായംകുളത്ത് മനങ്ങനഴിയം കുടുംബത്തിലെ ഒരംഗമായിരുന്നു പീലിപ്പോസ് റമ്പാൻ. പിന്നീട് മെത്രാപ്പോലീത്താ ആയ പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാരും വേറൊരു കത്തനാരും ഭാഷാന്തരത്തിൽ റമ്പാനെ സഹായിച്ചു ('മലയാളഭാഷയിൽ അച്ചടിച്ച ഒന്നാമത്തെ വേദപുസ്തകം' എന്ന ലേഖനം).

10. ഡോ. സാമുവൽ ചന്ദനപ്പള്ളി

ഗവേഷകനായ ഡോ. സാമുവൽ ചന്ദനപ്പള്ളി രചിച്ച 'മലങ്കരസഭാ പിതാക്കന്മാർ' എന്ന ബൃഹത് ഗ്രന്ഥത്തിൽ ഇപ്രകാരം കാണുന്നു: "…. റവ. ക്ലോഡിയസ് ബുക്കാനൻ ഈ യാത്രയെക്കുറിച്ച് ഇങ്ങനെ രേഖപ്പെടുത്തി: കുന്നംകുളങ്ങര എന്ന് വിളിച്ചുവരുന്ന ഭംഗിയുള്ള ഒരു പട്ടണമുണ്ട്. സുറിയാനി ക്രിസ്ത്യാനികൾ മാത്രം അവിടെ താമസിക്കുന്നു. അവിടത്തെ പുലിക്കോട്ടിൽ യൗസേഫ് കത്തനാരെ ഞാൻ സന്ദർശിക്കുകയുണ്ടായി. … കത്തനാർ വൃത്തിയുള്ള നിലയങ്കി ധരിച്ചിരുന്നു. നല്ല രൂപലാവണ്യമുള്ള ഒരു പരമഭക്തനാണ് കത്തനാർ. ഇംഗ്ലീഷ് വിദ്യാഭ്യാസം തന്റെ ജനങ്ങൾക്ക് നൽകുവാനുള്ള കത്തനാരുടെ ആഗ്രഹം ഞാൻ മനസ്സിലാക്കുന്നു. വേദപുസ്തകം ദേശീയഭാഷയിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നതിന് കത്തനാർക്ക് ആഗ്രഹമുണ്ട്." ജോസഫ് കത്തനാരുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും ആഗ്രഹം അചിരേണ സഫലമായി. 1811-ൽ ബോംബെ കൊറിയർ പ്രസിൽനിന്നും നാലു സുവിശേഷങ്ങളുടെ തർജ്ജിമ അച്ചടിച്ച് പ്രസിദ്ധീകരിക്കുകയുണ്ടായി" (പു. 115. ഇവിടെ ഗ്രന്ഥകാരന് പറ്റിയ ഒരു പ്രമാദം ചൂണ്ടിക്കാട്ടുവാൻ ശ്രമിക്കട്ടെ. 1800-ൽ കുന്നംകുളം സന്ദർശിച്ച ഡോ. ഫ്രാൻസിസ് ബുക്കാനന്റെ വിവരണമാണ് ക്ലോഡിയസ് ബുക്കാനന്റെ വിവരണമായി ഉദ്ധരിച്ച് ചേർത്തിട്ടുള്ളത്. *ഫ്രാൻസിസ് ബുക്കാനന്റെ കേരളം* എന്ന ഡോ. സി. കെ. കരിം തർജ്ജമ ചെയ്ത് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച ഗ്രന്ഥം കാണുക. - ലേഖകൻ).

11. ഇന്ത്യൻ ഓർത്തഡോക്സ് സഭ: ചരിത്രവും സംസ്ക്കാരവും

കോട്ടയ്ക്കൽ പബ്ലിഷേഴ്സ് 2002-ൽ പ്രസിദ്ധീകരിച്ച ബൃഹത് സഭാ

ചരിത്രത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "1806 നവംബർ 23, 24 തീയതികളിലായി നടന്ന കൂടിക്കാഴ്ചകളിൽ മലയാളത്തിലേക്കുള്ള ബൈബിൾ വിവർത്തനം എന്ന ആശയം ഡോ. ബുക്കാനൻ അവതരിപ്പിച്ചു. മെത്രാപ്പോലീത്തായ്ക്ക് ആ ആശയം സമ്മതമായിരുന്നു. രണ്ടാഴ്ച കഴിഞ്ഞു കേണൽ മെക്കാളെയുമൊന്നിച്ച് ബുക്കാനൻ വീണ്ടും ആറാം മാർത്തോമ്മായെ സന്ദർശിച്ചു. ബൈബിൾ വിവർത്തനം തുടങ്ങി എന്ന് മെത്രാപ്പോലീത്താ ബുക്കാനനെ അറിയിച്ചു. ബുക്കാനന്റെ സന്ദർശന വേളയിൽ തന്നോടൊപ്പമുണ്ടാവാൻ സഭയിലെ പ്രധാന വൈദികരെ മെത്രാപ്പോലീത്താ അറിയിച്ചിരുന്നു (അക്കാലത്ത് മലങ്കരയിലെ ഏറ്റവും പ്രശസ്തരായ വൈദികർ തെക്ക് കായംകുളം പീലിപ്പോസ് റമ്പാനും വടക്ക് പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനും ആയിരുന്നു). ബൈബിൾ വിവർത്തനം, സഭാസംയോജനം തുടങ്ങിയ കാര്യങ്ങളുടെ തുറന്ന ചർച്ചയ്ക്കായി ഈ രണ്ടു വൈദികരെ മെത്രാപ്പോലീത്താ നിയോഗിച്ചു എന്ന് വേണം കരുതുവാൻ. രണ്ടു വർഷം കഴിയുമ്പോഴേക്കും ഇവരാണ് മലങ്കരയിലെ വിശ്വസ്തരും പണ്ഡിതരും സഭാസ്നേഹികളുമായ വൈദികർ എന്ന് അംഗീകരിക്കപ്പെടുന്നുണ്ട്. 1809-ലെ കണ്ടനാട് പടിയോല ശ്രദ്ധിച്ചാൽ ഇക്കാര്യം വ്യക്തമാകും" (പുറം 400-401).

12. ഇന്ത്യൻ ഓർത്തഡോക്സ് സഭ എ.ഡി. 52-2007

കോട്ടയ്ക്കൽ പബ്ലിഷേഴ്സ് 2007-ൽ പ്രസിദ്ധീകരിച്ച ഈ സമഗ്ര സഭാ ചരിത്രത്തിൽ പ്രസക്ത വിഷയം രേഖപ്പെടുത്തുന്നതിപ്രകാരമാണ്: "... ബൈബിൾ വിവർത്തനം, ആംഗ്ലിക്കൻ സഭയുമായുള്ള സംയോജനം ഇവയായിരുന്നു സംഭാഷണ വിഷയം. രണ്ടിലും മെത്രാപ്പോലീത്താ (ആറാം മാർത്തോമ്മാ) താല്പര്യം പ്രദർശിപ്പിച്ചു. സഭയിലെ തെക്കും വടക്കുമുള്ള രണ്ട് പ്രഗത്ഭ മല്പാന്മാരെ തുടർ ചർച്ചകൾക്കായി മെത്രാപ്പോലീത്താ നിയോഗിച്ചു. കായംകുളം പീലിപ്പോസ് റമ്പാനും പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനും ആയിരുന്നു ഈ പ്രതിനിധികൾ എന്ന് കേട്ടിട്ടുണ്ട്. ... റമ്പാൻ ബൈബിൾ എന്നും ബുക്കാനൻ ബൈബിൾ എന്നും അറിയപ്പെടുന്ന ഒന്നാമത്തെ മലയാളം ബൈബിൾ പരിഭാഷ ആരംഭിക്കുന്നത് ഈ പശ്ചാത്തലത്തിലാണ്" (പുറം 175).

13. 'മരുപ്പച്ച'യിലെ ലേഖനം

ശ്രീ. ജെ. സി. ദേവ് എഴുതിയ 'സത്യവേദപുസ്തകം ശതാബ്ദി പിന്നിടുമ്പോൾ' എന്ന ലേഖനത്തിൽ 1811-ലെ മലയാളം ബൈബിൾ വിവർത്തനത്തിൽ പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ നിർവഹിച്ച പങ്ക് സംശയരഹിതമായി രേഖപ്പെടുത്തിയിരിക്കുന്നു (മരുപ്പച്ച, തിരുവല്ല, ആഗസ്റ്റ് 5, 2010. വാല്യം14, ലക്കം 15, പുറം 3-5).

14. പ. മാത്യൂസ് ദ്വിതീയൻ കാതോലിക്കാ

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമനെ 'മലങ്കര സഭാ ജ്യോതിസ്' ആയി പ്രഖ്യാപിച്ചുകൊണ്ട് പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ തീരുമാനപ്രകാരം പ. മാത്യൂസ് ദ്വിതീയൻ കാതോലിക്കാ പുറപ്പെടുവിച്ച പൊതുകല്പനയിൽ മലങ്കര മെത്രാപ്പോലീത്തായുടെ സേവനങ്ങളെ മലങ്കരസഭ അംഗീകരിച്ച് പ്രകീർത്തിക്കുംവിധം എഴുതിയിട്ടുള്ളത് ഇപ്രകാരമാണ്: "മലയാള ഭാഷയിൽ വി. വേദപുസ്തകം പരിഭാഷപ്പെടുത്തുകയും ഇംഗ്ലീഷ് വിദ്യാഭ്യാസം കേരളത്തിൽ ആരംഭിക്കുകയും ചെയ്തത് ഈ പിതാവിന്റെ നേട്ടങ്ങളിൽ ചിലവ മാത്രമാണ്."

15. മലയാളകവിതയും ബൈബിളും

ഡോ. എ. ഗോപിനാഥൻ നായരുടെ മേൽനോട്ടത്തിൽ കോട്ടയം എം. ജി. യൂണിവേഴ്സിറ്റിയിൽ സമർപ്പിച്ച് ഗവേഷണബിരുദം നേടിയ പ്രബന്ധമാണീ പുസ്തകം. ഡോ. എം. എം. ബഷീർ, ഡോ. സ്ക്കറിയാ സക്കറിയാ, ഡോ.സാമുവൽ ചന്ദനപ്പള്ളി എന്നിവർ ബിരുദത്തിനായി ഐകകണ്ഠ്യേന ശുപാർശ ചെയ്ത ഈ പ്രബന്ധത്തിലെ പരാമർശം കാണുക: "1811-ലാണ് മലയാളത്തിൽ ആദ്യമായി നാലു സുവിശേഷങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്. ക്ലോഡിയസ് ബുക്കാനന്റെ നേതൃത്വത്തിൽ കേരള സുറിയാനിസഭയിലെ പുലിക്കോട്ടിൽ ജോസഫ് റമ്പാൻ (പിന്നീട് കോട്ടയം പഴയസെമിനാരി സ്ഥാപകൻ ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ), കായംകുളം പീലിപ്പോസ് റമ്പാൻ തുടങ്ങിയവർ സുറിയാനിയിൽനിന്ന് വിവർത്തനം ചെയ്ത സുവിശേഷ ഭാഗങ്ങൾ ബോംബെയിലെ കൊറിയർ പ്രസിൽ അച്ചടിക്കുകയാണുണ്ടായത്."

16. പ. പൗലൂസ് ദ്വിതീയൻ കാതോലിക്കാ

"ബൈബിളിന്റെ മലയാള വിവർത്തനത്തെ സംബന്ധിച്ചും, അതിന്റെ പിന്നിൽ വളരെയധികം പ്രവർത്തിച്ച പുലിക്കോട്ടിൽ ഒന്നാമൻ തിരുമേനിയുടെ സംഭാവനകളെപ്പറ്റിയും, കേരള സംസ്കാരത്തിലും മലയാളഭാഷയിലും ഈ വിവർത്തനം ചെലുത്തിയ സ്വാധീനങ്ങളെ സംബന്ധിച്ചും ചരിത്ര വസ്തുതകളുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായി അപഗ്രഥിക്കുന്ന പ്രസ്തുത ഗ്രന്ഥം മലയാള സാഹിത്യത്തിനും ചരിത്രാന്വേഷകർക്കും തീർച്ചയായും ഒരു മുതൽക്കൂട്ടാണ്."

(പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ഒന്നാമനും 1811-ലെ മലയാളം ബൈബിളും എന്ന പുസ്തകത്തിന് എഴുതിയ അനുഗ്രഹാശംസയിൽ നിന്ന്)

17. ബൈബിളും മലയാളവും

ഡോ. സുകുമാർ അഴീക്കോടിന്റെ മേൽനോട്ടത്തിൽ കത്തോലിക്കാ സഭാംഗമായ ഡോ. റോസി തമ്പി കോഴിക്കോട് സർവ്വകലാശാലയിൽ സമർപ്പിച്ച ഡോക്ടറൽ തീസീസിൽ ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്: "സുറിയാനിപണ്ഡിതനായ കായംകുളം പീലിപ്പോസ് റമ്പാനും കുന്നം കുളത്തുകാരനായ പുലിക്കോട്ടിൽ ജോസഫ് ഇട്ടൂപ്പ് (റമ്പാനും) തമിഴ് പണ്ഡിതനായ തിമ്മയ്യാപ്പിള്ളയും കൂടിയാണ് ഈ വിവർത്തനം നിർവ ഹിച്ചിട്ടുള്ളത്. എന്നാൽ ക്ലോഡിയസ് ബുക്കാനന്റെ മേൽനോട്ടത്തിൽ നടന്ന ശ്രമമായതുകൊണ്ട് അദ്ദേഹത്തിന്റെ പേരിലാണ് പ്രധാനമായും ഈ ഗ്രന്ഥം അറിയപ്പെടുന്നത്" (പുറം 86).

18. ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ

ഈ സംഘടനയുടെ കേരളഘടകം ഔദ്യോഗികമായി ഇറക്കുന്ന എല്ലാ പ്രസിദ്ധീകരണങ്ങളിലും മലയാള ബൈബിൾ ചരിത്രം പരാമർശിക്കു മ്പോൾ 1811-ലെ ബൈബിൾ വിവർത്തകരിൽ ഒരാളായി പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനെ പരാമർശിക്കുന്നു.

1811-ലെ മലയാളം ബൈബിൾ മലയാള ഭാഷാഗദ്യത്തിന്റെ വളർച്ച യിലെ ഒരു നാഴികക്കല്ലാണ്. 18-ാം നൂറ്റാണ്ടിലെ സാധാരണക്കാരന്റെ സംസാരഭാഷയെ അത് ഉദാഹരിക്കുന്നു. വിദേശ മിഷനറിമാർ ഇതിന്റെ ഭാഷയെ പരിഷ്ക്കരിക്കുവാൻ ഒട്ടും ശ്രമിച്ചിട്ടില്ല. വിവർത്തകന്മാർക്ക് സംസ്ക്കൃതത്തിലോ ഇംഗ്ലീഷിലോ പാണ്ഡിത്യമില്ലാതിരുന്നതിനാൽ ആ ഭാഷകളും ഈ വിവർത്തനത്തിൽ കൈകടത്തിയിട്ടില്ല. അക്ഷരങ്ങളുടെ ചതുരവടിവ്, ശുദ്ധമലയാള - ദ്രാവിഡപദങ്ങളുടെ ആധിക്യം, പദഘടന യിലെ വ്യാകരണകാര്യങ്ങൾ, അന്യഭാഷാപദങ്ങൾ തുടങ്ങി ഒട്ടു വളരെ കാര്യങ്ങൾ വിശദമായി അപഗ്രഥിച്ച് 19-ാം നൂറ്റാണ്ടിന് മുമ്പുള്ള മലയാള ഭാഷയുടെ സ്വരൂപം കണ്ടെത്തുന്നതിന് ഈ ഗ്രന്ഥം ഉപകരിക്കുമെന്നത് തീർച്ചയാണ്. പഴയനിയമത്തിലെ ദാവീദിന്റെ 'സങ്കീർത്തന'മാണ് മല യാളത്തിൽ വിവർത്തനം ചെയ്യപ്പെട്ട വേറൊരു വേദഭാഗം. കോട്ടയം പഴയ സെമിനാരി സ്ഥാപകൻ തന്നെയാണിതിന്റെയും വിവർത്തകൻ എങ്കിലും (കൈയക്ഷരത്തിന്റെ ചതുരവടിവും വിവർത്തനത്തിലെ ഭാഷാശൈലിയും അടിസ്ഥാനപ്പെടുത്തിയാണ് ഈ നിരീക്ഷണം) ഈ രചന നാളിതുവരെ അച്ചടിക്കപ്പെട്ടിട്ടില്ല. 1811-ൽ റമ്പാൻ ബൈബിളിന്റെ വിവർത്തനത്തിന് നേതൃത്വം നൽകിയ സെമിനാരി സ്ഥാപകൻ ബൈബിളിന്റെ ഇതരഭാഗ ങ്ങളും വിവർത്തനം ചെയ്തിട്ടുള്ളതായി കേണൽ മൺറോയുടെ ഏതാനും കത്തുകളിൽ പരാമർശമുണ്ട് (പി. ചെറിയാന്റെ സഭാചരിത്ര ത്തിലെ അനുബന്ധം കാണുക). ഈ വിവർത്തനത്തിന്റെ പല

ഭാഗങ്ങളും കുന്നംകുളം പനയ്ക്കൽ തറവാട്ടിൽ ഗ്രന്ഥപ്പുരയിൽനിന്ന് ഫാ. കുറിയാക്കോസ് ഒ.ഐ.സി. കണ്ടെടുത്ത് പഴയസെമിനാരിയിലേക്ക് നൽകിയിട്ടുണ്ട് (ബൈബിൾ ആധുനിക മലയാള കവിതയിൽ, പുറം 38).

ഡോ. കുര്യൻ തോമസ് ആരോപിക്കുന്നത്, പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനെ 'മഹത്വവത്ക്കരിക്കു'വാൻ ചിലർ നടത്തുന്ന ശ്രമത്തിന്റെ ഭാഗമായിട്ടാണ് 1811-ലെ റമ്പാൻ ബൈബിളിന്റെ വിവർത്തകരിലൊരാളായി പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനെ തിരുകിക്കയറ്റുന്നത് എന്നാണ്.

മലങ്കരസഭയിലെ ഏറ്റവും മഹത്തായ സ്ഥാപനം കോട്ടയം പഴയസെമിനാരിയും, ഏറ്റവും വലിയ മഹാൻ അതിന്റെ സ്ഥാപകനായ പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനുമാണെന്നത് കഴിഞ്ഞ തലമുറയിൽ മലങ്കരസഭാ മാസികയുടെ പത്രാധിപനും സഭാ സെക്രട്ടറിയുമായ പാത്താമുട്ടം വന്ദ്യ എം. സി. കുറിയാക്കോസ് റമ്പാൻ സാക്ഷ്യപ്പെടുത്തിയിരിക്കേ മറ്റൊരു സാക്ഷ്യം എന്തിന്. മഹത്വമില്ലാത്ത ഒരാളിൽ മഹത്വം ആരോപിക്കുന്നതാണ് മഹത്വവത്ക്കരണം.

1. ജന്മായത്തമായി കുടുംബാവകാശമെന്ന നിലയിൽ മലങ്കരമെത്രാൻസ്ഥാനം പിന്തുടർന്നുപോന്ന ഒന്നര നൂറ്റാണ്ടിന്റെ പാരമ്പര്യം അവസാനിപ്പിച്ച് ജനങ്ങൾ തെരഞ്ഞെടുക്കുന്ന ഒരു വൈദികൻ മലങ്കരമെത്രാനാകണം എന്ന സഭയുടെ ആഗ്രഹം പ്രാവർത്തികമാക്കിയ അദ്ദേഹത്തെ മഹത്വവത്ക്കരിക്കുവാൻ മറ്റ് കാരണങ്ങൾ ആവശ്യമുണ്ടോ?

2. മലങ്കരമെത്രാൻ ഏതെങ്കിലും ഒരിടവകപള്ളിയെ ആസ്ഥാനമാക്കുന്നത് അനാരോഗ്യകരമായ പ്രവണതയാകയാൽ മലങ്കരമെത്രാപ്പോലീത്തായുടെ ആസ്ഥാനത്തിന് ഒരു പൊതുസഭാകേന്ദ്രം പ്രാവർത്തികമാക്കിയ സെമിനാരിസ്ഥാപകനെ ആരെങ്കിലും മഹത്വവത്ക്കരിക്കേണ്ടതുണ്ടോ?

3. തിരുവിതാംകൂറിൽ ആദ്യമായി ഇംഗ്ലീഷ് വിദ്യാഭ്യാസം പ്രോദ്ഘാടനം ചെയ്ത പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനെ മഹത്വവത്ക്കരിക്കുവാൻ പരസഹായം ആവശ്യമുണ്ടോ?

4. മലങ്കരസഭയിൽ ആദ്യമായി വൈദികവിദ്യാഭ്യാസത്തിനായി സഭയുടെ മദ്ധ്യസ്ഥാനത്ത് ഭാവനാപൂർവ്വം വൈദികസെമിനാരി അന്നത്തെ മലങ്കരമെത്രാൻ 8-ാം മാർത്തോമ്മായുടെ അഹിതത്തെ അവഗണിച്ചുകൊണ്ട് സ്ഥാപിച്ച പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനെ മഹത്വവത്ക്കരിക്കുവാൻ മറ്റ് കാരണങ്ങൾ ആവശ്യമുണ്ടോ?

5. മഹത്വം ഇല്ലാത്ത ഒരാളെയാണോ 'സഭാജ്യോതിസ്' എന്ന പരിശുദ്ധ ബിരുദം നൽകി മലങ്കരസഭയുടെ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ആദരിച്ചത്?

ഡോ. കുര്യൻ തോമസിന് അബദ്ധം പിണഞ്ഞത് അദ്ദേഹം വേണ്ടതിലേറെ പ്രാധാന്യം *നിരണം ഗ്രന്ഥവരി*ക്ക് നൽകിയതുകൊണ്ടാണ്. *നിരണം ഗ്രന്ഥവരി*യുടെ മറ്റൊരു വ്യാഖ്യാതാവായ പോൾ മണലിൽ എഴുതുന്നു: "പുരാവൃത്ത വിവരണങ്ങളെല്ലാം കേട്ടറിഞ്ഞ കാര്യങ്ങളാണ്. ഈ കാര്യങ്ങളിലെ തെറ്റും ശരിയും സമാഹർത്താവ് വേർതിരിച്ചിട്ടില്ല. ... തെറ്റേതാണ് ശരിയേതാണ് എന്നൊരു മാനദണ്ഡം ഗ്രന്ഥവരി ക്രോഡീകരിച്ചവരുടെ മുമ്പിൽ അന്നുണ്ടായിരുന്നില്ല. അതിനാൽ ചരിത്രരചനയ്ക്ക് ഇന്ന് അവലംബിക്കുന്ന അളവുകോൽകൊണ്ട് *നിരണം ഗ്രന്ഥവരി*യെ വിലയിരുത്തുവാൻ സാധ്യമല്ല" (*നിരണം ഗ്രന്ഥവരി,* എം.ഒ.സി. പ്രസിദ്ധീകരണം, പുറം 13).

നിരണം ഗ്രന്ഥവരി ചരിത്രപരമായ ചർച്ചയിൽ ഉദ്ധരിക്കുന്നവർ പോൾ മണലിൽ നൽകുന്ന മുന്നറിയിപ്പ് അവഗണിച്ചുകൂടാ. ഡോ. കുര്യൻ തോമസ് ഇക്കാര്യം ഭാവിഗവേഷണത്തിൽ ഒരു ചൂണ്ടുപലകയായി ഗണിക്കുന്നത് അഭിലഷണീയമാണ്. *നിരണം ഗ്രന്ഥവരി*യെ ഈ ലേഖനത്തിൽ വിലയിരുത്തുവാൻ ഉദ്ദേശ്യമില്ലെങ്കിലും വളരെ പ്രകടമായ ഒന്ന് രണ്ട് സംഭവങ്ങൾ *നിരണം ഗ്രന്ഥവരി* അവഗണിച്ചത് ഇവിടെ കൊടുക്കുന്നു.

1. പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാന്റെ ഇടവകപള്ളി - പാലൂർ ചാട്ടുകുളങ്ങരപള്ളി - 1789-ൽ ടിപ്പു സുൽത്താന്റെ പടയാളികൾ തീവച്ച് നശിപ്പിച്ച കാര്യവും അനേകംപേർ രക്തസാക്ഷികളായി കൊല്ലപ്പെട്ട വിവരവും *നിരണം ഗ്രന്ഥവരി* പൂർണ്ണമായും അവഗണിച്ചിരിക്കുന്നു.

2. 'മലങ്കരസഭയുടെ മാഗ്നാക്കാർട്ടാ' എന്ന് പില്ക്കാല ചരിത്ര ഗവേഷകർ വിശേഷിപ്പിച്ച 'ആർത്താറ്റ് പടിയോല' എന്ന സഭാചരിത്രരേഖ, 6-ാം മാർത്തോമ്മായ്ക്ക് സമർപ്പിച്ചിട്ടുപോലും 6-ാം മാർത്തോമ്മായുടെ നിർദ്ദേശപ്രകാരം രചിക്കപ്പെട്ടു എന്ന് ചിത്രീകരിക്കപ്പെട്ട *നിരണം ഗ്രന്ഥവരി* അതിനെ തമസ്ക്കരിച്ചത് എന്തുകൊണ്ട്?

3. പുത്തൻകാവ് പള്ളിയുടെ നിർമ്മാണം വളരെ വിശദമായി വർണ്ണിക്കുന്ന *നിരണം ഗ്രന്ഥവരി* സമകാലത്ത് നടന്നതും പുത്തൻകാവ് പള്ളിയേക്കാൾ ബൃഹത്തും പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാച്ചൻ പണിയിച്ചതും ആയ ആർത്താറ്റ് പള്ളിയുടെ നിർമ്മാണത്തെപ്പറ്റി ഒരു വരിയിൽപോലും പരാമർശിക്കാതെ പോയതെന്തുകൊണ്ട്?

4. കണ്ടനാട് പടിയോല നിരവധി വ്യവസ്ഥകൾ അടങ്ങിയ ഒരു ഭരണഘടനതന്നെ ആയിരിക്കേ അക്കാര്യത്തെപ്പറ്റി "... യാക്കോബായക്കാരുടെ മര്യാദപോലെ ഒക്കെയും നടന്നുകൊള്ളത്തക്കവണ്ണം എല്ലാ കാര്യങ്ങൾക്കും ഒരു പടിയോലയും എഴുതിവച്ചു" എന്ന് മാത്രം പറഞ്ഞ് 1809-ലെ പടിയോലയുടെ ഉള്ളടക്കം തന്നെ തമസ്ക്കരിച്ചതെന്തുകൊണ്ട്?

പൂർവ്വികതയുള്ള *നിരണം ഗ്രന്ഥവരി* നൽകുന്ന ചരിത്രപരമായ ഉൾക്കാഴ്ചകളെ നിസ്സാരവത്ക്കരിക്കുവാൻ ഈ ലേഖകന് താല്പര്യമില്ല. എന്നാൽ എഴുത്തുകാരൻ ആരെന്നറിയാത്ത, എഴുത്തുകാരന്റെ നിലവാരവും ലക്ഷ്യവുമെന്ത് എന്ന് ഇനിയും വ്യക്തമാകാത്ത, ഒരു കൃതിയെ ആവശ്യത്തിലേറെ ചരിത്രപഠനങ്ങൾക്ക് അവലംബമാക്കുന്നത് ആരോഗ്യകരമായ പ്രവണതയല്ലെന്ന് ചൂണ്ടിക്കാട്ടാതെ തരമില്ല (*നിരണം ഗ്രന്ഥവരി*യുടെ സമാഹർത്താവ് കായംകുളം പീലിപ്പോസ് മല്പാൻ ആണെന്ന് ശ്രീ. പോൾ മണലിൽ അദ്ദേഹത്തിന്റെ വ്യാഖ്യാനത്തിൽ സ്ഥാപിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. പീലിപ്പോസ് റമ്പാൻ തികഞ്ഞ മല്പാനും മഹാനും ആണ്. അദ്ദേഹം പകർത്തിയെഴുതിയ പുസ്തകങ്ങളിൽപ്പോലും എഴുത്തുകാരന്റെ പേര്, എഴുതിയ സ്ഥലം, എഴുതി പൂർത്തിയാക്കിയ തീയതിയും മാസവും വർഷവും എന്നിവ രേഖപ്പെടുത്തുവാൻ മാത്രം നിലവാരമുള്ള ഒരു മഹാശയനാണ്. അദ്ദേഹം കൽദായ സുറിയാനിയിൽ കുറുപ്പംപടി പള്ളിയിൽ വച്ച് പകർത്തിയെഴുതിയ ആണ്ടുതക്സാ ഈ ലേഖകന്റെ ഗ്രന്ഥശേഖരത്തിലുണ്ട്. ആരിലും മതിപ്പുളവാക്കുന്ന ആ സംസ്ക്കാരം *നിരണം ഗ്രന്ഥവരി*യുടെ പകർപ്പെഴുത്തിൽ കാണുന്നില്ല. അപ്രസിദ്ധനും വിശാല താല്പര്യമില്ലാത്ത ഒരാളും ആണ് *നിരണം ഗ്രന്ഥവരി*യുടെ എഴുത്തുകാരൻ എന്ന് തോന്നുന്നു. ‘അച്ചൻ’ എന്ന പ്രയോഗം ആണ് പോൾ മണലിനെ കുഴക്കിയത്. യജമാനൻ എന്ന അർത്ഥത്തിൽ അക്കാലങ്ങളിൽ മെത്രാനെ ‘അച്ചൻ’ എന്ന് വിശേഷിപ്പിക്കുമായിരുന്നു. ‘കാലം ചെയ്ത അച്ചൻ’ എന്ന് സെമിനാരി സ്ഥാപകനെ വിശേഷിപ്പിക്കാറുണ്ട്. 1811-ലെ ബൈബിൾ വിവർത്തനത്തിൽ ‘യജമാനൻ’ എന്ന് ആധുനിക വിവർത്തനത്തിൽ കാണുന്ന എല്ലാ ഭാഗങ്ങളിലും ഉപയോഗിച്ചിട്ടുള്ളത് ‘അച്ചൻ’ എന്ന പദമാണ്. നമ്മുടെ ഇന്നത്തെ അച്ചനെ (കശ്ശീശായെ) അക്കാലങ്ങളിൽ കത്തനാർ എന്ന് മാത്രമേ പറയുമായിരുന്നുള്ളൂ.).

ഉപസംഹാരം

1811-ലെ മലയാളം ബൈബിൾ വിവർത്തനം മലങ്കരസഭാചരിത്രത്തിലെന്നപോലെ മലയാള ഭാഷാചരിത്രത്തിൽ പൊതുവെയും ഗദ്യസാഹിത്യചരിത്രത്തിൽ സവിശേഷമായും പഠനാർഹമായ ഒരു നാഴികക്കല്ലാണ്. പ്രസ്തുത വിവർത്തനത്തിന്റെ ഇരുന്നൂറാം വാർഷികം ഇക്കൊല്ലം കത്തോലിക്കേതര സഭകളെല്ലാം ചേർന്ന് (1811-ന് ശേഷം മാതൃസഭയിൽനിന്ന് പിരിഞ്ഞുപോയ സി.എസ്.ഐ., മാർത്തോമ്മാ, തൊഴിയൂർ, യാക്കോബായ, സഭകളുടെ പൊതു പൈതൃകം റമ്പാൻ ബൈബിളിനുണ്ട്) സമുചിതമായി ആഘോഷിക്കുകയും കേരള നവോത്ഥാനം, മത-സാംസ്ക്കാരിക പുനരുദ്ധാരണം, മലയാള ഭാഷാഗദ്യത്തിന്റെ വികാസ

പരിണാമങ്ങൾ എന്നീ മേഖലകളിൽ റമ്പാൻ ബൈബിൾ ചെയ്ത സേവനം എന്നീ വിഷയങ്ങൾ ചർച്ചയ്ക്ക് വിഷയീഭവിപ്പിക്കുകയും ചെയ്യണം. റമ്പാൻ ബൈബിൾ ചർച്ചയിൽ ആറാം മാർത്തോമ്മാ, ക്ലോഡിയസ് ബുക്കാനൻ, പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ, കായംകുളം പീലിപ്പോസ് റമ്പാൻ, തിമ്മയ്യാപ്പിള്ള എന്നീ മഹത്വ്യക്തികളെ ആദരപൂർവ്വം നമിച്ചുകൊള്ളട്ടെ. അവിഭക്ത മലങ്കരസഭാ പൈതൃകത്തിന്റെ 'മധുരക്കനി' എന്ന നിലയിൽ ആ രചനയെ, സഭാചരിത്ര വിദ്യാർത്ഥിയും ഭാഷാഗവേഷണ വിദ്യാർത്ഥിയുമായ ഈ ലേഖകൻ സാഷ്ടാംഗം നമസ്ക്കരിക്കട്ടെ.

- ഫാ. ഡോ. ജോസഫ് ചീരൻ

മലയാളം ബൈബിൾ: ചരിത്രപശ്ചാത്തലം

റവ. റ്റി. വി. തോമസ്

“നിന്റെ വചനം എന്റെ കാലിനു ദീപവും പാതയ്ക്കു പ്രകാശവുമാകുന്നു” (സങ്കീ. 119:105).

ദൈവത്തിന്റെ ജീവനുള്ള വചനം മനുഷ്യരുടെ ഭാഷകളിൽ എഴുതപ്പെട്ടിട്ടുള്ള ഏക മഹൽ ഗ്രന്ഥമാണ് ബൈബിൾ. ‘ബിബ്ലിയാ’ എന്ന ഗ്രീക്കു പദത്തിൽ നിന്നും രൂപമെടുത്തതാണ് ബൈബിൾ എന്ന പദം. അതിന്റെ പദാനുപദമായ അർത്ഥം ചെറുപുസ്തകങ്ങൾ എന്നാണ്. ദൈവാത്മ പ്രേരിതമായ ജ്ഞാനത്താൽ എഴുതപ്പെട്ട ബൈബിളിലെ 66 പുസ്തകങ്ങളും ചരിത്രപരമായി ശരിയാണെന്നു തെളിയിക്കുന്നതിനു ഉപോൽബലകങ്ങളായ നിരവധി ശാസ്ത്രീയ തെളിവുകൾ കണ്ടുപിടിച്ചിട്ടുണ്ട്.

ബൈബിൾ ജീവനുള്ള ഗ്രന്ഥമാണ്. ബൈബിൾ അതിന്റെ പൂർണ്ണതയിൽ അണിഞ്ഞൊരുങ്ങുന്നതിനു 1600 സംവൽസരങ്ങൾ വേണ്ടിവന്നു. 40 എഴുത്തുകാർ അതിന്റെ സംവിധാനത്തിന് നേതൃത്വം നൽകിയിട്ടുണ്ട്. ലോകത്തെമ്പാടുമുള്ള ജനങ്ങൾക്ക് പാരായണം ചെയ്യത്തക്ക രീതിയിൽ ബൈബിളും അതിന്റെ ഭാഗങ്ങളും ഇപ്പോൾ 1760-ൽപരം ഭാഷകളിൽ വിവർത്തനം ചെയ്തിട്ടുണ്ട്.

മലയാളം ബൈബിൾ

മലയാളം ബൈബിൾ വിർത്തനം ചെയ്ത ചരിത്ര പശ്ചാത്തലം ഗ്രഹിക്കുന്നത് രസകരമാണ്. വിജാതീയരുടെ മദ്ധ്യത്തിൽ സുവിശേഷം എത്തിക്കുക എന്ന ലക്ഷ്യത്തിലാണ് ഭാരതീയ ഭാഷകളിൽ തിരുവചനം തർജമ ചെയ്തത്. എന്നാൽ കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികൾക്ക് തിരുവചനം എത്തിക്കുന്നതിനുവേണ്ടിയാണ് മലയാള ഭാഷയിലേക്ക് വിവർത്തനം ചെയ്തത്.

1806-ൽ ഡോ. ക്ലോഡിയസ് ബുക്കാനൻ ബംഗാളിൽ ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ചാപ്ലേനായി സേവനം അനുഷ്ഠിച്ചിരുന്ന കാലത്ത് കേരളം സന്ദർശിച്ചു. അന്ന് സുറിയാനി ക്രിസ്ത്യാനികൾക്ക് മലയാള ഭാഷയിൽ ബൈബിൾ ഇല്ലായിരുന്നു. മലയാളം ബൈബിളിന്റെ അഭാവത്തിൽ ക്രൈസ്തവസഭയ്ക്കുണ്ടായ നിർജ്ജീവാവസ്ഥയെ സംബന്ധിച്ചു സുറിയാനി സഭയിലെ ഒരു പുരോഹിതൻ ഡോ. ബുക്കാനനെ ബോധവാനാക്കി. സുറിയാനി സഭയ്ക്ക് ബൈബിൾ എത്തിച്ചുകൊടുക്കാമെന്ന് ആ മിഷനറി ഉറപ്പുകൊടുത്തു.

മാർ ദീവന്നാസിയോസ് മാർത്തോമാ ആറാമനായിരുന്നു അന്നത്തെ സുറിയാനി സഭയുടെ മെത്രാപ്പോലീത്താ തിരുമേനി. അന്ന് അദ്ദേഹത്തിനു 78 വയസ്സ് പ്രായമുണ്ടായിരുന്നു. വാർദ്ധക്യസഹജമായ ക്ഷീണമുണ്ടായിരുന്നിട്ടും തിരുവചന വിവർത്തനത്തിന്റെ ഭാരമേറിയ ദൗത്യം അദ്ദേഹം സദയം ഏറ്റെടുത്തു. "ഈ പാപാന്ധകാര പ്രദേശങ്ങളിൽ സുവിശേഷത്തിന്റെ സൽപ്രകാശം വിതരണം ചെയ്യുന്ന ബൈബിളിന്റെ ഭാഷാന്തര പ്രയത്നത്തെ ദൈവം അനുഗ്രഹിക്കട്ടെ" - തിരുമേനിയുടെ ഈ അനുഗ്രഹാശംസകൾ സഫലമായി. അക്കാലത്തു ആരാധനയ്ക്കും മറ്റും ഉപയോഗിച്ചിരുന്നത് സുറിയാനി ഭാഷയിലുള്ള ഗ്രന്ഥങ്ങളായിരുന്നു.

മാർ ദീവന്നാസിയോസ് മാർത്തോമാ തിരുമേനി അങ്കമാലി ദേവാലയത്തിൽ പവിത്രമായി സൂക്ഷിച്ചിരുന്ന ഒരു സുറിയാനി ബൈബിൾ ഡോ. ബുക്കാനനു സമ്മാനിച്ചു. പ്രസ്തുത ബൈബിൾ ബുക്കാനൻ ഇംഗ്ലണ്ടിൽ കൊണ്ടുപോയി അതിന്റെ 55 പ്രതികൾ മുദ്രണം ചെയ്ത് കേരളത്തിലെ സുറിയാനി സഭകൾക്കു സമ്മാനിച്ചു.

നാലു സുവിശേഷങ്ങൾ

മലയാളം ബൈബിൾ പരിഭാഷപ്പെടുത്തിയത് സുറിയാനി ബൈബിളിൽ നിന്നായിരുന്നു. തിമ്മപ്പാപിള്ള, കായംകുളം ഫിലിപ്പോസ് റമ്പാൻ, പുലിക്കോട്ടിൽ ജോസഫ് ഇട്ടൂപ്പ് എന്നിവർ ചേർന്നാണ് സുവിശേഷങ്ങൾ മലയാളത്തിലേക്കു വിവർത്തനം ചെയ്തത്. ഭാഷാന്തര ജോലിക്കുള്ള സകല ചെലവുകളും ഡോ. ബുക്കാനനാണ് വഹിച്ചത്. 1811-ൽ മലയാളത്തിലേക്ക് വിവർത്തനം ചെയ്ത നാലു സുവിശേഷപ്രതികൾ ബോംബെയിൽ വച്ചു മുദ്രണം ചെയ്തു പ്രസിദ്ധീകരിച്ചു. തിരുമേനിയുടെ നേതൃത്വത്തിൽ മലയാള വിവർത്തനം വീണ്ടും തുടർന്നു.

അന്നത്തെ മലയാള ഭാഷ തമിഴിനോട് അടുത്ത ബന്ധമുള്ളതായിരുന്നു. ഫാബ്രിഷിയസ് തർജ്ജമ ചെയ്ത തമിഴ് ബൈബിൾ കൂടെ ആധാരമാക്കിയാണ് മലയാളം പരിഭാഷ തുടർന്നത്. സുവിശേഷങ്ങൾ മുദ്രണം ചെയ്യുന്നതിനാവശ്യമായ കടലാസ് ബ്രിട്ടീഷ് ആന്റ് ഫോറിൻ ബൈബിൾ സൊസൈറ്റി സംഭാവന ചെയ്തു.

അന്ന് കേരളത്തിൽ ബ്രിട്ടീഷ് പ്രതിനിധിയായി നിയമിക്കപ്പെട്ട കേണൽ മൺറോയുടെ സേവനങ്ങൾ മലയാളം ബൈബിളിന്റെ ചരിത്രത്തിൽ വിലപ്പെട്ടതായിരുന്നു.

റവ. ബഞ്ചമിൻ ബെയിലി

പ്രൊട്ടസ്റ്റന്റ് മിഷനറിമാർ കേരളത്തിൽ പ്രേഷിത പ്രവർത്തനത്തിന് വന്നതിനുശേഷം ബൈബിൾ വിവർത്തനത്തിന് അഭൂതപൂർവമായ

പുരോഗതി ഉണ്ടായിട്ടുണ്ട്. 1816-ൽ സി.എം.എസ്. മിഷനറി ആയിരുന്ന റവ. ബഞ്ചമിൻ ബെയ്‌ലി കോട്ടയത്തു താമസിച്ചുകൊണ്ട് മിഷനറി പ്രവർത്തനം ആരംഭിച്ചു.

1825-ൽ റവ. ബഞ്ചമിൻ ബെയിലിയുടെ നേതൃത്വത്തിൽ വിവർത്തനം ചെയ്ത മത്തായിയുടെ സുവിശേഷം സി.എം.എസ്സ്. പ്രസിൽ മുദ്രണം ചെയ്തു. ബെയ്‌ലി സ്വന്തം കൈ കൊണ്ട് നിർമ്മിച്ച തടി പ്രസ്സിലാണ് അതിന്റെ മുദ്രണം നടന്നത്. സുറിയാനി, സംസ്കൃതം, മലയാളം എന്നീ ഭാഷകൾ അദ്ദേഹം അഭ്യസിച്ചു. ബൈബിളിന്റെ പഴയനിയമത്തിന്റെ മൂല ഭാഷയായ എബ്രായ ഭാഷയിൽ നിന്നും ബൈബിൾ മലയാളത്തിലേക്കു വിർത്തനം ചെയ്യുന്നതിനു എബ്രായ പണ്ഡിതനായ മോശ ഇത്താപ്പിരി എന്ന യഹൂദൻ സഹായിച്ചു. തമിഴ് ബ്രാഹ്മണനായ വൈദ്യനാഥയ്യർ, മലബാറുകാരനായ ചാത്തുമേനോൻ എന്നിവരും വിവർത്തനത്തിനു സാരഥ്യം വഹിച്ചവരിൽ ചിലരാണ്.

1829-ൽ പുതിയനിയമം വിവർത്തനം ചെയ്തു. 500 പ്രതികൾ പ്രസിദ്ധീകരിച്ചു. 1839-ൽ പഴയനിയമത്തിന്റെ വിവർത്തനവും പ്രസിദ്ധീകരിച്ചു. 1839-ൽ സങ്കീർത്തനങ്ങൾ മലയാളത്തിൽ മുദ്രണം ചെയ്തു. 1841-ൽ പഴയനിയമത്തിന്റെ വിവർത്തനവും പ്രസിദ്ധീകരിച്ചു. റവ. ബഞ്ചമിൻ ബെയിലിയുടെ നേതൃത്വത്തിലാണ് ഇതെല്ലാം നടന്നത്.

റവ. എച്ച്. ഗുണ്ടർട്ട്

1854-ൽ ബാസൽ ജർമ്മൻ ഇവാഞ്ചലിക്കൻ മിഷൻ തലശ്ശേരിയിൽ വച്ചു ഗുണ്ടർട്ട് നേതൃത്വം നൽകി വിവർത്തനം ചെയ്ത പുതിയനിയമം പ്രസിദ്ധീകരിച്ചു. പഴയനിയമ വിവർത്തനം 1885-ൽ വെളിച്ചം കണ്ടു. 1888-ൽ പ്രവാചകന്മാരുടെ ചില പുസ്തകങ്ങൾ വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ചു.

ഐക്യവിവർത്തനം

1880-ൽ റവ. ജെ. എം. ഫെർട്ട്സിന്റെ അദ്ധ്യക്ഷതയിൽ എൽ.എം.എസ്., ബാസൽ മിഷൻ, മാർത്തോമ്മാ, യാക്കോബായ എന്നീ സഭകളിലെ പ്രതിനിധികൾ ചേർന്ന് ഒരു കമ്മിറ്റിയുടെ നേതൃത്വത്തിൽ മലയാളം ബൈബിളിന്റെ വിവർത്തനം നടത്തി. 1889-ൽ പുതിയനിയമം കോട്ടയം സി.എം.എസ്. പ്രസിൽ മുദ്രണം ചെയ്തു. 1910-ൽ സമ്പൂർണ്ണ ബൈബിൾ മലയാളത്തിലേക്ക് തർജമ ചെയ്തത് പ്രസിദ്ധീകരിച്ചു. ഇന്നു നിലവിലുള്ള മലയാളം തർജമയാണിത്. ആദ്യം അത് മംഗലാപുരത്താണ് മുദ്രണം ചെയ്തത്. അതിനുശേഷം കോട്ടയം സി.എം.എസ്. പ്രസ് അതിന്റെ മുദ്രണത്തിന്റെ ചുമതല ഏറ്റെടുത്തു.

1957-ൽ മലയാളം ബൈബിൾ ഒത്തുവാക്യങ്ങൾ ചേർത്തു പ്രസിദ്ധീകരിച്ചു. 1967-ൽ മലയാളം പുതിയനിയമവും സങ്കീർത്തനങ്ങളും ഒത്തുവാക്യങ്ങളും പാരഗ്രാഫ് ഹെഡ്ഡിഗും ചേർത്ത് മുദ്രണം ചെയ്തു.

പരിഷ്കരിച്ച പതിപ്പ്

1980-ൽ ബൈബിൾ സൊസൈറ്റി കേരള ഓക്സിലിയറിയുടെ നേതൃത്വത്തിൽ പുതിയനിയമം, മലയാളത്തിൽ പുതിയ പരിഷ്കരിച്ച തർജമ പ്രസിദ്ധീകരിച്ചു. ഇപ്പോൾ പഴയനിയമത്തിന്റെ പുതിയ പരിഷ്കരിച്ച തർജമ നടന്നുകൊണ്ടിരിക്കുന്നു. എറണാകുളം S.T.R.V. പ്രസിൽ ആണ് ഇപ്പോൾ മലയാളം ബൈബിളിന്റെ മുദ്രണം നടക്കുന്നത്.

റോമൻ കത്തോലിക്കാ വിവർത്തനം

റോമൻ കത്തോലിക്കാ സഭ 1905-ൽ നാലു സുവിശേഷങ്ങളും അപ്പൊസ്തല പ്രവൃത്തികളും ചേർത്ത് എറണാകുളത്തു നിന്ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1908-ൽ കോനാട്ടു മാത്തൻ കത്തനാർ മത്തായിയുടെ സുവിശേഷം പ്രസിദ്ധീകരിച്ചു. മഞ്ഞുമ്മൽ കർമ്മലീത്താ സന്യാസികൾ പുതിയനിയമത്തിന്റെ കത്തോലിക്കാ വിവർത്തനം നിർവഹിച്ചു. 1894-ൽ നാലു സുവിശേഷങ്ങൾ അച്ചടിച്ചു. 1934-ൽ മാണിക്കത്തനാർ പഴയനിയമത്തിലെ പഞ്ചഗ്രന്ഥങ്ങൾ വിവർത്തനം ചെയ്തു. ഡോ. തോമസ് മൂഞ്ഞേടൻ ബൈബിളിലെ പഴയനിയമ ഭാഗങ്ങൾ വിവർത്തനം ചെയ്തു.

ഭാരതീയ ഭാഷകളിൽ ബൈബിൾ വിവർത്തനം ചെയ്തു പരിഷ്കരിച്ച്, വിതരണം ചെയ്യുന്ന ദൗത്യ നിർവഹണം ഇപ്പോൾ ബൈബിൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(കടപ്പാട്: ചർച്ച് വീക്കിലി)

11

വിശുദ്ധഗ്രന്ഥം മലങ്കര ഓർത്തഡോക്സ് സഭയിൽ

ഫാദർ റ്റി. ജെ. ജോഷ്വാ

പൗരസ്ത്യ സഭകൾ വിശുദ്ധ വേദപുസ്തകത്തിനു നൽകിയിട്ടുള്ള സ്ഥാനവും പ്രാധാന്യവും തന്നെയാണ് മലങ്കര ഓർത്തഡോക്സ് സഭയും നല്കിയിട്ടുള്ളത്. വിശുദ്ധ കുർബാനയും, പ്രത്യേക ദിവസങ്ങൾക്കു വേണ്ടിയുള്ള മറ്റ് ആരാധനക്രമങ്ങളും പരിശോധിച്ചാൽ തിരുവെഴുത്തുകളിൽ നിന്നുള്ള വായനകൾക്ക് വലിയ സ്ഥാനം നൽകിയിട്ടുള്ളതു കാണാം. പഴയനിയമത്തിൽ നിന്ന് പല ഭാഗങ്ങളും, പുതിയനിയമത്തിൽ നിന്ന് സുവിശേഷം ഉൾപ്പെടെ മൂന്നു ഭാഗങ്ങളും എന്ന തത്വമാണ് സ്വീകരിച്ചിട്ടുള്ളത് (വിശുദ്ധ കുർബാനയിൽ ഇപ്പോൾ പഴയനിയമ വായന നമസ്കാരസമയത്തേക്ക് മാറ്റിയിരിക്കുന്നതായി കാണാം). മദ്ബഹായിൽ വിശുദ്ധ ബലിപീഠത്തിനു സമീപമായി വിശുദ്ധ ഏവൻഗേലിയോൻ സൂക്ഷിക്കുവാൻ പ്രത്യേകം ഒരു പീഠം തന്നെ സുറിയാനി സഭകൾ ക്രമീകരിച്ചിട്ടുണ്ട്. വിശുദ്ധ സ്ലീബായും ഏവൻഗേലിയോനും മുത്തുന്നത് വിശ്വാസികളുടെ അനുഷ്ഠാനത്തിൽപ്പെടുന്നു.

മലങ്കരസഭയിൽ ഉപയോഗിച്ചിരുന്ന വേദപുസ്തകം സുറിയാനിയിലുള്ള പ്ശീത്തോ (Peshitto) പരിഭാഷയായിരുന്നു. പേർഷ്യൻ സഭയുമായുള്ള ബന്ധമാണ് അതിനു കാരണം. വേദപുസ്തകം മാത്രമല്ല ഇവിടുത്തെ ആരാധനക്രമങ്ങളും സുറിയാനിയിലായിരുന്നു. 'സുറിയാനി സഭ' എന്നു വിളിക്കുവാനുള്ള കാരണം പ്രധാനമായും അതുമാത്രമാണ്. അർമ്മീനിയൻ, എത്യോപ്യൻ, കോപ്റ്റിക്ക് തുടങ്ങിയ ഇതര ഓറിയന്റൽ ഓർത്തഡോക്സു സഭകൾ അതാതു സ്ഥലങ്ങളിൽ ആവിർഭവിച്ചപ്പോൾ തന്നെ വേദപുസ്തകം അവരുടെ സ്വന്തം ഭാഷയിൽ വിവർത്തനം ചെയ്യുവാൻ ശ്രദ്ധിച്ചു. സിറിയായിലുള്ള സഭയും ഇക്കാര്യത്തിൽ മുൻപന്തിയിലാണ്. രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തിൽ സുറിയാനി പരിഭാഷയുണ്ടായി. രണ്ടു നൂറ്റാണ്ടുകൾക്കു ശേഷം പരിഷ്കരിച്ച 'പ്ശീത്താ' പരിഭാഷ എഡേസായിൽ നിന്നു പ്രസിദ്ധീകരിക്കപ്പെടുകയും ചെയ്തു.

മലങ്കരസഭയുടെ അലസത കൊണ്ടോ, അടിമത്തഭാവം കൊണ്ടോ പാശ്ചാത്യ മിഷനറിമാർ വരുന്നതുവരെ മാതൃഭാഷയിൽ വേദപുസ്തകം വിവർത്തനം ചെയ്യുവാൻ ഒരുമ്പെട്ടില്ല. സുറിയാനി ഗ്രന്ഥം മാത്രമാണ്

ഇവിടെ ഉണ്ടായിരുന്നതും ഉപയോഗിച്ചിരുന്നതും. ആരാധനയ്ക്കുപയോഗിക്കുമ്പോൾ നിർദ്ദിഷ്ടഭാഗങ്ങൾ വൈദികർ മലയാളത്തിലേക്ക് തർജമ ചെയ്തു വായിച്ചുപോന്നു. ഇന്നും ആ പാരമ്പര്യം തുടരുന്ന വൈദികരുണ്ട്. സുറിയാനിയിൽ നിന്ന് നേരിട്ട് തർജമ ചെയ്തു വായിക്കുന്നതാണ് (ആ തർജമയിൽ തെറ്റുകൾ വന്നാൽ പോലും!) ആരാധനയുടെ പവിത്രതയ്ക്കും മഹത്വത്തിനും നിദാനം എന്ന് അവർ കരുതിയിട്ടുള്ളതുപോലെ തോന്നുന്നു.

ആംഗ്ലിക്കൻ മിഷനറിമാർ ഇവിടെ വന്നപ്പോൾ അന്നത്തെ മെത്രാപ്പോലീത്തായുടെ ആഗ്രഹമായിരുന്നു മലയാളത്തിൽ ഒരു വിവർത്തനം ഉണ്ടാക്കണം എന്നുള്ളത്; അതിന് അദ്ദേഹം അവരെ പ്രേരിപ്പിക്കുകയും ചെയ്തു. അങ്ങനെ ആദ്യമായി സ്വന്തം ഭാഷയിൽ വേദപുസ്തകം ഇവിടെ ലഭിച്ചിട്ട് രണ്ടു നൂറ്റാണ്ടുകൾ പോലുമായിട്ടില്ല.

"വേദപുസ്തക സമൂഹം" പ്രസിദ്ധപ്പെടുത്തിയ വേദപുസ്തകം സുറിയാനിസഭയ്ക്ക് പല കാരണങ്ങൾ കൊണ്ടും തൃപ്തികരമായിരുന്നില്ല. ഒന്നാമത് പഴയനിയമ കാനോനിൽ ഓർത്തഡോക്സ് സഭകൾ അംഗീകരിച്ചിട്ടുള്ള പല ഗ്രന്ഥങ്ങളും ഉൾപ്പെടുത്തിയിട്ടില്ല എന്നുള്ളതാണ് ('പഴയനിയമ കാനോൻ' എന്നതിനെപ്പറ്റി വിശദമായ പ്രതിപാദനം ആവശ്യമുണ്ട്, അപ്പോൾ മാത്രമേ, പ്രോട്ടസ്റ്റന്റ് സഭകളും റോമൻ - ഓർത്തഡോക്സ് സഭകളും തമ്മിലുള്ള വ്യത്യാസം ഗ്രഹിക്കാൻ കഴിയൂ). വേദപുസ്തക സമൂഹം പ്രോട്ടസ്റ്റന്റു സഭകളുടെ ഒരു സംഘടനയാണെന്ന കാര്യം ഇവിടെ വിസ്മരിക്കുന്നില്ല. പ്രോട്ടസ്റ്റന്റ് വിശ്വാസം പ്രതിധ്വനിക്കുന്നവിധം പല ഭാഗങ്ങളും ഭാഷാന്തരം ചെയ്തിരിക്കുന്നു എന്ന് സുറിയാനി സഭയ്ക്ക് തോന്നി. എന്നാൽ സ്വന്തമായ ഒരു പരിഭാഷ ഉണ്ടാക്കുവാൻ തക്ക താല്പര്യമോ തീക്ഷ്ണതയോ പ്രകടമാക്കിയുമില്ല. അതുകൊണ്ട് വേദപുസ്തക സമൂഹത്തിന്റെ മലയാള പരിഭാഷ തന്നെ എല്ലാവരും ഉപയോഗിച്ചുതുടങ്ങി.

കോനാട്ട് മാത്തൻ മല്പാൻ, പുതിയനിയമത്തിന്റെ സുറിയാനിയിൽ നിന്നുള്ള വിവർത്തനത്തിന് ശ്രമിച്ചെങ്കിലും അതു ഫലപ്രാപ്തിയിലെത്തിച്ചത് ഔഗേൻ തീമോത്തിയോസ് മെത്രാപ്പോലീത്താ (പിന്നീട് ഔഗേൻ പ്രഥമൻ കാതോലിക്കാ) യാണ്. "പാമ്പാക്കുട തർജമ" എന്നാണ് ഇത് പൊതുവിൽ അറിയപ്പെടുന്നത്. ഇപ്പോഴും ഈ പരിഭാഷയിൽ നിന്നു മാത്രമേ കുർബാനയ്ക്കുള്ള ലേഖനങ്ങൾ വായിക്കാവൂ എന്ന് ശഠിക്കുന്നവരുണ്ട്. കാരണം അതു സുറിയാനി ഗ്രന്ഥത്തിൽ നിന്നുള്ള തനി തർജമയാണെന്നു മാത്രം. ഈ പരിഭാഷ പുതിയനിയമ ഗ്രന്ഥങ്ങളുടെ മൂലഭാഷയായ ഗ്രീക്കുമായി ഒത്തുനോക്കിയിട്ടില്ല. സുറിയാനി പ്ശീത്തോ പരിഭാഷയുടെ നേട്ടങ്ങളും കോട്ടങ്ങളും എല്ലാം ഇതിനവകാ

ശപ്പെടാം. മലയാള തർജമ സംസ്കൃത പദ ബഹുലമാണ്. സാധാരണക്കാർക്ക് ദുർഗ്രാഹ്യമായ ഒന്നുതന്നെ. സുറിയാനിശൈലിയുടെ അന്ധമായ അനുവർത്തനം പിന്തുടർന്നിരിക്കുന്നതുകൊണ്ട് പല ഭാഗങ്ങളും അക്ലിഷ്ടങ്ങളാണ്. എടുത്തുപറയത്തക്ക മേന്മയൊന്നും ഈ കൃതിക്ക് അവകാശപ്പെടാമെന്ന് ഈ എഴുത്തുകാരന് തോന്നുന്നില്ല.

വായനപ്പടി (lectionary)

കുർബാനയിലും മറ്റ് വിശേഷാവസരങ്ങളിലും വായിക്കുവാനുള്ള സുവിശേഷഭാഗങ്ങൾ (ഏവൻഗേലിയോൻ) മാത്രം ചേർത്ത് ഒരു പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതും സുറിയാനിയിൽ നിന്നുള്ള തർജമ തന്നെ. തകിടിയിൽ യാക്കോബ് കത്തനാർ ആദ്യം ഇതു പ്രസിദ്ധീകരിച്ചു; പിന്നീട് അല്പ വ്യത്യാസങ്ങളൊക്കെ വരുത്തി മറ്റു ചിലരും പ്രസിദ്ധീകരിച്ചിട്ടുണ്ട്. താരതമ്യേന ഭാഷ ലളിതമാണ്. സുറിയാനി മൂലത്തോടു വിശ്വസ്ഥത പുലർത്തിയിട്ടുമുണ്ട്. എന്നാൽ ആധുനിക മലയാളഭാഷയുടെ ശൈലീഭാവമോ, സൗകുമാര്യമോ ഒന്നും അവകാശപ്പെടാനില്ല. സുറിയാനിഭാഷയ്ക്ക് ചില പ്രത്യേകതകളുണ്ട്. അവിടെ കർമ്മണി പ്രയോഗം സാധാരണമാണ്. മലയാളത്തിൽ അത് അരോചകമാണ്. ചങ്ങല പോലെ വചകങ്ങൾ തൊടുത്തു പറയുന്നത് സുറിയാനിയിൽ ഭംഗിയാണ്. ഇന്നത്തെ മലയാളത്തിൽ അല്ല താനും. ഈ യാഥാർത്ഥ്യങ്ങൾ ഗ്രഹിക്കാതെയാണ് മേൽപറഞ്ഞ പരിഭാഷകൾ ഒക്കെ നടത്തിയിട്ടുള്ളത്.

ആരാധനക്രമങ്ങളിൽ (മാമോദീസാ; വിവാഹം; ശവസംസ്കാരം; തുടങ്ങിയവ) ലേഖനങ്ങളിൽ നിന്നും, സുവിശേഷങ്ങളിൽ നിന്നുമുള്ള വായനകൾ ഉണ്ട്. അവയും ആരാധനയുടെ മറ്റു ഭാഗങ്ങളെപ്പോലെ മലയാളത്തിൽ തർജമ ചെയ്തു ചേർത്തിരിക്കുന്നു. ഈ തർജമയ്ക്കും മേൽപറഞ്ഞ വൈകല്യം ചൂണ്ടിക്കാണിക്കാനുണ്ട്. വായിക്കുന്നവർക്കും കേൾക്കുന്നവർക്കും ആശയം എളുപ്പം ഗ്രഹിക്കത്തക്കവിധമല്ല, മൂലത്തോടുള്ള വിശ്വസ്തയ്ക്കാണ് കൂടുതൽ ശ്രദ്ധ നൽകിയിട്ടുള്ളത് എന്നു തോന്നുന്നു.

സങ്കീർത്തനങ്ങൾ

യാമം തോറുമുള്ള നമസ്കാരങ്ങളിൽ സങ്കീർത്തനങ്ങൾ ഉപയോഗിക്കുന്ന പതിവുണ്ട്. സന്ധ്യയ്ക്കും, സൂത്താറായ്ക്കും, രാത്രിക്കും, പ്രഭാതത്തിനും എല്ലാ ചില നിർദിഷ്ട മസുമൂറാകൾ (സങ്കീർത്തനങ്ങൾ) ഉണ്ട്. അവയ്ക്കു മാറ്റമില്ല. അവയെല്ലാം സുറിയാനിയിൽ നിന്ന് മലയാളത്തിലേക്ക് ഭാഷാന്തരം ചെയ്യപ്പെട്ടവയാണ്. പല ഭാഗങ്ങളുടെയും അർഥം മനസ്സിലാക്കാൻ വിഷമമുണ്ട്. സങ്കീർത്തനങ്ങളുടെ മൂലഭാഷയായ ഹീബ്രുവുമായി ഇവ ഒത്തുനോക്കിയിട്ടില്ല. ലളിതവും, ഹൃദ്യവുമായ പരിഭാഷ ഇനിയും അവയ്ക്കുണ്ടാകേണ്ടിയിരിക്കുന്നു. സുറിയാനിയിലും,

ഹീബ്രുവിലും പാണ്ഡിത്യം നേടിയിട്ടുള്ളവർ ഇന്ന് ഓർത്തഡോക്സ് സഭയിലുമുണ്ട്. മസുമൂറാകൾ എങ്കിലും അവർ നല്ല മലയാളത്തിൽ വിവർത്തനം ചെയ്യാൻ ശ്രമിക്കേണ്ടതാണ്.

അതുപോലെ തന്നെ ആരാധനക്രമങ്ങളിലും, വായനപ്പടിയിലും ചേർന്നിട്ടുള്ളവ പരിശോധിച്ച് പരിഷ്കരിക്കേണ്ടതാണ്. ഭാഷാ പണ്ഡിതന്മാരുടെ കുറവ് നമുക്കില്ല. അവരുടെ സേവനം പ്രയോജനപ്പെടുത്തിയാൽ മതി. രണ്ടായിരം വർഷത്തെ പഴക്കവും പാരമ്പര്യവും അവകാശപ്പെടുമെങ്കിലും, സ്വന്തഭാഷയിൽ വേദപുസ്തകം നിർമ്മിക്കാൻ കഴിയാത്ത പരാജയം സമ്മതിക്കേണ്ടിയിരിക്കുന്നു. സ്വയമായി ചെയ്യുവാൻ കഴിവില്ലാ എങ്കിൽ മറ്റുള്ളവരുമായി സഹകരിക്കുകയത്രേ വേണ്ടത്.

(കടപ്പാട്: ചർച്ച് വീക്കിലി)

(കുറ്റമറ്റ ഒരു മലയാളം ബൈബിൾ സമ്പൂർണ്ണമായി വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കുവാൻ മലങ്കര ഓർത്തഡോക്സ് സഭയ്ക്കു വേണ്ടി മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനം ഏതാനും വർഷങ്ങളായി പ്രയത്നിച്ചു വരുന്നു. ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്, ഡോ. സഖറിയ മാർ തെയോഫിലോസ്, ഡോ. മാത്യൂസ് മാർ തീമോത്തിയോസ് എന്നിവരുടെ നേതൃത്വത്തിൽ നടക്കുന്ന ബൈബിൾ വിവർത്തനത്തിൽ ഈ കുറിപ്പെഴുതുന്ന ആൾ വിവർത്തകൻ ആയും ഭാഷാ പരിശോധകൻ ആയും പ്രവർത്തിച്ചിട്ടുണ്ട്. 2012-ൽ ഈ സമ്പൂർണ്ണ ബൈബിൾ പ്രസിദ്ധീകരിക്കുമെന്നാണ് പ്രതീക്ഷ. - എഡിറ്റർ)

12

എബ്രായ ബൈബിൾ (പഴയനിയമം)

യേശുക്രിസ്തുവും ശിഷ്യന്മാരും ഉപയോഗിച്ചിരുന്ന എബ്രായ ബൈബിൾ നാം ഇപ്പോൾ ഉപയോഗിക്കുന്ന 'പഴയനിയമ'ത്തിൽ നിന്നും ഒട്ടുംതന്നെ വിഭിന്നമായിരുന്നില്ല. എബ്രായ ഭാഷയിൽ പാപ്പിറസിലും ചെമ്പു ചുരുളുകളിലും ആയിരുന്നു അത് എഴുതപ്പെട്ടിരുന്നത് എന്നു മാത്രം.

ബി. സി. 2000-മാണ്ടിനിടയ്ക്ക് ദൈവം എബ്രഹാമിനെ വിളിച്ച നാൾ മുതൽ 6-ാം നൂറ്റാണ്ടിൽ ബാബിലോൺ പ്രവാസ കാലാവസാനം വരെയുള്ള യഹൂദജനതയുടെ ചരിത്രത്തിൽക്കൂടി രൂപംകൊണ്ടതാണ് 'പഴയനിയമം.' മോശ എഴുതിയതെന്ന് അനുമാനിക്കപ്പെടുന്ന ആദ്യത്തെ അഞ്ചു പുസ്തകങ്ങളായ (Pentateuch) 'ന്യായപ്രമാണങ്ങ'ളും ഇസ്രായേലിന്റെ ആദ്ധ്യാത്മിക ജീവിതത്തിന് വഴികാട്ടുകയും അവരെ എപ്പോഴും യഹോവയിലേക്ക് ആകർഷിക്കുകയും ചെയ്തുകൊണ്ടിരുന്ന നേതാക്കളുടെ വചനങ്ങൾ ഉൾക്കൊള്ളുന്ന 'പ്രവാചകന്മാരുടെ പുസ്തകങ്ങ'ളും സങ്കീർത്തനങ്ങൾ, സഭാപ്രസംഗി തുടങ്ങിയ 'എഴുത്തുക'ളും പഴയനിയമത്തിലുൾപ്പെടുന്നു. വാമൊഴിയായും വരമൊഴിയായും തലമുറതലമുറയായി കൈമാറ്റം ചെയ്തുപോന്ന ചരിത്രഗ്രന്ഥങ്ങളിൽ പലതും പുതിയനിയമകാലമായപ്പോഴേക്കും പരിത്യജിക്കപ്പെട്ടിരുന്നു. 'കാനോനികം' അഥവാ ദൈവാത്മാവിനാൽ പ്രേരിതം എന്ന് സ്ഥിരീകരിക്കപ്പെട്ടവ മാത്രം ബൈബിൾ പുസ്തകങ്ങളായി ശേഷിച്ചു. ഇവ ക്രോഡീകരിച്ചത് പാലസ്തീനിൽ സ്ഥിരതാമസക്കാരായിരുന്ന യഹൂദ പണ്ഡിതന്മാരാണ്.

ലൂക്കോസിന്റെ സുവിശേഷം 24:27-ലും 24:44-ലും യേശുക്രിസ്തു ചൂണ്ടിക്കാണിക്കുന്ന "മോശയുടെ ന്യായപ്രമാണവും പ്രവാചക പുസ്തകങ്ങളും സങ്കീർത്തനങ്ങളും" അന്ന് 'തിരുവെഴുത്തുകളാ'യി അംഗീകരിക്കപ്പെട്ടിരുന്നു. യോഹന്നാൻ 10:35-ൽ "തിരുവെഴുത്തുകൾ നീക്കം വരാത്തവയാണല്ലൊ" എന്ന് യേശു കൽപ്പിക്കുന്നുണ്ട്.

മുൻപറഞ്ഞ എബ്രായ ബൈബിൾ വീണ്ടും പരിശോധിച്ച് തെറ്റുകൾ തിരുത്തി സ്ഥിരീകരിച്ചത് എ.ഡി. 7-ാം നൂറ്റാണ്ടിലാണ്. 'മാസോറെററിക് ടെക്സ്റ്റ്' എന്നാണ് യഹൂദന്മാരുടെ ഈ ഔദ്യോഗിക ഗ്രന്ഥം അറിയപ്പെടുന്നത്. അതു തയ്യാറാക്കിയ പണ്ഡിതന്മാർ 'മാസോറെററുകൾ' എന്നറിയപ്പെട്ടിരുന്നു.

സെപ്റ്റ്വജിന്റ് അഥവാ 'LXX' ബൈബിൾ

(പഴയനിയമം ഗ്രീക്ക് ഭാഷയിൽ)

ബി.സി. മൂന്നാം നൂറ്റാണ്ടിൽ അലക്സാണ്ടർ ചക്രവർത്തി പലസ്തീൻ ഉൾപ്പെടെ മദ്ധ്യപൗരസ്ത്യ പ്രദേശങ്ങൾ കീഴടക്കി. പിന്നീടുള്ള കാലഘട്ടങ്ങളിൽ ഒട്ടനവധി യഹൂദ പണ്ഡിതന്മാർ അലക്സന്ത്രിയായിൽ കുടിയേറിപ്പാർത്തു. ആ നഗരം ഗ്രീക്ക് സംസ്കാരത്തിന്റെയും തത്വജ്ഞാനത്തിന്റെയും കേന്ദ്രമായിത്തീർന്നു. അവിടത്തെ പ്രസിദ്ധമായ ഗ്രീക്ക് ലൈബ്രറിക്കു വേണ്ടി ഈജിപ്തിലെ ടോളമി രാജാവ് 70 യഹൂദ പണ്ഡിതന്മാരെക്കൊണ്ട് ബൈബിളിലെ ആദ്യത്തെ അഞ്ചു പുസ്തകങ്ങൾ എബ്രായ ഭാഷയിൽ നിന്ന് ഗ്രീക്കിലേക്ക് വിവർത്തനം ചെയ്യിച്ചു എന്നാണ് യഹൂദ പാരമ്പര്യം പറയുന്നത്.

പഴയനിയമം മുഴുവനും തന്നെ ടോളമി വിവർത്തനം ചെയ്യിച്ചതാണെന്നുള്ള ഒരു ധാരണ പിൽക്കാലത്തുണ്ടായിട്ടുണ്ട്. അലക്സന്ത്രിയക്കാരായ അനേകം യഹൂദ പരിഭാഷകരുടെ വളരെക്കാലത്തെ പരിശ്രമം കൊണ്ടുണ്ടായതാണ് ഈ വിവർത്തനം എന്നാണ് വിചാരിക്കേണ്ടത്.

ഈ ഗ്രീക്ക് ബൈബിളിന് എബ്രായ ബൈബിളിൽ നിന്ന് പല പ്രകാരത്തിലുള്ള വ്യത്യാസങ്ങളുണ്ട്. ന്യായപ്രമാണം, പ്രവചനം, എഴുത്തുകൾ എന്ന മൂന്ന് വിഭാഗങ്ങളായിട്ടല്ല LXX ന്റെ ഘടന. യഹൂദന്മാരുടെ ബൈബിളിലില്ലാത്തതും ഗ്രീക്ക് ഭാഷ സംസാരിക്കുന്ന യഹൂദന്മാരുടെ ഇടയിൽ പ്രചരിച്ചിരുന്നതുമായ പല പുസ്തകങ്ങളും LXX ൽ കാണാം. ഇവ "അപ്പോക്രിഫ" എന്ന പേരിൽ അറിയപ്പെടുന്നു. ചില പുസ്തകങ്ങളുടെ ഉള്ളടക്കത്തിലും LXX ഉം എബ്രായ ബൈബിളും തമ്മിൽ വ്യത്യാസം കാണുന്നുണ്ട്. ആദ്യ നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾക്ക് LXX വളരെ പരിചിതമായിരുന്നു. അവർ ഇതിൽ നിന്നാണ് വേദവാക്യങ്ങൾ പലപ്പോഴും ഉദ്ധരിച്ചു വന്നതും. പുരാതന ലത്തീൻ ബൈബിളുകളിലെ പഴയനിയമ ഭാഗങ്ങൾ LXX-ന്റെ പരിഭാഷകളായിരുന്നു. വി. ജറോമായിരുന്നു മൂല ഭാഷയായ എബ്രായ ഭാഷയുടെ അടിസ്ഥാനത്തിൽ പഴയനിയമം പരിഭാഷപ്പെടുത്തുന്നതിന്റെ പ്രാധാന്യം ഗ്രഹിച്ചതും 'വൾഗേറ്റി'ൽ ഈ തത്വം പ്രായോഗികമാക്കിയതും. ചുരുക്കം ചില ബൈബിളുകളുടെ കാര്യത്തിൽ എബ്രായ ബൈബിളും LXX ഉം തമ്മിൽ കാര്യമായ വ്യത്യാസം കാണാം. ഉദാ: യെശ 7:14–ൽ എബ്രായ വാക്കായ 'അൽമ' (= വിവാഹ പ്രായമെത്തിയ യുവതി) എന്ന പദത്തിന് ഗ്രീക്കിൽ കൊടുത്തിരിക്കുന്ന തർജമ 'കന്യക' എന്നർത്ഥം വരത്തക്കവണ്ണമാണ്. LXX ന്റെ ഉൽഭവത്തെപ്പറ്റി രസകരമായ ഒരു ഐതിഹ്യമുണ്ട്. ടോളമി രാജാവ് യെരുശലേമിലെ മഹാപുരോഹിതനോട് യഹൂദന്മാരുടെ പന്ത്രണ്ട് ഗോത്രങ്ങളിൽ ഓരോന്നിൽ നിന്നും ആറ് എബ്രായ പണ്ഡിതന്മാരെ അയച്ചുകൊടുക്കണമെന്ന് ആവശ്യപ്പെട്ടു. ഇതനുസരിച്ച് വന്നെത്തിയത് 70 പണ്ഡിതന്മാരായിരുന്നു. തർജമ

ജോലിക്കായി ഇവരിൽ ഓരോരുത്തർക്കും ഓരോ പ്രത്യേക മുറി കൊടുത്തു. പിന്നീടുള്ള 70 ദിവസങ്ങളിൽ ഇവരിൽ നിന്ന് ഒരു വാക്കിന്റെ ശബ്ദം പോലും കേട്ടില്ല. അടുത്ത ദിവസം പെട്ടെന്ന് എല്ലാ മുറികളിൽ നിന്നും ഒരേ സമയത്ത് ഒരു വലിയ അട്ടഹാസം കേട്ടു. എഴുപതു ശബ്ദങ്ങൾ ഒന്നുചേർന്നുണ്ടായ 'ആമേൻ' ആയിരുന്നു ഈ അട്ടഹാസം. അവരുടെ തർജമ ഒരേ സമയത്ത് അവസാനിച്ചു. ആ 70 കൈയെഴുത്തു പ്രതികൾ താരതമ്യപ്പെടുത്തി നോക്കിയപ്പോൾ അവ തമ്മിൽ എള്ളോളം വ്യത്യാസം പോലും കണ്ടില്ല താനും. മാഹാത്മ്യത്തിലും പാവനയിലും എബ്രായ ബൈബിളിന്റെ പിന്നിലല്ല LXX എന്നു വരുത്തുവാൻ ഈ ഐതിഹ്യം സഹായിച്ചിട്ടുണ്ടാവാം.

ഗ്രീക്കു ഭാഷയ്ക്ക് പുറമെ സുറിയാനി, കോപ്റ്റിക്, എത്യോപ്യൻ, ആർമീനിയൻ, അറബിക്, ജോർജിയൻ ഭാഷകളിലും ഈ കാലഘട്ടത്തിൽ പഴയനിയമം വിവർത്തനം ചെയ്യപ്പെട്ടു. ഇവയെല്ലാം എബ്രായ ബൈബിളിനെ അടിസ്ഥാനപ്പെടുത്തിയാണ് തർജമ ചെയ്യപ്പെട്ടത്. LXX ബൈബിളുമായി താരതമ്യപ്പെടുത്തി വ്യത്യാസങ്ങൾ ഉൾക്കൊള്ളിക്കുകയും ചെയ്തു.

പുതിയനിയമം

പുതിയനിയമ പുസ്തകങ്ങളുടെ മുഴുവനായും ഭാഗികമായുമുള്ള നാലായിരത്തിൽപരം കയ്യെഴുത്തുപ്രതികൾ ഇപ്പോൾ ആർക്കിയോളജി വഴിയായും മറ്റും ലഭ്യമായിട്ടുണ്ട്. എ.ഡി. ഒന്നാം നൂറ്റാണ്ടിൽ തന്നെ എല്ലാ പുസ്തകങ്ങളും എഴുതപ്പെട്ടിരുന്നു. ദേവാലയങ്ങളിൽ ഉപയോഗിച്ചുമിരുന്നു. രണ്ടാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേക്കും അവ പഴയനിയമത്തോടനുബന്ധിച്ചുള്ള തിരുവെഴുത്തുകളായി സ്വീകരിക്കപ്പെട്ടു. മൂന്നാം നൂറ്റാണ്ടിലാണ് പ്രസ്തുത പുസ്തകങ്ങൾ മറ്റു സാധാരണ ക്രിസ്തീയ ആധ്യാത്മിക പുസ്തകങ്ങളിൽ നിന്ന് വേർതിരിച്ച് പുതിയനിയമമെന്ന നാമധേയത്തിൽ സ്വീകരിക്കപ്പെട്ടത്.

നാലു സുവിശേഷങ്ങളുമൊരുമിച്ച് ആദ്യം പ്രകാശനം ചെയ്യപ്പെട്ടു. രണ്ടാം നൂറ്റാണ്ടിൽ സിറിയൻ ദേവാലയങ്ങളിൽ ഉപയോഗിച്ചിരുന്ന ഈ പുസ്തകങ്ങൾ സിറിയൻ ഭാഷയിലോ ഗ്രീക്കുഭാഷയിലോ ആയിരുന്നു. പിന്നീടുള്ള മൂന്നു നൂറ്റാണ്ടുകളിൽ അഞ്ച് ഈജിപ്റ്റ്യൻ ഭാഷകളിലും ആർമീനിയൻ, ഗോതിക്, എത്യോപ്യൻ - ജോർജിയൻ ഭാഷകളിലും പുതിയനിയമം പ്രകാശനം ചെയ്യപ്പെട്ടിരുന്നു. നാലാം നൂറ്റാണ്ടു മുതൽ വടക്കേ ആഫ്രിക്കൻ സഭകളിലും ഇറ്റലിയിലും ലാറ്റിൻ ഭാഷയിലുള്ള പുതിയനിയമം ഉപയോഗിച്ചിരുന്നു.

(കടപ്പാട്: ചർച്ച് വീക്കിലി)

13

മലയാളം ബൈബിളും ജോസഫ് റമ്പാനും

(കൽക്കട്ടയിലെ ആംഗ്ലിക്കൻ ബിഷപ്പായിരുന്ന തോമസ് മിഡിൽട്ടൻ 1816–ൽ മലങ്കരസഭ സന്ദർശിച്ചു. അന്നത്തെ ദേവാലയങ്ങളെക്കുറിച്ച് അദ്ദേഹം സ്വന്തം ഡയറിയിൽ വിവരങ്ങൾ എഴുതി. ജോസഫ് (ഇട്ടൂപ്പ്) റമ്പാൻ തയാറാക്കി ബോംബെയിൽ നിന്ന് 1811–ൽ പ്രസിദ്ധീകരിച്ച മലയാളം ബൈബിൾ (റമ്പാൻ ബൈബിൾ) മലങ്കരസഭയുടെ മിക്ക പള്ളികളിലും ഉപയോഗിച്ചിരുന്നതായി ഡയറിയിൽ അദ്ദേഹം 1816–ൽ സാക്ഷ്യപ്പെടുത്തി. ആ വിവരങ്ങൾ 1831–ൽ രണ്ടു വാല്യങ്ങളിലായി ലണ്ടനിൽ നിന്ന് ചാൾസ് വെബ്ബ് പ്രസിദ്ധപ്പെടുത്തിയ മിഡിൽട്ടന്റെ ജീവചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആ ജീവചരിത്രത്തിലെ പ്രസക്തഭാഗങ്ങളുടെ സ്വതന്ത്ര വിവർത്തനം താഴെ ചേർക്കുന്നു.)

“.... ബിഷപ്പ് (മിഡിൽട്ടൻ) സന്ദർശിച്ച പള്ളികളിൽ ആദ്യത്തേത് തൃപ്പൂണിത്തുറയിലേതായിരുന്നു. ഏതാണ്ട് അറുപത് അടി നീളവും ഏതാണ്ട് ഇരുപത്തിഅഞ്ച് അടി വീതിയുമുള്ള കെട്ടിടമായിരുന്നു അത്. ഇരുപത് അടിയോളം നീളമുള്ള ഭാഗം തിരശ്ശീല കൊണ്ട് മറച്ചിരുന്നു. ഇംഗ്ലണ്ടിലെ പ്രാചീന ഗ്രാമീണ ദേവാലയങ്ങളിലെ ശൈലി ഇതിലും പ്രകടമായിരുന്നു. മുകൾഭാഗം കൂർത്തനിലയിലായിരുന്നു; പുറത്തു കാണാവുന്ന നിലയിൽ തടികൊണ്ട് നിർമ്മിതമായിരുന്നു. ഓട് മേയാൻ ആവാത്തതിനാലാവാം മേല്പുര ഓല കൊണ്ട് മേഞ്ഞിരുന്നു. മദ്ബഹായുടെ മുകൾഭാഗം ആർച്ച് ആകൃതിയിൽ പണിതിരുന്നു. കാഴ്ചയിൽ അത് മനോഹരമായിരുന്നു. ആർച്ച് രൂപത്തിലുള്ള മേൽത്തട്ടിൽ ചെറിയ ചതുരത്തിൽ മാലാഖമാരുടെ മുഖങ്ങൾ പ്രതീകാത്മകമായി കൊത്തിവച്ച് പെയ്ന്റ് ചെയ്തിരുന്നു. ത്രോണോസിന് ചുറ്റും ചതുരക്കള്ളികളിൽ പുതിയനിയമ വേദപുസ്തക സംഭവങ്ങളെ വിഷയമാക്കിയ പെയിന്റിംഗുകൾ ഉണ്ടായിരുന്നു. കന്യക (മറിയം) കുഞ്ഞിനോടൊത്തു നില്ക്കുന്ന ഒരു ചിത്രവും അവിടെ ഉണ്ടായിരുന്നു. അതിന്റെയുള്ളിൽ ക്രൂശിതന്റെ രൂപം ഉണ്ടായിരുന്നു. തീരെ ചെറുതായ ആ രൂപം മുന്നിൽ വച്ചിരുന്ന വലിയ കുരിശിന്റെ പിന്നിൽ മറഞ്ഞിരുന്നു. ഈ പള്ളി കത്തോലിക്കരും സുറിയാനിക്കാരും വ്യത്യാസം കൂടാതെ ഉപയോഗിച്ചിരുന്നു. സുറിയാനിക്കാരുടെ ആരാധനയിൽ ഈ രൂപം മറയ്ക്കുമായിരുന്നു. ഇരു വിഭാഗങ്ങൾക്കുമായി പ്രത്യേക സമയ വിഭജനം നടത്തിയിരുന്നതായി തോന്നുന്നില്ല. ആദ്യം പള്ളിയിലെത്തു

ന്നവർ ആരാധന നയിക്കും. ആരാധന നടത്തുന്നതാർ എന്നത് വിശ്വാസികൾ ഗൗരവമേറിയ പ്രശ്നമായി കരുതിയിരുന്നില്ല. ഇരുവരുടേയും ആരാധനകൾ സുറിയാനിയിൽ ആയിരുന്നു; തന്മൂലം ആരാധകർക്ക് ഗ്രഹണാതീതവും.

മിഡിൽട്ടൺ സന്ദർശിക്കുമ്പോൾ പള്ളിയിൽ ഇരു വിഭാഗങ്ങളിലേയും പട്ടക്കാർ സന്നിഹിതർ ആയിരുന്നു. സുറിയാനിക്കാർ മാത്രം ഉപയോഗിച്ചിരുന്നതും ബോംബെയിൽ അച്ചടിച്ചതുമായ മലയാളം സുവിശേഷ പുസ്തകം സുറിയാനി വൈദികർ (സന്ദർശകനെ) കാണിച്ചു. മറുകക്ഷിക്കാർ കുർബാനക്രമം ഉപയോഗിച്ചു വന്നു. റോമിൽ അച്ചടിച്ചതും പ്രശസ്തനായ ആർച്ച് ബിഷപ്പ് മെനേസ്സിസ് സുറിയാനിയിലേക്ക് വിവർത്തനം ചെയ്തതും 1775-ൽ അച്ചടിച്ചതും ഗ്രന്ഥശീർഷകവും അതിന്റെ ശ്രേഷ്ഠാനുമതിയും ലത്തീൻ ഭാഷയിൽ രേഖപ്പെടുത്തിയതും ആയിരുന്നു ("Ordo Chaldesiae Malabarica; Superioruno Permissu editus, Romae, 1775" p. 284).

പടിഞ്ഞാറേ പ്രവേശനകവാടത്തിന്റെ മുമ്പിലായി ഒരു വലിയ കുരിശ് സ്ഥിതി ചെയ്തിരുന്നു. അതിനോടു ചേർന്ന് സാധുജന സേവനത്തിനും പള്ളിയുടെ അറ്റകുറ്റപ്പണികൾക്കും വേണ്ടിയുള്ള സംഭാവനകളും വഴിപാടുകളും നിക്ഷേപിക്കുവാനുള്ള ഭണ്ഡാരപ്പെട്ടിയും സ്ഥാപിച്ചിരുന്നു. സമാനമായ രണ്ട് പെട്ടികൾ ഒരു ചെറിയ തൂണിന്മേൽ, അഴിക്കകത്തേക്ക് പ്രവേശിക്കുന്ന ഭാഗത്ത് സ്ഥാപിച്ചിരുന്നു. ഈ സംഭാവനകളല്ലാതെ ദരിദ്രരെയും മറ്റും പുലർത്തുവാൻ പ്രത്യേക ഫണ്ടുകൾ ഇല്ലാത്തതിനാലാവാം ദയനീയത സ്ഫുരിക്കുന്ന യാചകർ അവിടെ കാണപ്പെട്ടിരുന്നു. പടിഞ്ഞാറേ പ്രവേശനദ്വാരത്തിന് സമീപമായി ഒരു കൽക്കുളമുണ്ട്. അതിലെ പരിശുദ്ധജലം അഴിക്കകത്തോട്ട് ചേർന്ന് ചെറിയ വാതിൽ വഴി ശേഖരിക്കാം. ദേവാലയത്തിനകത്ത് ഉൽസവങ്ങൾക്കും പ്രദക്ഷിണങ്ങൾക്കും തിരുസ്വരൂപങ്ങൾ വഹിക്കാനുള്ള രാജോചിത പല്ലക്കുകൾ കാണാം. ദേവാലയത്തിനകത്ത് മൃതദേഹങ്ങൾ സംസ്കരിക്കുകയാണ് അവരുടെ രീതി; മെത്രാന്മാരെ മദ്ബഹായിൽ, പട്ടക്കാരെ അഴിക്കകത്ത്, അയ്മേനികളെ അതിനു പടിഞ്ഞാറു ഭാഗത്ത് (p. 284, 285).

(p. 292) ....1545-ലും 1708-ലുമായി ഓരോ നെസ്തോറിയൻ മെത്രാന്മാർ തങ്ങളുടെ നാട്ടിൽ വന്നതായി അവർ (എന്നോട്) പറഞ്ഞു. അദ്ദേഹത്തിന്റെ ഉപദേശങ്ങളെ അവർ നിരാകരിച്ചു എങ്കിലും അവരെ മെത്രാന്മാർ എന്ന നിലയിൽ സ്വീകരിച്ചു. എവുത്തിക്കോസിനെപ്പറ്റി അവർ കേട്ടിരുന്നു; അദ്ദേഹം സഭയുടെ ശത്രുവെന്ന് കരുതുകയും ചെയ്തു. പത്തോ പന്ത്രണ്ടോ വയസുള്ളപ്പോൾ ശെമ്മാശന്മാർ പട്ടമേൽക്കുന്നു. മറ്റ് അത്യാവശ്യങ്ങളൊന്നുമില്ലെങ്കിൽ ഇരുപത്തിനാലു വയസെങ്കിലും ആവാതെ കശ്ശീശാസ്ഥാനം നൽകുന്ന പതിവില്ല. പട്ടം നൽകുന്നതിനു മുമ്പായി

മല്പാന്മാരുടെ കർശന പരിശോധന ഉണ്ടായിരുന്നു. മുപ്പത്തിമൂന്ന് വയസ്സ് പ്രായമാകാതെ മെത്രാനെ വാഴിക്കുകയില്ല. മെത്രാന്റെയും മൂന്നോനാലോ കശ്ശീശന്മാരുടെയും കൈവെപ്പോടെയാണ് പുരോഹിതസ്ഥാനങ്ങൾ നൽകിയിരുന്നത്. മെത്രാനെ വാഴിക്കുവാൻ സാധാരണഗതിയിൽ ഒന്നിലേറെ മെത്രാന്മാർ ആവശ്യമായിരുന്നു. എന്നാൽ മലബാറിൽ ഒരു മെത്രാന്റെ സാന്നിദ്ധ്യംകൊണ്ട് തൃപ്തരാവേണ്ടി വന്നിരുന്നു.

അവരുടെ മിക്ക പള്ളികളിലും ബൈബിളിന്റെ മലയാള പരിഭാഷ ഉണ്ടായിരുന്നു. കുട്ടികൾക്കു പോലും ഗ്രഹിക്കത്തക്കവിധം അത് ലളിതവും പ്രയോജനപ്രദവുമെന്ന് അവർ കരുതുന്നു. ജോസഫ് റമ്പാനാണ് അത് തയ്യാറാക്കിയത്. അദ്ദേഹമാണിപ്പോഴത്തെ മെത്രാൻ. മാർ ദീവന്നാസ്യോസ് എന്നാണ് അദ്ദേഹത്തിന്റെ പേർ. അതേ പേരുള്ള മുൻ മെത്രാന്റെ പ്രേരണയാലാണ് ഈ വിവർത്തനം തയ്യാറാക്കപ്പെട്ടത്. ...

(വിവർത്തനം: ഫാ. ഡോ. ജോസഫ് ചീരൻ, എഡിറ്റർ)

15

വന്ദ്യ കായംകുളം പീലിപ്പോസ് റമ്പാൻ: ലഘുജീവചരിത്രം

(1811-ൽ ബോംബെ കൊറിയർ പ്രസ്സിൽ നിന്ന് അച്ചടിച്ച് പ്രസിദ്ധീകരിച്ച മലയാളം ബൈബിളിന്റെ ഇരുനൂറാം വാർഷികം പ്രമാണിച്ച് 2010-ൽ ഈ ഗ്രന്ഥകാരൻ എഡിറ്റ് ചെയ്ത് പ്രകാശിപ്പിച്ച കുന്നംകുളം എം. ജെ. ഡി. പബ്ലിഷേഴ്സിന്റെ 'പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമനും 1811-ലെ മലയാളം ബൈബിളും' എന്ന പുസ്തകത്തിൽ ടി പുസ്തകത്തിന്റെ മലയാളം വിവർത്തനം സുറിയാനി മൂലത്തിൽനിന്ന് നിർവഹിച്ചവരിൽ പ്രധാനിയായ പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനെപ്പറ്റി ഒരു ലേഖനം പ്രസിദ്ധപ്പെടുത്തിയിരുന്നു. അദ്ദേഹത്തിന്റെ സമഗ്ര ജീവചരിത്രം 1992-ൽ ഈ ഗ്രന്ഥകാരൻ എഴുതിയിരുന്നതിനാൽ ആ ലേഖനം രചിക്കുക എളുപ്പമായിരുന്നു. എന്നാൽ ബൈബിൾ വിവർത്തനത്തിൽ സഹപ്രവർത്തകനായിരുന്ന കായംകുളം പീലിപ്പോസ് മല്പാനെപ്പറ്റിയുള്ള ഒരു ലേഖനം തയാറാക്കുവാൻ ചില സുഹൃത്തുക്കളോട് ആവശ്യപ്പെട്ടുവെങ്കിലും (അവരിൽ ഒരാൾ ഡോ. സിബി തരകൻ) അവർക്കതിന് സാധിച്ചിരുന്നില്ല. ഇരുനൂറ് കൊല്ലം മുമ്പ് നിര്യാതനായ കായംകുളം റമ്പാനെപ്പറ്റി അങ്ങിങ്ങ് ചില പരാമർശങ്ങൾ ഉള്ളതല്ലാതെ ഒരു ജീവചരിത്ര രചനക്കാവശ്യമായ ഉപാദാന രേഖകൾ ലഭ്യമല്ലാതിരുന്നതിനാലാണ് അപ്രകാരമൊരു ലേഖനം തയാറാക്കുവാൻ കഴിയാതെ പോയത്. ഡോ. സാമുവേൽ ചന്ദനപ്പള്ളി അദ്ദേഹത്തിന്റെ ജീവചരിത്രം രചിച്ചതായി ചില സുഹൃത്തുക്കൾ അറിയിച്ചെങ്കിലും (ജോയ്സ് തോട്ടയ്ക്കാട്) അതിന്റെ ഒരു കോപ്പി ശേഖരിക്കുവാൻ ഇതുവരെയും കഴിഞ്ഞില്ല. അങ്ങനെയിരിക്കവേയാണ് റമ്പാനെപ്പറ്റി ഡോ. ചന്ദനപ്പള്ളി രചിച്ച ഒരു ലേഖനം - ചന്ദനവും പള്ളിയും എന്ന പുസ്തകത്തിലെ കായംകുളം പീലിപ്പോസ് റമ്പാനും ബൈബിൾ പരിഭാഷയും എന്ന ലേഖനം - എന്റെ ശിഷ്യൻ ഫാ. സ്ലീബാ ജോർജ്ജ് പനക്കൽ എനിക്കയച്ചു തന്നത്. എട്ടു പേജുള്ള ആ ലേഖനത്തിൽ ഒന്നരപേജു മാത്രമേ ജീവചരിത്ര സംബന്ധിയായുള്ളു. മറ്റു പേജുകളെല്ലാം ബൈബിൾ വിവർത്തനത്തെപ്പറ്റിയാണ്. അദ്ദേഹത്തിന്റെ ജീവിതകാലത്ത് കണ്ടെടുക്കപ്പെട്ട് വലിയ ചർച്ചകൾക്ക് വിഷയമായ 'നിരണം ഗ്രന്ഥവരി'യിൽ റമ്പാനെപ്പറ്റി രേഖപ്പെടുത്തിയ ജീവചരിത്ര പരാമർശങ്ങൾ ഡോ. ചന്ദനപ്പള്ളി അറിയാതിരുന്നത് എന്നെ അത്ഭുതപ്പെടുത്തി. എട്ടാം മാർത്തോമ്മായുടെ ഉപദേശകരിലൊരാളായി 1809-ലെ കണ്ടനാട് സുന്നഹദോസ് നിയമിച്ചത് കായംകുളം റമ്പാനെ ആണെന്ന്

ഈ ഗ്രന്ഥകാരൻ ഉൾപ്പെടെ മലങ്കരസഭയിലെ മിക്ക സഭാചരിത്രകാരന്മാരും പ്രസ്താവിച്ച കാര്യവും ഡോ. ചന്ദനപ്പള്ളി ആ ലേഖനത്തിൽ അറിഞ്ഞതായി സൂചനയില്ല. കായംകുളം റമ്പാൻ കുറുപ്പംപടി പള്ളിയിൽവെച്ച് പകർത്തി എഴുതിയത് എന്ന് അടിക്കുറിപ്പിൽ രേഖപ്പെടുത്തിയ പുരാതന ആണ്ടുതക്സാ (കൽദായസുറിയാനി) ഈ ഗ്രന്ഥകാരൻ നേരത്തെ കണ്ടെടുത്തിരുന്നു. ബൈബിൾ വിവർത്തനം, 8-ാം മാർത്തോമ്മായുടെ സഹ ഉപദേശകൻ, മല്പാൻ പള്ളിക്കൂടങ്ങളിലെ സഹപ്രവർത്തകൻ തുടങ്ങിയ വിവിധ നിലകളിൽ തന്റെ പ്രിയ സുഹൃത്തായ കായംകുളം പീലിപ്പോസ് റമ്പാന്റെ ദേഹവിയോഗത്തിൽ ദുഃഖം രേഖപ്പെടുത്തിക്കൊണ്ട് പിന്നീട് മെത്രാപ്പോലീത്തായും കോട്ടയം പഴയസെമിനാരി സ്ഥാപകനും ആയിത്തീർന്ന പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ കൽദായ സുറിയാനിയിൽ കൂക്കോയോ രാഗത്തിൽ രചിച്ച ഒരു വിലാപകാവ്യം തൊഴിയൂർ ഗ്രന്ഥപ്പുരയിൽ നിന്ന് ഈ ഗ്രന്ഥകാരൻ കണ്ടെടുത്ത് കൽദായസുറിയാനിസഭയുടെ ഡോ. മാർ അപ്രേം മെത്രാപ്പോലീത്തായുടെ സഹായത്തോടെ പരിഭാഷപ്പെടുത്തിയിരുന്നു. ഡോ. ചന്ദനപ്പള്ളിയുടെ ലേഖനത്തിൽ ചേർത്ത കാര്യങ്ങളും ഈ ഗ്രന്ഥകാരൻ കണ്ടെത്തിയ രേഖകളും ഭാവി ഗവേഷകരെ ഉദ്ദേശിച്ച് ഇവിടെ ഈ ലേഖനത്തിൽ അവതരിപ്പിക്കുകയാണ്.)

ജനനം

കായംകുളം മനങ്ങനഴിയത്ത് കുടുംബത്തിലാണ് പീലിപ്പോസ് റമ്പാന്റെ ജനനം (ഈ വിവരം ഉള്ളൂർ തന്റെ കേരള സാഹിത്യ ചരിത്രത്തിൽ കൊടുത്തിട്ടുള്ളതാവാം ഡോ. ചന്ദനപ്പള്ളി ആധാരമാക്കുന്നത്). ജനനം എ.ഡി. 1777-ൽ (ജനനതീയതി അറിവില്ലെന്ന് ഡോ. ചന്ദനപ്പള്ളി). ജനന വർഷത്തിന് അദ്ദേഹം ആരെയാണ് ആധാരമാക്കുന്നത് എന്ന് വ്യക്തമാക്കിയിട്ടില്ല (ഈ ജനനവർഷം ശരിയാണെങ്കിൽ 34 വയസ്സുള്ളപ്പോൾ അദ്ദേഹം അന്തരിച്ചു എന്ന് പറയേണ്ടിവരും. ആ കാലഘട്ടത്തിൽ ജീവിച്ചിരുന്ന കായംകുളം റമ്പാൻ, പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ഒന്നാമൻ, കാട്ടുമങ്ങാട് മാർ കൂറിലോസ് ഒന്നാമൻ എന്നീ മൂന്നു പേരും അവരുടെ ആരാധനാക്രമങ്ങൾ പകർത്തി എഴുതിയത് പൗരസ്ത്യ സുറിയാനിയിലായിരുന്നു എന്ന് ഈ ഗ്രന്ഥകാരൻ നിരീക്ഷിച്ചിട്ടുണ്ട്. അവരുടെ ഗുരുനാഥൻ 1751-ൽ കേരളത്തിലെത്തിയ ശാക്രള്ള മപ്രിയാനയോ മാർ ഗ്രീഗോറിയോസോ ആയിരിക്കുമെന്നത് മിക്കവാറും തീർച്ചയാണ്. അവരോടൊപ്പംവന്ന മാർ ഈവാനിയോസ് അദ്ദേഹത്തിന്റെ പള്ളിക്രമങ്ങൾ എഴുതുവാൻ പാശ്ചാത്യ സുറിയാനിയാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ ശാക്രള്ള ബാവായുടെയും ഗ്രീഗോറിയോസിന്റെയും കയ്യെഴുത്തുക്രമങ്ങൾ പൗരസ്ത്യസുറിയാനിയിലാണ്. അവരിൽ ശാക്രള്ള ബാവാ

1764-ലും മാർ ഗ്രീഗോറിയോസ് 1773-ലും അന്തരിച്ചു. അതിനുശേഷം 1777-ലാണ് കായംകുളം റമ്പാൻ ജനിച്ചതെന്ന് വിശ്വസിക്കാൻ പ്രയാസം. പുലിക്കോട്ടിൽ റമ്പാച്ചൻ രചിച്ച വിലാപകാവ്യത്തിലും റമ്പാച്ചൻ ഹ്രസ്വായുഷ്മാൻ ആയിരുന്നുവെന്നോ അദ്ദേഹത്തിന്റെ വിയോഗം അകാലത്തിലായിരുന്നുവെന്നോ കരുതാവുന്ന ഒരു സൂചനകളും കാണുന്നില്ല. ജനനവർഷം കൃത്യമല്ല എന്നതിന് വേറെയും തെളിവുകൾ ഉണ്ട്. 1853 തുലാമാസം 26-ാം തീയതി 76-ാം വയസിൽ അദ്ദേഹം ഇഹലോകവാസം വെടിഞ്ഞതായി ലേഖനത്തിൽ ഡോ. ചന്ദനപ്പള്ളി രേഖപ്പെടുത്തിയിരിക്കുന്നു. കായംകുളം റമ്പാച്ചൻ 1853-ലാണ് നിര്യാതനായതെങ്കിൽ ആ നിര്യാണത്തിൽ ദുഃഖം സഹിക്കാതെ 1816-ൽ അന്തരിച്ച പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ഒന്നാമൻ വിലാപകാവ്യം എഴുതുന്നതെങ്ങനെ? തെക്കും വടക്കുമായി രണ്ടു പഠിത്തവീട് എന്ന കണ്ടനാട് പടിയോലയുടെ തീരുമാനം 1814-ൽ പ്രാവർത്തികമാക്കുമ്പോഴേക്കും കായംകുളം റമ്പാൻ അന്തരിച്ചതിനാലാണ് പഠിത്തവീട് ഒരെണ്ണം മാത്രം മതി എന്ന് തീരുമാനിച്ചത്. കായംകുളം റമ്പാൻ ജീവിച്ചിരുന്നുവെങ്കിൽ അദ്ദേഹം കോട്ടയം പഴയസെമിനാരിയിൽ അദ്ധ്യാപകനായി നിയമിക്കപ്പെടുമായിരുന്നു. 76-ാം വയസ്സിൽ തുലാമാസം 26-ന് എന്ന നിര്യാണവാർത്ത ശരിയായിരിക്കണം. 1811-ൽ നിര്യാതനായി എന്ന ഈ ഗ്രന്ഥകാരന്റെ നിഗമനം ശരിയാണെങ്കിൽ അദ്ദേഹത്തിന്റെ ജനനവർഷം 1735-1736 ആയിരിക്കാനാണ് സാധ്യത. അങ്ങനെയെങ്കിൽ 1751-ൽ വന്ന വിദേശ സഭാദ്ധ്യക്ഷന്മാരിൽനിന്ന് സുറിയാനി (പൗരസ്ത്യം) പഠിച്ചു എന്ന വാദത്തിനും അർത്ഥമുണ്ടാവുന്നു. 1814-ലെ കോട്ടയം പഴയസെമിനാരി സ്ഥാപനം, അവിടത്തെ അധ്യാപനം, പുലിക്കോട്ടിൽ മെത്രാച്ചന്റെ നിര്യാണം, പുന്നത്ര മെത്രാച്ചൻ, ചേപ്പാട്ട് മെത്രാച്ചൻ എന്നിവരുടെ സ്ഥാനാരോഹണം, മാവേലിക്കര സുന്നഹദോസ് തുടങ്ങിയ മലങ്കരസഭയുടെ അതിപ്രധാനമായ പല സംഭവങ്ങളും നടന്ന കാലമാണ് 1814-1853 കാലഘട്ടം. 1844-ലെ പാലക്കുന്നത്ത് മെത്രാച്ചന്റെ ആഗമനം, 1846-ലെ യൂയാക്കീം കൂറിലോസിന്റെ ആഗമനം, 1853-ലെ ചട്ടവര്യോല തുടങ്ങിയ ചരിത്രസംഭവങ്ങളിലും കായംകുളം റമ്പാച്ചൻ പരാമർശിക്കപ്പെടാതെ പോയത് ആ കാലങ്ങളിൽ അദ്ദേഹം ജീവിച്ചിരിപ്പില്ലാത്തതിനാലാണ്. നിരണം ഗ്രന്ഥവരി റമ്പാന്റെ നിര്യാണവർഷവും തീയതിയും കൃത്യമായി രേഖപ്പെടുത്തുന്നതിപ്രകാരമാണ്. (9) 87-ാമാണ്ട് തുലാമാസം 28-ന് പീലിപ്പോസ് റമ്പാൻ കഴിഞ്ഞ് കണ്ണങ്കോട്ട് പള്ളിയിലടക്കി (പോൾ മണലിൽ, പു. 209).

ഇത്രയും കൃത്യമായ സമകാലരേഖയും സാഹചര്യത്തെളിവുകളും ലഭ്യമായിരിക്കേ ആദരണീയനായ ഡോ. ചന്ദനപ്പള്ളി നൽകുന്ന ജനനവർഷം സ്വീകാര്യമല്ലെന്ന് ഇവിടെ രേഖപ്പെടുത്തേണ്ടി വന്നിരിക്കുന്നു.

സഭാചരിത്രപരമായ അദ്ദേഹത്തിന്റെ പല ഗവേഷണങ്ങളും ഉപരിപ്ലവ മായിരുന്നുവെന്ന് തെളിയിക്കുന്ന വേറെയും ചില ഉദാഹരണങ്ങൾ ഈ ഗ്രന്ഥകാരന്റെ ശ്രദ്ധയിൽ വിഷയമായിട്ടുണ്ട്.

കായംകുളം പീലിപ്പോസ് റമ്പാന്റെ പിതാവിന്റെ പേർ പീലിപ്പോസ് എന്ന് ആയിരുന്നു എന്നും മാതാവ് കായംകുളം 'പൊൻവാണിഭ'ത്തിൽ കോശി തരകന്റെ പുത്രി ആച്ചിയമ്മയായിരുന്നുവെന്നും, അദ്ദേഹം പിതൃ സംരക്ഷണയിലും മാതൃസഹോദരന്മാരായ കൊച്ചാക്കോ തരകന്റെയും ഇട്ടിച്ചെറിയയുടെയും നിയന്ത്രണത്തിലും വളർന്നുവെന്നും ഡോ. ചന്ദന പ്പള്ളി തന്റെ ലേഖനത്തിൽ പ്രസ്താവിച്ചിട്ടുള്ളതിന്റെ ആധാരമെന്തെന്ന് അദ്ദേഹം വെളിപ്പെടുത്തിയിട്ടില്ല. പിതാവിന്റെ പേർ തന്നെ പുത്രന് നൽകുന്ന സമ്പ്രദായം സുറിയാനി സമുദായത്തിൽ അത്രതന്നെ സാധാ രണമല്ല. ഒരു പക്ഷേ തന്റെ കഥാപാത്രത്തിന് ഉചിതവും ശ്രേഷ്ഠവു മായ പശ്ചാത്തലവും മേൽവിലാസവും അണിയിച്ചൊരുക്കുവാൻ അദ്ദേഹം കണ്ടെത്തിയ ചില സാങ്കല്പിക കഥാപാത്രങ്ങളാവാം പിതാവും മാതാവും മാതൃസഹോദരങ്ങളും (അബ്ദുൾ ജലീൽ ഗ്രീഗോ റിയോസ്, അഹത്തള്ളാ, ആറാം മാർത്തോമ്മാ, യൽദൊ ബസ്സേലിയോസ്, മുളന്തുരുത്തിയിൽ കാലം ചെയ്ത മാർ ഈവാനിയോസ്, ചെങ്ങന്നൂരിൽ കാലം ചെയ്ത മാർ ഈവാനിയോസ്, കാട്ടുമങ്ങാട് ഒന്നാം കൂറിലോസ്, രണ്ടാം കൂറിലോസ്, പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ഒന്നാമൻ, പുന്നത്ര മാർ ദീവന്നാസ്യോസ് തുടങ്ങിയ ഒട്ടുവളരെ പിതാക്കന്മാരുടെ ചിത്രങ്ങൾ അടുത്ത കാൽ നൂറ്റാണ്ടിനിടയിൽ വിപണിയിൽ ഇറങ്ങിയിട്ടു ള്ളത് ഇവിടെ ഓർക്കാം).

അദ്ദേഹത്തിന് പൗരോഹിത്യപാരമ്പര്യമുള്ള പശ്ചാത്തലമുണ്ടായിരു ന്നുവോ എന്ന് അറിഞ്ഞുകൂടാ. അന്നത്തെ സമ്പ്രദായത്തിൽ അതിനുള്ള സാധ്യത വളരെയാണ്. 1728 മുതൽ 1765 വരെ മലങ്കരസഭയിൽ ഭരണം നടത്തിയ അഞ്ചാം മാർത്തോമ്മായുടെ കാലത്ത് ജീവിച്ച അദ്ദേഹം പക ലോമറ്റം മെത്രാന്റെ സ്ഥാനസാധുതയെക്കുറിച്ചുള്ള വിവാദങ്ങളിൽ എന്തു നിലപാടെടുത്തു എന്ന് നമുക്കറിഞ്ഞുകൂടാ. 1748-ൽ മലങ്കരയിൽ വന്ന അന്ത്യോഖ്യൻ പശ്ചാത്തലമുള്ള മാർ ഈവാനിയോസ് മുളന്തുരുത്തി കേന്ദ്രമാക്കി വൈദികവിദ്യാർത്ഥികൾക്ക് സുറിയാനി പഠനം നടത്തിയ പ്പോൾ പിപഠിഷുവും നേരത്തെ സുറിയാനി പഠനം ആരംഭിച്ചവനുമായ പീലിപ്പോസ് (അന്ന് 14-15 വയസ്) അവിടെ പഠനം നടത്തിയിരിക്കണം. അദ്ദേഹം 1751-ൽ തിരിച്ചയക്കപ്പെട്ടതോടെ മുളന്തുരുത്തിയിലെ വൈദിക പഠനം അനാഥമായില്ല. 1751-ൽ വന്ന മാർ ശക്രള്ളാ കാതോലിക്കായും മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും മാർ ഈവാനിയോസ് എപ്പി സ്കോപ്പായും ഒരു കോറെപ്പിസ്കോപ്പായും മുളന്തുരുത്തിയിലെ

സുറിയാനി പഠനത്തിന് നേതൃത്വം നൽകി. ഇവരിൽ മാർ ശക്രുള്ളായും മാർ ഗ്രീഗോറിയോസും അർമ്മീനിയൻ പാരമ്പര്യത്തിലുള്ളവരും (ആ തലമുറയിലെ കത്തോലിക്കാ മല്പാൻ ആയിരുന്ന ഡോ. ജോസഫ് കരിയാറ്റി രചിച്ച 'വേദതർക്കം' എന്ന പുസ്തകം പരിശോധിക്കുക. വേദതർക്കത്തിന്റെ ഭാഷാശാസ്ത്ര ഭൂമിക, എമ്മാനുവേൽ ആട്ടേൽ, പുറം 53). മാർ ഈവാനിയോസും കോർഎപ്പിസ്കോപ്പായും അന്ത്യോഖ്യൻ പാരമ്പര്യത്തിലുള്ളവരും ആയിരുന്നു. ശാക്രുള്ള ബാവായും മാർ ഗ്രീഗോറിയോസും പൗരസ്ത്യ സുറിയാനിയും മറ്റു രണ്ടുപേർ പാശ്ചാത്യ സുറിയാനിയുമാണ് ഉപയോഗിച്ചിരുന്നതെന്ന് അവരുടെ ചില കയ്യെഴുത്തു കൃതികൾ സാക്ഷിക്കുന്നു. കായംകുളം റമ്പാനും കാട്ടുമങ്ങാട്ട് ഒന്നാം കൂറിലോസും പുലിക്കോട്ടിൽ ഒന്നാം ദീവന്നാസ്യോസും അവരുടെ ശുശ്രൂഷക്രമങ്ങൾക്ക് പൗരസ്ത്യ സുറിയാനിയാണ് ഉപയോഗിച്ചിരുന്നത് (അവരുടെ പള്ളിക്രമങ്ങൾ ഈ ഗ്രന്ഥകാരൻ പരിശോധിച്ചിട്ടുണ്ട്). തന്മൂലം ഇവർ മൂന്നുപേരും ആദ്യം ശക്രുള്ളാ ബാവായുടെയും അദ്ദേഹത്തിന്റെ കാലശേഷം മാർ ഗ്രീഗോറിയോസിന്റെയും ശിക്ഷണത്തിൽ സുറിയാനി അഭ്യസിച്ചിരിക്കണം. മലങ്കരസഭയിൽ അക്കാലത്ത് സുറിയാനി പഠനം മികച്ചതായിരുന്നില്ല (അഞ്ചാം മാർത്തോമ്മാ വിദേശങ്ങളിലേക്കയച്ച മൂന്ന് സുറിയാനി കത്തുകൾ ഈ ഗ്രന്ഥകാരൻ കണ്ടെടുത്ത്, അന്തരിച്ച ഞാർത്താങ്കൽ കോരത് മല്പാന്റെ സഹായത്തോടെ മലയാളത്തിലേക്ക് വിവർത്തനം ചെയ്യിച്ചപ്പോൾ ആ കത്തുകളിലെ സുറിയാനി ഭാഷയുടെ നിലവാരം മോശപ്പെട്ടതായിരുന്നുവെന്ന് മല്പാനച്ചൻ അഭിപ്രായപ്പെട്ടിരുന്നു). തന്മൂലമാണ് വിദേശ സഭാധ്യക്ഷന്മാർ എത്തിയപ്പോൾ സുറിയാനിയുടെ ഉപരി പാഠങ്ങൾ അഭ്യസിക്കാനാഗ്രഹിച്ച വൈദികവിദ്യാർത്ഥികൾ മുളന്തുരുത്തിയിലെത്തിയത്. 1764-ൽ ശാക്രുള്ള കാതോലിക്കാ അന്തരിക്കുമ്പോൾ അദ്ദേഹത്തിൽനിന്ന് വൈദികസ്ഥാനങ്ങൾ സ്വീകരിച്ച കായംകുളം പീലിപ്പോസ് തികഞ്ഞ ഒരു സുറിയാനിപണ്ഡിതൻ ആയിരുന്നു. ഏതാണ്ട് 30-ാം വയസ്സിൽ വടക്കൻപ്രദേശങ്ങളോട് വിടപറഞ്ഞ പീലിപ്പോസ് മല്പാൻ തെക്കൻ പ്രദേശത്ത് നിരണത്തും പിന്നീട് പുത്തൻകാവിലും ആവശ്യാനുസരണം മല്പാൻ പള്ളിക്കൂടങ്ങൾ ആരംഭിച്ച് വൈദികവിദ്യാർത്ഥികളെ പരിശീലിപ്പിച്ചിരുന്നു. 1751-ൽ വന്ന വിദേശസഭാധ്യക്ഷന്മാർ കൊണ്ടുവന്ന സുറിയാനി വേദപുസ്തകത്തിന്റെ പകർപ്പുകൾ തയ്യാറാക്കുന്ന പരിപാടി പുലിക്കോട്ടിൽ മല്പാൻ നേതൃത്വം നൽകിയ മല്പാൻ പാഠശാലകളിൽ എന്നപോലെ പീലിപ്പോസ് മല്പാൻ നേതൃത്വം നൽകിയ മല്പാൻ പാഠശാലകളിലും അനുവർത്തിച്ചിരുന്നു. മാർ ഗ്രീഗോറിയോസ്, മാർ ഈവാനിയോസ് എന്നിവരുമായി ആറാം മാർത്തോമ്മായെ അനുരഞ്ജനപ്പെടുത്തുന്നതിൽ പീലിപ്പോസ് മല്പാൻ നിർണ്ണായകപങ്ക് വഹിച്ചിരിക്കാം. 1770-ൽ നിരണത്തുവെച്ച് ആ അനുരഞ്ജനശ്രമങ്ങൾ വിജയിച്ചതിൽ

അണിയറക്കാരനായ കായംകുളം മല്പാൻ ആഹ്ലാദപുളകിതനായിട്ടുണ്ടാവണം. അതോടെ ആറാം മാർത്തോമ്മായുടെ വിശ്വസ്തരുടെ പട്ടികയിൽ പീലിപ്പോസ് റമ്പാൻ അംഗമായി. 1770-ന് ശേഷം കാഴ്ചശക്തി കുറഞ്ഞ മാർ ഗ്രീഗോറിയോസ് കായംകുളം പള്ളിയിൽ കായംകുളം മല്പാന്റെ സംരക്ഷണയിൽ കഴിഞ്ഞുവന്നു. മാർ ഈവാനിയോസ്, മാർ ദീവന്നാസ്യോസ് (ആറാം മാർത്തോമ്മാ) എന്നിവർ പുതിയകാവിലും പാർത്തിരുന്നു. അക്കാലത്ത് മാർ ദീവന്നാസ്യോസിന്റെയും മാർ ഈവാനിയോസിന്റെയും കാര്യദർശിയായിരുന്നു കായംകുളം മല്പാൻ. തന്മൂലം മല്പാൻ പലപ്പോഴും കായംകുളം വിട്ട് പുതിയകാവിൽ താമസിക്കേണ്ടി വന്നു. ഈ അനാഥത്വം മാർ ഗ്രീഗോറിയോസിന് അഹിതമുണ്ടാക്കി. ഈ അവസരം മുതലെടുത്തുകൊണ്ട് കാട്ടുമങ്ങാട്ട് കുര്യൻ കത്തനാർ മാർ ഗ്രീഗോറിയോസിന് നേത്രചികിത്സ വാഗ്ദാനം ചെയ്തുകൊണ്ട് മറ്റ് രണ്ട് മേല്പ്പട്ടക്കാരുടെയും അനുവാദത്തോടെ മാർ ഗ്രീഗോറിയോസിനെ മട്ടാഞ്ചേരിയിലേക്ക് 1772-ൽ കൊണ്ടുപോയി. മട്ടാഞ്ചേരിപള്ളിയിൽ വച്ച് കൂറിലോസ് കത്തനാർ മാർ ഗ്രീഗോറിയോസിന്റെ സാന്നിധ്യത്തിൽ കാറ്റാടി കുരുവിള കത്തനാരെക്കൊണ്ട് കുർബ്ബാന ചൊല്ലിച്ച് റമ്പാൻ സ്ഥാനമേറ്റു. ഈ ശുശ്രൂഷയ്ക്ക് സാക്ഷികളോ രേഖകളോ ഇല്ലായിരുന്നു. മസ്നപ്സാ ലഭിച്ചതോടെ താൻ മെത്രാൻ സ്ഥാനം ഏറ്റതായി കാട്ടുമങ്ങാട്ട് കുര്യൻ എന്ന കൂറിലോസ് റമ്പാൻ പ്രചാരണം അഴിച്ചുവിട്ടു. കാര്യം അന്വേഷിക്കാൻ 6-ാം മാർത്തോമ്മായും മാർ ഈവാനിയോസും അയച്ച വൈദികരോട് 'ഞാൻ ഒന്നും ചെയ്തില്ല' എന്ന് മാർ ഗ്രീഗോറിയോസ് അറിയിച്ചു (അതിന് ശേഷമാണ് കാട്ടുമങ്ങാട്ട് കൂറിലോസിനെതിരെ രണ്ടു മെത്രാന്മാരും പരാതി നൽകിയത്. വിചാരണയിൽ നിന്ന് ആദ്യമൊക്കെ അദ്ദേഹം ഒഴിവായിനിന്നു. ഒടുവിൽ 1772-ൽ അദ്ദേഹം സ്വീകരിച്ചത് റമ്പാൻ സ്ഥാനമെന്ന് തെളിഞ്ഞു. റമ്പാന്റെ മുറയിലും വേഷത്തിലുമല്ലാതെ കർമ്മങ്ങൾ നടത്തരുതെന്ന് തിരുവിതാംകൂർ സർക്കാരും പിന്നീട് കൊച്ചി സർക്കാരും വിധിച്ചു. പിന്നീട് അദ്ദേഹം മലബാറിൽ ചെന്ന് പനയ്ക്കൽ താരു മുതലാളിയെ സ്വാധീനിച്ച് കുറെ സ്ഥലം വാങ്ങിച്ചു. പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാന്റെ സഹായത്തോടെ കാട്ടുമങ്ങാട്ട് റമ്പാനും കുടുംബവും അവിടെ ആസ്ഥാനമാക്കി ജീവിച്ചു. മെത്രാനായിട്ട് ദിവ്യകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്തു (കണ്ടനാട് ഗ്രന്ഥവരി, പുറം 312 മുതൽ കാണുക).

1789 മുതൽ മാർ ഈവാനിയോസ് ചെങ്ങന്നൂർ പഴയസുറിയാനി പള്ളിയിൽ താമസമാക്കി. അതോടെ പീലിപ്പോസ് മല്പാൻ ചെങ്ങന്നൂരിൽ താമസമായി; കായംകുളത്ത് വൈദികപരിശീലനത്തിന്റെ ചുമതലയിൽ തുടരുകയും ചെയ്തു. 1789-ൽ കത്തോലിക്കാ സഭയുമായുള്ള സംയോജനം ചർച്ച ചെയ്യാൻ ചെങ്ങന്നൂർ യോഗം ക്രമീകരിച്ചപ്പോഴും 1791-ൽ

കായംകുളത്ത് ചർച്ച ക്രമീകരിച്ചപ്പോഴും നയതന്ത്രജ്ഞനായ 6–ാം മാർത്തോമ്മാ ചർച്ചയിൽ മാർ ഈവാനിയോസും പീലിപ്പോസ് റമ്പാനും ഉൾപ്പെട്ടിരിക്കണമെന്ന് ചിന്തിച്ചിരുന്നു. എന്നാൽ ആ ചർച്ചകളൊന്നും പല കാരണങ്ങളാൽ ഫലവത്തായില്ല.

1789–ൽ പുതിയകാവിൽവെച്ച് 'പുത്തൻക്രമം നമസ്ക്കാരവും പട്ടം കെട്ടുകയും കാപ്പയിട്ട് കുർബ്ബാന ചൊല്ലുകയും പെൺകെട്ടും മാമ്മോദീസായും പഴയക്രമം നടന്നുകൊള്ളത്തക്കവണ്ണം' എഴുതിയ പടിയോലയ്ക്ക് മാർ ഈവാനിയോസിന്റെ സെക്രട്ടറി എന്ന നിലയിൽ കായംകുളം മല്പാൻ നേതൃത്വം നൽകിയിരിക്കാം. 6–ാം മാർത്തോമ്മായുടെ അനന്തരവൻ മാത്തൻ കത്തനാർക്ക് കന്നിപ്പട്ടവും കുർബ്ബാനപട്ടവും മാർ ഈവാനിയോസ് നൽകി (നിരണം ഗ്രന്ഥവരി, പുറം 155). പീലിപ്പോസ് മല്പാൻ ആണ് അദ്ദേഹത്തിന് (7–ാം മാർത്തോമ്മായ്ക്ക്) വൈദികപരിശീലനം നൽകിയത് എന്ന് സാഹചര്യംകൊണ്ട് മനസ്സിലാക്കാം.

മാർ ഈവാനിയോസ് നാലു പതിറ്റാണ്ടിലേറെക്കാലം മലങ്കരസഭയിൽ ജീവിച്ച ആളാണ്. മലങ്കരസഭയിൽ തെക്കും വടക്കുമായി രണ്ടു മെത്രാന്മാർ ഭരണം നടത്തിയാലേ എല്ലാ ഭാഗക്കാരേയും തൃപ്തിപ്പെടുത്തുവാൻ കഴിയുകയുള്ളു എന്ന് അദ്ദേഹം വിശ്വസിച്ചു. തന്റെ ശിഷ്യരായ മാത്തൻ കത്തനാരെയും പീലിപ്പോസ് കത്തനാരെയും തന്റെ ഇംഗിതം അദ്ദേഹം അറിയിച്ചിരുന്നു. അവർക്ക് ആ നിർദ്ദേശം സമ്മതമായിരുന്നു എന്ന് അഭ്യൂഹിക്കാൻ ചില സൂചനകൾ കാണുന്നുണ്ട്. 6–ാം മാർത്തോമ്മാ ഈ നിർദ്ദേശത്തോട് എതിർപ്പൊന്നും പ്രകടിപ്പിച്ചിരുന്നില്ല. ഈ സാഹചര്യത്തിൽ മാർ ഈവാനിയോസിന്റെ നിർദ്ദേശപ്രകാരം 1794 മേടമാസം 6–ന് പെസഹാ പെരുന്നാളിൽ ആറാം മാർത്തോമ്മാ ചെങ്ങന്നൂർ പള്ളിയിൽ വച്ച് മാത്തൻ കത്തനാർക്കും പീലിപ്പോസ് മല്പാനും റമ്പാൻസ്ഥാനം നൽകി. രണ്ടു റമ്പാന്മാരെയും മാർ ഈവാനിയോസ് കൺകുളിർക്കെ കണ്ടു. പിറ്റേദിവസം മാർ ഈവാനിയോസ് അന്തരിക്കുകയും ചെങ്ങന്നൂർ പഴയസുറിയാനി പള്ളിയുടെ മദ്ബഹായുടെ തെക്കു ഭാഗത്ത് കബറടക്കുകയും ചെയ്തു (രണ്ടു റമ്പാന്മാരെയും മെത്രാന്മാരാക്കുക വഴി പകലോമറ്റം കുടുംബത്തിന് വെളിയിൽ നിന്ന് ഒരു മെത്രാൻ ആവിർഭവിക്കുക എന്ന സാഹസിക ചിന്തയാണോ അദ്ദേഹത്തിന്റെ മരണം ഇത്ര വേഗത്തിലാക്കിയത് എന്ന് ചിന്തിക്കാനുള്ള സാഹചര്യമുണ്ട്). തൊട്ടടുത്ത ദിവസങ്ങളിലായി നടന്ന ഈ സ്ഥാനദാനത്തിനും കബറടക്കത്തിനും മറ്റും 6–ാം മാർത്തോമ്മാ നേതൃത്വം നൽകി.

1796 മേടമാസം 24–ന് മാർ ഗീവറുഗീസ് സഹദായുടെ പെരുന്നാൾ ദിവസം മാത്തൻ റമ്പാനെ മാർത്തോമ്മാ ആറാമന്റെ പിൻഗാമിയായി 6–ാം മാർത്തോമ്മാ ചെങ്ങന്നൂർ പള്ളിയിൽവെച്ച് പട്ടംകെട്ടി. തത്തംപള്ളി

മീഖായേൽ പള്ളിയിൽ ആറാം മാർത്തോമ്മാ 1799 ജൂൺ 10-ന് കത്തോലിക്കാ മുറയിൽ വി. കുർബ്ബാന അർപ്പിച്ചപ്പോഴോ തൽസംബന്ധമായ ചർച്ചകൾ നടന്നപ്പോഴോ ഏഴാം മാർത്തോമ്മാ ആ നീക്കത്തിൽ സഹകരിക്കുകയോ അനുകൂലിക്കുകയോ ചെയ്തില്ല. കണ്ടനാട് താമസിച്ചിരുന്ന അദ്ദേഹം തന്റെ ഭരണകാലം സമാഗതമാവുമ്പോൾ ചെയ്യാനുള്ള പദ്ധതികളുടെ രൂപരേഖ തയാറാക്കിക്കൊണ്ട് നിശ്ശബ്ദനായി കാര്യങ്ങൾ നിരീക്ഷിക്കുക മാത്രം ചെയ്തു.

കത്തോലിക്കാസഭയിലേക്കു പോയ 6-ാം മാർത്തോമ്മാ ഏതാനും മാസങ്ങൾ ആ സഭയിൽ കഴിഞ്ഞു കൂടിയിട്ടും തന്റെ അനുയായികൾ തന്നെ അനുഗമിക്കുന്നില്ലെന്നും പുതിയ സഭയിൽ തനിക്ക് അംഗീകാരം ലഭിക്കുന്നില്ലെന്നും കയ്പോടെ ഗ്രഹിച്ചപ്പോൾ പ്രായശ്ചിത്തം ചെയ്തു മാതൃസഭയിലേക്ക് തിരിയെവന്നു. തന്റെ ജൂണിയർ മെത്രാൻ തന്നെ പിന്തുണക്കാതിരുന്നതും തെക്ക് കായംകുളം റമ്പാന്റെയും വടക്ക് പുലിക്കോട്ടിൽ മല്പാന്റെയും നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന മല്പാൻ പള്ളിക്കൂടങ്ങളെ കേന്ദ്രീകരിച്ച് തനിക്കെതിരായ പൊതുജനാഭിപ്രായം ശക്തിപ്പെടുകയും ചെയ്തത് 6-ാം മാർത്തോമ്മായെ ചിന്തിപ്പിക്കുന്ന സാഹചര്യമായിരുന്നു. അക്കാലത്താണ് 1806-ൽ ഡോ. ക്ലോഡിയസ് ബുക്കാനൻ മലങ്കരസഭ സന്ദർശിച്ചത്. ആംഗ്ലിക്കൻ സഭയുമായുള്ള ലയനം ചർച്ച ചെയ്യാനും ബൈബിൾ വിവർത്തനം ഏറ്റെടുക്കുവാനും ബുക്കാനന്റെ പ്രേരണയാൽ ആറാം മാർത്തോമ്മാ കായംകുളം പീലിപ്പോസ് റമ്പാനേയും കുന്നംകുളം പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനെയും നിയോഗിച്ചത് തന്റെ നഷ്ടപ്പെട്ട ജനപിന്തുണയും വിശ്വാസവും വീണ്ടെടുക്കുന്നതിന്റെ ഭാഗമായിട്ടായിരുന്നു. അതിൽ അദ്ദേഹം വിജയിച്ചു. തൽഫലമായിട്ടാണ് അക്കാലത്ത് മലങ്കരയിലെത്തിയ മാർ ദീയസ്കോറോസിനെ സഭ തിരസ്കരിച്ചത്. അദ്ദേഹം 1808-ൽ തിരിച്ചയക്കപ്പെട്ടത് ഇവിടെ ഓർക്കാവുന്നതാണ്.

ബുക്കാനനുമായുള്ള ചർച്ചയ്ക്കും ബൈബിൾ പരിഭാഷയ്ക്കും നേതൃത്വം നൽകിയ കായംകുളം റമ്പാൻ, പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാൻ എന്നിവർ ഭാവിയിൽ മെത്രാന്മാരാകണമെന്ന് സഭ ആഗ്രഹിച്ചു. 6-ാം മാർത്തോമ്മാ കാലംചെയ്ത ശേഷം 1808 മേടമാസം 23-ന് ഏഴാം മാർത്തോമ്മാ സഭാഭരണം കയ്യേറ്റു. ഭരണഭാരം കയ്യേറ്റ ഉടനെ അദ്ദേഹം മൂന്ന് നാല് കാര്യങ്ങൾ ഏർപ്പാടാക്കി.

1. നിരണത്ത് കാലം ചെയ്ത 6-ാം മാർത്തോമ്മായുടെ ജീവചരിത്രം മുൻനിർത്തി ഒരു സഭാചരിത്രം തയ്യാറാക്കുക (നിരണം ഗ്രന്ഥവരിയിൽ ഈ കാര്യം പരാമർശിക്കുമ്പോൾ 81-ാം ആണ്ട് എന്ന് ചേർത്തത് ശരിയാവാനിടയില്ല).

2. വടക്കൻ ഭാഗത്ത് താൻ കണ്ടനാട് ആസ്ഥാനമാക്കുക.

3. കായംകുളം റമ്പാനെയും പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനെയും ഉപദേശകരായി നിയമിച്ച് സഭയുടെ തെക്കൻ-വടക്കൻ താല്പര്യങ്ങളുടെ ബാലൻസ് സംരക്ഷിക്കുക.

4. മൂവായിരം പൂവരാഹൻ ബ്രിട്ടീഷ് ഖജനാവിൽ നിക്ഷേപിച്ച് സഭയുടെ ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് ഒരു പൊതു ഫണ്ട് സ്വരൂപിക്കുക.

ഈ നാല് കാര്യങ്ങളും അദ്ദേഹം അധികാരമേറ്റ് ഏതാനും മാസങ്ങൾക്കുള്ളിൽ പൂർത്തിയാക്കി. 7-ാം മാർത്തോമ്മായുടെ ഭരണകാലം അതീവ ഹ്രസ്വമെങ്കിലും തേജോമയമായിരുന്നു. തന്നോട് പരസ്യമായി വിയോജിക്കുവാൻ അദ്ദേഹം ഉപദേശകർക്ക് സ്വാതന്ത്ര്യം നൽകിയിരുന്നു എന്ന് അദ്ദേഹത്തിലെ പുരോഗമനവാദിയുടെ മുഖം വെളിപ്പെടുത്തുന്നുണ്ട്. നിരണം ഗ്രന്ഥവരി കാണുക. "84-ാമാണ്ട് (1809) അച്ചന്റെ (ആറാം മാർത്തോമ്മാ) ഒരാണ്ട് വീടുകയ്ക്ക് (ഒന്നാം ശ്രാദ്ധം) പുത്തൻകാവിൽ വെച്ച് പീലിപ്പോസ് റമ്പാൻ മുതൽപേരും ചെറിയച്ചനുമായിട്ട് (7-ാം മാർത്തോമ്മാ) കുറഞ്ഞോരു വഴക്കുണ്ടായി" (*നിരണം ഗ്രന്ഥവരി*, മണലിൽ, പു. 208).

വഴക്കിന്റെ കാരണം ആർക്കും അറിഞ്ഞുകൂടാ. സഭയുടെ ആസ്ഥാനം പുത്തൻകാവിൽ തുടരണമെന്ന് റമ്പാനും മറ്റും വാദിച്ചത് 7-ാം മാർത്തോമ്മാ നിരാകരിച്ചുവോ? ഭാവിയിൽ കണ്ടനാടും നിരണത്തുമായി രണ്ടു മെത്രാന്മാർ സഭാഭരണം നടത്തണമെന്ന മെത്രാന്റെ അഭിപ്രായം ശേഷം പേർ നിരസിച്ചുവോ? അടുത്ത മെത്രാനായി ദത്തുകാരൻ തോമ്മാ കത്തനാരെ ജൂണിയർ മെത്രാനായി വാഴിക്കുവാൻ അങ്കമാലി ചക്കരയകത്തൂട്ട് ഇട്ടൂപ്പ് കത്തനാർ തുടങ്ങിയവർ പുറപ്പെടുവിച്ച അഭിപ്രായം മെത്രാൻ നിരാകരിച്ചുവോ? രണ്ടു പഠിത്തവീട് രണ്ടു മെത്രാന്മാരുടെ കീഴിലും നിയന്ത്രണത്തിലുമാകത്തക്കവിധം സഭാഭരണം വികേന്ദ്രീകരിക്കണമെന്ന മെത്രാന്റെ നിലപാട് വിയോജിപ്പിന് കാരണമായോ?

എല്ലാം അഭ്യൂഹങ്ങളാണ്. ഒന്നും തീർച്ച പറയാനാവില്ല. പിന്നീട് *നിരണം ഗ്രന്ഥവരി* ഒറ്റ വാക്യത്തിൽ ഒരുപാട് കാര്യങ്ങൾ ഇപ്രകാരം സംഗ്രഹിച്ചിരിക്കുന്നു: "ഇടവമാസത്തിൽ അദ്ദേഹം കണ്ടനാട്ടിന് പോയി, ദീനം വിശ്രമിച്ച് മിഥുനമാസം 22-ന് കാലം ചെയ്ത്, തൊമ്മൻ കത്തനാരെ വരുത്തി സ്ഥാനം കൊടുത്ത്, എല്ലാപേരും കൂടെ കാലം ചെയ്ത ദേഹത്തെ കോലഞ്ചേരി കൊണ്ടുചെന്ന് കബറടക്കി" (പേജ് 208).

തൊമ്മൻ കത്തനാരെ മെത്രാനായി വാഴിക്കുവാൻ സമ്മർദ്ദമുണ്ടായ

പ്പോൾ ആ പദവിക്ക് അശേഷം യോഗ്യനല്ലെന്ന് 7-ാം മാർത്തോമ്മാ തീർത്തു പറഞ്ഞതായി ഇട്ടൂപ്പ് റൈട്ടർ സാക്ഷിക്കുന്നുണ്ട് (പു. 167, 168).

(ഏതായാലും 7-ാം മാർത്തോമ്മായുടെ അന്ത്യം അപ്രതീക്ഷമായ തിന്റെയും ദുരൂഹമായതിന്റെയും പിന്നിൽ ഈ കുടുംബതാല്പര്യങ്ങൾ പ്രവർത്തിച്ചിരുന്നുവോ എന്ന് അറിയില്ല. അദ്ദേഹത്തിന്റെ കബറിടത്തെ ഇല്ലായ്മ ചെയ്യുവാനും എതിരാളികൾ ശ്രമിച്ചുവോ എന്ന് സംശയിക്കുന്നു. പുതുക്കിപണിത കോലഞ്ചേരി പള്ളിയിൽ അദ്ദേഹത്തിന്റെ കബറിടമില്ല. പുതുക്കിപ്പണിയുന്നതിന്റെ മുമ്പുണ്ടായിരുന്ന പള്ളിയിലും അപ്രകാരം ഒരു കബറിടം ഇല്ലായിരുന്നുവെന്ന് പഴയ പള്ളിയിലും പുതുക്കിപണിത പള്ളിയിലും ദീർഘകാലം വികാരിയായിരുന്ന ഫാ. എം. വി. ഏബ്രഹാം സാക്ഷിച്ചിട്ടുണ്ട്).

8-ാം മാർത്തോമ്മായുടെ അകാനോനികമായ സ്ഥാനാരോഹണത്തിൽ 7-ാം മാർത്തോമ്മായുടെ ഉപദേശകരായിരുന്ന കായംകുളം പീലിപ്പോസ് റമ്പാനും പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനും ദുഃഖിതരായിരുന്നു. അകാനോനികമായ വാഴ്ചയുടെ പേരിൽ ജനരോഷമുണ്ടായപ്പോൾ പീലിപ്പോസ് റമ്പാൻ ഇപ്രകാരം പ്രതിവചിച്ചു. “തന്റെയും മറ്റും ആലോചന കേൾക്കാതെ തന്നിഷ്ടമായി പ്രവർത്തിക്കുന്നു” (ഇട്ടൂപ്പ് റൈട്ടർ, പുറം 168).

സഭയിലാകെ കോലാഹലമായി. അനുകൂലിച്ചും പ്രതികൂലിച്ചും ഗ്രൂപ്പുകൾ രംഗത്തെത്തി. മെത്രാൻസ്ഥാനം അകാനോനികമായിരുന്നുവെങ്കിലും നേരത്തെ കശ്ശീശാസ്ഥാനമേറ്റ അഭിനവ മെത്രാന്റെ പൗരോഹിത്യ സ്ഥാനങ്ങൾക്ക് ന്യൂനതയൊന്നുമില്ലെന്ന മർമ്മം അറിയാവുന്ന മല്പാന്മാർ ഗ്രൂപ്പിസത്തെ ഒട്ടും അനുകൂലിച്ചില്ല. ഈ പ്രതിസന്ധിയെ സഭയുടെ ഭരണം വ്യവസ്ഥാപിതമാക്കുവാനുള്ള അവസരമായി അവർ വിലയിരുത്തി. 7-ാം മാർത്തോമ്മായുടെ 40-ാം അടിയന്തിരം കണ്ടനാട് പള്ളിയിൽവെച്ച് നടത്തി. മലങ്കരയിലെ അമ്പത്തിഅഞ്ച് പള്ളികളിലെ പ്രതിനിധികളും പങ്കെടുത്ത മഹാസമ്മേളനത്തിൽ റമ്പാനും മല്പാനും കൂടി സുചിന്തിതമായി തയാറാക്കിയ ഒരു ഭരണഘടന അവതരിപ്പിച്ചു. കൂദാശകൾ, പള്ളികളുടെ ഭരണം, വൈദികപരിശീലനം തുടങ്ങിയ കാര്യങ്ങളിൽ ആദ്യമായി ഒരു നിയമാവലി പ്രത്യക്ഷപ്പെടുകയായിരുന്നു. ആ നിയമാവലിയിലെ വ്യവസ്ഥകൾക്ക് വിധേയമായി 8-ാം മർത്തോമ്മായെ അംഗീകരിക്കാമെന്ന റമ്പാന്റെയും മല്പാന്റെയും അനുരഞ്ജന നിർദ്ദേശം എട്ടാം മാർത്തോമ്മായ്ക്കും സ്വീകാര്യമായി. മല്പാനെ റമ്പാനാക്കാനും രണ്ടു റമ്പാന്മാരും 8-ാം മാർത്തോമ്മായുടെ ഉപദേശകന്മാരായി പ്രവർത്തിക്കുവാനും സമ്മേളനം ഏകകണ്ഠമായി തീരുമാനിച്ചു.

കണ്ടനാട് പടിയോലയെ 8-ാം മാർത്തോമ്മായും അനുയായികളും

ഒട്ടും വില വെച്ചില്ല എന്ന് *നിരണം ഗ്രന്ഥവരി* സാക്ഷിക്കുന്നു. വളരെ പ്രതീക്ഷയോടെ കണ്ടനാട് സുന്നഹദോസ് അംഗീകരിച്ച പടിയോലയെ പ്പറ്റി *നിരണം ഗ്രന്ഥവരി* രേഖപ്പെടുത്തിയത് ഇപ്രകാരമാണ്: "... പള്ളി ക്കാരെ ഒക്കെയും അവിടെ (കണ്ടനാട്) വരുത്തി. കുന്നംകുളങ്ങര പുലി ക്കോട്ടിൽ ഇട്ടൂപ്പ് കത്തനാര് തൊമ്മൻ മെത്രാച്ചനോട് റമ്പസുഖം (റമ്പാൻസ്ഥാനം) ഏറ്റ് അയാളുടെ അനന്തരവൻ ഇട്ടൂപ്പിന് പട്ടവും കൊടു പ്പിച്ച് യാക്കോബായക്കാരുടെ മര്യാദപോലെ ഒക്കെയും നടന്നുകൊള്ള ത്തക്കവണ്ണം ഒരു പടിയോലയും എഴുതിവെച്ചു" (*നിരണം ഗ്രന്ഥവരി*, പു. 209).

പടിയോലയിലെ നിർദ്ദേശകതത്വങ്ങളും ഉപദേശകരായ റമ്പാന്മാരുടെ മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ച് ഭരണം നടത്താമെന്ന് കണ്ടനാട് സുന്ന ഹദോസിൽ പരസ്യമായി നിലപാട് പ്രഖ്യാപിച്ച 8-ാം മാർത്തോമ്മാ ക്രമേണ നിലപാട് വ്യത്യാസപ്പെടുത്തിത്തുടങ്ങി. ചരിത്രകാരന്റെ നിരീ ക്ഷണം ശ്രദ്ധിക്കുക:

"ഇടവകയുടെ സാധാരണഭരണത്തിൽ മെത്രാൻ മേലധികാരിയാ ണെന്നും ഇടവകയുടെ വരവ് ചെലവ് കണക്കുകൾ പൂർണ്ണമായും തന്റെ നേരിട്ടുള്ള നിയന്ത്രണത്തിലും മേൽനോട്ടത്തിലും ആയിരിക്കണമെന്നും 8-ാം മാർത്തോമ്മാ ശഠിച്ചു. ഇത് കണ്ടനാട് പടിയോലയുടെ മാർഗനിർദ്ദേ ശക തത്വങ്ങൾക്ക് വിരുദ്ധമാണെന്ന, കാര്യവിചാരകന്മാർ കൂടെയായ ഉപ ദേശകരുടെ അഭിപ്രായം അദ്ദേഹത്തിന് സ്വീകാര്യമായില്ല. പള്ളികളുടെ ദൈനംദിന പ്രവർത്തനത്തിൽ തന്റെ മേൽനോട്ടം അനുവദിക്കാത്ത വൈദികർക്കെതിരെ അദ്ദേഹം നടപടികൾ സ്വീകരിക്കുവാൻ തുടങ്ങി. ഈ നടപടികളുടെ പ്രത്യക്ഷ ഉദാഹരണമാണ് തന്റെ കാര്യവിചാരക ന്മാരിലൊരാളായ പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനെതിരായി മെത്രാൻ, കേണൽ മൺറോയ്ക്ക് നൽകിയ പരാതി. ഇട്ടൂപ്പ് റൈട്ടർ എഴുതുന്നു: "... എന്നാൽ മെത്രാപ്പോലീത്താ പടിയോലയിൽ പറയുന്ന കാര്യങ്ങളിൽ താല്പര്യം വെയ്ക്കാതെയും അന്ത്യോഖ്യായ്ക്ക് സാധനം അയയ്ക്കാൻ ഉത്സാഹിക്കാതെയും ചക്കരയകത്തൂട്ട് ഇട്ടൂപ്പ് കത്തനാരുടെ ദുരാലോചന നിമിത്തം നൂതനമായി ചിലതൊക്കെയും നടത്തുവാൻ ആരംഭിക്കുകയാൽ പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനും പീലിപ്പോസ് റമ്പാനും ഏതാനും ചില പള്ളിക്കാരും കൂടെ, മെത്രാൻ പ്രവർത്തിക്കുന്നത് ശരി അല്ലെന്ന് പ്രസ്താവം തുടങ്ങുകകൊണ്ട് മെത്രാനും ഇവരും രണ്ട് പക്ഷമായി ത്തീർന്നു.

റമ്പാന്മാരുടെ പക്ഷത്തിൽ കണ്ടനാട്, മുളന്തുരുത്തി, കരിങ്ങാശ്ര, നട മേൽ ഈ പള്ളിക്കാരും കോലഞ്ചേരിപള്ളി ഇടവകയിൽ പാലാ കൊച്ചി ട്ടൻ മുതൽപേരും കൂടെ ഈ മെത്രാന്റെ സ്ഥാനം പല സംഗതികളാലും

വാസ്തവമല്ലായ്കയാൽ അംഗീകരിച്ചുകൂടാ എന്നും അതിനാൽ അന്ത്യോഖ്യയിൽനിന്ന് വേദത്തലവന്മാരിൽ ആരെങ്കിലും എത്തി സ്ഥാനം തികക്കുന്നതുവരെ ഈ മെത്രാൻ മേല്പട്ടത്തിനടുത്ത ക്രിയകൾ ഒന്നും നടത്താതെ ഇരിപ്പാനും പടിയോലപ്രകാരം പഠിത്തവീട് തീർപ്പിച്ച് അവിടെ താമസിച്ച് പഠിത്തം നടത്തിക്കുന്നതിന് യാതൊരു ഉത്സാഹവും മെത്രാന്റെ പേരിൽ കാണാനില്ലെന്നും മറ്റും മെത്രാൻ ഓരോ വീഴ്ചകൾ ചെയ്തതിനെക്കുറിച്ച് മെത്രാന്റെ പേരിൽ മേലെഴുതിയവരും; ഇട്ടൂപ്പ് റമ്പാൻ മുതൽപേരും രണ്ടുനാല് പള്ളിക്കാരെ സ്വാധീനപ്പെടുത്തിയുംകൊണ്ട് കീഴ്നാളിൽ നടന്നിട്ടില്ലാത്ത ചട്ടങ്ങളെ മര്യാദആക്കി നടത്തണമെന്ന് നിശ്ചയിച്ച് വേദത്തലവനായ മെത്രാനെ കീഴ്വഴങ്ങാതെയും യോഗത്തെ അനുസരിക്കാതെയും നടക്കുന്നതിനാൽ അമർച്ച വരുത്തിതരുമാറാകണമെന്ന് മെത്രാപ്പോലീത്തായും കേണൽ മെക്കാളി സായ്പ് അവർകൾ സന്നിധിയിലും പിന്നീട് റസിഡണ്ട് മൺറോ സായ്പ് അവർകളുടെ അടുക്കലും ആയി കൊല്ലം 986 മുതൽ 922 വരെ (1810–1816) തമ്മിൽ വ്യവഹരിച്ച് നടന്നിരുന്ന സംഗതികൾ താഴെ സംക്ഷേപിക്കുന്നപ്രകാരം ആകുന്നു.

മെത്രാനും റമ്പാന്മാരും തമ്മിൽ വഴക്കു തുടങ്ങിയതിന്റെ ശേഷം ഇട്ടൂപ്പ് റമ്പാൻ തന്റെ സ്വന്തം ഇടവക ആകുന്ന കുന്നംകുളങ്ങര-ആർത്താറ്റ് പള്ളിയിലെ നടവരവ് മുതലായത് തനിക്ക് യുക്തമായി തോന്നിയപ്രകാരം ചിലവഴിക്കയും ആർത്താറ്റ് പള്ളിയോട് ചേർന്ന് ഒരു മുറി തീർപ്പിച്ച് അവിടെ താമസിക്കുകയും ചെയ്തുവരുന്നു" (*ഇന്ത്യൻ ഓർത്തഡോക്സ് സഭ: ചരിത്രവും സംസ്കാരവും*, പുറം 440).

ഈ തർക്കം നടക്കുന്നതിനിടയിൽ 1811 തുലാമാസം 28-ന് (നവംബർ 9-ന്) കായംകുളം പീലിപ്പോസ് റമ്പാൻ അടൂർ കണ്ണങ്കോട്ട് പള്ളിയിൽവച്ച് അന്തരിച്ച് കബറടക്കപ്പെട്ടു. റമ്പാച്ചൻ മരിക്കുന്നതിന് തൊട്ടുമുമ്പായി കുറുപ്പംപടി പള്ളിയിൽവച്ച് പകർത്തി എഴുതിയ കൽദായ സുറിയാനിയിലുള്ള ആണ്ടുതക്സാ ഈ ലേഖകൻ കണ്ടെടുത്തിട്ടുണ്ട്.

ഇപ്രകാരം പകലോമറ്റം മെത്രാന്മാരോട് വളരെ അടുത്തു പ്രവർത്തിക്കുകയും ഒടുവിൽ പകലോമറ്റം മെത്രാന്റെ വ്യവസ്ഥയില്ലായ്മയോട് പോരാടുകയും ചെയ്ത പീലിപ്പോസ് റമ്പാൻ നമ്മുടെ ആദരവും പ്രശംസയും പിടിച്ചു പറ്റിയിരിക്കുന്നു. ബൈബിൾ വിവർത്തനം, ഏഴും എട്ടും മാർത്തോമ്മാമാരുടെ ഉപദേശകൻ, വിവിധ സ്ഥലങ്ങളിൽ പ്രവർത്തിച്ചിരുന്ന മല്പാൻ പള്ളിക്കൂടങ്ങളിലെ സഹാധ്യാപകൻ എന്നീ നിലകളിൽ കൂട്ടുകാരായി പ്രവർത്തിച്ച സഹയാത്രികനായ പീലിപ്പോസ് റമ്പാച്ചന്റെ നിര്യാണം പുലിക്കോട്ടിൽ റമ്പാച്ചന് താങ്ങാനാവുന്നതിൽ അധികമായിരുന്നു. എട്ടാം മാർത്തോമ്മായ്ക്കെതിരായി ഒന്നിച്ച് ആരംഭിച്ച ധർമ്മസമരത്തിൽ താൻ കൂട്ട് നഷ്ടപ്പെട്ടവനായി എന്ന തിരിച്ചറിവ് പുലിക്കോട്ടിൽ

റമ്പാച്ചനെ നിശ്ചേഷ്ടനാക്കി. ഇഷ്ടസുഹൃത്തിന്റെ വിയോഗത്തിൽ മനം നൊന്ത അദ്ദേഹം ഒരു വിലാപകാവ്യം എഴുതി ആ ദുഃഖത്തെ പുറത്തേക്ക് ഒഴുക്കിക്കളഞ്ഞു. സുറിയാനി ഭാഷയിൽ കൂക്കോയോ രാഗത്തിൽ എഴുതിയ ആ കാവ്യം രണ്ടുപേരുടെയും വ്യക്തിത്വദീപ്തി അനാവരണം ചെയ്യുന്നു (വിലാപകാവ്യത്തിന്റെ പൂർണ്ണരൂപം 'പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ഒന്നാമനും 1811-ലെ മലയാളം ബൈബിളും' എന്ന ഗ്രന്ഥത്തിൽ കാണുക, പുറം 121-124).

റമ്പാച്ചന്റെ ഓർമ്മദിനം അടൂർ കണ്ണങ്കോട് പള്ളിയിൽ ഇന്നും സമുചിതമായി ആചരിച്ചു വരുന്നു. കണ്ടനാട് ഗ്രന്ഥവരിയിലും മറ്റും ഇതിന്റെ സൂചനകൾ ലഭ്യമാണ്.

- ഫാ. ഡോ. ജോസഫ് ചീരൻ

റമ്പാന്മാരും ബൈബിൾ പരിഭാഷയും: വിവാദ ചർച്ചയ്ക്ക് ഒരു പ്രതികരണം

ഫാ. ഡോ. ജേക്കബ് കുര്യൻ

അടുത്തകാലത്ത് ഫാ. ഡോ. ജോസഫ് ചീരൻ, ഫാ. ഡോ. റജി മാത്യു, ഡോ. സിബി തരകൻ, ഡോ. കുര്യൻ തോമസ്, എന്നിവർ ഉൾപ്പെട്ട ഒരു ചരിത്രചർച്ച പലരുടെയും ശ്രദ്ധയിൽപ്പെട്ടുകാണും. അല്പസ്വല്പം വിവാദപരമായ അഭിപ്രായങ്ങളിലേക്കാണ് അവരുടെ ചർച്ച നമ്മെ കൊണ്ടു ചെന്നെത്തിച്ചത്. 1811–ൽ ബോംബെയിൽ അച്ചടിച്ച ആദ്യത്തെ മലയാള സുവിശേഷപരിഭാഷ അഥവാ "റമ്പാൻ ബൈബിൾ" ഏതു റമ്പാന്റെ പേരിലാണ് പ്രത്യേകം അറിയപ്പെടേണ്ടത്? കായംകുളം പീലിപ്പോസ് റമ്പാനോ, പുലിക്കോട്ടിൽ ഇട്ടൂപ്പു റമ്പാനോ? ഫാ. ഡോ. ജോസഫ് ചീരൻ പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനെന്ന് തറപ്പിച്ചുപറയുകയും ഇട്ടൂപ്പുറമ്പാനെ തമസ്ക്കരിക്കുവാനുള്ള ശ്രമങ്ങൾ നടന്നിട്ടുള്ളതിനെയും നടക്കുന്നതിനെയും അപലപിക്കുകയും ചെയ്യുന്നു[(1)]. പ്രസ്തുത ഗ്രന്ഥത്തിൽ തന്നെ മറ്റനേകരോടൊപ്പം ഫാ. ഡോ. റജി മാത്യുവും ജർമ്മൻ പരിഭാഷയിൽ റെയ്നോൾഡ് വാഗ്നർ പ്രസിദ്ധീകരിച്ച ഒരു ലേഖനപരിഭാഷയിൽക്കൂടി[(2)] ഫാ. ചീരന്റെ പ്രധാന പ്രമേയത്തെ അനുകൂലിക്കുന്നു. എന്നാൽ മലങ്കര സഭാമാസികയിൽ, ഡോ. സിബി തരകൻ എഴുതിയ ലേഖനപ്രകാരം, 'റമ്പാൻ' കായംകുളം പീലിപ്പോസ് റമ്പാൻ ആകാനേതരമുള്ളൂ എന്നു വാദിക്കുന്നു[(3)]. മലങ്കരസഭാമാസികയിൽതന്നെ, ഡോ. എം. കുര്യൻ തോമസ് പ്രസിദ്ധീകരിച്ച ലേഖനവും ഡോ. സിബി തരകന്റെ അഭിപ്രായത്തെ പിന്താങ്ങുന്നു[(4)]. 1811ൽ ഏവൻഗേലിയോന്റെ പരിഭാഷ അച്ചടിച്ചപ്പോൾ പരിഭാഷകർ ആരെന്ന് സൂചിപ്പിക്കുന്ന ഒരു വാചകം അതിൽ ചേർത്തിരുന്നുവെങ്കിൽ ഒഴിവാക്കാമായിരുന്ന വിവാദം ഇന്നുവരെയും തുടരുന്നു! ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ഒരു പഠനം നടത്തിയപ്പോൾ ഈ ലേഖകന് ബോധ്യപ്പെട്ട രണ്ടുകാര്യങ്ങൾ താഴെപറയുന്നു: (1) 1811ൽ അച്ചടിച്ച മലയാള പരിഭാഷയുടെ പ്രധാന ജോലി 1807ൽ പൂർത്തിയായിരുന്നു. അതിന്റെ പ്രധാന ചുമതലക്കാർ കായംകുളം പീലിപ്പോസ് റമ്പാനും പുലിക്കോട്ടിൽ ഇട്ടൂപ്പു കത്തനാരും ആയിരുന്നു. ഇട്ടൂപ്പു കത്തനാർ റമ്പാനാകുന്നത് 1809ൽ മാത്രമാണ് എങ്കിലും 1811ൽ അദ്ദേഹവും റമ്പാനായിരുന്നു. (2) പുലിക്കോട്ടിൽ ഇട്ടൂപ്പു റമ്പാന്റെ പരിഭാഷാസംബന്ധമായ പ്രവർത്തനങ്ങൾ പീലിപ്പോസ് റമ്പാൻ നിര്യാതനായിക്കഴിഞ്ഞും തുടർന്നു. സമ്പൂർണ്ണ പുതിയ നിയമത്തിന്റെ പരിഭാഷസംബന്ധമായ പ്രവർത്തനത്തിൽ അദ്ദേഹം ആയിരുന്നു ആദ്യം നേതൃത്വം

വഹിച്ചത്. (1811-1816) ഈ പ്രവർത്തനത്തിന്റെ ഫലപ്രാപ്തി അദ്ദേഹത്തിന്റെ കാലശേഷം, 1829ൽ അച്ചടിച്ച ബെയ്ലി ബൈബിൾ' എന്നറിയപ്പെട്ട പുതിയ നിയമത്തിലാണ്. ഇനിയും അല്പം വിശദമായി നോക്കാം.

I. ഒരു ആമുഖകുറിപ്പ്

ബൈബിളിന്റെ മലയാളം പരിഭാഷയ്ക്ക് മൂന്നു പ്രധാന ഘട്ടങ്ങൾ ഉണ്ടെന്നുതോന്നുന്നു. (1) സുറിയാനിക്കാരുടെയിടയിൽ അങ്ങിങ്ങായി മലയാളത്തിലേക്ക് സുറിയാനിയിൽ നിന്ന് പരിഭാഷപ്പെടുത്തി ഉപയോഗിച്ചിരുന്ന ഏവൻഗേലിയോൻ ഭാഗങ്ങളുടെ തിരഞ്ഞെടുത്ത രൂപങ്ങൾ കായംകുളം പീലിപ്പോസ് റമ്പാന്റെയും പുലിക്കോട്ടിൽ ഇട്ടൂപ്പുകത്തനാരുടെയും മേൽനോട്ടത്തിൽ ക്രോഡീകരിക്കുകയും, ആവശ്യമുള്ളിടത്ത് സുറിയാനിയിൽ നിന്ന് പരിഭാഷ പുതുതായി നൽകി പൂർത്തീകരിക്കയും ചെയ്ത റമ്പാൻ ബൈബിൾ എന്നറിയപ്പെട്ട സുവിശേഷപരിഭാഷയുടെ ഘട്ടം. (2) പുതിയനിയമത്തിന്റെ ബാക്കി ഭാഗങ്ങൾ സുറിയാനിയിൽ നിന്ന് മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയ സമ്പൂർണ്ണ പുതിയ നിയമപരിഭാഷയുടെ ഘട്ടം. (3) ബൈബിളിന്റെ പഴയനിയമപരിഭാഷയും, പരിഷ്ക്കരിച്ച പുതിയനിയമ പരിഭാഷയും ചേർത്ത് പൂർത്തീകരിച്ച സമ്പൂർണ്ണ ബൈബിൾ- പരിഭാഷയുടെ ഘട്ടം. ഇവയിൽ ഒന്നാം ഘട്ടത്തിന്റെ മുഖ്യ സൂത്രധാരൻ ക്ലോഡിയസ് ബുക്കാനനും പ്രധാന പരിഭാഷകൻ കായംകുളം പീലിപ്പോസ് റമ്പാനും രണ്ടാംഘട്ടത്തിന്റെ മുഖ്യസൂത്രധാരൻ കേണൽ മൺട്രോയും രണ്ടാം ഘട്ടത്തിന്റെ തന്നെ ആദ്യഭാഗത്തിന്റെ (1807-1816) പ്രധാനപരിഭാഷകൻ പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനും (പിന്നീട് മാർ ദീവന്നാസ്യോസ് രണ്ടാമൻ) രണ്ടാം ഭാഗത്തിന്റെ പ്രധാനപരിഭാഷക മേൽനോട്ടം നിർവ്വഹിച്ചത് ബെഞ്ചമിൻ ബെയ്ലിയും, മൂന്നാം ഘട്ടത്തിന്റെ പരിഭാഷാ മേൽനോട്ടം ബെഞ്ചമിൻ ബെയിലിയും തോമസ് നോർട്ടണും ആയിരുന്നു. മേല്പറഞ്ഞ ഒന്നും രണ്ടും ഘട്ടങ്ങളിൽ സുറിയാനി മൂലത്തോട് സമ്പൂർണ്ണ കടപ്പാട് പുലർത്തിയെങ്കിൽ, മൂന്നാം ഘട്ടത്തിൽ സുറിയാനി മൂലത്തോടൊപ്പം മറ്റ് ആധികാരിക പരിഭാഷകളും ഉപയോഗിച്ചു. ഒന്നാം ഘട്ടത്തിന്റെ പൂർത്തീകരണം, 1811 ബോംബെയിൽ അച്ചടിച്ച സുവിശേഷങ്ങളിലാണ്. രണ്ടാം ഘട്ടത്തിന്റെ പൂർത്തീകരണം ആണ് 1829ൽ അച്ചടിച്ചിറക്കിയ ബെയ്ലി ബൈബിൾ എന്ന സമ്പൂർണ്ണ പുതിയ നിയമം. മൂന്നാം ഘട്ടത്തിന്റെ പൂർത്തീകരണം ആണ് 1841ലെ ബെയിലിയുടെ പേരിൽ അറിയപ്പെട്ട സമ്പൂർണ്ണ ബൈബിൾ. ഈ പരിഭാഷയും മറ്റു ചില മലയാള പരിഭാഷകളും ഉപയോഗിച്ചാണ് പിന്നീട് ബൈബിൾ സൊസൈറ്റി മലയാള വേദപുസ്തകം പ്രസിദ്ധീകരിക്കുന്നത്.

II. 'റമ്പാൻ' ബൈബിളിന്റെ ശില്പികൾ

1811ലെ സുവിശേഷപരിഭാഷയ്ക്ക് 'റമ്പാൻ ബൈബിൾ'[5] എന്നും

പേരുണ്ട്. 1811ൽ ഇത് അച്ചടിച്ചുവന്നപ്പോൾ, അതിനു പിന്നിൽ പ്രവർത്തിച്ച രണ്ടുപേർ പൊതുസമൂഹത്തിൽ അറിയപ്പെട്ട റമ്പാന്മാരായിരുന്നു. കായംകുളം പീലിപ്പോസ് റമ്പാനും, കുന്നംകുളം പുലിക്കോട്ടിൽ ഇട്ടൂപ്പു റമ്പാനും. ഇവരിൽ പീലിപ്പോസ് റമ്പാൻ തിരുവിതാംകൂറിലെ പ്രമുഖ സുറിയാനി മല്പാനും ആറാം മാർതോമ്മായുടെ പ്രധാന ഉപദേശകനുമായിരുന്നു. പുലിക്കോട്ടിൽ ഇട്ടൂപ്പുകത്തനാർ ആർത്താറ്റുപള്ളി വികാരിയും, മല്പാനും, നസ്രാണിനേതാവുമായിരുന്നു. ഇവർ രണ്ടുപേരും ആറാം മാർത്തോമ്മായുടെ ആലോചനക്കാരും, പരസ്പരം സ്നേഹവും ബഹുമാനവും ഉള്ള വൈദികശ്രേഷ്ഠരും ആയിരുന്നു[(6)]. ഇനിയും ഇക്കാലത്തെ ബൈബിൾ വിവർത്തനവുമായി രണ്ടുപേരും ബന്ധപ്പെടുന്ന സമകാലീന രേഖകൾ ഏതെന്നു നോക്കാം.

പ്രധാനമായി മൂന്ന് വിഭാഗങ്ങളിലുൾപ്പെടുന്ന സമകാലീന രേഖകളേ നമ്മുടെ ശ്രദ്ധയിൽപ്പെടുന്നുള്ളൂ. *1. ഡോ. ക്ലോഡിയസ് ബുക്കാനൻ കുന്നംകുളം പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാന് എഴുതിയ കത്തെന്നു പറയപ്പെടുന്ന ഒരു കത്ത്* ഫാ. ജോസഫ് ചീരൻ ഉദ്ധരിക്കുന്നു[(7)]. ഈ കത്ത് ആധികാരികമെങ്കിൽ[(8)], വേദപുസ്തകം മലയാളത്തിലേക്ക് തർജമ ചെയ്‌വാൻ ഇട്ടൂപ്പ് മല്പാനോട് ബുക്കാനൻ ആവശ്യപ്പെടുകയും, അത് കിട്ടിയാൽ മുദ്രണം ചെയ്യിച്ച് കോപ്പികൾ അയച്ചുകൊടുക്കാൻ വാഗ്ദാനം ചെയ്യുകയും ചെയ്യുന്ന കത്താണ്. *2. 'നിരണം ഗ്രന്ഥവരി'* എന്നറിയപ്പെടുന്ന, 1750 മുതൽ 1829 വരെയുള്ള മലങ്കരസഭാചരിത്രം വേദപുസ്തക പരിഭാഷയെപ്പറ്റിപ്പറയുന്നിടത്ത് പീലിപ്പോസ് റമ്പാനെയാണ് പരിഭാഷയുടെ മുഖ്യചുമതലക്കാരനായി എടുത്തുകാട്ടുന്നത്. തമിഴിൽ അച്ചടിച്ച ബൈബിളും "ഇവിടെ എഴുതിയിട്ടുള്ള പുസ്തകങ്ങളും" ഒത്തുനോക്കി പൊരുൾ തിരിക്കുവാൻ, ക്ലോഡിയസ് ബുക്കാനൻ, കേണൽ മെക്കാളെയുടെ ഔദ്യോഗിക പിൻബലത്തോടെ, ആറാം മാർത്തോമ്മാ മുഖാന്തിരം ആണ് പീലിപ്പോസ് റമ്പാനെ ചുമതലപ്പെടുത്തിയത്. പക്ഷെ ഈ പരാമർശങ്ങളിൽ പീലിപ്പോസ് റമ്പാനോടൊപ്പം പരിഭാഷാകാര്യത്തിൽ പ്രവർത്തിക്കുന്ന *കൊച്ചിട്ടി*[(9)], *തിമ്മയ്യാപ്പിള്ള*[(10)]. എന്നിവരെയല്ലാതെ പുലിക്കോട്ടിൽ ഇട്ടൂപ്പു കത്തനാരെക്കുറിച്ച് പറയുന്നതേയില്ല [(11)]. എന്നാൽ ഒരിടത്ത്, സുറിയാനി വേദപുസ്തക ഭാഗങ്ങൾ കിട്ടിയിടത്തോളം കേണൽ മെക്കാളെക്കു കൊണ്ടുചെന്നു കൊടുക്കുന്ന കാര്യം പരാമർശിക്കുമ്പോൾ, പീലിപ്പോസ് റമ്പാന്റെകൂടെ "അങ്കമാലി ഇട്ടൂപ്പുകത്തനാ"രെയും കാണുന്നു[(12)]. "അങ്കമാലി ഇട്ടൂപ്പുകത്തനാർ" പുലിക്കോട്ടിൽ ഇട്ടൂപ്പുകത്തനാർ അല്ലയെന്ന് ഫാ. ജോസഫ് ചീരൻ സമർത്ഥിക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും, ഉപകഥകളോ മുൻവിധികളോ ഇല്ലാതെ നോക്കിയാൽ ഈ ഇട്ടൂപ്പുകത്തനാർ പുലിക്കോട്ടിൽ ഇട്ടൂപ്പുകത്തനാർ ആകാനും സാധ്യതയില്ലേ എന്നചോദ്യം അവശേഷിക്കുന്നു. ഏതായാലും...

... സമകാലീന രേഖകളുടെ വെളിച്ചത്തിൽ വേദപുസ്തകപരിഭാഷയ്ക്ക് വ്യക്തമായി ആദ്യം പ്രവേശിച്ചത് പീലിപ്പോസ് റമ്പാൻ തന്നെയാണെന്നും, സാഹചര്യങ്ങളുടെയും പിൽക്കാല ആധികാരിക വിവരങ്ങളുടെയും പിൻബലത്തിൽ, ഈ ഉദ്യമത്തിൽ പീലിപ്പോസ് റമ്പാനോടു ചേർന്നു പ്രവർത്തിക്കാൻ പുലിക്കോട്ടിൽ ഇട്ടൂപ്പുകത്തനാരും ഉണ്ടായിരുന്നിരിക്കണം എന്നും അനുമാനിക്കാം...

...'സാഹചര്യങ്ങൾ' എന്നുപറയുമ്പോൾ ഡോ. ഫ്രാൻസിസ് ബുക്കാനൻ ഡോ. ക്ലോഡിയസ് ബുക്കാനൻ എന്നിവർ പുലിക്കോട്ടിൽ ഇട്ടൂപ്പുമല്പാനെ കണ്ടതും, 1810ൽ റസിഡന്റായിവന്ന കേണൽ മൺറോയുമായി ഇട്ടൂപ്പുകത്തനാരുടെ അടുപ്പവും, പീലിപ്പോസ് റമ്പാനും പുലിക്കോട്ടിൽ മല്പാനും തമ്മിലുണ്ടായിരുന്ന സൗഹൃദവും അവർ സഭാകാര്യങ്ങളിൽ ഒന്നിച്ചു നിന്നു പ്രവർത്തിച്ചതും ചേർത്തുവച്ചു നോക്കുമ്പോഴുള്ള സാധ്യതയാണ്. (ക്ലോഡിയസ് ബുക്കാനൻ ഇട്ടൂപ്പ് കത്തനാർക്ക് എഴുതിയ കത്ത് വിശ്വസനീയമെങ്കിൽ, അതിന്റെ തുടർനടപടിയിൽ ഇട്ടൂപ്പുകത്തനാരല്ലേ ബൈബിൾ പരിഭാഷയ്ക്ക് നേതൃത്വം കൊടുക്കാൻ സാധ്യതയെന്നവാദം ഇവിടെ അവഗണിച്ചിട്ടില്ല. പിൽക്കാല ആധികാരിക വിവരണങ്ങളിലേക്ക് വരുമ്പോൾ ഈ വാദം പ്രത്യേകിച്ച് പരിഗണിക്കാം).

3. ഡോ. ബുക്കാനന്റെ എഴുത്തും ഓർമ്മക്കുറിപ്പും ഗ്രന്ഥവും.

1807 ജനുവരി 29ന് കൊച്ചിയിൽ നിന്ന് ക്ലോഡിയസ് ബുക്കാനൻ എഴുതിയ കത്ത് സി. എം. അഗുർ തന്റെ ഗ്രന്ഥത്തിൽ (Church History of Travancore) ഉദ്ധരിക്കുന്നതും, റവ. എച്ച്. പിയഴ്സൺ ബുക്കാനന്റെ ഓർമ്മക്കുറിപ്പു പ്രസിദ്ധീകരിച്ചതിൽ പറയുന്നതും ബുക്കാനന്റെ തന്നെ "ക്രിസ്ത്യൻ റിസേർച്ചസ് ഇൻ ഏഷ്യ" എന്ന ഗ്രന്ഥപ്രകാരവും, ബൈബിൾ പരിഭാഷയ്ക്ക് മൂന്നു തദ്ദേശീയ ഭാഷാപണ്ഡിതന്മാരെ നിയമിച്ചുവെന്നാണ്. അവരുടെ പേരുപറയുന്നില്ലതാനും. ഫാ. ജോസഫ് ചീരൻ പറയുന്നത്, ഇവർ യഥാക്രമം പുലിക്കോട്ടിൽ ഇട്ടൂപ്പുമല്പാനും, കായംകുളം പീലിപ്പോസ് റമ്പാനും തിമ്മയ്യാപ്പാപ്പിള്ളയും ആയിരുന്നുവെന്നാണ്. എന്നാൽ സിബിതരകനും, കുര്യൻതോമസും പറയുന്നത്, അവരിൽ രണ്ടുപേരെ അറിയാം. പീലിപ്പോസ് റമ്പാനും, കൊച്ചിട്ടി തരകനും, പക്ഷേ മൂന്നാമത്തെയാൾ പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ ആകാൻ തരമില്ല അത് ആരെന്ന് അന്വേഷിക്കേണ്ടിയിരിക്കുന്നുവെന്നാണ്. റെയ്നോൾഡ് വാഗ്നർ[13] പറയുന്നത്, ആ മൂന്നുപേർ റമ്പാൻ ജോസഫ്, റമ്പാൻ പീലിപ്പോസ്, തിമ്മയ്യാപ്പിള്ള എന്നിവർ ആകാനാണ് സാധ്യതയെന്നാണ്. എന്നാൽ എന്തടിസ്ഥാനത്തിലാണ് പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനെ (പിന്നീട് റമ്പാൻ) മൂന്നുപേരുടെ ലിസ്റ്റിൽ നിന്ന് സിബി തരകനും, കുര്യൻ തോമസും ഒഴിവാക്കിയത് എന്ന് അന്വേഷിക്കേണ്ടിയിരിക്കുന്നു.

ഇട്ടൂപ്പ് റമ്പാനെ ഒഴിവാക്കിയതിന്റെ പ്രധാന കാരണങ്ങൾ:

1. പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാന്റെ പേരിൽ 'റമ്പാൻ ബൈബിൾ' (1811) അറിയപ്പെടാൻ സാധ്യമല്ല. കാരണം, 1807 ൽ ഏവൻഗേലിയോൻ പരിഭാഷ നടന്നപ്പോൾ, പീലിപ്പോസ് റമ്പാൻ മാത്രമേ റമ്പാനായിട്ടുള്ളൂ. ഇട്ടൂപ്പ് മല്പാൻ റമ്പാനാകുന്നത് 1809 ൽ മാത്രമാണ്.

2. പരിഭാഷാ കർമ്മത്തിൽ ഇട്ടൂപ്പു കത്തനാർ പങ്കുവഹിച്ചുവെങ്കിൽ ഇട്ടൂപ്പുകത്തനാരുമായി 'ഗാഢബന്ധം' പുലർത്തിയിരുന്ന സി. എം. എസ് മിഷനറിമാരും 19-ാം നൂറ്റാണ്ടിലെ ചരിത്രകാരന്മാരും അക്കാര്യം രേഖപ്പെടുത്തുമായിരുന്നില്ലേ?

3. പാമ്പാക്കുട ചെറിയപള്ളിയിലെ "റമ്പാൻ ബൈബിളിന്റെ" കോപ്പിയിലെ പാലപ്പള്ളിലച്ചന്റെ കുറിപ്പിൽ കായംകുളത്തെ ഫീലിപ്പോസ് റമ്പാൻ പൊരുൾ തിരിച്ചുവെന്നാണ്; W. J റിച്ചാർഡിന്റെ Indian Christians of St. Thomas എന്ന ഗ്രന്ഥത്തിലും പീലിപ്പോസ് റമ്പാച്ചനെക്കുറിച്ച് ബൈബിൾ പരിഭാഷയുമായി ബന്ധിച്ചു പറയുന്നു.അവിടെയൊന്നും ഇട്ടൂപ്പ് റമ്പാന്റെ കാര്യം പറയുന്നില്ല.

മേല്പറഞ്ഞ മൂന്നു പ്രധാന വാദങ്ങൾക്കും തൃപ്തികരമായി മറുപടിയുള്ളതുകൊണ്ട് ഈ വാദങ്ങളുടെ അടിസ്ഥാനത്തിൽ ഇട്ടൂപ്പ് റമ്പാനെ ഒഴിവാക്കാം എന്നു തോന്നുന്നില്ല.

1. 'റമ്പാൻ ബൈബിൾ' എന്നത് ആരും ഔദ്യോഗികമായി നൽകിയ പേരല്ല. ആ പേര് 1811 നുശേഷം സാവധാനം അങ്ങിങ്ങായി ഉപയോഗിച്ചുവെന്നുമാത്രം. 1807ലോ 1809നു മുമ്പായോ അങ്ങനെ ഒരു പേരുപയോഗിച്ചതായി തെളിവില്ല. 1811നു ശേഷം ആ വിശേഷണമോ നാമമോ ഉപയോഗിച്ചുവെങ്കിൽ, അന്ന് റമ്പാനായിരുന്ന ഇട്ടൂപ്പുറമ്പാനെയും ആ വിശേഷണം ഉൾക്കൊള്ളുന്നു.

2. ഇട്ടൂപ്പുകത്തനാരുമായി ഗാഢബന്ധം പുലർത്തിയ ഇംഗ്ലീഷുകാർ പരിഭാഷകാര്യത്തിൽ അദ്ദേഹത്തെ ചേർത്തുപറയുമായിരുന്നില്ലേ എന്നചോദ്യത്തിന്, ഫാ. ചീരൻ ഉദ്ധരിക്കുന്ന ഡോ. ബുക്കാനന്റെ കത്തും, 1831ൽ പ്രസിദ്ധീകരിച്ച കൽക്കട്ടാ ബിഷപ്പ് മിഡിൽട്ടന്റെ ജീവചരിത്രം ഒന്നാംവാല്യം 292-ാം പേജും ഉത്തരമാണ്. അവിടെയെല്ലാം ബൈബിൾ പരിഭാഷാകാര്യത്തിൽ ഇട്ടൂപ്പുറമ്പാനെ (കത്തനാർ) യാണ് പരാമർശിക്കുന്നത്.

3. പാലപ്പള്ളിലച്ചന്റെ കുറിപ്പുപോലെ, W. J റിച്ചാർഡ്, തോമസ് വൈറ്റ് ഹൗസ്, യാക്കോബ് തൃതീയന്റെ അറബിയിലെ പുതിയ സുറിയാനിസഭാചരിത്രം, മുതലായവയിലൊക്കെ പീലിപ്പോസ് റമ്പാന്റെ പേരേ പറയു

ന്നുള്ളു എന്നതു സത്യമാണ്. പ്രധാന ചുമതലക്കാരൻ എന്നനിലയിൽ പീലിപ്പോസ് റമ്പാന്റെ പേരു കൊടുത്തുവെന്നതുകൊണ്ട്, ഇട്ടൂപ്പുറമ്പാന്റെ സഹകരണം ഇല്ലായിരുന്നുവെന്നർത്ഥമില്ല. കേരള ചരിത്രത്തിൽ ഗവേഷണം നടത്തി, ബൈബിൾ പരിഭാഷാകാര്യത്തിൽ ഇട്ടൂപ്പുറമ്പാന്റെ സ്ഥാനം എടുത്തു പറഞ്ഞവരുടെ ഒരു നിരതന്നെ ഫാ. ജോസഫ് ചീരന്റെ ലേഖനത്തിൽ(14) ചേർത്തിട്ടുണ്ട്.

ഉപസംഹാരം

നിരണം ഗ്രന്ഥവരിയിൽ പുലിക്കോട്ടിൽ ഇട്ടൂപ്പു റമ്പാന്റെ പേര് ബൈബിൾ പരിഭാഷയുമായി ബന്ധപ്പെട്ട് കൊടുത്തിട്ടില്ല എന്നതുകൊണ്ടോ, ചില പിൽക്കാല പണ്ഡിതന്മാർ പീലിപ്പോസ് റമ്പാന്റെ പേരുമാത്രമേ ബൈബിൾ പരിഭാഷയുമായി ചേർത്തു പറഞ്ഞിട്ടുള്ളൂ എന്നതുകൊണ്ടോ, 1807 ൽ ഇട്ടൂപ്പുമല്പാൻ റമ്പാനായിരുന്നില്ല എന്നുതുകൊണ്ടോ, ബൈബിൾ പരിഭാഷയിൽ നിന്ന് ഇട്ടൂപ്പു റമ്പാന്റെ പേര് ഒഴിവാക്കാമെന്നു തോന്നുന്നില്ല. എന്നാൽ എല്ലാവരും ഒരുപോലെ സമ്മതിക്കുന്ന പീലിപ്പോസ് റമ്പാന്റെ ബൈബിൾ പരിഭാഷാ നേതൃത്വം ഒരു രണ്ടാംസ്ഥാന നിയോഗമായി ചിത്രീകരിക്കുവാനും സാധ്യമല്ല. ചുരുക്കത്തിൽ, 1811 ലെ റമ്പാൻ ബൈബിളിന്റെ മുഖ്യശില്പികൾ, കായംകുളം പീലിപ്പോസ് റമ്പാനും, പുലിക്കോട്ടിൽ ഇട്ടൂപ്പു മല്പാനും (പിന്നീട് ഇട്ടൂപ്പു റമ്പാൻ, ദീവന്നാസ്യോസ് രണ്ടാമൻ) ആയിരുന്നു. 1811 ൽ രണ്ടുപേരും റമ്പാന്മാരായിരുന്നുവെന്നതുകൊണ്ട് റമ്പാന്മാരുടെ ബൈബിളായി റമ്പാൻ ബൈബിളിനെ കാണുന്നത് തികച്ചും യുക്തിഭദ്രവും ചരിത്രാധിഷ്ഠിതവുമാണ്. സമ്പൂർണ്ണ പുതിയ നിയമ പരിഭാഷയ്ക്കായി പീലിപ്പോസ് റമ്പാന്റെ കാലശേഷം ചുമതലയേറ്റെടുത്ത് ഒരു ഭാഗം പൂർത്തീകരിച്ചതും പുലിക്കോട്ടിൽ ഇട്ടൂപ്പുറമ്പാൻ (ജോസഫ് റമ്പാൻ) ആയിരുന്നു. അദ്ദേഹം മെത്രാനായതോടെയും സെമിനാരി സ്ഥാപനകാര്യത്തിൽ മുഴുകിയതോടെയും ബൈബിൾ പരിഭാഷാകാര്യത്തിന്റെ തുടർപ്രവർത്തനം വേണ്ടപോലെ പുരോഗമിച്ചില്ല, എന്നത് സത്യമാണ്. അക്കാര്യം മൺറോയുടെ പല കത്തുകളിലും സൂചിപ്പിച്ചിട്ടുമുണ്ട്(15).

വാൽക്കഷണം: വിവാദ നിലപാടുകളെ സമരസപ്പെടുത്താൻ അതും ശരി, ഇതും ശരിയെന്നുപറയുന്ന മധ്യസ്ഥ-തട്ടിക്കൂട്ടലായിട്ട് ഈ നിഗമനത്തെ പുച്ഛിച്ചുതള്ളുന്നതിനുമുമ്പ് സാഹചര്യത്തിന്റെയും സമകാലീന തെളിവുകളുടെയും പിൽക്കാല സാക്ഷ്യങ്ങളുടെയും അടിസ്ഥാനത്തിൽ ഒന്നുകൂടി ആലോചിക്കണമേ എന്നയപേക്ഷ.

(1)ഫാ. ഡോ. ജോസഫ് ചീരൻ (എഡിറ്റർ), *പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ഒന്നാമനും 1811 ലെ മലയാളം ബൈബിളും,* എം. ജെ. ഡി. പബ്ളിഷിംഗ് ഹൗസ്, കുന്നംകുളം, 2010

(2) “ഇംഗ്ലീഷ് ചർച്ച് മിഷനും മലയാളം ബൈബിളും”, ടി പുസ്തകം, അനുബന്ധം

(3) “റമ്പാൻ ബൈബിൾ: ഒരു ചരിത്രാന്വേഷണംണം, *മലങ്കരസഭ,* മാർച്ച് 2011

(4) “പരിഭാഷകൻ പീലിപ്പോസ് റമ്പാൻ തന്നെ”, *മലങ്കരസഭ,* മെയ്, 2011

(5) “റമ്പാൻ ബൈബിളി”ന് മനോഹരമായ ഒരു വിവരണമാണ്, ഡോ. സിബി തരകൻ മേൽപരാമർശിച്ച ലേഖനത്തിൽ നൽകിയിരിക്കുന്നത്. ‘റമ്പാൻ ബൈബിൾ’ എന്ന പ്രയോഗത്തിന് പ്രചാരം നൽകിയത് ശ്രീ. പി. വി. മാത്യു ആണെന്ന് തോന്നുന്നു.

(6) ഈ സ്നേഹബന്ധത്തിന്റെ അടിസ്ഥാനത്തിലാണ്, പീലിപ്പോസ് റമ്പാന്റെ ചരമത്തിൽ, ഇട്ടൂപ്പ് റമ്പാൻ രചിച്ച *വിലാപദശകം*

(7) പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ഒന്നാമനും 1811ലെ മലയാളം ബൈബിളും, പേജ് 71

(8) ഈ കത്ത് ഫാ. പി. എം. ജോസിന്റെ സാക്ഷ്യപ്രകാരമാണ് ഉദ്ധരിച്ചിരിക്കുന്നതെങ്കിലും അതിപ്പോൾ എവിടെ സൂക്ഷിച്ചിരിക്കുന്നുവെന്നോ അതിന്റെ ഇംഗ്ലീഷിലോ മലയാളത്തിലെ ഉള്ള ഫോട്ടോകോപ്പിയെങ്കിലും ലഭ്യമാണോ എന്നൊന്നും വ്യക്തമല്ല

(13) (മേൽ സൂചിപ്പിച്ച ഗ്രന്ഥം മേൽപരാമർശിച്ച കുറിപ്പ് ‘2’ കാണുക)

(14) മേൽ സൂചിപ്പിച്ച ഗ്രന്ഥം (കുറിപ്പ് 1 കാണുക) പേജ് 71–77 ഇവിടെ ചേർത്തിരിക്കുന്നവരെല്ലാം കേട്ടുകേൾവിയുടെ അടിസ്ഥാനത്തിൽ ഇട്ടൂപ്പുറമ്പാന്റെ പേര് ചേർത്തതാണ് എന്ന് വാദിക്കുന്നത് ബാലിശമാണ്

(15) പി. ചെറിയാന്റെ മലബാർ സിറിയൻസ് ആൻഡ് ദ ചർച്ച് മിഷണറി സൊസൈറ്റി എന്ന ഗ്രന്ഥത്തിന്റെ അനുബന്ധമായി പ്രസ്തുത കത്തുകളുണ്ട്.

(കടപ്പാട്: മലങ്കരസഭാ മാസിക)